# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2021 ജൂൺ 7, തിങ്കൾ

സ്പീക്കർ
**ശ്രീ. എം.ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

27/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..1

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..28

**II അറിയിപ്പ്**

ഗവർണറുടെ സന്ദേശം

— മി. സ്പീക്കർ ..348

**III അടിയന്തരപ്രമേയം**

കുഴൽപ്പണക്കേസ്

— ശ്രീ. ഷാഫി പറമ്പിൽ ..348

(അവതരണാനുമതി നിഷേധിച്ചു.)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) റിസോഴ്സ് പേഴ്സൺസിന്റെ ശമ്പളം

— ശ്രീ. സി. കെ. ഹരീന്ദ്രൻ ..366

(2) വളം സബ്സിഡി

— ഡോ. മാത്യു കുഴൽനാടൻ ..369

**V സബ്മിഷൻ**

(1) വിമാനത്താവള വികസനം

— ശ്രീ. പി. നന്ദകുമാർ ..372

(2) കുടിവെള്ള പദ്ധതി

— ശ്രീ. എ. എൻ. ഷംസീർ ..374

(3) കടൽഭിത്തി /പുലിമുട്ട് നിർമ്മാണം

— ശ്രീ. സി. ആർ. മഹേഷ് ..376

(4) വാട്ടർ സപ്ലൈ സ്കീം

— ശ്രീ. കെ. പി. എ. മജീദ് ..379

പേജ്

(5) ഓൺലൈൻ ക്ലാസ് സമയക്രമം

— ശ്രീ. എം. നൗഷാദ് ..380

(6) ആശ്വാസ പദ്ധതി

— ശ്രീ. എൻ. കെ. അക്ബർ ..381

(7) ബൈപ്പാസ് നിർമ്മാണം

— ശ്രീ. കെ. എം. സച്ചിൻദേവ് ..383

(8) ചേർപ്പുങ്കൽ സമാന്തര പാലം

— ശ്രീ. മോൻസ് ജോസഫ് ..384

(9) ടൂറിസം മാസ്റ്റർ പ്ലാൻ

— ശ്രീ. സനീഷ്കുമാർ ജോസഫ് ..385

(10) വിദേശ മെഡിക്കൽ കോഴ്സിന് അംഗീകാരം

— ശ്രീ. പി. ടി.എ. റഹീം ..387

**VI റൂളിംഗ്**

ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ

— മി. സ്പീക്കർ ..388

**VII ക്രമപ്രശ്നം**

ചട്ടങ്ങളുടെ ലംഘനം

— ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ..391

**റൂളിംഗ്**

**VIII ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ

ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച ..393

**അനുബന്ധം I&II** ..467

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 ജൂൺ 7, തിങ്കൾ*


വാല്യം 184] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9


നിയമസഭ 2021 ജൂൺ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ............ ഓർഡർ .......... ചോദ്യം നമ്പർ (*1)

ശ്രീ. പി. ടി. തോമസ്: സർ, .........(ബഹളം)......

മി. സ്പീക്കർ: ചോദ്യോത്തരവേളയിൽ ക്രമപ്രശ്നം അനുവദിക്കില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2015 ജൂൺ മാസം 8-ാം തീയതി ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾ ഉന്നയിക്കുന്നത് സംബന്ധിച്ചുള്ള ഒരു ക്രമപ്രശ്നം റൂൾ 36-മായി ബന്ധപ്പെട്ട് സഭയിൽ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഈ പ്രീസിഡന്റിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം അനുവദിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പിന്നീട് പരിശോധിക്കുകയെന്നതാണ് രീതി. അത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുതന്നെ അറിയാവുന്ന കാര്യമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വളരെ ഗൗരവതരമായി ഉന്നയിക്കേണ്ട ഒരു കാര്യമാണിത്. കാരണം ഈ ചോദ്യം സഭയിൽ വരുന്നതിനുമുമ്പ് ഉന്നയിക്കേണ്ടൊരു കാര്യമാണ്. ചോദ്യം സഭയിൽ ഉന്നയിച്ചതിനുശേഷം ഈ വിഷയം സഭയിൽ അവതരിപ്പിച്ചിട്ട് യാതൊരു കാര്യവുമില്ല. മൂന്നാം നമ്പർ ചോദ്യവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു പ്രശ്നമാണ്. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റോ, ബഹുമാനപ്പെട്ട ചെയറോ മൂന്നാം നമ്പർ ചോദ്യം ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണ്. പ്രതിപക്ഷത്തെ അപമാനിക്കുന്ന തരത്തിലുള്ള ഒരു ചോദ്യമാണത്. ഇവിടെ ചട്ടം വളരെ ക്ലിയറാണ്. റൂൾ 36 (2) സി അനുസരിച്ച് വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തികരങ്ങളായ സ്റ്റേറ്റുമെന്റുകളോ ഉണ്ടാകരുതെന്നാണ്. മൂന്നാം നമ്പർ ചോദ്യം വളരെ വ്യക്തമായി പ്രതിപക്ഷത്തെ ആക്ഷേപിക്കുന്ന തരത്തിലുള്ളതാണ്. നക്ഷത്രചിഹ്നമിട്ട മൂന്നാം നമ്പർ ചോദ്യത്തിലെ 'എ' പിരിവിൽ "സംസ്ഥാനത്ത് ഓഖി, നിപ, പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ നേരിടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ ദുർബ്ബലപ്പെടുത്താനുള്ള പ്രതിപക്ഷപാർട്ടികളുടെ നീക്കങ്ങൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങളും വികസന പദ്ധതികളും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ" എന്ന ചോദ്യവും 'ബി' പിരിവിൽ "പ്രതിസന്ധി ഘട്ടങ്ങളിൽ കഴിഞ്ഞ സർക്കാർ നടത്തിയ അതിജീവന ശ്രമങ്ങളെ തടസ്സപ്പെടുത്തിയ പ്രതിപക്ഷകക്ഷികളുടെ നടപടികളെ തള്ളിക്കളഞ്ഞ് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ....." എന്ന് തുടങ്ങുന്ന ചോദ്യങ്ങളുമാണുള്ളത്. സഭയുടെ ചരിത്രത്തിൽ ഇത്തരം ചോദ്യങ്ങൾ ഒരിക്കലും വന്നിട്ടില്ല. നമ്മുടെ compiling book-ഉണ്ട്, 1957 മുതൽ 2011 വരെയുള്ള സ്പീക്കറുടെ റൂളിംഗ് സംബന്ധിച്ച പുസ്തകത്തിൽനിന്ന് On August 20, 1971, during Question Hour, a member asked a question containing allegations.

Then the Speaker ruled:

" No allegation could be raised during Question Hour" . ഈ ചോദ്യത്തിൽ 36 (2) സി-യുടെ വ്യക്തമായ ലംഘനമുണ്ട്. അതുകൊണ്ട് ഈ ചോദ്യം ഒരു കാരണവശാലും അനുവദിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന. അങ്ങ് ഇത് പരിഗണിക്കണം. ഈ ചോദ്യം സഭയിൽ ഉന്നയിച്ച് അത് റെക്കോർഡിലാക്കാൻ അനുവദിക്കരുത്. സഭയുടെ ചട്ടങ്ങൾക്കും റൂൾസ് ഓഫ് പ്രൊസീഡ്യൂറിനും കീഴ്വഴക്കങ്ങൾക്കും ഇവിടെയുണ്ടായിരുന്ന സ്പീക്കർമാരുടെ റൂളിംഗിനും എതിരായിട്ടുള്ള ഒരു ചോദ്യമാണിത്. ഈ ചോദ്യം പ്രിന്റ് ചെയ്ത് സഭയിൽ വരാൻ പാടില്ലായിരുന്നു. പ്രിന്റ് ചെയ്ത് വന്ന സ്ഥിതിക്ക് അങ്ങ് അത് അനുവദിക്കുന്നതിനുള്ള അനുമതി നിഷേധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം കൊടുത്തിട്ടുണ്ട്. ചോദ്യം അനുവദിക്കുന്നത് സ്പീക്കറാണ്. സ്പീക്കർ ചോദ്യം അനുവദിച്ച നടപടിയെ സംബന്ധിച്ച് ക്രമപ്രശ്നം ചോദ്യോത്തരവേളയിൽ അനുവദിക്കാറില്ല. ഇവിടെ ഉന്നയിച്ച പരാതി പരിശോധിക്കുന്നതാണ്. ചോദ്യം നമ്പർ (*1)

## കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1 (*1) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങളുടെ വിഹിതം വെട്ടിക്കുറച്ചപ്പോഴും സാധാരണജനങ്ങളെ അത് ബാധിക്കാതിരിക്കാൻ കഴിഞ്ഞ സർക്കാർ കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഹോം ക്വാറന്റൈനിലുള്ളവർക്ക് അവശ്യസാധനങ്ങളും മരുന്നും ഓൺലൈനിൽ വീട്ടിലെത്തിക്കുന്നതിന് കൺസ്യൂമർഫെഡ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനംവരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുൾപ്പെടെ 36 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനംവരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG

(Fast-Moving Consumer Goods) ഉൽപ്പന്നങ്ങളും MRP/മാർക്കറ്റ് വിലയെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് 2018 ആഗസ്റ്റ് മാസം മുതൽ റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം സബ്സിഡി ദുരുപയോഗം പൂർണ്ണമായും തടയുന്നതിന് സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതിപ്രകാരം നാഫെഡിൽനിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യസാധനങ്ങൾ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റപ്പമുണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ നവീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 2021-22 വർഷത്തിൽ 100 വിൽപ്പനശാലകൾ നവീകരിക്കുന്നതിലേയ്ക്ക് പദ്ധതി ഇനത്തിൽ 10 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങളുടെ വിപണനത്തിന് താല്പര്യം പ്രകടിപ്പിക്കുന്ന റേഷൻ വ്യാപാരികൾക്ക് നിശ്ചിത മാർജിൻ പങ്കുവച്ച് ശബരി ഉൽപ്പന്നങ്ങളുടെ വിതരണക്കാരാകാനുള്ള പദ്ധതിയും നിലവിലുണ്ട്. അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം തുടർന്നുവരുന്നു. ഉത്സവകാലങ്ങളിൽ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചും വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി അത് പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനുമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ വിളിച്ചുചേർത്ത് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കോവിഡ് വ്യാപനം കൂടിയ പശ്ചാത്തലത്തിൽ സപ്ലൈകോയുടെ നേതൃത്വത്തിൽ കുടുംബശ്രീ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ് എന്നിവരുമായി ചേർന്ന് 107 ഔട്ട്ലെറ്റുകളിൽ (കുറഞ്ഞത് ഒരു താലൂക്കിൽ) ഹോം ഡെലിവറി നടത്തുന്നു. പൾസ് ഓക്സിമീറ്റർ, മാസ്ക്, സാനിറ്റൈസർ, PPE കിറ്റ് തുടങ്ങി 12 ഇനങ്ങൾ അവശ്യവസ്തുക്കളായി പ്രഖ്യാപിച്ച് വില നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് പരിശോധന ഊർജ്ജിതമാക്കി നിരീക്ഷിച്ചുവരുന്നു. 22 അവശ്യ സാധനങ്ങളുടെ വില, സംസ്ഥാനത്തെ പൊതുവിപണിയിൽ ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ

നൽകി അവിടെനിന്നും വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുന്നു. വില ശരാശരിയിൽനിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. പയറുവർഗ്ഗങ്ങളുടെ സ്റ്റോക്ക് ഡിക്ലയർ ചെയ്യുന്നത് കേന്ദ്ര സർക്കാർ നിശ്ചയിച്ച പോർട്ടലിലൂടെ നിരീക്ഷിക്കുന്നുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പൊതുവിപണിയിലുണ്ടായ വില വർദ്ധനവും പൂഴ്ത്തിവയ്പും തടയുന്നതിനായി ജില്ലാ തലത്തിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവയുൾപ്പെട്ട സംയുക്ത സ്ക്വാഡ്, റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. പൊതു മാർക്കറ്റിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തതും അമിത വില ഈടാക്കുന്നതുമായ വ്യാപാരികൾക്കെതിരെ ലീഗൽ മെട്രോളജി വകുപ്പും പരിശോധനകൾ കർശനമാക്കി ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ നിലവിൽ വന്നതോടുകൂടി മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ആവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ഒരുക്കുന്നതിനും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും RTO, സപ്ലൈകോ, ഹോർട്ടികോർപ്, ഹോൾസെയിൽ ഡീലർമാർ എന്നിവരെയുൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. നഗര/അർദ്ധ നഗര മേഖലകളിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ പദ്ധതിയുടെ ഭാഗമായി ഗ്രാമപ്രദേശത്തുൾപ്പെടെ പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതുമാർക്കറ്റിനേക്കാൾ വിലകുറച്ച് നിത്യോപയോഗ സാധനങ്ങളും കോസ്മെറ്റിക് സാധനങ്ങളും കൺസ്യൂമർഫെഡ് വില്പന നടത്തുന്നുണ്ട്. അതോടൊപ്പം ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പിന്റെ ധനസഹായത്തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇന നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപ്പന നടത്തുന്നതുമാണ്.

(ബി) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയും സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡുംവഴി നടപ്പാക്കിയ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഹോം ക്വാറന്റൈനിലുള്ളവർ വാട്ട്സ്ആപ്പ് മുഖേനയും ഫോൺ മുഖേനയും ത്രിവേണി യൂണിറ്റുകളുടെ ചുമതലക്കാർക്ക് നൽകുന്ന അവശ്യസാധനങ്ങളുടെ ലിസ്റ്റ് പരിശോധിച്ച് 24 മണിക്കൂറിനകം പ്രത്യേക സർവ്വീസ് ചാർജ്ജില്ലാതെ വീടുകളിലെത്തിച്ചു കൊടുക്കുന്നുണ്ട്. അതോടൊപ്പം മൊബൈൽ ത്രിവേണികൾ ഉപയോഗിച്ച് ഹോം ക്വാറന്റൈനിൽ താമസിക്കുന്നവരുടെ വീടുകളിലും സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. ഇവയ്ക്ക് പുറമെ കോഴിക്കോട് കേന്ദ്രീകരിച്ച് കൺസ്യൂമർഫെഡിന്റെ ഓൺലൈൻ സൈറ്റിൽ ആവശ്യമായ സാധനങ്ങൾ ബുക്ക് ചെയ്യുന്നവർക്ക് 24 മണിക്കൂറിനകം ചെറിയ തോതിലുള്ള ഡെലിവറി ചാർജ് സ്വീകരിച്ചുകൊണ്ടും സാധനങ്ങൾ എത്തിച്ചുനൽകുന്നുണ്ട്. ഓൺലൈൻ വ്യാപാരം മറ്റ് ജില്ലകളിലും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ ഹോം ക്വാറന്റൈനിലുള്ളവർക്ക് ആവശ്യമായ മരുന്നുകൾ ടെലിഫോൺ മുഖാന്തരം ഓർഡർ ലഭിക്കുന്ന മുറയ്ക്ക് അതത് മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർ വീടുകളിലെത്തിച്ച് നൽകിവരുന്നുമുണ്ട്.

ശ്രീ. കെ. ജെ. മാക്സി: സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിന്റെ പൊതുവിതരണമേഖലയെ ശക്തിപ്പെടുത്തി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്തിയ ഒന്നാം പിണറായി സർക്കാരിന് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊള്ളുന്നു. കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം ഭക്ഷ്യധാന്യങ്ങളുടെയും മറ്റ് അവശ്യവസ്തുക്കളുടെയും വില വർദ്ധിച്ചിട്ടില്ല. എന്നാൽ ഈ കാലയളവിൽ കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നടപടികൾ സംസ്ഥാന സർക്കാരിന്റെ ഈ പ്രവർത്തനങ്ങളെ എത്രത്തോളം ഗുരുതരമായി ബാധിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ട കാർഡുകളുടെ എണ്ണം കേന്ദ്രം ഒരു കോടി അമ്പതുലക്ഷം രൂപയ്ക്ക് താഴെയായി നിജപ്പെടുത്തിയിട്ടുണ്ടെന്നുള്ള കാര്യം ഈ സഭയിൽ വ്യക്തമാക്കുകയാണ്. കേരളത്തിൽ 43 ശതമാനം ജനങ്ങളെ മാത്രമേ മുൻഗണനാ പട്ടികയിലുൾപ്പെടുത്തേണ്ട കാര്യമുള്ളൂവെന്നാണ് കേന്ദ്രം പറഞ്ഞിട്ടുള്ളത്. ഭക്ഷ്യ ദൗർലഭ്യ സംസ്ഥാനം എന്ന പരിഗണന കേന്ദ്രം കേരളത്തിന് നൽകിയിട്ടില്ല. കേരളത്തിൽ സാർവ്വത്രിക റേഷനാണ് നിലവിലുള്ളത്. പല സംസ്ഥാനങ്ങളിലും ഇത് ഇല്ലാത്ത അവസ്ഥ അറിയാം. കേരളത്തിൽ സിനിമാതാരങ്ങളുൾപ്പെടെ റേഷൻകടയിൽവന്ന് റേഷൻ വാങ്ങുന്ന കാര്യം നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നെങ്കിലും കേന്ദ്രം അതിനനുസരിച്ചുള്ള പരിഗണന നൽകിയിട്ടില്ല.

ശ്രീ. കെ. ജെ. മാക്സി: സർ, കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ യഥാവിധി സംഭരിച്ച് പൊതുവിപണിയിൽ ആവശ്യക്കാർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് നിലവിൽ ആവിഷ്കരിച്ചിട്ടുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി നാട്ടുകാർക്ക് മെച്ചപ്പെട്ട ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ പൊതുവിതരണ സമ്പ്രദായത്തിലൂടെ സാധിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അതുസംബന്ധിച്ചുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. നിലവിൽ ആ പദ്ധതി വ്യാപകമാക്കുക എന്ന ഉദ്ദേശ്യമാണ് വകുപ്പിനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കുവേണ്ടി ശ്രീ. എം. നൗഷാദ്: സർ, സംസ്ഥാനത്ത് കോവിഡ് പോലെയുള്ള മഹാദുരിതങ്ങളുണ്ടാകുമ്പോഴും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിനെ തടഞ്ഞുനിർത്തി ജനങ്ങൾക്ക് ആശ്വാസമാകുന്ന നടപടി സ്വീകരിക്കുന്ന സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. കോവിഡ് കാലത്ത് സ്കൂളുകൾ തുറന്നുപ്രവർത്തിക്കൽ ആരംഭിച്ചിട്ടില്ലെങ്കിലും സ്കൂൾ കുട്ടികൾക്ക് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, കൃത്യമായി നടപടി സ്വീകരിച്ച് കുട്ടികൾക്ക് അരി വിതരണം നടത്തുന്നുണ്ട്. മറ്റ് ഭക്ഷ്യധാന്യങ്ങൾകൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ബഹുമാന്യനായ മന്ത്രി നടത്താനുദ്ദേശിക്കുന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതി പ്രവർത്തനങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് വിശദീകരിച്ചു. അതിനെ സ്വാഗതം ചെയ്യുകയാണ്. കോവിഡ് വ്യാപനംമൂലം സ്കൂളുകളൊന്നും തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. കഴിഞ്ഞവർഷം ഇതുപോലെ തുറന്നുപ്രവർത്തിക്കാൻ കഴിയാത്ത സ്കൂളുകളിലെ കുട്ടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വീടുകളിലേയ്ക്കെത്തിച്ചിട്ടുണ്ട്. ആ പദ്ധതി തുടർന്നുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഉടൻതന്നെ വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് അതിന്റെ പരിപാടി തയ്യാറാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, കോവിഡ്-19 ന്റെ പശ്ചാത്തലത്തിലും കനത്ത മഴമൂലമുള്ള വെള്ളപ്പൊക്കവും കാരണം ആദിവാസി ഊരുകളിലും ലേബർ സെറ്റിൽമെന്റുകളിലും താമസിക്കുന്നവർക്ക് കടകളിൽ പോയി റേഷൻ വാങ്ങാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, നിലവിൽ അത്തരം ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും കൺസ്യൂമർഫെഡിന്റെയും സ്ഥാപനങ്ങൾ റേഷൻകടയാണെങ്കിലും സപ്ലൈകോ ഔട്ട്ലെറ്റുകളാണെങ്കിലും മൊബൈൽ യൂണിറ്റുകളിലൂടെ ആ കേന്ദ്രങ്ങളിലെത്തി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ആ പദ്ധതി കൂടുതൽ വിപുലമാക്കി എല്ലാ കേന്ദ്രങ്ങളിലും ആവശ്യത്തിനനുസരിച്ച് പ്രയോജനമുണ്ടാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, സംസ്ഥാനത്തെ പൊതുവിപണിയിലെ വിലനിലവാരം പിടിച്ചുനിർത്തുന്ന കാര്യത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് എടുക്കുന്ന നടപടി വളരെയേറെ ഫലപ്രദമാണ്. ഇവിടെ നീതി ആയോഗ് തയ്യാറാക്കിയിരിക്കുന്ന രൂപരേഖപ്രകാരം റേഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ എന്തെങ്കിലും കുറവ് വരാനുള്ള സാധ്യതയുണ്ടോ എന്നതുസംബന്ധിച്ച് കൃത്യമായി വിലയിരുത്തിയിട്ടുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, അതുസംബന്ധിച്ച് പരിശോധിക്കുകയാണ്. കേന്ദ്രം നമുക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ നൽകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കോവിഡ് പശ്ചാത്തലത്തിൽ മിക്കവാറും പ്രദേശങ്ങൾ ലോക്ഡൗണിലാണ്. അവശ്യസാധനങ്ങൾ ലഭിക്കുന്ന കടകളൊക്കെ പരിമിതമായ ദിവസങ്ങളിൽ മാത്രമേ തുറക്കാറുള്ളൂ. കൺസ്യൂമർഫെഡിന്റെ നിലവിലുള്ള മൊബൈൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കൂടുതൽ മൊബൈൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം ഗൗരവമായി പരിശോധിക്കുന്നതാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, കേന്ദ്രഗവൺമെന്റിന്റെ തെറ്റായ മാനദണ്ഡങ്ങൾമൂലം അർഹതപ്പെട്ട നിരവധി ആളുകളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കിയതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ജീവിതസാഹചര്യങ്ങൾക്കനുസരിച്ചുള്ള മാനദണ്ഡങ്ങളല്ല കേന്ദ്രസർക്കാർ മുൻഗണനാ കാർഡുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളതെന്ന് നമുക്കറിയാം. അർഹതയില്ലാത്ത ഒരുപാട് ആളുകൾ മുൻഗണനാ പട്ടികയിൽ കടന്നുവന്നിട്ടുണ്ടെന്ന് മനസ്സിലാക്കി അവരെ പുറത്താക്കുന്നതിനുവേണ്ടി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും അനർഹർ

ഈ പട്ടികയിലുണ്ട്. കൃത്യമായി പരിശോധിക്കാനുള്ള സംവിധാനം കുറച്ചുകൂടി ജാഗ്രതപ്പെടുത്തണം. എന്റെ ഒരു നിർദ്ദേശം, വില്ലേജ് ഓഫീസർമാർ വരുമാന സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ തെറ്റായ സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയില്ലല്ലോ; അവർക്കൊരു ലയബിലിറ്റി ഉണ്ടല്ലോ. അതുപോലെ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് പ്രത്യേക ചുമതല കൊടുക്കണം. ഓരോ ബി.പി.എൽ. കാർഡും പരിശോധിച്ച് അനർഹരെ ഒഴിവാക്കി പുറത്തുള്ള അർഹതയുള്ള ആളുകളെ ഈ പട്ടികയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം കേരളത്തിന്റെ ജീവിത സാഹചര്യമനുസരിച്ച് ഈ മാനദണ്ഡങ്ങൾ പുതുക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം വളരെ ഗൗരവമായ പരിഗണനയിലാണ്. കഴിഞ്ഞ ഗവൺമെന്റും അതിനനുസരിച്ച് ചില പദ്ധതികൾ തയ്യാറാക്കി കൃത്യതയോടുകൂടി നടപ്പാക്കിയതാണ്. നിരവധി അനർഹർ ഈ പട്ടികയിൽ ഉണ്ടെന്നുള്ളകാര്യം നമുക്കേവർക്കും അറിയാവുന്നതാണ്. അത്തരത്തിലുള്ള അനർഹർക്ക് സ്വയം പിന്മാറാനുള്ള അവസരം ഈ ഒരുമാസം നൽകാനാണ് ഉദ്ദേശിക്കുന്നത്. ആ നടപടിയിൽ പൂർണ്ണതയുണ്ടാകാൻ കഴിഞ്ഞില്ലെങ്കിൽ കർശനമായ നിയമ നടപടികളിലേയ്ക്ക് പോകാനാണ് ഉദ്ദേശിക്കുന്നത്. അത് കേന്ദ്രഗവൺമെന്റ് ഉണ്ടാക്കിയ മാനദണ്ഡമാണ്. താങ്കളുടെ നിർദ്ദേശമടക്കം അത്തരം വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, കൺസ്യൂമർഫെഡ് വഴി മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്യുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ പൾസ് ഓക്സിമീറ്റർ ഫിംഗർടിപ്പ് മോഡൽ നമ്പർ LK87-ന്റെ കീഴിൽ Arrow, Digon എന്നീ ചൈനീസ് ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ട്. അതിൽ Arrow-യുടെ MRP 2,299 രൂപയാണ്. അത് കൺസ്യൂമർഫെഡ് വാങ്ങുന്നത് 950 രൂപയ്ക്കും വിൽക്കുന്നത് 1,100 രൂപയ്ക്കുമാണ്. ഡൈഗൺ-ന്റെ MRP 1,999 രൂപയാണ്. അത് 720 രൂപയ്ക്ക് വാങ്ങുകയും 850 രൂപയ്ക്ക് വിൽക്കുകയും ചെയ്യുന്നു. ഡൈഗൺ തന്നെ രണ്ടുതരമുണ്ട്. MRP 1,500 ഉള്ളത് 500 രൂപയ്ക്ക് വാങ്ങി 980 രൂപയ്ക്ക് വിൽക്കുന്നു. ഓൺലൈനിൽ ഇതിന്റെ വില കാണിക്കുന്നത് 320-399 രൂപയാണ്. ഈ ഉൽപ്പന്നങ്ങൾ വാങ്ങിയവരിൽ പലരും അത് എപ്പോൾ പ്രവർത്തിപ്പിച്ചാലും 99, 98 എന്ന് മാത്രമേ കാണിക്കുന്നുള്ളൂവെന്നും അത് തെറ്റാണെന്നും വ്യാപകമായി പരാതി പറയുന്നുണ്ട്. ചൈനീസ് ഉൽപ്പന്നങ്ങളായി വരുന്ന പൾസ് ഓക്സിമീറ്ററിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം ഗൗരവമായി പരിശോധിച്ച് വിവരം ശേഖരിച്ച് മറുപടി അറിയിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, ഈ കോവിഡ് കാലത്ത് കേരള ഗവൺമെന്റ് നൽകിയിട്ടുള്ള സൗജന്യ ഭക്ഷ്യകിറ്റ് ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുണ്ട്. പക്ഷേ ഇത് കേന്ദ്ര ഗവൺമെന്റ് നൽകുന്നുവെന്ന ഒരു പ്രചരണം നടക്കുന്നുണ്ട്. ഇതിൽ കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും പങ്കുണ്ടോയെന്ന് അറിയിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ പല രൂപത്തിലും ആളുകളുടെയിടയിൽ നല്ല പ്രചരണം വരുന്നുണ്ട്. എന്നാൽ അത് വളരെ തെറ്റായ പ്രചരണമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു പൈസയുടെയും സഹായം ഭക്ഷ്യകിറ്റ് വിതരണത്തിലില്ല. പൂർണ്ണമായും സംസ്ഥാന സർക്കാർ ജനങ്ങളോട് കാട്ടിയ അനുകമ്പയുടെയും സ്നേഹത്തിന്റെയും ഉദാഹരണമാണ് ഈ ഭക്ഷ്യകിറ്റ് വിതരണം എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇപ്പോൾ റേഷൻ കടകളുടെ പ്രവർത്തന സമയം പരിമിതപ്പെടുത്തിയിരിക്കുകയാണ്. അതുമൂലം എല്ലാ റേഷൻ കടകളുടെയും മുന്നിൽ രാവിലെതന്നെ വലിയ ജനക്കൂട്ടമാണ് ഉണ്ടാകുന്നത്. പല വീടുകളിൽനിന്നും പല ഭാഗങ്ങളിൽനിന്നും വരുന്ന ആളുകളാണ് അവരിലധികവും. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ആളുകൾ ഇങ്ങനെ കൂടുന്നത് അഭികാമ്യമല്ല. ഇത് ഇല്ലാതാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ട്. അതിന് ഒരു പദ്ധതി തയ്യാറാക്കി അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, ശക്തവും മാതൃകാപരവുമായ ഒരു പൊതുവിതരണ ശൃംഖലയുള്ള സംസ്ഥാനമാണ് കേരളം. അതിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഈ കോവിഡ് കാലത്ത് ഹോം ഡെലിവറി ഔട്ട്ലെറ്റുകൾ സ്ഥാപിച്ചത് താലൂക്കിൽ ഒന്ന് എന്ന നിലയിൽ 107 സ്ഥലങ്ങളിലാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇന്നത്തെ അവസ്ഥയിൽ അത് മണ്ഡലത്തിൽ ഒന്ന് എന്ന നിലയിലേയ്ക്ക് വർദ്ധിപ്പിക്കാൻ കഴിയുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദ്ദേശം വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. ഇന്നത്തെ സാഹചര്യത്തിൽ അത് വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, നീതി സ്റ്റോറുകളുടെ പ്രവർത്തനത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് എല്ലാ കോവിഡ് രോഗികൾക്കും കൺസ്യൂമർഫെഡ് വഴി മരുന്ന് എത്തിക്കുന്നതിനുള്ള സംവിധാനമുണ്ട് എന്നുള്ളതാണ്. എറണാകുളം പോലെയുള്ള പ്രദേശങ്ങളിൽ അതിന്റെ പ്രവർത്തനം അത്ര കാര്യക്ഷമമാണെന്ന അഭിപ്രായമില്ല. അതുകൊണ്ട് നീതി സ്റ്റോറിൽനിന്നും ജനങ്ങൾക്ക് മരുന്ന് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കൺസ്യൂമർഫെഡ് സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ആ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കഴിഞ്ഞ അഞ്ച് വർഷക്കാലം വില നിയന്ത്രിച്ച് നിർത്തിയതിന് ഒരു അംഗം ഗവൺമെന്റിന് അഭിവാദ്യം അർപ്പിക്കുകയുണ്ടായി. ഇടതുപക്ഷ മുന്നണിയുടെ 2016-ലെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ആ സർക്കാർ അധികാരത്തിൽ വരുന്ന അന്നുമുതൽ അഞ്ച് കൊല്ലത്തേയ്ക്ക് വില വർദ്ധിപ്പിക്കില്ല എന്നുണ്ടായിരുന്നു. ഈ സർക്കാരിന്റെ അഞ്ച് വർഷക്കാലം വില വർദ്ധിപ്പിക്കില്ലെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകാൻ സാധിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കഴിഞ്ഞ അഞ്ച് വർഷക്കാലവും അതിന് മുന്നേയുള്ള ഗവൺമെന്റിന്റെ ഭരണകാലത്തെ അവസാനനാളിൽ എന്തായിരുന്നോ വില അതുതന്നെയാണ് പതിമൂന്ന് നിത്യോപയോഗ സാധനങ്ങൾക്കും ഈടാക്കിയത്. ഒരു പൈസ പോലും വർദ്ധിപ്പിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം പരിശോധിക്കേണ്ട കാര്യമാണ്. വിലക്കയറ്റം പിടിച്ചു നിർത്തുക, നിയന്ത്രിത വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ഗുണനിലവാരമില്ലാത്ത വസ്തുക്കൾ വിതരണം ചെയ്താൽ രണ്ട് വർഷത്തേയ്ക്ക് അവരെ കരിമ്പട്ടികയിൽപ്പെടുത്തണമെന്നാണ് വ്യവസ്ഥ. വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റിലെ ശർക്കരയുമായി ബന്ധപ്പെട്ട് ഒരു ആക്ഷേപം വന്നിരുന്നു. (.....ബഹളം.....) എന്തായിത് പറയാൻ പാടില്ലേ? എനിക്ക് പ്രൊട്ടക്ഷൻ വേണം. മുമ്പ് ശർക്കര കൊടുത്തിരുന്ന അതേ കമ്പനിയാണ്, മൂന്ന് മാസം മാത്രമേ അവരെ മാറ്റി നിർത്തിയിരുന്നുള്ളൂ, പിന്നെയും അവർതന്നെയാണ് ശർക്കര കൊടുക്കുന്നത്. തുണി സഞ്ചിയുമായി ബന്ധപ്പെട്ട് വലിയൊരു ആക്ഷേപം നിലനിൽക്കുകയാണ്.

ഖജനാവിന് മാസം അഞ്ച് കോടി രൂപ നഷ്ടമാണ്. ഏഴ് രൂപയുടെ തുണിസഞ്ചി പതിമൂന്ന് രൂപയും ജി.എസ്.ടി.-യും കൊടുത്താണ് വാങ്ങുന്നത്. ഈ രണ്ട് കാര്യങ്ങളിലുമുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം എന്താണെന്ന് പരിശോധിച്ച് മറുപടി അറിയിക്കാം.

## കോവിഡ് രോഗവ്യാപന പ്രത്യാഘാതം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

2 (*2) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനം സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതം കുറയ്ക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) കോവിഡ് വാക്സിൻ നൽകുന്നതിനുള്ള മുൻഗണനാക്രമം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന് അർഹമായ വാക്സിൻ കേന്ദ്രസർക്കാർ അനുവദിക്കാതിരിക്കുന്നത് വാക്സിനേഷൻ നടപടിയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന് അർഹമായ വാക്സിൻ സൗജന്യമായി നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, (എ) കോവിഡ് വ്യാപനം സംസ്ഥാനത്തുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിവരുന്നു:

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തി ചികിത്സിക്കാനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയതുകൊണ്ട് ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ഐ.സി.യു. സൗകര്യങ്ങൾ തുടങ്ങിയവ ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെയും സി.എഫ്.എൽ.റ്റി.സി.-കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാതലത്തിലുള്ള DPMSU (District Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. നിലവിൽ (2-6-2021) സംസ്ഥാനത്ത് ആകെ 154 - CFLTC-കളും 95 - CSLTC-കളും 778 DCC-കളും 1183 (as on 28-5-2021) Post Covid Clinic-കളും പ്രവർത്തിച്ചുവരുന്നു.

4. ഓക്സിജന്റെ ആവശ്യകത കൂടുന്നതുകൊണ്ട് അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ്‌ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ ലഭ്യമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുവരികയാണ്. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക് സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ ജില്ലാ സംസ്ഥാനതലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്.

7. കോവിഡിന്റെ സങ്കീർണ്ണതയായി കണ്ടുവരുന്ന ബ്ലാക്ക് ഫംഗസ് അഥവാ മ്യൂക്കർമൈക്കോസിസിന്റെ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളും മരുന്നുകളും കൂടുതൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശീലന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

8. കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിലുൾപ്പെടെ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു.

9. പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾവഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ചികിത്സ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള സ്ഥാപനങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്.

10. ലോക്ഡൗൺ, ട്രിപ്പിൾ ലോക്ഡൗൺ, കണ്ടെയ്ൻമെന്റ് സോണുകൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം എന്നിവ വഴി രോഗവ്യാപനം കൂടുതലുള്ള പ്രദേശങ്ങളിൽ പ്രത്യേക പ്രവർത്തനം നടത്തുന്നു. ഇതിനായി പോലീസിന്റെയും ഇതര വകുപ്പുകളുടെയും സഹകരണം ലഭ്യമാണ്.

11. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുന്നു.

12. സംസ്ഥാനതല വിദഗ്ദ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ എടുത്ത് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

13. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾവഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു.

14. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലാണ് സംസ്ഥാനത്ത് കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത്.

15. 2021 ജനുവരി 16 മുതൽ സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടപ്പാക്കിവരുന്നു. കേന്ദ്ര സർക്കാർ നൽകുന്ന വാക്സിൻ 45 വയസ്സിന് മുകളിലുള്ളവർക്കും ആരോഗ്യ പ്രവർത്തകർക്കും കേന്ദ്ര ഗവൺമെന്റ് നൽകിയ മുൻഗണനാ വിഭാഗത്തിലുള്ള മുൻനിര പ്രവർത്തകർക്കും നൽകുന്നു. സംസ്ഥാന സർക്കാർ വാങ്ങിയ വാക്സിൻ ഉപയോഗിച്ച് 18 മുതൽ 45 വയസ്സ് വരെയുള്ള സർക്കാർ നിശ്ചയിച്ച മുൻഗണനാ വിഭാഗത്തിലുള്ളവർക്കും നൽകിവരുന്നു.

ഇത് ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരം മാത്രമേയായിട്ടുള്ളൂ. ദീർഘമായ മറുപടിയാണ്.

മി. സ്പീക്കർ: മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

ശ്രീ. ലിന്റോ ജോസഫ്: സർ, കേന്ദ്ര സർക്കാരിന്റെ വികല നയങ്ങൾക്കെതിരെ പൊരുതിനിൽക്കുന്ന സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. സംസ്ഥാനത്ത് ആവശ്യമായ കോവിഡ് വാക്സിൻ കേന്ദ്രസർക്കാർ അനുവദിക്കാതിരുന്നത് സംസ്ഥാനത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് സൂചിപ്പിച്ചു. 18 -നും 45-നും ഇടയ്ക്ക് പ്രായമുള്ളവർക്കുകൂടി കോവിഡ് വാക്സിൻ വിതരണം ചെയ്യാൻ കേന്ദ്ര സർക്കാരിന്റെ നയം തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാർ എന്ത് മറുപടിയാണ് നൽകിയിട്ടുള്ളത്?

ശ്രീമതി വീണാ ജോർജ്ജ്: സർ, കേന്ദ്ര സർക്കാരിന്റെ വാക്സിൻ നയം തെറ്റാണെന്നും അത് തിരുത്തണമെന്നും ഈ നിയമസഭതന്നെ ശക്തമായ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. അതുകൂടാതെ ഇക്കാര്യത്തിൽ കൂടുതൽ വാക്സിൻ സംസ്ഥാനത്തിന് നൽകണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടുമുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 45 വയസ്സിന് മുകളിലുള്ളവർക്കാണ് നിലവിൽ കേന്ദ്ര സർക്കാർ വാക്സിൻ നൽകുന്നത്. എല്ലാവർക്കും സൗജന്യമായി, സാർവ്വത്രികമായി ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ വാക്സിൻ നൽകുക എന്നതാണ് സംസ്ഥാനത്തിന്റെ നയം. പക്ഷേ, കേന്ദ്ര സർക്കാരിന്റെ വാക്സിൻ നയം സംസ്ഥാനത്തെ അതിന് അനുവദിക്കുന്നില്ല. നിലവിൽ 18 മുതൽ 44 വയസ്സുവരെയുള്ളവർക്ക് സംസ്ഥാനം വാക്സിൻ വാങ്ങിത്തന്നെയാണ് നൽകുന്നത്. അതിൽ ഒരു കാര്യംകൂടി നമ്മൾ തീരുമാനിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗമില്ലാതെ 40 വയസ്സുമുതൽ മുകളിലോട്ടുള്ള എല്ലാവർക്കും വാക്സിൻ നൽകുക എന്നുള്ളതാണത്. ഇപ്പോൾ 10253198 പേർക്ക് ഇതിനോടകം കേരളത്തിൽ വാക്സിൻ നൽകിക്കഴിഞ്ഞു. കേന്ദ്രസർക്കാർ കൂടുതൽ വാക്സിൻ സംസ്ഥാനത്തിന് നൽകണമെന്നുള്ളതുതന്നെയാണ് നമ്മുടെ ആവശ്യം. പക്ഷേ അനുകൂലമായ മറുപടി നിർഭാഗ്യവശാൽ ഉണ്ടായിട്ടില്ല.

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാനത്ത് എല്ലാവർക്കും സൗജന്യമായി കോവിഡ് വാക്സിൻ ഉറപ്പാക്കുന്നതിനായി ഒരു കോടി ഡോസ് വാക്സിൻ വിലകൊടുത്ത് വാങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി സംസ്ഥാന സർക്കാരിന് എത്ര രൂപ ചെലവാകുമെന്ന് അറിയിക്കുമോ?

---

* അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഇതിനോടകം സംസ്ഥാന സർക്കാർ 10253198 പേർക്കാണ് വാക്സിൻ നൽകിയിട്ടുള്ളത്. അതിൽ 45 വയസ്സിന് മുകളിലുള്ളവർക്ക് സംസ്ഥാന സർക്കാർ പ്രൊക്യൂവർ ചെയ്ത എഴുപത് ലക്ഷം കോവിഷീൽഡ് വാക്സിനും മുപ്പത് ലക്ഷം കോവാക്സിനും ഇതിനോടകം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ വാക്സിൻ ലഭ്യമാക്കുന്നതിനനുസരിച്ച് വാക്സിനേഷൻ എല്ലാവർക്കും നൽകണമെന്നുള്ളതാണ് സർക്കാർ ആലോചിക്കുന്നത്. അതോടൊപ്പം എല്ലാ ജില്ലകൾക്കും ഒരു ടാർജറ്റ് ഫിക്സ് ചെയ്ത് വാക്സിൻ എത്രയും വേഗം പൂർത്തിയാക്കണം. കേന്ദ്ര സർക്കാർ വാക്സിൻ നൽകുന്നതനുസരിച്ചാണ് വാസ്തവത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് മറുപടി നൽകാൻ കഴിയുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, വാക്സിനേഷന് ആവശ്യമായ ഡോസിന്റെ ലഭ്യതക്കുറവുകാരണം രജിസ്റ്റർ ചെയ്യുന്നവർക്ക് നിശ്ചിത വാക്സിൻകേന്ദ്രം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാക്സിൻ കേന്ദ്രത്തിലെ ജനത്തിരക്ക് ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, വാക്സിൻ കേന്ദ്രങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വാക്സിൻ നൽകുന്നതിനുള്ള നടപടിക്രമങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അതിലൂടെ അലോട്ട് ചെയ്യപ്പെടുന്നവരാണ് അതതു വാക്സിൻ സെന്ററുകളിൽ എത്തപ്പെടേണ്ടത്. സംസ്ഥാന തലത്തിൽ ഇതിനുവേണ്ടിയുള്ള സമിതി മേൽനോട്ടം വഹിക്കുന്നതിനോടൊപ്പം ജില്ലാതലത്തിൽ ടാസ്ക്ഫോഴ്സിന്റെ നേതൃത്വത്തിലാണ് വാക്സിനേഷൻ സംബന്ധിച്ച കാര്യങ്ങൾ നടക്കുന്നത്. പരമാവധി കേന്ദ്രങ്ങളിലേയ്ക്ക് വാക്സിൻ എത്തിച്ചുകൊണ്ട് ആൾക്കൂട്ടം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. മേയ് 31 മുതൽ കിടപ്പുരോഗികൾക്ക് വീട്ടിലെത്തി വാക്സിൻ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 45 വയസ്സിന് മുകളിലുള്ള കിടപ്പുരോഗികളുടെ വാക്സിനേഷനുള്ള മാർഗ്ഗനിർദ്ദേശമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. എസ്.സി./ എസ്.ടി. ഡിപ്പാർട്ടുമെന്റ് തുടങ്ങി അതത് ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ ഓൺലൈൻ രജിസ്ട്രേഷൻ ഉറപ്പാക്കുന്നുണ്ട്. പ്രവാസികൾക്കായി പ്രത്യേകം വാക്സിനേഷൻ സെന്ററുകൾ ജില്ലയിലൊന്നെങ്കിലും ആരംഭിക്കാൻ കഴിയുമെങ്കിൽ ആരംഭിച്ച് മുന്നോട്ടു പോകുന്നതിനുള്ള നിർദ്ദേശവും ആൾക്കൂട്ടം ഒഴിവാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ചില സ്വകാര്യ ആശുപത്രികളിലും ലാബുകളിലും ആർ.ടി.പി.സി.ആർ. പരിശോധനാ നിരക്ക് കൂടുതലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ സ്വകാര്യ സ്ഥാപനങ്ങളിൽ ആർ.ടി.പി.സി.ആർ. പരിശോധനാ നിരക്ക് എത്ര രൂപയാണെന്ന് അറിയിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, സംസ്ഥാന സർക്കാർ ഈ വിഷയം സംബന്ധിച്ച് വളരെ കൃത്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവുപ്രകാരം ആർ.ടി.പി.സി.ആർ. ടെസ്റ്റിന് 500 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. മൊബൈൽ ലാബുകളിൽ 448 രൂപയും, ലാബുകളിൽ 500 രൂപയുമാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ആർ.ടി.പി.സി.ആർ. റേറ്റുകൾ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കോവിഡ്-19 കേരളത്തിൽ റിപ്പോർട്ട് ചെയ്തയുടൻ കർണ്ണാടക ഗവൺമെന്റ് അതിർത്തികൾ അടച്ചിടുകയുണ്ടായി. അതിർത്തി ജില്ലയായ കാസർഗോഡിലെ ജനങ്ങൾ ചികിത്സയ്ക്കായി കൂടുതൽ ആശ്രയിക്കുന്നത് മംഗലാപുരത്തെയാണ്. അതിർത്തി അടച്ചതിന്റെ ഫലമായി കാസർഗോഡ് ജില്ലയിലെ പതിനേഴോളം രോഗികൾ ദാരുണമായി മരണപ്പെട്ട സംഭവം നമുക്കെല്ലാവർക്കും ഓർമ്മയുണ്ട്. ഈയൊരു സാഹചര്യമൊഴിവാക്കാൻ മംഗലാപുരത്തെ ആശ്രയിക്കാതെ സ്വയംപര്യാപ്തമായി കാസർഗോഡിലെ ജനങ്ങൾക്ക് ചികിത്സ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കാസർഗോഡ് ജില്ലയിലെ ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുവേണ്ടി വളരെ ശക്തമായ ഒരടിത്തറയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷ സർക്കാർ ഇട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ലോക്ഡൗണിനോടനുബന്ധിച്ച് അത്തരത്തിൽ ചില നിർഭാഗ്യകരമായ സംഭവങ്ങളുണ്ടായിട്ടുണ്ട്. നിലവിൽ കാസർഗോഡ് ജില്ലയിലെ മെഡിക്കൽ കോളേജുൾപ്പെടെ കോവിഡ് ഹോസ്പിറ്റൽ പ്രവർത്തിക്കുകയാണ്. ആരോഗ്യരംഗത്ത് അടിസ്ഥാന സൗകര്യവികസന മേഖലയിൽ സ്വയം പര്യാപ്തമാകുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമങ്ങളാണ് നടത്തുന്നത്. അതിന് കിഫ്ബി പദ്ധതിയിലുൾപ്പെടെ തുക അനുവദിച്ചിട്ടുണ്ട്. ആ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ആരോഗ്യമേഖലയിൽ കാസർഗോഡ് ജില്ലയിൽ വലിയൊരു മുന്നേറ്റം വരുംനാളുകളിൽ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാ പഞ്ചായത്ത് ഭരണസമിതികളും പൊതുസമൂഹവും പൊതുപ്രവർത്തകരും ഉന്നയിക്കുന്ന ഏറ്റവും വലിയ പരാതി വാക്സിൻ നൽകുന്നത് അതതു പഞ്ചായത്ത് കേന്ദ്രങ്ങളിലല്ല എന്നതാണ്. മാത്രമല്ല, ജില്ലയുടെ ഒരറ്റത്തുള്ള ആളുകൾക്ക് മറ്റൊരറ്റത്തേയ്ക്ക് പോകേണ്ടിവരുന്നു; പ്രത്യേകിച്ച് ലോക്ഡൗൺ സമയത്ത് പ്രായമായ ആളുകൾ ഇത്രയും ദൂരം യാത്ര ചെയ്ത് മറ്റ് കേന്ദ്രങ്ങളിൽ പോയി

വാക്സിനുവേണ്ടി കാത്തിരിക്കേണ്ട ബുദ്ധിമുട്ട് എല്ലാ സ്ഥലങ്ങളിലുമുണ്ട്. എവിടെ ചെന്നാലും ആളുകൾ പറയുന്ന പ്രധാനപ്പെട്ട പരാതി ഇതാണ്. പരമാവധി അവരവരുടെ പഞ്ചായത്തുകളിൽ കൊടുക്കാനോ, അതിന് സാധ്യമല്ലെങ്കിൽ തൊട്ടടുത്ത ഏതെങ്കിലും സ്ഥലത്ത് വാക്സിൻ കൊടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിൽ ജില്ലാതല മോണിറ്ററിംഗ് സമിതികൾക്ക് കർശന നിർദ്ദേശം കൊടുക്കാനോ സർക്കാർ തയ്യാറാകുമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ആളുകൾ പരമാവധി യാത്ര ചെയ്യുന്നത് ഒഴിവാക്കിയും വാക്സിനേഷൻ സെന്ററുകളിൽ ആൾക്കൂട്ടം ഒഴിവാക്കിയും വാക്സിൻ നൽകുന്നതിനാണ് സർക്കാർ മുൻഗണന കൊടുക്കുന്നത്. ഒരു കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യുന്ന ആളുകളുടെ എണ്ണം പലപ്പോഴും കുറവാകുന്ന സാഹചര്യത്തിലാണ് മറ്റുചില കേന്ദ്രങ്ങളിലേയ്ക്ക് ജില്ലാ തലത്തിൽ ഇതിന്റെ അലോട്ട്മെന്റുകൾ വരുന്നത്. ജില്ലാതലത്തിലുള്ള ടാസ്ക്ഫോഴ്സുകൾ നിലവിലുണ്ട്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ ടാസ്ക്ഫോഴ്സുകൾക്കും ജില്ലാകളക്ടർമാർക്കും വളരെ വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ രീതിയിൽ വാക്സിനുവേണ്ടി ജില്ലയുടെ ഒരറ്റത്തുനിന്നും മറ്റൊരറ്റത്തേയ്ക്ക് യാത്ര ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പരമാവധി അടുത്തുതന്നെ അലോട്ട്മെന്റുകൾ നൽകുന്നതിനുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ട്. വരും ദിവസങ്ങളിൽ അതിന്റെ മാറ്റമുണ്ടാകും.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കോവിഡിന്റെ ഒന്നാം തരംഗത്തിൽ ശക്തമായി ഇടപെട്ട സർക്കാരാണിത്. രണ്ടാം തരംഗത്തിലും ഫലപ്രദമായി സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുന്നു. മൂന്നാം തരംഗത്തിൽ വലിയ ഗുരുതരമായ സാഹചര്യമാണുണ്ടാകുക എന്നുള്ളത് ചർച്ച ചെയ്യപ്പെടുകയാണ്. കൂടുതൽ വെന്റിലേറ്ററുകളും ഐ.സി.യു. സംവിധാനവും ഒരുക്കുന്നതിനും ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ രണ്ടാം തരംഗത്തെ അതിജീവിച്ച്, അതിന്റെ പീക്ക് ടൈമിൽനിന്നും പുറത്തുകടന്ന് മുന്നോട്ടു പോകുകയാണ്. പക്ഷെ മൂന്നാം തരംഗമുണ്ടായാൽ അതിനെ നേരിടുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഇതിനോടകംതന്നെ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. മൂന്നാം തരംഗം പലതരത്തിലുണ്ടാകാമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ഇപ്പോഴുള്ള വൈറസിന്റെ പുതിയൊരു വേരിയന്റ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

ഒന്നാം തരംഗത്തിൽനിന്നും രണ്ടാം തരംഗത്തിലേയ്ക്ക് എത്തിയപ്പോൾ വൈറസിന്റെ വ്യാപനശേഷി കൂടിയതുപോലെ, മൂന്നാം തരംഗത്തിൽ കൂടുതൽ തീവ്രവ്യാപന ശേഷിയുള്ള വൈറസ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് വാക്സിൻ എടുക്കാത്തവരിലായിരിക്കും രോഗബാധ വളരെ പെട്ടെന്നുണ്ടാകുന്നത്. അവർ വളരെ പെട്ടെന്ന് ഇൻഫെക്ടഡ് ആകാനുള്ള സാധ്യതയുമുണ്ട്. പല കാരണങ്ങൾ മുന്നിൽ കണ്ടുകൊണ്ടും ആശുപത്രികളുടെ മെഡിക്കൽ കപ്പാസിറ്റി പ്രത്യേകിച്ച് പീഡിയാട്രിക് കെയറിന് പ്രത്യേക പ്രാധാന്യം നൽകി പീഡിയാട്രിക് ഐ.സി.യു.-കൾ ഉൾപ്പെടെ ശക്തിപ്പെടുത്തുന്നതിന് പരിശ്രമം നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പാലിയേറ്റീവ് കെയർ സംഘടനകളെയും സമാനമായി പ്രവർത്തിക്കുന്ന സംഘടനകളെയുമൊക്കെ സഹകരിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കിടപ്പുരോഗികൾക്കുകൂടി വാക്സിൻ എടുക്കാൻ തീരുമാനിച്ചത്. കൂടാതെ, അതിഥി തൊഴിലാളികൾക്ക് പൂർണ്ണമായും വാക്സിനേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഓക്സിജൻ പ്ലാന്റുകളുമായി ബന്ധപ്പെട്ട് ഓക്സിജൻ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, കോവിഡ് വാക്സിനുള്ള രജിസ്ട്രേഷൻ ഇപ്പോഴും ഓൺലൈൻവഴി മാത്രമാണ് നടത്തുന്നതെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ ഓൺലൈൻവഴി പല കാരണങ്ങളാൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത ആളുകളുണ്ട്. ഇത് പരിഹരിക്കാൻ സ്പോട്ട് രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; പി.എച്ച്.സി./സബ്സെന്ററുകൾ വഴി സ്പോട്ട് രജിസ്ട്രേഷന് സംവിധാന മൊരുക്കിയിട്ടുണ്ടോ? പ്രവാസികൾക്ക് മാത്രമായി പ്രത്യേകം ക്യാമ്പുകൾ നടത്തി പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ ഇത്തരത്തിൽ സ്പോട്ട് രജിസ്ട്രേഷൻ നടത്താൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, നിലവിൽ പാസ്പോർട്ട്, വിസ എന്നീ രേഖകളുമായി പ്രവാസികൾ വാക്സിനേഷൻ സെന്ററുകളിൽ എത്തുമ്പോൾ സ്പോട്ട് രജിസ്ട്രേഷൻ നടത്തി വാക്സിൻ നൽകണമെന്നത് സംബന്ധിച്ചുള്ള നിർദ്ദേശമാണ് ഡി.എം.ഒ.-മാർക്ക് നൽകിയിട്ടുള്ളത്, അതാണ് നടപ്പിലാക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷൻ പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. കാരണം കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം 45 വയസ്സിന് മുകളിലുള്ളവർക്ക് ഓൺലൈൻ രജിസ്ട്രേഷ നിലൂടെയാണ് വാക്സിൻ എടുക്കേണ്ടത്. അതുകൊണ്ട് അത് ആവശ്യമാണ്. അതോടൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ

ആൾക്കൂട്ടങ്ങൾ ഒഴിവാക്കുന്നതിനും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വാക്സിൻ നൽകുന്നതിനും ഓൺലൈൻ രജിസ്ട്രേഷൻ ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പ്രായമായവർക്ക് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതു കൊണ്ടാണ് ആശാ വർക്കർമാർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ അങ്ങനെ ഡിപ്പാർട്ടുമെന്റുകളുടെകൂടി സഹായത്തോടെ ഓൺലൈൻ രജിസ്ട്രേഷൻ സാധ്യമാക്കണമെന്ന് പറഞ്ഞത്. വോളന്റിയർമാരുടെ സഹായത്തോടുകൂടി നല്ല രീതിയിൽ ഓൺലൈൻ രജിസ്ട്രേഷൻ വാർഡുകളിൽ നടത്തുന്നുണ്ട്. ആൾക്കൂട്ടം ഒഴിവാക്കി വാക്സിൻ നൽകുന്നതിനുകൂടി ഓൺലൈൻ രജിസ്ട്രേഷൻ സഹായകരമാണ്.

ശ്രീമതി സി. കെ. ആശ: സർ, കിടപ്പുരോഗികൾക്ക് വാക്സിൻ നൽകുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞിരുന്നു. അതോടൊപ്പം ഓട്ടിസം ബാധിച്ച മുതിർന്നവർക്ക് വാക്സിൻ കൊടുക്കുന്നതിന് തീരുമാനമെടുക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, നിലവിൽ 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. 18 മുതൽ 44 വയസ്സുവരെയുള്ള ഭിന്നശേഷിക്കാരെ വാക്സിൻ നൽകുന്നതിനുവേണ്ടി സർക്കാർ തീരുമാനിച്ച മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്കും വാക്സിൻ നൽകേണ്ടതാണ്.

ശ്രീമതി കെ. കെ. രമ: സർ, കോവിഡ് രോഗികളുടെ ചികിത്സയെപ്പറ്റി നാം ചർച്ച ചെയ്യുന്നുണ്ട്. കോവിഡ് അല്ലാത്ത രോഗവുമായി ആശുപത്രികളിലെത്തുന്ന രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കാത്തൊരു സാഹചര്യം ഇന്ന് നിലവിലുണ്ട്. മെഡിക്കൽ കോളേജിൽ ഉൾപ്പെടെ അഡ്മിറ്റ് ചെയ്യാതെ തിരിച്ച് പോകുന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിന് എന്താണ് പരിഹാര മാർഗ്ഗം?

ശ്രീമതി വീണാ ജോർജ്ജ്: സർ, കോവിഡ് ചികിത്സാ സംവിധാനങ്ങൾ ശക്തമാക്കുന്നതിനൊപ്പംതന്നെ നോൺ-കോവിഡ് ചികിത്സയും സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. ചില ആശുപത്രികൾ പൂർണ്ണമായും കോവിഡ് ചികിത്സയ്ക്കായി മാറ്റിയപ്പോൾ എല്ലാ ഡിപ്പാർട്ടുമെന്റുകളും പ്രധാനമാണെങ്കിലും ചില പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകളായ ഗൈനക്കോളജി, സർജറി തുടങ്ങിയ വിഭാഗങ്ങൾ അതേ ജില്ലയിലെ അല്ലെങ്കിൽ തൊട്ടടുത്ത സ്ഥലത്തെ ആശുപത്രിയിൽ ഉണ്ടാകണമെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് വാസ്തവത്തിൽ കോവിഡ് ചികിത്സാ കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. അത്തരത്തിൽ കോവിഡ് ചികിത്സയ്ക്ക് സമാന്തരമായി നോൺ-കോവിഡ് ചികിത്സയും ഉറപ്പുവരുത്തുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന തരത്തിൽ, 'ഭരിക്കുക എന്നാൽ ലാഭമുണ്ടാക്കലാണ്' എന്നുമാത്രം കരുതുന്ന കേന്ദ്രസർക്കാരിന്റെ മുന്നിൽ വളരെ മാതൃകാപരമായ ഒരു കോവിഡ് നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അത്തരത്തിൽ കോവിഡ് വാക്സിൻ പ്രവർത്തനത്തെ കൂടുതൽ ജനകീയമാക്കുന്നതിന് ആദിവാസി മേഖലകളിലും മലയോര മേഖലകളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആളുകളുടെ ആവാസ കേന്ദ്രങ്ങളിലേയ്ക്കും ചെന്ന് വാക്സിൻ നൽകുന്നതിനുള്ള സമീപനം സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, മുൻഗണനാക്രമങ്ങൾ കണക്കിലെടുക്കാതെ തന്നെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട എല്ലാ സഹോദരങ്ങൾക്കും വാക്സിൻ നൽകണമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആദിവാസി ഊരുകളിലെത്തി വാക്സിൻ നൽകാനുള്ള ശ്രമമാണ് നാം നടത്തുന്നത്. പല ആരോഗ്യ പ്രവർത്തകരും വളരെ ദുർഘടമായ സാഹചര്യത്തിലൂടെയാണ് ആദിവാസി ഊരുകളിലേയ്ക്കെത്തി വാക്സിൻ നൽകുന്നത്. ആദ്യഘട്ടത്തിൽ വാക്സിൻ എടുക്കാൻ മടി കാണിച്ചവർക്ക് ബോധവൽക്കരണംകൂടി നൽകി അവരെ പൂർണ്ണമായും വാക്സിനേറ്റഡ് ആക്കണമെന്നതാണ് സർക്കാർ നയം, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

## പ്രതിസന്ധിഘട്ടങ്ങളിൽ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

3 (*3) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഖി, നിപ, പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ നേരിടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ ദുർബ്ബലപ്പെടുത്താനുള്ള പ്രതിപക്ഷ പാർട്ടികളുടെ നീക്കങ്ങൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങളും വികസനപദ്ധതികളും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ;

(ബി) പ്രതിസന്ധിഘട്ടങ്ങളിൽ കഴിഞ്ഞ സർക്കാർ നടത്തിയ അതിജീവന ശ്രമങ്ങളെ തടസ്സപ്പെടുത്തിയ പ്രതിപക്ഷ കക്ഷികളുടെ നടപടികളെ തള്ളിക്കളഞ്ഞ് അടിസ്ഥാന സൗകര്യവികസന മേഖലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ തുടരുന്നതിന് ഈ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, .........(....ബഹളം....)

മി. സ്പീക്കർ: ഇതിൽ റൂളിംഗ് നൽകേണ്ട സാഹചര്യമില്ല. (....ബഹളം....) സ്പീക്കർ അഡ്മിറ്റ് ചെയ്ത ചോദ്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം പരിശോധിക്കാമെന്നാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, സഭയിൽ ഇതിനുമുമ്പ് സ്പീക്കർമാർ സമാനമായ വിഷയങ്ങളിൽ റൂളിംഗ് കൊടുത്തിട്ടുണ്ട്. ഇവിടത്തെ പ്രീസിഡന്റും റൂൾസ് ഓഫ് പ്രൊസീഡ്യുറുമാണ് ഞങ്ങൾ ഉന്നയിച്ചത്. റൂൾസ് ഓഫ് പ്രൊസീഡ്യർ അനുസരിച്ച് ഇതുപോലൊരു ചോദ്യം സഭയിൽ വരാൻ പാടില്ലായിരുന്നു. ഞങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിനെക്കുറിച്ച് ഈ സഭയിൽ പരാതി പറയാറില്ല. ഇവിടെ ആദ്യത്തെ ചോദ്യത്തിന്റെ ശീർഷകം 'കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ' എന്നാണ്. കൺസ്യൂമർഫെഡ് ആരുടെ വകുപ്പാണ്? സഹകരണ വകുപ്പാണ്. ഉത്തരം പറഞ്ഞത് ആരാണ്? സിവിൽ സപ്ലൈസ് വകുപ്പാണ്. ഇത്തരം തെറ്റുകൾ ഉണ്ടാകാൻ പാടില്ല. ഇത് ഒരു ഗുരുതരമായ തെറ്റും റൂൾസ് ഓഫ് പ്രൊസീഡ്യുറിന്റെ ലംഘനവുമാണ്. പിന്നെ റൂൾസ് ഓഫ് പ്രൊസീഡ്യുറിന് എന്ത് പ്രസക്തിയാണ് ഇവിടെയുള്ളത്? പ്രതിപക്ഷമായി ഞങ്ങൾ ഇവിടെ ഇരിക്കുകയല്ലേ, ഞങ്ങളെ വളരെ വ്യക്തമായി ആക്ഷേപിച്ചുകൊണ്ടുള്ള ഒരു ചോദ്യം റൂൾസ് ഓഫ് പ്രൊസീഡ്യർ ലംഘിച്ചുകൊണ്ട് ഈ സഭയിൽ ചോദിക്കാൻ അങ്ങ് അനുവദിച്ചുകഴിഞ്ഞാൽ അങ്ങ് ഞങ്ങളെ സംരക്ഷിക്കുന്നില്ലെന്നാണ് അർത്ഥം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം പരിശോധിക്കാമെന്നാണ് നേരത്തെ പറഞ്ഞത്. ഇതിൽ രണ്ടാമതായി പറഞ്ഞത് കൺസ്യൂമർഫെഡിന്റെ കാര്യമാണ്. അതും എങ്ങനെയാണ് സംഭവിച്ചതെന്നുള്ളത് പരിശോധിക്കുന്നതാണ്. ഈ ചോദ്യം സഭയിൽനിന്നും നീക്കം ചെയ്യാൻ സാധിക്കില്ല. ചട്ടം 42 അനുസരിച്ച് ബന്ധപ്പെട്ട അംഗം എഴുതിത്തന്നാൽ മാത്രമേ ചോദ്യം നീക്കം ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, .....(മൈക്ക് ഓഫ്...) (....ബഹളം....)

(ബഹുമാനപ്പെട്ട സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള ചോദ്യോത്തരവേള ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും മഹാമാരിയെയും കേരളം അതിന്റെ ശക്തമായ വികേന്ദ്രീകൃത ജനാധിപത്യ സംവിധാനത്തിലൂടെയും ജനപങ്കാളിത്ത

ത്തോടെയുമാണ് നേരിട്ടത്. ഈ രീതി സർക്കാർ തുടരുന്നതാണ്. മഹാമാരിയുടെ കാലത്ത് നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് വിഘാതം നേരിട്ടെങ്കിലും കാർഷിക, ചെറുകിട വ്യവസായ മേഖലകളിൽ സുഭിക്ഷകേരളമുൾപ്പെടെയുള്ള പരിപാടികൾ നടപ്പാക്കിയതുകാരണം ആഭ്യന്തര വരുമാനത്തിന്റെ വളർച്ച 2020-21-ൽ(-)3.82 ശതമാനമായി പിടിച്ചുനിർത്താൻ കഴിഞ്ഞു. ദേശീയതലത്തിൽ ഈ കാലയളവിൽ ഇത് (-)7.3 ശതമാനമാണ്. കോവിഡ്- 19-നെതിരെ സാമൂഹിക പ്രതിരോധ ശേഷിയുടെ നിർമ്മിതിക്ക് സർക്കാർ പരമപ്രാധാന്യം നൽകുന്നു. 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ 1000 കോടി രൂപ സർക്കാർ ചെലവിടുന്നതാണ്. കോവിഡ്-19 മഹാമാരിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാനായി 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. സാമൂഹിക, സാമ്പത്തിക, ആരോഗ്യ മേഖലകളിലെ വെല്ലുവിളികൾ നേരിടാൻ ലക്ഷ്യമിട്ടാണിത്. ഉദ്ദേശം 5 ലക്ഷം കുടുംബങ്ങളുടെ അതീവ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2020-21-ൽ 12 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കേന്ദ്ര സർക്കാർ 7.5 കോടി തൊഴിൽ ദിനങ്ങളാണ് അനുവദിച്ചിട്ടുള്ളത്. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾക്കായി 1000 കോടി രൂപ ബാങ്ക് വായ്പ 2021-22-ൽ ലഭ്യമാക്കുന്നതോടൊപ്പം 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 4 ശതമാനം പലിശ നിരക്കിൽ ലഭ്യമാക്കാൻ 100 കോടി രൂപ സർക്കാർ ചെലവിടുന്നതുമാണ്. എല്ലാ മേഖലയിലെയും പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ 100 ദിന പരിപാടി ജൂൺ 10-ന് പ്രഖ്യാപിക്കുന്നുണ്ട്. കോവിഡ് രണ്ടാം തരംഗകാലത്തും ഒരാൾ പോലും പട്ടിണികിടക്കരുതെന്ന നയം സർക്കാർ ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ സാർവ്വത്രിക ഭക്ഷ്യകിറ്റുകളുടെ വിതരണം ജൂൺ മാസത്തിലും തുടരുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തവരുമായ 14.7 ലക്ഷം കുടുംബങ്ങൾക്ക് 1,000 രൂപ ഒറ്റത്തവണയായി വിതരണം ചെയ്യുന്നുണ്ട്. കാർഷിക, ഉൽപ്പാദന മേഖലകളെ അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ പ്രത്യേകം ലക്ഷ്യമിടുന്നുണ്ട്. അഞ്ച് വർഷംകൊണ്ട് കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവാണ് ലക്ഷ്യമിടുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കാനും ഐ.ടി, സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കും സർക്കാർ പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. അഭ്യസ്തവിദ്യർക്കായി 20 ലക്ഷം തൊഴിലവസരങ്ങൾ കെ-ഡിസ്ക് മുഖേന ഒരുക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

സാമ്പത്തിക വളർച്ചയുടെ ഉത്തേജനത്തിനായി നടപ്പാക്കിവരുന്ന വൻകിട പദ്ധതിയുടെ പുരോഗതി സമയാസമയം വിലയിരുത്താൻ സർക്കാർ തലത്തിൽ ഒരു വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെടുകയും കാണാതാവുകയും നാശനഷ്ടങ്ങൾക്ക് വിധേയരാവുകയും ചെയ്തവരുടെ കുടുംബങ്ങൾക്ക് ആശ്വാസ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. രോഗബാധ തിരിച്ചറിയുന്ന ആധുനിക സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുകയെന്നത് രോഗങ്ങളുടെ പ്രതിരോധത്തിന് അത്യന്താപേക്ഷിതമാണ്. ഇത് കണക്കിലെടുത്താണ് ലോകോത്തര നിലവാരത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനമാരംഭിച്ചത്.

പ്രളയത്തിൽ ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് അർഹമായ സഹായം സർക്കാർ നൽകിയിട്ടുണ്ട്. കോവിഡ്-19 ബാധിച്ച് മരണപ്പെട്ട അനാഥരായ കുടുംബത്തിലെ കുട്ടികൾക്ക് സഹായമെത്തിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിന്റെ കാഠിന്യം ലഘൂകരിക്കുകയും പ്രത്യാഘാതങ്ങളെ മറികടക്കുകയും ചെയ്യുന്നതോടൊപ്പം മൂന്നാം തരംഗത്തിന്റെ സാധ്യത കണക്കിലെടുത്ത് മുൻകൂട്ടി പദ്ധതികൾ തയ്യാറാക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. അതിനായി ആരോഗ്യ സംവിധാനങ്ങളെയും അനുബന്ധ സൗകര്യങ്ങളെയും സജ്ജമാക്കി നിർത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുക, സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പീഡിയാട്രിക് ഐ.സി.യു സൗകര്യങ്ങളുൾപ്പെടെയുള്ളവ നിർമ്മിക്കുക, ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുക തുടങ്ങിയവ സർക്കാർ ഉദ്ദേശിക്കുന്നു. കിഫ്ബി മുഖേനയും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേനയും വൻ അടിസ്ഥാന സൗകര്യവികസനം സർക്കാർ ലക്ഷ്യമിടുന്നു. ഇവയ്ക്കു പുറമേ, തീരദേശത്തിന് 11000 കോടി രൂപയുടെ വികസന പദ്ധതികൾ സർക്കാർ പൂർത്തിയാക്കും. കൂടുതൽ വിശാദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പ്രതിസന്ധികളെപ്പോലും സാധ്യതകളാക്കി മാറ്റുന്ന പിണറായി സർക്കാരിന്റെ ഖ്യാതി ഇന്ന് രാജ്യാതിർത്തികൾവിട്ട് ലോകമാകെ പടർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ഇന്ത്യ ഉറ്റുനോക്കുന്ന കേരളത്തിന്റെ സ്വന്തം പദ്ധതിയായ കെ-ഫോൺ നെറ്റ്‌വർക്കിന്റെ ആദ്യഘട്ടം ഏതെല്ലാം മേഖലകളിലാണ് പ്രധാനമായും സാധ്യമാകുകയെന്നതും ആയതിന്റെ പ്രവർത്തനം എത്രത്തോളം പൂർത്തീകരിച്ചുവെന്നതും വ്യക്തമാക്കുമോ?

---

* അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ-ഫോൺ വേഗംതന്നെ പൂർത്തിയാകേണ്ട ഒരു പദ്ധതിയാണ്. ഏറ്റവും പ്രധാനമായി സംസ്ഥാനത്താകെ ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്നതിന് ഇത് ഒഴിച്ചുകൂടാനാവാത്തതാണ്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ നൽകുന്നതിനും കെ-ഫോൺ പോലെയുള്ള സംവിധാനം പൂർത്തിയാകേണ്ടതാണ്. നിർഭാഗ്യവശാൽ കെ-ഫോണിന്റെ പൂർത്തീകരിക്കൽ വേഗതയിൽ നടന്നില്ലെന്നതാണ് വസ്തുത. അതിനിടയാക്കിയത് പലയിടങ്ങളിലായി വന്നിട്ടുള്ള ചില തടസ്സങ്ങളാണ്. ആ തടസ്സങ്ങൾ നമ്മുടെ നാട്ടിൽത്തന്നെ വിവിധ മേഖലകളിലുണ്ടായതാണ്. അത് ദൂരീകരിക്കാനുള്ള നടപടികൾ അതിവേഗതയിൽ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കെ-ഫോണുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന്, അതത് പ്രദേശത്ത് എന്തെങ്കിലും തടസ്സങ്ങളുണ്ടാകുന്നെങ്കിൽ അവ മാറ്റിയെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഇടപെടണമെന്നാണ് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ചെന്നൈ-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തി ആവിഷ്കരിച്ച കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴി ഈ സർക്കാരിന്റെ സമാനതകളില്ലാത്ത വികസന കാഴ്ചപ്പാടിന്റെ മറ്റൊരു ഉദാഹരണമാണ്. ഈ പദ്ധതിക്കുവേണ്ടി പാലക്കാട് ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുന്നതോടൊപ്പം പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്രപേർക്ക് നേരിട്ടും പരോക്ഷമായും സംസ്ഥാനത്ത് തൊഴിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കൊച്ചിയിൽനിന്ന് പാലക്കാട് വരെയുള്ള ഭാഗത്ത് വ്യവസായ ഇടനാഴിയുടെ ഭാഗമായി ഒട്ടേറെ പുതിയ പദ്ധതികളാണ് വരാനുള്ളത്. അതിന്റെ ഭാഗമായ സ്ഥലമെടുക്കലാണ് ഇപ്പോൾ പാലക്കാട് നടക്കുന്നത്. മറ്റ് പദ്ധതികൾ അതിന്റെ ഭാഗമായി വരേണ്ടതാണ്. അതിനെല്ലാംകൂടി എന്ത് വരുമെന്നുള്ളത് ഇപ്പോൾ പറയാനാകില്ല. എന്നാൽ അതിവേഗതയിൽ ആ പദ്ധതി പൂർത്തീകരിക്കാനുള്ള നീക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. ആന്റണി ജോൺ: സർ, കഴിഞ്ഞ അഞ്ച് വർഷക്കാലം ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് സമാനതകളില്ലാത്ത വികസന മുന്നേറ്റങ്ങൾ കേരളത്തിൽ സാധ്യമാക്കിയിട്ടുള്ളത്. ചുരുങ്ങിയത് 25 വർഷംകൊണ്ട് സാധ്യമാകുമായിരുന്ന പശ്ചാത്തല സൗകര്യ വികസനമാണ് കിഫ്ബിയിലൂടെ സാധ്യമാക്കിയിട്ടുള്ളത്. അങ്ങനെയൊരു സംവിധാനത്തെ തകർക്കാനാണ് ഇവിടെ പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളത്. കിഫ്ബി നടത്തുന്ന വിഭവ സമാഹരണം ഭരണഘടനാവിരുദ്ധമാണെന്ന് സി.&എ.ജി.-യോടൊപ്പംനിന്ന്

ഇവിടെ പ്രതിപക്ഷവും വാദിച്ചു. എന്നാൽ 60000 കോടി രൂപ അഞ്ച് വർഷംകൊണ്ട് സമാഹരിക്കാൻ അവരുടെ കയ്യിൽ മറ്റൊരു ബദൽ സംവിധാനമുണ്ടായിരുന്നില്ല. ഇവിടെ അഞ്ച് വർഷക്കാലംകൊണ്ട് 50000 കോടി രൂപയുടെ പദ്ധതി ലക്ഷ്യമിട്ട സ്ഥാനത്ത് 60000 കോടി രൂപയിലേറെവരുന്ന പദ്ധതി തുടങ്ങിയിട്ടുണ്ട്. ഒരൊറ്റ അഴിമതി ആരോപണംപോലും ഉന്നയിക്കപ്പെടാതെയാണ് ഈ കുതിച്ചു ചാട്ടമുണ്ടായത് എന്നതാണ് ശ്രദ്ധേയമായ കാര്യം. നാടിന്റെ വലിയ വികസന കുതിപ്പിന് കരുത്ത് പകരുന്ന കിഫ്ബി എന്ന സംവിധാനത്തെ കൂടുതൽ കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകാനാണോ സർക്കാർ തീരുമാനിച്ചിട്ടുള്ളത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ ചോദ്യോത്തരവുമായി ബന്ധപ്പെട്ടുണ്ടായ വിവാദകാര്യങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായമാണ് ഇപ്പോൾ രേഖപ്പെടുത്തിയത്. എന്റെ അഭിപ്രായം ഞാൻ ഇപ്പോൾ പറയുന്നില്ല. അത് നാമെല്ലാവരും ആലോചിക്കേണ്ട കാര്യമാണെന്നുമാത്രമേ പറയുന്നുള്ളൂ.

ശ്രീ. ജി. സ്റ്റീഫനുവേണ്ടി <u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കേരളം പ്രതിസന്ധിയുടെയും മഹാമാരിയുടെയും കാലത്തിലൂടെ കടന്നുപോയപ്പോൾ സർക്കാർ സ്വീകരിച്ച ശക്തവും അനിവാര്യവുമായ നിലപാടുകൾക്കെതിരായി വ്യാപകമായ വ്യാജ പ്രചരണങ്ങളുണ്ടായി. അത് ഏറ്റെടുത്തുകൊണ്ട് സർക്കാർ നടപടികൾ തടസ്സപ്പെടുത്തുന്നതിന് ശ്രമിച്ച ഏതെങ്കിലും ഉദ്യോഗസ്ഥരുടെ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമ്മർദ്ദങ്ങൾക്ക് വഴങ്ങിയോ നിക്ഷിപ്ത രാഷ്ട്രീയ താൽപര്യങ്ങളുടെ ഭാഗമായോ സർക്കാർ സമീപനങ്ങൾ അല്ലെങ്കിൽ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പൊതുവേ ഉദ്യോഗസ്ഥരെല്ലാം സംസ്ഥാനത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും അതിന് വേഗത കൂട്ടുന്നതിനും സഹകരിച്ച അനുഭവമാണുണ്ടായിട്ടുള്ളത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും ഒറ്റപ്പെട്ട പ്രശ്നമുണ്ടായിട്ടുണ്ടെങ്കിൽ അത് പ്രത്യേക കേസ്സാണ്. അതൊരു ഉദ്യോഗസ്ഥ മനോഭാവത്തിന്റെ ഭാഗമായി പറയാൻ കഴിയുന്ന ഒന്നല്ല. അങ്ങനെയുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് കർക്കശമായ നടപടിയിലേയ്ക്ക് സർക്കാർ നീങ്ങുകയും ചെയ്യും. സാധാരണ നിലയ്ക്ക് ഒരു ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും അങ്ങനെയുണ്ടാകേണ്ട കാര്യമല്ല.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, മുമ്പെങ്ങുമില്ലാത്ത വിധം ഓഖിയും നിപയും പ്രളയവും കോവിഡുമുൾപ്പെടെയുള്ള മഹാമാരികളും കേരളത്തിന്റെ വികസനത്തെ തകർക്കുന്ന പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങിയ പ്രതിപക്ഷവും കേന്ദ്ര ഏജൻസികളും അടക്കമുള്ള പ്രതിസന്ധികളെ നേരിടേണ്ടി വന്നപ്പോഴും

സംസ്ഥാനത്തെ വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മുൻ സർക്കാർ ഇച്ഛാശക്തിയോടെ സ്വീകരിച്ച നടപടികളെ ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന പുതിയ വൻകിട പദ്ധതികൾ ആരംഭിക്കുന്നതിനും വൻകിട പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും കൂടുതൽ കാര്യക്ഷമതയോടെ വേഗത്തിൽ നടപ്പിലാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വൻകിട പദ്ധതികൾ ഓരോന്നും വൻകിട പദ്ധതികൾ തന്നെയാണ്. ഓരോ വൻകിട പദ്ധതിയുടെ കാര്യവും പ്രത്യേകം പരിശോധിക്കുകയാണ് ചെയ്യുന്നത്. അക്കാര്യങ്ങൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് ബന്ധപ്പെട്ട വകുപ്പുതല ഇടപെടലുകളുണ്ടാകും. എല്ലാ വകുപ്പുകളുംകൂടി അതുമായി ബന്ധപ്പെട്ട് എന്തൊക്കെ സഹായങ്ങൾ ചെയ്യേണ്ടതുണ്ടോ അതെല്ലാം ചെയ്യും.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഓഖിയുടെയും നിപയുടെയും പ്രളയത്തിന്റെയും കോവിഡിന്റെയുമൊക്കെ സമയത്ത് ജനങ്ങളെ ചേർത്തുപിടിച്ച് ഈ ദുരിതത്തിൽനിന്ന് കരകയറ്റാൻ ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള മികച്ച പ്രവർത്തനമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചത്. ഇതൊക്കെ തുരങ്കം വയ്ക്കാൻ നോക്കിയ ആളുകളാണ് പ്രതിപക്ഷത്തുണ്ടായിരുന്നത്. അതുകൊണ്ട് ഈ സർക്കാർ ചെയ്ത പ്രവർത്തനങ്ങൾ പറയുമ്പോൾ അത് കേൾക്കാനുള്ള മാനസികാവസ്ഥ ഇല്ലാത്തതുകൊണ്ടും ഇത് പൊളിക്കാൻ നോക്കിയതു കൊണ്ടുമാണ് അവർ സഭ ബഹിഷ്കരിച്ചത്. തീർച്ചയായും ഈ മികച്ച പ്രവർത്തനത്തിന് ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. പ്രളയസമയത്ത് ഭാരതപ്പുഴയടക്കമുള്ള പുഴകളുടെ അരികിലുള്ള സ്ഥലങ്ങളിലൊക്കെ മണ്ണിടിയുകയും പുഴ കയറുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത്തരം പ്രദേശങ്ങളിൽ മണ്ണ് കെട്ടി സംരക്ഷിക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുമോ; അതോടൊപ്പം കോവിഡ് കാലത്തും ആരോഗ്യ മേഖലയിൽ അനുവദിച്ച ഫണ്ടുകളുടെ വിനിയോഗം പലപ്പോഴും സാങ്കേതിക പ്രശ്നങ്ങൾ കാരണം നീണ്ടുപോകാറുണ്ട്. ഇത് പി.ഡബ്ല്യു.ഡി., കെ.എം.എസ്.സി.എൽ. തുടങ്ങിയ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു മിഷനാക്കി സമയബന്ധിതമായി ആരോഗ്യ മേഖലയിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ വളർത്താൻവേണ്ടി നിലവിലുള്ള ഫണ്ടുകളെ ഉപയോഗിക്കാൻ ഒരു സംവിധാനമൊരുക്കാൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് ഗൗരവമായ പ്രശ്നമാണ്, പ്രത്യേകം പരിശോധിക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആരോഗ്യ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ ഉൽപ്പാദനം

4 (*4) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിപുലമായി പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ?

ഉണ്ട്. 19-5-2020-ലെ സ.ഉ.(സാധാ)നമ്പർ 323/2020-വ്യവ. പ്രകാരം കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല കമ്മിറ്റി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്.

(സി) ഉപകരണങ്ങൾ ഏതെല്ലാം സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ 2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനായി പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. ഇതിനായി തുക വകയിരുത്തുകയും കോർപ്പറേഷൻ തലത്തിൽ പദ്ധതി രേഖ തയ്യാറാക്കി വരികയും ചെയ്യുന്നു. 1-6-2020-ന് ചേർന്ന ഉന്നതതല കമ്മിറ്റിയുടെ യോഗതീരുമാന പ്രകാരം കോവിഡ്-19 പ്രതിരോധത്തിനായി കെ.എസ്.ഡി.പി., മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനുവേണ്ടി തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയുമായും കോഴിക്കോട് NIT-യുമായും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ 23 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ജില്ലാ പഞ്ചായത്ത് മുഖേന

23 സ്വാബ് കളക്ഷൻ ബൂത്തും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ആലപ്പുഴ കളക്ടറേറ്റ് എന്നിവിടങ്ങളിലേയ്ക്ക് UV Disinfection Booth-ഉം നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് സാധാരണ ജനങ്ങൾക്ക് വീണ്ടും കഴുകി ഉപയോഗിക്കാവുന്ന ഒരു ലെയർ തുണി മാസ്കുകളും വൈറസിനെയും ബാക്ടീരിയകളെയും തടയാനും അവയെ നിർവീര്യമാക്കാനും തുണിയിൽ പ്രത്യേകം ആന്റിമൈക്രോബിയൽ ട്രീറ്റ്മെന്റുകൾ നടത്തിയ മൂന്ന് ലെയർ തുണി മാസ്കുകളും തയ്യാറാക്കി വിപണിയിൽ കോർപ്പറേഷൻ യഥാക്രമം 2020 ജൂൺ, 2020 നവംബർ മാസങ്ങളിൽ ഇറക്കുകയുണ്ടായി. ആരോഗ്യ സുരക്ഷാ ഉപകരണങ്ങളുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ നോൺ വോവെൻ (Non woven) ഫാബ്രിക്കിന്റെ ഉൽപ്പാദന യൂണിറ്റ് കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് വ്യവസായ വകുപ്പ് ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 3.79 കോടി രൂപ റിലീസ് ചെയ്ത് പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. കോവിഡ്-19 പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ നെയ്ത്തുകാർ ഉൽപാദിപ്പിച്ച തുണിത്തരങ്ങൾ ഉപയോഗിച്ച് ഹോസ്പിറ്റൽ ബെഡ്ഷീറ്റുകൾ, മാസ്കുകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നുണ്ട്. നിലവിൽ കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളായ Syringe Pump, Suction Apparatus, Oxygen Cylinder with stand and flow meter & Humidifier Flow Meter, Flow Meter, Trolly (Oxygen), Oxygen Cylinder-B type, Laryngoscope, Fumigation Dispensor, Crash Cart, Defibrillator-Biphasic, Vertical Autoclave, Oxygen Concentrator (5L), High Flow nasal Cannula Therapy, Oxygen Cylinder-D Type, C.Pap-Ventilator, Infrared Thermometer മുതലായ ഉപകരണങ്ങൾ സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് വിതരണം ചെയ്യുന്നത്. ആതുര ശുശ്രൂഷയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും ഉപകരണങ്ങളും നിർമ്മിക്കുന്നതിന് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളായ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, വി.എസ്.എസ്.സി., ഇലക്ട്രോണിക്സ് റീജിയണൽ ടെസ്റ്റ് ലബോറട്ടറി, സർവ്വകലാശാലകൾ, മറ്റ് ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടുകൂടി പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 10 കോടി രൂപ വകയിരുത്തിയതായി 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ട്.

## ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ

5(*5) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ക്ലറിക്കൽ തസ്തികകളിൽ മതിയായ ഉദ്യോഗസ്ഥരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ഉൾപ്പെടെ ആകെ 3632 ക്ലറിക്കൽ തസ്തികകളാണുള്ളത്. ഇതിൽ ആഭ്യന്തര വകുപ്പിൽനിന്നും സൂപ്പർ ന്യൂമററിയായി നിയമിച്ച 252 തസ്തികകളും ഉൾപ്പെടുന്നു. 3632 തസ്തികകളിൽ 2021 ജനുവരി മുതൽ മേയ് 31 വരെ നിലവിലുണ്ടായിരുന്ന 113 ഒഴിവുകളിൽ 101 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്മേൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള ഒഴിവുകളിൽ 6 എണ്ണം സമാശ്വാസ തൊഴിൽദാന പദ്ധതിക്കും 4 എണ്ണം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനും 2 എണ്ണം ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിക്കുന്നവർക്ക് നിയമനം നൽകുന്നതിനുമായി മാറ്റിവച്ചിരിക്കുന്നു.

(ബി) എങ്കിൽ ആയത് പദ്ധതി പ്രവർത്തനങ്ങളെയും ദൈനംദിന പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാനുപാതികമായി ക്ലറിക്കൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാനുപാതികമായി ക്ലറിക്കൽ തസ്തികകൾ സൃഷ്ടിക്കുന്ന രീതി നിലവിലില്ല.

## ജനസൗഹൃദ പദ്ധതികൾ

6 (*6) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മതനിരപേക്ഷ ജനാധിപത്യ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനും വികസനത്തിന്റെ ജനകീയ മാതൃക കൂടുതൽ

കരുത്തുറ്റതാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന് ഉതകുന്ന നയപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കിടയിലുള്ള സാഹോദര്യം ഊട്ടിയുറപ്പിക്കുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാവിധ വർഗ്ഗീയ വാദങ്ങൾക്കെതിരെയും സുശക്തമായ നിലപാട് സ്വീകരിച്ച് ജനങ്ങളെ ഒന്നിപ്പിക്കാനുതകുന്ന പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ഒരുതരത്തിലുമുള്ള വർഗ്ഗീയതയുമായി സന്ധി ചെയ്യാതെ എല്ലാ മതവിശ്വാസികളുടെയും വിശ്വാസം സംരക്ഷിക്കാനും ഒരു മതത്തിലും വിശ്വസിക്കാത്തവർക്ക് ആ നിലയിൽ തുടരാനും വേണ്ടിയുള്ള പ്രവർത്തനങ്ങളായിരിക്കും ഈ സർക്കാർ നടപ്പിലാക്കുക. പോലീസും തദ്ദേശഭരണ സ്ഥാപനങ്ങളും സാമൂഹ്യ പ്രവർത്തകരും സന്നദ്ധ സംഘടനകളും ഉൾപ്പെടെയുള്ളവരുടെ സഹകരണം ഇക്കാര്യത്തിൽ സർക്കാർ ഉറപ്പുവരുത്തും. മതനിരപേക്ഷ സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ മാതൃഭാഷയെ സംരക്ഷിക്കാനും നമ്മുടെ സംസ്കാരത്തെ നിലനിർത്തി കൂടുതൽ കരുത്തോടെ മുന്നോട്ടു കൊണ്ടുപോകുന്നതിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുക. എല്ലാ വിഭാഗങ്ങളെയും കൂട്ടിയോജിപ്പിക്കാൻ കഴിയുന്നവിധം ജനകീയ കൂട്ടായ്മകൾ താഴെത്തലങ്ങളിൽതന്നെ കെട്ടിപ്പടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി പ്രാദേശിക തലത്തിലുള്ള ജനകീയ കൂട്ടായ്മകളെ വികസിപ്പിക്കുന്ന തരത്തിൽ ക്ലബ്ബുകൾ, വായനശാലകൾ പോലുള്ള ജനകീയ കൂട്ടായ്മകളെ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കാനുള്ള ഏതൊരു പരിശ്രമത്തെയും ശക്തമായി സർക്കാർ നേരിടും. ഇക്കാര്യത്തിൽ ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ജനകീയ മാതൃകകളെ കൂടുതൽ ശക്തിപ്പെടുത്തും. ജനമൈത്രി പോലീസ് പോലുള്ള സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി ഇത്തരം സാധ്യതകളെ ചെറുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും ജനാധിപത്യ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള പദ്ധതികൾ സംസ്ഥാനത്തെമ്പാടും നടപ്പിലാക്കും. ജനങ്ങളെ വിഭജിക്കാനും ഭിന്നിപ്പിക്കാനുമുള്ള ഏതൊരു പരിശ്രമത്തെയും ശക്തമായി പ്രതിരോധിക്കും. മതത്തിന്റെ പേരിലുള്ള യാതൊരുതര വിവേചനവും അനുവദിക്കില്ല. അത്തരം ശ്രമങ്ങൾ ഏത് ഭാഗത്തുനിന്നുണ്ടായാലും ജനങ്ങളെ അണിനിരത്തി അതിനെതിരെ വിശാലമായ ജനകീയ മുന്നേറ്റമുണ്ടാക്കും. ഇക്കാര്യത്തിൽ പൗരത്വ നിയമഭേദഗതിയുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകും.

(ബി) വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ കഴിഞ്ഞ സർക്കാർ വിജയകരമായി നടപ്പിലാക്കിയ ജനസൗഹൃദ പദ്ധതികൾ കൂടുതൽ കാര്യക്ഷമതയോടെ തുടരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ സർക്കാരിന്റെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകും. ഇതുസംബന്ധിച്ച കാഴ്ചപ്പാടുകൾ ബഡ്ജറ്റിൽ വിശദീകരിച്ചിട്ടുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തെയും മൂന്നാം തരംഗത്തിന്റെ സാധ്യതയെയും കണ്ടുകൊണ്ട് അതിനെ പ്രതിരോധിക്കാനുള്ള പദ്ധതികൾ സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. ഐസോലേഷൻ വാർഡുകളുടെ രൂപീകരണം, ആരോഗ്യ മേഖലയിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കൽ, പീഡിയാട്രിക് ഐ.സി.യു. വാർഡുകളുടെ നിർമ്മാണം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പിലാക്കും. ഓക്സിജൻ പ്ലാന്റുകൾ നിർമ്മിക്കുന്നതിനും അവ സംഭരിച്ച് സൂക്ഷിക്കുന്നതിനുമുള്ള സംവിധാനം ഉറപ്പുവരുത്തിയിട്ടുണ്ട്. ശിശുമരണനിരക്കും മാതൃമരണനിരക്കും കുറയ്ക്കുന്നതിനുള്ള നടപടികൾ, ഇന്റൻസീവ് കെയർ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവയിൽ ഊന്നിനിന്നുകൊണ്ടുള്ള നടപടികളും ലക്ഷ്യംവയ്ക്കുന്നുണ്ട്. ആരോഗ്യമേഖലയിൽ മികച്ച സ്ഥാപനങ്ങൾ രൂപീകരിക്കാനും സൗജന്യ വാക്സിൻ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ സർക്കാർ സ്വീകരിച്ച സമീപനം കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകും. ഉന്നതവിദ്യഭ്യാസ രംഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ പുതിയ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികളുമുണ്ടാകും. വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്തുന്നതിന് സവിശേഷ പദ്ധതികളും രൂപീകരിച്ച് നടപ്പാക്കും. ഉന്നത വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലാക്കുക എന്നതാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി സിലബസ് പരിഷ്കരണമടക്കമുള്ള നടപടികൾ സ്വീകരിക്കുകയാണ്. ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കും. ക്ഷേമപെൻഷനുകൾ ഘട്ടം ഘട്ടമായി 2,500 രൂപയാക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) കേരളത്തിന്റെ സമഗ്ര വികസനത്തിനായി ഒരു മാർഗ്ഗരേഖയുണ്ടാക്കി കൃത്യമായ ആസൂത്രണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(1) ബൃഹദ് പദ്ധതികളുടെയടക്കം പുരോഗതി അവലോകനം ചെയ്യാനും മേൽനോട്ടം വഹിക്കാനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി രൂപീകരിച്ചിട്ടുണ്ട്. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ & മോണിറ്ററിംഗ് വകുപ്പ് (പദ്ധതി നിർവ്വഹണ, അവലോകന, മേൽനോട്ട വകുപ്പ്) രൂപീകരിക്കുന്നത് നിലവിൽ വിവിധ പദ്ധതികളുടെ പുരോഗതി തൽസമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിന് ഏറെ സഹായകരമാകും. നിലവിലുള്ള സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് (സി.പി.എം.യു.) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോകുന്നുണ്ട്. എന്നാൽ, പശ്ചാത്തല സൗകര്യവികസന രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ബൃഹദ്പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്യാനും മേൽനോട്ടം വഹിക്കാനും ഒരു സെക്ഷൻ മാത്രമുള്ള യൂണിറ്റ് അപര്യാപ്തമാണ്. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നത് പരമപ്രധാനമായിരിക്കെ, ഇത് അവലോകനം ചെയ്യാനും റിപ്പോർട്ട് ചെയ്യാനും ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥന്റെ കീഴിൽ ഒരു വകുപ്പ് രൂപീകരിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് പദ്ധതികളെപ്പറ്റി വിവരം ശേഖരിക്കുന്നതിനും പദ്ധതികളുടെ ഗുണഫലങ്ങളും പ്രത്യാഘാതങ്ങളും വിശകലനം ചെയ്ത് ബന്ധപ്പെട്ട ചുമതലക്കാരെ അറിയിക്കാനും ഈ വകുപ്പിന് ചുമതല നൽകുന്നതിന് ഉദ്ദേശിക്കുന്നു.

(2) പദ്ധതികൾ നിരീക്ഷിക്കുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാധ്യമാക്കുന്നുണ്ട്. ഇത് ഊർജ്ജിതമാക്കി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നു.

(3) കേന്ദ്ര സർക്കാരിന്റെ e-PMG Portal വഴി പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ കേരളത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് (customize ചെയ്യുന്നത്) ഉദ്ദേശിക്കുന്നുണ്ട്.

(4) കേന്ദ്രസർക്കാരിന്റെ e-sameeksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-sameeksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Sameeksha National Portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**കുടുംബശ്രീ ശാക്തീകരണം**

7 (*7) <u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള പ്രധാന ഉപാധിയായി മാറിയ കുടുബശ്രീ സംവിധാനത്തെ ശാക്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും ജനങ്ങൾക്ക് ഉപജീവന പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള പ്രധാന ഉപാധിയായി മാറിയ കുടുംബശ്രീ സംവിധാനത്തെ അടുത്ത അഞ്ച് വർഷംകൊണ്ട് ശാക്തീകരിക്കാൻവേണ്ടി വളരെയധികം സുപ്രധാനമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയത് അനുബന്ധമായി ചേർക്കുന്നു*.

(ബി) സൗജന്യ നിരക്കിൽ ഊണ് നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെയും ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെയും സഹായത്തോടെ കുടുംബശ്രീ നടത്തിവരുന്ന ജനകീയ ഹോട്ടലുകൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ജനകീയ ഹോട്ടലുകൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കും. നിലവിൽ 1103 ജനകീയ ഹോട്ടലുകളാണുള്ളത്. ജനകീയ ഹോട്ടലുകൾ ഇല്ലാത്ത 77 തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. ഈ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനകീയ ഹോട്ടലുകൾ തുടങ്ങാനുള്ള സംയോജിത പ്രവർത്തനങ്ങൾ ഉടൻ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോവിഡ് വ്യാപന സാഹചര്യത്തിൽ കൂടുതൽ കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുടുംബശ്രീയുടെ നേതൃത്വത്തിൽ കഴിഞ്ഞ 3 വർഷമായി www.kudumbashreebazaar.com എന്ന പേരിൽ ഒരു ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തിച്ചുവരുന്നു. ഈ പോർട്ടലിൽ 1097 ഉൽപ്പന്നങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴിയുള്ള വിപണനത്തിന് കൂടുതൽ പ്രചാരം നൽകും. ഇതുകൂടാതെ ലോകത്തിലെ സുപ്രധാനമായ ഇ-കൊമേഴ്സ് പോർട്ടലുകളായ ആമസോണിലും ഫ്ലിപ്കാർട്ടിലും യഥാക്രമം 632, 40 കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ലിസ്റ്റ് ചെയ്യാനും ഇതുവഴിയുള്ള വിപണനത്തിന് കൂടുതൽ പ്രചാരം കൊടുക്കാനും അതുവഴി കൂടുതൽ ഓൺലൈൻ ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കും.

## ലഹരിമുക്ത കേരളം

8 (*8) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി ലഹരിമാഫിയയെ തുടച്ചുനീക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച അതിശക്തമായ നടപടികൾ തുടരുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിമുക്തി മിഷന്റെ ഭാഗമായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും നടപ്പിലാക്കുന്നതോടൊപ്പം, എക്സൈസ് വകുപ്പ് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ കടത്ത് തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. അബ്കാരി, എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടെടുക്കുന്നതിന് പോലീസ്, ഫോറസ്റ്റ് എന്നീ എൻഫോഴ്സ്മെന്റ് ചുമതലയുള്ള വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തുന്നതിനോടൊപ്പം, അതിർത്തി ചെക്ക്പോസ്റ്റുകളിൽ മറ്റ് സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വകുപ്പുകളുമായി ചേർന്ന് 24 മണിക്കൂറും പരിശോധന നടത്തിവരുന്നുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിച്ച് ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ/താലൂക്ക് ആസ്ഥാനങ്ങളിലും

സംസ്ഥാന എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യം, മയക്കുമരുന്ന് മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ കടത്ത് തടയുന്നതിനായി എക്സൈസ് കമ്മീഷണർ നേരിട്ട് മേൽനോട്ടം വഹിക്കുന്ന സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും ഹൈവെ പട്രോളിംഗ് നടത്തിവരുന്നതോടൊപ്പം തീരദേശ മേഖലകളിൽ തീരദേശ പോലീസുമായി ചേർന്ന് സംയുക്ത പട്രോളിംഗും നടത്തിവരുന്നുണ്ട്. അബ്കാരി, എൻ.ഡി.പി.എസ്. കേസ്സുകളുടെ അന്വേഷണം കാര്യക്ഷമമായി നടത്തുന്നതിന്, പുതുതായി എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിച്ച് ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഗൗരവമേറിയ കേസ്സുകളുടെ അന്വേഷണം കുറ്റമറ്റരീതിയിൽ നടത്തിവരുന്നു. പ്രാദേശിക തലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജനപ്രതിനിധികൾ അദ്ധ്യക്ഷന്മാരായി സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) യുവജനങ്ങൾക്കിടയിൽ ലഹരിവിരുദ്ധ ബോധവൽക്കരണം വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

യുവജനങ്ങൾക്കിടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണം വിപുലമാക്കുന്നതിന് ലഹരിക്കെതിരെയുള്ള സന്ദേശം നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതാണ്. സ്കൂൾ, കോളേജ് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാകാൻ സാധ്യതയുള്ള അനഭിലഷണീയ പ്രവണതകളിൽനിന്നും അവരെ പിൻതിരിപ്പിക്കുന്നതിന് അവരുടെ ശ്രദ്ധ കലാകായിക പ്രവർത്തനങ്ങളിലേയ്ക്ക് വഴിതിരിച്ചുവിടുന്നത് ലക്ഷ്യമിട്ട് 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി തിരുവനന്തപുരത്തെ ഏതാനും സ്കൂളുകളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കോളേജ് ക്യാമ്പസുകളിലും ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്കിടയിലെ അനഭിലഷണീയ പ്രവണതകൾ നിയന്ത്രിക്കുന്നതിന് 'നേർക്കൂട്ടം', 'ശ്രദ്ധ' എന്നീ പേരുകളിൽ ഓരോ കമ്മിറ്റികൾ രൂപീകരിച്ച് അദ്ധ്യാപകർ, രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന കമ്മിറ്റികളുടെ സഹായത്തോടെ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള അതിശക്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(സി) ലഹരിവേട്ടയ്ക്കായി രൂപം നൽകിയ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## കോവിഡ് വാക്സിന്റെ ലഭ്യത

9 (*9) ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. എം. എം. മണി:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മുതൽ പതിനെട്ട് വയസ്സിനുമേൽ പ്രായമുള്ള എല്ലാവർക്കും കോവിഡ് വാക്സിൻ നൽകുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എത്ര ഡോസ് വാക്സിൻ അനുവദിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്; അതിൽ എത്ര ഡോസ് വാക്സിൻ ലഭ്യമായിട്ടുണ്ട്?

(ബി) 18 വയസ് മുതൽ 45 വയസ് വരെയുള്ളവർക്ക് 2021 മേയ് മാസം മുതൽ വാക്സിനേഷൻ ആരംഭിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. എന്നാൽ ഈ വിഭാഗത്തിന് വാക്സിൻ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. കേന്ദ്രസർക്കാരിന്റെ Liberalised pricing and Accelerated National Covid-19 Vaccine Strategy പ്രകാരം ഓരോ സംസ്ഥാനങ്ങൾക്കും 18-45 വയസ്സ് വരെയുള്ളവർക്ക് ലഭ്യമാക്കാവുന്ന വാക്സിന്റെ വിശദാംശങ്ങൾ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ അറിയിക്കുന്നു. ഈ വാക്സിൻ സംസ്ഥാന സർക്കാരാണ് വാക്സിൻ കമ്പനികളിൽനിന്ന് വാങ്ങേണ്ടതും ഉപയോഗിക്കേണ്ടതും. 18 മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കമ്പനികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ ഇതുവരെ (1-6-2021) 884290 ഡോസുകൾ ലഭിച്ചു.

(ബി) 45 വയസ്സിനുമേൽ പ്രായമുള്ള എല്ലാവർക്കും വാക്സിൻ നൽകുന്നതിനായി എത്ര ഡോസ് വാക്സിനാണ് സംസ്ഥാനം ആവശ്യപ്പെട്ടത്; അതിൽ എത്ര ഡോസ് വാക്സിൻ ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ;

&

(സി) സംസ്ഥാനത്തിന് ആവശ്യമായ കോവിഡ് വാക്സിൻ കേന്ദ്രസർക്കാർ അനുവദിക്കാത്തത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ പര്യാപ്തമായ തോതിൽ വാക്സിൻ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ?

45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചെങ്കിലും വളരെവേഗം ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിക്കുകയുണ്ടായി. 1-06-2021 വരെ കേന്ദ്രം 9127170 ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേദിവസം വരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും കത്തുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കോവിഡും ഫംഗസ് ബാധയും തടയുന്നതിനുള്ള നടപടികൾ

10 (*10) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗബാധയെ തുടർന്നും അല്ലാതെയുമുള്ള വിവിധ ഫംഗസ് ബാധകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ബ്ലാക്ക് ഫംഗസ് (മ്യൂക്കർ മൈക്കോസിസ്) എന്ന രോഗബാധ സംസ്ഥാനത്ത് ഇതുവരെ (31-05-2021) കോവിഡ് ബാധിതരായ 57 പേരിലും കോവിഡ് ബാധിതരല്ലാത്ത 6 പേരിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോവിഡ് ബാധിതരായ 57 പേരിൽ 4 പേരും കോവിഡ് ബാധിതരല്ലാത്ത 6 പേരിൽ 2 പേരും തമിഴ്നാട്ടുകാരാണ്.

(ബി) ഗുരുതരമായ ഈ രോഗബാധ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കോവിഡ് പോസിറ്റീവായ രോഗികളിലോ കോവിഡ് രോഗം ഭേദമായ പോസ്റ്റ് കോവിഡ് രോഗികളിലോ, പ്രത്യേകിച്ച് രോഗപ്രതിരോധശേഷി കുറവായ (High risk) രോഗികളിൽ (അനിയന്ത്രിതമായ പ്രമേഹം, സ്റ്റിറോയ്ഡുകൾ സ്ഥിരമായി ഉപയോഗിക്കുന്നവർ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ സ്വീകരിക്കുന്നവർ, കാൻസർ ബാധിതർ, അവയവദാനം സ്വീകരിച്ചവർ മുതലായവർ) ആണ് മ്യൂക്കർ മൈക്കോസിസ് എന്ന രോഗം പിടിപെടാൻ സാധ്യത കൂടുതലുള്ളത്. ഇത്തരം രോഗികളിൽ കോവിഡ് പോസിറ്റീവ് ആയ ഉടനെയോ കോവിഡ് രോഗം ഭേദമായി ആഴ്ചകൾക്കോ മാസങ്ങൾക്കോ ശേഷമോ മ്യൂക്കർ മൈക്കോസിസ് രോഗലക്ഷണങ്ങൾ കാണാൻ സാധ്യതയുണ്ട്. 5 തരത്തിലുള്ള മ്യൂക്കർ മൈക്കോസിസ് രോഗബാധയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം 5 അവസ്ഥയിലുള്ള രോഗലക്ഷണങ്ങളും അവ ചികിത്സിക്കേണ്ട രീതികളും പ്രതിപാദിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 16-05-2021-ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് മുൻനിർത്തിയുള്ള നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ ആശുപത്രികളിൽനിന്നും വീടുകളിൽനിന്നും ഫംഗസ് രോഗം പിടിപെടാനിടയുള്ള മറ്റ് സാഹചര്യങ്ങളെപ്പറ്റിയും പൊതുജനങ്ങളെയും ജീവനക്കാരെയും ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ആയതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് 27-5-2021-ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) രാജ്യത്ത് ഏറ്റവും ഫലപ്രദവും അത്യാധുനിക ചികിത്സാ സംവിധാനവുമുള്ള സംസ്ഥാനമെന്ന് അവകാശപ്പെടുമ്പോഴും ഇതര രോഗബാധിതർ ഉൾപ്പെടെയുള്ളവരുടെ മരണനിരക്ക് തടയുന്നതിനോ കുറച്ചുകൊണ്ടുവരുന്നതിനോ കഴിഞ്ഞിട്ടില്ല എന്നത് ഗൗരവമായി പരിശോധിക്കുമോ?

കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കോവിഡ് ബാധിതരായ ആളുകളെ എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനും അവരെ ക്വാറന്റൈനിൽ താമസിപ്പിക്കുന്നതിനും ആവശ്യമുള്ളവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്നതിനും സമ്പർക്കവിലക്ക് ഉറപ്പാക്കുന്നതിനും ആരോഗ്യ വകുപ്പിനുപുറമേ പോലീസ്, സാമൂഹ്യനീതി വകുപ്പ്, അങ്കണവാടി/ആശാവർക്കർമാർ, പഞ്ചായത്ത് വകുപ്പ്, വോളണ്ടിയർമാർ എന്നിവരുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. കോവിഡ് കാലത്ത് ആശുപത്രിയിൽ പോകാതെ വീട്ടിൽ ചികിത്സ ഉറപ്പാക്കുന്നതിനായി ഇ-സഞ്ജീവനി ടെലി മെഡിസിൻ പ്ലാറ്റ്ഫോം ആരംഭിച്ചു. സാംക്രമികേതര രോഗങ്ങൾ ഉള്ളവർക്ക് വീടുകളിൽ മരുന്ന് എത്തിച്ച് നൽകുന്നതിനും മാനസിക പിന്തുണ ലഭ്യമാക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് കോവിഡ് ആശുപത്രികൾക്ക് അധിക മാനവ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. കോവിഡ് ആശുപത്രികളിലെ ഓക്സിജൻ ഉല്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ആശുപത്രികളിൽ കൂടുതൽ ഐ.സി.യു. കിടക്കകളും വെന്റിലേറ്റർ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള കോവിഡ് കെയർ സെന്ററുകളുടെ എണ്ണവും സെന്ററുകളിലെ കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. വീട്ടിൽ ക്വാറന്റൈൻ സൗകര്യമില്ലാത്തതും രോഗലക്ഷണമില്ലാത്തതുമായ രോഗികളുടെ ചികിത്സക്കായി ഡൊമിസിലറി കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തീവ്രതയില്ലാത്ത രോഗലക്ഷണങ്ങളുള്ള (കാറ്റഗറി-എ) രോഗികളുടെ ചികിത്സയ്ക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CFLTC) കുറച്ചുകൂടി തീവ്രലക്ഷണങ്ങളുള്ള (കാറ്റഗറി- ബി) രോഗികളുടെ ചികിത്സക്കായി കോവിഡ് സെക്കൻഡ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CSLTC) സജ്ജമാക്കിയിട്ടുണ്ട്. 2-6-2021 വരെ സംസ്ഥാനത്ത് 154 CFLTC-കളും 95 CSLTC-കളും 778 ഡൊമിസിലറി കെയർ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കോവിഡ് രോഗനിർണ്ണയം പെട്ടെന്നുതന്നെ സാധ്യമാക്കുന്നതിനായി കോവിഡ് പരിശോധനാ സൗകര്യങ്ങൾ

സജ്ജീകരിക്കുകയും ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും RTPCR റേറ്റ് 500 രൂപയായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിന് മുകളിൽ ദിനംപ്രതി പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തി (KASP) പ്രൈവറ്റ് ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 2020 ഒക്ടോബറിൽതന്നെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് സംസ്ഥാനത്തെ PHC/CHC/FHC-കളിലും THQ/DH/GH&MCH-കളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചു. കോവിഡ് ബാധിച്ച വ്യക്തികൾക്ക് രോഗത്തിൽനിന്നും മുക്തി നേടിയശേഷം കാണപ്പെടുന്ന മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾക്കും മറ്റ് കോവിഡാനന്തര അസുഖങ്ങൾക്കും ചികിത്സ ലഭ്യമാക്കുന്നതിനാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചത്. ഇത്തരത്തിൽ കോവിഡാനന്തര രോഗങ്ങളെ ചികിത്സിക്കുന്നതിന് സമയബന്ധിതമായി സർക്കാർ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തെ മരണനിരക്ക് കുറയ്ക്കാൻ സഹായകരമായിട്ടുണ്ട്. 28-05-2021 വരെ സംസ്ഥാനത്ത് 1183 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെയും ഇവിടങ്ങളിൽ ചികിത്സ ലഭിച്ച രോഗികളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ഇത്തരം പ്രവർത്തനങ്ങളിലൂടെ കോവിഡ് വ്യാപനവും മരണനിരക്കും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് ബാധിതരുടെ മരണനിരക്ക് (CFR) കേരളത്തിൽ 0.34% ആണ്. ഇന്ത്യയിൽ 1.17% ആണ്. CFR നിലവിലുള്ള സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ മരണനിരക്ക് രേഖപ്പെടുത്തുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയത് ഇത്തരം ഊർജ്ജിതമായ പ്രവർത്തനങ്ങൾ ആരംഭത്തിൽത്തന്നെ നടപ്പിലാക്കിയതുമൂലമാണ്. സംസ്ഥാനതലത്തിൽ വിദഗ്ദ്ധരുൾപ്പെടുന്ന ഡെത്ത് ഓഡിറ്റ് കമ്മിറ്റി ആഴ്ചതോറും യോഗം ചേർന്ന് കോവിഡുമൂലവും കോവിഡ് ഇതര രോഗംമൂലവും മരണമടയുന്നവരുടെ വിശദവിവരം പരിശോധിച്ച് ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടെത്തി ജില്ലകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകിവരുന്നുണ്ട്. റിവേഴ്സ് ക്വാറന്റൈൻ ശക്തിപ്പെടുത്തുകയും കിടപ്പുരോഗികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നിർദ്ദേശവും യഥാസമയം നൽകിവരുന്നുണ്ട്. രോഗസാധ്യത കൂടിയ ഗർഭിണികൾ, കുട്ടികൾ, 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, ദീർഘകാല രോഗങ്ങൾക്ക് ചികിത്സയെടുക്കുന്നവർ എന്നിവർക്ക് ആവശ്യമായ മരുന്നുകളും മറ്റ് സാധന സാമഗ്രികളും അവരുടെ വീടുകളിൽ എത്തിക്കാൻ ആവശ്യമായ RRT സംവിധാനവും ഇതര വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

11 (*11) ശ്രീ. എ. രാജ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രോഗവ്യാപനം രൂക്ഷമായതിനെത്തുടർന്ന് സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കോവിഡ് പരിശോധനയ്ക്കും ചികിത്സയ്ക്കും പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങളും നൂതന സജ്ജീകരണങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വീടുകളിൽ ക്വാറന്റൈൻ സൗകര്യമില്ലാത്ത, രോഗലക്ഷണമില്ലാത്ത രോഗികളുടെ ചികിത്സയ്ക്കായി ഡൊമിസിലറി കെയർ സെന്ററുകളും (DCC) തീവ്രതയില്ലാത്ത രോഗലക്ഷണങ്ങളുള്ള (കാറ്റഗറി-എ) രോഗികളുടെ ചികിത്സക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CFLTC) കുറച്ചുകൂടി തീവ്രരോഗലക്ഷണങ്ങളുള്ള (കാറ്റഗറി-ബി) രോഗികളുടെ ചികിത്സയ്ക്കായി കോവിഡ് സെക്കൻഡ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CSLTC) തീവ്രരോഗബാധയുള്ളവരെ ചികിത്സിക്കുന്നതിനായി കോവിഡ് ആശുപത്രികളും സജ്ജീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ NIV പൂനെയിലാണ് സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിരുന്നത്. എന്നാൽ നിലവിൽ സംസ്ഥാനങ്ങൾക്ക് മൊബൈൽ ടെസ്റ്റിംഗ് ലാബുകളുൾപ്പെടെ കോവിഡ് പരിശോധനയ്ക്കായി 2667 ലാബുകൾ സർക്കാർ/സ്വകാര്യ മേഖലകളിലായി ഒരുക്കിയിട്ടുണ്ട്. RTPCR ടെസ്റ്റിന്റെ നിരക്ക് 500 രൂപയായി കുറച്ചിട്ടുണ്ട്. ആകെയുള്ള 2667 ലാബുകളിൽ 2465 സ്ഥാപനങ്ങളിൽ ആന്റിജൻ പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എയർപോർട്ടിലും സംസ്ഥാന അതിർത്തികളിലും മൊബൈൽ ടെസ്റ്റിംഗ് സംവിധാനമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2-6-2021-ലെ കണക്ക് പ്രകാരം 778 DCC-കൾ, 154 CFLTC-കൾ, 95 CSLTC-കൾ പ്രവർത്തിച്ചു വരുന്നു. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികൾ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സ്വകാര്യ മേഖലയിലെ ആശുപത്രികളുടെ സഹകരണം ഉറപ്പാക്കി. ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ഐ.സി.യു. സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തി. ഓക്സിജന്റെ ആവശ്യകത കൂടുന്നതിനാൽ അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ്ലൈനുകൾ എന്നിവ സജ്ജീകരിക്കുകയും ഓക്സിജൻ സിലിണ്ടറുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഓക്സിജൻ ഉപയോഗം,

സ്റ്റോക്ക് സ്ഥിതി, ആവശ്യകത എന്നിവ ജില്ലാ/സംസ്ഥാനതല വാർ റൂമുകൾ വഴി നിരന്തരം മോണിറ്റർ ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. കോവിഡ് ചികിത്സയ്ക്ക് ആവശ്യമായ വിവധതരം മരുന്നുകളും ഉപകരണങ്ങളും മുടക്കം കൂടാതെ ലഭ്യമാക്കുന്നതിന് KMSCL മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ സങ്കീർണ്ണതയായി കണ്ടുവരുന്ന മ്യൂക്കർ മൈക്കോസിസിന്റെ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളും മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളും റഫറൽ ക്ലിനിക്കുകളും സജ്ജീകരിക്കുകയും കോവിഡ് ബാധയ്ക്ക് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു. 28-05-2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 1183 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. വൈറസിന്റെ ജനിതകഭേദം അറിയുന്നതിനായി RTPCR പോസിറ്റീവ് സാമ്പിളുകൾ NIV-പൂനെ, IGIB-ഡൽഹി, RGCB-തിരുവനന്തപുരം എന്നിവിടങ്ങളിൽ അയയ്ക്കുന്നു. കോവിഡ് വാക്സിനുകൾ പരമാവധി ആളുകളിൽ എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നു.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിൽ പുതിയതായി കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 968 താൽക്കാലിക ഡോക്ടർമാരെ നിയമിച്ചു. എൻ.എച്ച്.എം.-ന്റെ അപ്രൂവൽ ലഭിച്ച ഒൻപതിനായിരത്തി അഞ്ഞൂറിൽപ്പരം ജീവനക്കാരും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. ഇതിനുപരി നാളിതുവരെ (02-06-2021) കോവിഡ് പ്രതിരോധത്തിനായി 18365 പേരെ വിവിധ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കോവിഡ് മരണനിരക്ക് ദേശീയതലത്തിൽ 1.15 ശതമാനമായി ഉയർന്നപ്പോൾ കേരളത്തിൽ ആയത് 0.36 ശതമാനം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ക്വാറന്റൈൻ, റിവേഴ്സ് ക്വാറന്റൈൻ എന്നിവയുടെ ഫലപ്രദമായ നടപ്പാക്കൽ, കോവിഡ് ചികിത്സയ്ക്കായി DCC, CFLTC, CSLTC എന്നിവ സജ്ജീകരിക്കൽ, മരുന്നുകൾ, ഓക്സിജൻ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തൽ, വാക്സിൻ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, മറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സങ്കീർണ്ണമായ രോഗങ്ങളുള്ളവർക്ക് ആവശ്യമായ ചികിത്സ ഉറപ്പുവരുത്തുക, കോവിഡ് രോഗികൾക്കായി ഓൺലൈൻ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾവഴി കോവിഡ് വ്യാപനവും മരണനിരക്കും ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. കോവിഡ് രോഗബാധമൂലമാണ് മരണമെന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റ് രോഗങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യ വകുപ്പ് തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽനിന്നും ചെറുപ്പക്കാരിലെ മരണനിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലുമുള്ള വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണനിരക്കിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഐ.ടി. അധിഷ്ഠിത സേവന മേഖലയുടെ സാധ്യത

12 (*12) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന ഐ.ടി. അധിഷ്ഠിത സേവന മേഖലയിലെ വളർച്ചാ സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഐ.ടി. അധിഷ്ഠിത സേവന മേഖലയിലെ സാധ്യത പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കുമോ?

ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, പരിസ്ഥിതി, വിനോദം തുടങ്ങി വിവിധ രംഗങ്ങളിലെ ഐ.ടി. അധിഷ്ഠിത സ്ഥാപനങ്ങൾ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ആരംഭിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി രൂപീകരിച്ച SPV ആയ KSITIL എന്ന കമ്പനി കിഫ്ബിയുമായി സഹകരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിവരുന്നു. മുൻ സർക്കാരിന്റെ കാലത്ത് 3 ഐ.ടി. പാർക്കുകളിൽ വിസ്തീർണ്ണത്തിൽ 2.48 ലക്ഷം ചതുരശ്ര

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിയുടെ വർദ്ധനവുണ്ടായി. ടെക്നോപാർക്കിലും ഇൻഫോപാർക്കിലും യഥാക്രമം 450-ഉം 425-ഉം IT/ITES കമ്പനികൾ സ്ഥാപിച്ചിട്ടുണ്ട്. അവയിലൂടെ 1.2 ലക്ഷം പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭിക്കും. 2016-21 കാലയളവിൽ ഇൻഫോപാർക്കിൽ 23000-വും ടെക്നോപാർക്കിൽ 11000-വും സൈബർപാർക്കിൽ 855-വും പേർക്ക് തൊഴിലവസരമുണ്ടായി. കോവിഡ് സാഹചര്യത്തെ തുടർന്നുണ്ടായ പ്രതിസന്ധി നേരിടാൻ ഐ.ടി. കമ്പനികൾക്ക് 3 മാസത്തെ വാടക ഇളവും വാർഷിക വാടക വർദ്ധനവിൽ ഒരു വർഷത്തെ ഇളവും നൽകി. ഈ കാലയളവിൽ നിക്ഷേപം നടത്താൻ സന്നദ്ധമായി മുന്നോട്ടുവന്ന കമ്പനികൾക്ക് ആദ്യത്തെ 3 മാസംവരെ വാടക ഇളവുനൽകി. ഇതിലൂടെ 2020 മാർച്ച് മാസത്തിനുശേഷം അടച്ചുപൂട്ടലിന്റെ വക്കിലെത്തിയ പല കമ്പനികളെയും നിലനിർത്താൻ കഴിഞ്ഞതിനൊപ്പം പുതിയ 70-ഓളം ഐ.ടി. കമ്പനികൾക്ക് പ്രവർത്തനം തുടങ്ങാനും അതിലൂടെ 3600-ൽപ്പരം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പുതിയതായി സ്ഥാപിച്ച ഡിജിറ്റൽ സർവ്വകലാശാലയിൽ അതിനൂതന വിവരസാങ്കേതികവിദ്യ അടിസ്ഥാന മാക്കിയുള്ള ബിരുദാനന്തര വിദ്യാഭ്യാസവും ഗവേഷണ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. അന്തർദ്ദേശീയ നിലവാരത്തിലുള്ള പഠന സൗകര്യം ഇവിടെ ലഭ്യമാകും. പുത്തൻ സാങ്കേതിക മേഖലകളായ റോബോട്ടിക്സ്, ക്ലൗഡ്, ബിഗ്ഡാറ്റാ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഐ.ഒ.ടി., വെർച്ചൽ റിയാലിറ്റി, ആഗ്മെന്റഡ് റിയാലിറ്റി എന്നിവയിൽ നൈപുണ്യവും അറിവും റിസോഴ്സ് ബേസും ഒരുക്കുന്നതിലൂടെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ ഗണ്യമായ വളർച്ച കൈവരിക്കാൻ കഴിയും. വിവധ സ്ഥലങ്ങളിൽ നിർദ്ദിഷ്ട വ്യവസായ ക്ലസ്റ്ററുകളിൽ മികവിന്റെ കേന്ദ്രങ്ങൾ, വ്യവസായ-അക്കാഡമിക്ക് ലിങ്കേജുകൾ തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ കേരളത്തിലെ ഐ.ടി. സേവന കമ്പനികൾക്കും പ്രയോജനം ലഭിക്കും. ഇന്നവേഷൻ ഇൻ ഗവേണൻസ് ആശയത്തിന് ഊന്നൽ നൽകുന്നതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരം നൽകുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഐ.ടി. അധിഷ്ഠിത സേവന മേഖലകളുമായി ബന്ധപ്പെട്ട് സ്റ്റാർട്ടപ്പുകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

സർക്കാർ സേവനങ്ങൾ ഐ.ടി. അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് സ്റ്റാർട്ടപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന സർക്കാർ നടപ്പിലാക്കിവരുന്നു.

1. ഡയറക്ട് പ്രൊക്യുർമെന്റ്: 20 ലക്ഷം രൂപ വരെയുള്ള ഉല്പന്നങ്ങൾ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും സ്റ്റാർട്ടപ്പുകളിൽ നിന്നും നേരിട്ട് സംഭരിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

2. ഡിമാന്റ് ഡേ (Demand Day): സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ആവശ്യങ്ങൾ സ്റ്റാർട്ടപ്പുകളെ ധരിപ്പിക്കുന്നതിനുള്ള പദ്ധതി. ഇതിലൂടെ മികച്ച പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനാകും.

3. ഡെമോ ഡേ (Demo day): സ്റ്റാർട്ടപ്പുകളുടെ ഉല്പന്നം സർക്കാർ ഏജൻസികൾ/വകുപ്പുകൾ, കോർപ്പറേറ്റുകൾ എന്നിവർക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം.

(ഡി) സർക്കാർ സേവനങ്ങൾ ഐ.ടി. അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ?

എല്ലാ വകുപ്പുകളുടെയും പ്രധാനപ്പെട്ട സേവനങ്ങൾ നിലവിൽ ഓൺലൈനിൽ ലഭ്യമാണ്. ഇവകൂടാതെ Right to Service Act പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ സേവനങ്ങളെയും ഓൺലൈൻവഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതോടൊപ്പം ആയതിനുള്ള മൊബൈൽ അപ്ലിക്കേഷനും വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പൊതുവിതരണ രംഗത്തെ നേട്ടങ്ങൾ**

13 (*13) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം രാജ്യത്തിന് തന്നെ മാതൃകയാകുന്ന തരത്തിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

രാജ്യത്തെ പൊതുവിതരണരംഗത്ത് മാറ്റങ്ങൾക്ക് തുടക്കമിട്ടുകൊണ്ട് നടപ്പാക്കിയ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം പൊതുവിതരണ ശൃംഖലയുടെ ശാക്തീകരണത്തിന്റെ ഭാഗമായി സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം, ഇ-പോസ് മെഷീൻ മുഖേന സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണംവഴി വിതരണം നടത്തിവരുന്നു. നേരിട്ട് റേഷൻ വാങ്ങാൻ പോകാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി അതേ എ.ആർ.ഡി. പരിധിയിലുള്ള മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. രാജ്യത്തുടനീളം ഒരു റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം IMPDS മുഖേന One Nation One Ration Card നടപ്പാക്കി. റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18,000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ്. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമരെ നിയോഗിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ(28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO(North)-ന്റെ പരിധിയിലുള്ള 4 റേഷൻ കടകളിൽ നടത്തി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു. കൂടാതെ മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജനം ചെയ്യുക എന്ന

ഉദ്ദേശ്യത്തോടുകൂടിയുള്ള "വിശപ്പ് രഹിത കേരളം" എന്ന പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാന (Public Grievance Redressal Portal)-ത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും അതിൻപ്രകാരം നവീകരണം പൂർത്തിയാക്കുകയും ചെയ്തു. റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്ത് ഇ-റേഷൻ കാർഡിന്റെ വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചു. സംസ്ഥാനത്തെ സർക്കാർ ധനസഹായമില്ലാത്ത മഠങ്ങൾ, ആശ്രമങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി Non Priority Institution (NPI) കാർഡുകളുടെ വിതരണം ആരംഭിച്ചു. അവകാശികളില്ലാത്തതും സ്ഥിരമായി റദ്ദ് ചെയ്തതുമായ റേഷൻകടകളുടെ പ്രവർത്തന ചുമതല സപ്ലൈകോയ്ക്ക് നൽകുന്നതിന് തുടക്കമിട്ടു. മൾട്ടിലെവൽ മാർക്കറ്റിംഗ് രജിസ്ട്രേഷനുള്ള പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചു. 1966-ലെ Kerala Rationing Order പരിഷ്കരിച്ച് Kerala Targetted Public Distribution System (Control Order) 2021 പ്രസിദ്ധീകരിച്ചു. ആധാർ സീഡിംഗ് 96% ആവുകയും One Nation One Ration Card പദ്ധതി നടപ്പാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ വായ്പ എടുക്കുന്നതിനുള്ള പരിധി റിസർവ് ബാങ്ക് ഉയർത്തി നൽകി. അതിന്റെ ഫലമായി 2020-21 സാമ്പത്തിക വർഷം 2261 കോടി രൂപ അധിക വായ്പ എടുക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി ആരംഭിച്ച സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പട്ടികവർഗ്ഗ മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്ന "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ 2018-ൽ ആരംഭിക്കുകയും തുടർന്ന് പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ഇതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽനിന്നും 12,52,432 രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ "വിശപ്പുരഹിത കേരളം" എന്ന പദ്ധതിക്ക് ഏതെല്ലാം ജില്ലകളിലാണ് തുടക്കമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

"വിശപ്പ് രഹിത കേരളം" പദ്ധതി 2017-ൽ ആലപ്പുഴ ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽക്കൂടി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കും.

**വനിത-ശിശു ക്ഷേമ പദ്ധതികൾ**

14 (*14) ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി സംസ്ഥാനത്ത് നിലവിലുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി സംസ്ഥാനത്ത് നിലവിലുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംയോജിത ശിശു വികസന പദ്ധതി
2. നാഷണൽ ക്രഷ് സ്കീം
3. കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതികൾ (SAG)
4. പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY)
5. സൈക്കോ സോഷ്യൽ സർവ്വീസസ്
6. ആദ്യ 1000 ദിന പരിപാടി
7. നാഷണൽ ന്യൂട്രീഷ്യൻ മിഷൻ (NNM).

വനിതകൾക്കായുള്ള പദ്ധതികൾ:

1. അഭയ കിരണം
2. മംഗല്യ
3. സഹായഹസ്തം

4. പടവുകൾ

5. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

6. അതിജീവിക

7. പൊൻവാക്ക്

8. കാതോർത്ത് പദ്ധതി

9. രക്ഷാദൂത്

10. വൺ സ്റ്റോപ്പ് സെന്റർ

11. സ്വയം തൊഴിൽ വായ്പാ പദ്ധതി

12. മിത്ര 181

13. ഷീ പാഡ് പദ്ധതി

14. വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലനം

15. വനമിത്ര (ആദിവാസി വനിതാ വികസന പദ്ധതി)

16. വനമിത്ര കേന്ദ്രം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

17. ബോധ്യം - പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി

18. ആർത്തവ ശുചിത്വ അവബോധ പരിപാടി

19. സേഫ് സ്റ്റേ

20. വിമൻ സെൽ.

ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്കുള്ള പദ്ധതികൾ (സംയോജിത ശിശു സംരക്ഷണ പദ്ധതി):

1. ദത്തെടുക്കൽ,

2. സ്പോൺസർഷിപ്പ്,

3. ഫോസ്റ്റർ കെയർ,

4. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC),

5. കാവൽ,
6. സനാഥബാല്യം (പോറ്റി വളർത്തൽ),
7. വിജ്ഞാനദീപ്തി,
8. ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ,
9. ആഫ്റ്റർ കെയർ,
10. കാവൽ പ്ലസ്സ്- ശരണബാല്യം,
11. ബാലനിധി.

<u>ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന കുട്ടികൾക്കുള്ള പദ്ധതികൾ</u>:

1. ആശ്വാസനിധി, 2. ലൈഗികാതിക്രമം അതിജീവിച്ച കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി.

ഇവ കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>സ്നേഹപൂർവ്വം പദ്ധതി</u>: മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ മരണമടഞ്ഞ നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ പ്രവേശിപ്പിക്കാതെ അവരെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ, സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി.
2. <u>താലോലം പദ്ധതി</u>: 18 വയസ്സുവരെ പ്രായമുള്ള മാരകരോഗ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതിയാണ് താലോലം.
3. <u>ക്യാൻസർ സുരക്ഷാ പദ്ധതി</u>: 18 വയസ്സുവരെ പ്രായമുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്.
4. <u>ശ്രുതിതരംഗം പദ്ധതി</u>: സംസ്ഥാനത്തെ 5 വയസ്സുവരെ പ്രായമുള്ള കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകുന്ന പദ്ധതിയാണിത്.

5. <u>മിഠായി പദ്ധതി</u>: സാമൂഹ്യ നീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻവഴി ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹ്യാധിഷ്ഠിത പദ്ധതിയാണ് മിഠായി.

6. <u>സ്നേഹസ്പർശം പദ്ധതി</u>: ചൂഷണത്തിന് വിധേയരായി അവിവാഹിതാവസ്ഥയിൽ അമ്മമാരാകുന്ന സ്ത്രീകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടിയാണ് സർക്കാർ കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന സ്നേഹസ്പർശം പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി) സംസ്ഥാനത്തെ പൂർണ്ണമായും ബാലസൗഹൃദമാക്കി മാറ്റുന്നതിനും കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ബാലനിധി പദ്ധതിയുടെ വിശദാംശം നൽകുമോ?

2015 ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമ പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനുവേണ്ടി 1-11-2017-ലെ 730/2017/സാനീവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ബാലനിധി രൂപീകരിച്ചു. ടി പദ്ധതിയുടെ ഭാഗമായി എല്ലാ വർഷവും 10,00,000 (പത്ത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചുവരുന്നു. സംരക്ഷണവും കരുതലും ആവശ്യമായിവരുന്ന നിരവധി കുട്ടികൾ നമുക്കിടയിലുണ്ട്. അവരെ സഹായിക്കാനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനും സർക്കാർ നിരവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇവ നടപ്പിലാക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ പലപ്പോഴും വിലങ്ങുതടിയാകാറുണ്ട്. ഇത് മറികടക്കാൻ സുമനസ്സുകളുടെ സഹായം സ്വീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും ബാലനിധി എന്ന പേരിൽ ഒരു അക്കൗണ്ട് തുടങ്ങുകയുമുണ്ടായി. പ്രസ്തുത അക്കൗണ്ട് കൂടുതൽ പ്രചരിപ്പിക്കാനും ഓൺലൈനായി സംഭാവനകൾ സ്വീകരിക്കാനുമായി ബാലനിധി എന്ന പേരിൽ ഒരു പോർട്ടൽ തയ്യാറാക്കുകയും SBI-യുമായി സഹകരിച്ച് ട്രാൻസാക്ഷൻ ഫീ ഒഴിവാക്കി പേയ്മെന്റ് ഇന്റഗ്രേഷൻ സാധ്യമാക്കിയിട്ടുണ്ട്. ഇൻവിസി മൾട്ടി മീഡിയ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സാമൂഹ്യ പ്രതിബദ്ധതാ ഉദ്യമം (CSR) പ്രകാരമാണ് പ്രസ്തുത പോർട്ടൽ തയ്യാറാക്കിയിട്ടുള്ളത്. സെക്യൂരിറ്റി ഓഡിറ്റ് സർട്ടിഫിക്കേഷൻ നടപടികൾ കേരള ഐ.റ്റി. മിഷന്റെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. ഓൺലൈനായി സംഭാവനകൾ സ്വീകരിക്കാനുള്ള പ്രവൃത്തികൾ പൂർത്തിയായി പോർട്ടൽ പൊതുജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബാലനിധി പോർട്ടൽവഴി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സഹായിക്കുന്നതിനായി കൂടുതൽ ധനശേഖരണം നടത്തുന്നതിനും കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷ എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും അതിലൂടെ മികച്ച ശിശുസംരക്ഷണ സംവിധാനം രൂപപ്പെടുത്തുന്നതിനും സാധിക്കും.

(സി) അശരണരായ വിധവകൾക്കായി നടപ്പാക്കിവരുന്ന അഭയകിരണം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന അഭയകിരണം പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്തതും അഭയസ്ഥാനമില്ലാതെ കഴിയുന്നതുമായ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷമായവർ എന്നിവരുടെ ജീവിതം മെച്ചപ്പെടുത്തുക, അവരുടെ സംരക്ഷണം ഉറപ്പു വരുത്തുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഈ വിഭാഗക്കാരെ സംരക്ഷിക്കുന്ന ബന്ധുവിന് പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം, വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല, സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവരാകരുത്, പ്രായപൂർത്തിയായ മക്കൾ ഉള്ളവരാകരുത്, താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടോ സൗകര്യമോ ഉള്ളവരാകരുത്, ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയായി കഴിയുന്നവരാകരുത്, വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനോ വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റു ധനസഹായമോ ലഭിക്കുന്നവരാകരുത്.

**വിദേശത്ത് പോകുന്നവർക്കുള്ള കോവിഡ് വാക്സിനേഷൻ**

15 (*15) ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യു.എ.ഇ. ഉൾപ്പെടെയുള്ള പല വിദേശരാജ്യങ്ങളിലും പ്രവേശിക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കിയിരിക്കുന്നതിനാൽ കേരളത്തിൽനിന്നും ജോലി സംബന്ധമായി വിദേശത്തുപോകുന്ന പ്രവാസികൾക്കും വിദേശ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കും വാക്സിനേഷന് മുൻഗണന നൽകിയിട്ടുണ്ടെങ്കിലും പ്രായോഗികമായി നടപ്പിലാക്കുന്നതിൽ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രവാസികളുടെ വാക്സിനേഷൻ സുഗമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. വാക്സിനേഷൻ എടുത്ത വിദേശത്ത് പോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും രണ്ടാമത്തെ ഡോസ് 4 മുതൽ 6 ആഴ്ചയ്ക്കകം എടുക്കാവുന്നതാണ്.

2. പാസ്പോർട്ട് നമ്പർ അടങ്ങുന്ന വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

3. അർഹരായിട്ടുള്ളവർക്ക് വാക്സിനേഷൻ നൽകുന്നതിന് ജില്ലകളിലെ ഉദ്യോഗസ്ഥർ അപേക്ഷകരുടെ നിലവിലുള്ള വിസ, വിദ്യാർത്ഥികളുടെ അഡ്മിഷൻ വിവരങ്ങൾ അടങ്ങുന്ന രേഖകൾ, വർക്ക് പെർമിറ്റ് അല്ലെങ്കിൽ ജോബ് കൺഫർമേഷൻ രേഖകൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി https://covid19.kerala.gov.in/vaccine/ എന്ന വെബ് ലിങ്ക് ആരംഭിച്ചിട്ടുണ്ട്. അത് ഉപയോഗിച്ച് വാക്സിനേഷന് രജിസ്റ്റർ ചെയ്യാവുന്നതും വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഇന്ത്യയിൽ നൽകിവരുന്ന വാക്സിനുകൾ അന്താരാഷ്ട്ര തലത്തിൽ മനസ്സിലാക്കുന്നതിനായി സർട്ടിഫിക്കറ്റിൽ ഉൽപ്പാദക കമ്പനിയുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന QR code കൂടി ടി സർട്ടിഫിക്കറ്റിൽ ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും priority vaccination-നുവേണ്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും ഒരു ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് provisional സർട്ടിഫിക്കറ്റും രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് final certificate-ഉം download ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. നിലവിൽ വാക്സിൻ സ്വീകരിച്ചുകഴിഞ്ഞവർക്കും ഈ വെബ് ലിങ്കിലൂടെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. ജില്ലാതലത്തിൽ അപേക്ഷ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പോർട്ടൽവഴിതന്നെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാക്സിൻ നൽകിയശേഷം e-Health പോർട്ടലിൽ വാക്സിൻ കേന്ദ്രങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുമ്പോൾത്തന്നെ മേൽ സർട്ടിഫിക്കറ്റുകൾ സിസ്റ്റത്തിൽ automatic ആയി ലഭിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ പ്രവാസികൾക്കും വിദ്യാർത്ഥികൾക്കും സുഗമമായ അന്താരാഷ്ട്ര യാത്ര ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഏറ്റവും കൂടുതൽ വിദേശ മലയാളികളുള്ള മലപ്പുറം ജില്ലയിൽ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് വാക്സിനേഷൻ നൽകുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

&

(ഡി) ഈ വിഭാഗത്തിൽപ്പെടുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കൂടുതൽ വാക്സിനേഷൻ സെന്റർ ആരംഭിക്കുന്നതിനും കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ 115 ആരോഗ്യ സ്ഥാപനങ്ങളിലെയും വാക്സിനേഷൻ കേന്ദ്രങ്ങളിൽ പ്രവാസികൾക്കും കോവിഡ് വാക്സിൻ ലഭ്യമാക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലെ വാക്സിൻ ലഭ്യതയനുസരിച്ച് വാക്സിനേഷൻ സെന്ററുകളിൽ വാക്സിൻ നൽകിവരുന്നു. ആവശ്യകതയനുസരിച്ച് ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ജില്ലാ ടാസ്ക് ഫോഴ്സിന് അധികാരമുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

16 (*16) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ നീതിപൂർവ്വമായ നിർവ്വഹണത്തിലൂടെ കഴിഞ്ഞ സർക്കാർ നടത്തിയ മാതൃകാപരവും പ്രശംസനീയവുമായ പ്രവർത്തനങ്ങൾ പിൻതുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷ നേരിട്ടോ ഓൺലൈനായോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ജനപ്രതിനിധികളുടെ ഓഫീസ് മുഖേനയോ തപാൽ മാർഗ്ഗത്തിലോ സമർപ്പിക്കാവുന്നതാണ്. താഴെപ്പറയുന്ന പ്രത്യേകതകൾകൂടി ഈ സംവിധാനത്തിനുണ്ട്:

1. അപേക്ഷയുടെ ഓരോ നീക്കവും അപേക്ഷകനെ അറിയിച്ചുകൊണ്ടുള്ള SMS സംവിധാനം.

2. അപേക്ഷകന് ലഭ്യമായ Docket No. (File No.) ഉപയോഗിച്ച് ഏത് സമയത്തും cmo.kerala.gov.in എന്ന website വഴി അപേക്ഷയുടെ സ്ഥിതി അറിയാനുള്ള സംവിധാനം.

3. അപേക്ഷ സമർപ്പണത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, MLA/MP, അക്ഷയ കേന്ദ്രങ്ങൾ എന്നിവർക്കായി പ്രത്യേക ലോഗിൻ സംവിധാനം.

4. പൊതുജനങ്ങൾക്ക് സ്വന്തമായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി പബ്ലിക് ലോഗിൻ സംവിധാനം.

5. അപേക്ഷകളുടെ pendency നിരീക്ഷിക്കാനായി താലൂക്ക്, കളക്ടറേറ്റ്, റവന്യൂ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നിവിടങ്ങളിൽ dashboard സംവിധാനം.

6. അപേക്ഷയിൽ ഏതെങ്കിലും രേഖകളുടെ കുറവുണ്ടായാൽ അപേക്ഷകനെ ആ വിവരം അറിയിക്കുന്നതിനായി വില്ലേജ് തലത്തിൽ SMS സംവിധാനം.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ 2011-2016 കാലത്തെയും 2016-2021 കാലത്തെയും വിനിയോഗം സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2011-16 കാലയളവിൽ ചികിൽസാ സഹായമായി 808,78,08,191 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. 2016-2021 കാലയളവിൽ ചികിത്സാ സഹായമുൾപ്പെടെ (ഓഖി, പ്രളയം, കോവിഡ്-19 തുടങ്ങിയ ദുരന്തങ്ങൾക്ക് നൽകിയ സഹായമുൾപ്പെടെ) 5712,43,36,006 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസനിധിയിൽനിന്ന് ജില്ലാ കളക്ടർക്ക് അനുവദിക്കാമായിരുന്ന തുക 2,000 രൂപയിൽനിന്ന് 10,000 രൂപയായും റവന്യൂ വകുപ്പ് മന്ത്രിക്ക് 5,000 രൂപവരെ എന്നത് 25,000 രൂപയായും മുഖ്യമന്ത്രിക്ക് അനുവദിക്കാമായിരുന്ന 1,00,000 രൂപ എന്നത് 3,00,000 രൂപയായും ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമേ റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപ അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്. ധനസഹായ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്ന്

2 ലക്ഷം രൂപയായി ഉയർത്തി. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000 രൂപ വീതം അനുവദിച്ച് നൽകുന്നതിന് ജില്ലാകളക്ടർമാർക്ക് അധികാരം നൽകി. തീപിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ പരമാവധി ഒരു ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് 20,000 രൂപയും നൽകിവരുന്നുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

തികച്ചും കാര്യക്ഷമമായ ഈ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഡോക്ടർമാർക്കായി മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ലക്ഷ്യമിടുന്നു.

**കുഴൽപ്പണക്കവർച്ച കേസ്**

17 (*17) <u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നത് ലക്ഷ്യമിട്ട് കുഴൽപ്പണം കടത്തിയ കേസിൽ ബി.ജെ.പി.-യുടെ ഉന്നത നേതാക്കളുടെ പങ്ക് കൂടുതൽ വെളിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനും തീവ്ര വർഗ്ഗീയ പ്രവർത്തനങ്ങൾക്കുമായി എത്തിച്ച കുഴൽപ്പണം കവർന്ന പ്രസ്തുത കേസ് സംബന്ധിച്ച് എന്തെല്ലാം അന്വേഷണമാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കുമോ?

ഇതുസംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 ആയി കേസ് റജിസ്റ്റർ ചെയ്തു. പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) പ്രസ്തുത കേസിൽ ഇതുവരെ ആരെയെല്ലാം ചോദ്യം ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം നേതാക്കൾക്ക് ഇതുസംബന്ധിച്ച് അന്വേഷണസംഘം നോട്ടീസ് അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കേസന്വേഷണം പുരോഗമിച്ചുവരികയാണ്. കേസിന്റെ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) രാജ്യത്തിന്റെ സാമ്പത്തികനില അസ്ഥിരപ്പെടുത്തുന്ന ഇത്തരം കുറ്റകൃത്യത്തിനെതിരെ യാതൊരു കേസും എടുക്കാത്ത ഇ.ഡി.-യുടെ ഇരട്ടത്താപ്പ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

അന്വേഷണ ഏജൻസിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി

18(*18) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശിപാർശകൾ പരിശോധിച്ച് മുന്തിയ പരിഗണന നൽകും. 25 വർഷത്തെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ നടത്തിപ്പിൽനിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ ചർച്ചകൾ നടത്തി സമഗ്രവികസനത്തിനും ക്ഷേമ പരിപാടികൾക്കും ഊന്നൽ നൽകും. വരാൻപോകുന്ന 14-ാം പഞ്ചവത്സര പദ്ധതി അത്തരത്തിലുള്ളതായിരിക്കും. അതിനായി ജനകീയാസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കും. നീർത്തടാധിഷ്ഠിത ആസൂത്രണം കാര്യക്ഷമമാക്കും. സദ്ഭരണം എല്ലാ അർത്ഥത്തിലും കാര്യക്ഷമമാക്കും. അതിദാരിദ്ര്യം ഉൻമൂലനം ചെയ്യുന്നതിനുള്ള സർക്കാർ ലക്ഷ്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കും. സ്ത്രീശാക്തീകരണത്തിനായി കുടുംബശ്രീ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കും. നഗരവൽക്കരണത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് മുൻഗണന നൽകും. മാലിന്യ സംസ്കരണം കാര്യക്ഷമമാക്കും. പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ തൊഴിൽ മേഖലയുടെ വികസനത്തിനായി നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കും. കേരളത്തിലെ എല്ലാ നഗരസഭകളും ജില്ലാ പഞ്ചായത്തുകളും ISO നിലവാരത്തിലേയ്ക്ക് ഉയർത്തി സർട്ടിഫിക്കേഷൻ ലഭ്യമാക്കും. നഗരസഭകളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി തീർപ്പാക്കുന്നതിനായുള്ള സോഫ്റ്റ്‌വെയർ കേരളത്തിലെ എല്ലാ നഗര സഭകളിലേയ്ക്കും വ്യാപിപ്പിക്കും. വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽവരുന്ന പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ 5 വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ഏകീകരണം വരുന്നതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ ഏകീകരിച്ച് ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ്.

(ബി) പ്രകൃതി ദുരന്തങ്ങളും മഹാമാരിയും നേരിടുന്നതിൽ ത്രിതല പഞ്ചായത്തുകൾ വഹിച്ച മികച്ച പ്രവർത്തനം പരിഗണിച്ച് അവയ്ക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രകൃതി ദുരന്തങ്ങളുടെയും മഹാമാരിയുടെയും കെടുതികൾ നേരിടുന്നതിന് മറ്റ് വകുപ്പുകളുമായി ചേർന്ന് പരിപാടികൾ നടപ്പാക്കും. അവസരോചിതമായ ഇടപെടലിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധമായിരിക്കും. പ്രളയംമൂലം തകർന്ന റോഡുകൾ പുനഃസൃഷ്ടിക്കാനായി മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 1000 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതും പ്രളയത്തിൽ നശിച്ച ജീവനോപാധികൾ പുനഃസൃഷ്ടിക്കാനായി 250 കോടി രൂപ പ്രത്യേകമായി അനുവദിച്ചതും ഉദാഹരണങ്ങളാണ്. കോവിഡ് മഹാമാരിയേയും പ്രകൃതി ദുരന്തങ്ങളേയും നേരിടുന്നതിന് മുൻഗണന നൽകി നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിലും ഇത് തുടരും. കാലം ആവശ്യപ്പെടുന്ന രീതിയിൽ അധിക വിഭവം ഇതിനായി ലഭ്യമാക്കുന്നതിന് തീർച്ചയായും ഇടപെടലുണ്ടാകും. കേന്ദ്ര ധനകാര്യ കമ്മീഷന്റെ basic untied ഗ്രാന്റിലെ ആദ്യ ഗഡു കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

## മാലിന്യ സംസ്കരണം

19 (*19) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യ സംസ്കരണം ഫലപ്രദമല്ലെന്ന വിഷയം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ ഫലപ്രാപ്തി സർക്കാർ തലത്തിൽ വിലയിരുത്തിവരുന്നുണ്ട്.

(ബി) മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനൊപ്പം ആവശ്യമായ ഇടങ്ങളിൽ മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന വിധത്തിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾകൂടി നടപ്പിലാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 938 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ-മാലിന്യ സംസ്കരണത്തിനായി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.938 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ പാഴ് വസ്തുക്കൾ പ്രാഥമിക തരംതിരിവ് നടത്തി ശേഖരിക്കുന്നതിന് സ്ഥാപനതലത്തിൽ 1339 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ പ്രവർത്തിക്കുകയാണ്. വാർഡ് അടിസ്ഥാനത്തിൽ 2825 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ജില്ലാ ഗോഡൗണുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ജില്ലാ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. ക്ലീൻ കേരള കമ്പനിയുടെ സഹകരണത്തോടെ 34490.62 മെട്രിക് ടൺ പ്ലാസ്റ്റിക്കും 210 ടൺ ഇ-വേസ്റ്റും 200 ടൺ ചില്ലുമാലിന്യങ്ങളും നീക്കം ചെയ്തു. 2094 മെട്രിക് ടൺ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി 3183.86 കിലോമീറ്റർ റോഡ്

ടാർ ചെയ്തു. 28632 അംഗങ്ങൾ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. 50.49 ലക്ഷം വീടുകളിൽ ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കി. 53.29 ലക്ഷം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കി. ജൈവമാലിന്യ സംസ്കരണത്തിനായി 2117 കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 336 മാർക്കറ്റുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. കമ്മ്യൂണിറ്റി തലത്തിൽ 210 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവമാലിന്യം സംസ്കരിച്ച് ജൈവവളം ഉൽപ്പാദിപ്പിച്ച് ബ്രാൻഡുചെയ്ത് വിൽപ്പന ആരംഭിച്ചു. പ്രതിവർഷം 12500 ടൺ ജൈവവളം കർഷകർക്ക് നൽകുന്നു. തൊഴിലുറപ്പ് മിഷന്റെ സഹായത്തോടെ 11828 കമ്പോസ്റ്റ് കുഴികളും 6450 സോക്പിറ്റുകളും നിർമ്മിച്ചു. ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് തിരുവനന്തപുരം, ആലപ്പുഴ ഒഴികെയുള്ള 12 ജില്ലകളിൽ 22 സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ 1200 മെട്രിക് ടൺ മൂല്യവർദ്ധിത വസ്തുക്കൾ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിനുള്ള നയം തയ്യാറാക്കിയിട്ടുണ്ട്. മുടി മാലിന്യം സംസ്കരിക്കുന്നതിന് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിലുള്ള പ്ലാന്റ് സജ്ജമായിവരുന്നു. അപകടകരമായ മാലിന്യം ശാസ്ത്രീയമായി ലാന്റ്ഫിൽ ചെയ്യുന്നതിന് എറണാകുളം ജില്ലയിൽ KEIL-ന്റെ നേതൃത്വത്തിലുള്ള പ്ലാന്റ് പ്രവർത്തിക്കുന്നു. റിജെക്ട്സ് വേസ്റ്റ് ലാന്റ്ഫിൽ ചെയ്യുന്നതിനുള്ള സാനിട്ടറി ലാന്റ്ഫിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക്കിനുള്ള ബദലായി പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് 171 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമ നടപടി സ്വീകരിക്കുന്നതിന് സഹായകരമായ തരത്തിൽ മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ ക്രോഡീകരിച്ച് ഹരിത നിയമങ്ങൾ എന്ന പേരിൽ കൈപുസ്തകം തയ്യാറാക്കി കിലയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വാർഡുതലത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കുമായി നൽകി. 20 ലക്ഷം പേർക്ക് പരിശീലനം നൽകി. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക്കും ഫ്ലക്സും 2020 ജനുവരി ഒന്ന് മുതൽ നിരോധിച്ചു. ഹരിതകർമ്മസേനയെ സ്വയം സംരംഭകരാക്കാൻ കഴിയുന്ന തരത്തിൽ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു. ഹരിതകർമ്മസേനയെ സാമ്പത്തികമായി സഹായിക്കുന്നതിന് 3 തവണ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചു. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഹരിത സഹായ

സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നു. സ്ക്രാപ് വ്യാപാരികൾ, പ്ലാസ്റ്റിക് റീസൈക്കിൾ വ്യാപാരികൾ, ക്ലീൻ കേരള കമ്പനി തുടങ്ങിയവയുടെ ഏകോപനം കാര്യക്ഷമമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് മിഷൻ, ക്ലീൻ കേരള കമ്പനി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ ഏകോപനം സാധ്യമാക്കി. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി. 15000-ത്തോളം സർക്കാർ ഓഫീസുകൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. കഴിഞ്ഞ മൂന്ന് പൊതുതെരഞ്ഞെടുപ്പുകളും ഉത്സവങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയ പൊതുപരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിലേയ്ക്ക് വലിയ മാറ്റംവന്നു കഴിഞ്ഞു. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പൊതുപരിപാടികളിലും എല്ലാ ആഘോഷ-ഉത്സവ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നടപ്പിലാക്കിയ 718 ഗ്രാമപഞ്ചായത്തുകൾക്കും 71 നഗരസഭകൾക്കും ശുചിത്വ പദവി നൽകിയിട്ടുണ്ട്.

<u>വിഭാവന ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ</u>:

1. മാലിന്യ പരിപാലന സംവിധാനം മെച്ചപ്പെടുത്തുക.
2. ഹരിതകേരള മിഷൻ, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക.
3. വിവിധതരം മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ഏജൻസികളുമായി പങ്കാളിത്തം വികസിപ്പിക്കുക.
4. മാലിന്യ പരിപാലനത്തിലെ ഗുണനിലവാരമനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഗ്രേഡ് നിശ്ചയിക്കൽ. ഗ്രേഡ് അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കർമ്മപരിപാടി നടപ്പിലാക്കുക.
5. പ്രാദേശിക സാഹചര്യങ്ങൾക്കിണങ്ങുന്നതും രാജ്യത്ത് ലഭ്യമായതും വിജയകരമായി നടപ്പാക്കിയിട്ടുള്ളതുമായ ഏറ്റവും മികച്ച പദ്ധതികൾ ഉൾക്കൊണ്ട് സ്വാംശീകരിക്കൽ.
6. മാലിന്യ പരിപാലന മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.
7. പ്രധാനമായും പ്ലാസ്റ്റിക് മാലിന്യത്തിനായി അത്യാധുനികമായ പ്രോസസ്സിംഗ് സെന്ററുകൾ വികസിപ്പിക്കുക.

(സി) കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ഏതെങ്കിലും വിധത്തിലുള്ള സഹായം എവിടെനിന്നെങ്കിലും ലഭിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

കേന്ദ്രീകൃത മലിന്യ സംസ്കരണ പദ്ധതികളായ വേസ്റ്റ് റ്റു എനർജി പദ്ധതികൾ Design Build Finance Operate and Transfer (DBFOT) വ്യവസ്ഥയിൽ Public Private Partnership ആയി നടപ്പിലാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതിക്കാവശ്യമായ ഭൂമി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായ KSIDC-യ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലീസിന് നൽകുകയും, KSIDC പ്രസ്തുത ഭൂമി തെരഞ്ഞെടുക്കപ്പെടുന്ന കൺസെഷണയർക്ക് പദ്ധതി കാലയളവിലേയ്ക്ക് സബ് ലീസ് ആയി കൈമാറുകയും ചെയ്യുന്നു. ഈ പദ്ധതികൾക്ക് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിക്കുകീഴിൽ അർഹമായ ധനസഹായം ലഭ്യമാക്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന കൺസഷണയർ പദ്ധതിയുടെ DPR സമർപ്പിക്കുന്ന മുറയ്ക്ക് ആയത് കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ധനസഹായം പ്രസ്തുത പദ്ധതികൾക്ക് ഇതിനോടകം ലഭ്യമായിട്ടില്ല. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന 2100 കോടി രൂപയുടെ പദ്ധതിയിൽനിന്നും 814 കോടി രൂപ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് നീക്കി വച്ചിട്ടുള്ളതാണ്.

## പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ

20 (*20) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലെ പ്രളയം കാരണം തകർന്ന കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; പുരോഗതി വ്യക്തമാക്കുമോ?

പ്രളയകാലത്ത് അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത്

നടപ്പിലാക്കിവരുന്നത്. പുനർനിർമ്മാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI) രൂപം നൽകി. പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി [Rebuild Kerala Development Programme (RKDP)] സർക്കാർ അംഗീകരിച്ചിട്ടുണ്ട്. രാജ്യാന്തര ഫണ്ടിംഗ് ഏജൻസികളിൽനിന്നുൾപ്പെടെ ധനസമാഹരണം നടത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. 2019-20, 2020-21 വർഷങ്ങളിലെ ബഡ്ജറ്റിൽ 1000 കോടി രൂപ വീതവും 2021-22-ലെ ബഡ്ജറ്റിൽ 1800 കോടി രൂപയും കേരള പുനർനിർമ്മാണ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുംവിധം കരുത്തോടെയും പ്രകൃതി സൗഹൃദപരമായും അത്യന്താധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. 12 വകുപ്പുകളിലായി 7405 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ 4677 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2020-21) 460.92 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു.

(ബി) ഈ പരിപാടിയുടെ വിവിധ ഘടകപദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിനായി ആഗോള ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് അടക്കം വായ്പ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ആർ.കെ.ഐ.-യുടെകീഴിൽ ഏറ്റെടുക്കാൻ തീരുമാനിച്ച പദ്ധതികളുടെ പുരോഗതി നിരന്തരം വിലയിരുത്തിവരുന്നു. കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഇതിനൊപ്പം ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു.-വിൽനിന്ന് 100 ദശലക്ഷം യൂറോ 2021 മാർച്ചിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ കാലാവസ്ഥാമാറ്റം കാരണമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെ ചെറുക്കുന്നതിന് പര്യാപ്തമായ തരത്തിൽ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി കെ.എഫ്.ഡബ്ല്യു. 170 ദശലക്ഷം യൂറോ ലഭ്യമാക്കുന്നതാണ്. ഫലപ്രാപ്തി അധിഷ്ഠിത വായ്പ പദ്ധതിയായി [Program-for-Result (PforR)] ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ബാങ്കും ചേർന്ന് 250 ദശലക്ഷം ഡോളർ വായ്പ അനുവദിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(സി) കടൽക്ഷോഭവും പ്രളയവും കൂടിവരുന്ന സാഹചര്യത്തിൽ അവയെ ചെറുക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ദേശീയതലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ല. ഇത് ദേശീയ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്ന് ആവശ്യപ്പെട്ട് 26-5-2021-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സവിശേഷ അധികാരമുപയോഗിച്ച് തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു. പ്രസ്തുത ഉത്തരവ് അനുസരിച്ച് കടലാക്രമണം രൂക്ഷമാകുന്ന ഘട്ടങ്ങളിൽ അടിയന്തര ഇടപെടലുകൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷന്മാർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി ഉപയോഗിക്കാവുന്നതാണ്. തീരസംരക്ഷണത്തിനായി ടെട്രാപോട്ടുകൾ, ടെട്രപോഡുകൾ എന്നിവയും നൂതന സാങ്കേതികവിദ്യയായ Duck Bill Valve-ഉം ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. വർഷകാലത്തിന് മുന്നോടിയായി ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും യോഗം വിളിച്ച് സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് പുറമെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. പൊഴിമുഖങ്ങളുടെ വീതി വർദ്ധിപ്പിക്കലും പൊഴിമുറിക്കലുമെല്ലാം മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി പൂർത്തീകരിച്ചുവരുന്നു. ദുരന്ത ലഘൂകരണ, പ്രതികരണ, പ്രതിരോധ മാർഗ്ഗരേഖയായ ഓറഞ്ച് ബുക്ക് കോവിഡ് സാഹചര്യം ഉൾപ്പെടെ പരിഗണിച്ച് വേണ്ട ഭേദഗതികൾ വരുത്തി 2021-ൽ പുതുക്കി. കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിന് ആവശ്യമായ സ്ഥലം സംസ്ഥാനം നൽകി. ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എൻ.സി.ആർ.എം.പി. പദ്ധതിയുടെ മുന്നറിയിപ്പ് സംവിധാനവും ദുരന്തനിവാരണ അതോറിറ്റിയുടെ സുരക്ഷായാനം മൊബൈൽ ആപ്ലിക്കേഷനും ഉപയോഗപ്പെടുത്താവുന്നതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നദികളിലെ പ്രളയ സാധ്യത പ്രളയ മോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. നെതർലൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ പുരോഗമിക്കുന്നു. ദുരന്ത സാധ്യതകൾ മുന്നിൽക്കണ്ട് മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ വിപുലമായ രക്ഷാപ്രവർത്തന-പുനരധിവാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സജ്ജീകരണങ്ങൾ ചെയ്തുവരുന്നു.

## ആർദ്രം പദ്ധതി

21 (*21) ശ്രീമതി ഒ. എസ്. അംബിക:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയ ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ മുന്നോട്ട് കൊണ്ടുപോകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

&

(ബി) പൊതുജനങ്ങൾ ചികിത്സയ്ക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യ മേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതാണ്.

(1) ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രവർത്തനങ്ങൾ 3 ഘട്ടങ്ങളിലായി നടന്നുവരുന്നത് പൂർത്തിയാക്കുന്നതാണ്.

(2) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീ-സൗഹൃദമാക്കിയതോടൊപ്പം ജില്ലാതല ആശുപത്രികളിലെ ഇനി പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കുന്നതാണ്.

(3) താലൂക്കുതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) 152 ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്, അവ തുടരുന്നതാണ്. ജില്ലാ/താലൂക്കുതല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് വഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതാണ്. ആശുപത്രികളിലേയ്ക്ക് ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. കോവിഡിന്റെകൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്കുതല ആശുപത്രികളിലെ ഇന്റൻസീവ് കെയർ സൗകര്യങ്ങൾ, ഓക്സിജൻ കിടക്കകൾ, മറ്റ് ത്രിതീയതല സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരികയാണ്. ഇക്കാര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരിന്റെ 15-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 5 വർഷത്തേയ്ക്ക് ആരോഗ്യ മേഖലയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പുവഴി ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തെ രോഗീസൗഹൃദവും ജനസൗഹാർദ്ദവും ആക്കുന്നതിനും ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ആരോഗ്യ രംഗത്ത് ശക്തിപ്പെടുത്തുന്നതാണ്.

(സി) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ആർദ്രം പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ 170 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും അവയിൽ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ 4 എണ്ണം ഒഴികെ 166 എണ്ണവും രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും അവയിൽ 316 എണ്ണവും മൂന്നാം ഘട്ടത്തിൽ 212 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും അവയിൽ 3 എണ്ണവും ഇന്നുവരെ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പ്രളയവും കോവിഡും ഈ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

## സൗജന്യ റേഷനും ഭക്ഷ്യക്കിറ്റും

22 (*22) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. കെ. രാമചന്ദ്രൻ :
ഡോ. സുജിത് വിജയൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാലത്ത് പ്രതിസന്ധിയിലായ സാധാരണ ജനങ്ങളുടെ പട്ടിണി മാറ്റുന്നതിന് കഴിഞ്ഞ സർക്കാർ നൽകിവന്ന സൗജന്യ റേഷനും ഭക്ഷ്യ കിറ്റും തുടർന്നും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ലോക്ക്ഡൗൺ കാലത്ത് കഴിഞ്ഞ സർക്കാർ നൽകിവന്ന സൗജന്യ ഭക്ഷ്യ കിറ്റ് 2021 മേയ്, ജൂൺ മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മേയ് മാസത്തിലെ കിറ്റ് വിതരണം തുടർന്നുവരുന്നു. കൂടാതെ എൻ.പി.എസ്., എൻ.പി.എൻ.എസ്. വിഭാഗം കാർഡ് ഉടമകൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 10 കി.ഗ്രാം. സ്പെഷ്യൽ അരി 15 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് സൗജന്യ റേഷൻ സാധനങ്ങൾ നൽകിവരുന്നതിനെതിരെയുള്ള പ്രതിപക്ഷ കക്ഷികളുടെ എതിർപ്പിനെ അവഗണിച്ച് ഇതിനായി കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സൗജന്യ ഭക്ഷ്യ കിറ്റ് നൽകുന്നതിനെതിരെ പ്രതിപക്ഷ കക്ഷികളുടെ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേയ് മാസത്തിൽ 11 ഇനം സാധനങ്ങൾ അടങ്ങിയ ഭക്ഷ്യ കിറ്റ് സൗജന്യമായി വിതരണം ചെയ്യുന്നതിന് ആകെ 414.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കിറ്റ് തയ്യാറാക്കി വിതരണം ചെയ്യുന്നതിനാവശ്യമായ 410 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചുനൽകുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കോവിഡ് കാലത്ത് സർക്കാർ നൽകിവരുന്ന സൗജന്യ ഭക്ഷ്യ കിറ്റിനായുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതത്തിന്റെ വിശദാംശങ്ങൾ നൽകുമോ?

സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം പൂർണ്ണമായും സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ചാണ് നിർവ്വഹിച്ചുവരുന്നത്.

## ഇ-സഞ്ജീവനി സംവിധാനം

23 (*23) ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വീട്ടിലിരുന്നുതന്നെ ചികിത്സ നേടാൻ സഹായിക്കുന്ന ഇ-സഞ്ജീവനി ടെലി-മെഡിസിൻ സംവിധാനം സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് ഇ-സഞ്ജീവനി ടെലി-മെഡിസിൻ സംവിധാനം 8-5-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 854/2020/ആകുവ പ്രകാരം 2020 ജൂൺ മുതൽ ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിൽ സേവനങ്ങൾ നൽകിവരുന്ന ഈ സംവിധാനം സംസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നത് ദിശയാണ്. നിലവിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 1964 ഡോക്ടർമാർ ഇ-സഞ്ജീവനിയിൽ സേവനങ്ങൾ നൽകിവരുന്നു. പ്രതിദിനം ശരാശരി 2000 ആളുകൾ ഇ-സഞ്ജീവനി സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. ജനറൽ ഒ.പി.-ക്ക്പുറമെ വിവിധ സ്പെഷ്യാലിറ്റി ഒ.പി.-കളും 24 മണിക്കൂർ പ്രവർത്തിക്കുന്ന കോവിഡ് ഒ.പി.-യും ഇ-സഞ്ജീവനി സംവിധാനത്തിൽ സജ്ജമാണ്. ഓരോ ദിവസവും ഓരോ ഷിഫ്റ്റിലും 20 ഡോക്ടർമാർക്ക് ഡ്യൂട്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇ-സഞ്ജീവനിയിൽ സാധാരണ ഒ.പി.-ക്ക് പുറമെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ടോ?

ഇ-സഞ്ജീവനിയിൽ സാധാരണ ഒ.പി.-ക്ക് പുറമെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധ ഡോക്ടർമാർ നേതൃത്വം നൽകുന്ന സ്പെഷ്യാലിറ്റി ഒ.പി.-കൾ വിവിധ ജില്ലകളിൽനിന്നും ആരംഭിച്ചിട്ടുമുണ്ട്. സൈക്യാട്രി, ശിശുരോഗ വിഭാഗം, ഹൃദ്രോഗ വിഭാഗം, ഗൈനക്കോളജി തുടങ്ങിയ സ്പെഷ്യാലിറ്റി ഒ.പി. സേവനങ്ങൾ ഇത്തരത്തിൽ നൽകുന്നുണ്ട്. കൂടാതെ മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സ്പെഷ്യാലിറ്റി ഒ.പി.-കളും ഇ-സഞ്ജീവനിയിൽ ലഭ്യമാണ്.

(സി) ഏതെല്ലാം ഒ.പി. സേവനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാകുന്നതെന്നും വിവിധ ഒ.പി.-കളുടെ സമയക്രമം എപ്രകാരമാണെന്നും അറിയിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇ-പോസ് സംവിധാനത്തിലെ തടസ്സം

24 (*24) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങളിലെ ഇ-പോസ് മെഷീനും സെർവ്വറുമായുള്ള ബന്ധത്തിൽ തുടർച്ചയായി തടസ്സം നേരിടുന്നതിനാൽ റേഷൻ വിതരണം കൃത്യമായി നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇ-പോസ് മെഷീനും പി.ഡി.എസ്. സെർവ്വറുമായുള്ള ബന്ധത്തിൽ തടസ്സങ്ങൾ നേരിടാറില്ല. എന്നാൽ ആധാർ സെർവ്വറുമായി ബന്ധപ്പെട്ട് ഓതന്റിക്കേഷൻ നടത്തുന്നതിന് അപൂർവ്വമായി തടസ്സങ്ങൾ നേരിടാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഐ.ടി. മിഷനുമായും എൻ.ഐ.സി.-യുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ പരാതി പരിഹരിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

നിലവിൽ ആധാർ ഓതന്റിക്കേഷനുവേണ്ടി AUA (Aadhaar User Agency) എന്ന നിലയിൽ സ്റ്റേറ്റ് ഐ.ടി. മിഷന്റെ സെർവ്വറാണ് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ സ്റ്റേറ്റ് ഐ.ടി. മിഷന്റെ AUA സെർവ്വറിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ എൻ.ഐ.സി.-യുടെ AUA സെർവ്വർ മുഖാന്തരം ഓതന്റിക്കേഷൻ നടത്തുന്നതിനുള്ള സംവിധാനം ക്രമീകരിച്ചുവരുന്നു. AUA സെർവ്വറിനെ ആധാർ സെർവ്വറുമായി ബന്ധിപ്പിക്കുന്ന Aadhaar Server Agency (ASA)-യിൽ ഉണ്ടാകുന്ന തകരാറുകളും ഇത്തരത്തിൽ പരിഹാരം കാണാൻ ക്രമീകരണം നടത്തുന്നു.

## അതിദാരിദ്ര്യ ലഘൂകരണ പദ്ധതി

25 (*25) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) അതിദാരിദ്ര്യ ലഘൂകരണം സർക്കാരിന്റെ പ്രധാന സാമൂഹ്യക്ഷേമ ലക്ഷ്യമായി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനു ദ്ദേശിക്കുന്ന കർമ്മപരിപാടി വെളിപ്പെടുത്തുമോ;

&

(സി) അതിദാരിദ്ര്യ ലഘൂകരണ പദ്ധതിയിൽ ഏതെല്ലാം ഘടകങ്ങളാണ് പരിഗണിക്കുന്നതെന്നും ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനതല സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021 ജൂൺ 15-നകം ശിപാർശ സമർപ്പിക്കാൻ 2021 മേയ് 20-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്.

**വൻകിട പദ്ധതികളുടെ നടത്തിപ്പ്**

26 (*26) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ത്രൈമാസ പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗങ്ങളിൽ വൻകിട പദ്ധതികൾ ഉൾപ്പെടെ അവലോകനം നടത്തുകയും ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേർന്ന് പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ കർമ്മപരിപാടികൾ രൂപീകരിക്കുകയും online realtime monitoring system ഇതിനുവേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്തു. പ്രസ്തുത പോർട്ടൽ (www.cmopcmg.kerala.gov.in) വഴി വൻകിട പദ്ധതികൾ ഉൾപ്പടെ എല്ലാ പ്രധാന പദ്ധതികളും നിരീക്ഷിക്കുന്നതിനും സമയാസമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഉപയുക്തമാക്കി. പ്രസ്തുത

പോർട്ടൽവഴി നിരീക്ഷിക്കുന്നതിന് സെക്രട്ടറിമാർ കൂടാതെ ഭരണ വകുപ്പിൽനിന്ന് നോഡൽ ഓഫീസറേയും ലിങ്ക് നോഡൽ ഓഫീസറേയും നിയോഗിക്കുകയുണ്ടായി. കൂടാതെ, നിർവ്വഹണ വകുപ്പ്/ഏജൻസി എന്നിവയിൽനിന്ന് പോർട്ടൽ സമയാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിന് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി തലത്തിൽ ഇടപെടലുകൾ ആവശ്യമായ പദ്ധതികൾ പ്രത്യേകമായി അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികളുടെ പ്രത്യേക അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി ബന്ധപ്പെട്ട സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർത്ത് അവലോകനം ചെയ്യുന്നു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ Prime Minister's Monitoring Group പോർട്ടൽവഴി പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ നിരീക്ഷണത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയും വിവിധ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് പ്രവൃത്തിയിലിരിക്കുന്ന വൻകിട പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് പ്രവൃത്തിയിലിരിക്കുന്ന വൻകിട പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വൻകിട പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും കൂടുതൽ കാര്യക്ഷമതയോടെയും വേഗതയോടെയും നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(1) ബൃഹദ് പദ്ധതികളുടെയടക്കം പുരോഗതി അവലോകനം ചെയ്യാനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറിവഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്നതരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി 21-05-2021-ലെ സ.ഉ.(കൈ) നമ്പർ 105/2021/പൊ.ഭ.വ. പ്രകാരം രൂപീകരിച്ചുകൊണ്ട് ഉത്തരവായി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(2) പദ്ധതികൾ നിരീക്ഷിക്കുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാധ്യമാക്കുന്നുണ്ട്. ഇത് കുറച്ചുകൂടി ഊർജ്ജിതമാക്കി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നു.

(3) കേന്ദ്ര സർക്കാരിന്റെ e-PMG Portal വഴി പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന സംവിധാനവും നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ കേരളത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് (customize ചെയ്യുന്നത്) ഉദ്ദേശിക്കുന്നുണ്ട്.

(4) കേന്ദ്ര സർക്കാരിന്റെ e-sameeksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-sameeksha kerala portal). കേന്ദ്രസർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Sameeksha National Portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ വിവരസാങ്കേതിക വിനിമയവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് സംസ്ഥാനത്ത് വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതുൾപ്പെടെയുള്ള എല്ലാ പദ്ധതികളുടെയും മേൽനോട്ടവും നടത്തിപ്പും കൂടുതൽ കാര്യക്ഷമതയോടെയും വേഗതയോടെയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## കോവിഡിന്റെ മൂന്നാം തരംഗം

27 (*27) <u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ മൂന്നാം തരംഗത്തിന് സാധ്യതയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിനുള്ള കർമ്മപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മൂന്നാം തരംഗ സാധ്യതയെക്കുറിച്ച് കൃത്യമായ അറിയിപ്പുകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ലെങ്കിലും രോഗികളുടെ എണ്ണം കൂടുതലാകുന്ന സാഹചര്യം നേരിടുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രോഗസാധ്യത കൂടിയ 60 വയസ്സിന് മുകളിൽ പ്രായം ചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ, ഭിന്നശേഷിക്കാർ, കാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ എന്നിങ്ങനെ ഗുരുതരമായ രോഗബാധയുള്ളവർ, കിടപ്പുരോഗികൾ എന്നിവരെ കൊറോണ രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനായി റിവേഴ്സ് ക്വാറന്റൈൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യം പദ്ധതിയുമായി ബന്ധപ്പെട്ട് "ഒറ്റയ്ക്കല്ല-ഒപ്പമുണ്ട്" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടെയ്ൻമെന്റ് സോണുകൾ തിരിച്ച് വ്യാപനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കോവിഡ് പ്രതിരോധ വാക്സിനുകൾ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രികളിൽ അധിക മാനവ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ/സ്വകാര്യ ആശുപത്രികളിൽ കൂടുതൽ ICU കിടക്കകളും വെന്റിലേറ്റർ സൗകര്യങ്ങളും ഓക്സിജൻ ബെഡ്ഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ആവശ്യമായ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന/ജില്ലാ തലങ്ങളിൽ വാർ റൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഓക്സിജൻ ലഭ്യത തടസ്സപ്പെടാതിരിക്കുന്നതിനായി ഓക്സിജൻ പ്ലാന്റുകളും സ്ഥാപിച്ചുവരുന്നുണ്ട്. ഓക്സിജൻ ഓഡിറ്റും സ്ഥാപന തലത്തിൽ നടത്തിവരുന്നു. സ്വകാര്യ ആശുപത്രികളിലെ 50% കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള DCC, CFLTC, CSLTC എന്നിവയുടെ എണ്ണവും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഒരു ലക്ഷത്തിന് മുകളിൽ പ്രതിദിന ടെസ്റ്റുകൾ നടത്തിവരുന്നുണ്ട്. ജനിതകമാറ്റം സംഭവിച്ച വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിന് Sentinal Surveillance Site ആരംഭിച്ചു. സാമ്പിളുകൾ NIV-പൂനെ, IGIB-ഡൽഹി, RGCB-തിരുവനന്തപുരം എന്നിവിടങ്ങളിൽ അയച്ച് പരിശോധിച്ചുവരുന്നു. കോവിഡുമായി ബന്ധപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) രോഗബാധയുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി 16-5-2021-ന് ടെക്നിക്കൽ ഗൈഡ്‌ലൈൻ

സർക്കാർ തലത്തിൽ പുറപ്പെടുവിക്കുകയും അത് പിൻതുടരുകയും ചെയ്തുവരുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ച് 27-05-2021-ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യതയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും സർക്കാർ/സ്വകാര്യ ആശുപത്രികളിലെയും, ഡോക്ടർമാർക്കും ജീവനക്കാർക്കും ICU/വെന്റിലേറ്റർ ട്രെയിനിംഗ്, ബ്ലാക്ക് ഫംഗസ്, ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിൽ നിരന്തരം പരിശീലനം നൽകിവരുന്നു. കോവിഡേതര രോഗികളെ ചികിത്സിക്കുന്നതിനായി E-Sanjeevani Tele Consultation Platform സജ്ജീകരിക്കുകയും ഇതുവഴി വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സേവനം വീടുകളിൽ ചികിത്സയിൽ കഴിയുന്ന കോവിഡ് രോഗികൾക്കും ലഭ്യമാണ്. കോവിഡ് മുക്തരായവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പി.എച്ച്.സി./സി.എച്ച്.സി. തലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. ജീവനക്കാർക്കും പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനായി എല്ലാ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തിവരുന്നു. മൂന്നാം തരംഗത്തിൽ രോഗം കുട്ടികളെയും ബാധിക്കുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. അതോടൊപ്പം identification, testing, tracking, tracing, quarantine, treatment എന്നിങ്ങനെ വ്യാപനം തടയുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും നടത്തിവരുന്നു. കൂടാതെ ശിശുരോഗ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. അതിനായി പരിശോധനയും നിരീക്ഷണവും ഫലപ്രദമായി നടത്തുകയും തൃതീയ തലത്തിലുള്ള ആശുപത്രികളിൽ care & support unit, HDUs, Paediatric ICUs എന്നിവ സജ്ജമാക്കും. അതോടൊപ്പം ശിശുരോഗവിഭാഗത്തിന്റെ ചികിത്സയ്ക്കായി പ്രത്യേക പ്രോട്ടോക്കോൾ പുറപ്പെടുവിക്കുകയും ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കോവിഡിന്റെ മൂന്നാം തരംഗം ഉണ്ടായാൽ അതിനെ നേരിടുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ സജ്ജമാക്കി നിർത്തുന്നതിനായി 6 ഇനങ്ങൾ അടങ്ങുന്ന ഒരു കർമ്മ പരിപാടിക്ക് 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ട്.

(സി) കോവിഡിന്റെ മൂന്നാം തരംഗം സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഔദ്യോഗിക അറിയിപ്പുകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

(ഡി) കോവിഡിന്റെ മൂന്നാം തരംഗം സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ സംസ്ഥാനതലത്തിൽ നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ടെസ്റ്റ് പോസിറ്റിവിറ്റി, ക്ലസ്റ്റർ രൂപപ്പെടുന്നതിന്റെ വ്യാപ്തി, അണുബാധയ്ക്കുള്ള കാരണം, അണുബാധ വളരെ കൂടുതൽ സംഭവിക്കുന്നത് ആർക്കാണ് എന്നിവ നിരീക്ഷിച്ചാണ് കോവിഡ് മഹാമാരിയുടെ വ്യാപനം പഠിക്കുന്നത്. അതിനാൽ പുതിയ കേസ്സുകൾ കണ്ടെത്തുന്നതിനുള്ള പരിശോധന സംസ്ഥാനം തുടരും. അതോടൊപ്പം ചെറുപ്പക്കാരിലും കുട്ടികളിലും പുതിയ കേസ്സുകൾ കണ്ടെത്തുന്നതിന് പരിശോധന നടത്തും. അണുബാധ നിലവിലുള്ള Virus Strain കാരണമാണോ അതോ പുതിയ മ്യൂട്ടന്റ് വൈറസ് കൊണ്ടാണോയെന്ന് വിലയിരുത്തുന്നതിന് ക്ലസ്റ്ററുകളിൽ നിന്നുള്ള സാമ്പിളുകൾ Genome study-ക്ക് വിധേയമാക്കും. മ്യൂട്ടന്റ് വൈറസുകളുടെ വ്യാപനശേഷിയും രോഗതീവ്രതയും വ്യത്യാസപ്പെട്ടി രിക്കുന്നതിനാൽ വിദഗ്ദ്ധ സമിതിയുടെ ശിപാർശയെ അടിസ്ഥാനമാക്കി പുതിയ മ്യൂട്ടന്റ് വൈറസ് ബാധിച്ച പ്രദേശങ്ങളിൽ പ്രതിരോധ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും അണുബാധ പടരാനുള്ള സാധ്യത കുറയ്ക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യും. കുട്ടികൾക്കിടയിലെ കോവിഡ് വ്യാപനത്തോതിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടോയെന്ന് അറിയാൻ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും. അതോടൊപ്പം മുതിർന്നവരിൽ കോവിഡ് കേസ്സുകൾ പെട്ടെന്ന് വർദ്ധിക്കുന്നത് നിരീക്ഷിക്കാൻ നിലവിലെ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

28 (*28) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് അടക്കമുള്ള വിവിധ ദുരന്തങ്ങൾക്കിടയിലും സാധാരണ ജനജീവിതം സുഗമമാക്കുംവിധം ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി പ്രതിസന്ധികളെ ഫലപ്രദമായി നേരിട്ട് ഭരണത്തുടർച്ച നേടിയ ഈ അവസരത്തിൽ ജനകീയ ഇടപെടലുകളിലൂടെ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്?

സ്ത്രീകളുടെയും വിധവകളുടെയും ഉന്നമനത്തിനും ശാക്തീകരണത്തിനുമായി അഭയ കിരണം, സഹായ ഹസ്തം, പടവുകൾ, അതിജീവിക എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്ത്രീകളുടെ സുരക്ഷയ്ക്കായി രക്ഷാദൂത്, കാതോർത്ത്, POSH Act എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. വിധവകളുടെ ശാക്തീകരണത്തിനായി എല്ലാ ജില്ലകളിലും വിധവാ സെല്ലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. " പൊതു ഇടം എന്റേയും" എന്ന ആപ്തവാക്യം ലക്ഷ്യമാക്കി നൈറ്റ് വാക്കുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തൊഴിൽസ്ഥലത്ത് സ്ത്രീകൾക്കെതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് ഇന്റേണൽ കമ്മിറ്റികളും ലോക്കൽ കമ്മിറ്റികളും പ്രവർത്തിക്കുന്നു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വനിതകളെ വനിതാരത്ന പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നു. സ്ത്രീശാക്തീകരണ പദ്ധതികളെ സംബന്ധിച്ചും സ്ത്രീ സുരക്ഷാ നിയമങ്ങളെ സംബന്ധിച്ചും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് സമൂഹ മാധ്യമങ്ങൾവഴി വ്യാപക പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി വകുപ്പ് മുഖാന്തരം വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി. KSRTC വഴി വിവിധ ബോധവൽക്കരണ സന്ദേശങ്ങൾ ബസ്സുകളിൽ പ്രദർശിപ്പിച്ച് കേരളത്തിലുടനീളം 70 ബസ്സുകളിൽ സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ, നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയുണ്ടായി. FM Radio, facebook, YouTube തുടങ്ങിയ സോഷ്യൽ മീഡിയയിലൂടെ വിവിധ പോസ്റ്ററുകൾ, മെസേജുകൾ എന്നിവവഴി ശൈശവ വിവാഹം, സ്ത്രീധന സമ്പ്രദായം, വിവാഹ ധൂർത്ത്, തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമം എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണ സന്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിനായി കുടുംബശ്രീ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കും. പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തദ്ദേശ സ്ഥാപനതലത്തിൽ തൊഴിൽ മേഖലയുടെ വികസനത്തിനായി നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കും. അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനായി 'അഗതി രഹിത കേരളം പദ്ധതി' മുഖേന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കും. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിപാലിക്കുന്നതിനായി ബഡ്സ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂളുകളുടെ തുടങ്ങി സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള പദ്ധതികൾ ഊർജ്ജിതപ്പെടുത്തും. കുടുംബശ്രീയെ ശക്തിപ്പെടുത്തുന്നതിനും കുടുംബശ്രീ മുഖേന സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രത്യേക ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

(സി) ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയടങ്ങിയ നവകേരള മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

## കോവിഡ്-19-ന്റെ രണ്ടാം വ്യാപനം

29(*29) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

കോവിഡ്-19-ന്റെ രണ്ടാം വ്യാപനം പ്രായാധിക്യമുള്ളവരെക്കാൾ ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ രൂക്ഷമാകുന്നതെന്നും അവർക്കാണ് കൂടുതൽ മരണം സംഭവിക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണനിരക്ക് പ്രായാധിക്യമുള്ളവരിലും പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലുമാണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ മാത്രം 1389695 കോവിഡ് രോഗബാധിതരും 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെയുള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ്സ് മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണനിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായമുള്ളവരിലാണ് (കേസ്- 17105, മരണം- 502, മരണനിരക്ക് - 2.93%) 71 മുതൽ 80 വയസ്സുവരെ ഉള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് 50959, മരണം 988, മരണനിരക്ക് - 1.94 %). കൂടാതെ

91 വയസ് മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണനിരക്ക് - 1.55%). കോവിഡ് രോഗബാധമൂലമാണ് മരണമെന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റു രോഗങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന മരണനിരക്കെങ്കിൽ നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽനിന്നും ചെറുപ്പക്കാരിലെ മരണനിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലുമുള്ള വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണനിരക്കിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

30 (*30) ശ്രീ. ഡി. കെ. മുരളി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ശാന്തകുമാരി കെ.:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാലഘട്ടത്തിലെ സാമ്പത്തിക തകർച്ചയിലും ഉപജീവന പ്രതിസന്ധിയിലുംപെട്ടുഴലുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് വലിയതോതിൽ ആശ്വാസം പകരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ മുൻ സർക്കാർ കൈവരിച്ച ചരിത്രനേട്ടം ആവർത്തിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ സാഹചര്യത്തിലും തുടർന്നുണ്ടായ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നു. പദ്ധതി നടത്തിപ്പിൽ മുൻകാലങ്ങളിൽ ഉണ്ടാക്കിയ നേട്ടങ്ങൾക്ക് ഉപരിയായ നേട്ടം ഉണ്ടാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടം തുടർന്നും ആവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഗ്രാമീണ മേഖലയിലെ പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിൽ നൽകുന്നതിനൊപ്പംതന്നെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ഉപജീവന ആസ്തികളായ പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, സ്വയം സഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡ് നിർമ്മാണം എന്നിവയ്ക്ക് മുൻതൂക്കം നൽകും. മാലിന്യ സംസ്കരണ മേഖലയിൽ കമ്പോസ്റ്റ് പിറ്റുകൾ, സോക്ക് പിറ്റുകൾ, മിനി എം.സി.എഫ്. എന്നിവയുടെ നിർമ്മാണവും ഊർജ്ജിതമായി ഏറ്റെടുക്കുന്നതാണ്. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ, ഗ്രാമചന്തകൾ, അങ്കണവാടികൾ എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ കൂടുതലായി ഏറ്റെടുക്കും. പരമ്പരാഗതമായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ ജി.ഐ.എസ്. സാങ്കേതികവിദ്യയുടെ സഹായത്തോടെ നീർത്തടാധിഷ്ഠിത മാതൃകയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

ലഭ്യമാണ്. 2020-21 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്ത് 1023 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) പദ്ധതിയിലെ സ്ത്രീ പങ്കാളിത്തം, സമയബന്ധിതമായ വേതന വിതരണം, പ്രവൃത്തികളുടെ പൂർത്തീകരണം തുടങ്ങിയ വിവിധ മേഖലകളിൽ രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2020-21 വർഷത്തെ കണക്കുകൾ പ്രകാരം പദ്ധതിയിലെ സ്ത്രീ പങ്കാളിത്തത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. സംസ്ഥാനത്ത് പദ്ധതി പ്രകാരം ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ 90.49 ശതമാനവും സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തത്തോടെയാണ് ചെയ്തിട്ടുള്ളത്. സമയബന്ധിത വേതന വിതരണം നടത്തുന്നതിൽ സംസ്ഥാനം 5-ാം സ്ഥാനത്തും, പദ്ധതികളുടെ പൂർത്തീകരണത്തിൽ 4-ാം സ്ഥാനത്തുമാണ്. ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (63.24) അഞ്ചാം സ്ഥാനത്തും, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽദിനങ്ങളിൽ (90.98) രാജ്യത്ത് രണ്ടാം സ്ഥാനത്തും സംസ്ഥാനം എത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്ന കാര്യത്തിൽ (44.56% കുടുംബങ്ങൾക്ക്) രണ്ടാം സ്ഥാനവും സംസ്ഥാനം നേടിയിട്ടുണ്ട്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ജപ്തിയിലൂടെ വീട് നഷ്ടപ്പെടുന്നത് തടയാൻ നിയമനിർമ്മാണം

1 (1) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്തിയിലൂടെ വീട് നഷ്ടപ്പെടുന്നത് തടയാൻ നിയമനിർമ്മാണം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്. ജപ്തി നടപടികളുടെ ഭാഗമായി ഒരു വ്യക്തിക്കോ കുടുംബത്തിനോ അവർക്ക് ആകെയുള്ള കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകരുതെന്ന് നിഷ്കർഷിക്കുന്ന നിയമനിർമ്മാണത്തിന്റെ കരട് ശിപാർശ സമർപ്പിക്കുന്നതിന് 2021 മേയ് 20-ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക;

(സി) ഇത്തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിലൂടെ നിർധനരായ ആളുകൾക്ക് വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വിമുഖത കാട്ടാനിടയുണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നിയമനിർമ്മാണം നടന്നശേഷമേ വ്യക്തമാകുകയുള്ളൂ.

ബാധകമല്ല.

## ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനം

2 (2) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ചതും ശ്രീ. വി. എസ്. അച്ചുതാനന്ദൻ അദ്ധ്യക്ഷനുമായ ഭരണപരിഷ്കാര കമ്മീഷൻ ഇതിനകം എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചുവെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത റിപ്പോർട്ടുകൾ ഓരോന്നും എന്നാണ് സർക്കാരിന് സമർപ്പിച്ചതെന്നും അവയിലെ ഏതൊക്കെ ശിപാർശകളാണ് ഇതിനോടകം നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

നാലാം ഭരണപരിഷ്കാര കമ്മീഷൻ നാളിതുവരെ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* റിപ്പോർട്ടുകൾ വിലയിരുത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യോഗം ചേർന്ന് റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു.

(സി) ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ഇതിനോടകം ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി കമ്മീഷൻ പ്രവർത്തനം അവസാനിപ്പിച്ച തീയതിയായ 30-4-2021 വരെ 10,79,29,050 രൂപ (പത്ത് കോടി എഴുപത്തിയൊമ്പത് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി അമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## വൻകിട പദ്ധതികൾക്കായി സ്വതന്ത്ര വകുപ്പ്

3 (3) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികൾ സ്വതന്ത്ര വകുപ്പിന് കീഴിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ബൃഹദ് പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യാനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പുമന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി രൂപീകരിച്ചുകൊണ്ട് 21-05-2021-ൽ സ.ഉ.(കൈ) നമ്പർ 105/2021/പൊ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഗുണഫലങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ & മോണിറ്ററിംഗ് വകുപ്പ് (പദ്ധതി നിർവ്വഹണ, അവലോകന, മേൽനോട്ട വകുപ്പ്) രൂപീകരിക്കുന്നത് നിലവിൽ വിവിധ പദ്ധതികളുടെ പുരോഗതി തൽസമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിന് ഏറെ സഹായകരമാകും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഏതൊക്കെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തുന്നതെന്നും എങ്ങനെയാണ് പ്രവർത്തനരീതിയെന്നും വിശദമാക്കുമോ?

ഇക്കാര്യത്തിൽ പൊതുഭരണ (ഏകോപനം) വകുപ്പ് 21-05-2021-ൽ പുറപ്പെടുവിച്ച ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

**ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം**

4 (4) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം നിലനിൽക്കുന്നുണ്ടോ?

ഇല്ല.

(ബി) ഏത് വകുപ്പുമായി ബന്ധപ്പെട്ട ഫയലുകളാണ് തീർപ്പാകാതെ കിടക്കുന്നതെന്നും എത്ര കാലമായി ഈ ഫയലുകൾ തീർപ്പാകാതെ അനന്തമായി നീളുകയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

&

(സി) സെക്രട്ടേറിയറ്റിൽ എത്ര ഫയലുകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും ഏത് സെക്ഷനിലാണ് ഈ ഫയലുകളെന്നും എത്ര കാലമായി ഈ അവസ്ഥ തുടരുന്നുവെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഫയലുകൾ തീർപ്പാകാതെ കിടക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്താൻ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഫയലുകൾ തീർപ്പാക്കുന്നതിനായി വകുപ്പുതലത്തിൽ ഫയൽ അദാലത്ത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും അടിയന്തരമായി ഫയലുകൾ തീർപ്പാക്കുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉദ്യോഗസ്ഥരുടെ അലംഭാവവും കൃത്യവിലോപവുമാണ് ഫയലുകളുടെ നിശ്ചലാവസ്ഥയ്ക്ക് കാരണമെങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരിച്ച കുട്ടികളുടെ സംരക്ഷണം

5 (5) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരിച്ച എത്ര കുട്ടികൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കോവിഡ്മൂലം മാതാപിതാക്കൾ മരിച്ച കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത കുട്ടികൾ ഇപ്പോൾ അനാഥത്വം അനുഭവിക്കുന്നുണ്ടോയെന്നും അവരുടെ സംരക്ഷണം ആരെങ്കിലും ഏറ്റെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഇല്ല. കോവിഡ്മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണം അവരുടെ ബന്ധുക്കൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) ഇത്തരം കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കാൻ സർക്കാരിന് ആലോചനയുണ്ടോ; വ്യക്തമാക്കുമോ;

&

(ഡി) എങ്കിൽ ഇതിനായി ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള വിശദാംശം നൽകുമോ?

മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ഒരുക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകാനും കൂടാതെ, 18 വയസ്സുവരെ പ്രതിമാസം 2,000 രൂപ വീതം നൽകുന്നതിനും ബിരുദതലം വരെയുള്ള വിദ്യാഭ്യാസച്ചെലവ് ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ഇ) സാമ്പത്തിക പരാധീനതമൂലം അനാഥത്വം അനുഭവിക്കാൻ വിധിക്കപ്പെട്ട ഇത്തരം കുട്ടികളുടെ മാതാപിതാക്കൾക്ക് വൻതുക ചികിത്സാ ചെലവ് വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാർ സഹായധനമായി അനുവദിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് പരിശോധനകളും ചികിത്സയും ചികിത്സാകേന്ദ്രങ്ങളിൽ രോഗികളുടെ ഭക്ഷണമടക്കമുള്ള ആവശ്യങ്ങളും വാക്സിനും സൗജന്യമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.എസ്.സി. നിയമനം

6 (6) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അഞ്ച് വർഷ കാലാവധിക്കുള്ളിൽ പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

25-05-2016 മുതൽ 20-05-2021 വരെ 161361 നിയമന ശിപാർശകളാണ് നൽകിയിട്ടുള്ളത്.

(ബി) മുൻ സർക്കാർ വിവിധ വകുപ്പുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചു; വിശദമാക്കുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പി.എസ്.സി. പരീക്ഷ നടത്തിപ്പിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കലിലും നിലവിൽ തുടർന്നുവരുന്ന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഇല്ല.

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ കൃത്യവിലോപം കാണിക്കുന്ന വകുപ്പ് മേലധികാരികൾ സംസ്ഥാനത്തുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30-നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് കർശന മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ലക്ഷദ്വീപിൽ നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾ**

7 (7) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപിൽ പുതിയതായി നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾക്കെതിരെ സംസ്ഥാനത്തിനകത്തും പുറത്തും ഉയരുന്ന പ്രതിഷേധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭാഷാപരമായും സാംസ്കാരികമായും കേരളത്തിനോട് വളരെ അടുപ്പം പുലർത്തുന്ന ദ്വീപ് നിവാസികളുടെ പ്രശ്നങ്ങളിൽ പൊതുസമൂഹത്തിനുള്ള ആശങ്കകൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

&

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്ത് പൊതുസമൂഹത്തിനുള്ള ആശങ്കകൾ പരിഹരിക്കുന്ന തരത്തിൽ എന്തെല്ലാം ഇടപെടൽ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ലക്ഷദ്വീപിൽ നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾക്കെതിരെ കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുകയും ആയത് തുടർനടപടികൾക്കായി കേന്ദ്രസർക്കാരിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രമേയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ തസ്തികകൾ

8 (8) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് 2021 മേയ് മൂന്നുവരെ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്;

&

(ബി) വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

## എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റ്

9 (9) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 659/2017 പ്രകാരം പരീക്ഷ നടത്തി 476/19 ഡി.ഇ.ഒ. പ്രകാരം നിലവിൽവന്ന എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽനിന്നും സപ്ലിമെന്ററി ലിസ്റ്റിൽനിന്നും നിലവിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

കാറ്റഗറി നം.659/2017 പ്രകാരം പരീക്ഷ നടത്തി 476/19 ഡി.ഒ.ഇ. പ്രകാരം നിലവിൽവന്ന എറണാകുളം ജില്ലയിലെ എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽനിന്നും 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ?

04-09-2019 പ്രാബല്യത്തിലാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളത്. നിലവിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷവും പരമാവധി മൂന്ന് വർഷമായും നിജപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത തസ്തികയിൽ ഏതെങ്കിലും ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത തസ്തികയിൽ 2021 വർഷത്തെ ഒരു പ്രതീക്ഷിത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുംമുൻപ് പ്രതീക്ഷിക്കാവുന്ന റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണെന്ന് വിശദമാക്കുമോ?

പ്രസ്തുത തസ്തികയിൽ 2021 വർഷത്തെ ഒരു പ്രതീക്ഷിത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

**സർക്കാർ സർവ്വീസിലെ പട്ടികവിഭാഗം ജീവനക്കാർ**

10 (10) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാരുടെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

വിവരശേഖരണം പൂർത്തിയായിട്ടില്ല.

(ബി) 2016 മുതൽ 2020 വരെയുള്ള കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് പരീക്ഷ നടത്തിയതെന്ന് അറിയിക്കുമോ; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ; പ്രസ്തുത കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ എത്ര പട്ടിക വിഭാഗക്കാർക്ക് നിയമന ശിപാർശ നൽകിയെന്ന് വ്യക്തമാക്കുമോ?

2016 മുതൽ 2020 വരെയുള്ള കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ പട്ടിക വിഭാഗക്കാർക്ക് 2622 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പരീക്ഷ നടത്തിയിട്ടുള്ള തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത കാലയളവിൽ പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-ബി) വകുപ്പ് ഏതെല്ലാം ഓഫീസുകളിൽ പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മുതൽ 2020 വരെയുള്ള കാലയളവിൽ മൃഗസംരക്ഷണ വകുപ്പ്, വ്യവസായ പരിശീലന വകുപ്പ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്, ഹയർ സെക്കണ്ടറി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകളിൽ പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.* കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വകുപ്പ് ആസ്ഥാനങ്ങളിൽ നേരിട്ടുള്ള പരിശോധന പ്രയാസകരമായ സാഹചര്യത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് 10 വർഷമോ അതിലധികമോ കാലമായി റിസർവ് ചെയ്ത തസ്തികകളിൽ ഏറ്റവും അധികം ഒഴിവുകൾ നികത്താത്തതായി കണ്ടെത്തിയ 12 വകുപ്പുകളിൽ മേൽ സൂചിപ്പിച്ച 5 വകുപ്പുകൾ ഒഴികെയുള്ള 7 വകുപ്പുകൾ ഉൾപ്പെടെ 10 വകുപ്പുകളിൽ നിയമന പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകൾ സർക്കാരിൽ വരുത്തി വിശദമായി പരിശോധിക്കുകയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലെ നിയമനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 24-2-2021-ൽ പി.എസ്.സി. ഉദ്യോഗസ്ഥരെയും ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി യോഗം ചേരുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. എൻ.സി.സി.
2. പോലീസ്
3. ഗ്രാമവികസന വകുപ്പ്
4. പൊതുമരാമത്ത് വകുപ്പ്
5. ജലസേചനവും ഭരണവും വകുപ്പ്
6. പൊതുവിദ്യാഭ്യാസ വകുപ്പ്
7. പഞ്ചായത്ത് വകുപ്പ്
8. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
9. ആരോഗ്യ വകുപ്പ്
10. വ്യാവസായിക പരിശീലന വകുപ്പ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ

11 (11) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

പ്രസ്തുത സോഫ്റ്റ്‌വെയറിനായി 12,19,987 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സോഫ്റ്റ്‌വെയർ വികസനവുമായി ബന്ധപ്പെട്ട നടപടികൾ ഏത് വർഷമാണ് ആരംഭിച്ചതെന്നും എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും വ്യക്തമാക്കുമോ?

2012-ൽ സോഫ്റ്റ്‌വെയർ വികസനവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ആരംഭിക്കുകയും 2015-ൽ " V-Smart" (Vacant Seat Monitoring and Allotment by Recruitment Terms and rules) പ്രോഗ്രാം സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ചെയ്തു. തുടർന്ന് വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് പ്രസ്തുത സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുകയുണ്ടായി. വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ പ്രസ്തുത സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്തുവരുന്നു.

(സി) സർക്കാർ സർവ്വീസിലെ പട്ടികവിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എല്ലാ വകുപ്പുകളിൽനിന്നുമുള്ള പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ടുകൾ പരിശോധിച്ച് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

## റീബിൽഡ് കേരള പദ്ധതി

12 (12) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; അവയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

വയനാട് ജില്ലയിൽ വൈത്തിരി-തരുവന റോഡ് (21.56 കി.മീ), മാനന്തവാടി-പെരിയ റോഡ് (27.30 കി.മീ) എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന 30 റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഒരു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 10 പ്രവൃത്തികളുടെ ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 14 പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 5 പ്രവൃത്തികൾക്കുള്ള വിശദ പദ്ധതി രേഖകൾ തയ്യാറാക്കി വരികയും ചെയ്യുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിംഗ് മുഖേന ജില്ലയിൽ 4 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ പുനർനിർമ്മിക്കുന്നതിന് വയനാട് ജില്ലയിൽനിന്നും 5 വില്ലേജ് ഓഫീസുകൾ (വെള്ളമുണ്ട, മുപ്പൈനാട്, പനമരം, ചീരാൽ, എടവക) തെരഞ്ഞെടുത്തിട്ടുണ്ട്. ഇവ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ മറ്റ് റവന്യൂ കെട്ടിടങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 4 പ്രവൃത്തികളും (റവന്യൂ ഡിവിഷണൽ ഓഫീസ്- മാനന്തവാടി, ലാന്റ് ട്രിബ്യൂണൽ ഓഫീസ് - മാനന്തവാടി, താലൂക്ക് ഓഫീസ് - മാനന്തവാടി (പുതിയ ബ്ലോക്ക് നിർമ്മാണം), താലൂക്ക് ഓഫീസ്- മാനന്തവാടി (പഴയ കെട്ടിടം റൂഫിംഗ്) ഉൾപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റി മുഖേന സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, മുട്ടിൽ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേയ്ക്കുള്ള സംയോജിത ജലവിതരണ പദ്ധതിക്കായി 64 കോടി രൂപ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാണാസുരസാഗർ റിസർവ്വോയറിൽ കൂട് മത്സ്യകൃഷിക്കായുള്ള ഫിഷറീസ് വകുപ്പിന്റെ 3.2 കോടി രൂപയുടെ പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിരുന്നു. കൃഷിയുടെ ആദ്യഘട്ട വിളവെടുപ്പ് നടക്കുന്നു. രണ്ടാം ഘട്ടത്തിനുവേണ്ട സീഡിംഗ് പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ മറികടക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ലൈവ്‌ലിഹുഡ് സപ്പോർട്ട് പാക്കേജിൽനിന്നും ആനുപാതികമായ ഗുണഫലം (ഏതാണ്ട് 5400-ൽപ്പരം ഗുണഭോക്താക്കൾ) വയനാട് ജില്ലയ്ക്കും ലഭിക്കും. പ്രളയാനന്തരം ജീവനോപാധികൾ സൃഷ്ടിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ സംസ്ഥാന വ്യാപകമായി കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിയുടെ ആനുപാതികമായ ഗുണഫലങ്ങൾ ജില്ലയ്ക്കും ലഭിക്കും. പ്രളയത്തിൽ നാശനഷ്ടങ്ങൾ നേരിട്ട 29 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളായി പുനർനിർമ്മിക്കുന്ന പദ്ധതിയിൽ വയനാട് ജില്ലയിലെ വേങ്ങപ്പള്ളിയിൽനിന്നും

2 അങ്കണവാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നു. ഇന്റഗ്രേറ്റഡ് ഫാമിംഗ് മുഖേന ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് ഇടുക്കി, വയനാട് ജില്ലകൾക്ക് മുൻഗണന നൽകിക്കൊണ്ട് കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഏകദേശം 1400 ഇന്റഗ്രേറ്റഡ് ഫാമിംഗ് യൂണിറ്റുകൾ വയനാട് ജില്ലയിൽ സ്ഥാപിക്കും. 900-ത്തിൽപ്പരം യൂണിറ്റുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ മണ്ണ്-ജല സംരക്ഷണത്തിലൂടെ വയനാട് ജില്ലയിലെ 6000 ഹെക്ടറോളം പ്രളയബാധിത പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനരുദ്ധാരണത്തിനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 800 ഹെക്ടറോളം പ്രദേശത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പച്ചക്കറി-പുഷ്പോൽപ്പാദനവുമായി ബന്ധപ്പെട്ട് അമ്പലവയലിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ സംസ്ഥാന വ്യാപകമായി കൃഷിവകുപ്പ് നടത്തുന്ന വിവിധ പദ്ധതികളുടെ ആനുപാതിക ഗുണഫലങ്ങളും ജില്ലയ്ക്ക് ലഭിക്കും. ക്ലീൻ കേരള കമ്പനി മുഖേന ജില്ലാതല മാലിന്യ സംഭരണത്തിനും തരംതിരിവിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിപ്രകാരം വയനാട് ജില്ലയിലും ഇത്തരം കേന്ദ്രം സ്ഥാപിക്കും. ഇത്തരത്തിൽ വയനാട് ജില്ലയുമായി ബന്ധപ്പെട്ട് ഏതാണ്ട് 450 കോടി രൂപയുള്ള പദ്ധതികൾക്ക് നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) റീബിൽഡ് കേരള പദ്ധതി പ്രകാരം പുനർനിർമ്മിക്കാൻ ഉദ്ദേശിച്ച വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

15-11-2019-ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ 30 തദ്ദേശ റോഡുകളുടെ പുനർനിർമ്മാണം റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. 21 റോഡുകൾ DBMT (Design-Build-Maintain-Transfer) രീതിയിൽ പൂർത്തീകരിക്കാനും 9 റോഡുകൾ Item Rate Contract രീതിയിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 3 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും DBMT രീതിയിൽ പുനർനിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ മുന്നോട്ട് വരാതിരുന്ന സാഹചര്യത്തിൽ, 25-5-2020-ലെ ഉത്തരവ് പ്രകാരം ഈ പ്രവൃത്തികൾ Item Rate Contract രീതിയിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചു. തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തിവരുന്നു.

## ലോക്ഡൗൺ കാലത്തെ പി.എസ്.സി. നിയമനങ്ങൾ

13 (13) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രൂക്ഷമായതിനെത്തുടർന്ന് ഏർപ്പെടുത്തിയ ലോക്ഡൗണും, ട്രിപ്പിൾ ലോക്ഡൗണുംമൂലം പി.എസ്.സി. നിയമനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ?

ലോക്ഡൗൺ, ട്രിപ്പിൾ ലോക്ഡൗൺ കാലയളവുകളിൽ സർക്കാർ അനുവദിച്ച തരത്തിൽ ഉദ്യോഗസ്ഥർ ഹാജരായി റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിവരുന്നു.

(ബി) എങ്കിൽ ലോക്ഡൗൺ പി.എസ്.സി. നിയമനങ്ങളെ ബാധിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് പി.എസ്.സി.-യിൽ നടപ്പിലാക്കിയിട്ടുള്ളത് ?

ലോക്ഡൗണിന്റെ ഭാഗമായി താൽക്കാലികമായി നിർത്തിവച്ചിട്ടുള്ള പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപനം നിയന്ത്രണ വിധേയമായാൽ ഉടൻതന്നെ നടത്തുന്നതാണ്.

## കാലാവസ്ഥാ നിരീക്ഷണത്തിനായി സ്വകാര്യ സ്ഥാപനങ്ങളുടെ സഹായം

14 (15) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക രംഗത്ത് കാലാവസ്ഥാ നിരീക്ഷണത്തിനായി സ്വകാര്യ സ്ഥാപനങ്ങളുടെ സഹായം തേടാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

2020 ഏപ്രിൽ 30-ന് ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ തീരുമാനപ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് കാലാവസ്ഥാ പ്രവചനത്തിൽ 4 പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളുമായി സഹകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത്

പ്രകൃതിക്ഷോഭങ്ങൾ തുടർച്ചയായി ആവർത്തിക്കപ്പെടുന്ന ഘട്ടത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുകൾ അപര്യാപ്തമായതിനാൽ ദുരന്ത സാധ്യതാ വിശകലനം സമഗ്രമാക്കുന്നതിന് കാലാവസ്ഥാ മുന്നറിയിപ്പുകൾ വേഗത്തിലും കൃത്യമായും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്. ഒരുവർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയായിരിക്കും ഇവ ഉപയോഗിക്കുക. ദുരന്തനിവാരണ അതോറിറ്റി സംസ്ഥാനത്തെ കാലാവസ്ഥ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് ഇവരുടെ സേവനങ്ങൾ വിലയിരുത്തുകയും ശേഷം ഈ സമിതിയുടെ ശിപാർശയനുസരിച്ച് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) ഏതെല്ലാം സ്വകാര്യ ഏജൻസികളുടെ സേവനമാണ് ഇക്കാര്യത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

Earth Networks, IBM Weather company, Skymet എന്നീ 3 സ്ഥാപനങ്ങളുടെ സേവനങ്ങളാണ് നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ Earth Networks ഇടിമിന്നൽ മുന്നറിയിപ്പുകളാണ് ലഭ്യമാക്കുന്നത്. IBM Weather company അവർ വികസിപ്പിച്ചെടുത്ത high resolution model ആയ IBM GRAF മോഡൽ നൽകുന്ന പ്രവചനവും skymet കേരളത്തിൽ സ്ഥാപിച്ചിരിക്കുന്ന 100 ഓട്ടോമേറ്റഡ് കാലാവസ്ഥാമാപിനികളുടെ തത്സമയ വിവരങ്ങളുമാണ് പ്രധാനമായും ലഭ്യമാക്കുന്നത്.

(സി) ദുരന്ത ലഘൂകരണത്തിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

അതിതീവ്ര മഴ മുമ്പെങ്ങുമില്ലാത്തവിധം കേരളത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം അതിതീവ്ര മഴ പെയ്യുന്ന ദിനങ്ങളുടെ എണ്ണത്തിലും മഴയുടെ തോതിലും വലിയ വർദ്ധനവ് സൃഷ്ടിച്ചിട്ടുണ്ട്. ഇത് താഴ്ന്ന പ്രദേശങ്ങളിലും നഗരങ്ങളിലും വെള്ളക്കെട്ടുകളും പ്രളയങ്ങളും മലയോരമേഖലകളിൽ ഉരുൾപൊട്ടലുകളും സൃഷ്ടിക്കുന്നു. അതിതീവ്ര മഴയെ നിയന്ത്രിക്കുക അസാധ്യമായതിനാൽ അതുമൂലമുണ്ടാകുന്ന ദുരന്ത സാധ്യതകളെ നേരിടുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള ക്രിയാത്മകമായ ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. മഴക്കാലകെടുതികൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ ശാസ്ത്രീയമായും കാര്യക്ഷമമായുമാണ് സർക്കാർ നടത്തുന്നത്. മഴക്കാലത്തിന് മുന്നോടിയായി മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും

യോഗം വിളിച്ചുചേർത്ത് സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നു. മുഴുവൻ വകുപ്പുകൾക്കും ദുരന്ത ലഘൂകരണ, പ്രതിരോധ, പ്രതികരണ പ്രവർത്തനങ്ങൾക്ക് സുവ്യക്തമായ മാർഗ്ഗരേഖ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തെ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ദുരന്ത സാഹചര്യം ഉണ്ടായാൽ ഏതുവിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായ മാർഗ്ഗനിർദ്ദേശം നൽകുന്ന കൈപുസ്തകമായ ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിച്ചു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ കോവിഡ് സാഹചര്യവും കണക്കിലെടുത്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 2021-ൽ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുണ്ട്. ദുരന്തനിവാരണ പ്ലാനുകൾ-പ്രളയ സാധ്യതാ ഭൂപടങ്ങൾ സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് പുറമെ കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രളയം ഉൾപ്പെടെയുള്ള എല്ലാ ദുരന്തങ്ങളും നേരിടുന്നതിനുള്ള തയ്യാറെടുപ്പുകളിൽ ദുരന്ത നിവാരണ പ്ലാനുകൾക്ക് സുപ്രധാനമായ പങ്ക് വഹിക്കാൻ സാധിക്കും.

നദികളിലെ എക്കലും മണലും നീക്കം ചെയ്യൽ: നദികളിൽ വന്ന് അടിഞ്ഞിട്ടുള്ള എക്കലും മണലും നീക്കം ചെയ്യുന്നതിനും നദികളെയും മറ്റ് ജലാശയങ്ങളെയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധയാണ് നൽകുന്നത്. നെതർലൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പാക്കുകയാണ് ലക്ഷ്യം. നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള നടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

മുന്നറിയിപ്പ് സംവിധാനം: രാജ്യത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള ഏജൻസിയായ കേന്ദ്ര ജലകമ്മീഷനുമായി സഹകരിച്ച് സംസ്ഥാനത്തെ 30 നദികളിലായുള്ള 39 സ്റ്റേഷനുകളിലെ വിവരങ്ങൾ ഇപ്പോൾ ലഭ്യമാണ്. കേരളത്തിലെ കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിന് ആവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കാലാവസ്ഥാ വകുപ്പിന്റെ സേവനങ്ങളോടൊപ്പം മറ്റ് സ്വകാര്യ ഏജൻസികളുടെയും ഈ മേഖലയിലുള്ള സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിന്റെ സാധ്യതകൾ ഒരു വിദഗ്ധസമിതി പഠന വിധേയമാക്കി വരികയാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും.

കൂടാതെ അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നമ്മുടെ നദികളുടെ പ്രളയ സാധ്യത പ്രളയ മോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ലഘൂകരണ-പ്രതിരോധ പ്രോജക്ട് (NCRMP) മുഖേന കേരളത്തിൽ 17 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചുവരികയാണ്. അതിൽ 7 എണ്ണം ഉദ്ഘാടനം കഴിഞ്ഞു. 3 എണ്ണം പൂർത്തിയായി വരുന്നു. ദുരന്ത സാഹചര്യത്തിൽ ശരാശരി ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സൗകര്യത്തോടുകൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത്. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള കെട്ടിടത്തിന്റെ പരിപാലന ചുമതല പഞ്ചായത്തുകൾക്കായിരിക്കും. NCRMP ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early Warning System) വരികയാണ്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുന്ന സുരക്ഷയാനം മൊബൈൽ ആപ്പിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലെത്തിക്കുന്നതിന് സഹായകമാകും.

<u>രക്ഷാപ്രവർത്തനം</u>: ദുരന്തങ്ങൾ സംഭവിക്കുന്ന ഘട്ടത്തിൽ ഏറ്റവും മികച്ച രീതിയിലുള്ള രക്ഷാപ്രവർത്തനത്തിനായി ആവശ്യമായ കേന്ദ്ര സേനകൾ മുൻകൂറായി വിന്യസിക്കുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കുന്ന 194 സ്ഥലങ്ങൾ കണ്ടെത്തി വ്യോമസേനയ്ക്ക് കൈമാറി. സംസ്ഥാനത്തെ പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് എന്നിവയെ സജ്ജമാക്കി. കൂടാതെ 3.5 ലക്ഷം സന്നദ്ധപ്രവർത്തകരുടെ സന്നദ്ധസേന ഉണ്ടാക്കി. കേന്ദ്രപദ്ധതിയായ ആപ്തമിത്ര രാജ്യത്ത് ആദ്യമായി മാതൃകാപരമായി നടപ്പിലാക്കി. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ നേതൃത്വത്തിൽ ശക്തമായ സിവിൽ ഡിഫൻസ് സംവിധാനവും രൂപീകരിച്ചു.

<u>പുനരധിവാസം</u>: ദുരന്തഘട്ടങ്ങളിൽ ജനങ്ങളെ മാറ്റുന്നതിനായി ഏറ്റവും നിലവാരമുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ദുരന്തങ്ങളിൽ അപകടം സംഭവിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാരത്തുകയാണ് കേരളത്തിൽ നൽകിവരുന്നത്. ഇതിനുപുറമെ 2018-ലെ പ്രളയശേഷം വ്യാപാരികളെ സഹായിക്കുന്നതിനായി തയ്യാറാക്കിയ ഉജ്ജീവന വായ്പാ പദ്ധതി പോലെയുള്ളവയും നടപ്പാക്കിയിട്ടുണ്ട്.

കടലാക്രമണം: കേരളത്തിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണ് തീരപ്രദേശങ്ങൾ. ദേശീയ തലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ലെങ്കിലും കേരളത്തിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ അധികാരം ഉപയോഗിച്ച് തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കടലാക്രമണം രൂക്ഷമാകുന്ന ഘട്ടങ്ങളിൽ ജിയോബാഗുകൾ, മണൽ ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും പഞ്ചായത്തിന് പരമാവധി 4 ലക്ഷം, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം, കോർപ്പറേഷന് 7 ലക്ഷം എന്നിങ്ങനെ തുക ഉപയോഗിച്ചുകൊണ്ട് കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ തീരസംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഇടങ്ങളിൽ കടൽ ഭിത്തി നിർമ്മിച്ചും 50 മീറ്റർ വേലിയേറ്റ പരിധിയുടെ അകത്തുവരുന്ന ദുരന്ത സാധ്യതയുള്ള വീടുകളിൽ താമസിക്കുന്നവരെ അപകടങ്ങൾ സംഭവിക്കുന്നതിനുമുൻപ് പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പുനർഗേഹം പദ്ധതി കൂടുതൽ വിപുലമാക്കും. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളെ ബാധിക്കാത്ത തരത്തിലും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയുമാണ് പദ്ധതി നടപ്പാക്കുന്നത്.

## ഉപയോഗിച്ച് കളയുന്ന മാസ്കുകൾ അടക്കമുള്ള കോവിഡ് പ്രതിരോധ സാമഗ്രികളുടെ ശാസ്ത്രീയമായ സംസ്കരണം

15 (16) ശ്രീ. മുഹമ്മദ് മുഹസിൻ .: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള മാസ്കുകളും പി.പി.ഇ. കിറ്റ് അടക്കമുള്ള സാമഗ്രികളും അലക്ഷ്യമായി വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ശിക്ഷ ലഭിക്കാവുന്ന കുറ്റമായി പരിഗണിക്കുന്നതിനുള്ള നടപടികൾ സീകരിക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള മാസ്കുകളും പി.പി.ഇ. കിറ്റ് അടക്കമുള്ള സാമഗ്രികളും കൃത്യമായ രീതിയിൽ നശിപ്പിക്കുന്നതിനുവേണ്ട വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും

നൽകിയിട്ടുണ്ട്. അവ ആ രീതിയിൽതന്നെ നശിപ്പിച്ചു കളയുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് സ്ഥാപന മേധാവികളുടെ ഉത്തരവാദിത്വമാണ്. കോവിഡ് പ്രതിരോധ സാമഗ്രികൾ വിതരണം ചെയ്യുന്ന വേളയിൽത്തന്നെ ഉപയോഗശേഷം അവ എങ്ങനെ കൈകാര്യം ചെയ്യേണ്ടതെന്ന മാർഗ്ഗനിർദ്ദേശവും നൽകുന്നുണ്ട്. എങ്കിലും ചില സ്ഥലത്ത് പി.പി.ഇ. കിറ്റ് അടക്കമുള്ള സാമഗ്രികൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ അവ അടിയന്തരമായി നീക്കം ചെയ്യുന്നതിനും കൃത്യമായി നശിപ്പിക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകിയിട്ടുണ്ട്. ഇവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് രോഗപ്പകർച്ച ഉണ്ടാക്കുമെന്നതിനാൽ പകർച്ചവ്യാധി നിയന്ത്രണ നിയമപ്രകാരം പ്രസ്തുത വ്യക്തികൾക്കോ/സ്ഥാപനത്തിനെതിരെയോ നടപടി സ്വീകരിക്കുന്നതാണ്.

## പി.എസ്.സി. പരീക്ഷ പരിഷ്കരണം

16 (17) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 കാരണം സംസ്ഥാനത്ത് പി.എസ്.സി. പരീക്ഷകൾ യഥാസമയം നടത്താൻ കഴിയാത്തതുമൂലം വലിയ തോതിൽ യുവതീ യുവാക്കൾക്ക് തൊഴിൽ നഷ്ടമായിട്ടുണ്ടോ?

ഇല്ല.

(ബി) കോവിഡ്-19-ന്റെ സാഹചര്യത്തിൽ പി.എസ്.സി. പരീക്ഷകളുടെ നടത്തിപ്പിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിലെ പരീക്ഷാ നടത്തിപ്പ് പരിഷ്കരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര പേർക്കാണ് ജോലി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

25-5-2016 മുതൽ 20-5-2021 വരെ 161361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന്) നിയമന ശിപാർശകളാണ് നൽകിയിട്ടുള്ളത്.

## പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ

17 (18) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 25 മുതൽ 2021 മേയ് 3 വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്?

25-5-2016 മുതൽ 20-5-2021 വരെ 161361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന്) നിയമന ശിപാർശകളാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ എത്രപേർ ടി കാലയളവിൽ ജോലിയിൽ പ്രവേശിച്ചു; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പി.എസ്.സി. മുഖേന നിയമനങ്ങൾ

18 (19) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന സംസ്ഥാന-ജില്ലാ തലങ്ങളിൽ എത്ര നിയമനങ്ങളാണ് നടത്തിയത്; വിശദാംശം നൽകുമോ?

25-05-2016 മുതൽ 20-05-2021 വരെ 161361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന്) നിയമന ശിപാർശകളാണ് നൽകിയിട്ടുള്ളത്.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ അഡ്വൈസ് മെമ്മോ അയക്കുന്നതുവരെയുള്ള നടപടിക്രമങ്ങളിൽ ഇപ്പോഴും കാലതാമസം ഉണ്ടാകുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) എങ്കിൽ ആയത് പരിഹരിക്കാനും നടപടിക്രമങ്ങൾ സമയബന്ധിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ?

റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ നിയമന ശിപാർശ നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകൾക്ക് അനിവാര്യമായ സമയക്രമം പാലിച്ച് പരീക്ഷകൾ നടത്തി നിയമന നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെയും ഇന്റർവ്യൂവിന്റെയും സുതാര്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ ഒ.എം.ആർ./ വിവരണാത്മക പരീക്ഷകൾക്ക് സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് ചോദ്യപേപ്പർ പാക്കറ്റുകളുമായി പരീക്ഷാ ദിവസം പി.എസ്.സി. ഉദ്യോഗസ്ഥർ നേരിട്ടെത്തി പരീക്ഷാ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നു. പരീക്ഷ എഴുതാനാവശ്യമായ പേനയും കുടിവെള്ളവും മാത്രമേ പരീക്ഷാ ഹാളിൽ അനുവദിച്ചിട്ടുള്ളൂ. A, B, C, D എന്നീ നാല് കോഡുകളിലുള്ള ചോദ്യപേപ്പറുകളാണ് ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നത്. പരീക്ഷാനന്തരം പി.എസ്.സി. ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പ്രത്യേക സെക്യൂരിറ്റി ലേബലുകൾ ഒട്ടിച്ചാണ് ഉത്തരക്കടലാസ് പാക്കറ്റുകൾ പി.എസ്.സി. ഓഫീസിൽ എത്തിക്കുന്നത്. അഭിമുഖങ്ങളുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിനായി ഇന്റർവ്യൂ ബോർഡിലെ അംഗങ്ങളുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു തസ്തികയുടെ അഭിമുഖത്തിന് ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനത്തിന്റെ മേധാവിയുടെ പ്രതിനിധിയെയും വിഷയ വിദഗ്ധനേയും ഇന്റർവ്യൂ ബോർഡിൽ ഉൾപ്പെടുത്തുന്നുണ്ട്. വിഷയ വിദഗ്ധരോടും വകുപ്പ് മേധാവികളോടും ഇന്റർവ്യൂവിന്റെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കണമെന്നും അത് നഷ്ടപ്പെടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നും മുൻകൂട്ടി അറിയിച്ചാണ് ബോർഡിൽ ഉൾപ്പെടുത്തുന്നത്. അഭിമുഖത്തിനുമുമ്പ് അഭിമുഖ ബോർഡിലുള്ള വ്യക്തികൾക്ക് ആ ബോർഡിൽ പങ്കെടുക്കുന്ന മറ്റ് അംഗങ്ങൾ, ഉദ്യോഗാർത്ഥികൾ എന്നിവർ ആരെന്ന് അറിയാൻ സാധിക്കില്ല. അഭിമുഖത്തിന്റെ വിശ്വാസ്യത നിലനിർത്തുന്നതിനായി അഭിമുഖത്തിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക് റാങ്ക് ലിസ്റ്റിനോടൊപ്പം ഉൾപ്പെടുത്താറുണ്ട്. അഭിമുഖത്തെക്കുറിച്ച് ലഭിക്കുന്ന പരാതികളിന്മേൽ പി.എസ്.സി. തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനം

19 (20) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് ബൈ ട്രാൻസ്ഫർ നിയമനം നടത്തുന്നതിനായി പരീക്ഷ നടത്തിയത്; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ?

2016 മുതൽ 2020 വരെ ബൈ ട്രാൻസ്ഫർ നിയമനത്തിനായി നടത്തിയ പരീക്ഷകളുടെ തസ്തിക തിരിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016 മുതൽ 2020 വരെ എത്ര പേർക്ക് ബൈട്രാൻസ്ഫർ നിയമനത്തിനായി നിയമന ശിപാർശ നൽകി; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ?

2016 മുതൽ 2020 വരെ 5263 (അയ്യായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന്) പേർക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനായി നിയമന ശിപാർശ നൽകിയിട്ടുണ്ട്. തസ്തിക തിരിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 16(4 എ)-യുടെ അടിസ്ഥാനത്തിൽ കെ.എസ്.&എസ്.എസ്.ആർ. ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ ബൈട്രാൻസ്ഫർ നിയമനങ്ങളിൽ സംവരണം അനുവദിക്കുന്നതിന് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ വ്യവസ്ഥയില്ല.

## തസ്തികകളുടെ കൈമാറ്റം

20 (21) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിക്കൊണ്ടിരുന്ന ഏതെങ്കിലും തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നേരിട്ട് നിയമനം നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിക്കൊണ്ടിരുന്ന സർക്കാർ വകുപ്പിലെ ജീവനക്കാരെയും തസ്തികകളെയും കൈമാറുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

&

(സി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട സർക്കാർ വകുപ്പിലെ തസ്തികകൾ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറുന്ന നിലപാടിൽനിന്നും പിന്തിരിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്**

21 (22) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പത്ത് വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നയപരമായ തീരുമാനം കൈക്കൊണ്ടിരുന്നോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളിൽ/കോർപ്പറേഷനുകളിലാണ് ഇപ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത്; വിശദാംശം നൽകുമോ;

(സി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയ നടപടിയാണ് കോടതി തടഞ്ഞിട്ടുള്ളത്;

(ഡി) പത്ത് വർഷം പൂർത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക എന്ന നയം തുടരാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

&

(ഇ) പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഇടം നേടിയിട്ടുള്ള ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെ സാരമായി ബാധിക്കുന്ന പ്രസ്തുത നടപടി പുനഃപരിശോധിക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പ്രകൃതി ദുരന്തങ്ങളേയും മഹാമാരിയേയും നേരിടുന്നതിനായുള്ള കേരളത്തിന്റെ കരുതൽ പദ്ധതികൾ

22 (23) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളേയും മഹാമാരിയേയും നേരിടുന്നതിൽ ലോകത്തിന് മാതൃകയായ കേരളത്തിന്റെ കരുതൽ പദ്ധതികളും പരിപാടികളും വിശദീകരിക്കുമോ?

പലവിധ പ്രകൃതി ദുരന്തങ്ങളും മഹാമാരികളും അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് കേരളത്തിലുള്ളത്. 2018-ലെ മഹാപ്രളയവും 2019-ലെ പ്രളയവും നിപ പോലുള്ള മഹാമാരികളും കോവിഡ്-19-ന്റെ അതിരൂക്ഷമായ വ്യാപനവും കേരളത്തെ വല്ലാതെ പിടിച്ചുലച്ചിട്ടുണ്ട്. സാമൂഹിക സാമ്പത്തിക മേഖലകളിൽ ഇവ ഏൽപ്പിച്ച ആഘാതം ചെറുതൊന്നുമല്ല. എന്നിരുന്നാലും ഇത്തരം ദുരന്തങ്ങളെ ഫലപ്രദമായി ചെറുക്കാൻ നമ്മുടെ ദുരന്ത നിവാരണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. പലവിധത്തിലുള്ള ദുരന്തപ്രതികരണ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ദുരന്തങ്ങളുടെ തീവ്രത കുറയ്ക്കാനും ജനജീവിതത്തെ സാധാരണ നിലയിൽ നിലനിർത്തിക്കൊണ്ടുപോകാനും സാധിച്ചതിലൂടെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ലോകത്തിനുതന്നെ മാതൃകയായിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പ്രളയങ്ങളിൽനിന്നും മറ്റ് ദുരന്തങ്ങളിൽനിന്നും പാഠം ഉൾക്കൊണ്ട് പുതുക്കി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ കേരളത്തിന്റെ ദുരന്ത പ്രതികരണ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. രാജ്യത്ത് ആദ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കടലാക്രമണവും കടൽകയറ്റവും സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയും ഇവ ആശങ്കയിലാഴ്ത്തുന്ന തീരദേശവാസികൾക്കായി രാജ്യത്ത് ആദ്യമായി മാതൃകാപരമായ ഒരു പുനരധിവാസ പാക്കേജ് അവതരിപ്പിക്കാനും കേരളത്തിന് സാധിച്ചിട്ടുണ്ട്. 'പുനർഗേഹം' പദ്ധതിപ്രകാരം അപകടകരമായ തീരങ്ങളിൽ താമസിക്കുന്നവർക്കും 50 മീറ്റർ വേലിയേറ്റ പരിധിയിലുള്ളവർക്കും സുരക്ഷിതമായ ഇടങ്ങളിൽ ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപവരെ സർക്കാർ ധനസഹായം നൽകുന്നുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ കടൽ കയറിവരുന്ന സാഹചര്യംകൂടി മുന്നിൽകണ്ടുകൊണ്ടുള്ള പുനരധിവാസ പദ്ധതിയാണ് താൽക്കാലികാശ്വാസം മാത്രമാകുന്ന മറ്റ് പ്രതിരോധമാർഗ്ഗങ്ങളേക്കാൾ അഭികാമ്യം.

കടൽഭിത്തി നിർമ്മാണത്തിനായി കുറച്ചുകൂടി പ്രകൃതി സൗഹാർദ്ദമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ് സർക്കാർ. ഇത്തരം രീതികൾ പരീക്ഷിച്ച്, വിജയിക്കുന്ന നല്ല മാതൃകകൾ പ്രദേശങ്ങളുടെ സ്വഭാവംകൂടി പരിഗണിച്ച് വ്യാപിപ്പിക്കും. ഓഖി ദുരന്താനന്തരം കേരളത്തിലെ ചുഴലിക്കാറ്റ് പ്രതിരോധ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ദുരന്ത ബാധിതരുടെ പുനരധിവാസത്തോടൊപ്പം കേരളത്തിന്റെ ദുരന്ത നിവാരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും ഊന്നൽ നൽകി. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി 17 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽറ്ററുകൾ നിർമ്മിച്ചുവരികയാണ്. അതിൽ 7 എണ്ണം പൂർത്തീകരിച്ചു. 3 എണ്ണം കൂടി പൂർത്തിയായി വരുന്നു. ദുരന്ത സാഹചര്യത്തിൽ ശരാശരി ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സൗകര്യത്തോടുകൂടിയാണ് ഷെൽറ്ററുകൾ ഒരുങ്ങുന്നത്. വലിയ ഹാളുകൾ, ശൗചാലയ സമുച്ചയങ്ങൾ, അടുക്കള, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ തുടങ്ങിയവ അടങ്ങിയതാണ് ഷെൽറ്ററുകൾ. ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിലുള്ള കെട്ടിടത്തിന്റെ പരിപാലനച്ചുമതല പഞ്ചായത്തുകൾക്കായിരിക്കും. NCRMP ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനം ഒരുക്കി (Early Warning Dissemination System) വരുന്നു. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പുകൾ അതിവേഗമെത്തിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. ഇവ ഉപയോഗപ്പെടുത്താനുള്ള സുരക്ഷാ പരിശീലന പരിപാടികളും ഇതോടൊപ്പം നടക്കുന്നു. ISRO-യുടെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചെടുത്ത 'നാവിക് ഉപകരണം വഴി കരയിൽനിന്ന് മുന്നറിയിപ്പ് ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ സഹായത്തോടെ വേഗത്തിൽ എത്തിക്കാൻ സാധിക്കും. തിരിച്ച് മത്സ്യത്തൊഴിലാളി ആഴക്കടലിൽ കാണുന്ന അപകടം കരയിൽ സുരക്ഷാ സേനയെക്കൂടി അറിയിക്കാൻ ഉതകുന്ന രീതിയിൽ 'നാവിക് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായതും ബോട്ടുകളുടെ വലിപ്പത്തിനും സ്വാഭാവത്തിനുമനുസരിച്ച് കസ്റ്റമൈസ് ചെയ്തതുമായ കൂടുതൽ മെച്ചപ്പെട്ട മുന്നറിയിപ്പ് രീതികളിലേയ്ക്ക് മാറാനുള്ള പഠനങ്ങളും ഗവേഷണങ്ങളും ദേശീയ സമുദ്ര സ്ഥിതിപഠന കേന്ദ്രവുമായി ചേർന്ന് നടക്കുന്നു. പ്രത്യേകമായ പരിശീലനത്തിനുപുറമെ ലൈഫ് ജാക്കറ്റുകളും മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ ഫോണുകളും നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കടലിൽ ഏകദേശം 150 നോട്ടിക്കൽ മൈൽ ദൂരംവരെ റേഡിയോ സിഗ്നലുകൾ നിലവിൽ ലഭ്യമാണ്. കേരളത്തിലെ

മത്സ്യത്തൊഴിലാളികളിൽ പലരും ഇത് ഉപയോഗിക്കുന്നവരുമാണ്. കേരളത്തിലെ കാലാവസ്ഥാ പ്രവചനങ്ങൾ കൂടുതൽ കൃത്യവും കാര്യക്ഷമവുമാക്കുന്നതിന് കേന്ദ്രകാലാവസ്ഥാ വകുപ്പുമായി ബന്ധപ്പെട്ട് കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻവേണ്ട സാങ്കേതിക സൗകര്യങ്ങളൊരുക്കുകയും റിയൽടൈം മോണിറ്ററിംഗുംകൂടി സാധ്യമാക്കാൻ പ്രാപ്തിയുള്ള 100 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകൾ (AWS) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി കൃത്യമായ പഠനം നടത്തി ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിക്കഴിഞ്ഞു. കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന രണ്ട് റഡാറുകൾക്ക് പുറമെ മലബാറിൽ ഒരു റഡാർ കൂടി സ്ഥാപിക്കണമെന്നും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രകാലാവസ്ഥാ വകുപ്പ് കേരളത്തിൽ പ്രാദേശിക ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരളത്തിനായി സമഗ്രമായ ഒരു Heat Action Plan സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. അപകടകാരിയായ അൾട്രാവയലറ്റ് രശ്മികളെ അളക്കാനുള്ള സംവിധാനം നിലവിലില്ല. ആയതിനാൽ മികച്ച ഒരു മുന്നറിയിപ്പ് സംവിധാനമൊരുക്കാൻ കേരളത്തിലെ എല്ലാ ജില്ലകളിലും UV Index സെൻസറുകൾ വയ്ക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. വെള്ളപ്പൊക്ക മുന്നൊരുക്ക സംവിധാനങ്ങൾ കേന്ദ്ര ജലകമ്മീഷന്റെ സഹകരണത്തോടെ മെച്ചപ്പെടുത്തുകയാണ്. വിവരങ്ങൾ ജനങ്ങളിലേയ്ക്കും ഉദ്യോഗസ്ഥരിലേയ്ക്കും കൃത്യമായി എത്തിക്കാൻ ലൊക്കേഷൻ ബേസ്ഡ് മെസ്സേജിംഗ് സിസ്റ്റത്തിനുപുറമെ ആൻഡ്രോയിഡ് ആപ്ലിക്കേഷനും നിർമ്മിച്ചുകൊണ്ട് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ആളുകളിലേയ്ക്ക് മുന്നറിയിപ്പുകളും വിവരങ്ങളുമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്കൂൾ സേഫ്റ്റി, ഹോസ്പിറ്റൽ സേഫ്റ്റി, ഉദ്യോഗസ്ഥ സംവിധാനം കാര്യക്ഷമവും ഏകോപനം എളുപ്പവു**വു**മാക്കാൻ മുഴുവൻ സർക്കാർ വകുപ്പുകളിലും ദുരന്ത നിവാരണ സാങ്കല്പിക ഉദ്യോഗസ്ഥ ശ്രേണി തുടങ്ങി നിരവധി ഹ്രസ്വകാല, ദീർഘകാല പദ്ധതികളും നടപ്പിലാക്കി വരികയാണ്. കോവിഡ്-19 എന്ന മഹാമാരിയുമായുള്ള പോരാട്ടത്തിനുള്ള പടയൊരുക്കം ആദ്യം തുടങ്ങിയ സംസ്ഥാനമാണ് കേരളം. ലോകത്ത് അധികമാരും ഈ മഹാമാരിയെക്കുറിച്ച് ചിന്തിച്ച് തുടങ്ങുന്നതിനു മുമ്പുതന്നെ സർക്കാർ കോവിഡ്-19-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. കോവിഡ്-19 ചൈനയിൽ ബാധിച്ചത് അറിഞ്ഞയുടൻതന്നെ ദുരന്ത നിവാരണ വകുപ്പും ആരോഗ്യവകുപ്പും പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും മികച്ച രീതിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത സാധ്യതാ മേഖലയിലാണെന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ സംസ്ഥാന ദുരന്ത നിവാരണ

അതോറിറ്റി നിയമിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുള്ളതാണ്.

(ബി) ഇത്തരം ദുരിതങ്ങളെ അതിജീവിക്കുന്നതിന് വിദ്യാർത്ഥി-യുവജന സമൂഹത്തിന് ആവശ്യമായ പരിശീലനം നൽകുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ദുരന്തങ്ങളെ അതിജീവിക്കുന്നതിന് വിദ്യാർത്ഥി-യുവജന സന്നദ്ധ പ്രവർത്തകരുടെ പങ്ക് വളരെ വലുതാണ്. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജനപങ്കാളിത്തത്തിൽ സന്നദ്ധസേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ട് സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. ദുരന്ത സാഹചര്യങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിന് ഉതകുന്ന രീതിയിൽ സമഗ്ര പരിശീലനം സിദ്ധിച്ച സേനാംഗങ്ങളെയാണ് സജ്ജമാക്കിയിട്ടുള്ളത്. എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ 10 പേരടങ്ങുന്ന സേനയാണ് സജ്ജമാക്കിയിട്ടുള്ളത്. കൂടാതെ സിവിൽ ഡിഫൻസ് പദ്ധതി രൂപീകരിച്ച് ആറായിരത്തോളം യുവാക്കൾക്ക് പരിശീലനം നൽകി സംസ്ഥാന വ്യാപകമായി സജ്ജമാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ദേശീയ ശ്രദ്ധയാകർഷിച്ച 'ആപ്ത മിത്ര' എന്ന പദ്ധതിപ്രകാരം 200 വോളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. മൂന്നരലക്ഷം യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ലോകത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ ഒരു സാമൂഹ്യ സന്നദ്ധ സേന രൂപീകരിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. സ്കൂൾ സുരക്ഷാ പദ്ധതിപ്രകാരം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ദുരന്ത നിവാരണ പരിശീലനം നൽകുകയും അതിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

## പ്രളയ കാരണത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ട്

23(24) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ അതിതീവ്രമഴയും അതിനെത്തുടർന്നുള്ള വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടായതിനുള്ള കാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2019 ആഗസ്റ്റ് 22-ന് രൂപീകരിച്ച സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ദുരന്ത നിവാരണ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

<u>തീവ്രമഴയുമായി ബന്ധപ്പെട്ട കെടുതികൾ</u>: സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്കൈ മെറ്റ് എന്ന കാലാവസ്ഥ പ്രവചന കമ്പനിയുടെ 100 സ്റ്റേഷനുകളിൽനിന്നും തത്സമയ കാലാവസ്ഥ വിവരങ്ങൾ ശേഖരിക്കുന്നു. അതോടൊപ്പം കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്നും വെള്ളപ്പൊക്ക പ്രവചനത്തിനായി ഐ.ബി.എം., എർത് നെറ്റ്‌വർക്ക് എന്നീ കമ്പനികളിൽനിന്നും കൃത്യതയുള്ള ഡാറ്റകൾ ശേഖരിക്കുന്നു. കൂടാതെ പൊതു- സ്വകാര്യ ഭൂമികളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഒരു പ്രത്യേക നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

<u>ഉരുൾപൊട്ടൽ</u>: മണ്ണ് പരിപാലന വകുപ്പും പ്രാദേശിക ഭരണകൂടവും സംയുക്തമായി, തിട്ടകൾ ഇടിയാൻ സാധ്യതയുള്ള റോഡുകളുടെ വശങ്ങളിൽ കയർ ഭൂവസ്ത്രം, രാമച്ചം എന്നിവ ഉപയോഗിച്ചുള്ള ജൈവ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിവരുന്നു. മണ്ണിന്റെ ഈർപ്പവും രാസ ഭൗതിക നിലവാരവും പരിശോധിക്കാനും നിരീക്ഷിക്കാനും മണ്ണ് സംരക്ഷണ വകുപ്പിന് പരിശോധനാ പ്ലോട്ടുകളും നിരീക്ഷിക്കുന്നതിന് ഒരു സ്ഥിരം സംവിധാനവും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

<u>വെള്ളപ്പൊക്കം</u>: പുഴയിലെ ജലനിരപ്പ് നിരന്തരം നിരീക്ഷിക്കുന്നതിനുതകുന്ന സംവിധാനം സ്ഥാപിക്കാൻ കേന്ദ്ര ജല കമ്മീഷന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു. മഴ പ്രവചന വിവരങ്ങളുടെയും നദിയുടെ ജലനിരപ്പിന്റെ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏറ്റവും പുതിയ തത്സമയ വെള്ളപ്പൊക്ക മോഡലിംഗ് നടത്തണമെന്ന് കേന്ദ്ര ജലകമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദുരന്ത സാധ്യത പ്രദേശങ്ങളിലെ സുസ്ഥിര ഭവന നിർമ്മാണം: മലയോര മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്ഥല പരിശോധന ഉറപ്പുവരുത്തേണ്ടത് എങ്ങനെയെന്ന് നിർണ്ണയിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ഈ കമ്മിറ്റി വിശദമായ ഒരു ചെക്ക്‌ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉരുൾപൊട്ടൽ, പ്രളയ സാധ്യതാ മേഖലകളിൽ ഏത് രീതിയിൽ കെട്ടിട നിർമ്മാണം നടത്തണം എന്നത് വിശദീകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു കൈപ്പുസ്തകം തയ്യാറാക്കുകയും രണ്ടായിരത്തിലധികം കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

## പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തിനുണ്ടായ നഷ്ടം

24 (25) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും, 2019-ലും ഉണ്ടായ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ;

&

(ബി) ഇതിനായി എന്ത് തുക കേന്ദ്ര സഹായമായി ഇതിനകം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രളയ ദുരിതാശ്വാസമായി എത്ര കോടി രൂപ ലഭിച്ചു; സാലറി ചലഞ്ച് വഴി എന്ത് തുക ലഭിച്ചു; വിശദാംശം നൽകുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രളയ ദുരിതാശ്വാസമായി ആകെ 4935,00,00,000(നാലായിരത്തി തൊള്ളായിരത്തി മുപ്പത്തി അഞ്ച് കോടി രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. സാലറി ചലഞ്ച് വഴി 1227,97,00,000(ആയിരത്തി ഇരുന്നൂറ്റി ഇരുപത്തിയേഴ് കോടി തൊണ്ണൂറ്റിയേഴ് ലക്ഷം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ഫെസ്റ്റിവൽ അലവൻസിൽനിന്നും 117,69,00,000 (നൂറ്റി പതിനേഴ് കോടി അറുപത്തി ഒൻപത് ലക്ഷം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. വിരമിച്ച ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, നേരിട്ട് നൽകിയവർ എന്നിവയിൽനിന്നും സാലറി ചലഞ്ച് മുഖേന ലഭിച്ച തുകയുടെ വിവരങ്ങൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

(ഡി) പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി സർക്കാരിന് വിവിധ ഇനങ്ങളിൽ ഇതിനകം എന്ത് തുക ചെലവായി; വ്യക്തമാക്കുമോ?

പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ചെലവായ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

## ഓട്ടുകമ്പനികളിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം

25 (26) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിമൂലം വിവിധ തൊഴിൽ മേഖലകളിൽ വരുമാനമില്ലാതായി വിഷമിക്കുന്നവരെ സഹായിക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഓട്ടുകമ്പനികളിൽ പണിയെടുക്കുന്ന ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടാത്ത ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഇനിയും നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) കോവിഡ്-19 ലോക്ഡൗൺ കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട ഓട്ടുകമ്പനികളിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് മാത്രമാണ് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പ് മുഖേന ധനസഹായം നൽകിവരുന്നത്. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള ഓട്ടുകമ്പനികളിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് കോവിഡ്-19 ഒന്നാം ഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച 1,000 രൂപ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. കോവിഡ്-19-ന്റെ രണ്ടാം ഘട്ടത്തിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 1,000 രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുത്തുമല ദുരന്തബാധിതരുടെ പുനരധിവാസവും വയനാട് പാക്കേജും

26 (27) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ 2019-ൽ ഉണ്ടായ ഭീകരമായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2019-ൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് വെള്ളരിമല വില്ലേജ് പരിധിയിലെ പുത്തുമല പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് 101 പേർക്ക് വീടും സ്ഥലവും നഷ്ടപ്പെടുകയുണ്ടായി. ഇതിൽ 50 പേർക്ക് വൈത്തിരി താലൂക്ക് കോട്ടപ്പടി വില്ലേജ് പരിധിയിലെ പൂത്തക്കൊല്ലിയിൽ, മാതൃഭൂമി ചാരിറ്റബിൾ ട്രസ്റ്റ് ഏറ്റെടുത്ത് സൗജന്യമായി സർക്കാരിന് കൈമാറിയ സ്ഥലത്ത് വീട് നിർമ്മാണം വിവിധ സ്പോൺസർമാർ മുഖേന നടന്നുവരുന്നു. ബാക്കിയുള്ള 50 കുടുംബങ്ങളിൽ നാല് കുടുംബങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് വീടും സ്ഥലവും വാങ്ങി. വൈത്തിരി താലൂക്ക് കണിയാമ്പറ്റ വില്ലേജിൽ സ്വകാര്യ വ്യക്തി സർക്കാരിലേയ്ക്ക് ദാനമായി നൽകിയ സ്ഥലത്ത് സർക്കാർ ധനസഹായമുപയോഗിച്ച് നിർമ്മിച്ച 10 ഫ്ലാറ്റുകളിൽ ഒരെണ്ണം അവശേഷിച്ച ഒരു കുടുംബത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 46 കുടുംബങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, സംസ്ഥാന ദുരന്ത പ്രതികരണനിധി എന്നിവയിൽനിന്നും ലഭിച്ച തുക ഉപയോഗിച്ച് വിവിധ വില്ലേജ് പരിധികളിൽ ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ഭവന നിർമ്മാണം പുരോഗമിച്ചുവരുന്നതുമാണ്.

(ബി) പുത്തുമല ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട പലർക്കും ഇനിയും വീട് നിർമ്മിച്ച് നൽകുകയോ ആയതിനുവേണ്ട ധനസഹായം ലഭിക്കുകയോ ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിലുള്ള പരാതിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വീടിനും സ്ഥലത്തിനും അർഹരായി കണ്ടെത്തിയ എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പുത്തുമല ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിന് എത്ര തുകയുടെ ധനസഹായമാണ് പ്രഖ്യാപിച്ചിരുന്നത്; ഇത് അടിയന്തരമായി നൽകുന്നതിൽ എന്തെങ്കിലും കാലതാമസമുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുത്തുമല ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട 12 പേരുടെ ആശ്രിതർക്കും, കാണാതായ 5 പേരുടെ ആശ്രിതർക്കും സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ വീതം അനുവദിക്കുകയും ആയത് കാലതാമസമില്ലാതെ കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഡി) പുത്തുമല ദുരന്തത്തിൽ കൃഷി, ലൈവ് സ്റ്റോക്ക് എന്നിവ നഷ്ടപ്പെട്ട പല കർഷകർക്കും നാളിതുവരെയായിട്ടും നഷ്ടപരിഹാര തുക നൽകിയിട്ടില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കർഷകർക്കാണ് ഇനിയും നഷ്ടപരിഹാരം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് അനുവദനീയമായ മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്.

(ഇ) പുത്തുമലയുടെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് എന്തെങ്കിലും പദ്ധതികൾ വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുത്തുമലയുടെ സമഗ്രവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രത്യേക പദ്ധതികളൊന്നും വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പുത്തുമലയുടെ സമഗ്രവികസനത്തിനായി 2019-20 വർഷത്തെ എം.പി.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും രാജ്യസഭാ എം.പി. ശ്രീ. എളമരം കരീം 140 ലക്ഷം രൂപ അനുവദിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ 2 വർഷത്തേയ്ക്ക് ഫണ്ട് അനുവദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചതിനാൽ പ്രസ്തുത പ്രവൃത്തി നിർദ്ദേശങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**വ്യാപാര മേഖലയ്ക്കുള്ള ഉത്തേജക പാക്കേജ്**

27 (29) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം പ്രതിസന്ധി നേരിടുന്ന വ്യാപാര മേഖലയുടെ നിലനിൽപ്പിനായി ഉത്തേജക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കോവിഡ് ലോക്ഡൗൺമൂലം വ്യാപാര സ്ഥാപനങ്ങൾ അടച്ചിടേണ്ടിവന്ന വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1,000 രൂപ ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. കഴിഞ്ഞ വർഷം കോവിഡ് ലോക്ഡൗൺ

കാലത്ത് വ്യാപാരികളെ സഹായിക്കാൻ വ്യാപാരി ക്ഷേമ ബോർഡ് വഴി ഒരു ഉത്തേജക പാക്കേജ് നടപ്പിലാക്കിയിരുന്നു. പ്രസ്തുത പാക്കേജിലെ മുഴുവൻ തീരുമാനങ്ങളും സർക്കാർ സഹായത്തോടെ വ്യാപാരി ക്ഷേമ ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രാവശ്യവും കോവിഡ് ലോക്ഡൗൺമൂലം കടകളടച്ച് ദുരിതത്തിലായ വ്യാപാരികളെ സഹായിക്കാൻ 1,000 രൂപ കോവിഡ് ധനസഹായം, വാർഷിക വരിസംഖ്യ അടയ്ക്കേണ്ട വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കിക്കൊടുക്കുക എന്നിവയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. കോവിഡ്മൂലം പ്രതിസന്ധി നേരിടുന്ന വ്യാപാര മേഖലയെ സഹായിക്കുന്നതിന്റെ ഭാഗമായി വിവിധ ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി നീട്ടികൊടുത്തിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ എടുത്ത തീരുമാനപ്രകാരം മുൻവർഷങ്ങളിൽ ഫയൽ ചെയ്യാത്ത ജി.എസ്.ടി. റിട്ടേണുകൾ ലേറ്റ് ഫീസിൽ വലിയ ഇളവ് വരുത്തി നിശ്ചിത കാലപരിധിക്കുള്ളിൽ ഫയൽ ചെയ്യുന്നതിനുള്ള അവസരവും നൽകിയിട്ടുണ്ട്.

(ബി) വ്യാപാരികളും കർഷകരും എടുത്തിരിക്കുന്ന ബാങ്ക് വായ്പകൾക്ക് പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സ്വർണപ്പണയ വായ്പ, ഭവന വായ്പ, മൈക്രോ ഫിനാൻസ്, മറ്റ് വായ്പകൾ, ചിട്ടി എന്നിവയുടെ തിരിച്ചടവ് തൽക്കാലം നിർത്തിവയ്ക്കുന്നതിനും സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങൾക്കുകൂടി ബാധകമാക്കി എല്ലാ ലേല നടപടികളും ദുരന്ത നിവാരണ സാഹചര്യം കണക്കിലെടുത്ത് നിർത്തിവയ്ക്കുന്നതിന് കെ.എസ്.എഫ്.ഇ., സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോവിഡ് മഹാമാരി

28 (30) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരി സമസ്ത മേഖലകളിലും ഏൽപ്പിച്ച സാമ്പത്തിക ആഘാതം മറികടക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കുന്നതാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്തതുപോലെ പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും വിഭവ വിനിയോഗം ത്വരിതപ്പെടുത്തുന്നതിനും എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും വിഭവ വിനിയോഗം ത്വരിതപ്പെടുത്തുന്നതിനും സ്വീകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. ബൃഹദ് പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്യാനും മേൽനോട്ടം വഹിക്കാനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി രൂപീകരിച്ചുകൊണ്ട് 21-5-2021-ൽ സ.ഉ.(കൈ) നമ്പർ 105/2021/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പദ്ധതികൾ നിരീക്ഷിക്കുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാധ്യമാക്കുന്നുണ്ട്. ഇത് കുറച്ചുകൂടി ഊർജ്ജിതമാക്കി മുമ്പോട്ടുപോകാൻ ഉദ്ദേശിക്കുന്നു.

3. കേന്ദ്ര സർക്കാരിന്റെ e-PMG Portal വഴി പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന സംവിധാനവും നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ കേരളത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് (customize ചെയ്യുന്നത്) ഉദ്ദേശിക്കുന്നുണ്ട്.

4. കേന്ദ്ര സർക്കാരിന്റെ e-sameeksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-sameeksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Sameeksha National Portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ വിവരസാങ്കേതിക വിനിമയവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്തതുപോലെ പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും വിഭവവിനിയോഗം ത്വരിതപ്പെടുത്തുന്നതിനും എല്ലാ പദ്ധതികളുടെയും മേൽനോട്ടവും നടത്തിപ്പും കൂടുതൽ കാര്യക്ഷമതയോടെയും വേഗതയോടെയും നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

## കോവിഡ്-19 വാക്സിനേഷൻ

29 (32) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ആസൂത്രണത്തിലുണ്ടായ പിഴവുമൂലം സംസ്ഥാനത്ത് കോവിഡ്-19 വാക്സിൻ വേണ്ടത്ര ലഭ്യമാകുന്നില്ലെന്നുള്ള വസ്തുത കണക്കിലെടുത്ത് ആയത് പരിഹരിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ?

18 വയസ് മുതൽ 45 വയസ് വരെയുള്ളവർക്ക് 2021 മേയ് മാസം മുതൽ വാക്സിനേഷൻ ആരംഭിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. എന്നാൽ ഈ വിഭാഗത്തിന് വാക്സിൻ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ Liberalised pricing and Accelerated National Covid-19 Vaccine Strategy പ്രകാരം ഓരോ സംസ്ഥാനങ്ങൾക്കും 18-45 വയസ്സുവരെയുള്ളവർക്ക് ലഭ്യമാക്കാവുന്ന വാക്സിന്റെ വിശദാംശങ്ങൾ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ അറിയിക്കുന്നു. ഈ വാക്സിൻ സംസ്ഥാന സർക്കാരാണ് വാക്സിൻ കമ്പനികളിൽനിന്ന് വാങ്ങിക്കേണ്ടതും ഉപയോഗിക്കേണ്ടതും. 18 മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കമ്പനികൾക്ക് ഓർഡർ നൽകിയതിൽ ഇതുവരെ (01-06-2021) 884290 ഡോസുകൾ ലഭിച്ചു. 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു.

അത് വളരെ വേഗംതന്നെ ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 7-6-2021 വരെ കേന്ദ്രം 9533830 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചിരുന്നു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസംവരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന രണ്ട് ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് മൂന്ന് ലക്ഷം ആക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ, കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹുമാന്യനായ മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു.

(ബി) ഇത്തരത്തിൽ കോവിഡ് വാക്സിൻ ലഭ്യമാക്കാൻ സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ അധിക ബാധ്യത വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 18 വയസ്സിന് മുകളിലുള്ള കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിനായി മൂന്ന് കോടി ഡോസ് കോവിഡ് വാക്സിൻ വേണ്ടിവരുമെന്നും, ആയതിന് നിലവിൽ വിപണിയിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്കനുസരിച്ച് ചുരുങ്ങിയത് 945 കോടി രൂപ [3 കോടി x ₹ 315] വേണ്ടിവരുമെന്നും കണക്കാക്കിയിരുന്നു.

(സി) ഇപ്രകാരമുണ്ടാകുന്ന ബാധ്യത നികത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

4-6-2021-ലെ പുതുക്കിയ ബഡ്ജറ്റ് (2021-22) പ്രസംഗത്തിൽ 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും സൗജന്യ വാക്സിൻ വാങ്ങി നൽകുന്നതിനായി 1000 കോടി രൂപയും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 500 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത കോവിഡ് വാക്സിൻ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

കോവിഡ് വാക്സിൻ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച വാക്സിനും സംസ്ഥാന സർക്കാർ വാങ്ങിയ വാക്സിനും നൽകിവരുന്നു. എന്നാൽ 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് കോവിഡ് വാക്സിൻ നൽകാൻ അനുമതി ലഭിച്ചിട്ടില്ല. ഇതുകൂടാതെ കോവിഡ് വാക്സിനോടോ, വാക്സിനിലെ ചേരുവകളോടോ അലർജിയുള്ളവർക്കും വാക്സിൻ നൽകാൻ കഴിയില്ല. ഗർഭിണികൾക്കും കോവിഡ് വാക്സിനേഷൻ നിലവിൽ നൽകുന്നില്ല.

(ഇ) സംസ്ഥാനത്ത് കോവിഡ്-19 മൂലം മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇത്തരത്തിൽ എത്ര കുട്ടികൾ ഉണ്ടെന്നും വ്യക്തമാക്കുമോ?

കോവിഡ് കാരണം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകാനും 18 വയസ്സുവരെ പ്രതിമാസം 2,000 രൂപ വീതം നൽകുന്നതിനും ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ (7-6-2021 വരെ) കോവിഡ് കാരണം രക്ഷിതാക്കളെ നഷ്ടപ്പെട്ട 71 കുട്ടികളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) നാളിതുവരെ എത്ര കോടി രൂപ മുഖ്യമന്ത്രിയുടെ കോവിഡ്-19 ദുരിതാശ്വാസനിധിയിൽ ലഭിച്ചുവെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് വാക്സിൻ ചലഞ്ച് ഉൾപ്പെടെ 7-6-2021 വരെ 734.39 കോടി (582.36 + 152.03 കോടി) രൂപ ലഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം

30 (33) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത വരുമാനത്തിൽ താഴെയുള്ള നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

&

(ബി) നിർദ്ധന കുടുംബങ്ങളിൽ ഒരാൾ മാറാരോഗിയായാൽ പലപ്പോഴും കിടപ്പാടം വിൽക്കേണ്ട സാഹചര്യംവരെ ഉണ്ടാകുമെന്നതിനാൽ പാവപ്പെട്ടവരുടെ രോഗചികിത്സയ്ക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിലെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന മൂന്ന് ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## വാക്സിൻ ചലഞ്ച്

31 (34) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കോവിഡ് വാക്സിനേഷൻ സൗജന്യമായി നൽകുമെന്ന പ്രഖ്യാപനം തെരഞ്ഞെടുപ്പിന് മുൻപുതന്നെ നടത്തിയിരുന്നോ?

നടത്തിയിരുന്നു.

(ബി) 45 വയസ്സിന് താഴെയുള്ളവർക്ക് കേന്ദ്രം സൗജന്യ വാക്സിൻ നൽകാത്ത സാഹചര്യത്തിൽ അത് സംസ്ഥാനം സൗജന്യമായി നൽകുന്നതിന് എന്ത് തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്?

സംസ്ഥാനത്ത് 18 വയസ്സിന് മുകളിലുള്ളവർക്ക് കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിനായി മൂന്ന് കോടി ഡോസ് കോവിഡ് വാക്സിൻ വേണ്ടിവരുമെന്നും ആയതിന് നിലവിൽ വിപണിയിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്ക് അനുസരിച്ച് ചുരുങ്ങിയത് 945 കോടി രൂപ [3 കോടി x 315] വേണ്ടിവരുമെന്നും കണക്കാക്കിയിരുന്നു.

(സി) വാക്സിൻ ചലഞ്ച് വഴി ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

വാക്സിൻ ചലഞ്ച് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 21-4-2021 മുതൽ 7-6-2021 വരെ 152.03 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**അബ്ദുൾ ഖാദറിന് ചികിത്സാ സഹായം**

32 (35) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ മുത്തൂർ സ്വദേശി വലിയ പറമ്പിൽ അബ്ദുൾ ഖാദറിന് ബ്ലാക്ക് ഫംഗസ് രോഗം സ്ഥിരീകരിക്കുകയും തുടർന്ന് രോഗം ഗുരുതരാവസ്ഥയിലായതിനെത്തുടർന്ന് വിദഗ്ധ ചികിൽസയ്ക്കായി കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരികയും രോഗിയുടെ ഒരു കണ്ണ് എടുത്തുമാറ്റേണ്ടിവരികയും പ്രസ്തുത രോഗി സ്വകാര്യ ആശുപത്രിയിൽ ഇപ്പോഴും ചികിത്സയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അബ്ദുൾ ഖാദർ (61 വയസ്സ്), S/o. കുഞ്ഞിതു, വലിയ പറമ്പിൽ ഹൗസ്, തിരൂർ എന്നയാൾ 22-04-2021-ന് കോവിഡ് പോസിറ്റീവ് ആകുകയും (ആർ.റ്റി.പി.സി.ആർ. പോസിറ്റീവ്) ശ്വാസതടസ്സം അനുഭവപ്പെട്ടതിനെത്തുടർന്ന് 25-04-2021-ന് തിരൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും അന്നുതന്നെ എം.സി.എച്ച്. മഞ്ചേരിയിലേയ്ക്ക് റഫർ ചെയ്യുകയും ചികിത്സയ്ക്കുശേഷം 2-5-2021-ന് ഡിസ്ചാർജ്ജ് ചെയ്യുകയുമുണ്ടായി. തുടർന്ന് കോട്ടയ്ക്കൽ അൽമാസ് ആശുപത്രിയിൽ 05-05-2021-ന് അഡ്മിറ്റാവുകയും ഫിസിഷ്യൻ, ന്യൂറോളജിസ്റ്റ്, ഇ.എൻ.ടി. എന്നീ വിഭാഗം ഡോക്ടർമാർ പരിശോധിക്കുകയും, ഇ.എൻ.ടി. എൻഡോസ്കോപ്പി എടുക്കുകയും ചെയ്തു. ആയതുപ്രകാരം 6-5-2021-ന് ടിയാൾക്ക് ബ്ലാക്ക് ഫംഗസ് ആണെന്ന് ഡയഗ്നോസിസ് ചെയ്യുകയും 7-5-2021-ന് കോഴിക്കോട് മിംസ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്ത് ഡിസ്ചാർജ്ജായി പോകുകയും ചെയ്തു. 7-6-2021-ന് ടിയാളെ കോഴിക്കോട് മിംസ് ആശുപത്രിയിൽനിന്നും വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു. 7-6-2021 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. മൂന്ന് വർഷമായി ടിയാൻ പ്രമേഹ രോഗത്തിന് ചികിത്സയിലായിരുന്നു.

(ബി) ശ്രീ. അബ്ദുൾ ഖാദറിന്റെ കുടുംബത്തിന്റെ മോശം സാമ്പത്തികാവസ്ഥ പരിഗണിച്ച് അദ്ദേഹത്തിന്റെ ചികിത്സാ ചെലവ് വഹിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ;

&

(സി) ശ്രീ. അബ്ദുൾ ഖാദറിന് വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. അബ്ദുൾ ഖാദർ നിലവിൽ (7-6-2021 മുതൽ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. വിദഗ്ദ്ധ ചികിത്സ നൽകുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## എരുമേലി എയർപോർട്ട്

33 (36) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട എരുമേലി എയർപോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ശബരിമലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനം ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) ലഭ്യമാക്കുകയുണ്ടായി. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18-6-2020-ൽ സ.ഉ.(കൈ)നമ്പർ 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി

ഏറ്റെടുക്കണമെന്ന നിബന്ധന ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. DGCA, കേന്ദ്ര പ്രധിരോധ മന്ത്രാലയം എന്നിവയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ. ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതി**

34 (37) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായുള്ള "സിൽവർ ലൈൻ" പദ്ധതിക്കായി "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ 26-8-2019-ലെ സ.ഉ. (കൈ) നമ്പർ 3/2019/ഗതാ. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് റെയിൽവേ ബോർഡ് തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11-6-2020-ലെ സ.ഉ. (കൈ) നമ്പർ 18/2020/ഗതാ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി വിദേശ വായ്പാ ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തിന് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ - റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിക്കാണ്. നിർദ്ദിഷ്ട പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര തുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ?

ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 11837 കോടി രൂപ ആവശ്യമായി വരും. ഭൂമി ഏറ്റെടുക്കൽ പ്രക്രിയകൾ വേഗത്തിലാക്കാനും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ സ്ഥലമേറ്റെടുപ്പും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. Right to Fair Compensation and Transparency in Land Acquisition Rehabilitation and Re-settlement (RFCTLARR) ആക്ടിന്റെ നയങ്ങൾക്ക് അനുസൃതമായുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി റവന്യൂ വകുപ്പിന് കീഴിൽ ഒരു ലാന്റ് അക്വിസിഷൻ പോർട്ടൽ രൂപീകരിച്ച് പ്രവൃത്തികളെല്ലാം ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ഭൂമി ഏറ്റെടുക്കേണ്ട ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സെൽ രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; അതിനായുള്ള സാമ്പത്തിക സഹായത്തിനായി ഏതൊക്കെ ഏജൻസികളെയാണ് സമീപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഈ പദ്ധതിയുടെ പൂർത്തീകരണ ഘട്ടത്തിൽ 63941 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ജൈക, കെ.എഫ്.ഡബ്ല്യു., വേൾഡ് ബാങ്ക്, എ.ഐ.ഐ.ബി. തുടങ്ങിയ അന്താരാഷ്ട്ര ധനകാര്യ വായ്പാ ഏജൻസിയുമായി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് മുഖേന കത്തിടപാടുകളും ചർച്ചകളും നടത്തിയിരുന്നു. ഇതിനായി സാമ്പത്തികകാര്യ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് ഗ്രൂപ്പ് പോർട്ടലിൽ പദ്ധതി വിവരങ്ങൾ (പി.പി.ആർ.) ഉൾക്കൊള്ളിക്കുകയും പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ പ്രൊപ്പോസൽ വകുപ്പ് പരിഗണിക്കുകയും അവരുടെ സ്റ്റീയറിംഗ് കമ്മിറ്റി ചർച്ചകളിൽ ടി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിമൂലം എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരും; അവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഏറ്റവും സാങ്കേതിമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് അലൈൻമെന്റ് നിശ്ചിയിച്ചിരിക്കുന്നത്. ഈ പദ്ധതിക്ക് 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ ആവശ്യമായി വരുന്നത്. ഇതിൽ 1198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകൾ ഉൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിരിക്കുന്നു. എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്ന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സർവ്വേയിലെ നിജപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ഇ) ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കുമോ?

റെയിൽവേ ബോർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനും 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

## സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

35 (38) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ആകാശ സർവ്വേയുടെ റിപ്പോർട്ടിൽ സർവ്വേ ഓഫ് ഇന്ത്യയും കേന്ദ്ര പ്രതിരോധ മന്ത്രാലയവും പരിശോധനകൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ഡി.പി.ആർ.-ന് സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ മൂലധനസമാഹരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്വദേശ-വിദേശ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച

നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളുമായാണ് ചർച്ച നടത്തിയിട്ടുള്ളത്; ഇതിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ജൈക, കെ.എഫ്.ഡബ്ല്യു. വേൾഡ് ബാങ്ക്, എ.ഐ.ഐ.ബി. തുടങ്ങിയ അന്താരാഷ്ട്ര ധനകാര്യ വായ്പാ ഏജൻസിയുമായി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് മുഖേന കത്തിടപാടുകളും ചർച്ചകളും നടത്തിയിരുന്നു. ഇതിനായി സാമ്പത്തികകാര്യ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് ഗ്രൂപ്പ് പോർട്ടലിൽ പദ്ധതി വിവരങ്ങൾ (പി.പി.ആർ.) ഉൾക്കൊള്ളിക്കുകയും പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ പ്രൊപ്പോസൽ വകുപ്പ് പരിഗണിക്കുകയും അവരുടെ സ്റ്റിയറിംഗ് കമ്മിറ്റി ചർച്ചകളിൽ ടി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) പദ്ധതിക്ക് എത്ര തുക ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

63941 കോടി രൂപ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സിൽവർലൈൻ സെമി ഹൈസ്പീഡ് റെയിൽവേ

36 (39) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം യാത്രാസമയം മൂന്നിലൊന്നായി കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "സിൽവർ ലൈൻ" എന്ന പേരിലുള്ള സെമി ഹൈസ്പീഡ് റെയിൽവേ കോറിഡോർ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ആയത് എന്തൊക്കെയാണ്;

&

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായുള്ള "സിൽവർ ലൈൻ" ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതുപ്രകാരം തിരുവനന്തപുരത്തുനിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാല് മണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരാൻ സാധിക്കും. 532 കി.മീ. ദൈർഘ്യമുള്ളതും 11 ജില്ലകളിൽക്കൂടി കടന്നു പോകുന്നതാമായ ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണുള്ളത്. 26-8-2019-ലെ സ.ഉ. (കൈ) നമ്പർ 43/2019/ഗതാ. പ്രകാരം റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിക്കായി "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് റെയിൽവേ ബോർഡ് തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11-06-2020-ലെ സ.ഉ.(കൈ)നമ്പർ 18/2020/ഗതാ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണ ഘട്ടത്തിൽ 63941 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. റെയിൽവേ ബോർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനും 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി വിദേശ വായ്പാ ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തിന് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ - റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിക്കാണ്.

(സി) 'സെമി ഹൈസ്പീഡ് റെയിൽ പദ്ധതി' സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സിൽവർലൈൻ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയകൾ വേഗത്തിലാക്കാനും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ സ്ഥലമേറ്റെടുപ്പും മറ്റും പൂർത്തീകരിക്കുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. Right to Fair Compensation and Transparency in Land Acquisition Rehabilitation and Re-settlement (RFCTLARR) ആക്ടിന്റെ നയങ്ങൾക്ക് അനുസൃതമായുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി റവന്യൂ വകുപ്പിന് കീഴിൽ

ഒരു ലാന്റ് അക്വിസിഷൻ പോർട്ടൽ രൂപീകരിച്ച് പ്രവൃത്തികളെല്ലാം ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ വിഭാവന ചെയ്തിട്ടുള്ളത്. കൂടാതെ ഭൂമി ഏറ്റെടുക്കേണ്ട ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സെൽ രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

37 (40) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥരെയും സാങ്കേതിക അംഗങ്ങളെയും ഉൾപ്പെടുത്തി രൂപീകരിച്ച സംയുക്ത കമ്മിറ്റിയുടെ 12-12-2019-ലെ യോഗതീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം പറമ്പിക്കുളം ആളിയാർ വ്യൂഹത്തിൽനിന്ന് മണക്കടവ് വിയർ വഴി കേരളത്തിന് അവകാശപ്പെട്ട 2.5 TMC ജലം എല്ലാ വർഷവും ലഭ്യമാക്കണമെന്ന് 12-12-2019-ന് ചെന്നൈയിൽ നടന്ന രണ്ട് സംസ്ഥാനങ്ങളുടെയും സെക്രട്ടറിതല കമ്മിറ്റിയുടെ ആദ്യ യോഗത്തിൽ കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. അതോടൊപ്പം പ്രസ്തുത കരാർ പ്രകാരം ജല വിഭജനത്തിനും വിതരണത്തിനും അധികാരമുള്ള ജെ.ഡബ്ല്യൂ.ആർ. ബോർഡ്, വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും യോഗത്തിൽ കേരളം ആവശ്യപ്പെടുകയും തമിഴ്നാട് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗങ്ങൾ ചേരുന്നതിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന യോഗതീരുമാനം നടപ്പിലാക്കിയിട്ടുണ്ട്. പി.എ.പി. സിസ്റ്റത്തിലെ Flood Management ചർച്ച ചെയ്യുന്നതിന് 2020-ൽ രണ്ട് പ്രാവശ്യം ജെ.ഡബ്ല്യൂ.ആർ. ബോർഡ് അംഗങ്ങൾ Online ആയി യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിരുന്നു. 103-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗം 23-12-2020-ന് കോയമ്പത്തൂരിൽ നടത്തുകയും ചെയ്തിരുന്നു. സംയുക്ത സെക്രട്ടറിതല കമ്മിറ്റിയുടെ രണ്ടാമത് യോഗം 11-9-2020-ന് തിരുവനന്തപുരത്ത് ചേർന്നു. ഈ രണ്ട് യോഗങ്ങളിലും എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പി.എ.പി. കരാർ പുനരവലോകനം സംബന്ധിച്ച് ഒരു പ്രാരംഭ ചട്ടക്കൂട് ഉണ്ടാക്കാനായി തമിഴ്നാടുമായി സമവായത്തിലെത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

**തൃക്കരിപ്പൂർ കവ്വായി കായലിലെ ഉൾനാടൻ ജലഗതാഗത പാത**

38 (41) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കവ്വായി കായലിൽ കൊറ്റി മുതൽ കോട്ടപ്പുറം വരെയുള്ള ഉൾനാടൻ ജലഗതാഗത പാതയിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നേരത്തെ അനുവദിച്ച ബോട്ട് ജെട്ടികൾ നവീകരിക്കാനും പുതിയവ അനുവദിക്കാനും നടപടികൾ ഉണ്ടാകുമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ കവ്വായി കായലിൽ കൊറ്റി മുതൽ കോട്ടപ്പുറം വരെയുള്ള ഉൾനാടൻ ജലഗതാഗത പാതയിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നേരത്തെ അനുവദിച്ച ബോട്ട് ജെട്ടികളിൽ കാലപ്പഴക്കം ചെന്നവ നവീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിരവധി ഹൗസ് ബോട്ടുകളും വാട്ടർ ട്രാൻസ്പോർട്ടിന്റെ യാത്രാ ബോട്ടുകളും നിത്യേന സർവ്വീസ് നടത്തുന്ന ഈ പ്രദേശത്ത് നായനാർ സർക്കാരിന്റെ കാലത്ത് അനുവദിച്ചതുൾപ്പെടെയുള്ള ബോട്ട് ജെട്ടികൾ ഈ വർഷംതന്നെ നവീകരിക്കാൻ നടപടികളുണ്ടാകുമോ?

അടിയന്തരമായി നവീകരിക്കേണ്ട ബോട്ട് ജെട്ടികളുടെ പ്രവൃത്തികൾ ഈ വർഷംതന്നെ ഏറ്റെടുത്ത് നടത്തുന്നതാണ്.

**തീരദേശ പരിപാലന പ്ലാൻ**

39 (42) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് 2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം-2019 (CRZ Notification 2019) പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan - CZMP) തയ്യാറാക്കുന്നതിന് 20-08-2019-ലെ G.O.(Rt) No. 80/19/Envt. പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (National Centre for Earth Science Studies) ചുമതലപ്പെടുത്തിയിട്ടുണ്ട്. 10 തീരദേശ ജില്ലകളുടെയും ആദ്യ കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തിയതിനുശേഷം

പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും നിർദ്ദേശങ്ങളുംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ അന്തിമ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്നത്. ഇതിനായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഇതുപ്രകാരം പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ?

(ബി) 18-1-2019-ലെ GSR No.37 (E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി തീരദേശ പരിപാലന വിജ്ഞാപനം 2019 പുറപ്പെടുവിച്ചിട്ടുണ്ട്. 2019 CRZ വിജ്ഞാപനത്തിലെ clause 6(1) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. തീരദേശ പരിപാലന വിജ്ഞാപനം 2019 പ്രകാരം ലഭിച്ച ഇളവുകൾ അനുബന്ധമായി ചേർക്കുന്നു.*

## പ്രാദേശിക പത്രപ്രവർത്തകർ

40 (43) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് ബഡ്ജറ്റ് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ?

ഇല്ല.

(ബി) സംസ്ഥാനത്തെ പ്രാദേശിക പത്രപ്രവർത്തകർക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

മറ്റ് യാതൊരു ക്ഷേമനിധിയിലും അംഗത്വം നേടിയിട്ടില്ലാത്തതും 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ പ്രതിപാദിച്ചിട്ടുള്ള വിവിധ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ പ്രാദേശിക പത്രപ്രവർത്തകർക്ക് പദ്ധതി വ്യവസ്ഥകൾക്ക് അനുസൃതമായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടാവുന്നതും പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർക്കാർ പരസ്യങ്ങൾ

41 (44) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി പത്ര-ദൃശ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ വഴി 2020 ഡിസംബർ 1 മുതൽ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരുന്നതുവരെ പരസ്യങ്ങൾ നൽകിയിരുന്നോ?

2020 ഡിസംബർ 1 മുതൽ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരുന്നതുവരെ സർക്കാർ പരസ്യങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ നൽകിയിട്ടുണ്ട്. സോഷ്യൽ മീഡിയ മുഖാന്തരം പരസ്യങ്ങൾ നൽകിയിട്ടില്ല.

(ബി) പ്രസ്തുത പരസ്യത്തിനായി ഓരോ ഇനത്തിലും എന്ത് തുക ചെലവഴിച്ചു; വിശദാംശം നൽകുമോ?

പ്രസ്തുത പരസ്യങ്ങൾ നൽകിയ വകയിൽ മാധ്യമ സ്ഥാപനങ്ങൾ ബില്ലുകൾ വകുപ്പിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരസ്യ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## സർക്കാർ പരസ്യങ്ങൾ

42 (45) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി. മുഖേനയും അല്ലാതെയും വിവിധ ദേശീയ സംസ്ഥാന ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകിയ വകയിൽ എത്ര തുകയാണ് അനുവദിച്ചത്; എത്ര തുക ചെലവഴിച്ചു; സർക്കാർ ഉത്തരവുകളുടെ പകർപ്പ് അടക്കം വെളിപ്പെടുത്തുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി. മുഖേന വിവിധ ദേശീയ സംസ്ഥാന ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകിയ വകയിൽ പരസ്യക്കൂലി നൽകുന്നതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയും ആയതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-2 ആയും ചേർക്കുന്നു.* ടൂറിസം ഒഴികെയുള്ള എല്ലാ സർക്കാർ വകുപ്പുകളും പി.ആർ.ഡി. മുഖേനയാണ് പരസ്യങ്ങൾ നൽകിവരുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ വകുപ്പുകൾ നേരിട്ടും പരസ്യങ്ങൾ നൽകാറുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയതിൽ പ്രസ്തുത ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിനും 2016 മുതൽ 2021 വരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക ഇനം തിരിച്ച് എത്രയാണെന്നുമുള്ള വിശദാംശം നൽകുമോ?

പ്രസ്തുത ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾക്ക് 2016 മുതൽ 2021 വരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അനുബന്ധം-3 ആയി ചേർക്കുന്നു.*

**കോവിഡ് പ്രതിസന്ധി കാരണം പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ**

43 (46) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിസന്ധി കാരണം വിദേശരാജ്യങ്ങളിൽനിന്ന് മടങ്ങിയെത്തിയ പ്രവാസികൾക്ക് തിരികെ പോകുന്നതിന് പല രാജ്യങ്ങളിലും യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ അവർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) യാത്രാവിലക്ക് ഏർപ്പെടുത്തുന്നതിനുമുമ്പ് വിമാന ടിക്കറ്റ് ബുക്ക് ചെയ്തിരുന്ന യാത്രക്കാർക്ക് യാത്ര മുടങ്ങുന്ന സാഹചര്യത്തിൽ ടിക്കറ്റിന്റെ തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

&

(സി) വിദേശത്തേയ്ക്ക് മടങ്ങിപ്പോകേണ്ട പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

കോവിഡ്-19 പ്രതിസന്ധി കാരണം വിദേശത്തേയ്ക്ക് മടങ്ങിപ്പോകേണ്ട പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് യാത്രാവിലക്കുകൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ air bubble സംവിധാനം വഴി ഇന്ത്യയിൽ നിന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ചുപോകുന്ന വിമാനങ്ങളിൽ തിരിച്ച് വന്ന പ്രവാസികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കിയിരുന്നു. വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കും വിദേശ സർവ്വകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും കോവിഡ് വാക്സിൻ ലഭിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് അവരുടെ പാസ്പോർട്ട് നമ്പർകൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകാനും നടപടിയായിട്ടുണ്ട്. യാത്രാവിലക്ക് ഏർപ്പെടുത്തുന്നതിനുമുമ്പ് വിമാന ടിക്കറ്റ് ബുക്ക് ചെയ്തിരുന്ന യാത്രക്കാർക്ക് യാത്ര മുടങ്ങുന്ന സാഹചര്യത്തിൽ ടിക്കറ്റിന്റെ തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിമാന കമ്പനികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**വിദേശത്ത് പോകുന്നവരുടെ വാക്സിനേഷൻ**

44 (47) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിനും ജോലിക്കുമായി വിദേശത്ത് പോകുന്നവരെ കോവിഡ് വാക്സിനേഷൻ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ വാക്സിനേഷൻ സ്വീകരിച്ച പ്രവാസികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റിൽ പാസ്പോർട്ട് നമ്പർകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(സി) വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ പാസ്പോർട്ട് നമ്പർ ഇല്ലാത്തതിനാൽ പ്രവാസികളുടെ തൊഴിൽ നഷ്ടമാകുന്ന സാഹചര്യം നിലവിലുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ആയത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

പഠനത്തിനും ജോലിക്കുമായി വിദേശത്ത് പോകുന്നവരെ കോവിഡ് വാക്സിനേഷൻ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവാസികളുടെ വാക്സിനേഷൻ സുഗമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. വാക്സിനേഷൻ എടുത്ത വിദേശത്ത് പോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും രണ്ടാമത്തെ ഡോസ് 4 മുതൽ 6 ആഴ്ചയ്ക്കകം എടുക്കാവുന്നതാണ്.

2. പാസ്പോർട്ട് നമ്പർ അടങ്ങുന്ന വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

3. അർഹരായിട്ടുള്ളവർക്ക് വാക്സിനേഷൻ നൽകുന്നതിന് ജില്ലകളിലെ ഉദ്യോഗസ്ഥർ അപേക്ഷകരുടെ നിലവിലുള്ള വിസ, വിദ്യാർത്ഥികളുടെ അഡ്മിഷൻ വിവരങ്ങൾ അടങ്ങുന്ന രേഖകൾ, വർക്ക് പെർമിറ്റ് അല്ലെങ്കിൽ ജോബ് കൺഫർമേഷൻ രേഖകൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി https://covid19.kerala.gov.in/vaccine/ എന്ന വെബ് ലിങ്ക് ആരംഭിച്ചിട്ടുണ്ട്. അത് ഉപയോഗിച്ച് വാക്സിനേഷന് രജിസ്റ്റർ ചെയ്യാവുന്നതും വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഇൻഡ്യയിൽ നൽകിവരുന്ന വാക്സിനുകൾ അന്താരാഷ്ട്ര തലത്തിൽ മനസ്സിലാക്കുന്നതിനായി സർട്ടിഫിക്കറ്റിൽ ഉൽപ്പാദക കമ്പനിയുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന QR code കൂടി ടി സർട്ടിഫിക്കറ്റിൽ ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും priority vaccination-നുവേണ്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും ഒരു ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് provisional സർട്ടിഫിക്കറ്റും രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് final certificate-ഉം download ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. നിലവിൽ വാക്സിൻ സ്വീകരിച്ച് കഴിഞ്ഞവർക്കും ഈ വെബ് ലിങ്കിലൂടെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. ജില്ലാ തലത്തിൽ അപേക്ഷ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പോർട്ടൽ വഴിതന്നെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാക്സിൻ നൽകിയശേഷം e-Health പോർട്ടലിൽ വാക്സിൻ കേന്ദ്രങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുമ്പോൾത്തന്നെ മേൽ സർട്ടിഫിക്കറ്റുകൾ സിസ്റ്റത്തിൽ automatic ആയി ലഭിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ പ്രവാസികൾക്കും വിദ്യാർത്ഥികൾക്കും സുഗമമായ അന്താരാഷ്ട്ര യാത്ര ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രവാസി ഡിവിഡന്റ് പദ്ധതി

45 (48) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഡിവിഡന്റ് പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിനും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. 2019 ഡിസംബർ മാസം മുതൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസമായും ലഭ്യമാക്കുന്നു. ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിതപങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകുകയും അതിനുശേഷം നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നൽകുന്നതുമാണ്. ഈ പദ്ധതി പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യപരിരക്ഷയും ഉറപ്പാക്കുന്നു.

(ബി) ഈ പദ്ധതിയിൽ എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്നും ഈ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ 30-05-2021 വരെ 1160 പ്രവാസി കേരളീയർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്തു വരുന്നവരോ രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ വിദേശത്ത് ജോലിചെയ്ത ശേഷം മടങ്ങി വന്ന് കേരളത്തിൽ സ്ഥിര താമസമാക്കിയവരോ കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്ത് ആറുമാസത്തിലധികമായി ജോലി സംബന്ധമായി താമസിച്ചുവരുന്നവരോ ആയ കേരളീയർക്ക് www.pravasikerala.org എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് പദ്ധതി വിജ്ഞാപനമനുസരിച്ച് പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്.

## പ്രവാസി മലയാളികൾ

46 (49) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ, വിദേശത്ത് ജയിലുകളിൽ കഴിയുന്ന എത്ര പ്രവാസി മലയാളികളെ മോചിപ്പിച്ച് നാട്ടിലെത്തിച്ചു; വിശദാംശം വ്യക്തമാക്കുമോ?

പ്രവാസി നിയമസഹായ പദ്ധതി പ്രകാരം 6 പേരെ നാട്ടിലെത്തിച്ചിട്ടുണ്ട്.

(ബി) നിലവിൽ വിദേശത്ത് ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശത്ത് ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് നിയമസഹായം നൽകാനുള്ള സർക്കാരിന്റെ ശ്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ രീതിയിലുള്ള നിയമസഹായം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ?

കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പ്രവാസി നിയമസഹായ പദ്ധതി 2019-ൽ ആരംഭിച്ചു. ടി പദ്ധതിയിൻകീഴിൽ കുവൈറ്റ്, ഒമാൻ, ബഹ്റൈൻ, യു.എ.ഇ, സൗദി അറേബ്യ, ഖത്തർ എന്നീ സ്ഥലങ്ങളിലേയ്ക്കായി 11 നോർക്ക ലീഗൽ കൺസൾട്ടന്റുമാരെ (NLC) നിയമിച്ചിട്ടുണ്ട്. നോർക്ക റൂട്ട്സിലേയ്ക്ക് ലഭിച്ചുവരുന്ന അപേക്ഷകളിന്മേൽ ഈ കൺസൾട്ടന്റുമാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജിദ്ദ, റിയാദ് എന്നിവിടങ്ങളിലേയ്ക്ക് ലീഗൽ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശ രാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞതമൂലം പ്രസ്തുത രാജ്യങ്ങളിലെ കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമക്കുരുക്കുകളിലും അകപ്പെട്ട് യാതൊരുവിധ നിയമസഹായവും ലഭിക്കാതെ പ്രവാസി മലയാളികൾ ജയിലുകളിൽ കഴിയുന്നുണ്ട്. ഇവരുടെ കേസുകളിന്മേൽ നിയമോപദേശം നൽകുക, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവ സമർപ്പിക്കാൻ സഹായിക്കുക, നിയമ ബോധവൽക്കരണ പരിപാടികൾ മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, ബുദ്ധിമുട്ടുന്ന മലയാളികൾക്ക് നിയമ സഹായം നൽകുക എന്നീ കാര്യങ്ങളാണ് പ്രവാസി നിയമസഹായ സെൽ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## പ്രവാസികൾക്കായി പ്രത്യേക പാക്കേജ്

47 (50) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധയെത്തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(ബി) അവരുടെ പുനരധിവാസത്തിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ് ബാധയെത്തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചുവരുന്നു. കോവിഡ്-19 വ്യാപനത്തിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും കേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ക്രിയാത്മക നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽനിന്ന് തേടുന്നതിനും സർക്കാർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭ്യമായ ആശയങ്ങളും പദ്ധതികളും ഇതിന്റെ ഭാഗമായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ചുവരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. തൊഴിൽ സാധ്യത ലഭ്യമാക്കാൻ ശ്രമിക്കുന്നതിനോടൊപ്പം നൈപുണ്യം മെച്ചപ്പെടുത്തി വിദേശത്ത് ലഭ്യമായ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും ശ്രദ്ധചെലുത്തുന്നു. 2020 ജനുവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിരുന്നു. ഇതുകൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു.

## തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾ

48 (51) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടപ്പെട്ട് വിദേശ രാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയ പ്രവാസി മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

കോവിഡ് ജാഗ്രത പോർട്ടൽ പ്രകാരം 1021503 പ്രവാസികൾ കോവിഡ് മഹാമാരിമൂലം വിദേശ രാജ്യങ്ങളിൽനിന്നും തിരികെയെത്തിയിട്ടുണ്ട്.

(ബി) ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾക്ക് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

2020 ജനവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകാൻ കഴിയാത്തവർക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിരുന്നു. ഇതു കൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു.

(സി) കോവിഡ്-19 മൂലം വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളെ നാട്ടിൽ തിരിച്ചെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടന്ന പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് 26-04-2020-ന് നോർക്ക രജിസ്ട്രേഷൻ ആരംഭിച്ചിരുന്നു. രജിസ്റ്റർ ചെയ്ത പ്രവാസികളുടെ വിവരങ്ങൾ വിദേശകാര്യ മന്ത്രാലയത്തിന് കൈമാറുകയും ഇവരെ പ്രത്യേകം വിമാനങ്ങൾ സജ്ജമാക്കി അതത് രാജ്യങ്ങളിൽനിന്ന് കേരളത്തിലെ 4 എയർപോർട്ടുകളിലായി എത്തിക്കാൻ വേണ്ട ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുവേണ്ടി ധനസഹായം/ വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകിവരുന്നു.

**ലോകകേരള സഭ സമ്മേളനം**

49 (52) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടത്തിയ ലോകകേരള സഭയുടെ പ്രധാന ശിപാർശകളും തീരുമാനങ്ങളും എന്തൊക്കെയാണ്?

2020-ൽ നടന്ന ലോകകേരള സഭയുടെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത ശിപാർശകളിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടത് ലോകകേരള സഭ സെക്രട്ടേറിയറ്റ് നിർദ്ദേശപ്രകാരം ബന്ധപ്പെട്ട വകുപ്പുകളാണ്.

(ബി) പ്രസ്തുത ശിപാർശകളിൽ ഏതൊക്കെ ഇതിനകം നടപ്പിലാക്കി?

പ്രവാസികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ആരംഭിക്കണം എന്ന ശിപാർശ പ്രവാസി രക്ഷ ഇൻഷ്വറൻസ് പോളിസി എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ലോകകേരള സഭാ സമ്മേളനത്തിനായി ആകെ എത്ര തുക ചെലവഴിച്ചു ; ഇനം തിരിച്ച് വിശദാംശം നൽകുമോ?

2020 ലോക കേരള സഭയ്ക്കായി 1,21,68,733 രൂപ (ഒരു കോടി ഇരുപത്തി ഒന്ന് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി എഴുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചു. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പുതിയ കുടുംബകോടതികൾ**

50 (53) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-2-2020-ലെ G.O.(Ms)No.38/2021/Home പ്രകാരം സംസ്ഥാനത്ത് അഞ്ച് കുടുംബകോടതികൾ ആരംഭിക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുപ്രകാരം സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുടുംബകോടതികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

11-2-2021-ലെ G.O.(Ms)No.38/2021/Home പ്രകാരം സംസ്ഥാനത്ത് കുന്നംകുളം, നെയ്യാറ്റിൻകര, അടൂർ, പുനലൂർ, പരവൂർ (കൊല്ലം) എന്നീ സ്ഥലങ്ങളിൽ കോടതികൾ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് അവശ്യ തസ്തികകൾ അനുവദിക്കുന്നതാണെന്ന വ്യവസ്ഥയിന്മേൽ കുടുംബ കോടതികൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കോടതികൾ പ്രവർത്തിക്കുന്നതിനായി കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് അതത് ജില്ലാ ജഡ്ജിമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ പുരോഗതി ഹൈക്കോടതി നിരീക്ഷിച്ചുവരികയാണെന്നും ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്യാംപ് ഫോളോവേഴ്സ് തസ്തികയിലെ നിയമനം

51 (56) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ക്യാംപ് ഫോളോവേഴ്സ് തസ്തികയിൽ ജോലി ചെയ്യുന്നവരുടെ സർവ്വീസ് റൂൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കുമോ?

പോലീസ് വകുപ്പിലെ ക്യാംപ് ഫോളോവർമാരുടെ സ്പെഷ്യൽ റൂൾസ് കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് അതിൽ ഉൾപ്പെടുത്തി 14-10-2020-ലെ സ.ഉ.(പി)നമ്പർ 13/2020/ ഉ.ഭ.പ.വ. (എസ്.ആർ.ഒ.നമ്പർ 715/2020) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന സാഹചര്യത്തിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുഖ്യമന്ത്രി കർശന നിർദ്ദേശം നൽകിയിട്ടും ഇപ്പോഴും ക്യാംപ് ഫോളോവേഴ്സിനെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും വിരമിച്ച പോലീസ് ഉദ്യോഗസ്ഥരുടെയും വീടുകളിൽ ദാസ്യവൃത്തിക്കായി നിയോഗിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ

52 (57) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി കേന്ദ്രമാക്കി പ്രഖ്യാപിച്ച ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല അതത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും 14-07-2018-ന് സ.ഉ.(കൈ) നമ്പർ 116/2018/ ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരുനാഗപ്പള്ളിയിൽ പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. തിരക്കേറിയ സമയങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ, ഹോം ഗാർഡ്, ട്രാഫിക് വാർഡൻ എന്നിവരെ കൂടുതലായി നിയോഗിച്ച് ഗതാഗതം നിയന്ത്രിക്കാൻ 3-1-2020-ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജനമൈത്രി സുരക്ഷാ പദ്ധതി

53 (58) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ ജനകീയ പദ്ധതിയായ ജനമൈത്രി സുരക്ഷ പദ്ധതി കൂടുതൽ ശക്തവും സജീവവുമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കേരളാ പോലീസിന്റെ ജനകീയ പദ്ധതിയായ ജനമൈത്രി സുരക്ഷാ പദ്ധതി കൂടുതൽ ശക്തവും സജീവവുമാക്കാൻ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദിവാസി വിഭാഗങ്ങൾക്കായി 'ട്രൈബൽ ജനമൈത്രി (ആരണ്യകിരണം) പദ്ധതി', റെയിൽവേ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 'റെയിൽവേ ജനമൈത്രി', അതിഥി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയും ഉന്നമനത്തിനുമായി 'മൈഗ്രന്റ് ജനമൈത്രി', സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക് പഠന ഉപകരണങ്ങൾ

എത്തിക്കുന്നതിനായി 'ഇ-വിദ്യാരംഭം പദ്ധതി', ഗൗരവതരമല്ലാത്ത പരാതികൾ പരിഹരിക്കുന്നതിന് 'കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ, സ്ത്രീ സുരക്ഷയ്ക്കായി 'വിമൺ സെൽഫ് ഡിഫൻസ് ട്രെയിനിംഗ്', ദുരന്ത നിവാരണത്തിനായി 'ജനമൈത്രി കർമ്മസേന', സ്കൂൾ കോളേജ് ജാഗ്രതാ സമിതികൾ തുടങ്ങിയവ വിപുലമായി നടത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമേ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കോവിഡ് ജീവിതചര്യകളുടെ അവബോധം എന്നിവയ്ക്കായി സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന ആരംഭിച്ച മറ്റൊരു പദ്ധതിയാണ് 'എം.ബീറ്റ്' (മൊബൈൽ ബീറ്റ് സംവിധാനം). പരമ്പരാഗതമായ കേന്ദ്രീകൃത പോലീസിംഗ് രീതിയിൽനിന്ന് വിഭിന്നമായി പ്രാദേശിക ജനകീയ വിഷയത്തിൽ ജനാഭിപ്രായ സമന്വയത്തിലൂടെ വികേന്ദ്രീകൃത പോലീസിംഗ് നടപ്പിലാക്കുന്ന രീതിയാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

(ബി) കോവിഡ് മഹാമാരിയിൽ നാടിന് താങ്ങും തണലുമായി നിന്ന കേരള പോലീസ് അതിലേയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ?

ഉണ്ട്. 2021 ഏപ്രിൽ മധ്യത്തോടെ രാജ്യത്ത് ദൃശ്യമായ കോവിഡ്-19 രണ്ടാം തരംഗം കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യക്ഷപ്പെട്ട് ടി മഹാമാരി പൊതുജനങ്ങളെ തീവ്രമായി ബാധിക്കുകയുണ്ടായി. ഇതേത്തുടർന്ന് 8-5-2021 മുതൽ സംസ്ഥാനമൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിക്കാൻ ഇടയാകുകയും ചെയ്തു. ലോക്ഡൗൺ കാര്യക്ഷമമായി നടത്തിയിട്ടുള്ളതും പരമാവധി പൊതുജനസഞ്ചാരം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ജില്ലയ്ക്കകത്ത് സത്യവാങ്മൂലത്തോടുകൂടി അത്യാവശ്യ യാത്രകൾ അനുവദിച്ചിരുന്നു. ജില്ലാന്തര യാത്രകൾക്കായി തിരുവനന്തപുരം പോലീസ് സൈബർ ഡോം വികസിപ്പിച്ച വെബ് പോർട്ടൽ മുഖേന e-pass അനുവദിച്ചുവരുന്നു. കൂടാതെ റോഡുകളും ഇടറോഡുകളും അടച്ച് സെക്ടറുകളാക്കി തിരിച്ച് അകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്ന വാഹനങ്ങൾ പരിശോധന നടത്തി അനാവശ്യമായി പുറത്തിറങ്ങുന്ന വാഹനങ്ങളെ പിടിച്ചെടുത്ത് കുറ്റക്കാരായ യാത്രക്കാർക്കെതിരെ Kerala Epidemic Diseases (Amendment) Act 2020, ഇന്ത്യൻ ശിക്ഷാനിയമം, കേരളാ പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, Foot പട്രോളിംഗ്

എന്നിവ ശക്തമായി നടപ്പിലാക്കിവരുന്നു. വനിതാ മോട്ടോർ സൈക്കിൾ പട്രോളിംഗും ഇതോടൊപ്പം ഏർപ്പെടുത്തിയിട്ടുണ്ട്. 16-5-2021-ൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഏർപ്പെടുത്തിയ ട്രിപ്പിൾ ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പോലീസ് സ്റ്റേഷൻ പരിധികളിൽ One entry-One exit നടപ്പിലാക്കിയിട്ടുള്ളതും പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് പരിശോധനയും പിക്കറ്റും ഏർപ്പെടുത്തിയിരുന്നു.

- ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയ ജില്ലകളിലെ അതിർത്തി റോഡുകളും പ്രാദേശിക റോഡുകളും അടച്ചിടുകയും ജില്ലയ്ക്കകത്തുള്ള പ്രധാന റോഡുകളിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

- കോവിഡുമൂലം ക്വാറന്റൈനിൽ കഴിയുന്നവരെ സൈബർ സെല്ലിന്റെയും കോവിഡ് സേഫ്റ്റി ആപ്പിന്റെയും സഹായത്തോടെ നിരീക്ഷണം നടത്തി ക്വാറന്റൈൻ ലംഘനം ഇല്ലെന്ന് ഉറപ്പുവരുത്തുന്നു.

- സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് കൂട്ടംകൂടുന്നവരെയും മറ്റും ഡ്രോണുകൾ ഉപയോഗിച്ച് കണ്ടെത്തി നിയമനടപടി സ്വീകരിച്ചുവരുന്നു.

- പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ജനമൈത്രി പോലീസുമായി ചേർന്ന് ആവശ്യമായ അവബോധം നടത്തുകയും മാസ്ക്, സാനിറ്റൈസർ, ആവശ്യ മരുന്നുകൾ എന്നിവ കോളനിവാസികൾക്ക് സൗജന്യമായി നൽകി വരികയും ചെയ്യുന്നു.

- ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് കോവിഡ്-19 മഹാമാരിയിൽനിന്നും സുരക്ഷിതരായിരിക്കാൻ BREAK THE CHAIN ക്യാമ്പയിൽ അടിസ്ഥാനമാക്കി ആവശ്യമായ അവബോധം നൽകുന്നതിന് സാമൂഹ്യ മാധ്യമങ്ങൾവഴി ലഘുചിത്രങ്ങളും വീഡിയോകളും പോസ്റ്ററുകളും തയ്യാറാക്കി പ്രചരിപ്പിച്ചത് കൂടാതെ പത്രമാധ്യമങ്ങൾവഴി പൊതുജനങ്ങൾക്കായി സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിരുന്നു.

(സി) ലോക്ഡൗൺ കാലത്ത് തെരുവുകളിൽ വിശന്ന് അലയുന്നവർക്ക് സൗജന്യമായി ഭക്ഷണം നൽകുന്നതിന് കേരള പോലീസ് ആവിഷ്കരിച്ച 'ഒരു വയറൂട്ടാം' പദ്ധതിയുടെ വിശദാംശം നൽകുമോ?

വീട് ഇല്ലാത്തവർക്കും തെരുവിൽ കഴിയുന്ന അവശവിഭാഗങ്ങൾക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കും കോവിഡ്-19 നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുന്നണി പോരാളികൾക്കും സൗജന്യമായി ഭക്ഷണം നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖേന 'ഒരു വയറൂട്ടാം, ഒരു വിശപ്പടക്കാം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മുഖേന ലക്ഷക്കണക്കിന് പേർക്ക് സംസ്ഥാനത്തൊട്ടാകെ സൗജന്യമായി ഭക്ഷണവിതരണം നടത്തിയിരുന്നു.

## കോവിഡ് വ്യാപനം തടയുന്നതിൽ പോലീസ് സേനയുടെ പങ്ക്

54 (59) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വ്യാപനം തടയുന്നതിനായി രൂപീകരിച്ച കോവിഡ് പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുന്നതിനായി കേരള പോലീസ് സേന നിർവ്വഹിച്ച ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സമൂഹത്തിൽ ക്രമസമാധാനപാലനം നടത്താനുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുന്ന ഒരു ഏജൻസി എന്ന നിലയിൽ, കോവിഡ്-19-ന്റെ വ്യാപനം നിയന്ത്രിക്കുന്നതിൽ ഒരു പ്രധാന പങ്ക് സംസ്ഥാന പോലീസ് വഹിച്ചിട്ടുണ്ട്. 1-6-2021-ലെ കണക്കനുസരിച്ച് 11136 പോലീസ് ഉദ്യോഗസ്ഥർക്ക് കോവിഡ് പോസിറ്റീവ് ആയിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കേരള പോലീസ് നടപ്പാക്കിയ ത്രിമുഖ സമീപനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2021 ഏപ്രിൽ മധ്യത്തോടെ കോവിഡ്-19-ന്റെ രണ്ടാം തരംഗം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിച്ചതിനെത്തുടർന്ന് 08-05-2021 മുതൽ സംസ്ഥാനമൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിച്ചു. ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾ അനാവശ്യമായി

പുറത്തിറങ്ങാതിരിക്കുന്നതിന് കർശന പരിശോധനകൾ പോലീസ് നടത്തിയിട്ടുള്ളതും പരമാവധി പൊതുജന സഞ്ചാരം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ജില്ലയ്ക്ക് അകത്ത് സത്യവാങ്മൂലത്തോടുകൂടി അത്യാവശ്യ യാത്രകൾ അനുവദിച്ചിരുന്നു. ജില്ലാന്തര യാത്രകൾക്കായി വെബ്പോർട്ടൽ മുഖേന e-Pass അനുവദിച്ചുവരുന്നു. കൂടാതെ റോഡുകളും ഇടറോഡുകളും അടച്ച് സെക്ടറുകളാക്കി തിരിച്ച് അകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്ന വാഹനങ്ങൾ പരിശോധന നടത്തി അനാവശ്യമായി പുറത്തിറങ്ങുന്ന വാഹനങ്ങളെ പിടിച്ചെടുത്ത് കുറ്റക്കാരായ യാത്രക്കാർക്കെതിരെ Kerala Epidemic Diseases (Amendment) Act, 2020, ഇന്ത്യൻ ശിക്ഷാ നിയമം, കേരള പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, Foot പട്രോളിംഗ് എന്നിവ ശക്തമായി നടപ്പിലാക്കിവരുന്നു. 16-05-2021-ൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഏർപ്പെടുത്തിയ ട്രിപ്പിൾ ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പോലീസ് സ്റ്റേഷൻ പരിധികളിൽ One entry-One exit നടപ്പിലാക്കി.

(2) ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയ ജില്ലകളിലെ അതിർത്തി റോഡുകളും പ്രാദേശിക റോഡുകളും അടച്ചിടുകയും ജില്ലയ്ക്കകത്തുള്ള പ്രധാന റോഡുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു.

(3) കോവിഡുമൂലം ക്വാറന്റൈനിൽ കഴിയുന്നവരെ സൈബർ സെല്ലിന്റെയും കോവിഡ് സേഫ്റ്റി ആപ്പിന്റെയും സഹായത്തോടെ നിരീക്ഷണം നടത്തി ക്വാറന്റൈൻ ലംഘനം ഇല്ലെന്ന് ഉറപ്പുവരുത്തി.

(4) സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് കൂട്ടംകൂടുന്നവരെയുംമറ്റും ഡ്രോണുകൾ ഉപയോഗിച്ച് കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ജനമൈത്രി പോലീസുമായി ചേർന്ന് അവബോധം നടത്തുകയും മാസ്ക്, സാനിറ്റൈസർ, അവശ്യ മരുന്നുകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു.

(6) Break the Chain ക്യാമ്പയിൻ അടിസ്ഥാനമാക്കി ആവശ്യമായ അവബോധം നൽകുന്നതിന് സാമൂഹ്യമാധ്യമങ്ങൾവഴി ലഘുചിത്രങ്ങൾ, വീഡിയോകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി പ്രചരിപ്പിച്ചു.

(സി) ദൈനംദിനം മരുന്നുകഴിച്ചുകൊണ്ടിരുന്ന രോഗികളായവർക്ക് ജീവൻരക്ഷാ മരുന്നുകൾ വീട്ടിൽ എത്തിച്ചുകൊടുക്കുന്നതിനായി ജനമൈത്രി പോലീസ് നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. കോവിഡ്-19 രൂക്ഷമായതിന്റെ അടിസ്ഥാനത്തിൽ അവശ്യ സാധനങ്ങളും മരുന്നുകളും വീട്ടിലെത്തിച്ചും കൂടാതെ രോഗം ബാധിച്ചവർക്ക് ആവശ്യമായ വൈദ്യസഹായം എത്തിക്കുന്നതിനും ഭക്ഷണം ലഭ്യമല്ലാത്തവർക്ക് ഭക്ഷണമെത്തിക്കുന്നതിനും ജനമൈത്രി പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ജനമൈത്രി സുരക്ഷ പ്രോജക്ടിൽ പ്രശാന്തി എന്ന പേരിൽ നടപ്പിലായ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ലോക്ഡൗണിൽ പുറത്തിറങ്ങാൻ കഴിയാതെ വിഷമിക്കുന്ന വയോജനങ്ങൾക്ക് മരുന്ന്, ഭക്ഷണം, വാഹനം തുടങ്ങിയവ എത്തിക്കുന്നതിനുവേണ്ടിയാണ് പ്രശാന്തി പദ്ധതി ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതിന് 9497900035, 9497900045 എന്നീ നമ്പരുകളിൽ വിളിച്ച് സഹായം അഭ്യർത്ഥിച്ചാൽ ആയത് അതത് ജില്ലകളിലെ ജനമൈത്രി നോഡൽ ഓഫീസർമാരെ അറിയിക്കുകയും തുടർന്ന് പോലീസ് വീട്ടിലെത്തി സഹായം നൽകുകയും ചെയ്യുന്നു. പ്രശാന്തി വഴി കൗൺസിലിംഗിനുള്ള സംവിധാനം പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ പ്രവർത്തിക്കുന്ന കോൾ സെന്ററിൽ പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ നൽകുന്നു.

## ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം

55 (60) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ പോലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഒരു വാടക കെട്ടിടത്തിലാണ് വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി മറ്റം പ്രദേശത്ത് ഗ്രൗണ്ടിന് സമീപത്തായി പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നമ്പർ 240/1-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമിയിൽനിന്ന് 25 സെന്റ് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിച്ച് നൽകുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം, മറ്റം സെന്റ് തോമസ് ഫെറോന പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ കളിസ്ഥലമാണെന്ന് കാണിച്ച് പള്ളി അധികാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 42459/2018, WP(C)77/2019 എന്നീ നമ്പറുകളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

WP(C) No. 42459/2018, WP(C) No. 77/2019 എന്നീ റിട്ടുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ വാദം നടക്കുകയും ഇതിലെ എതിർകക്ഷികളായ സെന്റ് തോമസ് ഫെറോന പള്ളിയും, റീഡേഴ്സ് ഫോറം, മറ്റം എന്നിവർ തമ്മിൽ ആളൂർ വില്ലേജിലെ സർവ്വേ നമ്പർ 240/1-ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമിയെ സംബന്ധിച്ച് തൃശ്ശൂർ അഡീഷണൽ സബ് കോടതി-I-ൽ OS 1300/2010 പ്രകാരം സിവിൽ കേസ് നിലവിലുള്ളതിനാൽ ആയത് തീർപ്പാക്കിയതിനുശേഷമേ പ്രസ്തുത റിട്ടുകൾ പരിഗണിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അറിയിച്ചിട്ടുണ്ട്.

(ഡി) സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സുകളിൽ തീരുമാനമായി ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കുഴൽപ്പണം കൊള്ളയടിക്കപ്പെട്ട സംഭവം

56 (61) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. പി. അബ്ദുൽ ഹമീദ് :

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നതിന് കൊണ്ടുവന്നതായി ആരോപിക്കുന്ന കോടിക്കണക്കിന് കുഴൽപ്പണം കൊള്ളയടിക്കപ്പെട്ട സംഭവങ്ങൾ

റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ നിന്നെല്ലാം ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

&

(ബി) ഇതുസംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഇതുസംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 ആയി കേസ് രജിസ്റ്റർ ചെയ്തു. പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കേസന്വേഷണം പുരോഗമിച്ചുവരികയാണ്. കേസിന്റെ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**കുഴൽപ്പണം തട്ടിയെടുത്തത് സംബന്ധിച്ച അന്വേഷണം**

57 (62) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2021 ഏപ്രിൽ 3-ന് പുലർച്ചെ 4.30-ന് തൃശ്ശൂർ കൊടകരയിൽ വാഹനാപകടം സൃഷ്ടിച്ച് 3.5 കോടി രൂപയുടെ കുഴൽപണം തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

&

(സി) ഇതുമായി ബന്ധപ്പെട്ട് എത്രപേരെ നാളിതുവരെ ചോദ്യം ചെയ്തു; അതിൽ എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു; അവർ ആരെല്ലാമെന്നും ഇതിന് പിന്നിൽ ഏതെങ്കിലും ദേശീയ രാഷ്ട്രീയ പാർട്ടി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആയത് ഏതെന്നും വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 ആയി കേസ് രജിസ്റ്റർ ചെയ്തു. പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കേസന്വേഷണം പുരോഗമിച്ചുവരികയാണ്. കേസിന്റെ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) കണക്കിൽപ്പെടാത്ത പണം നിയമവിരുദ്ധമായി സംസ്ഥാനത്ത് എത്തിച്ചതായി കണ്ടെത്തിയ സാഹചര്യത്തിൽ യുക്തമായ നിയമ നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തെരഞ്ഞെടുപ്പ് കമ്മീഷനോടും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനോടും ആവശ്യപ്പെടുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

അന്വേഷണ ഏജൻസിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## കോവിഡ് രോഗികളായ സ്ത്രീകളുടെ സുരക്ഷ

58 (63) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണയിൽ കോവിഡ് ബാധിതയായ യുവതിക്കുനേരെ പീഡനശ്രമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; അറിയിക്കുമോ?

ടി സംഭവത്തിന് പീഡനത്തിനിരയായ യുവതിയുടെ പരാതി പ്രകാരം 14-5-2021-ന് പെരിന്തൽമണ്ണ പോലീസ് ക്രൈം നം. 256/2021 U/S 341, 354, 354(A), (I) (i), 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതിയായ പ്രശാന്ത് എന്നയാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ഉത്തരവ് പ്രകാരം റിമാൻഡിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(സി) 2020-ൽ പത്തനംതിട്ടയിൽ കോവിഡ് രോഗിയെ പീഡിപ്പിച്ച സംഭവത്തിനുശേഷം ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആംബുലൻസ് ഡ്രൈവർമാരുടെ ക്രിമിനൽ പശ്ചാത്തലം കർശന പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ജോലിക്കായി നിയമിക്കുന്നവരുടെ ക്രിമിനൽ പശ്ചാത്തലവുംമറ്റും പോലീസ് നിരീക്ഷിച്ചുവരുന്നു. കോവിഡ് ബാധിതരായ സ്ത്രീകളുമായും മറ്റും പോലീസ്

ഉദ്യോഗസ്ഥർ ആശയവിനിമയം നടത്തി അവർക്കുവേണ്ട എല്ലാ പിന്തുണയും നൽകുന്നുണ്ട്. കോവിഡ് ബാധിച്ച സ്ത്രീകളെ തനിച്ച് ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോകുന്ന അവസരത്തിൽ പോലീസിന്റെ സംരക്ഷണം ആവശ്യപ്പെടുന്നപക്ഷം ആയതും നൽകിവരുന്നു. കൂടാതെ, ജില്ലാ സൈബർ സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കിടയിൽ ഔദ്യോഗിക വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും മറ്റും ബോധവൽക്കരണവും നടത്തുന്നുണ്ട്.

(ഡി) കോവിഡ് രോഗികളായ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കോവിഡ്-19 ബാധിച്ച് ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജനമൈത്രി പോലീസ് പദ്ധതി മുഖേന വീടുകളിൽ പോയി രോഗികളുടെ സുരക്ഷയെയും ക്ഷേമത്തെയുംപറ്റി അന്വേഷിക്കുന്നതിനും ആവശ്യമെങ്കിൽ വൈദ്യസഹായം എത്തിക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ കോവിഡ് രോഗികളെ പാർപ്പിച്ചിട്ടുള്ള DCC/CFLTC ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്.

## കുഴൽപ്പണ കവർച്ച കേസ്സിന്റെ അന്വേഷണം

59 (64) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ തെരഞ്ഞെടുപ്പിന്റെ അവസാന ദിവസങ്ങളിൽ ചെലവഴിക്കാൻ കൊണ്ടുവന്നതായി ആരോപിക്കുന്ന 3.5 കോടി രൂപയുടെ കുഴൽപ്പണം കൊടകരവച്ച് വാഹനാപകടമുണ്ടാക്കി കവർന്ന കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഏത് രാഷ്ട്രീയ പാർട്ടിക്കുവേണ്ടിയാണ് പ്രസ്തുത പണം കൊണ്ടുവന്നതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ കേസിൽ ഇതിനകം എത്രപേരെ അറസ്റ്റ് ചെയ്തു; അവർക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;

&

(ഡി) പ്രസ്തുത കേസിന്റെ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അന്വേഷണം ഊർജ്ജിതപ്പെടുത്തി എല്ലാ പ്രതികളേയും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 ആയി കേസ് രജിസ്റ്റർ ചെയ്തു. പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കേസന്വേഷണം പുരോഗമിച്ചുവരികയാണ്. കേസിന്റെ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**ആമിന അബ്ദുൾ ഖാദറിന്റെ കൊലപാതകം**

60 (65) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ട്യാർപിള്ളിൽ വീട്ടിൽ ആമിന അബ്ദുൾ ഖാദർ(66)-നെ കൊലപ്പെടുത്തിയ കേസ്സിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ?

ഈ കേസിലെ പരാതിക്കാരന്റെ ഉമ്മ ആമിന 7-3-2021-ന് പകൽ 11.15-നും 12.15-നും ഇടയ്ക്കുള്ള ഏതോ സമയം വീടിനടുത്തുള്ള പാടത്ത് അവശനിലയിൽ കാണപ്പെടുകയും തുടർന്ന് ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിച്ച സമയം മരണപ്പെട്ടുപോയതുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 434/2021 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവേ, മരണപ്പെട്ട ആമിനയെ ആരോ ശ്വാസം മുട്ടിച്ച് അബോധാവസ്ഥയിൽ വെള്ളത്തിൽ തള്ളിയിട്ട് കൊലപ്പെടുത്തിയതാണെന്നുള്ള പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും ടിയാൾ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തതായി വെളിവായതിന്റെയും അടിസ്ഥാനത്തിൽ ടി കേസ്, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 397, 302 വകുപ്പുകൾ പ്രകാരം മാറ്റി മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള 21 അംഗ സംഘം രൂപീകരിച്ച് പ്രതികളെ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയവും ഊർജ്ജിതവുമായ അന്വേഷണം നടത്തിവരുന്നു.

## കുഞ്ഞാമിന കൊല്ലപ്പെട്ട കേസ്

61 (66) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക നാല് വർഷങ്ങൾക്കുമുമ്പ് കൊല്ലപ്പെട്ട കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

&

(ബി) കേസ്സന്വേഷണം പോലീസിലെ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നതെന്നും നിലവിൽ അവരുടെ നിഗമനങ്ങൾ എന്തെന്നും അറിയിക്കുമോ?

ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 372/2016 u/s 397, 302 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് പോലീസ് അന്വേഷണം നടത്തിവരുന്നു. പ്രതികൾ കൃത്യം നടത്തുന്നതിനുമുമ്പ് താമസിച്ചിരുന്ന ലോഡ്ജുകളിലെ സി.സി.ടി.വി. ദൃശ്യങ്ങളിൽനിന്നും ലഭിച്ച ഫോട്ടോഗ്രാഫുകൾ പരാതിക്കാരനെയും മറ്റ് സാക്ഷികളെയും കാണിച്ചിട്ടുള്ളതും കുഞ്ഞാമിന വധവുമായി ബന്ധപ്പെട്ട കേസിലെ പ്രതികൾ മേൽപ്പറഞ്ഞ ലോഡ്ജുകളിൽ താമസിച്ച 3 പേർ ആയിരിക്കുമെന്ന് സാക്ഷികളുടെ മൊഴി, സാഹചര്യത്തെളിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്. കൂടാതെ ആന്ധ്രാപ്രദേശിലെ ഓംഗോൾ എന്ന സ്ഥലത്തെ പോലീസ് സ്റ്റേഷൻ പരിധിയിൽ കെട്ടിയിട്ട് കവർച്ച നടത്തിയ കേസിൽ ലഭിച്ച പ്രതികളുടെ ഫിംഗർ പ്രിന്റും ഈ കേസ്സിലെ സംഭവസ്ഥലത്തുനിന്ന് ലഭിച്ച ഫിംഗർ പ്രിന്റും ഒന്നാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. എന്നാൽ പ്രതികൾ സമർത്ഥമായ രീതിയിൽ മൊബൈൽ ഫോണുകൾ ഉപേക്ഷിച്ചോ/ഉപയോഗിക്കാതെയോ വിവിധ സംസ്ഥാനങ്ങളിൽ മാറിമാറി ഒളിവിൽ താമസിക്കുന്നതിനാൽ പ്രതികളെ നാളിതുവരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും Look Out Circular (LOC) തയ്യാറാക്കി അയച്ചിട്ടുണ്ട്.

(സി) അന്വേഷണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന ബന്ധുക്കളുടെയും നാട്ടുകാരുടെയും പരാതി പരിഗണിച്ച് കേസ് അന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നല്ല രീതിയിൽ പോലീസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## കസ്റ്റഡി മരണങ്ങൾ

62 (68) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായി; വിശദാംശങ്ങൾ നൽകുമോ;

&

(ബി) കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

2016-21-ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 10 പോലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് 25 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതും ആയതിൽ 22 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സിദ്ദിഖ് കാപ്പന്റെ മോചനം

63 (69) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമ പ്രവർത്തകൻ സിദ്ദിഖ് കാപ്പന്റെ മോചനത്തിനായി സർക്കാർ ഇതിനകം എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

&

(ബി) അദ്ദേഹത്തിന് നീതി ഉറപ്പാക്കുന്നതിനും മതിയായ ചികിത്സ ലഭ്യമാക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. സിദ്ദിഖ് കാപ്പന്റെ ജീവൻ രക്ഷിക്കുന്നതിന് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥിന് 25-4-2021-ൽ മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ടിയാന് മികച്ച ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി ഉത്തർപ്രദേശിലെ മഥുരയിൽനിന്നും ഡൽഹിയിലേയ്ക്ക് മാറ്റണമെന്ന് 28-04-2021-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിട്ടിട്ടുമുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## യു.എ.പി.എ. കേസ്

64 (70) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ എത്രപേർക്കെതിരെ യു.എ.പി.എ. ചുമത്തി കേസ്സെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ (25-05-2016 മുതൽ 19-05-2021 വരെ) 145 കേസ്സുകളിൽ പോലീസ് യു.എ.പി.എ. ചുമത്തിയിരുന്നു. എന്നാൽ യു.എ.പി.എ. കേസ്സിൽ അന്തിമ റിപ്പോർട്ട് കോടതിക്ക് മുൻപാകെ പോലീസിന് സമർപ്പിക്കണമെങ്കിൽ കേസിൽ പ്രതികൾക്കെതിരെ യു.എ.പി.എ. നിയമത്തിലെ 45(1) (ii) പ്രകാരം സംസ്ഥാന സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതുണ്ട്. ഇത്തരത്തിൽ അനുമതി നൽകുന്നത് പ്രസ്തുത നിയമത്തിലെ 45(2) വകുപ്പ് പ്രകാരം രൂപീകൃതമായ അതോറിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത 8 കേസ്സുകളിൽ മാത്രമാണ് പ്രോസിക്യൂഷൻ അനുമതിക്കായി പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുള്ളത്. ഇതിൽ 5 കേസ്സുകളിൽ സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടില്ല.

(ബി) യു.എ.പി.എ. ചുമത്തിയ കേസ്സുകളിൽ ചിലത് പോലീസ് മനഃപൂർവ്വം കെട്ടിച്ചമച്ചതാണെന്ന പരാമർശം കോടതിയിൽനിന്ന് ഉണ്ടായിട്ടുണ്ടോ?

ഇത്തരത്തിൽ പരാമർശം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ തെറ്റായ രീതിയിൽ യു.എ.പി.എ. ചുമത്തിയ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) പിരിവിലെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

## വ്യാജ ഇ-മെയിൽ ഐ.ഡി. ഉപയോഗിച്ചുള്ള പണപ്പിരിവ്

65 (71) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും പേരിൽ വ്യാജ ഇ-മെയിൽ ഐഡി ഉണ്ടാക്കി പണപ്പിരിവ് നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉണ്ട്. വ്യാജ ഇ-മെയിൽ ഐഡി ഉണ്ടാക്കി പണപ്പിരിവ് നടത്തുന്നതുമായി ബന്ധപ്പെട്ട് നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇത്തരത്തിലുള്ള സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ സംബന്ധിച്ചും ചതിക്കുഴികളിൽ പെടാതിരിക്കുന്നതിനും പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ സംഘടനകളുടെയും ക്ലബ്ബുകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും ജില്ലാ സൈബർ സെല്ലുകളുടെയും നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നിർദ്ദേശങ്ങൾ നൽകിയും ഇത്തരത്തിലുള്ള തട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പയ്യാവൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

66 (72) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 18-02-2021-ന് ഉദ്ഘാടനം നിർവ്വഹിച്ച പയ്യാവൂർ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം പ്രവർത്തനക്ഷമമായോ എന്ന് വെളിപ്പെടുത്തുമോ;

&

(ബി) ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്താണെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിട നമ്പർ ലഭിക്കുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുകയും ചെയ്യുന്നതാണ്.

(സി) തടസ്സങ്ങൾ പരിഹരിച്ച് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പേരാമ്പ്ര മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾ

67 (73) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി, മേപ്പയ്യൂർ പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജലസേചന വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല.

(സി) പേരാമ്പ്രയിൽ പുതുതായി അനുവദിച്ച പോലീസ് സബ് ഡിവിഷൻ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പേരാമ്പ്രയിൽ പുതുതായി അനുവദിച്ച പോലീസ് സബ് ഡിവിഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം

68 (74) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു വ്യക്തി ബഹുമാനപ്പെട്ട പയ്യന്നൂർ മുനിസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും അത് കോടതിയുടെ പരിഗണനയിലുമാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

69 (75) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 25 സെന്റ് സ്ഥലം വിട്ടുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 26-2-2021-ലെ സ.ഉ.(സാധാ) നമ്പർ 650/2021/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ താമസംവിനാ ആരംഭിക്കുന്നതാണ്.

### ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

70 (76) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടയിലെ പ്രധാന പട്ടണമായ ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

&

(ബി) ആറ്റിങ്ങലിൽ നിലവിൽ പ്രവർത്തിക്കുന്ന ട്രാഫിക് യൂണിറ്റ് പട്ടണത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ?

ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാറ്റികൊണ്ടും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും സർക്കാർ 14-7-2018-ൽ സ.ഉ.(കൈ)നമ്പർ.116/18/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ ആറ്റിങ്ങലിൽ പ്രവർത്തിച്ചുവരുന്ന ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പട്ടണത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാണ്.

## പോലീസ് സ്റ്റേഷന് കെട്ടിടം

71 (77) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി പരിധിയിലുള്ള പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

&

(സി) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 197 ലക്ഷം രൂപ ചെലവഴിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പന്തീരാങ്കാവ് പോലീസ് സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം തീരദേശ നിയമത്തിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്ലാൻ സമർപ്പിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

## കായംകുളം പോലീസ് സ്റ്റേഷന് പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കൽ

72 (78) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് കാലങ്ങളായി ജീർണ്ണാവസ്ഥയിലായി അപകട ഭീഷണിയുയർത്തി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടം പരിശോധിച്ച് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാൻ കഴിയുമോയെന്നും അല്ലാത്തപക്ഷം കെട്ടിടം പൊളിച്ചുനീക്കി പുതിയത് നിർമ്മിക്കുന്നതിനുള്ള കാര്യത്തിലും റിപ്പോർട്ടിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പോലീസ് മേധാവി കത്ത് നൽകിയിട്ടുണ്ട്.

## പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

73 (79) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സച്ചാർ കമ്മിറ്റി ശിപാർശകളുടെ ഭാഗമായുള്ള പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

## മാവോയിസ്റ്റ് ഭീഷണി

74(80) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മാവോയിസ്റ്റ് സാന്നിധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പോലീസിന്റെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ഇത് നിയന്ത്രണവിധേയമാണ്.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ പോലീസുമായുള്ള ഏറ്റുമുട്ടലിൽ എത്ര മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ;

&

(സി) മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് വ്യാജ ഏറ്റുമുട്ടലിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

എട്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ സംഭവങ്ങളിലും മജിസ്റ്റീരിയൽ എൻക്വയറിയും ക്രൈം കേസ് രജിസ്റ്റർ ചെയ്തും അന്വേഷണം നടത്തിയിട്ടുള്ളതാണ്. ക്രൈം കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം

75 (81) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകുമോ?

കേരള വിക്ടിം കോമ്പൻസേഷൻ സ്കീം, 2017 പ്രകാരം കുറ്റകൃത്യങ്ങളെ അതിജീവിച്ചവർക്കും കുറ്റകൃത്യങ്ങൾക്ക് വിധേയരായി മരണമടഞ്ഞവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകിവരുന്നു. ക്രിമിനൽ നടപടിക്രമത്തിലെ 357 A വകുപ്പ് പ്രകാരം 2014-ൽ നിലവിൽവന്ന ഈ പദ്ധതി 2017-ൽ പുതുക്കുകയും കേരള വിക്ടിം കോമ്പൻസേഷൻ സ്കീം, 2017 എന്ന് അറിയപ്പെടുകയും ചെയ്യുന്നു. 2021 വർഷത്തിൽ സുപ്രീംകോടതി നിർദ്ദേശപ്രകാരം, 20-2-2021-ൽ G.O (MS)No.59/2021/Home പ്രകാരം പ്രസ്തുത പദ്ധതിയിൽ ഭേദഗതി വരുത്തി compensation scheme for women victims/survivors of sexual assault/other crimes എന്നത് രണ്ടാം അദ്ധ്യായത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. കേരള സംസ്ഥാനത്തിനകത്തുവച്ച് നടന്ന കുറ്റകൃത്യങ്ങളിൽപ്പെട്ട ഇരകൾക്കും ആശ്രിതർക്കുമാണ് ഈ പദ്ധതിപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുള്ളത്. കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) പദ്ധതി നിലവിലുണ്ടെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## അനധികൃത സ്വത്ത് സമ്പാദനം

76 (82) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്വത്ത് സമ്പാദന കേസ്സിൽ ഏതെല്ലാം മുൻ എം.എൽ.എ.-മാർക്കെതിരെയാണ് വിജിലൻസ് കേസ്സുകൾ എടുത്തിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് മുൻ എക്സൈസ് വകുപ്പ് മന്ത്രിയായ ശ്രീ. കെ. ബാബുവിനെതിരെയും മുൻ എം.എൽ.എ.-മാരായ ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. കെ. എം. ഷാജി എന്നിവർക്കെതിരെയും വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണ പുരോഗതി ഏത് ഘട്ടത്തിലാണന്ന് വിശദമാക്കുമോ?

ശ്രീ. കെ. ബാബുവിനെതിരായി രജിസ്റ്റർ ചെയ്ത വി.സി.17/2016/എസ്.സി.ഇ. കേസിന്റെ അന്വേഷണം പൂർത്തിയായി ബഹുമാനപ്പെട്ട മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ സി.സി.2/2018 നമ്പരായി വിചാരണയിലാണ്. ശ്രീ. കെ. എം. ഷാജിക്കെതിരെ രജിസ്റ്റർ ചെയ്ത വി.സി.2/2021/എസ്.സി.കെ., ശ്രീ. വി. എസ്. ശിവകുമാറിനെതിരെ രജിസ്റ്റർ ചെയ്ത വി.സി.2/2020/എസ്.സി.ടി. എന്നീ കേസ്സുകൾ അന്വേഷണ ഘട്ടത്തിലാണ്.

## കുന്ദമംഗലം മജിസ്ട്രേറ്റ് കോടതി നവീകരണം

77 (83) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷത്തിലധികം പഴക്കമുള്ള കുന്ദമംഗലം മജിസ്ട്രേറ്റ് കോടതി നവീകരിച്ച് സംരക്ഷിക്കുന്നതിന് C5/190/2017/Home ഫയലിൽ സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

&

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവന്നിരുന്ന പോലീസ് സ്റ്റേഷൻ, പുതിയ കെട്ടിടം നിർമ്മിച്ച് മാറ്റിയ സാഹചര്യത്തിൽ കുന്ദമംഗലം മജിസ്ട്രേറ്റ് കോടതിയുടെ കെട്ടിട നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കുന്ദമംഗലം കോടതി കെട്ടിടം നവീകരിച്ച് സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസലിന് 4-6-2021-ലെ G.O(Rt)No.1584/2021/Home പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ പുരോഗതി

78 (84) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 150 കോടി രൂപ പ്രഖ്യാപിച്ചതുമായ കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-03-2016-ലെ സ.ഉ.(കൈ) നമ്പർ 79/2016/ആഭ്യന്തരം നമ്പർ പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കോടതികളെ പ്രാധാന്യമനുസരിച്ച് മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം മുൻഗണനാ ലിസ്റ്റിൽനിന്നും MACT കാസർഗോഡ്, മുനിസിഫ്-മജിസ്ട്രേറ്റ് കോടതി അട്ടപ്പാടി എന്നിവ മാത്രമേ ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടുള്ളൂ. മുൻഗണനാ ലിസ്റ്റിൽ 52-ാമതായാണ് കടുത്തുരുത്തി മുനിസിഫ്-മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുള്ളത്. പുതിയ കോടതി അനുവദിക്കുന്നമുറയ്ക്ക് മുൻഗണനാക്രമത്തിൽ മാത്രമേ കോർട്ട് കോംപ്ലക്സ് നിർമ്മാണം പരിശോധിക്കാൻ നിർവ്വാഹമുള്ളൂ.

(ബി) ഇപ്പോൾ ആഭ്യന്തര വകുപ്പിലുള്ള 97480/സി5/ആഭ്യന്തരം/2014 ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

14-6-2016-ലെ 97480/സി5/2014/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.-യ്ക്ക് മറുപടി നൽകിയശേഷം പ്രസ്തുത ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്.

(സി) കിഫ്ബി വഴി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഡി.പി.ആർ. തയ്യാറായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

79 (87) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയായി രൂപീകരിച്ച കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ?

ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ വിദഗ്ദ്ധ സമിതി 31-12-2019-ൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ ആറ് മാസത്തിനുള്ളിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം നിയമസഭയിൽ സമർപ്പിക്കണമെന്ന് 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4)-ൽ നിബന്ധനയുണ്ടോ;

&

(സി) എങ്കിൽ ജസ്റ്റിസ് ഹേമ കമ്മീഷന്റെ റിപ്പോർട്ട് പ്രസ്തുത കാലാവധി കഴിഞ്ഞിട്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ വിദഗ്ദ്ധ സമിതി 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ല.

## നൂറുദിന കർമ്മപരിപാടി

80 (88) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ?

നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ എച്ച്.എൻ. കോളനിയിലെ 18 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകി.

2. ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം 5 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.

3. ആലത്തൂർ, കിഴക്കഞ്ചേരി, തേങ്കുറിശ്ശി, എരിമയൂർ, വണ്ടാഴി, മേലാർകോട് എന്നീ ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ ശുചിത്വ പദവി നേട്ടം കൈവരിച്ചു.

4. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പരിപാടിയുടെ ഭാഗമായി മലമൽ ടെമ്പിൾ റോഡ് റീടാറിംഗ്, ചെറുതറ വേട്ടക്കരുമൻ അമ്പലം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു.

5. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേനോൻ തരിശ് ക്ഷീര സഹകരണ സംഘത്തിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

6. ആലത്തൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രകാരം വിവിധ ലൈസൻസുകളും രജിസ്ട്രേഷനുകളും ലഭ്യമാക്കിയും ഈ കാലയളവിൽ 38 വിവിധ സംരംഭകത്വ യൂണിറ്റുകൾ ആരംഭിക്കുകയും 3.45 കോടി രൂപ നിക്ഷേപമുണ്ടാക്കുകയും 226 തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

7. തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് ഒന്നാം ഘട്ടത്തിൽ 235 തൊഴിലവസരങ്ങളും രണ്ടാം ഘട്ടത്തിൽ 74 തൊഴിലവസരങ്ങളും ആലത്തൂർ നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പിന് കീഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

8. ആലത്തൂർ നിയോജകമണ്ഡലത്തിൽ പുതിയങ്കം ജി.യു.പി. സ്കൂളിൽ ഒരു കോടി രൂപ ചെലവിൽ 6 ക്ലാസ് മുറികൾ ഉൾപ്പെടുന്ന കെട്ടിടം സ്ഥാപിച്ചു.

9. ലൈഫ് മിഷൻ ആലത്തൂർ നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 43 വീടുകൾ പൂർത്തീകരിച്ചു.

10. ആലത്തൂർ നിയോജകമണ്ഡലത്തിൽ ആലത്തൂർ, മേലാർകോട്, വണ്ടാഴി, എരിമയൂർ, തേങ്കുറിശ്ശി, കുഴൽമന്ദം, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിൽ ജനകീയ ഹോട്ടലുകൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു.

11. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ആലത്തൂർ, കിഴക്കഞ്ചേരി, മേലാർകോട്, വണ്ടാഴി, എരിമയൂർ, തേങ്കുറിശ്ശി, കുഴൽമന്ദം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൊതു ടോയ്‌ലെറ്റ്, ടേക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയവ നടപ്പാക്കി.

12. നിരത്തുകൾ-പ്രളയത്തോടനുബന്ധിച്ചുള്ള പ്രവൃത്തി (2018-19) കുഴൽമന്ദം-മങ്കര റോഡ് വികസനം പൂർത്തീകരിച്ചു.

13. ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ നിലാവ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

14. ആലത്തൂർ, വണ്ടാഴി, എരിമയൂർ എന്നീ വില്ലേജുകളിൽ യഥാക്രമം 8, 39, 9 എന്നിങ്ങനെ 56 ലക്ഷംവീട് പട്ടയം വിതരണം ചെയ്തു. കൂടാതെ 26 കെ.എസ്.ടി. പട്ടയവും വിതരണം ചെയ്തിട്ടുണ്ട്.

15. റോയൽ പദ്ധതി - ഉദ്ഘാടനം: കിഴക്കഞ്ചേരി, ആലത്തൂർ, എരിമയൂർ പഞ്ചായത്തിലെ 11306 നെൽകർഷകർക്ക് 19,69,051 രൂപയും തേങ്കുറിശ്ശി, കുഴൽമന്ദം പഞ്ചായത്തിലെ 2019 നെൽകർഷകർക്ക് 19,06,374 രൂപയും അനുവദിച്ചിരുന്നു.

16. പച്ചക്കറികളുടെ തറവില പ്രഖ്യാപനം: കിഴക്കഞ്ചേരി കൃഷി ഭവൻ പരിധിയിൽ രജിസ്റ്റർ ചെയ്ത വാഴ, പച്ചക്കറി, കപ്പ കൃഷിക്കാർക്ക് പദ്ധതി ആനുകൂല്യം ലഭിച്ചുവരുന്നു. 259 കർഷകർക്കായി 4,12,833 രൂപ ധനസഹായമായി നൽകുകയും ചെയ്തു.

16. കേര ഗ്രാമം പദ്ധതി: എരിമയൂർ, ആലത്തൂർ പഞ്ചായത്തുകളിലായി 250 ഹെക്ടർ തെങ്ങ് കൃഷിക്ക് 6.25 ലക്ഷം രൂപയുടെ ജൈവ വളം വിതരണം ചെയ്തിട്ടുണ്ട്.

17. തെങ്ങിൻ തൈ വിതരണം: 2100 തെങ്ങിൻ തൈ വിതരണം (വണ്ടാഴി, മേലാർകോട് പഞ്ചായത്തിൽ) നടത്തി.

18. ഫലവൃക്ഷ തൈ വിതരണം: 5717 ഫലവൃക്ഷ തൈ വിതരണം വണ്ടാഴി, മേലാർകോട് പഞ്ചായത്തിൽ) നടത്തി.

19. റെയിൻ ഷെൽട്ടർ: വണ്ടാഴി, മേലാർകോട് പഞ്ചായത്തിൽ ഒരു ലക്ഷം രൂപ ചെലവിൽ 2 റെയിൻ ഷെൽട്ടർ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കി.

20. സ്മാം പദ്ധതി: സ്മാം പദ്ധതി പാലക്കാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന കർഷകർക്ക് യന്ത്രവൽക്കരണം സഹായം നൽകുന്നതിന് രണ്ടാംഘട്ട ഉദ്ഘാടനം നടപ്പാക്കുകയുണ്ടായി.

## കൊല്ലം ചാത്തന്നൂരിൽ പുതിയ അഗ്നിരക്ഷാ നിലയം

81 (89) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിനായി ഫയർ & റസ്ക്യൂ വകുപ്പ് സമർപ്പിച്ചിട്ടുള്ള മുൻഗണനാടിസ്ഥാനത്തിലുള്ള ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(ബി) അനിവാര്യമായ സ്ഥലങ്ങളിൽ അഗ്നിരക്ഷാ നിലയങ്ങൾ അടിയന്തരമായി ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വിശദമാക്കുമോ?

ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ലിസ്റ്റ് സർക്കാർ പരിശോധിച്ച് 18-2-2021-ലെ സ.ഉ.(എം.എസ്) നമ്പർ 51/ 2021/ആഭ്യന്തരം പ്രകാരം അനിവാര്യത ബോധ്യപ്പെട്ട താനൂർ, കോങ്ങാട്, കല്ലമ്പലം, കൊല്ലങ്കോട്, പട്ടാമ്പി എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിച്ചും, വൈത്തിരി, ആറന്മുള, നേര്യമംഗലം, മാവൂർ, ചീമേനി, പാലോട്, പനമരം, രാജാക്കാട്, ഉള്ളൂർ എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിട്ടുള്ളതാണ്.

(സി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെന്റ് സ്ഥലം (കൊല്ലം താലൂക്ക്, മീനാട് വില്ലേജ്, സർവ്വേ നമ്പർ 91/14) നിർദിഷ്ട ചാത്തന്നൂർ ഫയർ സ്റ്റേഷനുവേണ്ടി ഫയർ & റസ്ക്യൂ വകുപ്പിന് കൈമാറുന്നതിന് സഹായകമായ നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25-1-2019-ൽ ജനപ്രതിനിധി നൽകിയ നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പരവൂർ അഗ്നിരക്ഷാനിലയത്തിനായി പുതുതായി അനുവദിച്ച സ്ഥലത്തുനിന്നും 8 കി.മീ. അകലെയാണ് ചാത്തന്നൂർ ടൗൺ സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ചാത്തന്നൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം താൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ലെന്ന വിവരം 10-01-2020-ലെ എഫ്2/80/2019/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ചാത്തന്നൂർ ആസ്ഥാനമായി ഒരു പുതിയ അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ചാത്തന്നൂരിൽ ഒരു ഫയർ സ്റ്റേഷന്റെ ആവശ്യകത സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനം നടത്തിയതിൽ, ടി സ്ഥലം പരവൂർ, കല്ലമ്പലം, കൊല്ലം സ്റ്റേഷനുകളിൽനിന്നും യഥാക്രമം 9 കി.മീ., 14 കി.മീ., 14 കി.മീ. മാത്രം അകലെയാണ് എന്നതിനാൽ ടി സ്ഥലത്ത് ഒരു ഫയർ സ്റ്റേഷൻ തൽക്കാലം ആരംഭിക്കേണ്ടതില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

## പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കൽ

82 (90) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ?

ലഭ്യമായിട്ടില്ല.

(ബി) ഇതിനായി സ്വീകരിച്ചുവന്ന നടപടികൾ വ്യക്തമാക്കുമോ;

&

(സി) പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പുതുപ്പാടിയിൽ ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് പുതുപ്പാടി കൈതപ്പൊയിലിലെ പുറമ്പോക്ക് സ്ഥലമോ വെസ്റ്റ് കൈതപ്പൊയിൽ 9-ാം വാർഡിൽ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന് സമീപത്തെ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് സ്ഥലമോ ലഭ്യമാക്കുന്നതിന് പുതുപ്പാടി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ

83 (91) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

5 സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ തുറക്കുന്നതിനും 9 സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും 18-2-2021-ലെ സ.ഉ.(എം.എസ്.)നമ്പർ 51/2021/ ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് പുതിയ ശിപാർശകളൊന്നും നിലവിൽ പരിഗണനയിലില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതുതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളെ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കുമ്പോൾ ബാലുശ്ശേരി മുൻ എം.എൽ.എ.-യുടെ കത്ത്, ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിലുംകൂടി പരിശോധന നടത്താൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വകുപ്പ് തലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ബാലുശ്ശേരി ഉൾപ്പെട്ടിരുന്നില്ല.

(സി) കക്കയം ഡാം, കിനാലൂർ വ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളും മലയോര ഗ്രാമപഞ്ചായത്തുകളും ഉൾപ്പെട്ട ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

വകുപ്പുതലത്തിൽ ശാസ്ത്രീയ പഠനം നടത്തി സമർപ്പിക്കുന്ന മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതിക്ക് വിധേയമായി മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**കിളിമാനൂരിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ**

84 (92) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാത-1 (എം.സി. റോഡ്)-ൽ ഏറെ അപകടങ്ങൾ നടക്കുന്ന പ്രദേശം എന്ന സാഹചര്യം പരിഗണിച്ച് കിളിമാനൂരിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആയതുസംബന്ധിച്ച് വകുപ്പുതല ശിപാർശകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പുതിയ ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനിവാര്യമായ സ്ഥലങ്ങളുടെ പട്ടിക വകുപ്പ് തലത്തിൽ പഠനം നടത്തി തയ്യാറാക്കിയതിൽ കിളിമാനൂർ ഉൾപ്പെട്ടിട്ടില്ല.

**മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിടം**

85 (93) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 10 റീ സർവ്വേ നമ്പർ 17/18-ൽപ്പെട്ട സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള പ്ലാൻ വകുപ്പ് തലത്തിൽ അംഗീകരിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**മാവൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കൽ**

86 (94) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ?

18-2-2021-ലെ സ.ഉ.(എം.എസ്.) നമ്പർ 51/2021/ആഭ്യന്തരം പ്രകാരം മാവൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ആയത് ആരംഭിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കുമോ;

&

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യാൻ എപ്പോൾ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്റ്റേഷൻ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കുന്നതിന് മതിയായ സൗകര്യങ്ങളോടുകൂടി കെട്ടിടം ലഭ്യമാകേണ്ടതുണ്ട്. കൂടാതെ സ്റ്റേഷൻ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ മറ്റ് സ്റ്റേഷനുകളിൽനിന്ന് കണ്ടെത്തുകയോ ചെയ്യുന്ന മുറയ്ക്ക് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## വാമനപുരം നിയോജകമണ്ഡലത്തിലെ ഫയർ & റസ്ക്യൂ സ്റ്റേഷൻ

87 (95) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകുമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ പാലോട് ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18-02-2021-ലെ സ.ഉ.(എം.എസ്.) നമ്പർ 51/2021/ആഭ്യന്തരം പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

&

(സി) പ്രസ്തുത സ്റ്റേഷൻ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പ്രസ്തുത സ്റ്റേഷൻ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കുന്നതിന് മതിയായ സൗകര്യങ്ങളോടുകൂടി കെട്ടിടം ലഭ്യമാകേണ്ടതുണ്ട്. ആയതിനൊപ്പം സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ മറ്റ് സ്റ്റേഷനുകളിൽനിന്നും കണ്ടെത്തുകയോ ചെയ്യേണ്ടതുണ്ട്. ആയതിനുശേഷം സ്റ്റേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വളാഞ്ചേരി ഫയർ സ്റ്റേഷൻ

88(96) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ റീസർവ്വേ 34/4 എ-യിൽ ഉൾപ്പെട്ട 17 ആർ (42 സെന്റ്) റവന്യൂ പുറമ്പോക്ക് ഭൂമി 9-5-2017-ലെ ജി.ഒ.(എം.എസ്.)നമ്പർ 148/2017/റവ നമ്പർ പ്രകാരം അഗ്നിരക്ഷാ വകുപ്പിന് അനുവദിക്കുകയും ആയത് തിരൂർ തഹസിൽദാരുടെ 22-11-2017-ലെ 1448/2017 നമ്പർ നടപടിക്രമം പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഫയർ സ്റ്റേഷൻ താൽക്കാലികമായി ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നൽകിയിട്ടില്ല.

(സി) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ച തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

അടിയന്തര പരിഗണനയിലില്ല.

## ചീമേനി തുറന്ന ജയിൽ

89 (97) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ ചീമേനി തുറന്ന ജയിലിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളും നവീകരണ പ്രവൃത്തികളുമാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിൽ തുറന്ന ജയിലിലെ തടവുകാരുടെ വേതനം എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ തടവുകാരുടെ അടിസ്ഥാന വേതനം 20% ഉയർത്തിയിട്ടുണ്ട്. ചീമേനി തുറന്ന ജയിലിലെ തടവുകാരുടെ നിലവിലുണ്ടായിരുന്ന അടിസ്ഥാന വേതനം 148 രൂപയിൽനിന്നും 170 രൂപയായും അധിക ജോലിക്ക് ഉൾപ്പെടെയുള്ള വേതനം 200 രൂപയിൽനിന്നും 230 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ചീമേനി തുറന്ന ജയിലിൽ എന്തൊക്കെ നവീകരണ പ്രവൃത്തികളാണ് നടപ്പിൽ വരുത്താനുള്ളതെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

### മദ്രസ്സാ അദ്ധ്യാപകരുടെ ശമ്പളം

90 (99) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ്സാ അദ്ധ്യാപകർക്ക് പൊതുഖജനാവിൽനിന്നും ശമ്പളവും അലവൻസുകളും വിതരണം ചെയ്യുന്നുണ്ടോ; ഈ അദ്ധ്യാപകർക്ക് നിലവിൽ ഏത് രീതിയിലാണ് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതെന്ന് അറിയിക്കുമോ?

ഇല്ല. മദ്രസ്സാ അദ്ധ്യാപകർ ജോലി ചെയ്യുന്ന അതത് മദ്രസ്സാ മാനേജ്മെന്റുകളാണ് അവർക്ക് ശമ്പളം നൽകുന്നത്.

(ബി) മദ്രസ്സാ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽനിന്നും വലിയൊരു വിഹിതം ചെലവഴിക്കുന്നതായി സാമൂഹ്യ മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രചരണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാർത്ഥ വസ്തുത പൊതുജനത്തെ ബോധ്യപ്പെടുത്തുന്നതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഫാക്ട് ചെക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള ടീം ഈ വിഷയം പരിശോധിച്ചിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. സാമൂഹ്യമാധ്യമങ്ങൾവഴി യഥാർത്ഥ വസ്തുത പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ കേരള മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി ബോർഡ് ശ്രമിച്ചിട്ടുണ്ട്. വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ഫാക്ട് ചെക്ക് ടീം FC06/17/10/2020/PRD/IDKY എന്ന നമ്പരായി സമാന സ്വഭാവത്തിലെ വിഷയം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എങ്കിൽ ഈ വിഷയത്തിൽ യഥാർത്ഥ വസ്തുത പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് ശരിയായ വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷ ക്ഷേമ വകുപ്പിന് നീക്കിവച്ച തുക**

91 (100) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തെ ബഡ്ജറ്റുകളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് നീക്കിവച്ച തുക എത്രയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

&

(ബി) ഇതിൽ വിനിയോഗിച്ച തുക എത്രയാണ്; വർഷം തിരിച്ച് അറിയിക്കുമോ?

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഈ തുക ഏതെല്ലാം ന്യൂനപക്ഷ വിഭാഗങ്ങൾക്കാണ് ചെലവഴിച്ചത്?

2016 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള വ്യക്തിഗത പ്രോജക്ടുകൾക്ക് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ വിഭാഗങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വ്യക്തിഗതമല്ലാത്ത ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം ടി വിഭാഗങ്ങൾക്ക് പൊതുവായി ലഭിക്കുന്നുണ്ട്.

(ഡി) ഓരോ ന്യൂനപക്ഷ വിഭാഗത്തിനും ചെലവഴിച്ച തുക വർഷം തിരിച്ച് നൽകുമോ?

വ്യക്തിഗതവും പൊതുവായതുമായ ഇനങ്ങൾ ഉള്ളതിനാൽ ഓരോ വിഭാഗത്തിനും ചെലവാക്കിയ തുക ഇനം തിരിച്ച് പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശരഹിത വായ്പാ പദ്ധതി

92 (101) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻവഴി മദ്രസ്സ അദ്ധ്യാപകർക്ക് നൽകിവരുന്ന പലിശരഹിത വായ്പാ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര അപേക്ഷകർക്ക് വായ്പ വിതരണം ചെയ്തു; ഇതിനായി എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

362 പേർക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്. 8,81,40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും വർഷം വായ്പ വിതരണം ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

93 (102) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2021-22 വരെയുള്ള സംസ്ഥാന ബഡ്ജറ്റിൽ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, ബാക്കിയായ തുക എന്നിവ സംബന്ധിച്ച കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത കാലയളവുകളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി; ഓരോന്നിനും എന്ത് തുക വകയിരുത്തി; എന്ത് തുക ചെലവഴിച്ചു; എത്ര തുക ബാക്കിയായി എന്നീ കണക്കുകൾ ലഭ്യമാക്കുമോ?

വിവരം അനുബന്ധം - 2 ആയി ചേർക്കുന്നു*.

(സി) ഈ കാലയളവുകളിൽ ആകെ ബഡ്ജറ്റിന്റെ എത്ര ശതമാനമാണ് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി മാറ്റിവച്ചിട്ടുള്ളത്; ജനസംഖ്യാനുപാതികമായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

94 (103) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷം മുതൽ ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം കേന്ദ്രപദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; അതിനായി ഓരോ വർഷവും എത്ര തുക ലഭിച്ചുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ചെലവഴിക്കാതെ ബാക്കിയായ തുക എത്രയാണെന്ന് അറിയിക്കുമോ; പ്രസ്തുത തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മൾട്ടി സെക്ടൽ ഡെവലപ്മെന്റ് പ്രോഗ്രാം. 2018-19 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം എന്ന പേരിൽ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ നൈപുണി വികസന മേഖലകൾക്കാണ് പദ്ധതി പ്രാധാന്യം നൽകുന്നത്. പ്രസ്തുത പദ്ധതിയിൽ 2011-12 വർഷം മുതൽ ഓരോ വർഷവും ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം കേന്ദ്ര പദ്ധതികളിൽ തുക നേടിയെടുക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞില്ലായെന്നും അതിന് കഴിയാത്തത് എന്തുകൊണ്ടാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

അംഗീകരിച്ച പദ്ധതികൾക്കെല്ലാംതന്നെ തുക അനുവദിച്ചിട്ടുണ്ട്.

## റീ-ബിൽഡ് കേരള പദ്ധതി

95 (104) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

റീ-ബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീ-ബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവര സാങ്കേതികം, ഊർജ്ജം, വനിത-ശിശു വികസനം, വനം-വന്യജീവി തുടങ്ങിയ വകുപ്പുകളുടേതായി 7405 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ്. അംഗീകരിക്കപ്പെട്ട പദ്ധതികളിൽ ആലത്തൂർ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശവും ചുവടെ ചേർക്കുന്നു:

<u>പദ്ധതികൾ:</u>

1. വില്ലേജ് ഓഫീസുകളുടെ പുനരുദ്ധാരണം വില്ലേജ് ഓഫീസുകളുടെയും റവന്യൂ കെട്ടിടങ്ങളുടെയും പുതുക്കിപ്പണി/പുനരുദ്ധാരണം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, തേങ്കുറിശ്ശി, മംഗലം ഡാം, കുഴൽമന്ദം, മേലാർകോഡ്, എരുമയൂർ തുടങ്ങിയ സ്ഥലങ്ങളിൽ 3.16 കോടി ചെലവിൽ 6 വില്ലേജ് ഓഫീസുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് KESNIK-മായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

2. ഡാമുകൾ, റെഗുലേറ്റർ, കനാൽ, മറ്റ് ജലസേചന സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി-ഏകദേശം 69 ലക്ഷത്തോളം രൂപ ചെലവഴിച്ചു. കുനിശ്ശേരി കനാൽ മംഗലം പദ്ധതിയിലെ കരുമനശ്ശേരി സ്ട്രെച്ച്, ചെറമംഗലം സ്കീമിൽ പ്രധാന കനാൽ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

3. സംയോജിത കൃഷിയിലൂടെ ജീവനോപാധി 86-ഓളം സംയോജിത കൃഷി യൂണിറ്റുകൾ ഏകദേശം 56 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

4. ജീവനോപാധി പാക്കേജുകൾ-മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കന്നുകാലി പരിപാലനം, കിടാരി പരിപാലനം, കാലിത്തീറ്റ സബ്സിഡി പദ്ധതി, കാലിത്തൊഴുത്തുകളുടെ സംരക്ഷണം തുടങ്ങിയവയ്ക്കായി 21 ലക്ഷം രൂപയുടെ പാക്കേജ്.

5. സ്വയംതൊഴിലിനും നൈപുണ്യ വികസനത്തിനുമുള്ള കുടുംബശ്രീ പദ്ധതികൾ - ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, മേസൺറി, Laundry തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസനത്തിനുവേണ്ടി 46 ലക്ഷം രൂപയുടെ പദ്ധതി.

6. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്കുവേണ്ടി കുടുംബശ്രീ വഴി കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് മൈക്രോഫിനാൻസ് യൂണിറ്റുകൾക്ക് ലോൺ നൽകുന്നതിന് 3 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് 15 ലക്ഷത്തോളം രൂപ നൽകിയിട്ടുണ്ട്.

## ഭക്ഷ്യ കിറ്റ്

96 (106) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ലോക്ഡൗൺ കാരണം സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യ കിറ്റ് സ്കൂളുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യാതെ സ്കൂളുകളിൽ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലില്ല. ഭക്ഷ്യ കിറ്റുകൾ തയ്യാറാക്കി വിതരണത്തിനായി സ്കൂളുകളിൽ എത്തിക്കുന്നത് സപ്ലൈകോയാണ്. ഭക്ഷ്യ കിറ്റുകൾ സ്കൂളുകളിൽ എത്തിക്കുന്ന മുറയ്ക്കുതന്നെ സ്കൂൾ പി.ടി.എ.-കളുടെയും മറ്റും സഹായത്തോടെ അവ രക്ഷിതാക്കൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. എല്ലാവിധ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും കോവിഡ് പ്രോട്ടോക്കോളും കർശനമായി പാലിച്ചുകൊണ്ടാണ് ഭക്ഷ്യ കിറ്റ് വിതരണം നടത്തുന്നത്. ട്രിപ്പിൾ ലോക്ഡൗൺ നിലവിലുണ്ടായിരുന്ന ജില്ലകളിലും കോവിഡ്-19 രോഗപ്രതിരോധ നടപടികളുടെ ഭാഗമായി നിയന്ത്രിത മേഖലകളായി (ഹോട്ട്സ്പോട്ടുകൾ, കണ്ടൈൻമെന്റ് സോണുകൾ) പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലും ഭക്ഷ്യ കിറ്റ് വിതരണത്തിൽ ചില തടസ്സങ്ങൾ നേരിട്ടിരുന്നു. ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നേരിട്ടുചെന്ന് ഭക്ഷ്യ കിറ്റുകൾ കൈപ്പറ്റാൻ സാധിക്കാത്ത രക്ഷിതാക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വാർഡുതല റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സഹായത്തോടെ കിറ്റുകൾ വീടുകളിൽ എത്തിച്ചുനൽകുന്നുണ്ട്.

## ലക്ഷദ്വീപ് നിവാസികളുടെ പ്രശ്നം

97 (107) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലക്ഷദ്വീപുമായി കേരളത്തിനുള്ള വാണിജ്യ-സാംസ്കാരികബന്ധം കണക്കിലെടുത്ത് അവിടത്തെ സമകാലിക പ്രശ്നങ്ങളിൽ ഇടപെട്ട് ദ്വീപ് നിവാസികളുടെ ആശങ്ക അകറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാറുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണെന്നും ആയതുകൊണ്ടുതന്നെ അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്നും ആവശ്യപ്പെട്ട് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്രസർക്കാരിലേയ്ക്ക് തുടർനടപടികൾക്കായി അയച്ചിട്ടുണ്ട്.

## പൊതുവിതരണ രംഗം കാര്യക്ഷമമാക്കൽ

98 (109) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ രംഗത്തെ മായം ചേർക്കൽ, തൂക്കം വെട്ടിപ്പ് എന്നിവ സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.- യിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് NFSA ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് NFSA ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ NFSA ഗോഡൗണുകളിലെ അരിയുടെ

ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ NFSA ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യം റേഷൻകടയിൽ ലഭ്യമായാൽ ആയത് വിതരണം ചെയ്യാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തൂക്കം വെട്ടിപ്പ് തടയുന്നതിനും തൂക്ക കൃത്യത ഉറപ്പുവരുത്തുന്നതിനും ഇ-പോസ് മെഷീൻ ഇ-ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭക്ഷ്യ പൊതുവിതരണം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മന്ത്രിതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പൊതുജന പരാതി പരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ, ആഗസ്റ്റ് മാസം മുതൽ മാസത്തിൽ ആദ്യത്തെ വെള്ളിയാഴ്ച 2 മണി മുതൽ 3 മണി വരെ പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് സംവദിക്കാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത phone in programme-ലൂടെ ജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ/നിർദ്ദേശങ്ങൾ മന്ത്രിയെ അറിയിക്കാവുന്നതാണ്. പൊതുവിതരണ മേഖലയെ അഴിമതിമുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധനാ സംവിധാനമുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർവരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ) ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ

പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ സെക്രട്ടേറിയറ്റുതല പരിശോധനാ സംഘവും പരാതികളിൻമേൽ അന്വേഷണം നടത്തിവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും വീഴ്ചവരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) പൊതുവിതരണരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പരിഷ്കാരങ്ങൾ വകുപ്പിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ phone in programme-ലൂടെ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന യുക്തിസഹവും അടിയന്തര പ്രാധാന്യവുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

### പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

99 (110) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന താഴെപ്പറയുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്:

ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം, ഇ-പോസ് മെഷീൻ മുഖേന സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം: സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തിവരുന്നു.

നേരിട്ട് റേഷൻ വാങ്ങാൻ പോകാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി പ്രസ്തുത എ.ആർ.ഡി.-യുടെ പരിധിയിലുള്ള മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. രാജ്യത്തുടനീളം ഒരു റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്നവിധം IMPDS (Integrated Management Public Distribution System) മുഖേന One Nation One Ration Card നടപ്പാക്കി. റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18,000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ്. സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിച്ചു. ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികളിൽ നാമനിർദ്ദേശപ്രകാരം ഉൾപ്പെടുത്തേണ്ട അംഗങ്ങളെ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേട്ടുമാരെ നിയോഗിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North)-ന്റെ പരിധിയിലുള്ള 04 റേഷൻ കടകളിൽ നടത്തി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു. കൂടാതെ മറ്റു ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള "വിശപ്പ് രഹിത കേരളം" എന്ന പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. വിശപ്പ് രഹിത കേരളം-സുഭിക്ഷ പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ നിലവിൽ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പൊതുജന പരാതിപരിഹാര സംവിധാന (Public Grievance Redressal Portal)ത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന

സംവിധാനം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയതിൻപ്രകാരം നവീകരണം പൂർത്തിയാക്കുകയും ചെയ്തു. റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്ത് ഇ-റേഷൻ കാർഡിന്റെ വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചു. സംസ്ഥാനത്തെ സർക്കാർ ധനസഹായമില്ലാത്ത മഠങ്ങൾ, ആശ്രമങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി Non Priority Institution (NPI) കാർഡുകളുടെ വിതരണം ആരംഭിച്ചു. അവകാശികളില്ലാത്തതും സ്ഥിരമായി റദ്ദു ചെയ്തതുമായ റേഷൻകടകളുടെ പ്രവർത്തന ചുമതല സപ്ലൈകോയ്ക്ക് നൽകുന്നതിന് തുടക്കമിട്ടു. മൾട്ടി ലെവൽ മാർക്കറ്റിംഗ് രജിസ്ട്രേഷനുള്ള പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചു. Kerala Rationing Order, 1966 -നെ പരിഷ്കരിച്ച് Kerala Targetted Public Distribution System (Control) Order 2021 പ്രസിദ്ധീകരിച്ചു. കോവിഡിന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡ് രൂപീകരിച്ച് പി.പി.ഇ. കിറ്റ്, സാനിറ്റൈസർ, മാസ്ക് തുടങ്ങിയവയുടെ പൂഴ്ത്തിവയ്പും അമിതവിലയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് മെഷീൻ വെയിംഗ് ബാലൻസുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധാർ സീഡിംഗ് 96 ശതമാനമാവുകയും One Nation One Ration Card പദ്ധതി നടപ്പാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ വായ്പ എടുക്കുന്നതിനുള്ള പരിധി റിസർവ് ബാങ്ക് ഉയർത്തി നൽകുകയും അതിന്റെ ഫലമായി 2020-21 സാമ്പത്തിക വർഷം 2261 കോടി രൂപ അധിക വായ്പയെടുക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റേഷൻ കടകൾവഴി മെച്ചപ്പെട്ട ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് NFSA ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് NFSA ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ NFSA ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം

പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ NFSA ഗോഡൗണുകളിലും, എ.ആർ.ഡി.-കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യം റേഷൻകടയിൽ ലഭ്യമായാൽ ആയത് വിതരണം ചെയ്യാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സഹകരണത്തോടുകൂടി ഫോർട്ടിഫൈ ചെയ്ത അരി റേഷൻകടകൾവഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്ന പൊതുവിതരണ ശൃംഖലയുടെ നിലനിൽപ്പിന് എന്തെല്ലാം നവീന പരിപാടികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നൽകുന്ന ഏജൻസികളെയും ഉപഭോക്തൃ സേവനങ്ങൾ നൽകുന്ന സർക്കാർ/സർക്കാരിതര ഓർഗനൈസേഷനുകളുടെയും റേറ്റിംഗിനും ഗ്രേഡിംഗിനുമായി ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവിഡിന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡ് രൂപീകരിച്ച് പി.പി.ഇ. കിറ്റ്, സാനിറ്റൈസർ, മാസ്ക് എന്നിവയുടെ പൂഴ്ത്തിവയ്പും അമിതവിലയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിപണിയിടപെടൽ സജീവമാക്കി അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് പരിശോധിക്കുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം തുടർന്നുവരുന്നു. ഉത്സവകാലങ്ങളിൽ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കുന്നു. വിലക്കയറ്റം പരിഹരിക്കുന്നതിന് ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ വിളിച്ച് ഇപ്രകാരം വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വില, ശരാശരിയിൽനിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. കൂടാതെ ഭക്ഷ്യ കിറ്റുകളുടെ വിതരണം ഫലപ്രദമായി നടക്കുന്നതിനാൽ അരി, പലവ്യഞ്ജന സാധനങ്ങൾ എന്നിവയുടെ വിലയിൽ കുറവുണ്ടായി. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പൊതുവിപണിയിലുണ്ടായ വില വർദ്ധനവും പൂഴ്ത്തിവയ്പും തടയുന്നതിനായി ജില്ലാതലത്തിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവ ഉൾപ്പെട്ട സംയുക്ത സ്ക്വാഡ് റെയ്ഡുകളും പരിശോധനകളും

നടത്തിവരുന്നു. പൊതുമാർക്കറ്റിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതും അമിതവില ഈടാക്കുന്നതുമായ വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഹോൾസെയിൽ ഡീലർമാർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## കോവിഡ്-19 മഹാമാരികാലത്തെ ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ്

100 (111) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരി കാലത്ത് ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തിവയ്ക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ്-19 മഹാമാരികാലത്ത് ഇടുക്കി ജില്ലയിൽനിന്നും ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തിവയ്ക്കുന്നത് സംബന്ധിച്ച പരാതി ലഭിച്ചിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിൽ പൂഴ്ത്തിവയ്പ്, അമിത വില ഈടാക്കൽ എന്നിവ നടത്തിയ വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികളെടുത്തിട്ടുണ്ട്.

(ബി) കോവിഡ്-19 കാലത്ത് ഭക്ഷ്യവസ്തുക്കളുടെയും അവശ്യ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കോവിഡ്-19 കാലത്ത് ഭക്ഷ്യവസ്തുക്കളുടെയും അവശ്യ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സംയുക്ത സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം പരിശോധനകൾ നടത്തിവരുന്നു. പൊതു വിപണിയിൽ വില നിലവാരം പ്രദർശിപ്പിക്കാത്തതും അമിത വില ഈടാക്കിയതുമായ കേസ്സുകളിൽ ബന്ധപ്പെട്ട വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ നിലവിൽ വന്നതോടുകൂടി മറ്റു സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യ വസ്തുക്കൾ എത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടറുടെ സഹായത്തോടെ ഒരുക്കുന്നുണ്ട്. പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് വിവരം എല്ലാ ദിവസവും ശേഖരിച്ച് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ ഭക്ഷ്യ കിറ്റുകളുടെ വിതരണം ഭംഗിയായി നടക്കുന്നതിനാൽ അരി, പലവ്യഞ്ജനം എന്നിവയുടെ വില പൊതു വിപണിയിൽ നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) കോവിഡ്-19 കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേന്ദ്രസർക്കാർ ധനസഹായവും ഭക്ഷ്യവസ്തുക്കളും കേരളത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ്-19 കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാർ ധനസഹായമൊന്നും ലഭ്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതത്തിന് പുറമേ പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന പദ്ധതി പ്രകാരം 2020 ഏപ്രിൽ മുതൽ നവംബർ വരെ സംസ്ഥാനത്തെ മുൻഗണനാ വിഭാഗം കാർഡുടമകളുടെ കുടുംബത്തിലെ ഓരോ അംഗത്തിനും 5 Kg ഭക്ഷ്യധാന്യം വീതവും, ഓരോ കുടുംബത്തിനും 1 Kg കടല അല്ലെങ്കിൽ പയർ എന്നിവയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 മേയ്, ജൂൺ മാസങ്ങളിലേയ്ക്ക് ടി സ്കീമിൽ മുൻഗണനാ വിഭാഗത്തിലെ ഓരോ അംഗത്തിനും 5 Kg ഭക്ഷ്യധാന്യം വീതം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അരിയും ഗോതമ്പും ഉൾപ്പെടെ 7.48 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യവും 29524.489 മെട്രിക് ടൺ പയർ അല്ലെങ്കിൽ കടലയും ലഭ്യമായിട്ടുണ്ട്. കൂടാതെ ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം അതിഥി തൊഴിലാളികൾക്ക് നൽകുന്നതിനായി 2020 മേയ്, ജൂൺ മാസങ്ങളിലേയ്ക്ക് 15480.012 മെട്രിക് ടൺ അരിയും 745.058 മെട്രിക് ടൺ പയർവർഗ്ഗങ്ങളും (പയർ/കടല) അനുവദിച്ചിട്ടുണ്ട്.

## സൗജന്യ കിറ്റ് വിതരണം

101 (112) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ആരംഭിച്ച സൗജന്യ കിറ്റ് വിതരണം തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് മാസം വരെയാണ് അത് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ ആരംഭിച്ച സൗജന്യ കിറ്റ് വിതരണം 2021 മേയ്, ജൂൺ മാസങ്ങളിൽ കൂടി തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സൗജന്യ കിറ്റ് നൽകുന്നതിന് ആവശ്യമായ തുക ഏത് രീതിയിലാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

നാളിതുവരെ സൗജന്യ കിറ്റ് വിതരണത്തിന് ആവശ്യമായ തുക ഭക്ഷ്യ വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

## സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

102 (113) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺ കാലത്തും അതിനുശേഷവും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിന് സംസ്ഥാന സർക്കാർ വഹിക്കുന്ന ചെലവിന്റെ വിശദവിവരം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തലിൽ സംസ്ഥാന സർക്കാർ നടത്തിവരുന്ന ഭക്ഷ്യകിറ്റ് വിതരണത്തിനായി ഇതുവരെ 4648.29 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭക്ഷ്യകിറ്റിനായി കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടില്ല. എന്നാൽ PMGKAY പദ്ധതി പ്രകാരം വിതരണത്തിനായി ലഭ്യമാക്കിയ പയറുവർഗ്ഗങ്ങളിൽ മുൻഗണനാ വിഭാഗങ്ങൾക്ക് വിതരണം പൂർത്തിയായ ശേഷമുള്ള നീക്കിയിരിപ്പ് സ്റ്റോക്കായ 1106.664 മെട്രിക് ടൺ പയറുവർഗ്ഗങ്ങൾ സംസ്ഥാന തലത്തിൽ നൽകിയ സൗജന്യ ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്തി തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിനുശേഷം വിതരണം നടത്തുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നു.

(സി) കോവിഡ് ലോക്ഡൗൺ കാലത്ത് രാജ്യത്ത് മറ്റ് എവിടെയെങ്കിലും ഇത്തരത്തിൽ സൗജന്യ ഭക്ഷ്യകിറ്റ് വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മായം ചേർത്ത മത്സ്യ വിപണനം

103 (114) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ മായം ചേർത്ത മത്സ്യം വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് " ഓപ്പറേഷൻ സാഗർറാണി". ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലും മത്സ്യ മൊത്തവിപണന കേന്ദ്രങ്ങളിലും മത്സ്യ മാർക്കറ്റുകളിലും പരിശോധന നടത്തിവരുന്നു. അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 21 മെട്രിക് ടൺ കേടുവന്ന മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്തതും Food Safety & Standards Authority of India (FSSAI) അംഗീകാരമുള്ളതുമായ ഫോർമാലിൻ/അമോണിയ കിറ്റ് ഉപയോഗിച്ച് മത്സ്യമാർക്കറ്റുകളിൽ തൽസമയ പരിശോധനകൾ നടത്തി ഫോർമാലിൻ/ അമോണിയ എന്നീ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം ഉണ്ടോയെന്ന് പരിശോധിച്ചുവരുന്നു. ഇപ്രകാരം നിരന്തര പരിശോധനകൾ നടത്തിവരുന്നതിനാൽ മത്സ്യത്തിൽ മായം ചേർക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുന്നുണ്ട്.

(ബി) മത്സ്യത്തിൽ മായം കലർന്നിട്ടുണ്ടോയെന്ന് പൊതുജനങ്ങൾക്ക് പരിശോധിച്ച് ബോധ്യപ്പെടാനുള്ള എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത്; ഇതുസംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

മത്സ്യങ്ങളിൽ അമോണിയയുടെയും ഫോർമാലിന്റെയും സാന്നിധ്യം കണ്ടെത്തുന്നതിന് Central Institute of Fisheries Technology വികസിപ്പിച്ചെടുത്തതും Food Safety & Standards Authority of India (FSSAI) അംഗീകാരമുള്ളതുമായ അമോണിയ/ഫോർമാലിൻ കിറ്റ് ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ മത്സ്യങ്ങളിലെ ഫോർമാലിന്റെ സാന്നിധ്യം പരിശോധിക്കുന്നതിന് Gas Chromatograph coupled with Mass

Spectrophotometer (GCMS, MS), High Performance Liquid Chromatograph (HPLC) ഉപകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലബോറട്ടറികളിൽ പ്രവർത്തിപ്പിച്ചുവരുന്നു. IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഇത്തരം പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളിലെ മായം വളരെ പെട്ടെന്ന് കണ്ടുപിടിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിപ്പിച്ചുവരുന്നു. ടി ലബോറട്ടറികളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു.

### ഭക്ഷ്യഭദ്രതാ നിയമം മുൻഗണനാ പട്ടികയിലെ മാനദണ്ഡങ്ങൾ

104 (115) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അർഹതപ്പെട്ട ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായി സ്വീകരിച്ച അടിസ്ഥാന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് എ.എ.വൈ., മുൻഗണനാ (പി.എച്ച്.എച്ച്.) കാർഡുടമകളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിലേയ്ക്ക് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ളവരാണ് എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടുവരുന്നത്:

(1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

(2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇതുകൂടാതെ കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റ് ആരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും അർഹരായ മുൻഗണനാ (പി.എച്ച്.എച്ച്.) വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-09-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. (അനുബന്ധം -1 ആയി ചേർക്കുന്നു.*) പ്രകാരം സംസ്ഥാനം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ഭ.പൊ.വി.വ. (അനുബന്ധം - 2 ആയി ചേർക്കുന്നു.*) പ്രകാരം പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പലരും മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പിഴവുകൾ തിരുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിട്ടില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കിവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

### മായം കലർന്ന മത്സ്യത്തിന്റെ വിപണനം തടയാൻ നടപടി

105 (116) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും രാസവസ്തുക്കൾ കലർന്നതും പഴകിയതുമായ ടൺ കണക്കിന് മത്സ്യം കേരളത്തിലെ മാർക്കറ്റുകളിൽ എത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അന്യസംസ്ഥാനങ്ങളിൽനിന്നും രാസവസ്തുക്കൾ കലർന്നതും പഴകിയതുമായ മത്സ്യം സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരാൻ ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മായം ചേർന്ന ഇത്തരം മത്സ്യം ഭക്ഷിക്കുന്നതുമൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുമെന്ന് ആരോഗ്യവിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരം മത്സ്യത്തിന്റെ വിപണനം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി' ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലും മത്സ്യ മൊത്തവിപണന കേന്ദ്രങ്ങളിലും മത്സ്യ മാർക്കറ്റുകളിലും പരിശോധന നടത്തിവരുന്നു.

അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യമൊത്ത വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 21 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും Food Safety & Standards Authority of India (FSSAI) അംഗീകാരമുള്ളതുമായ ഫോർമാലിൻ/അമോണിയ ഡിറ്റെക്ഷൻ കിറ്റ് ഉപയോഗിച്ച് മത്സ്യമാർക്കറ്റുകളിൽ തൽസമയ പരിശോധനകൾ നടത്തിവരുന്നുണ്ട്. കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം നിരന്തര പരിശോധനകൾ നടത്തി വരുന്നതിനാൽ മത്സ്യത്തിൽ മായം ചേർക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുന്നുണ്ട്.

## റേഷൻകാർഡ് തരംമാറ്റം-അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ

106 (117) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതയുണ്ടായിട്ടും റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ റേഷൻ ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

&

(സി) അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040

അംഗങ്ങളാണ്. പ്രസ്തുത പട്ടികയിൽനിന്നും ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് അർഹരായവരെ ഉൾപ്പെടുത്തിവരുന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടി തുടരുന്നതാണ്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

## റേഷൻ മുൻഗണനാ പട്ടിക

107 (118) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ റേഷൻ മുൻഗണനാ പട്ടികയിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം മുൻഗണനാ ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന വിഭാഗത്തിൽ 593886 റേഷൻ കാർഡുകളും പി.എച്ച്.എച്ച്. വിഭാഗത്തിൽ 3310734 റേഷൻ കാർഡുകളും ഉൾപ്പെടെ ആകെ 3904620 റേഷൻ കാർഡുകളാണ് (കുടുംബങ്ങൾ) നിലവിലുള്ളത്.

(ബി) മുൻഗണനാ പട്ടികയിൽനിന്ന് അനർഹരെ ഒഴിവാക്കി പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്ന പ്രക്രിയ നടന്നുവരുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./

പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിട്ടില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കിവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. (അനുബന്ധം-1 ആയി ചേർക്കുന്നു*.) പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ ഭ.പൊ.വി.വ (അനുബന്ധം - 2 ആയി ചേർക്കുന്നു.*) പ്രകാരം പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ളതിന്റെ വിശദാംശം അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എ.പി.എൽ.-ബി.പി.എൽ. കാർഡ് മാറ്റം

108 (119) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്കുകളിൽ റേഷൻ കാർഡുകൾ എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. ആയി മാറ്റിക്കിട്ടാൻ അർഹതയുള്ളവർ നൽകിയ അപേക്ഷകൾ തീർപ്പാക്കുന്നതിൽ തദ്ദേശ-നിയമസഭ തെരഞ്ഞെടുപ്പുകളെത്തുടർന്ന് കാലതാമസം നേരിട്ടത് സമയബന്ധിതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുപ്പ്/ ലോക്ഡൗൺ സമയത്ത് ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരത്തിൽ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാതെ വിവിധ ടി.എസ്.ഒ. ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ തീർപ്പുകൽപ്പിക്കാനുള്ള 2065 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജില്ലയിൽ ഗുരുതര രോഗങ്ങൾ നിമിത്തം അവശരായ എത്ര കുടുംബങ്ങളാണ് അവരുടെ കാർഡുകൾ ബി.പി.എൽ. ആയി മാറ്റിക്കിട്ടാൻ അപേക്ഷ നൽകിയിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ എപ്പോൾ തീരുമാനമെടുക്കുമെന്നും വ്യക്തമാക്കുമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ച ഗുരുതര രോഗബാധിതരായ അംഗങ്ങളുള്ള 190 കുടുംബങ്ങളെ പ്രാഥമിക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് അർഹരായ മുഴുവൻ അപേക്ഷകരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റേഷൻ ഡിപ്പോകളുടെ പ്രവർത്തനം

109 (120) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറെക്കാലമായി അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.-കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നത് സംബന്ധിച്ച് പൊതുവിതരണ വകുപ്പിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ?

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ന്റെ അടിസ്ഥാനത്തിൽ സ്ഥിരമായി റദ്ദ് ചെയ്യതോ നിയമപരമായ അവകാശികൾ ഇല്ലാതെ മറ്റ് എ.ആർ.ഡി.-കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്നതോ ആയ റേഷൻ കടകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത്തരത്തിൽ അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.-കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾ നൽകിയിട്ടുള്ള പരാതികൾ പൊതുവിതരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾ നൽകിയിട്ടുള്ള പരാതികൾ പരിശോധിച്ച് ആയതിനനുസൃതമായി അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇപ്രകാരം അംഗീകൃത ലൈസൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിതരണ വകുപ്പിലുള്ള 4375118/ബി2/2020/ ഭ.പൊ.വി.വ. തീയതി 15-07-2020 എന്ന നമ്പർ ഫയലിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

## റേഷൻ ഡിപ്പോ പ്രവർത്തനം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്

110 (121) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള എ.ആർ.ഡി. 239-ന്റെ പ്രവർത്തനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ (13-3-2020-ലെ ഫയൽ നമ്പർ ബി2/42/2020-ഭ.പൊ.വി.വ.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള എ.ആർ.ഡി. 239-ന്റെ പ്രവർത്തനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി 19-2-2020-ൽ നൽകിയ നിവേദനം പരിശോധിച്ച് ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതിനും റിപ്പോർട്ട് ലഭ്യമാക്കുന്നതിനും 13-3-2020-ൽ സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. കേരളാ ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത എ.ആർ.ഡി.-ക്ക് പുതിയ ലൈസൻസിയെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് 1-3-2021-ലെ ബി2/42/2020-ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറോട് ആവശ്യപ്പെട്ടതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ സപ്ലൈ ഓഫീസർക്ക് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതിയ റേഷൻ കടകൾ

111 (122) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഷ്കരിച്ച കേരള റേഷനിംഗ് ഉത്തരവ് 2021-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ ആയതിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പട്ടികവർഗ്ഗ മേഖലകളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ അനുവദിക്കുമോയെന്ന് അറിയിക്കുമോ?

ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു. കൂടാതെ മറ്റുജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജനം

112 (123) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്ക് സപ്ലൈ ആഫീസുകളിൽ ഒന്നായ കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിച്ച് കൊല്ലം ആസ്ഥാനമായി ഒരു സിറ്റി റേഷനിംഗ് ആഫീസും ചാത്തന്നൂർ ആസ്ഥാനമായി ഒരു താലൂക്ക്

സപ്ലൈ ആഫീസും ആരംഭിക്കണമെന്ന ആവശ്യം മുൻനിർത്തി ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ ഇതിനകം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത നിവേദനത്തിലെ ആവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; ആയതിന് തടസങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കൊല്ലം ആസ്ഥാനമായി ഒരു സിറ്റി റേഷനിംഗ് ആഫീസും ചാത്തന്നൂർ ആസ്ഥാനമായി ഒരു താലൂക്ക് സപ്ലൈ ആഫീസും ആരംഭിക്കുന്ന കാര്യം സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യ സബ്സിഡി**

113 (124) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ദെലീമ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിപണിയിലെ ഭക്ഷ്യധാന്യ വിലനിലവാരം വലിയൊരളവുവരെ പിടിച്ചുനിർത്തുന്നത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനമാണെന്നതിനാൽ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര നീതി ആയോഗിന്റെ തീരുമാനം എന്തെല്ലാം പ്രതിസന്ധികളാണ് ഉണ്ടാക്കുകയെന്ന് അറിയിക്കുമോ;

&

(ബി) നീതി ആയോഗ് തയ്യാറാക്കിയിരിക്കുന്ന മാർഗ്ഗരേഖ പ്രകാരം റേഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ എത്ര ശതമാനത്തോളം കുറവുണ്ടാകുമെന്നാണ് കരുതുന്നത്?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിന് പ്രതിവർഷം എത്ര ടൺ ഭക്ഷ്യധാന്യങ്ങളാണ് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നതെന്ന് അറിയിക്കുമോ?

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്.

## സൗജന്യ ഭക്ഷ്യകിറ്റുകൾ

114 (125) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ലോക്ഡൗൺ കാലം മുതൽ നാളിതുവരെ എത്ര ഘട്ടങ്ങളിലായി സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ വർഷം ലോക്ഡൗൺ പ്രഖ്യാപിച്ചതിനെത്തുടർന്ന് 2020 ഏപ്രിലിൽ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ആരംഭിച്ചു. തുടർന്ന് കോവിഡ്മൂലം പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഓണത്തോടനുബന്ധിച്ച് 2020 ആഗസ്റ്റ് മാസത്തിലും അതിനുശേഷം 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലും 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലും സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണം 2021 മേയ് മാസത്തിലും തുടരാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അനാഥാലയങ്ങളിലെയും അഗതി മന്ദിരങ്ങളിലെയും അന്തേവാസികൾക്കും ലോക്ഡൗൺ സമയത്തും 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലും ഭക്ഷ്യകിറ്റ് വിതരണം ചെയ്തിരുന്നു. 2020 ഓഗസ്റ്റ്-ഒക്ടോബർ മാസങ്ങളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക ഭക്ഷ്യകിറ്റും വിതരണം ചെയ്തിരുന്നു. സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് വിവിധ ഘട്ടങ്ങളിലായി ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ 4648.29 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ കേന്ദ്ര സർക്കാരിന്റെ സൗജന്യ റേഷൻ വിഹിതം ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം 2020 മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ആളൊന്നിന് 5 കിലോ വീതം അരിയും 1 കിലോ വീതം പയർവർഗ്ഗങ്ങളും സൗജന്യമായി വിതരണം നടത്തുന്നതിനായി 15480.012 MT അരിയും 745.058 MT പയർവർഗ്ഗങ്ങളും അനുവദിച്ചിരുന്നു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി PMGKAY പദ്ധതി പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ ഒരംഗത്തിന് 5 കിലോ വീതം ഭക്ഷ്യധാന്യവും ഒരു കിലോ വീതം പയർവർഗ്ഗങ്ങളും 2020 ഏപ്രിൽ മുതൽ ജൂൺ വരെ വിതരണം നടത്തുന്നതിനായി 232200.180 MT അരിയും 11214.27 MT പയർവർഗ്ഗങ്ങളും അനുവദിച്ചിരുന്നു.

ജൂലൈ മുതൽ നവംബർ വരെ പദ്ധതി ദീർഘിപ്പിച്ചതിനെത്തുടർന്ന് PMGKAY രണ്ടാം ഘട്ടത്തിൽ 289922.944 MT അരിയും 70782.357 MT ഗോതമ്പും 18310.219 MT പയർവർഗ്ഗങ്ങളും ലഭ്യമായിട്ടുണ്ട്. കോവിഡ് രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 മേയ്, ജൂൺ മാസങ്ങളിൽ PMGKAY പദ്ധതി പ്രകാരം വിതരണം നടത്തുന്നതിനായി 126487.177 MT അരിയും 28312.943 MT ഗോതമ്പും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിതരണം നടന്നുവരികയാണ്.

(സി) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി റേഷൻ വ്യാപാരികൾക്ക് നൽകേണ്ട നിയമാനുസൃത കമ്മീഷൻ നാളിതുവരെ നൽകിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിതരണം ചെയ്യുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

2020 ഏപ്രിൽ, മേയ് മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യകിറ്റുകൾക്ക് 7 രൂപ നിരക്കിൽ 5,91,36,112 രൂപ 5-8-2020-ൽ റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 5 രൂപ നിരക്കിൽ 4,68,92,680 രൂപ 26-2-2021-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഒക്ടോബർ 2020 മുതൽ ജനുവരി 2021 വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 5 രൂപ നിരക്കിൽ 18,75,65,675 രൂപ കമ്മീഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2021 മേയ് മാസത്തിലെ കിറ്റ് വിതരണത്തിനുള്ള എ.ആർ.ഡി. കമ്മീഷൻ ഇനത്തിൽ 4.25 കോടി രൂപയും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## ഭക്ഷ്യകിറ്റ്

115 (126) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെയും ലോക്ഡൗണിന്റെയും പശ്ചാത്തലത്തിൽ വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റിൽ ഏതെല്ലാം വിഭവങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെയും ലോക്ഡൗണിന്റെയും പശ്ചാത്തലത്തിൽ നിലവിൽ വിതരണം ചെയ്തുവരുന്ന ഭക്ഷ്യകിറ്റിൽ (2021 മേയ് മാസത്തെ കിറ്റിൽ) ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിന് ആവശ്യമായ തുക ഏത് ശീർഷകത്തിൽ നിന്നാണ് കണ്ടെത്തുന്നത്; വ്യക്തമാക്കുമോ?

നാളിതുവരെയുള്ള സൗജന്യ കിറ്റ് വിതരണത്തിനായി ആകെ 4648.29 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 3792.29 കോടി രൂപ 2408-01-102-99-33-Market Intervention Operations എന്ന ശീർഷകത്തിൽനിന്നും 450 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 406 കോടി രൂപ 2408-01-101-94-റേഷൻ സബ്സിഡി എന്ന ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചിരിക്കുന്നത്.

**കോവിഡ് കാലത്തെ റേഷൻ വിതരണം**

116 (127) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെയും ലോക്ക്ഡൗണിന്റെയും പശ്ചാത്തലത്തിൽ കാർഡ് ഉടമയ്ക്കോ കുടുംബത്തിലെ മറ്റുള്ളവർക്കോ പലപ്പോഴും റേഷൻ കടകളിൽ എത്തിപ്പെടാൻ കഴിയാത്ത അവസ്ഥ സംജാതമാകാറുണ്ട്. ആയതിനാൽ ഈ ലോക്ക്ഡൗൺ കാലത്ത് മാത്രം വിരലടയാളം നിർബന്ധമാക്കാതെ റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോവിഡ്-19 ഒന്നാംഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം ആധാർ അധിഷ്ഠിത ബയോമെടിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻവിതരണം താൽക്കാലികമായി നിർത്തിവച്ച് സാനിറ്റൈസർ, സാമൂഹിക അകലം ഉൾപ്പെടെയുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാന്വൽ രീതിയിൽ വിതരണം ആരംഭിച്ചിരുന്നു. പ്രസ്തുത കാലയളവിലെ റേഷൻവിതരണ നിരക്ക് 93% ആണെങ്കിലും ഇ-പോസ് മുഖേനയുള്ള വിതരണം പുന:സ്ഥാപിച്ചതിലൂടെ രണ്ട് ലക്ഷത്തിലധികം പേർ അവരുടെ റേഷൻവിഹിതം കൈപ്പറ്റിയിരുന്നില്ലെന്ന് കണ്ടെത്തിയതിനാൽ പൊതുവിതരണത്തിലെ അഴിമതി, റേഷൻ തിരിമറി എന്നിവ ഒഴിവാക്കുന്നതിന് ഇ-പോസ് മുഖേനയുള്ള വിതരണം പുന:സ്ഥാപിക്കുന്നതിന് കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായി. ആയതിനാൽ കേന്ദ്രനിർദ്ദേശപ്രകാരം നാളിതുവരെ ഇ-പോസ് മുഖേനയും OTP പ്രകാരവും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് മാത്രമാണ് റേഷൻവിതരണം നടത്തി വരുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലെ വിതരണ സംവിധാനത്തിൽ മാറ്റം വരുത്താനോ മാന്വൽ വിതരണം നടത്താനോ സാധ്യമാകുകയുള്ളൂ. സിവിയർ കണ്ടൈൻമെന്റ്

സോണുകളിലും മൈക്രോ കണ്ടെയ്ൻമെന്റ് സോണുകളിലും അതത് ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് ഓതന്റിക്കേഷൻ ഒഴിവാക്കി ഒരു റേഷനിംഗ് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ ഇ-പോസ് മെഷീനിലൂടെ തന്നെ മാന്വലായി ബില്ലിംഗ് നടത്തി റേഷൻ വിതരണം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഈ ലോക്ഡൗൺ കാലത്തെ പ്രത്യേകതകൾമൂലം റേഷൻ വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മേയ് മാസത്തെ റേഷൻ വിതരണത്തിന്റെ അവസാന പരിധി ഒരാഴ്ച കൂടി നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

2021 മേയ് മാസത്തെ റേഷൻ വിതരണത്തിന്റെ കാലാവധി 2021 ജൂൺ 5 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**നെല്ല് സംഭരണത്തിൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

117 (128) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ കർഷകർക്ക് നിലവിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക അടിയന്തരമായി കർഷകർക്ക് ലഭ്യമാക്കാനായി നടപടികൾ സ്വീകരിക്കുമോ?

കർഷകരിൽനിന്നും നെല്ല് സംഭരിച്ച വകയിൽ 31-05-2021 വരെ 409.48 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി ലഭ്യമാക്കാനായി നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന (കേരള ബാങ്ക് ഉൾപ്പെടെ) 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇപ്രകാരം കർഷകർക്ക് സംഭരണവില താമസമില്ലാതെ ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ മുതൽ നെല്ലിന്റെ സംസ്കരണം വരെയുള്ള എല്ലാ പ്രവൃത്തികളും കമ്പ്യൂട്ടർവൽക്കൃതമാക്കിയിട്ടുണ്ട്. സംഭരണവുമായി ബന്ധപ്പെട്ട് കർഷകർ ഉന്നയിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് ഉചിതമായ പരിഹാര നടപടികൾ അടിയന്തരമായി സ്വീകരിക്കാറുണ്ട്.

(സി) സപ്ലൈകോ പ്രാദേശിക കർഷകരിൽനിന്നും നെല്ല് സംഭരിക്കുകവഴി അരിയുടെ വിലസ്ഥിരത ഉറപ്പ് വരുത്താൻ സാധിച്ചിട്ടുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽനിന്ന് അരി വാങ്ങുന്നതിന് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്ന കുറവ് എത്രയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പ്രക്രിയ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇപ്രകാരം സംഭരിക്കുന്ന നെല്ലിന്റെ അരി പൊതുവിതരണ ശൃംഖലവഴി മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിനായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും അരി വാങ്ങാറില്ല.

(ഡി) നെല്ല് സംഭരണത്തിന് താമസം വരുത്തുന്നതുമൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയുമായി ഏർപ്പെടുന്ന കരാറിൽ സ്വകാര്യ മില്ലുടമകൾ ഒപ്പുവയ്ക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ചിലപ്പോഴൊക്കെ സംസ്ഥാനത്തിന്റെ ചിലയിടങ്ങളിൽ നെല്ല് സംഭരണം വൈകുന്നതിന് ഇടയാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ സമയത്ത് കർഷകർ അംഗീകരിക്കുന്ന നിബന്ധന പ്രകാരം കൊയ്ത്ത് തുടങ്ങി 30 ദിവസത്തിനുള്ളിൽ നെല്ല് സംഭരിക്കണമെന്നുള്ള സമയപരിധിക്കുള്ളിൽത്തന്നെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരമുള്ള നെല്ല് സംഭരിക്കുന്നുണ്ട്.

## സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

118 (129) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ജീവിതം പ്രതിസന്ധിയിലായ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്?

കോവിഡ്മൂലം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ജീവിതം പ്രതിസന്ധിയിലായ സാധാരണക്കാർക്ക് താങ്ങായി സൗജന്യ ഭക്ഷ്യകിറ്റ് വിതരണം മേയ് മാസം 2021-ലും ആരംഭിച്ചിട്ടുണ്ട്. കൂടാതെ NPS, NPNS വിഭാഗങ്ങൾക്ക് 15 രൂപ നിരക്കിൽ സ്പെഷ്യൽ അരി മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും വിതരണം ചെയ്യൽ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ ജനകീയ ഹോട്ടലിൽ നിശ്ചിത അളവിൽ അരി നൽകിവരുന്നുണ്ട്. റേഷൻ കടകളും, മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർമാർക്കറ്റുകളും ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ലോക്ഡൗണിലും തുറന്നു പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഇലക്ഷന് മുമ്പ് പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണം എന്നുവരെ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്?

2021 മേയ്, ജൂൺ മാസങ്ങളിൽക്കൂടി ഭക്ഷ്യകിറ്റ് വിതരണം തുടരാൻ തീരുമാനിക്കുകയും വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സൗജന്യ ഭക്ഷ്യകിറ്റിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിന് ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലെയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. കോവിഡ്

കാലത്ത് സപ്ലൈകോവഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യകിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും മേൽപ്പറഞ്ഞ സംവിധാനം തന്നെയാണ് ഉപയോഗപ്പെടുത്തുന്നത്.

(ഡി) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ കേന്ദ്രം ഭക്ഷ്യകിറ്റ് വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(ഇ) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സംസ്ഥാന സർക്കാർ സിവിൽ സപ്ലൈസ് വകുപ്പിന് ഇതിനകം എത്ര തുകയാണ് നൽകിയത്?

സർക്കാരിൽനിന്നും സാമ്പത്തിക സഹായമായി നാളിതുവരെ ലഭിച്ച 4648.29 കോടി രൂപ പൊതുവിതരണ വകുപ്പ് മുഖേന സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

**സപ്ലൈകോ ഔട്ട്‌ലെറ്റുകളിലെ വില വർദ്ധന തടയാൻ നടപടി**

119 (130) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെയും ടെണ്ടർ മുഖേനയും നാഫെഡ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി സപ്ലൈകോ വിൽപ്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പല അവശ്യ സാധനങ്ങൾക്കും മാർക്കറ്റ് വിലയെക്കാൾ വില കൂടി നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ

13 ഇനം അവശ്യ സാധനങ്ങളാണ് വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നത്. സപ്ലൈകോ വില്പനശാലകളിലെ നിലവിലുള്ള സബ്സിഡി വിലയും 1-6-2021-ലെ പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസവും വ്യത്യാസ ശതമാനവും അനുബന്ധമായി ചേർക്കുന്നു.*

(സി) അവശ്യസാധനങ്ങളുടെ ക്വാളിറ്റി നിശ്ചയിക്കുന്നത് ഏത് രീതിയിലാണ്; പല അവശ്യ സാധനങ്ങൾക്കും ക്വാളിറ്റി ഇല്ലെന്നുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുമോ?

സപ്ലൈകോ കൈകാര്യം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾക്കെല്ലാം ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ, അഗ്മാർക്ക്, ഇന്ത്യൻ സ്റ്റാന്റേർഡ്സ് (BIS), FCI സ്റ്റാന്റേർഡ്സ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. ഡിപ്പോകളിൽ വിതരണത്തിനെത്തിക്കുന്ന ഭക്ഷ്യ വസ്തുക്കൾ, നിശ്ചയിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചാണ് സ്വീകരിക്കുന്നത്.

### നാട്ടുകാണിയിൽ പുതിയ മാവേലി സ്റ്റോർ

120 (131) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്തിലെ നാട്ടുകാണിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

(ബി) നാട്ടുകാണിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി എറണാകുളം മേഖല മാനേജർ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കുമോ?

കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ നാട്ടുകാണിയിൽ ആരംഭിക്കുന്നതിനുള്ള മേഖലാ മാനേജരുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ നിലവിലെ ഉത്തരവ് പ്രകാരം പുതിയ മാവേലി സ്റ്റോറിന് ആവശ്യമായ 5 വർഷ വാടകരഹിത കെട്ടിടം പഞ്ചായത്ത് അനുവദിച്ചുനൽകാമെന്ന് വ്യക്തമായി രേഖപ്പെടുത്തിയ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ലഭ്യമായ നിർദ്ദിഷ്ട കെട്ടിടത്തിന് സപ്ലൈകോ വാടക നൽകണമെന്നും പുതിയ വിൽപ്പനശാലയ്ക്ക് ആവശ്യമായ ജീവനക്കാർ ലഭ്യമല്ലെന്നും റീജിയണൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിർദ്ദിഷ്ട കെട്ടിടം നേരിൽ പരിശോധിച്ച് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾകൂടി വിലയിരുത്തി റിപ്പോർട്ട് നൽകുന്നതിന് സപ്ലൈകോ മേഖലാ മാനേജർക്ക് തുടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസ്

121 (132) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനുള്ള ഫർണിച്ചറുകൾ കണ്ണൂർ ജില്ലാ സപ്ലൈ ആഫീസ്, കണ്ണൂർ താലൂക്ക് സപ്ലൈ ആഫീസ് എന്നിവിടങ്ങളിൽനിന്നും അധികമുള്ള ഉപയോഗ യോഗ്യമായവ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്ദുർഗ് താലൂക്ക് സപ്ലൈ ആഫീസിലെ വാഹനം ആഴ്ചയിൽ രണ്ട് ദിവസം പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിനായി പയ്യന്നൂർ നഗര സഭയിലെ രാമന്തളി മുസ്ലിം ജമാഅത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള 14 വാർഡിൽ ഉൾപ്പെട്ട താഴത്തെ നിലയിലുള്ളതും മുകളിലത്തെ നിലയിലുള്ളതുമായ മുറി കണ്ടെത്തിയിട്ടുണ്ട്. പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിന് ട്രഷറി ആതറൈസേഷൻ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## നെല്ലിന്റെ സംഭരണ വില

122 (133) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വർദ്ധിപ്പിച്ച നിരക്കിലുള്ള സംഭരണ വില എന്ന് മുതൽ സംഭരിച്ച നെല്ലിനാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കിലോഗ്രാമിന് 28 രൂപയായി വർദ്ധിപ്പിച്ച നെല്ലിന്റെ സംഭരണ വില 2021 സെപ്റ്റംബർ മുതൽ ആരംഭിക്കുന്ന 2021-22 സീസണിൽ സംഭരിക്കുന്ന നെല്ലിനാണ് നൽകുന്നത്.

(ബി) തൃശ്ശൂർ ജില്ലയിൽ ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ വിലയും നൽകിയിട്ടുണ്ടോ?

ഈ സീസണിൽ തൃശ്ശൂർ ജില്ലയിൽനിന്ന് സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടില്ല.

(സി) സംഭരണ വില കുടിശ്ശികയുണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരിച്ച ഇനത്തിൽ 40.58 കോടി രൂപയാണ് കുടിശ്ശികയായിട്ടുള്ളത്.

## ഭക്ഷ്യകിറ്റിലെ സാധനങ്ങളുടെ ഗുണനിലവാരം

123 (134) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമേറ്റത് മുതൽ ഇതുവരെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാനത്ത് എത്ര ഭക്ഷ്യകിറ്റുകൾ എത്ര തവണകളായി വിതരണം ചെയ്തിട്ടുണ്ടെന്നും ഓരോ കിറ്റിലും എത്ര രൂപയുടെ സാധനങ്ങളാണ് ഉണ്ടായിരുന്നതെന്നും വിശദമാക്കുമോ?

സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാനത്ത് വിതരണം ചെയ്ത ഭക്ഷ്യകിറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കിറ്റിലെ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ഗുണനിലവാരം കുറവാണെന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിന് ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലയർക്കെതിരെ വിലക്ക് ഏർപ്പെടുത്തൽ, പിഴ ഈടാക്കൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. കോവിഡ് കാലത്ത് സപ്ലൈകോവഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യകിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും മേൽപ്പറഞ്ഞ സംവിധാനംതന്നെയാണ് ഉപയോഗപ്പെടുത്തുന്നത്. കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് ഇതുവരെ 14 പരാതികൾ ലഭിച്ചിട്ടുണ്ട്. ശർക്കര, പപ്പടം, കടല, തേയില, വൻപയർ, മാസ്ക് എന്നീ ഇനങ്ങളിലാണ് പരാതി ലഭിച്ചിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സപ്ലൈകോ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യകിറ്റ് വിതരണത്തിനായി തുണി സഞ്ചി വാങ്ങിയത് സംബന്ധിച്ച അഴിമതി ആരോപണത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്?

തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സഞ്ചി വാങ്ങി കൂടിയ വിലയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിയെന്ന ആക്ഷേപത്തിന്മേൽ സപ്ലൈകോയുടെ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് കുടുംബശ്രീ ഡയറക്ടറെ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യൂണിറ്റുകൾക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളുന്നതിനായി പാലക്കാട് ജില്ലാ

മിഷനോട് നിർദ്ദേശിച്ചിട്ടുള്ളതായും മറ്റ് ജില്ലകളിൽ ഇപ്രകാരം ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും കുടുംബശ്രീയിൽനിന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ സപ്ലൈകോയ്ക്ക് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(ഡി) കഴിഞ്ഞ ഓണക്കാലത്ത് നൽകിയ ഭക്ഷ്യകിറ്റിൽ ഗുണനിലവാരം കുറഞ്ഞ ശർക്കര നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിന്മേൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിൽ കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്ന് വിശദമാക്കുമോ?

കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്ത കിറ്റിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ശർക്കര നൽകിയ നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോട്, എ.വി.എൻ. ട്രേഡ് വെഞ്ചേഴ്സ് ഇറോഡ്, അരുണാചല ഇംപക്സ് (P) ലിമിറ്റഡ് ചെന്നൈ, ബാൽസൺ എന്റർപ്രൈസസ് കോഴിക്കോട് എന്നീ കമ്പനികളിൽനിന്ന് ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും ഒരു വർഷത്തേയ്ക്ക് ഇവരിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിതരണക്കാരിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എഫ്.എം.സി.ജി. ഡിവിഷൻവഴി സപ്ലൈകോ ശർക്കര വാങ്ങിയ M/s. കോനുപറമ്പൻ ട്രേഡേഴ്സ്, M/s. മാർക്കറ്റ് ഫെഡ് എന്നീ കമ്പനികൾക്കും ഗുണനിലവാര വ്യതിയാനം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ ഒരു വർഷ കാലയളവിലേയ്ക്ക് നിരോധനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ M/s. കോനുപറമ്പൻ ട്രേഡേഴ്സ് എന്ന കമ്പനിക്ക് തുടർന്നും പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം ഗുണനിലവാരം കുറഞ്ഞ ശർക്കര വിതരണം ചെയ്ത കമ്പനികളിൽനിന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നു. പൂർണ്ണമായ നഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**സംസ്ഥാനത്തെ മുഴുവൻ റേഷൻ വ്യാപാരികൾക്കും വാക്സിൻ**

124 (135) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ മുന്നണി പോരാളികൾ എന്ന നിലയിൽ സംസ്ഥാനത്തെ മുഴുവൻ റേഷൻ വ്യാപാരികൾക്കും വാക്സിൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്തെ റേഷൻ വ്യാപാരികളെ മുൻഗണനാ പോരാളികളായി പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 18 മുതൽ 44 വയസ്സുവരെ പ്രായമായ റേഷൻ വ്യാപാരികളിൽ വാക്സിൻ എടുക്കാൻ സമ്മതമുള്ളവരുടെ രജിസ്ട്രേഷൻ covid19.kerala.gov.in എന്ന പോർട്ടലിൽ നടന്നു വരുന്നു.

(ബി) കോവിഡ് ബാധിച്ച് സംസ്ഥാനത്ത് എത്ര റേഷൻ വ്യാപാരികളും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവരും മരണപ്പെട്ടു; ഇവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നകാര്യം പരിശോധിക്കുമോ?

കോവിഡ് ബാധിച്ച് സംസ്ഥാനത്ത് നാളിതുവരെ 25 റേഷൻ വ്യാപാരികളും 15 സെയിൽസ്മാൻ/സെയിൽസ് വുമണും മരണപ്പെട്ടിട്ടുണ്ട്. റേഷൻ വ്യാപാരി ക്ഷേമനിധിയിൽനിന്ന് അംഗങ്ങൾക്ക് ലഭിക്കുന്ന മരണാനന്തര ധനസഹായം പരിമിതമായതിനാൽ കോവിഡ് ബാധിച്ച് മരണപ്പെടുന്ന റേഷൻ വ്യാപാരികൾക്കുള്ള മരണാനന്തര ധനസഹായം ഉയർത്തുന്നതിന് 06-05-2021-ൽ ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. കോവിഡ്മൂലം മരണപ്പെട്ട റേഷൻ വ്യാപാരികൾക്ക് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്കും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവർക്കുമായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് എഫ്.പി.എസ്. ഡീലർമാർ, സെയിൽസ്മാൻമാർ എന്നിവർക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന കോവിഡ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റിനൽകുന്നതിനുവേണ്ട അടിയന്തര നടപടി

125(136) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ നിലവിൽ എത്ര റേഷൻ കാർഡുകളാണ് ഉള്ളതെന്നും എ.എ.വൈ., മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നിങ്ങനെ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

കോതമംഗലം താലൂക്കിൽ ആകെ 69886 റേഷൻ കാർഡുകളാണുള്ളത്. ഓരോ വിഭാഗത്തിലുമുള്ള കാർഡുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. അന്ത്യോദയ അന്നയോജന (എ.എ.വൈ) - 3896, പി.എച്ച്.എച്ച് - 24560, മുൻഗണനേതര സബ്സിഡി (എൻ.പി.എസ്) - 18562, മുൻഗണനേതര നോൺ സബ്സിഡി (എൻ.പി.എൻ.എസ്) - 22100, മുൻഗണനേതര ഇൻസ്റ്റിറ്റ്യൂഷൻ (എൻ.പി.ഐ) – 768.

(ബി) നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകർക്ക് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി ബി.പി.എൽ/എ.പി.എൽ. വിഭാഗങ്ങൾക്ക് പകരമായി മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. മുൻഗണനാ വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി സമർപ്പിച്ച 4273 അപേക്ഷകളിൽ 2753 കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്.

(സി) അർഹരായ മുഴുവൻ അപേക്ഷകരുടെയും കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അനർഹരെ കണ്ടെത്തി ഒഴിവാക്കിക്കൊണ്ടും അപേക്ഷകരെ ഹിയറിംഗ് നടത്തിയും ആവശ്യമെങ്കിൽ ഫീൽഡ് എൻക്വയറി നടത്തിയും അർഹരായ അപേക്ഷകരുടെ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോവിഡ് മരണങ്ങളുടെ കണക്ക്**

126 (137) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനന-മരണങ്ങളുടെ കണക്ക് സൂക്ഷിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിൽ കോവിഡ് മരണങ്ങളുടെ കണക്ക് ലഭ്യമല്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) വകുപ്പിന് സംഭവിച്ചിട്ടുള്ള വീഴ്ച പരിശോധിച്ച് കോവിഡ് മരണ കണക്കുകൾകൂടി മരണം രജിസ്റ്റർ ചെയ്യുന്ന പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

4-5-2021 മുതൽ കോവിഡ് മരണം രേഖപ്പെടുത്തുന്നതിന് സോഫ്റ്റ്‌വെയറിൽ പ്രത്യേക കോമ്പോ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുമുമ്പ് കോവിഡ് മരണങ്ങൾ രേഖപ്പെടുത്തുന്നതിന് 'മറ്റുള്ളവ' എന്ന ഓപ്ഷനിൽ കോവിഡ് എന്ന് മരണകാരണം രേഖപ്പെടുത്തി വന്നിരുന്നു.

## പ്രളയത്തിൽ തകർന്ന റോഡുകൾ

127(138) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ എത്ര; അവ ഏതൊക്കെ; എത്ര കോടിയുടെ നാശനഷ്ടങ്ങളാണ് റോഡുകൾക്ക് ഉണ്ടായിട്ടുള്ളത്; പ്രസ്തുത റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഏതെല്ലാം റോഡുകൾക്കെന്ന് വിശദമാക്കുമോ?

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്ന കണ്ണൂർ ജില്ലയിലെ റോഡുകളുടെ എണ്ണം 877 ആണ്. റോഡുകൾക്ക് 109.236 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത റോഡുകൾക്ക് 76.289181 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം I-ഉം II-ഉം ആയി ചേർത്തിട്ടുണ്ട്.*

(ബി) പ്രളയത്തിൽ തകർന്ന പല ഗ്രാമീണ റോഡുകളും നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ആയത് നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസം

128 (139) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിക്കുന്നതിനായി സ്ഥിരം സംവിധാനം ഇല്ലാത്തതുമൂലം പല പ്രവൃത്തികളുടെയും പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ത്രിതല പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനുമായുള്ള സംവിധാനം എന്ന നിലയിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവിടങ്ങളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി ജില്ലാതലങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കോർപ്പറേഷനുകളിൽ ഈ സംവിധാനം സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കൂടുതൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ഓവർസിയർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

129 (140) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. മുകേഷ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പൊതുനിർദ്ദേശങ്ങളനുസരിച്ച് കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 20-3-2020-ലെ സ.ഉ.(കൈ)നമ്പർ55/2020/

തസ്വഭവ പ്രകാരവും 4-5-2020-ലെ സ.ഉ. (കൈ) 86/2020/തസ്വഭവ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ പ്രാദേശിക തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ്തല സമിതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷരുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപന സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കുറഞ്ഞത് 4 ജീവനക്കാരെ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു വാർ റൂം സംഘടിപ്പിക്കുകയും ഈ വാർ റൂം വിവിധ കോവിഡ്-19 പ്രവർത്തനങ്ങൾ വിലയിരുത്തി വരികയും ചെയ്യുന്നു. വാർഡ്തല സമിതികളുടെ റിപ്പോർട്ടുകൾ ഏകോപിപ്പിക്കുക, കോവിഡ് ജാഗ്രതാ പോർട്ടൽ അപ്ഡേറ്റ് ചെയ്യുക, വൈറസ് ബാധ സംശയിക്കുന്നവരെ ടെസ്റ്റ് ചെയ്യുക, മുൻഗണന അനുസരിച്ച് വാക്സിനേഷന് നേതൃത്വം നൽകുക, ഡി.സി.സി./ സി.എഫ്.എൽ.ടി.സി./സി.എസ്.എൽ.ടി.സി. എന്നിവകളുടെ പ്രവർത്തനങ്ങളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കുക എന്നിവയെല്ലാം കോവിഡ്-19 വാർ റൂമിന്റെ ചുമതലയാണ്. കൂടാതെ, കോവിഡ് രോഗികളുടെ ആശുപത്രിയിലേയ്ക്കുള്ള യാത്രാ സൗകര്യവും ആംബുലൻസ് സൗകര്യവും ഉൾപ്പെടെയുള്ളവ ഉറപ്പാക്കുന്നതിന് ഒരു ഗതാഗത പദ്ധതിക്ക് മാർഗ്ഗരേഖ തയ്യാറാക്കി നൽകുകയും CFLTC, CSLTC, PHC തുടങ്ങിയവയിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൾസ് ഓക്സീ മീറ്ററുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും 24x7 പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കോവിഡ് സംബന്ധിച്ച സംശയദൂരീകരണം ഉൾപ്പെടെ ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെൽപ്പ് ഡെസ്കിൽ 24 മണിക്കൂറും ഡോക്ടർ/നഴ്സ് എന്നിവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഏകോപിപ്പിക്കുന്നതിന് ഒരു ആർ.ആർ.ടി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ആർ.ആർ.ടി. അംഗങ്ങളിൽ ആശാ വർക്കർ, കുടുംബശ്രീ പ്രവർത്തകർ, ജനമൈത്രി പോലീസ്, നഗരസഭയിൽ ലഭ്യമായ സർക്കാർ ജീവനക്കാർ, മറ്റ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ സേന പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, എൻ.എസ്.എസ്., എൻ.സി.സി. പ്രതിനിധികൾ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വാർഡിലെയും 20-60 വീടുകളെ ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിച്ചും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്.

(ബി) കോവിഡ് പ്രതിസന്ധികളുടെ കാലഘട്ടത്തിലടക്കം തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്കായി പ്രത്യേക ഉപജീവന- സുരക്ഷാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പൊതുജനങ്ങളുടെ പൊതുവായ ക്ഷേമം ലക്ഷ്യമിട്ടും ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ബജറ്റ് ഹോട്ടലായ ജനകീയ ഹോട്ടലുകൾ ആരംഭിക്കുകയുണ്ടായി. സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കും കിടപ്പ് രോഗികൾ, ഐസൊലേഷനിലുള്ളവർ, ക്വാറന്റൈൻ സെന്ററുകൾ, സി.എഫ്.എൽ.ടി.സി.-കൾ തുടങ്ങിയവയിലുള്ളവർക്ക് ഭക്ഷണം ഉറപ്പാക്കുന്നതിന് സമൂഹ അടുക്കളകളും തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി, എം.ജി.എൻ.ആർ.ഇ.ജി.എസ്. തുടങ്ങിയ പദ്ധതികളിലൂടെയും നഗര-ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് തൊഴിൽ നൽകിവരുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപവരെ പലിശ സബ്സിഡിയോടെ വായ്പ നൽകുന്ന പദ്ധതിയും സൂക്ഷ്മ സംരംഭക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നൈപുണ്യ പരിശീലനമുൾപ്പെടെ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടുന്ന എല്ലാ സഹായവും നൽകുന്ന ഒരു പദ്ധതിയും കുടുംബശ്രീ നടപ്പാക്കിയിട്ടുണ്ട്.

(സി) ക്വാറന്റൈൻ കേന്ദ്രങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ക്വാറന്റൈൻ കേന്ദ്രങ്ങൾ, ഡി.സി.സി.-കൾ തുടങ്ങിയവ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ, സാധന സാമഗ്രികൾ വാങ്ങൽ, മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, താൽക്കാലികമായി നിയോഗിക്കുന്നവർക്ക് വേതനം നൽകൽ, കുടിവെള്ളം, ഭക്ഷണം മുതലായവ ലഭ്യമാക്കൽ, ശുചീകരണ സാധനങ്ങൾ വാങ്ങൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയിലുൾപ്പെടുത്തിയും തനത് ഫണ്ട് ഉപയോഗിച്ചും വഹിച്ചുവരുന്നുണ്ട്. കൂടാതെ ക്വാറന്റൈൻ സെന്ററുകളിൽ ഭക്ഷണ ലഭ്യത, ബയോ വേസ്റ്റ് ഉൾപ്പെടെ മാലിന്യനിർമ്മാർജ്ജനം, ഇലക്ട്രിസിറ്റി, വെള്ളം, ഇന്റർനെറ്റ് സൗകര്യം, വൃത്തിയുള്ള ശുചിമുറികൾ, ആംബുലൻസ് സേവനം, വോളന്റിയർമാരുടെ സേവനം എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്.

## മാലിന്യ സംസ്കരണം

130 (141) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് കൊതുകുജന്യ രോഗങ്ങൾ, എലിപ്പനി മറ്റ് പകർച്ചവ്യാധികൾ തുടങ്ങിയവ പിടിപെടാനുള്ള സാധ്യത മുന്നിൽക്കണ്ട് എന്തെല്ലാം ശുചീകരണ പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

മഴക്കാലത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തവുംകൂടി ഉറപ്പാക്കി 2021-ലെ ആരോഗ്യ ജാഗ്രതാ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 8-2-2021-ലെ 26/DC1/2021/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഡുതല ആരോഗ്യ-ശുചിത്വ-പോഷണ സമിതി യോഗം ചേരൽ, ഓരോ വാർഡിലും 50 വീടുകൾ/സ്ഥാപനങ്ങൾ ഉൾപ്പെടുത്തി ക്ലസ്റ്ററുകൾ രൂപീകരിക്കൽ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, ശുചിത്വ സ്ക്വാഡുകൾക്ക് പരിശീലനം നൽകൽ ശുചിത്വമാപ്പിംഗ് നടത്തൽ, വാർഡുതല മൈക്രോപ്ലാനുകൾ തയ്യാറാക്കൽ, ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തന/സന്ദർശന റിപ്പോർട്ടിംഗ് എന്നിവയാണ് ക്യാമ്പയിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കേണ്ടത്. കൊതുകുജന്യ രോഗങ്ങൾ ഒഴിവാക്കുന്നതിന് വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ കൊതുകുകളുടെ ഉറവിട നിർമ്മാർജ്ജനം, ഓടകൾ, കാനകൾ എന്നിവ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ വീടുകൾ/ സ്ഥാപനങ്ങൾ/ പൊതുയിടങ്ങൾ സന്ദർശിച്ച് കൊതുക് മുട്ടയിട്ട് വളരുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ, ജലസ്രോതസുകളുടെ ക്ലോറിനേഷൻ നടപടികൾ, ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആചരിക്കൽ ഉറപ്പാക്കുക, കുട്ടികളെ മുൻനിർത്തി "കൊതുക് വിമുക്ത വീടുകൾ" എന്ന ആശയം നടപ്പിലാക്കുക, ശുചിമുറികൾ, വാഷ്ബേസിനുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം കെട്ടിക്കിടക്കുന്നില്ലെന്ന്

ഉറപ്പുവരുത്തേണ്ടതും അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് സോക്കേജ് പിറ്റുകൾ നിർമ്മിക്കുക, മലിനപ്പെട്ടുകിടക്കുന്ന നീർച്ചാലുകൾ/ തോടുകൾ/കുളങ്ങൾ ശുചീകരിക്കേണ്ടവയുടെ പട്ടിക തയ്യാറാക്കുക, ഓരോന്നിന്റെയും ശുചീകരണ പ്രവർത്തനത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കുക, മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രത്യേകം കലണ്ടർ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഈ സർക്കാർ നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനൊപ്പം ആവശ്യമായ ഇടങ്ങളിൽ മാലിന്യത്തിൽനിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന വിധത്തിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾകൂടി നടപ്പിലാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ/സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ അതത് സ്ഥലങ്ങളിൽ വിവിധ കമ്പോസ്റ്റിംഗ്/ ബയോമെതനേഷൻ രീതിയിലൂടെ സംസ്കരിക്കണം. പൊതുസ്ഥലങ്ങളിലുണ്ടാകുന്ന മാലിന്യങ്ങൾ പൊതുമാലിന്യ സംസ്കരണ രീതികളിലൂടെ സംസ്കരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്. ഇതിൻപ്രകാരം വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ ഉപാധികളും സാങ്കേതികവിദ്യയും ശുചിത്വമിഷൻ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവ മാലിന്യം ഹരിതകർമ്മസേന മുഖേന നിശ്ചിത ഇടവേളകളിൽ സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിമാറ്റി ക്ലീൻ കേരള കമ്പനി മുഖേന വിൽപ്പന നടത്തുന്നുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ പൊടിച്ച് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നു. അജൈവ മാലിന്യ ശേഖരണവും കൈയൊഴിയലും സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതുകൂടാതെ

നഗരകേന്ദ്രീകൃത തദ്ദേശ സ്ഥാനങ്ങളിലും തൊട്ടടുത്ത പഞ്ചായത്തുകളിലും സമ്പൂർണ്ണ മാലിന്യ സംസ്കരണം സമയബന്ധിതമായി നടപ്പിലാക്കാൻ ലോക ബാങ്കിന്റെ സഹായത്തോടുകൂടി 2100 കോടി രൂപയുടെ പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് അംഗീകാരമായിട്ടുണ്ട്. ഇതിൻപ്രകാരം നഗര പ്രദേശത്തെ മാലിന്യക്കൂനകൾ ബയോ മൈനിംഗ്, ലാന്റ് ഫിൽ എന്നിവ മുഖേന ഇല്ലാതാക്കുകയും തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് സഹായം ലഭ്യമാകുന്നതുമാണ്. ഓരോ നഗര തദ്ദേശസ്വയംഭരണ സ്ഥാപനവും സമ്പൂർണ്ണമായും മാലിന്യമുക്തമാക്കുകയാണ് ലക്ഷ്യം.

(സി) ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണം നൽകുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിവരുന്നു. ബഹുജന പങ്കാളിത്തത്തോടുകൂടിയുള്ള ആശയ പ്രചാരണമാണ് നടത്തുന്നത്. വിവിധ സാമൂഹ്യ സംഘടനകൾ, വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ മുഖേന വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2021 ജൂൺ 4, 5, 6 തീയതികളിൽ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജനകീയ ക്ലീനിംഗ് ഡ്രൈവ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2021 ജൂൺ 4-ന് തൊഴിലിടങ്ങൾ, 5-ന് പൊതുസ്ഥലങ്ങൾ, 6-ന് വീടുകൾ എന്നിവ കേന്ദ്രീകരിച്ചാണ് ക്ലീനിംഗ് ഡ്രൈവ് നടത്തുന്നത്. ജനകീയ പിന്തുണയോടുകൂടി വികേന്ദ്രീകൃതവും കേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്താനും സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

**ഇൻഫർമേഷൻ കേരള മിഷൻ**

131 (142) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഐ.കെ.എം. (ഇൻഫർമേഷൻ കേരളമിഷൻ) - സേവനത്തിന്റെ ഫലമായി ഏതെല്ലാം സോഫ്റ്റ്‌വെയറുകളാണ് വികസിപ്പിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇൻഫർമേഷൻ കേരള മിഷൻ തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കണക്കാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ പ്രവർത്തന സജ്ജമാണ്. ആയതിന്റെ നടപ്പാക്കൽ പ്രക്രിയ നടന്നുവരുന്നു.

(സി) തിരുവനന്തപുരം നഗരസഭയിൽ തൊഴിൽ നികുതി അടച്ചുകഴിഞ്ഞാൽ കമ്പ്യൂട്ടർ മുഖേന സ്വയംപ്രേരിതമായി പോസ്റ്റിംഗ് നടക്കുന്നതിനായി ഐ.കെ.എം. സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയത് നടപ്പിൽ വരുത്തുന്നതിനായി നടപടി സ്വീകരിക്കുമോ?

നിലവിൽ തിരുവനന്തപുരം നഗരസഭയിൽ തൊഴിൽ നികുതി അടച്ചുകഴിഞ്ഞാൽ സ്വയം പ്രേരിതമായി പ്രോസസ്സിംഗ് നടക്കുന്നതിനായി ഐ.കെ.എം. സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടില്ല. എന്നാൽ നഗരസഭകളിൽ തൊഴിൽ നികുതി അടച്ചുകഴിഞ്ഞാൽ സ്വയംപ്രേരിതമായി പോസ്റ്റിംഗ് നടക്കുന്ന രീതിയിൽ ഐ.കെ.എം. സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. ആയത് ഉടൻതന്നെ നടപ്പിൽ വരുന്നതാണ്.

(ഡി) തിരുവനന്തപുരം നഗരസഭയിൽ ഓൺലൈനായി ഏതെല്ലാം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചുവെന്നും കുടിശ്ശിക എത്രയുണ്ടെന്നും അറിയാൻ ഐ.കെ.എം. എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലാത്തപക്ഷം ഐ.കെ.എം. അത്തരത്തിലൊരു സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരസഭയിൽ ഓൺലൈനായി ഏതെല്ലാം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചുവെന്നും കുടിശ്ശിക എത്രയുണ്ടെന്നും അറിയാനുള്ള സംവിധാനം നിലവിൽ സോഫ്റ്റ്‌വെയറിൽ വിന്യസിച്ചിട്ടില്ല. എന്നാൽ ആയത് ഉടൻതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ വരുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ നഗരസഭകളിൽ തൊഴിൽ നികുതി സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

## മാഞ്ചുവട് പാലം

132 (143) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലുണ്ടായ ഉരുൾപൊട്ടലിൽ അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാഞ്ചുവട് പാലം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

2018-ലുണ്ടായ ഉരുൾപൊട്ടലിൽ അയ്യൻകുന്ന്, ആറളം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാഞ്ചുവട് പാലം തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാഞ്ചുവട് പാലം പുനർനിർമ്മിക്കാൻ റീബിൽഡ് കേരള പദ്ധതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

## മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

133(144) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നഗരസഭ, പഞ്ചായത്തുകൾ എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കായംകുളം നഗരസഭ എല്ലാവാർഡുകളിലും വാർഡ് ശുചിത്വാരോഗ്യ സമിതിയുടെ നേതൃത്വത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മേയ് 19 മുതൽ 24 വരെയുള്ള തീയതികളിൽ വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. ദേവികുളങ്ങര പഞ്ചായത്ത് വാർഡുതല ആരോഗ്യ ശുചിത്വ പോഷണസമിതികൂടി 50 വീടിന് 5 അംഗങ്ങൾ എന്ന നിലയിൽ കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ, യുവജന സംഘടനാ പ്രതിനിധികൾ എന്നിവരിൽനിന്നും വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ചു. ടി ശുചിത്വ സ്ക്വാഡുകൾ പരിശീലനം നൽകുകയും ഗൃഹസന്ദർശനം നടത്തി ഉറവിട മാലിന്യ സംസ്കരണം നടത്തുകയും ചെയ്തു. ക്ലോറിനേഷൻ നടത്തി. ബോധവൽക്കരണ ലഘുലേഖകൾ നൽകി. പൊതുസ്ഥലങ്ങളിലും സർക്കാർ ഓഫീസുകളിലും വീടുകളിലും ഡ്രൈ ഡേ ആചരണം നടത്തിവരുന്നു. കണ്ടല്ലൂർ പഞ്ചായത്ത് എല്ലാവാർഡുകളിലും വാർഡ് ശുചീകരണ സമിതി കൂടി. ആക്ഷൻ പ്ലാൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി 15 വാർഡുകളിലായി 38 ഓടകൾ വൃത്തിയാക്കുകയും 1900 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓട നിർമ്മിക്കുകയും ചെയ്തു. കൃഷ്ണപുരം പഞ്ചായത്ത് ശുചിത്വമിഷൻ വിഹിതം ഉപയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. പത്തിയൂർ പഞ്ചായത്ത് - കൊതുക് നിവാരണവുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും ഫോഗിംഗ്, ക്ലോറിനേഷൻ, വീടുകളിൽ അണുനശീകരണം, മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്യൽ എന്നിവ നടത്തി. ബോധവൽക്കരണ നോട്ടീസ് നൽകി. മെഡിക്കൽ ഓഫീസറെയും ഫാർമസിസ്റ്റിനെയും കരാറടിസ്ഥാനത്തിൽ നിയമിച്ചു. കരിപ്പുഴ തോട്ടിലെ പോള രണ്ടുതവണ നീക്കം ചെയ്തു. വാർഡുതല സാനിട്ടേഷൻ സമിതിക്ക് തനത് ഫണ്ടിൽനിന്നും 5,000 രൂപ വീതം നൽകി. പുതിയ ഉത്തരവ് പ്രകാരം 5,000 രൂപ കൂടി നൽകുന്നതാണ്. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പഞ്ചായത്തുപ്രദേശത്തെ നീർച്ചാലുകളും ഓടകളും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിച്ചിട്ടുള്ളതും ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, വാർഡ്തല സാനിറ്റേഷൻ സമിതി, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ, യുവജനസംഘടനാ പ്രതിനിധികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ ശുചീകരണ പ്രവർത്തനവും ബോധവൽക്കരണവും നടത്തി. ഹരിത കർമ്മസേന അംഗങ്ങൾ കോവിഡ് മാനദണ്ഡം പാലിച്ച് വീടുകളിലെയും സ്ഥാപനങ്ങളിലെയും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എം.സി.എഫ്.-ൽ എത്തിക്കുന്നു. ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് നീർച്ചാലുകളുടെയും തോടുകളുടെയും പുനരുദ്ധാരണം, ഉറവിട കൊതുക് നശീകരണം, വാർഡ് തല ക്ലോറിനേഷൻ എന്നിവ നടത്തി.

(ബി) ഓടകൾ, നീരൊഴുക്കുചാലുകൾ, ചെറിയ കനാലുകൾ എന്നിവ വൃത്തിയാക്കി ജലനിർഗ്ഗമനം സുഗമമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കായംകുളം നഗരസഭ 44 വാർഡുകളിലും ഓട വൃത്തിയാക്കൽ, കാട് വെട്ടിത്തെളിക്കൽ, പരിസര ശുചീകരണം, സ്പ്രേയിംഗ്, കൊതുകു നിവാരണത്തിനായി ഉറവിട നശീകരണം, ചെറിയ കനാലുകൾ വൃത്തിയാക്കൽ, ക്ലോറിനേഷൻ എന്നിവ നടത്തി. താലൂക്ക് ആശുപത്രിക്ക് സമീപവും റെയിൽവേ സ്റ്റേഷന് സമീപവും കാനകൾ വൃത്തിയാക്കി. ദേവികുളങ്ങര പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഗ്രാമപ്രദേശത്തെ തോടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 1,00,000 രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പദ്ധതി ഏറ്റെടുത്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഓടയുടെ ശുചീകരണം നടത്തി. കണ്ടല്ലൂർ പഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി

ചേർന്ന് നീരൊഴുക്കുചാലുകൾ തുടങ്ങിയവ ശുചീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതുമാണ്. കൃഷ്ണപുരം പഞ്ചായത്തിൽ പ്രത്യേക പദ്ധതികൾ ഇല്ലെങ്കിലും ശുചീകരണത്തിന്റെ ഭാഗമായി ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. പത്തിയൂർ പഞ്ചായത്ത് മലയിൻതോട് ശുചീകരണത്തിനായി സൈഡ് വാൾ നിർമ്മാണത്തിന് 8,07,500 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടി. പോളേചാലിലെ പായൽ നീക്കം ചെയ്യാൻ പദ്ധതി തയ്യാറാക്കിവരുന്നു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വാർഡ്തല സാനിറ്റേഷൻ സമിതി രൂപീകരിച്ച് എല്ലാ വാർഡിലെയും ഓടകളും നീരൊഴുക്കുകളും വൃത്തിയാക്കുന്നതിന് തീരുമാനിച്ചു. മൂന്ന് വാർഡുകളിലെ നീരൊഴുക്ക് സുഗമമാക്കി. വാർഡ് 2-ലെ കൊച്ചുതോട് വൃത്തിയാക്കി ജലനിർഗ്ഗമനം സുഗമമാക്കി. പൊതുകുളങ്ങൾക്ക് ചുറ്റം കമ്പിവേലി സ്ഥാപിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ നടപടി, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് ഒതളപ്പുഴ തോട് പുനരുദ്ധാരണം (6 റീച്ച്), ചങ്ങായിൽ തോട് പുനരുദ്ധാരണം, ക്ലനംകുളങ്ങര തോട് പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

### നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

134 (145) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന്റെ പ്രത്യേക ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണം, നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് നവീകരണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏതൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഓരോ മാർക്കറ്റിനും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ധനകാര്യ വകുപ്പ് നൽകിയതെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് കോപ്ലക്സ് നവീകരണം, നെയ്യാറ്റിൻകര നഗരസഭയിൽ ആറാലുംമൂട് പച്ചക്കറി മാർക്കറ്റ് നവീകരണം എന്നീ പ്രവൃത്തികൾക്ക് 'റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്'-ന്റെ

ഭാഗമായി യഥാക്രമം 2 കോടി, 1 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ ആദ്യത്തെ പ്രവൃത്തിയുടെ റിവൈസ്ഡ് ഡി.പി.ആർ.-ഉം രണ്ടാമത്തെ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

### പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം

135 (146) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനുതന്നെ മാതൃകയായി ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്?

രണ്ട് ഘട്ടങ്ങളായാണ് പ്രവൃത്തി നടത്തുന്നത്. ഒന്നാം ഘട്ടത്തിലെ റോഡ് ഒഴികെയുള്ള 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തിയുടെ എഗ്രിമെന്റ് തീയതി 28-12-2020 ആണ്. ആയതുപ്രകാരം നിലവിൽ 30% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകൾക്കും ഉപകരിക്കുന്ന രീതിയിൽ നിർമ്മിക്കുന്ന പ്രസ്തുത ശ്മശാനം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

എഗ്രിമെന്റ് പ്രകാരം 28-06-2021-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### ചൂർണിക്കര മിച്ചഭൂമി ഏറ്റെടുക്കൽ

136 (147) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറേറ്റിലെ 14409/19/18 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ആലുവ നിയോജകമണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും റിപ്പോർട്ട് തേടുകയുണ്ടായി. അതിൻപ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് 31-05-2021-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ലൈഫ് മിഷൻ പദ്ധതി

137 (148) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്?

ലൈഫ് മിഷൻ ഭവന പദ്ധതിയും വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്രസർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം നാളിതുവരെ 262697 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്?

ലൈഫ് മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി കല്ല്യാശ്ശേരി മണ്ഡലത്തിൽ നാളിതുവരെ 375 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി എത്ര അപേക്ഷകൾ സംസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്?

ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി 920261 അപേക്ഷകൾ സംസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്.

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിൽനിന്നും പുതുതായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽനിന്നും പുതുതായി 3726 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ ഭൂരഹിതരായവരുടെ 1207 അപേക്ഷകളും ഭവനരഹിതരുടെ 2519 അപേക്ഷകളുമാണ് ലഭിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈഫ് ഭവന പദ്ധതി

138 (149) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് ഭവനം ഒരുക്കുന്നതിന് കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ മുഖേന 1511 പേർക്ക് ഭവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

## പർച്ചേസ് നിയമങ്ങളിൽ ഇളവ് അനുവദിക്കൽ

139 (150) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാലത്ത് ഡി.ഡി.സി., സി.എഫ്.എൽ.റ്റി.സി., സി.എസ്.എൽ.റ്റി.സി. എന്നീ ചികിത്സാകേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഇത്തരം കേന്ദ്രങ്ങളിലേയ്ക്ക് വേണ്ടിവരുന്ന അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപന മേധാവികൾക്ക് പർച്ചേസ് നിയമങ്ങളിൽ ഇളവ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് ചികിത്സാ കേന്ദ്രങ്ങളിലേയ്ക്ക് മരുന്നും മറ്റ് അവശ്യ വസ്തുക്കളും വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമങ്ങളിലോ പ്രൊക്യൂർമെന്റ് നിയമങ്ങളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇളവുകൾ നൽകിയിട്ടില്ല. എന്നിരുന്നാലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മുൻനിരയിൽ പ്രവർത്തിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) കളക്ടർമാർവരെയുള്ളവർക്ക് നിലവിലുള്ള ഇളവ് താൽക്കാലികമായി തദ്ദേശഭരണ സ്ഥാപന മേധാവികൾക്കും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗവൺമെന്റ് പോളിടെക്നിക് കോളേജ്

140 (151) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽനിന്നും അധികമുള്ള സ്ഥലം വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്നതിനായി എൽ.എസ്.ജി.ഡി. RC4/137/2017 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

&

(സി) പഞ്ചായത്ത് വകുപ്പിൽ ഈ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത ആവശ്യത്തിന് എന്ത് പരിഹാരമാണ് വകുപ്പ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽനിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകുന്നതിനായി പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കേണ്ടതുണ്ട്. ആയതിനാൽ ഓരോ വകുപ്പിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിർദ്ദിഷ്ട പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമായ ശിപാർശയോടെ പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 6-5-2021-ലെ RC4/137/2017/LSGD നമ്പർ കത്ത് മുഖാന്തരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കാൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 31-5-2021-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സ്ഥലം കൈമാറുന്നതുസംബന്ധിച്ച് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ എത്തി, ആയത് പഞ്ചായത്ത് വകുപ്പിലേയ്ക്ക് എന്നേയ്ക്ക് കൈമാറി എന്നത് വ്യക്തമാക്കുമോ?

ഉണ്ട്. പ്രസ്തുത തീരുമാനം കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16-1-2021-ൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ലഭ്യമാക്കി. ആയത് 6-3-2021-ലെ പ്രൊപ്പോസലിനോടൊപ്പം 16-03-2021-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

## തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ സ്റ്റാഫ് പാറ്റേൺ

141 (152) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയെ ഗ്രേഡ്-I മുനിസിപ്പാലിറ്റിയായി ഉയർത്തിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

22-07-2014-ലെ സ.ഉ.(കൈ) നമ്പർ 135/2014/തസ്വഭവ ഉത്തരവ് പ്രകാരമാണ് തൃക്കാക്കര മുനിസിപ്പാലിറ്റി ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റിയായി ഉയർത്തിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ?

സൂപ്രണ്ട് -1, ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ -2, സീനിയർ ക്ലർക്ക് - 9, ക്ലർക്ക് - 9, എൽ.ഡി. ടൈപ്പിസ്റ്റ് - 1, ഓഫീസ് അറ്റൻഡന്റ് - 2, ഹെൽത്ത് ഇൻസ്പെക്ടർ -1, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I -1, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II- 3, കണ്ടിജന്റ് ജീവനക്കാർ- 5.

(സി) ഗ്രേഡ് I മുനിസിപ്പാലിറ്റിയുടെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഗ്രേഡ് I ആയി ഉയർത്തിയ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ സ്റ്റാഫ് പാറ്റേൺ അതിനനുസൃതമായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഗ്രേഡ്-I മുനിസിപ്പാലിറ്റിയായി ഉയർത്തിയ മുനിസിപ്പാലിറ്റികളിലൊന്നും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ 17-10-2015-ന് സർക്കാരിൽ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ ഗ്രേഡ് I മുനിസിപ്പാലിറ്റിയിലെ സ്റ്റാഫ് പാറ്റേൺ രീതിയിൽ നിയമനം നടത്തുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ആവശ്യമായ സ്റ്റാഫുകളെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രേഡ്-I മുനിസിപ്പാലിറ്റിയായി ഉയർത്തിയ മുനിസിപ്പാലിറ്റികളിലൊന്നും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ 17-10-2015-ന് സർക്കാരിൽ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വിവിധയിനം നികുതികൾ**

142 (153) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന എസ്റ്റേറ്റുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) ടി എസ്റ്റേറ്റുകളിൽനിന്നും ഗ്രാമപഞ്ചായത്തിന് ഓരോ വർഷവും ലഭിക്കുന്ന വിവിധയിനം നികുതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

&

(സി) ടി നികുതിയിനങ്ങളിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന എസ്റ്റേറ്റുകൾ ഒന്നുംതന്നെയില്ല.

**കോവിഡ് പ്രതിരോധത്തിനുള്ള ഫണ്ട്**

143 (154) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യ ചുമതല വഹിക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യ ചുമതല വഹിക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത്ഫണ്ട്, പൊതുവിഭാഗം സാധാരണ വിഹിതം, നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്ന് അടിയന്തര ചെലവുകൾ വഹിക്കുന്നതിന് അനുമതി നൽകിയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരിക്കുന്നതിനുംവേണ്ട മാർഗ്ഗരേഖ സ.ഉ.(സാധാ)നമ്പർ 911/2021/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിനുപുറമേ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശ/മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുഖേന സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

(ബി) ഓരോ ജില്ലയിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങൾ തനതു ഫണ്ടിൽനിന്നും 31-3-2021 വരെ ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ലൈഫ് പദ്ധതി

144 (155) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വീടുകളുടെ എണ്ണം എത്രയാണ്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം 244 വീടുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) വടകര മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീടിനായി അപേക്ഷ നൽകിയിട്ടും വീട് ലഭിക്കാത്ത അപേക്ഷകരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

&

(സി) അപേക്ഷ നൽകിയിട്ടും വീട് ലഭിക്കാത്തവർക്ക് എപ്പോൾ വീട് ലഭ്യമാക്കാനാകുമെന്നും ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുമോ?

വടകര മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീടിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*. ലഭ്യമായ അപേക്ഷകളുടെ വെരിഫിക്കേഷൻ പൂർത്തീകരിച്ച്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അന്തിമഗുണഭോക്തൃസ്വയംഭരണ പട്ടിക തയ്യാറാക്കിയതിനുശേഷം ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതാണ്.

(ഡി) സ്വന്തമായി സ്ഥലമുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഒരേ വീട്ടിൽത്തന്നെ കഴിയേണ്ടി വരുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് പ്രത്യേകം റേഷൻ കാർഡ് ഇല്ലാത്തതിനാൽ ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എങ്കിൽ അത്തരം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭ്യമാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ലൈഫ് പദ്ധതി പ്രകാരം ഒരു റേഷൻ കാർഡിൽ പേരുള്ളവർ ഉൾപ്പെടുന്ന കുടുംബത്തിനാണ് അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വീട് നൽകുന്നത്. 6-9-2019-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ) നമ്പർ 1946/2019/ത.സ്വ.ഭ.വ. ഉത്തരവ് (അനുബന്ധമായി ചേർക്കുന്നു*) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിന് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

## ആലത്തൂർ നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

145 (156) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭവനം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്ര; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ മുഖേന 1653 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈഫ് മിഷൻ പദ്ധതി

146 (157) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര തഴക്കരയിൽ നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

2018-ലെ പ്രളയത്തെത്തുടർന്ന് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന ഫ്ലാറ്റ് നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 151 സെന്റ് സ്ഥലം പഞ്ചായത്ത് സഹകരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണം ആരംഭിച്ചിട്ടില്ല. ടി ഭവന സമുച്ചയത്തിന്റെ നിർമ്മാണം സംബന്ധിച്ചുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നത് സഹകരണ വകുപ്പാണ്. സഹകരണ വകുപ്പിന്റെ നിർദ്ദേശാനുസരണം ലൈഫ് മിഷൻ കെയർ ഹോം പദ്ധതിക്കുവേണ്ടി സ്ഥലം കണ്ടെത്തി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

## പ്രളയത്തിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം

147 (158) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന എത്ര തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

78 റോഡുകളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ലൈഫ് മിഷൻ പദ്ധതി

148 (159) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം പ്രസ്തുത സർക്കാരിന്റെ കാലാവധിക്കുള്ളിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്നും എത്ര കുടുംബങ്ങൾക്ക് ആയതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് മിഷൻ ഭവന പദ്ധതിയും വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്രസർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം നാളിതുവരെ 262697 വീടുകൾ പൂർത്തീകരിച്ചതിലൂടെ 262697 കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത ലൈഫ് മിഷൻ പദ്ധതി തുടരുമോയെന്നും എങ്കിൽ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ എത്ര വീടുകൾകൂടി കിടപ്പാടം ഇല്ലാത്തവർക്ക് നിർമ്മിച്ചുനൽകാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

ലൈഫ് മിഷൻ പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്.

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവ്

149 (160) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്?

1-6-2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ 10 ഒഴിവുകൾ നിലവിലുണ്ട്.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏറ്റെടുത്തുനടത്താൻ ഉത്തരവാദിത്വമുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥ ഒഴിവുകൾ

150 (161) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഉദ്യോഗസ്ഥ ഒഴിവുകളാണ് നിലവിലുള്ളത്?

| ക്രമ നമ്പർ | ഒഴിവുള്ള തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 3 |
| 2 | ഒന്നാംതരം ഓവർസിയർ | 1 |
| 3 | രണ്ടാം തരം ഓവർസിയർ | 2 |
| 4 | ക്ലാർക്ക് | 3 |
| 5 | സെക്രട്ടറി | 1 |
| | ആകെ | 10 |

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുള്ള ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണ്?

വോർക്കാടി, മഞ്ചേശ്വരം, പൈവളികെ എന്നീ ഗ്രാമപഞ്ചായത്തുകൾ.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സെക്രട്ടറിയുടെ നിലവിലെ ഒഴിവ് സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതാണ്. ശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടാംതരം ഓവർസിയർ തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ ജീവനക്കാർ ജോലി ചെയ്തുവരുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒഴിവുകൾ**

151 (162) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എത്ര റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ 2021 ജൂൺ 30 വരെ എത്ര റിട്ടയർമെന്റ് ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ; ഇവ നികത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

31-5-2021-ൽ നിലവിലുള്ള ഒഴിവുകൾ: റവന്യൂ ഇൻസ്പെക്ടർ - 1, സൂപ്രണ്ട് - 3, റവന്യൂ ഓഫീസർ ഗ്രേഡ് 2 - ഇല്ല, പി.എ. ടു സെക്രട്ടറി - 3, ഡെപ്യൂട്ടി സെക്രട്ടറി - 3.

2021 മേയ്, ജൂൺ മാസങ്ങളിലെ റിട്ടയർമെന്റ് ഒഴിവുകൾ: റവന്യൂഇൻസ്പെക്ടർ - 2, സൂപ്രണ്ട് - 5, റവന്യൂ ഓഫീസർ ഗ്രേഡ് 2 - 1, പി.എ. ടു സെക്രട്ടറി - 7, ഡെപ്യൂട്ടി സെക്രട്ടറി - 1. ടി ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിന്റെ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; ആയതിന് എന്നത്തേയ്ക്ക് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-7-2020-ൽ സ.ഉ.(കൈ)നമ്പർ 106/2020/തസ്വഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നത് സംബന്ധിച്ചുള്ള ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/07/P&ARD നമ്പർ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്ന നടപടികളുടെ ഭാഗമായി ലോക്കൽ സെൽഫ് ഗവൺമെന്റ് കമ്മീഷൻ (LSG Commission) തയ്യാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22-12-2020-ൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതുപ്രകാരം ലഭിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ച സംഘടനകളുടെ പ്രതിനിധികളുമായി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 15-2-2021-ന് വെർച്വൽ മീറ്റിംഗ് നടത്തിയിരുന്നു. ടി കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിന് മേൽ സർക്കുലർ പ്രകാരം സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

### കാസർഗോഡ് ജില്ലയിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ

152 (163) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (പഞ്ചായത്ത് - ഗ്രാമവികസനം - മുനിസിപ്പാലിറ്റി) വിവിധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ: സെക്രട്ടറി - 3, അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്- 2, ഹെഡ് ക്ലാർക്ക് - 1, സീനിയർ ക്ലാർക്ക് - 2, ക്ലാർക്ക് - 23.

ഗ്രാമവികസന വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ: ക്ലാർക്ക് - 1, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ - 10.

നഗരകാര്യ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ: നഗരസഭാ സെക്രട്ടറി - 1, ഹെൽത്ത് സൂപ്പർവൈസർ - 1, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I - 1, ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.) - 1, ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.)- 1, ലൈബ്രേറിയൻ ഗ്രേഡ് IV– 1, ഓഫീസ് അറ്റൻഡന്റ് - 1.

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതാണ്. ക്ലാർക്ക് തസ്തികയിലെ 23 ഒഴിവുകളിൽ 14 ഒഴിവുകൾ (കന്നട-മലയാളം) വിഭാഗം പി.എസ്.സി.-ക്കും 5 ഒഴിവുകൾ പി.എസ്.സി. ജനറൽ വിഭാഗത്തിനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്. ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവ് പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രത്യേക നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവും, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലെ 7 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലെ 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗരകാര്യ വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.), ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.), ലൈബ്രേറിയൻ ഗ്രേഡ്-IV, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകളിലെ ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗരസഭാ സെക്രട്ടറി തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ ഒഴിവുകൾ

153 (164) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്?

1-6-2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ 10 ഒഴിവുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്. ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 4 ഒഴിവുകളും നിലവിലുണ്ട്.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും പ്രകൃതിദുരന്തങ്ങളുടെയും പ്രത്യേക സാഹചര്യത്തിൽ മണ്ഡലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനും ബ്ലോക്ക് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്താനും ചുമതലപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പി.എസ്.സി. ലിസ്റ്റുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ മുൻകാലങ്ങളിൽ ചെയ്തതുപോലെ ജോയിന്റ് ബി.ഡി.ഒ.-മാരെ സ്റ്റോപ് ഗ്യാപ് അറേഞ്ച്മെന്റിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ബൈ ട്രാൻസ്ഫർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് നീക്കിവയ്ക്കപ്പെട്ട ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നേരിട്ടുള്ള നിയമനത്തിന് നീക്കിവയ്ക്കപ്പെട്ട ഒഴിവുകളിലേയ്ക്ക് സ്റ്റോപ് ഗ്യാപ്പ് അറേഞ്ച്മെന്റായി 24-2-2021-ലെ സ.ഉ.(സാധാ) നമ്പർ 570/2021/തസ്വഭവ പ്രകാരം നിയമനം നടത്തിയിട്ടുണ്ട്. അതിനുശേഷം നിലവിൽവന്ന ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങൾ

154 (165) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിന് കീഴിൽ എവിടെയെല്ലാമാണ് വികസന പരിശീലന കേന്ദ്രങ്ങളുള്ളതെന്ന് അറിയിക്കുമോ; ഇവയ്ക്ക് കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമ വികസന വകുപ്പിന് കീഴിൽ നിലവിൽ കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവിടങ്ങളിലാണ് വികസന പരിശീലന കേന്ദ്രങ്ങളുള്ളത്. പരിശീലന പ്രവർത്തനങ്ങൾക്കായി വർഷാവർഷം റെക്കറിംഗ് ഗ്രാന്റും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നോൺ റെക്കറിംഗ് ഗ്രാന്റും ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ സർക്കാർ വകുപ്പിൽനിന്നും ഒഴിവാക്കുന്നതിനോ നിർത്തലാക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; ഇത് കേന്ദ്രസർക്കാർ ഫണ്ട് ലഭ്യതയെ ഏതുവിധത്തിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസന വകുപ്പിന് കീഴിലുള്ള പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ 13-2-2017-ലെ സ.ഉ.(എം.എസ്)നമ്പർ 34/2017/ത.സ്വ.ഭ.വ., 24-2-2021-ലെ സ.ഉ.(കൈ)നമ്പർ 65/2021/ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം കിലയുമായി സംയോജിപ്പിച്ച് ഇവയുടെ അക്കാഡമിക്-ഭരണപരമായ പ്രവർത്തനങ്ങൾ നിലവിൽ കിലയുടെ നിയന്ത്രണത്തി ലാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തെ ഇത് യാതൊരു വിധത്തിലും ബാധിക്കുന്നതല്ല. നിലവിൽ പരിശീലനങ്ങളുടെ നടത്തിപ്പിലേയ്ക്കായി റെക്കറിംഗ് ഗ്രാന്റ് എന്ന ശീർഷകത്തിൽ ധനസഹായം ലഭ്യമാകുന്നുണ്ട്.

(സി) പുതിയ വികസന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോതമംഗലത്ത് പുതിയൊരു പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കായി 2020-21, 2021-22 ബഡ്ജറ്റുകളിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിച്ചിട്ടില്ല.

(ഡി) ഗ്രാമീണ ജനങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകിവരുന്ന വികസന പരിശീലന കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

**തണ്ണീർതട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ**

155 (166) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ സംസ്ഥാനത്തുള്ള നിയമ വ്യവസ്ഥ എന്തെല്ലാമാണ്?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5(3), 9 എന്നിവ പ്രകാരം അതത് പ്രാദേശിക സംരക്ഷണ സമിതികളുടെ ശിപാർശയിന്മേൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 4.04 ആർ വിസ്തൃതിയിലും അല്ലെങ്കിൽ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് 2.02 ആർ വിസ്തൃതിയിലും ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, അടിസ്ഥാന നികുതി രജിസ്റ്ററിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ഡാറ്റാബാങ്ക് പ്രകാരം നെൽവയൽ/തണ്ണീർത്തടം ആയി വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ 4.04 ആർ വരെ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിന്, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്, വകുപ്പ് 27(A) പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ല. എന്നാൽ 27(A) പ്രകാരം, സ്വഭാവ വ്യതിയാന അനുമതി നേടി മാത്രം കെട്ടിടം നിർമ്മിക്കാവുന്നതായ ഇത്തരം ഒരു ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിക്ക് മുകളിലാണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ വീതം നിശ്ചയിക്കപ്പെടുന്ന പരിവർത്തന ഫീസിനുപുറമേ അപേക്ഷകൻ അടയ്ക്കേണ്ടതാണ്.

(ബി) ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷ പരിശോധിക്കുന്ന ആർ.ടി.പി./സി.ടി.പി. ഓഫീസുകളിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

&

(സി) ഇത്തരത്തിൽ എത്ര അപേക്ഷകൾ മേൽസൂചിപ്പിച്ച ഓഫീസുകളിൽ നടപടി സ്വീകരിക്കുന്നതിന് കെട്ടിക്കിടപ്പുണ്ട്; വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വാസഗൃഹം നിർമ്മിക്കുന്നതിന് ആർ.ടി.പി./ സി.ടി.പി. ഓഫീസുകളിൽനിന്ന് അനുമതി ആവശ്യമില്ല. അതിനാൽ അത്തരം അപേക്ഷകൾ ടി ഓഫീസുകളിൽ ലഭിക്കാറില്ല.

**തിരുവനന്തപുരം നഗരസഭ മാസ്റ്റർ പ്ലാൻ**

156 (167) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി എന്തെങ്കിലും കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അമൃത് എന്ന കേന്ദ്ര പദ്ധതിയുടെ ഉപപദ്ധതിയായ "Formulation of GIS based Master Plans for AMRUT Cities" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭാ പ്രദേശത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ 75 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. നാല് ഗഡുക്കളായാണ് ഈ തുക നൽകുന്നത്. ഇതുവരെ രണ്ട് ഗഡുക്കളിലായി 45 ലക്ഷം രൂപയും (60% തുക) മൂന്നാം ഗഡുവായി 15 ലക്ഷം രൂപയും (20% തുക) കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മാസ്റ്റർപ്ലാനിന്റെ കരട് നഗരസഭ കൗൺസിൽ ചർച്ച ചെയ്ത് അന്തിമമാക്കേണ്ടതായുണ്ട്.

(ബി) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കാൻ നിലവിലെ മാസ്റ്റർ പ്ലാനിൽ എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോ; എന്തെല്ലാം നിയന്ത്രണങ്ങളാണെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് നിലവിലുള്ള പ്രസിദ്ധീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്മെന്റ് സോൺ, റെസിഡെൻഷ്യൽ സോൺ എന്നീ ഭൂവിനിയോഗങ്ങൾക്കുള്ള നിയന്ത്രണങ്ങൾ Interim Development Order (IDO) അഥവാ ഇടക്കാല വികസന ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്ന 'വികസന നിയന്ത്രണ നിയമങ്ങളിൽ' വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ, തിരുവനന്തപുരം നഗരസഭാ

പ്രദേശത്ത് പ്രാബല്യത്തിലുള്ള മറ്റ് മാസ്റ്റർപ്ലാനുകളായ അംഗീകൃത തിരുവനന്തപുരം മാസ്റ്റർപ്ലാൻ, മാസ്റ്റർപ്ലാൻ ഫോർ കോവളം വിഴിഞ്ഞം ഏരിയ, മാസ്റ്റർപ്ലാൻ ഫോർ മെഡിക്കൽ കോളേജ് ഏരിയ എന്നിവയുടെ പരിധിയിൽ ഉൾപ്പെടുന്ന റെസിഡൻഷ്യൽ സോണിന്റെ നിയന്ത്രണങ്ങൾ അതത് മാസ്റ്റർപ്ലാനുകളുടെ സോണിംഗ് റെഗുലേഷൻസിൽ വ്യക്തമാക്കിയിട്ടുണ്ട്. IDO പ്രകാരമുള്ള വികസന നിയന്ത്രണ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതിക്ക് പല തടസ്സങ്ങളും നേരിടുന്നവർക്കായി IDO (Interim Development Order) പുതുക്കുന്നതിന് തിരുവനന്തപുരം ജില്ല ടൗൺ പ്ലാനർ എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ആയത് കൗൺസിലിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; കൗൺസിലിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

&

(ഡി) തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനർ തയ്യാറാക്കിയ പുതുക്കിയ IDO-ന്റെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പ്രസിദ്ധീകൃത തിരുവനന്തപുരം മാസ്റ്റർപ്ലാനിന്റെ Interim Development Order (IDO) പുതുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തിരുവനന്തപുരം ടൗൺ പ്ലാനർ തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ 24-2-2021-ൽ പ്രാബല്യത്തിൽ വന്ന 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം IDO പുതുക്കാൻ വ്യവസ്ഥയില്ലാത്തതാണ്.

(ഇ) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്മെന്റ് സോണിൽപ്പെട്ട എത്ര കെട്ടിട നിർമ്മാണ അപേക്ഷകൾ നിലവിൽ നഗരസഭയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം നഗരസഭയിൽ ലഭിക്കുന്ന ഹരിത - ആസൂത്രിത വികസന സോണിൽ ഉൾപ്പെടുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ IDO-ലെ നിയന്ത്രണ നിയമങ്ങൾ പാലിക്കുന്നപക്ഷം നിർമ്മാണ അനുമതി നൽകിവരുന്നു. 2020-21 കാലയളവിൽ ഇത്തരത്തിൽ ഏകദേശം 150 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) അമൃത് പദ്ധതിയുടെ കീഴിൽ നഗരസഭയുടെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; മാപ്പ് തയ്യാറാക്കുന്നതിന് കേന്ദ്രസർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത സമയപരിധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അമൃത് പദ്ധതിയുടെ ഒരു ഉപഘടകമായ GIS based Master Plan എല്ലാ അമൃത് നഗരങ്ങളിലും (സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലും) തയ്യാറാക്കുന്നുണ്ട്. ഭൂവിനിയോഗ മാപ്പിംഗ് ഇതിന്റെ ഒരു ഭാഗമാണ്. കരട് മാസ്റ്റർപ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2021 മാർച്ച് 31 വരെയാണ് പദ്ധതിയുടെ സമയ പരിധി. പദ്ധതി കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

## കോവിഡ്-19 ലോക്ഡൗൺ കാലത്തെ വ്യാജ വാറ്റും മദ്യവർജ്ജനവും

157(168) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയും, കുടുംബശ്രീ യൂണിറ്റുകൾ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി. തുടങ്ങിയ വിദ്യാർത്ഥി യുവജന സംഘടനകൾ വഴിയും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലോക പുകയില വിരുദ്ധ ദിനം, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, ഗാന്ധി ജയന്തി തുടങ്ങിയ പ്രധാന ദിനങ്ങളോടനുബന്ധിച്ചും മറ്റ് അവസരങ്ങളിലും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച പരസ്യം നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പ്രസംഗ മത്സരം, പോസ്റ്റർ തയ്യാറാക്കൽ, ട്രോൾ ഇമേജ് തയ്യാറാക്കൽ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചുവരുന്നു. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി

23 വയസ്സായി ഉയർത്തി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. അനധികൃത മദ്യ നിർമ്മാണത്തിന്റെയും മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ളവയുടെയും അനധികൃത വില്പന തടയുന്നതിന് ആവശ്യമായ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മദ്യവർജ്ജനം ലക്ഷ്യമിട്ട് സ്വീകരിച്ചുവരുന്നു. മദ്യവർജ്ജനം ലക്ഷ്യമിട്ട് വിവിധ തലങ്ങളിൽ സമഗ്രമായി വ്യാപകമായ പ്രചരണം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) ലോക്ഡൗൺ കാലത്ത് വ്യാപകമായി വ്യാജചാരായ വാറ്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1112 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 168 |
| 2 | കൊല്ലം | 148 |
| 3 | പത്തനംതിട്ട | 88 |
| 4 | ആലപ്പുഴ | 116 |
| 5 | കോട്ടയം | 70 |
| 6 | ഇടുക്കി | 60 |
| 7 | എറണാകുളം | 50 |
| 8 | തൃശ്ശൂർ | 57 |
| 9 | പാലക്കാട് | 121 |
| 10 | മലപ്പുറം | 68 |
| 11 | കോഴിക്കോട് | 111 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 21 |
| 14 | കാസർഗോഡ് | 25 |
| | ആകെ | 1112 |

## സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റ്

158 (169) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-കർണ്ണാടക അതിർത്തിയായ തോൽപ്പെട്ടിയിൽ സ്ഥിരം എക്സൈസ് ചെക്ക്പോസ്റ്റ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട്-കർണ്ണാടക അതിർത്തിയിലെ തോൽപ്പെട്ടിയിൽ സ്ഥിരം എക്സൈസ് ചെക്ക്പോസ്റ്റ് നിലവിലില്ലെങ്കിലും ഒരു താൽക്കാലിക എക്സൈസ് ചെക്കിംഗ് സംവിധാനം നിലവിലുണ്ട്.

(ബി) നിരവധി എക്സൈസ് കേസ്സുകൾ ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന തോൽപ്പെട്ടിയിൽ അടിയന്തരമായി സ്ഥിരം എക്സൈസ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## തഴക്കരയിലെ എക്സൈസ് കോംപ്ലക്സ്

159 (170) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിലെ എക്സൈസ് ഓഫീസുകൾക്കായി തഴക്കരയിൽ അനുവദിച്ച എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 247.12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത് വ്യാപകം

160 (171) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിന്റെ മറവിൽ കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത് വ്യാപകമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു മാസത്തിനിടെ ഈ വിഷയത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയുടെ മദ്യം പിടിച്ചെടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

2021 മേയ് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ 128 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 4087 ലിറ്റർ അന്യ സംസ്ഥാനത്തിൽ നിന്നുള്ള മദ്യവും 48 ലിറ്റർ ചാരായവും 2385 ലിറ്റർ വാഷും മദ്യം കടത്താൻ ഉപയോഗിച്ച 37 വാഹനങ്ങളും പിടിച്ചെടുത്തിട്ടുമുണ്ട്. പിടിച്ചെടുത്ത അന്യസംസ്ഥാന മദ്യത്തിന് ഉദ്ദേശം 20 ലക്ഷം രൂപ വില വരും.

(സി) ഇത് തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

കാസർഗോഡ് ഡിവിഷനിൽ 2 താലൂക്കുതല സ്ട്രൈക്കിംഗ് ഫോഴ്സും ഒരു ബോർഡർ പട്രോൾ യൂണിറ്റും 24 മണിക്കൂറും പ്രവർത്തിച്ച് അതിർത്തി പ്രദേശങ്ങൾവഴി വരുന്ന വാഹനങ്ങൾ പരിശോധിച്ചും പൊതുജനങ്ങളിൽനിന്നും മറ്റും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഉടൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രയിൻ മാർഗ്ഗം മദ്യം കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് റെയിൽവേ സംരക്ഷണ സേനയുമായി സഹകരിച്ചും തീരദേശ/മലയോര മേഖലകളിൽ പോലീസ് വകുപ്പിന്റെ സഹായത്തോടെയും സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്. ലോക്ഡൗൺ കാലയളവിൽ അടഞ്ഞുകിടക്കുന്ന മദ്യഷാപ്പുകളുടെ പരിസരത്ത് പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു.

## ലോക്ഡൗൺമൂലം സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന് ഉണ്ടായ നഷ്ടം

161 (172) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺമൂലം സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ മദ്യശാലകൾ അടച്ചതുമൂലം കോർപ്പറേഷന് ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കിലെടുത്തിട്ടുണ്ടോ?

2019-20 കാലയളവിലെ ഇതേ മാസത്തെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ എകദേശം 1,700 കോടി രൂപയുടെ വിൽപ്പന നഷ്ടം ഉള്ളതായി കാണുന്നു.

(ബി) പ്രസ്തുത നഷ്ടം നികത്താൻ ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നവർക്ക് വീടുകളിൽ മദ്യം എത്തിച്ചുനൽകുന്നതിന് ബെവ്കോ തീരുമാനിച്ചിട്ടുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

## ബാറുകളുടെ എഫ്.എൽ.3 ലൈസൻസ്

162 (173) ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 നവംബർ 1 മുതൽ മുൻ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ സംസ്ഥാനത്ത് പുതുതായി എത്ര ബാറുകൾക്ക് എഫ്.എൽ.3 ലൈസൻസ് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

2020 നവംബർ 1 മുതൽ മുൻ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ സംസ്ഥാനത്ത് പുതുതായി 25 ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് അനുവദിച്ചു.

(ബി) ആർക്കൊക്കെയാണ് പ്രസ്തുത ലൈസൻസ് അനുവദിച്ചത് എന്നതിന്റെ വിശദാംശം നൽകുമോ?

ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കള്ള്ചെത്ത് മേഖലയിലെ പ്രതിസന്ധി

163 (174) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-ലോക്ഡൗൺ കാഘട്ടത്തിൽ കള്ള്ചെത്ത് മേഖലയിലുണ്ടായ പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലോക്ഡൗൺ കാലഘട്ടത്തിൽ കള്ള് ചെത്തി ഒഴുക്കികളയുന്നത് നിമിത്തം ഉണ്ടാകുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ ഏർപ്പെടുത്തിയതിനെത്തുടർന്ന് 29-5-2021-ലെ G.O(Rt)No.444/2021/DMD പ്രകാരം കോവിഡ് മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി കള്ളുഷാപ്പുകൾ തുറന്നുപ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കള്ള് ചെത്തി ഒഴുക്കിക്കളയുന്നതുമൂലം ഉണ്ടാകുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അമരവിളയിൽ എക്സൈസ് കോംപ്ലക്സ്

164 (175) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അമരവിളയിൽ എക്സൈസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുവേണ്ടി 2020-21-ലെ സംസ്ഥാന ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2020-21 സാമ്പത്തിക വർഷത്തെ വർക്സ് ബഡ്ജറ്റ് വാല്യം II-ൽ ക്രമനമ്പർ 432 ആയി അടങ്കൽ തുക 2 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തെ വിഹിതമായി 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 2 കോടി രൂപയുടെ ഭരണാനുമതിക്കായി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

## കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

165 (176) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടപ്പിലാക്കി വന്നിരുന്ന "കാൻസർ കെയർ ഫോർ ലൈഫ്" പദ്ധതി 2014 ആഗസ്റ്റിൽ നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ആർ.സി.സി.-യിൽ കാൻസർ കെയർ ഫോർ ലൈഫ് എന്ന പേരിൽ ഇൻഷ്വറൻസ് മാതൃകയിൽ സൗജന്യ ചികിത്സാ പദ്ധതി 1986 മുതൽ 1991 വരെയും 1992 മുതൽ 1997 വരെയും 1997 മുതൽ 2014 വരെയും മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കിയത്. ആദ്യത്തെ രണ്ട് പദ്ധതികളിലും പ്രീമിയം തുക വളരെ കുറവായതുമൂലവും പരിധിയില്ലാത്ത ചികിത്സാ ചെലവുമൂലവും ആർ.സി.സി-ക്ക് നഷ്ടം നേരിട്ടു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യ രണ്ട് ഘട്ടങ്ങളിൽനിന്ന് വ്യത്യസ്തമായാണ് മൂന്നാം ഘട്ടം ആവിഷ്കരിച്ചത്. 500 രൂപ മുഖവിലയും 100 ഇരട്ടി കവറേജുമുള്ള യൂണിറ്റ് ആയാണ് പദ്ധതി നടപ്പാക്കിയത്. ചികിത്സാ ചെലവിലുള്ള വർദ്ധനമൂലം കവറേജ് തുക ചികിത്സാ ചെലവിന് തികയാതായതിനാൽ പദ്ധതി അനാകർഷകമായി. ആയതിനാൽ കൂടുതൽ ആകർഷകമായ രീതിയിൽ പുനരാവിഷ്കരിക്കുന്നതിനുവേണ്ടി ആർ.സി.സി. ഗവേണിംഗ് ബോഡിയുടെ അനുമതിയോടെ പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായത്.

(ബി) ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമായിരുന്ന പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

&

(സി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വിശദീകരിക്കുമോ?

ആകർഷകമായ രീതിയിൽ പദ്ധതി പുനരാവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനം

166 (177) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുള്ള പദ്ധതികൾ വിശദമാക്കുമോ?

1. ഒ.പി. കാഷ്വൽറ്റി ബ്ലോക്ക് - സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 350 ലക്ഷം രൂപ ചെലവിട്ട് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

2. ഒഫ്ത്താൽമിക് തിയേറ്റർ - സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 55 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. ആയതിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ നടക്കാനുണ്ട്.

3. മെറ്റേണിറ്റി ബ്ലോക്ക് - സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 350 ലക്ഷം രൂപ അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാകുകയും ചെയ്തു. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

4. ഡയാലിസിസ് യൂണിറ്റ് - സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 450 ലക്ഷം രൂപ അനുവദിക്കുകയും സിവിൽ പ്രവൃത്തികൾ പൂർത്തിയാകുകയും ചെയ്തു. ഇലക്ട്രിഫിക്കേഷൻ ജോലികൾ നടക്കാനുണ്ട്.

**ആർദ്രം പദ്ധതി**

167 (178) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 836 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 1830 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 170, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 340, ലാബ് ടെക്നീഷ്യൻ - 170, ഫാർമസിസ്റ്റ് - 150 എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 400, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 200 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളത്?

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന 13 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്:

1. ചെറുതാഴം പ്രാഥമികാരോഗ്യകേന്ദ്രം
2. കടന്നപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രം
3. കല്ല്യാശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം
4. ചെറുകുന്ന് (തറ) പ്രാഥമികാരോഗ്യകേന്ദ്രം
5. കുഞ്ഞിമംഗലം പ്രാഥമികാരോഗ്യകേന്ദ്രം
6. മാട്ടൂൽ പ്രാഥമികാരോഗ്യകേന്ദ്രം,
7. പട്ടുവം പ്രാഥമികാരോഗ്യകേന്ദ്രം
8. കണ്ണപുരം പ്രാഥമികാരോഗ്യകേന്ദ്രം

9. ചെറുകുന്ന് (പുന്നച്ചേരി) പ്രാഥമികാരോഗ്യകേന്ദ്രം

10. ആലക്കാട് പ്രാഥമികാരോഗ്യകേന്ദ്രം

11. ഏഴോം പ്രാഥമികാരോഗ്യകേന്ദ്രം

12. മുട്ടം പ്രാഥമികാരോഗ്യകേന്ദ്രം

13. പുതിയങ്ങാടി ഫിഷറീസ് പ്രാഥമികാരോഗ്യകേന്ദ്രം.

ആയതിൽ 7 സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ - ചെറുതാഴം, കടന്നപ്പള്ളി, കല്ല്യാശ്ശേരി, ചെറുകുന്ന് (തറ), കുഞ്ഞിമംഗലം, മാട്ടൂൽ, പട്ടുവം എന്നിവയാണവ.

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ചെറുതാഴം, കല്ല്യാശ്ശേരി, ചെറുകുന്ന് (തറ), മാട്ടൂൽ, പട്ടുവം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

## പേരാവൂർ താലൂക്ക് ആശുപത്രി

168 (179) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവർത്തനോദ്ഘാടനം നടത്തിയ പേരാവൂർ താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പേരാവൂർ താലൂക്കാശുപത്രിയുടെ വികസനം കിഫ്ബിയിൽപ്പെടുത്തി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് എന്ന സ്ഥാപനം പ്രവൃത്തി ടെണ്ടർ ചെയ്ത് MAPS GLOBAL എന്ന കമ്പനിക്ക് നൽകി എഗ്രിമെന്റ് വച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ റദ്ദായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ?

നിർമ്മാണ പ്രവൃത്തിയുടെ കരാർ താൽക്കാലികമായി റദ്ദ് ചെയ്തിരിക്കുകയാണ്. പേരാവൂർ താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനത്തിന് നിയമിച്ചിരുന്ന വാപ്കോസ് ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് കിഫ്ബിയും ആരോഗ്യ കുടുംബക്ഷേമ വകുപ്പും തമ്മിൽ ഒപ്പുവച്ച എഗ്രിമെന്റിലെ വ്യവസ്ഥകൾ അനുസരിച്ചല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കിഫ്ബി പ്രസ്തുത വർക്ക് താൽക്കാലികമായി നിർത്തിവയ്ക്കുകയും കരാർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രൊപ്പോസൽ പുനഃസമർപ്പിക്കാൻ കിഫ്ബിയിൽ നിന്നും സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാനൂരിലെ താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം

169 (180) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിയതുമായി ബന്ധപ്പെട്ട നടപടികൾ എവിടെവരെയെത്തിയെന്ന് വിശദീകരിക്കുമോ?

16-11-2015-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 261/2015/ആ.കു.വ പ്രകാരം പാനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ കാഷ്വൽറ്റി യൂണിറ്റുള്ള താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് 4 കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. ആശുപത്രിയിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നുണ്ട്.

(ബി) താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം പണിയുന്ന നടപടികൾ എവിടെവരെയെത്തിയെന്ന് വ്യക്തമാക്കുമോ?

പാനൂർ താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 24-12-2020-ലെ ജി.ഒ.(ആർ.ടി.)നമ്പർ 2387/2020/ആ.കു.വ. ഉത്തരവ് പ്രകാരം 93,20,49,289 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മതിയായ സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരികയാണ്.

(സി) നിലവിലെ ആശുപത്രിയിൽ സ്ഥലപരിമിതി കാരണം രോഗികളും ജീവനക്കാരും ഏറെ പ്രയാസങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ?

നിലവിൽ ആശുപത്രി സ്ഥിതി ചെയ്യുന്നത് 96 സെന്റ് സ്ഥലത്താണ്. സ്ഥലപരിമിതിമൂലം രോഗികളും ജീവനക്കാരും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ടി സാഹചര്യത്തിൽ 2-3-2020-ലെ സ.ഉ.(സാധാ) നമ്പർ 469/2020/ ആ.കു.വ. ഉത്തരവ് പ്രകാരം പാന്തൂർ വില്ലേജിലെ റീസർവ്വേ നമ്പർ 128/1, 128/2 എ, 128/2 ബി എന്നിവയിൽപ്പെട്ട 78.7 ആർസ് ഭൂമി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇതുപ്രകാരം ടി സ്ഥലം ഏറ്റെടുക്കുന്നതിന് 5-8-2020-ലെ സ.ഉ.(സാധാ)നമ്പർ 2517/ 2020/ആർ.ഡി. ഉത്തരവ് പ്രകാരം അനുമതി നൽകി സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പത്തോളജി ലാബ്**

170 (181) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-കാലയളവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പത്തോളജി ലാബിനുവേണ്ടി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗത്തിന് 1.50 കോടി രൂപ അഡ്വാൻസ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗം പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(സി) പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗത്തിന് നൽകിയ തുക, കൈമാറിയ വർഷം എന്നിവ അറിയിക്കുമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പത്തോളജി ലാബിനുവേണ്ടി 6-12-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4064/2013/ആ.കു.വ പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് (ബിൽഡിംഗ്) വിഭാഗത്തിന് അഡ്വാൻസ് തുക നൽകിയിട്ടില്ല.

## സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റ്

171 (182) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിലേയ്ക്ക് ആവശ്യമായ ഓക്സിജൻ നൽകുന്നതിനായുള്ള സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റിന്റെ പ്രവൃത്തി കെ.എം.എസ്.സി.എൽ. പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും ഓക്സിജൻ ലഭ്യതയ്ക്കായി സെൻട്രലൈസ്ഡ് ഗ്യാസ് സിസ്റ്റം സ്ഥാപിക്കുന്നതിനും വാർഷിക പദ്ധതിയിൽ "സ്ട്രെങ്ത്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ" എന്ന പദ്ധതിയിൽപ്പെടുത്തി അനുമതി നൽകിയിരുന്നു. അതിൻപ്രകാരം ആവശ്യമായ എല്ലാ ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന വാങ്ങി നൽകുകയും ഓക്സിജൻ പ്ലാന്റിന് ആവശ്യമായ ഓക്സിജൻ മാനിഫോൾഡ് റൂം ഉപകരണങ്ങൾ കൂടാതെ ട്രോമാകെയർ റൂമിൽ ഓക്സിജൻ വിതരണത്തിന് ആവശ്യമായ പൈപ്പ്ലൈൻ വർക്ക് എന്നിവയ്ക്കായി ലഭ്യമാക്കിയ തുകയിൽ 25,00,000(ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ കെ.എം.എസ്.സി.എൽ.-ന് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഓക്സിജൻ ജനറേഷൻ റൂമും ട്രോമാകെയർ റൂമും തമ്മിൽ ബന്ധിപ്പിക്കുന്നതിനാവശ്യമായ പൈപ്പ്ലൈനും മാനിഫോൾഡ് റൂമിൽ ആവശ്യമുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ പണം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വർക്കും നടത്താൻ സാധിച്ചിരുന്നില്ല. ആയത് സംബന്ധിച്ച വർക്കിന്റെ എസ്റ്റിമേറ്റ് വിതരണക്കാരൻ വഴി എടുത്ത് പണം ലഭ്യമാക്കുന്നതിനുള്ള ഇൻവോയ്സ് 22-1-2021-ന് നൽകിയിരുന്നു. ട്രോമാകെയർ സെന്ററിലേയ്ക്കുള്ള പൈപ്പ്ലൈൻ റോഡ് ക്രോസ്ചെയ്തുകൊണ്ട് സ്ഥാപിക്കാൻ ആവശ്യമായ അനുമതി ഉത്തരവ് 28-4-2021-നാണ് ലഭ്യമായത്. മെഡിക്കൽ ഓക്സിജൻ പ്ലാന്റ് വിതരണക്കാരുമായുള്ള റണ്ണിംഗ് കോൺട്രാക്ട് കഴിഞ്ഞതിനാൽ പുതിയ ദർഘാസ് ക്ഷണിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സാഹചര്യത്തിലാണ് സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ താമസമുണ്ടായത്.

(ബി) ഓക്സിജൻ പ്ലാന്റിന്റെ പ്രവൃത്തികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സെൻട്രലൈസ്ഡ് ഓക്സിജൻ പ്ലാന്റിന്റെ അവസാന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം ബ്ലോക്ക് പി.എച്ച്.സി.-യിലെ ഒഴിവുകൾ

172 (183) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട്ടൂരിൽ പ്രവർത്തിക്കുന്ന മലപ്പുറം ബ്ലോക്ക് പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) കോവിഡ് പശ്ചാത്തലത്തിൽ ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്ത് അടിയന്തരമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം പൂക്കോട്ടൂർ പി.എച്ച്.സി.-യെ ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നിലവിലുള്ള ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പി.എച്ച്.സി.-യിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ നിലവിലുള്ള എല്ലാ ഒഴിവുകളും മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് I-ന്റെ 3 ഒഴിവുകളുണ്ട്. ആയത് സ്ഥാനക്കയറ്റം വഴി നികത്തുന്നതാണ്. ക്ലാർക്കിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള എച്ച്.എ. ഗ്രേഡ്-II-ന്റെ ഒഴിവ് മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസർ മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നികത്തുന്നതാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II തസ്തികയിൽ ഒരു ഒഴിവുണ്ട്. നിലവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II പി.എസ്.സി. റാങ്ക് പട്ടികയില്ലാത്തതിനാൽ ജില്ലയിലെ ഒഴിവുകളിലേയ്ക്ക് ആഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

173(184) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ എത്ര പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്; ഇവയിൽ ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടുള്ളത്?

ബാലുശ്ശേരി മണ്ഡലത്തിൽനിന്നും ആർദ്രം ഒന്നാംഘട്ടത്തിൽ കോട്ടൂർ പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിരുന്നു. രണ്ടാം ഘട്ടത്തിൽ കായണ്ണ, നടുവണ്ണൂർ, പനങ്ങാട്, എരമംഗലം, അത്തോളി എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുത്തു. മൂന്നാംഘട്ടത്തിൽ കക്കയം, വയലട, മങ്ങാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്തിരുന്നു. ഇതിൽ നടുവണ്ണൂർ, കോട്ടൂർ, കായണ്ണ, പനങ്ങാട്, അത്തോളി എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എരമംഗലം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേനയുള്ള നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഴിയുള്ള നവീകരണ പ്രവൃത്തികൾ നടന്നുവരികയാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ പുതുതായി പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പ്രത്യേക പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ?

ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാം ഘട്ടത്തിൽ കക്കയം, വയലട, മങ്ങാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ദേശീയ ആരോഗ്യദൗത്യം മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(സി) കക്കയം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കക്കയം പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കെട്ടിടം കെ.എസ്.ഇ.ബി.-യുടെ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ കെ.എസ്.ഇ.ബി.-യുടെ സ്ഥലം ആരോഗ്യ വകുപ്പിന് അനുവദിച്ചുതരുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനുവേണ്ടി കോഴിക്കോട് കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ആരോഗ്യ വകുപ്പിന് അനുവദിക്കുന്ന മുറയ്ക്ക് നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി വികസനം

174(185) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനത്തിനുവേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ?

അംഗീകരിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 40 ലക്ഷം രൂപ അനുവദിക്കുകയും അതനുസരിച്ച് പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെയും ജില്ലാ മെഡിക്കൽ ഓഫീസിലെയും ഫയലിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

&

(ഡി) ദേശീയപാതയിലുള്ള പ്രസ്തുത ആശുപത്രിയുടെ വികസനം അടിയന്തരമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും 29-1-2021-ലെ സി1/18538/2020 നമ്പർ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ ഭരണാനുമതിക്കായി 8-2-2021-ലെ പി.എൽ.എ 2/73420/2020/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പുസാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്.

## ഇരിക്കൂർ ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം

175(186) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷം താലൂക്ക് ആശുപത്രിയായി ഉയർത്തിയ ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയിൽ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കാനും മറ്റ് അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും നടപടികൾ സ്വീകരിക്കുമോ?

16-11-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 261/2015/ആകുവ പ്രകാരം സാമൂഹികാരോഗ്യകേന്ദ്രത്തെ കാഷ്വൽറ്റി യൂണിറ്റുള്ള താലൂക്കാശുപത്രിയായി പ്രവർത്തിക്കുന്നതിനായി 4 കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ചിരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി കൂടുതൽ തസ്തികകൾ ടി ആശുപത്രിയിൽ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) നബാർഡിൽ നിന്നുള്ള ധനസഹായത്തോടെ ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിക്ക് കെട്ടിടം പണിയാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഇരിക്കൂർ ആശുപത്രിയിൽ നബാർഡ് RIDF-XXVI പ്രോജക്ട് പ്രകാരം നിർമ്മിക്കുന്ന കെട്ടിടത്തിന് നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് സൈറ്റ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഫൗണ്ടേഷൻ - ഡിസൈനിംഗിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണം

176 (187) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണത്തിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചുവെങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ?

ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണത്തിന് കിഫ്ബി വഴി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഒ.പി., കാഷ്വൽറ്റി, ഡയഗ്നോസ്റ്റിക്സ് എന്നിവയുടെ ശാക്തീകരണത്തിന് 12.32 കോടി രൂപ.

2. ഡയാലിസിസ് യൂണിറ്റിന് - 1.567 കോടി രൂപ.

(ബി) ഏത് വിഭാഗത്തിലാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും വെളിപ്പെടുത്തുമോ?

ഒ.പി, കാഷ്വൽറ്റി, ഡയഗ്നോസ്റ്റിക്സ് നവീകരണത്തിന് കിഫ്ബി മുഖേനെയാണ് തുക അനുവദിച്ചിട്ടുള്ളത്. എച്ച്.എൽ.എൽ. ഇൻഫ്രാടെക് സർവീസസ് (ഹൈറ്റ്സ്) എന്ന ഏജൻസിയെയാണ് നിർവ്വഹണത്തിനായി ഏൽപ്പിച്ചിട്ടുള്ളത്.

(സി) നവീകരണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

പദ്ധതിക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി 26-2-2021-ന് ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

**മണലൂർ മണ്ഡലത്തിലെ ഹോമിയോ ആശുപത്രികൾ**

177 (188) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

മണലൂർ നിയോജകമണ്ഡലത്തിൽ ചൂണ്ടൽ, വാടാനപ്പള്ളി പഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്തത്.

(ബി) ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ആരോഗ്യവകുപ്പ് മുൻപ് സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

കേരളത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത 42 പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 28-2-2018-ലെ സ.ഉ.(കൈ)നമ്പർ 3/2018/ആയുഷ് പ്രകാരം 10 ഡിസ്പെൻസറികൾ ആരംഭിക്കുകയും പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. ബാക്കിയുള്ള 32 പഞ്ചായത്തുകളിൽക്കൂടി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മറ്റ് പഞ്ചായത്തുകളിൽ ഹോമിയോ മരുന്ന് സൗജന്യമായി വിതരണം ചെയ്യുമ്പോൾ ഈ പഞ്ചായത്തുകളിൽ മരുന്ന് നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ഹോമിയോ ആശുപത്രികൾ/ ഡിസ്പെൻസറികൾ മുഖേന മരുന്ന് വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കേരളത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യം പ്രാപ്തമാക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും ഡിസ്പെൻസറികൾ ആരംഭിക്കേണ്ടതുണ്ടെങ്കിലും അടിയന്തരമായി അവ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സ്റ്റാഫ് നഴ്സിന്റെ മരണം

178 (189) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യത്തിനുകീഴിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്തിരുന്ന രമ്യ ജോലിക്കിടെ കോവിഡ് പോസിറ്റീവായി കുഴഞ്ഞുവീണ് മരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡ്യൂട്ടിക്കിടയിൽ മരണപ്പെട്ട നഴ്സ് രമ്യയുടെ ആശ്രിതർക്ക് ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും സഹായം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പരേതയുടെ ആശ്രിതർക്ക് പ്രധാൻ മന്ത്രി ഗരിബ് കല്യാൺ പാക്കേജിന്റെ കീഴിൽ അർഹതപ്പെട്ട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനുള്ള എല്ലാ നടപടികളും ത്വരിതഗതിയിൽ ദേശീയ ആരോഗ്യ ദൗത്യം (NHM) സ്വീകരിക്കുന്നതാണ്.

## പട്ടാമ്പി താലൂക്ക് ആശുപത്രി വികസനം

179 (190) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 2020-21 ബഡ്ജറ്റിൽ സിവിൽ വർക്ക്സ് ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന് അടങ്കൽ തുകയായി 900 ലക്ഷം രൂപയും ടോക്കൺ പ്രൊവിഷനായി 100 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

&

(സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കാനുണ്ട്. ആയത് ലഭ്യമായതിനുശേഷം മാത്രമേ പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

## ആരോഗ്യകേന്ദ്രങ്ങളിലെ അംഗീകൃത സ്റ്റാഫ് പാറ്റേൺ

180 (191) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ പി.എച്ച്.സി./സി.എച്ച്.സി./ എഫ്.എച്ച്.സി.-കളിൽ നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ, ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കുമോ?

പിറവം നിയോജകമണ്ഡലത്തിലെ പി.എച്ച്സി./സി.എച്ച്.സി./ എഫ്.എച്ച്.സി.-കളിൽ നിലവിലുള്ള സ്റ്റാഫ് സ്ട്രെംഗ്ത് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) അനുവദനീയ അംഗബലത്തിനും താഴെ മെഡിക്കൽ ഓഫീസർമാരുള്ള ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

പിറവം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി പ്രവർത്തിച്ചുവരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ അരക്കുന്നം, തിരുമാറാടി എന്നീ സ്ഥാപനങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ രണ്ട് വീതം തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ മാനദണ്ഡത്തിൽ മെഡിക്കൽ ഓഫീസർമാരുടെ മൂന്ന് തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. സാമൂഹികാരോഗ്യ കേന്ദ്രത്തിലും മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 1961-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള മെഡിക്കൽ ഓഫീസർമാരുടെ തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒർക്കാട്ടേരി സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുന്നതിന് നടപടി

181 (192) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒർക്കാട്ടേരി പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ടെങ്കിലും ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും പഴയതുതന്നെയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത ആശുപത്രിക്കായി അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

നിലവിൽ ഒർക്കാട്ടേരി സി.എച്ച്.സി.-യിൽ സിവിൽ സർജൻ-2-ഉം അസിസ്റ്റന്റ് സർജൻ-2-ഉം ഉൾപ്പെടെ ഡോക്ടർമാരുടെ 4 തസ്തികകളുണ്ട്. സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകളും ലാബ് ടെക്നീഷ്യന്റെയും ഫാർമസിസ്റ്റിന്റെയും ഓരോ തസ്തികകളും നിലവിലുണ്ട്. പ്രസ്തുത ആശുപത്രിയിലെ തസ്തികകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിച്ച് ഐ.പി. ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

5.30 കോടി രൂപയുടെ നബാർഡ് ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണിയുന്നതിന്റെ ഭാഗമായി നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. നിലവിൽ ഒബ്സർവേഷൻ വാർഡ് മാത്രമാണുള്ളത്. അതിന്റെ ഒരു ഭാഗത്ത് പാലിയേറ്റീവ് വിഭാഗം നടത്തി വരുന്നു. മുൻപ് ഒ.പി. പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ചുമാറ്റിയത് കാരണം വാർഡിനായി നിർമ്മിച്ച സ്ഥലത്താണ് പബ്ലിക് ഹെൽത്ത് വിഭാഗവും ഒ.പി.-യും നടത്തിവരുന്നത്. നിലവിൽ കിടത്തി ചികിത്സ നൽകാൻ സ്ഥല പരിമിതിയുണ്ട്.

## വിളയൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി

182 (193) ശ്രീ. മുഹമ്മദ് മുസഹസിൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളയൂർ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിളയൂർ പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

&

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ആവശ്യം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരളത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത 42 പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 28-2-2018-ലെ സ.ഉ.(കൈ)നമ്പർ 3/2018/ആയുഷ് പ്രകാരം 10 ഡിസ്പെൻസറികൾ ആരംഭിക്കുകയും പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. ബാക്കിയുള്ള 32 പഞ്ചായത്തുകളിൽകൂടി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിളയൂർ പഞ്ചായത്ത് പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**കായംകുളം താലൂക്കാശുപത്രിയുടെ വികസനം**

183(194) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കിഫ്ബി വഴി അംഗീകാരം ലഭിച്ച പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം, അത്യാധുനിക ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചറുകൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് കിഫ്ബി 45.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന് എഗ്രിമെന്റുവച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് (കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡ് ഉൾപ്പെടെ) സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കുമോ?

ഐ.പി. ബ്ലോക്ക് ഉൾപ്പെട്ട ബഹുനില കെട്ടിടനിർമ്മാണം, അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ, അത്യാധുനിക ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ സ്ഥലത്ത് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടങ്ങൾ

പൊളിച്ചുമാറ്റുന്നതിന് സമർപ്പിച്ച സർവ്വേ റിപ്പോർട്ടിന്മേൽ ഡിസ്മാന്റ്‌ലിംഗ് എസ്റ്റിമേറ്റിന്മേലുള്ള അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള പേവാർഡ് കെട്ടിടം പൊളിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നകാര്യം പരിഗണിക്കുകയോ മാസ്റ്റർ പ്ലാനിൽ പേവാർഡിന് കെട്ടിട സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർ നടപടികൾ നടന്നുവരുന്നു.

## മാവേലിക്കര ജില്ലാ ആശുപത്രിയിലെ കിഫ്ബി പദ്ധതി

184 (195) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനും അനുബന്ധ സംവിധാനങ്ങൾക്കുമായി സർക്കാർ 126.55 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി 102.79 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. 20-1-2021-ലെ സ.ഉ.(സാധാ) നമ്പർ 179/2021/ആ.കു.വ. പ്രകാരം 79.44 കോടി രൂപയുടെ പദ്ധതിയുടെ ടെണ്ടറിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമന വകുപ്പ് എന്നിവയുടെ അനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ട്. ബഹുനില കെട്ടിടത്തിന്റെ നിർദ്ദിഷ്ട സ്ഥലത്തും പാർക്കിംഗ് ഏരിയയിലുമായി സ്ഥിതിചെയ്യുന്ന 15 കെട്ടിടങ്ങൾ നിർദ്ധാരിത മൂല്യം 8,41,338 രൂപയിൽ കുറയാതെ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 11 കെട്ടിടങ്ങൾക്ക് 10,67,533 രൂപയ്ക്ക് ലേലം സ്വീകരിച്ചു. അതിൽ 8 കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ബാക്കി 3 കെട്ടിടങ്ങൾ ലോക്ക്ഡൗണിനുശേഷം പൊളിച്ചുമാറ്റുന്നതാണ്. പാർക്കിംഗ് ഏരിയയിലുള്ള 4 കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള ലേല നടപടികൾ ബഹുനില കെട്ടിട നിർമ്മാണത്തിനുശേഷം ആരംഭിക്കും. കെട്ടിട നിർമ്മാണത്തിന് മുന്നോടിയായുള്ള ടെസ്റ്റ് പൈലിംഗിനായി സ്ഥലം കൈമാറി ടെസ്റ്റ് പൈലിംഗിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പേരാമ്പ്ര താലൂക്ക് ആശുപത്രി വികസനം

185 (196) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഏതൊക്കെ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിലവിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

1. ജനറൽ വിഭാഗം
2. കാഷ്വൽറ്റി വിഭാഗം
3. മെഡിസിൻ വിഭാഗം
4. ഗൈനക്കോളജി
5. ഇ.എൻ.ടി
6. ഒഫ്ത്താൽമോളജി
7. ഡെന്റൽ
8. എൻ.സി.ഡി.
9. ഫാർമസി
10. കാരുണ്യ ഫാർമസി
11. ലബോറട്ടറി
12. എക്സ്റേ
13. ഡയാലിസിസ്
14. പെയിൻ & പാലിയേറ്റീവ്
15. പെയിൻ & പാലിയേറ്റീവ് സെക്കൻഡറി വിഭാഗം
16. ഫിസിയോതെറാപ്പി
17. കൗൺസിലിംഗ്

18. ആർ.എസ്.ബി.വൈ.

19. ആർ.ബി.എസ്.കെ.

20. പൊതുജനാരോഗ്യം.

(ബി) മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളിലായി പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ടെന്നും ഇത് താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണോയെന്നും വ്യക്തമാക്കുമോ?

ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് ഇവിടെ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് പുതിയ കെട്ടിട നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 77,43,70,211 രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നു. ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ഡി) പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണെന്ന് വിശദമാക്കുമോ?

പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് പുതിയ കെട്ടിട നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 77,43,70,211 രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നു. ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ആശുപത്രിയുടെ വികസനം നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണെന്നും പ്രസ്തുത ഏജൻസി ഇതുവരെയായി എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

INKEL-നെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ അപ്രൂവൽ ചെയ്യുന്നതുവരെയുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) ആശുപത്രി വികസനം നടപ്പാക്കുന്നതിന് പ്രസ്തുത ഏജൻസിക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

ആശുപത്രി വികസനം നടപ്പാക്കുന്നതിന് പ്രസ്തുത ഏജൻസിക്ക് സമയപരിധി നിശ്ചയിച്ചിട്ടില്ല.

### മുക്കം സി.എച്ച്.സി. മാതൃകാ ആശുപത്രിയാക്കുന്നതിനുള്ള നടപടി

186 (197) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ തസ്തികകൾ സൃഷ്ടിച്ചും മുക്കം സി.എച്ച്.സി. മാതൃകാ ആശുപത്രിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

&

(ബി) ഇതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബ്ലോക്കുതല സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ മുക്കം സാമൂഹികാരോഗ്യകേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്.

### കുട്ടനാടിലെ പ്രാഥമിക സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ

187 (198) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ പ്രാഥമിക സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഘട്ടം ഘട്ടമായി വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ആർദ്രം ഒന്നാംഘട്ടം

1. കുടുംബാരോഗ്യകേന്ദ്രം തലവടി: ആർദ്രം പദ്ധതി പ്രകാരം പണികഴിപ്പിക്കേണ്ട കെട്ടിടത്തിനായി ആശുപത്രിയുടെ പേരിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി വിഭാവനം ചെയ്യുന്നതാണ്. കെട്ടിട നിർമ്മാണത്തിനായി എൻ.എച്ച്.എം. മുഖേന തുക അനുവദിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ: അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നിഷ്യൻ-1.

2. പ്രാഥമികാരോഗ്യകേന്ദ്രം, നീലംപേരൂർ: നാഷണൽ ഹെൽത്ത് മിഷൻ മുഖേന കെട്ടിടത്തിന്റെ പണിക്കുള്ള തുക അനുവദിച്ചിട്ടുള്ളതാകുന്നു. എന്നാൽ വെള്ളപ്പൊക്കബാധിതമായ പ്രദേശത്തുള്ള ആശുപത്രിയായതിനാൽ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ: ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1.

ആർദ്രം രണ്ടാംഘട്ടം

1. കുടുംബാരോഗ്യകേന്ദ്രം, വീയപുരം: ആർദ്രം പദ്ധതി പ്രകാരം കെട്ടിടം പണി പൂർത്തീകരിച്ച് 2-9-2019-ന് ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് ആശുപത്രി പൂർണ്ണസജ്ജമായി പ്രവർത്തിച്ചുവരുന്നു.

ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ: ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ-1.

2. കുടുംബാരോഗ്യകേന്ദ്രം, രാമങ്കരി: ആർദ്രം പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കി 17-02-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുടുംബാരോഗ്യകേന്ദ്രമായി ഉദ്ഘാടനം നടത്തിയിട്ടുള്ളതാകുന്നു. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1.

3. പ്രാഥമികാരോഗ്യകേന്ദ്രം, കാവാലം: പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട കെട്ടിടത്തിന്റെ വർക്കിന്റെ റീ ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ. ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1.

4. പ്രാഥമികാരോഗ്യകേന്ദ്രം, കപ്പപ്പുറം: എൻ.എച്ച്.എം. മുഖേന കെട്ടിട നിർമ്മാണത്തിനുള്ള തുക അനുവദിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതി പ്രകാരം അധികമായി അനുവദിച്ച തസ്തികകൾ: ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1.

ആർദ്രം മൂന്നാം ഘട്ടം

1. പ്രാഥമികാരോഗ്യകേന്ദ്രം, മുട്ടാർ: എൻ.എച്ച്.എം. വഴി 15.50 ലക്ഷം രൂപയുടെ കെട്ടിടം നിർമ്മാണത്തിനുള്ള ഡി.പി.ആർ. നടപടി പുരോഗമിക്കുന്നു.

2. സാമൂഹികാരോഗ്യകേന്ദ്രം, വെളിയനാട്: വെളിയനാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

3. സാമൂഹികാരോഗ്യകേന്ദ്രം, ചമ്പക്കുളം: ചമ്പക്കുളം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

4. സാമൂഹികാരോഗ്യകേന്ദ്രം, ചെമ്പുംപുറം: ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ആശുപത്രി വികസനം നടത്തിവരുന്നു.

5. സാമൂഹികാരോഗ്യകേന്ദ്രം, എടത്വ: ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ആശുപത്രി വികസനം നടപ്പിലാക്കിവരുന്നു. കെട്ടിട നിർമ്മാണത്തിന്റെ 30% പണി പൂർത്തീകരിച്ചു.

(ബി) കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരും മരുന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിൽ അധിക തസ്തിക അനുവദിച്ചിട്ടുള്ളതാകുന്നു. കുട്ടനാട്ടിലെ എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ നൽകിവരുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് മുഖാന്തരം ഡയാലിസിസ് രോഗികൾക്കും അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്കും മരുന്ന് വാങ്ങുന്നത് ഉൾപ്പെടെയുള്ള ചികിത്സാ സഹായങ്ങൾ നൽകിവരുന്നു. കുട്ടനാട്ടിലെ ആരോഗ്യകേന്ദ്രങ്ങളിൽ മതിയായ രീതിയിൽ മരുന്ന് ഉണ്ടെന്നുള്ള വസ്തുതയും അറിയിക്കുന്നു.

(സി) പൊതു ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജീവനക്കാർക്ക് നല്ല ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമാക്കിയാൽ കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ ജീവനക്കാർക്ക് ജോലിക്ക് എത്താൻ സൗകര്യമായിരിക്കും എന്നതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## വടകര ആശുപത്രിയിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

188 (199) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ഗവൺമെന്റ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെങ്കിലും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ആശുപത്രി വീർപ്പുമുട്ടുകയാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലാ ആശുപത്രിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിക്കായി പുതുതായി പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ULCCS-ന്റെ മേൽനോട്ടത്തിൽ 13.70 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. 4 നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ അനുമതി കിട്ടിക്കഴിഞ്ഞാൽ ടി പ്രവൃത്തി ആരംഭിക്കാൻ സാധിക്കും.

(സി) ആശുപത്രിയിൽ എത്തുന്ന അവശരായ രോഗികൾക്കായുള്ള ലിഫ്റ്റ് സൗകര്യം, അപകടങ്ങളിൽപെട്ട് എത്തുന്നവർക്കായുള്ള മെച്ചപ്പെട്ട അടിയന്തര ചികിത്സാ സൗകര്യം, സിസേറിയൻ ഉൾപ്പെടെയുള്ള പ്രസവചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ സജ്ജീകരിച്ച് പ്രസ്തുത ആശുപത്രിയെ രാജ്യാന്തര നിലവാരമുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ലിഫ്റ്റ് സൗകര്യം നിലവിലുണ്ട്. അടിയന്തര ചികിത്സാ സൗകര്യവും സിസേറിയൻ ശസ്ത്രക്രിയയും മറ്റ് സർജറികളും നടന്നുവരുന്നുണ്ട്. കൂടാതെ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് മുഖേന PMJVK പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 98 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ ടി പദ്ധതിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

189 (200) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആധുനിക രീതിയിലുള്ള ഒരു ആംബുലൻസ് വാങ്ങാൻ എം.എൽ.എ. ഫണ്ടിൽനിന്ന് തുക അനുവദിച്ച നടപടിക്ക് ഭരണാനുമതി എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലാ കളക്ടറുടെ 01-08-2020-ലെ DCTSR/12786/19-FN 8 നമ്പർ ഉത്തരവ് പ്രകാരം 23 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആംബുലൻസ് ഈ കോവിഡ്-19 കാലഘട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

&

(സി) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് അടിയന്തരമായി ആംബുലൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

എം.എൽ.എ. ഫണ്ട് മുഖേന ആശുപത്രിയിലേയ്ക്ക് വാങ്ങുന്ന ആംബുലൻസുകൾ വാങ്ങുന്നതിന് മുന്നോടിയായി സ്ഥാപന അധികാരി GEM മുഖേന നടപടി സ്വീകരിക്കുകയും ടി വിശദാംശങ്ങൾ ഉൾപ്പെടെ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന പ്രൊപ്പോസൽ നൽകി സർക്കാർ അനുമതി നൽകിയാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തുവരുന്നത്. പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## ആരോഗ്യമേഖലയിൽ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾ

190 (201) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ദേശീയ ആരോഗ്യ സൂചികയിൽ നമ്മുടെ സംസ്ഥാനത്തിന് 22 മാനദണ്ഡങ്ങളിലും ഒന്നാമതെത്തുന്നതിന് സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ദേശീയ ആരോഗ്യ സൂചികയിൽ 14 മാനദണ്ഡങ്ങളിൽ കേരളം ഒന്നാമത് എത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര സർക്കാർ ആശുപത്രികൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സിന്റെ അംഗീകാരം നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആരോഗ്യവകുപ്പിന് കീഴിൽ നിലവിൽ 119 ആരോഗ്യ സ്ഥാപനങ്ങൾക്കാണ് എൻ.ക്യൂ.എ.എസ്. അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. (ജില്ലാ ആശുപത്രികൾ - 3, താലൂക്ക് ആശുപത്രികൾ - 4, സി.എച്ച്.സി.- 7, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ-28, എഫ്.എച്ച്.സി. -77)

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന വിധത്തിൽ 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള നൂതന പദ്ധതികൾക്ക് പുറമേ മോളിക്യുലാർ ഡയഗ്നോസ്റ്റിക് സെന്ററിനുവേണ്ടിയും അപ്പക്സ് ട്രോമാ ആന്റ് എമർജൻസി ലേണിംഗ് സെന്ററിനുവേണ്ടിയും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മെഡിക്കൽ കോളേജുകളിൽ രോഗീസൗഹൃദ ചുറ്റുപാട് സൃഷ്ടിക്കാൻ വേണ്ടിയുള്ള ആർദ്രം, ഇ-ഹെൽത്ത് പദ്ധതിയുൾപ്പെടെയുള്ള നടപടികളും പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷണൽ റേഡിയോളജി ഉൾപ്പെടെ അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ഇതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ആധുനിക സംവിധാനങ്ങളോടു കൂടിയുള്ള എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റുകളും ട്രോമ കെയർ യൂണിറ്റുകളും സജ്ജമാക്കിവരുന്നു. കാൻസർ വിഭാഗത്തെ ടെർഷ്യറി കാൻസർ കെയർ സെന്ററുകളായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ

191 (203) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മരണപ്പെട്ട കോവിഡ് രോഗികളുടെ സ്രവം പരിശോധിക്കുന്നതിന് നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ മാത്രമേ സൗകര്യമുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) മരണപ്പെട്ട കോവിഡ് രോഗികളുടെ സ്രവം തിരൂർ ജില്ലാ ആശുപത്രിയിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കോവിഡ് സ്ഥിരീകരിച്ച രോഗികൾ മരണപ്പെട്ടാൽ കോവിഡ് പുനഃപരിശോധന ആവശ്യമില്ല. കോവിഡ് ലക്ഷണങ്ങൾ സംശയിക്കുന്ന (Covid Suspected case) രോഗികൾ മരണപ്പെടുമ്പോൾ സ്ഥിരീകരണത്തിനായി രണ്ട് പരിശോധനകളുണ്ട്.

1. <u>ട്രൂനാറ്റ് പരിശോധന</u>:- ഈ സൗകര്യം നിലമ്പൂർ ജില്ലാ ആശുപത്രി, തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രി, പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലുണ്ട്. ഏതാനും മണിക്കൂറിനുള്ളിൽത്തന്നെ ഫലം അറിയാവുന്ന പരിശോധനയാണിത്.

2. <u>RTPCR:</u>- ഈ പരിശോധനയ്ക്കായി രണ്ടാമത്തെ സ്വാബ് മഞ്ചേരി മെഡിക്കൽ കോളേജിലും മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കുമാണ് ഇപ്പോൾ അയയ്ക്കുന്നത്. ഈ രണ്ട് പരിശോധനകളുടെയും ഫലത്തിനായി കാത്തിരിക്കാതെ മൃതദേഹം വിട്ടുകൊടുത്ത് കോവിഡ് പ്രോട്ടോക്കോൾ പ്രകാരം സംസ്കരിക്കാനാണ് നിലവിലെ മാർഗ്ഗനിർദ്ദേശം.

(സി) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ഡോസുകൾ ജില്ലകൾക്ക് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വാക്സിന്റെ ലഭ്യത, ജില്ലകളിലെ ജനസംഖ്യ, വാക്സിന്റെ ജില്ലകളിലെ ഉപയോഗം, ജില്ലകളിലെ നിലവിലുള്ള വാക്സിൻ എന്നിവ അടിസ്ഥാനമാക്കിയാണ് വാക്സിൻ ജില്ലകൾക്ക് വിതരണം നടത്തുന്നത്.

(ഡി) ഓരോ ജില്ലയ്ക്കും ഇതുവരെ എത്ര ഡോസുകൾ വീതം നൽകിയെന്ന് അറിയിക്കുമോ?

31-5-2021 വരെ വിവിധ ജില്ലകൾക്ക് നൽകിയ കോവിഡ് വാക്സിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ഇ) മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(എഫ്) മലപ്പുറം ജില്ലയ്ക്ക് കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലേയ്ക്ക് ആദ്യഘട്ടങ്ങളിൽ 2021 ജനുവരി മാസത്തിൽ 53870-ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17%) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. ഇപ്പോൾ വാക്സിൻ കൂടുതൽ പേർ ഉപയോഗപ്പെടുത്തുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ച് വാക്സിൻ ലഭ്യമാക്കിവരികയും ചെയ്യുന്നുണ്ട്. ആവശ്യകത അനുസരിച്ച് ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ജില്ലാ ടാസ്ക് ഫോഴ്സിന് അധികാരമുണ്ട്.

## ബ്ലാക്ക് ഫംഗസ് രോഗബാധ

192 (204) <u>ശ്രീമതി കെ. കെ. രമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ ബ്ലാക്ക് ഫംഗസ് രോഗബാധ സ്ഥിരീകരിച്ച രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

2-6-2021 വരെ 57 പേരിലാണ് ബ്ലാക്ക് ഫംഗസ് ബാധ സംസ്ഥാനത്ത് സ്ഥിരീകരിച്ചിട്ടുള്ളത്. അതിൽ 52 പേർ കോവിഡ് ബാധിച്ചവരും 5 പേർ കോവിഡ് രോഗം ബാധിക്കാത്തവരുമാണ്.

(ബി) ചില സംസ്ഥാനങ്ങളിൽ ഈ രോഗത്തെ ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ?

കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരം ബ്ലാക്ക് ഫംഗസ് രോഗത്തെ Notifiable Disease ആയി സംസ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രോഗത്തെ തെലങ്കാന, ഒഡീഷ, കർണാടക, തമിഴ്നാട്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബ്ലാക്ക് ഫംഗസ് രോഗചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചില മരുന്നുകൾക്ക് സംസ്ഥാനത്ത് ദൗർലഭ്യം നേരിടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലിപ്പോസോമൽ ആംഫോട്ടെറിസിൻ-ബി എന്ന മരുന്നാണ് ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്നത്. ടി മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സ്പെഷ്യാലിറ്റി മരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ സംസ്ഥാനത്ത് ബ്ലാക്ക് ഫംഗസ് രോഗബാധയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല.

(ഡി) സംസ്ഥാനത്ത് ബ്ലാക്ക് ഫംഗസ് രോഗബാധ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് ഇതിന്റെ ചികിത്സയ്ക്കായി ഒരു പ്രോട്ടോക്കോൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്തെ കോവിഡ്-19-മായി ബന്ധപ്പെട്ട് മ്യൂക്കോർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്)-ന്റെ ചികിത്സയ്ക്കായി ഒരു ടെക്നിക്കൽ ഗൈഡ്‌ലൈനിന് രൂപം നൽകുകയും ആയത് പിൻതുടരുകയും ചെയ്തുവരുന്നു.

## ആരോഗ്യ പ്രവർത്തകർക്ക് മതിയായ പരിഗണന നൽകുന്നതിനുള്ള നടപടി

193 (205) <u>ശ്രീ. തോമസ് കെ. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്, നിപ തുടങ്ങിയ മഹാമാരികളെ നിശ്ചയദാർഢ്യത്തോടെ നേരിട്ട് ലോകത്തിന് മാതൃകയായ കേരളത്തിലെ ആരോഗ്യ പ്രവർത്തകർക്ക് മതിയായ പരിഗണന നൽകുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിച്ച് അവരുടെ ജോലിഭാരം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) മികച്ച ആരോഗ്യപ്രവർത്തകർക്ക് കൂടുതൽ പ്രോത്സാഹനം എന്ന നിലയിൽ ഗുഡ് സർവ്വീസ് സർട്ടിഫിക്കറ്റ്, പ്രത്യേക ഇൻക്രിമെന്റ്, പാരിതോഷികങ്ങൾ മുതലായവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. കൂടാതെ 29-5-2021 വരെ 17638 പേരെ എൻ.എച്ച്.എം. മുഖേന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നേരിട്ട് ബന്ധമുള്ള ജീവനക്കാരെ വിരമിച്ചതിനുശേഷം അഡ്ഹോക് വ്യവസ്ഥയിൽ തുടരാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്

194 (206) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനായി കിറ്റ്കോ എന്ന സ്ഥാപനത്തെയാണ് ഏജൻസിയായി നിയോഗിച്ചിട്ടുള്ളത്.

(ബി) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിട നിർമ്മാണത്തിനും അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടേതാണ് പദ്ധതിയെന്നും ആയതിന് ഭരണാനുമതി നൽകിയിരുന്നോയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉണ്ട്. കാസർഗോഡ് വികസന പാക്കേജ്, നബാർഡ് ലോൺ എന്നിവ ഉപയോഗിച്ചാണ് കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഭരണാനുമതി സംബന്ധിച്ചും വിവിധ പദ്ധതികളിൽ അനുവദിച്ചിട്ടുള്ള തുകകൾ സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സർക്കാരിലേയ്ക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

&

(ഡി) കിഫ്ബി പദ്ധതിക്ക് എപ്പോൾ അംഗീകാരം നൽകുമെന്ന് അറിയിക്കുമോ; മെഡിക്കൽ കോളേജിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയിൽപ്പെടുത്തി നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കുള്ള 193.16 കോടി രൂപയുടെ പ്രാഥമിക കൺസപ്റ്റ് നോട്ട് കിറ്റ്കോ സർക്കാരിന് സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി ഇതിന്മേലുള്ള സൂക്ഷ്മപരിശോധന പൂർത്തിയാക്കി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഇതിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ മേൽപരിശോധന നടന്നുവരികയാണ്.

(ഇ) കാസർഗോഡ് വികസന പാക്കേജിൽനിന്നും ഹോസ്റ്റൽ/ക്വാർട്ടേഴ്സ് കെട്ടിടത്തിനായി ഭരണാനുമതി ലഭിച്ച 29 കോടി രൂപയുടെ പ്രവൃത്തിക്ക് ആരോഗ്യവകുപ്പിൽനിന്ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

29.01 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ ഗേൾസ് ഹോസ്റ്റൽ, ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കുള്ള ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതിയുടെ പരിഗണനയിലാണ്.

(എഫ്) പ്രസ്തുത മെഡിക്കൽ കോളേജിനായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ നിയമനം പൂർത്തിയായത് എത്രയാണെന്നും വ്യക്തമാക്കുമോ?

കാസർഗോഡ് മെഡിക്കൽ കോളേജിൽ നാളിതുവരെ 273 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 50% നിയമനം നടത്താനാണ് അനുമതിയുള്ളത്. നിലവിൽ 88 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

## വയനാട് മെഡിക്കൽ കോളേജ്

195 (207) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവന്ന മാനന്തവാടി ജില്ലാ ആശുപത്രി 12-02-2021-ലെ സ.ഉ.(കൈ)നമ്പർ 35/2021/ ആ.കു.വ. പ്രകാരം ഏറ്റെടുക്കുകയും വയനാട് മെഡിക്കൽ കോളേജായി മാറ്റുകയും ടി മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ 100 MBBS സീറ്റിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിന് യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് മെഡിക്കൽ കോളേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന 3 നില കെട്ടിടം സി.എഫ്.എൽ.ടി.സി. ആയി ജില്ലാ ഭരണകൂടം ഏറ്റെടുത്തിരിക്കുന്നതിനാൽ നിലവിൽ വയനാട് മെഡിക്കൽ കോളേജ് ഓഫീസ് പ്രവർത്തിക്കുന്നത് വയനാട് പി.ഡബ്ല്യൂ.ഡി. ഇൻസ്പെക്ഷൻ ബംഗ്ലാവിലാണ്. വയനാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് 300 കോടി രൂപ കിഫ്ബി വഴി അനുവദിക്കുമെന്ന് 2021-22 ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. കൂടാതെ ടി മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് 7-3-2020-ലെ സ.ഉ. (സാധാ)നമ്പർ 531/2020/ആ.കു.വ. പ്രകാരം M/s. WAPCOS-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തീരുമാനിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിലെ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമനം നടന്നതെന്ന് അറിയിക്കുമോ?

വയനാട് മെഡിക്കൽ കോളേജിൽ അഞ്ച് അസിസ്റ്റന്റ് പ്രൊഫസർ, ഒരു സീനിയർ സൂപ്രണ്ട്, ഒരു ജൂനിയർ സൂപ്രണ്ട്, രണ്ട് ക്ലാർക്ക് എന്നീ തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പാളിന്റെ ചുമതല താൽക്കാലികമായി കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം**

196 (208) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നടപ്പാക്കിയതെന്ന് വിശദമാക്കുമോ?

ആർദ്രം പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, നെഞ്ചുരോഗാശുപത്രി, ഐ.എം.സി.എച്ച്. തുടങ്ങിയ സ്ഥാപനങ്ങളിൽ ഒ.പി.-കൾ നവീകരിച്ച് രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുവരെ 4.2936 കോടി രൂപ ഈ പദ്ധതിയിൽ ചെലവഴിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.

ഇ-ഹെൽത്ത് പ്രോഗ്രാം:- ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് രോഗികളുടെ ചികിത്സാ രേഖകൾ ഡിജിറ്റലൈസ് ചെയ്ത് തുടർ ചികിത്സയ്ക്ക് ഉപയുക്തമാക്കുന്ന ഈ പദ്ധതി നെഞ്ചുരോഗാശുപത്രിയിൽ പൂർത്തീകരിച്ചു.

പ്ലാൻ ഫണ്ട് അനുവദിച്ചത്: 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് ആധുനിക ചികിത്സാ ഉപകരണങ്ങളും രോഗ നിർണ്ണയ ഉപകരണങ്ങളും വാങ്ങുന്നതിനുവേണ്ടി എം&ഇ ശീർഷകത്തിൽ 21.3 കോടി രൂപയും വിവിധ ലാബുകളിലേയ്ക്കും വകുപ്പുകളിലേയ്ക്കും റീജന്റ് കെമിക്കലുകൾ, കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിന് എം&എസ് ശീർഷകത്തിൽ 14.655 കോടി രൂപയും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് ഒ.സി. ശീർഷകത്തിൽ 23.535 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ആശുപത്രിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മികച്ച ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്.

റീവാമ്പിംഗ്: കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളും ഓപ്പറേഷൻ തിയേറ്ററുകളും നവീകരിക്കുന്നതിനും ആധുനിക രോഗ നിർണ്ണയ ചികിത്സാ ഉപകരണങ്ങളുടെ പരിപാലനം ഉറപ്പുവരുത്തി തടസ്സം കൂടാതെ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിക്ക് 2017-18, 2018-19, 2019-20 വർഷം 5.05 കോടി രൂപ വീതവും 2020-21 വർഷം 5 കോടി രൂപയും അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മൈനർ വർക്സ്: മൈനർ വർക്സ് ശീർഷകത്തിൽ 2016-17-ൽ അനുവദിച്ച ഒരു കോടി രൂപയും 2017-18-ൽ അനുവദിച്ച 2 കോടി രൂപയും 2018-19-ൽ അനുവദിച്ച 3 കോടി രൂപയും, 2019-20-ൽ അനുവദിച്ച 3.10 കോടി രൂപയും ഉപയോഗിച്ച് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

ക്യാമ്പസ് റോഡ് നവീകരണം: 220 ഏക്കറിൽ പരന്ന് കിടക്കുന്ന കോളേജ് ക്യാമ്പസിൽ വിവിധ സ്ഥാപനങ്ങളും ക്വാർട്ടേഴ്സുകളും ബന്ധിപ്പിച്ചുകൊണ്ട് വളരെ വലിയ ഒരു റോഡ് ശൃംഖല നിലവിൽ ഉണ്ടായിരുന്നു. ഇവ കാലപ്പഴക്കംചെന്ന് ശോചനീയാവസ്ഥയിലായിരുന്നു. 4.5 കോടി രൂപ ഉപയോഗിച്ച് ഇവ നവീകരിച്ച് പ്രവർത്തനക്ഷമമാക്കി.

<u>അഡ്വാൻസ്ഡ് മോളിക്കുലാർ ലാബ്</u>: ജനിതക വൈകല്യത്താലുള്ള കാൻസർ, ശിശുരോഗങ്ങൾ എന്നിവയുടെ നിർണ്ണയത്തിന് ആവശ്യമായ മോളിക്കുലാർ ടെസ്റ്റുകൾ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ എച്ച്.എൽ.എ. ടൈപ്പിംഗ് മുതലായ പരിശോധനകൾ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുക്കുന്നതിന് 2018-19 വർഷത്തിൽ അഡ്വാൻസ്ഡ് മോളിക്കുലാർ സംവിധാനം 1.2 കോടി രൂപ ചെലവിൽ സ്ഥാപിച്ചു.

<u>സൈക്യാട്രി വിഭാഗത്തിന്റെ വിപുലീകരണം</u>: മെഡിക്കൽ കോളേജിന്റെ ആരംഭം മുതൽ സൈക്യാട്രി വിഭാഗം വളരെ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. ഈ വിഭാഗത്തിൽ ആവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഒരു അധികനില ഒരു കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു.

<u>ഇന്റർവെൻഷണൽ റേഡിയോളജി സംവിധാനം</u>: 4.8 കോടി രൂപ ചെലവിൽ ഇന്റർവെൻഷണൽ റേഡിയോളജി സംവിധാനം ഏർപ്പെടുത്തുകയും പ്രവർത്തനം തുടങ്ങുകയും രണ്ടായിരത്തോളം രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു.

<u>പാരാമെഡിക്കൽ ഹോസ്റ്റലിന്റെ നവീകരണം ഒഫ്ത്താൽമോളജി ക്ലാസ്റൂം നിർമ്മാണം</u>: പാരാമെഡിക്കൽ ഹോസ്റ്റലിന്റെ നവീകരണം, ഒഫ്ത്താൽമോളജി ക്ലാസ്റൂം നിർമ്മാണം എന്നിവ 75 ലക്ഷം രൂപ ഉപയോഗിച്ച് പൂർത്തീകരിച്ചു.

<u>നെറ്റ്‌വർക്കിംഗ്</u>: സ്ഥാപനത്തിലെ നെറ്റ്‌വർക്കിംഗ് പ്രവൃത്തികൾ 4.28 ലക്ഷം രൂപ ഉപയോഗിച്ച് പൂർത്തീകരിച്ചു.

<u>സ്ട്രോക്ക് ഐ.സി.യു.</u>: 70 ലക്ഷം രൂപ ചെലവഴിച്ച് സ്ട്രോക്ക് ഐ.സി.യു. നിർമ്മിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. രോഗീസൗഹൃദ ആശുപത്രി ഒരുക്കുന്നതിന്റെ ഭാഗമായി ഒ.പി. ബ്ലോക്കിന്റെയും റാമ്പുകളുടെയും നവീകരണവും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 15 വർഷത്തിലേറെ പഴക്കമുള്ള പ്രവർത്തനരഹിതമായ 4 ലിഫ്റ്റുകൾ 2 കോടി രൂപ ചെലവിൽ പൂർത്തീകരിച്ച് രോഗികൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്തു. ആശുപത്രികളുടെ വിവിധ വിഭാഗങ്ങളിൽ ആവശ്യമായ നവീകരണ പ്രവൃത്തികൾ 2.63 കോടി രൂപ ചെലവിൽ പൂർത്തികരിച്ചു. പാരാമെഡിക്കൽ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി 25 ലക്ഷം രൂപ ഉപയോഗിച്ചു. കൂടാതെ 2018-19-ൽ ആശുപത്രി വികസന സമിതി ഫണ്ട് ഉപയോഗിച്ച് ഹൃദ്രോഗ വിഭാഗത്തിൽ 5.37 കോടി രൂപ ചെലവിൽ രണ്ടാമത്തെ കാത്ത് ലാബ് സ്ഥാപിച്ചു. ആഞ്ജിയോഗ്രാം, ആഞ്ജിയോപ്ലാസ്റ്റി മുതലായവ രോഗികൾക്ക് താമസംവിനാ ലഭ്യമാക്കാൻ പുതിയ കാത്ത് ലാബ് സഹായകമായിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണം: 50 ലക്ഷം രൂപ ചെലവിൽ മാലിന്യ സംസ്കരണത്തിനായി പുതിയ ഇൻസിനറേറ്റർ സ്ഥാപിച്ചു. ഇതുമൂലം ഖരമാലിന്യ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും മായനാട് ഭാഗത്തേയ്ക്ക് മലിനജലം പമ്പ്ചെയ്യുന്നത് നിർത്തലാക്കുന്നതിനുവേണ്ടി കോഴിക്കോട് ജില്ലയിലെ 7 എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 95 ലക്ഷം രൂപ നൽകി കളക്ഷൻ വെൽ നവീകരിച്ചു. ആശുപത്രിയിലെ വെന്റിലേറ്റർ ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കോഴിക്കോട് ജില്ലയിലെ 13 എം.എൽ.എ.-മാർ തങ്ങളുടെ ആസ്തി വികസന ഫണ്ടിൽനിന്നും 13 വെന്റിലേറ്ററുകൾ അനുവദിച്ചു. ആശുപത്രി വികസന സമിതി ഫണ്ട് ഉപയോഗിച്ച് 1.93 കോടി രൂപ ചെലവിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ ടെലികോബാൾട്ട് മെഷീൻ, 2 കോടി രൂപ ചെലവിൽ മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ മൂന്നാമത്തെ സി.ടി. സ്കാനർ, 50 ലക്ഷം രൂപ ചെലവിൽ അൾട്രാ സൗണ്ട് മെഷീൻ എന്നിവ സ്ഥാപിച്ചു. 2020 വർഷത്തിൽ ഡയാലിസിസ് കോഴ്സിൽ അഡ്മിഷൻ നടത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചു. 2019-ൽ ഡിപ്ലോമ ഇൻ സെൻട്രൽ സ്റ്റെറൈൽ സൈപ്ടെക്നോളജി കോഴ്സിൽ നാല് സീറ്റുകളിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചു.

പി.എം.എസ്.എസ്.വൈ. ഫേസ് III: പി.എം.എസ്.എസ്.വൈ. ഫേസ് III-ക്കായി സ്റ്റേറ്റ് ഷെയർ ആയി അനുവദിച്ച 82.68 കോടി രൂപയും സെൻട്രൽ ഷെയർ ആയ 120 കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു. പി.എം.എസ്.എസ്.വൈ. ഫേസ് III സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കേന്ദ്ര സഹായത്തോടെ പി.ജി. സീറ്റ് വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 6.66 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങി (ഉപകരണങ്ങൾ: CT Simulator, DR System, High end Ultra sound scanner, Portable digital X-ray).

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ കാര്യങ്ങളാണ് ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബേൺസ് യൂണിറ്റ്: തീപ്പൊള്ളലേറ്റ രോഗികൾക്ക് മാത്രമായി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി കേന്ദ്ര സഹായമായി 1.247 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ഡ്രഗ്സ്റ്റോർ: ആശുപത്രികളിലെ ഡ്രഗ് സ്റ്റോറുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി 3 കോടി രൂപ അനുവദിച്ചു. കൂടാതെ 2018-19 വർഷത്തിൽ ഒരു കോടി രൂപകൂടി അധികമായി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

250 വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ: 250 വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിനായി 14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പെറ്റ് സി.ടി. സ്കാനർ: മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ ആശുപത്രി വികസന സമിതി ഫണ്ട് ഉപയോഗിച്ച് ഒരു പെറ്റ് സി.ടി. സ്കാനർ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രോമാകെയർ: കേന്ദ്രസഹായത്തോടെ ട്രോമാകെയർ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സെൻട്രൽ ഷെയർ 5.04 കോടി രൂപയും സ്റ്റേറ്റ്ഷെയർ 3.36 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പരീക്ഷാഹാൾ: കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതിയ പരീക്ഷാ ഹാൾ നിർമ്മിക്കുന്നതിനായി 13 കോടി രൂപ അനുവദിച്ചു. ആയതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സ്ട്രോക്ക് യൂണിറ്റ്: പക്ഷാഘാത ചികിത്സയ്ക്ക് ഏറ്റവും മികച്ച സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

സൂപ്പർ സ്പെഷ്യലിറ്റി വിഭാഗത്തിലെ അഗ്നിരക്ഷാ സംവിധാനങ്ങളുടെ നവീകരണത്തിനായി 2.5 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ലേബർ റൂം ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ്: ലേബർ റൂം ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവിനായി എൻ.എച്ച്.എം. ഫണ്ടിൽ 63 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ചുറ്റുമതിൽ: ക്യാമ്പസിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 5.92 കോടി രൂപ അനുവദിച്ചു. ആയതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇന്റർമീഡിയേറ്റ് കെയർ വാർഡ്: ജെറിയാട്രിക് വാർഡിന് മുകളിലായി റാമ്പ് സൗകര്യത്തോടെ ഇന്റർമീഡിയേറ്റ് കെയർ വാർഡ് നിർമ്മിക്കുന്നതിനായി 1.35 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

<u>പോസ്റ്റ്പാർടം യൂണിറ്റ്</u>: പോസ്റ്റ്പാർടം യൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനായി 1.10 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി മൈനർ വർക്സ് ശീർഷകത്തിൽ 3.10 കോടി രൂപ അനുവദിച്ചു. വിവിധ പ്രവൃത്തികൾ പൂർത്തികരിച്ചുവരുന്നു. ബയോസേഫ്റ്റി ലെവൽ III ലാബിന്റെ നിർമ്മാണത്തിനായി ഐ.സി.എം.ആർ. ഫണ്ടിൽ 7.3 കോടി രൂപ അനുവദിച്ചു. ലാബ് നിർമ്മാണത്തിന് സെൻട്രൽ പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിച്ചിട്ടുണ്ട്.

<u>ത്രിതല കാൻസർ കെയർ സെന്ററിന്റെ വിപുലീകരണം</u>: പുതുതായി ആരംഭിച്ച ത്രിതല കാൻസർ കെയർ സെന്ററിന്റെ വിപുലീകരണത്തിനായി 2 കോടി രൂപകൂടി അനുവദിച്ചു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

<u>ആൺകുട്ടികൾക്കായി ഹോസ്റ്റൽ</u>: വിദ്യാർത്ഥികൾക്കുള്ള താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 8.4 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മെഡിസിൻ ഐ.സി.യു.-വിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സർജറി വിഭാഗത്തിന് സെമിനാർ ഹാൾ നിർമ്മിക്കുന്നതിനുമായി 1.6 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

<u>ഓപ്പറേഷൻ തിയേറ്ററുകളുടെ നവീകരണം</u>: ഓപ്പറേഷൻ തിയേറ്ററുകളുടെ നവീകരണത്തിന് 2.011 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

<u>ലിഫ്റ്റ്</u>: ജെറിയാട്രിക് വാർഡ്, ഐ.എം.സി.എച്ച്., ഐ.സി.ഡി, ഒഫ്ത്താൽമോളജി വാർഡ് എന്നിവിടങ്ങളിലായി നാല് ലിഫ്റ്റുകൾ നിർമ്മിക്കുന്നതിന് 1.986 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. വിവിധ നവീകരണ പ്രവൃത്തികൾക്കും പരിപാലനത്തിനുമായി 4 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

<u>ലെവൽ-1 ട്രോമാകെയർ സെന്റർ</u>: അപകടങ്ങളെത്തുടർന്ന് ആശുപത്രിയിലെത്തുന്ന രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പുവരുത്തുന്നതിനായി ലെവൽ-1 ട്രോമാകെയർ സെന്റർ നിർമ്മിക്കുന്നതിനായി 8 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

<u>മൈനർ വർക്സ്</u>: കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി മൈനർ വർക്സ് ശീർഷകത്തിൽ 3.15 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിലവിലുള്ള ഹൗസ് സർജൻസ്

ക്വാർട്ടേഴ്സ് വാസയോഗ്യമല്ലെന്ന് പി.ഡബ്ല്യു.ഡി. സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ പുതിയ ഹൗസ് സർജൻസ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 7.5 കോടി രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആർദ്രം മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഒ.പി.-കളിലെ സൗകര്യം വർദ്ധിപ്പിച്ച് രോഗീസൗഹൃദ ആശുപത്രിയായി മാറ്റിയെടുക്കുന്നതിന് 1.73 കോടി രൂപയുടെ പദ്ധതി എം.സി.എച്ച്.-ൽ പൂർത്തീകരിക്കാനുണ്ട്.

(സി) പുതിയ കാഷ്വൽറ്റി ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തീകരിച്ചിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്ന ജോലി, ഇലക്ട്രിക് സംബന്ധമായ ജോലികൾ, മാലിന്യ സംസ്കരണത്തിനുവേണ്ട STP-യുടെ പ്രവൃത്തി എന്നിവ നടന്നുവരുന്നു. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി എപ്പോൾ തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കോവിഡ് വ്യാപനത്തെത്തുടർന്ന് ഈ കെട്ടിടം ഇപ്പോൾ ജില്ലാ കോവിഡ് ആശുപത്രിയായി മാറ്റിയിട്ടുണ്ട്. ആയതിനാൽ കോവിഡ് വ്യാപന തോത് കുറഞ്ഞശേഷം മാത്രമേ രോഗികൾക്കായി തുറന്നുകൊടുക്കാൻ സാധിക്കുകയുള്ളൂ.

## ആദിവാസി കോളനികളിലെ കോവിഡ് വ്യാപനം തടയുന്നതിനുള്ള നടപടി

197 (209) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി മേഖലകളിലും ആദിവാസി കോളനികളിലും കോവിഡ്-19 പടർന്നുപിടിക്കുന്നത് തടയുന്നതിനും കോവിഡ് ബാധിക്കുന്ന ആദിവാസികൾക്ക് ആവശ്യമായ അടിയന്തര ചികിത്സ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ ആദിവാസി മേഖലകളിലും ആദിവാസി കോളനികളിലും കോവിഡ്-19 പടർന്നുപിടിക്കുന്നത് തടയുന്നതിനും കോവിഡ് ബാധിക്കുന്ന ആദിവാസികൾക്ക് ആവശ്യമായ അടിയന്തര ചികിത്സ നൽകുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ ജില്ലകളിൽ സ്വീകരിച്ചിട്ടുണ്ട്. ട്രൈബൽ കോളനികളിൽ കോവിഡ്-19 രോഗം കണ്ടുപിടിക്കുന്നതിനായി സ്വാബ്

ടെസ്റ്റ് നടത്തിവരുന്നു. ജില്ലകളിൽ ആശാവർക്കർമാർ, ജെ.പി.എച്ച്.എൻ.-മാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ട്രൈബൽ ആശമാർ (Hamlet ASHA-മാർ) (ഉള്ള സ്ഥലങ്ങളിൽ), മെഡിക്കൽ ആഫീസർമാർ എന്നിവരടങ്ങിയ ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ട്. പോസിറ്റീവ് ആയിട്ടുള്ളവരെ ചികിത്സിക്കുന്നതിനായി ചികിത്സാ സൗകര്യാർത്ഥം ഡി.സി.സി., സി.എഫ്.എൽ.റ്റി.സി, സി.എസ്.എൽ.റ്റി.സി., മറ്റ് സർക്കാർ കോവിഡ് ആശുപത്രികൾ എന്നിവിടങ്ങളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉൾപ്പെടുന്നവർക്ക് സമ്പർക്ക വിലക്ക് ഏർപ്പെടുത്തുകയും നിശ്ചിത ദിവസങ്ങളിൽ കോവിഡ് പരിശോധന നടത്തുകയും രോഗം സ്ഥിരീകരിക്കപ്പെടുന്ന രോഗികളെ മാറ്റി പാർപ്പിച്ച് ചികിത്സയും നൽകിവരുന്നു. അപകടഘട്ടം കഴിയുന്നതുവരെ കോളനികളെ മൈക്രോ കണ്ടൈൻമെന്റ് സോണുകളായി തിരിക്കുകയും കോളനി നിവാസികൾക്ക് അവശ്യവസ്തുക്കളുടെ ലഭ്യതയും ആരോഗ്യ പരിരക്ഷയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹവർത്തിത്തത്തോടെ ഉറപ്പുവരുത്തുന്നു. മഹാമാരിയെ ചെറുക്കാൻ ആവശ്യമായ എല്ലാ മുന്നറിയിപ്പുകളും ഗോത്ര ഭാഷയിൽ എഫ്.എം. റേഡിയോ മുഖാന്തരവും ഊരുമിത്രം ആശ, Taisal Pramoloa ആശ, ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. എന്നിവർ മുഖാന്തരവും നൽകിവരുന്നു. ഊരുമിത്രം എന്ന പേരിൽ വയനാട് ജില്ലയിൽ ഗോത്രമേഖലകൾ കേന്ദ്രീകരിച്ച് കോവിഡ് പരിശോധനാ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. അവിടെ വാക്സിനേഷൻ ഉറപ്പുവരുത്തുന്നതിനായി ഊർജ്ജ വാക്സിനേഷൻ യജ്ഞമായ ഗോത്രസുരക്ഷാ പദ്ധതിയും നടപ്പിലാക്കിവരുന്നു. കോവിഡ് രോഗം ബാധിച്ചിട്ടുള്ളവരുടെ സമ്പർക്കങ്ങളിലുള്ള ആൾക്കാരെ യഥാസമയം പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ കണ്ടെത്തി ട്രൈബൽ വിഭാഗം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന ജീവനക്കാരുടെ സഹായത്തോടുകൂടി ടെസ്റ്റിംഗ്, ക്വാറന്റൈൻ എന്നിവയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വിവിധ ഐ.ഇ.സി. പ്രവർത്തനങ്ങളും നടത്തി വരുന്നു. പോസിറ്റീവ് രോഗികളെ കണ്ടെത്തുന്നതിനായി മെഡിക്കൽ മൊബൈൽ യൂണിറ്റിന്റെ സേവനം വഴി ആന്റിജൻ ടെസ്റ്റ് നടത്തി വരുന്നു. ആരോഗ്യ വകുപ്പിലെ ജീവനക്കാർ, ആശാ പ്രവർത്തകർ എന്നിവർ ചേർന്ന് വീടുവീടാന്തരം നടന്ന് മാർഗ്ഗനിർദ്ദേശം നൽകുകയും സോപ്പ്, സാനിറ്റൈസർ, കൈകഴുകൽ എന്നിവ സംബന്ധിച്ച് അവബോധം നൽകുകയും ചെയ്യുന്നതാണ്. കോവിഡ്-19 എസ്.റ്റി. വാക്സിനേഷൻ ഡാറ്റാഷീറ്റ് പ്രകാരം 31-5-2021 വരെ ആകെ 79761 ആദിവാസികൾക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ട്.

(ബി) കോവിഡ് ബാധിച്ച് ഇതുവരെ കേരളത്തിൽ എത്ര ആദിവാസികൾ മരണപ്പെട്ടുവെന്ന് അറിയിക്കുമോ?

കോവിഡ് ബാധിച്ച് കേരളത്തിൽ ഇതുവരെ 14 ജില്ലകളിലായി 50 രോഗികൾ (3-6-2021-ലെ കണക്ക് പ്രകാരം) മരണപ്പെട്ടിട്ടുണ്ട്.

(സി) കോവിഡ് ബാധിച്ച് മരണപ്പെടുന്ന ആദിവാസികളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ ധനസഹായം നൽകുന്നില്ല.

(ഡി) ആദിവാസികൾക്ക് കോവിഡ് വാക്സിനേഷന് മുൻഗണന നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആദിവാസി വിഭാഗത്തെ കോവിഡ് വാക്സിനേഷനായുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്

198 (210) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

കിഫ്ബിയിൽപ്പെടുത്തി കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ വികസനത്തിന് 125 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രോമാ കെയർ ഫേസ്-I, ട്രോമാകെയർ ഫേസ്-II, ട്രോമാകെയർ ഫേസ്-III എന്നിവയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ ട്രോമാകെയർ ഫേസ്-I-ന് കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച് ടെണ്ടർ നടപടികൾ നടന്നു വരുന്നു. ട്രോമാകെയർ ഫേസ്-II, മെയിന്റനൻസ് ഫേസ് -III എന്നിവയ്ക്ക് അന്തിമ ധനകാര്യ അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി) കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച പ്രോജക്ടുകൾ ഏതൊക്കെയാണ്; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ?

കിഫ്ബിയിൽനിന്നും ട്രോമാകെയർ ഫേസ്-I-ന് ഭരണാനുമതിയും ധനകാര്യാനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

(സി) സർക്കാർ ഏറ്റെടുത്തശേഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഏതൊക്കെ പദ്ധതികളാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഈ മെഡിക്കൽ കോളേജിൽ ഇതുവരെയായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ നിലനിർത്തുന്നതിന്റെ ഭാഗമായി 1430 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് 100 അദ്ധ്യാപക തസ്തികകളും 11 അനദ്ധ്യാപക തസ്തികകളും (മിനിസ്റ്റീരിയൽ) സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് (ആകെ 1541 തസ്തിക).

## കോവിഡ് മുന്നണിപ്പോരാളികൾക്ക് സംരക്ഷണം

199 (211) <u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായ ഡോക്ടർമാർക്കും നഴ്സുമാർക്കും സുരക്ഷ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്-19 വ്യാപനത്തിന്റെ തുടക്കത്തിൽത്തന്നെ മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും കോവിഡ് വരാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് കൃത്യമായ പരിശീലനം നൽകുകയും ഈ പരിശീലനത്തിനായി പോസ്റ്ററുകൾ, വീഡിയോ, പവർപോയിന്റ് അവതരണങ്ങൾ എന്നിവ തയ്യാറാക്കുകയും ഇവയെല്ലാംതന്നെ കേരള ആരോഗ്യ ഓൺലൈൻ യുട്യൂബ് ചാനൽ, ഔദ്യോഗിക വെബ്സൈറ്റ്, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം എന്നിവയിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനായി കേരള ഹെൽത്ത് ഓൺലൈൻ പരിശീലനം എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ തുടർപരിശീലനവും നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള പരിശീലനവും സാധനസാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ പി.പി.ഇ. കിറ്റ്, എൻ 95 മാസ്ക് എന്നിവ ലഭ്യമാകുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും നൽകുകയും അവയുടെ ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷന്റെ ആദ്യഘട്ടത്തിൽതന്നെ എല്ലാ ആരോഗ്യപ്രവർത്തകർക്കും വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാൻമന്ത്രി ഗരീബ് കല്യാൺ പാക്കേജ് പ്രകാരമുള്ള 50 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസിന്റെ പരിരക്ഷ കേരളത്തിലെ ആരോഗ്യപ്രവർത്തകർക്കും ലഭ്യമാണ്.

(ബി) ഇവർക്ക് പ്രത്യേക അലവൻസ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

&

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ആരോഗ്യ പ്രവർത്തകരെ ആവശ്യമുള്ള സാഹചര്യത്തിൽ എൻ.എച്ച്.എം. വഴി താൽക്കാലികമായി നിയമിക്കപ്പെട്ട ആരോഗ്യപ്രവർത്തകർ ജോലി ഉപേക്ഷിച്ചുപോകുന്ന സാഹചര്യം തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

നാഷണൽ ഹെൽത്ത് മിഷനിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കോവിഡ് പ്രതിരോധത്തിനായി നാഷണൽ ഹെൽത്ത് മിഷന് കീഴിൽ കരാർ-ദിവസ വേതന അടിസ്ഥാനത്തിലും താൽക്കാലികമായി നിയമിക്കുന്നവർക്കും 2020 ആഗസ്റ്റിൽ 22.68 കോടി രൂപയുടെ അധിക ഇൻസെന്റീവും റിസ്ക് അലവൻസും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. 2020 സെപ്റ്റംബറിൽ 22.68 കോടി രൂപയും 2021 ഫെബ്രുവരിയിൽ 45.32 കോടി രൂപയും കോവിഡ് ബ്രിഗേഡ് പാക്കേജായി നാഷണൽ ഹെൽത്ത് മിഷന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത

ഉത്തരവിന്മേൽ 2020 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള അധിക ഇൻസെന്റീവും, റിസ്ക് അലവൻസും നാഷണൽ ഹെൽത്ത് മിഷനിലെയും കോവിഡ് ബ്രിഗേഡിലെയും എല്ലാ ജീവനക്കാർക്കും നൽകിയിട്ടുള്ളതുമാണ്. 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുന്നതിനായി 2021 മേയ് മാസത്തിൽ നാഷണൽ ഹെൽത്ത് മിഷന് 77.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ആലത്തൂർ താലൂക്ക് ആശുപത്രി

200 (212) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം 113 ആണ്. തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയിക്കുമോ?

| ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ | | 12 |
|---|---|---|
| 1. | ഹെഡ് ക്ലാർക്ക് | 1 |
| 2. | സ്റ്റാഫ് നഴ്സ് ഗ്രേഡ്-I | 1 |
| 3. | സ്റ്റാഫ് നഴ്സ് ഗ്രേഡ് -2 | 4 |
| 4. | പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| 5. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I | 1 |
| 6. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II | 3 |
| 7. | നഴ്സിംഗ് അസിസ്റ്റന്റ് | 1 |

(സി) പ്രസ്തുത ആശുപത്രിയിലെ ജീവനക്കാരിൽനിന്നും മറ്റ് മേഖലകളിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുള്ള ജീവനക്കാരുടെ കണക്ക് ലഭ്യമാക്കുമോ?

മറ്റ് മേഖലയിലേയ്ക്ക് ആരെയും മാറ്റി നിയമിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ്

201 (213) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയുടെ 1-11-2007 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 1-11-2007 മുതൽ 31-12-2015 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ യഥാസമയം നടത്തുന്നതിനും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ നിയമനം മുടങ്ങാതെ നടത്തുന്നതിനുമായി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് സീനിയോറിറ്റി പട്ടിക ലഭ്യമാണ്. പ്രസ്തുത സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 99 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ, നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുന്നതിന് മറ്റ് തടസ്സങ്ങളില്ല.

## സ്റ്റാഫ് നഴ്സ് ഗ്രേഡ്-II പി.എസ്.സി. റാങ്ക് ലിസ്റ്റ്

202 (214) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-7-2018-ന് നിലവിൽവന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ്-II പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടന്നുവെന്ന് വ്യക്തമാക്കുമോ?

16-7-2018 മുതൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ 2211 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഇനിയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

184 ഒഴിവുകൾ.

(സി) ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

## ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

203 (215) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ആരോഗ്യ വകുപ്പിന് കീഴിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) 2018-ൽ ആർദ്രം പദ്ധതിക്കുകീഴിൽ 547 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രൊപ്പോസലിനൊപ്പം പരിഗണിച്ച ചില കേഡറുകളിൽ മാത്രം തസ്തികകൾ സൃഷ്ടിച്ചപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയുടെ പോസ്റ്റുകളൊന്നും സൃഷ്ടിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എന്തുകൊണ്ടാണ് ടി തസ്തിക ഒഴിവാക്കിയതെന്ന് അറിയിക്കുമോ?

ആർദ്രം പദ്ധതിയുടെ കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. ആർദ്രം പദ്ധതി നടത്തിപ്പിന് അനിവാര്യമായ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ.

## മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

204 (216) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ, ഒരു താലൂക്ക് ആശുപത്രിക്ക് വേണ്ടുന്ന സ്റ്റാഫ് തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ ജനങ്ങൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും നഴ്സ്മാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

23-1-2018-ലെ സ.ഉ.(സാധാ) നമ്പർ 258/2018/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം പുതുതായി രൂപീകരിച്ച താലൂക്കുകളിലെ സാമൂഹികാരോഗ്യകേന്ദ്രങ്ങളെ താലൂക്കാസ്ഥാന ആശുപത്രികളായി ഉയർത്തിയതിൽ മഞ്ചേശ്വരം താലൂക്കിലെ മംഗൾപ്പാടി സാമൂഹികാരോഗ്യ കേന്ദ്രത്തെയും ഉയർത്തുകയുണ്ടായി. ആർദ്രം പദ്ധതി പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ-1, ജൂനിയർ കൺസൾട്ടന്റ് - മെഡിസിൻ-1, കാഷ്വൽറ്റി മെഡിക്കൽ ആഫീസർ-4, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് I&II-2, സ്റ്റാഫ് നഴ്സ്-4, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കിഫ്ബിയിൽ നിന്നും അനുവദിച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് വേഗത്തിൽ നടപടി സ്വീകരിക്കുമോ?

ടി ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിൽപ്പെടുത്തി 17,47,02,602 രൂപയുടെ ഭരണാനുമതി നൽകി KITCO-യെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നു. പദ്ധതിക്ക് കിഫ്ബിയിൽനിന്നും 13.74 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

205 (217) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് അവസാനിച്ചിട്ട് ഒന്നര വർഷത്തോളമായി എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ടി തസ്തികയിലേയ്ക്ക് 12-1-2021-ൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് 12-1-2021-ൽ നടന്ന പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുരോഗമിച്ചു വരുന്നു.

## മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം

206 (218) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ കാരണം മഞ്ചേശ്വരം മണ്ഡലത്തിലെ രോഗികളായ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സക്കായി മംഗലാപുരത്തേയ്ക്ക് പോകുന്നതിന് തടസ്സമുണ്ടായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം സാഹചര്യത്തിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ വിദഗ്ദ്ധ ഡോക്ടർമാരെയും നഴ്സ് തുടങ്ങിയ സ്റ്റാഫുകളെയും നിയമിക്കുന്നതിന് നടപടിയുണ്ടാകുമോ?

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ ഡോക്ടർ തസ്തികയിൽ താഴെപ്പറയുന്ന അനുവദനീയ തസ്തികകളാണുള്ളത്:

അസിസ്റ്റന്റ് സർജൻ-4, ജൂനിയർ കൺസൾട്ടന്റ്-ഗൈനക്കോളജി-1, ജൂനിയർ കൺസൾട്ടന്റ്-പീഡിയാട്രിക്സ്- 1, ഡെന്റൽ അസിസ്റ്റന്റ് സർജൻ- 1, സ്റ്റാഫ് നേഴ്സ്- 2. ആയതിൽ മുഴുവൻ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്.

## എൻഡോസൾഫാൻ ദുരിത ബാധിതർ

207 (219) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച റീഹാബിലിറ്റേഷൻ വില്ലേജിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

എൻഡോസൾഫാൻ റീഹാബിലിറ്റേഷൻ വില്ലേജിന്റെ ആദ്യഘട്ട പ്രവർത്തനം നടത്തുന്നതിനായി 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് 4.45 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമാവുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ദിശയിലാണ്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേന്ദ്രസർക്കാർ കഴിഞ്ഞ 5 വർഷങ്ങളിലായി എത്ര കോടി രൂപയുടെ സഹായ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് കേന്ദ്രസർക്കാർ ധനസഹായമൊന്നും ഇതുവരെ ലഭ്യമായിട്ടില്ല.

## കാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ

208 (220) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാൻസർ രോഗികളുള്ള ജില്ല ഏതാണെന്നും, ഓരോ ജില്ലയിലെയും രോഗികളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ ജില്ലകളിലെയും കാൻസർ രോഗികളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. ആയതിനാൽ ഏറ്റവും കൂടുതൽ കാൻസർ രോഗികളുള്ള ജില്ല ഏതാണെന്ന വിവരം നിലവിൽ ലഭ്യമല്ല. രോഗികളുടെ എണ്ണം സംബന്ധിച്ച് ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ജില്ലകളുടെ വിവരം താഴെ ചേർക്കുന്നു:

തിരുവനന്തപുരം-6217, കൊല്ലം-3997, ആലപ്പുഴ-1947, പത്തനംതിട്ട-3702, കണ്ണൂർ-4728, കാസർഗോഡ്-1535.

(ബി) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്ക് വേണ്ടത്ര സൗകര്യങ്ങളില്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലപ്പുറം ജില്ലയിൽ കാൻസർ ചികിത്സയ്ക്കായി പ്രത്യേക ആശുപത്രികൾ ഇല്ലെങ്കിലും ജില്ലയിലെ ഒരു മെഡിക്കൽ കോളേജിലും മൂന്ന് ജില്ലാ ആശുപത്രികളിലുമായി കാൻസർ രോഗികൾക്ക് വിദഗ്ദ്ധരുടെ പ്രത്യേക ചികിത്സ ലഭിക്കുന്നതിന് യൂണിറ്റുകൾ നിലവിലുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി തിരൂർ ജില്ലാ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള അർബുദ ചികിത്സ നടപ്പിലാക്കിവരുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിലും അർബുദ ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരൂർ ജില്ലാ ആശുപത്രിയിൽ ഒൻപത് നിലകളിലായി പ്രത്യേക കാൻസർ ബ്ലോക്ക് പണി പൂർത്തിയായിവരുന്നുണ്ട്. ഇത് പ്രാവർത്തികമാകുന്നതോടെ കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട നൂതന ചികിത്സാ വിധികൾ ഇവിടെ നടപ്പിലാക്കാൻ സാധിക്കും. ഇടവണ്ണ സി.എച്ച്.സി.-യിൽ ആരംഭിച്ച സീതിഹാജി സെന്റർ ഫോർ കാൻസർ ഡിറ്റക്ഷൻ ആന്റ് ട്രെയിനിംഗ് സെന്റർ 2021 ഫെബ്രുവരി 23 മുതൽ പ്രവർത്തനസജ്ജമാണ്.

(സി) തിരൂരിലെ ജില്ലാ ആശുപത്രിയിൽ കാൻസർ രോഗികളുടെ ചികിത്സയ്ക്കായി പണിതുവരുന്ന കെട്ടിടം പ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

തിരൂർ ജില്ലാ ആശുപത്രിയിൽ കാൻസർ രോഗികളുടെ ചികിത്സയ്ക്കായി പണിതുവരുന്ന കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏതാണ്ട് തൊണ്ണൂറ് ശതമാനം പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) പ്രസ്തുത ആശുപത്രിയിൽ കാൻസർ ചികിത്സയ്ക്കായി ആധുനിക സൗകര്യങ്ങളൊരുക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ ഉടനെ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഓങ്കോളജി ബ്ലോക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 30,37,84,250(മുപ്പത് കോടി മുപ്പത്തി ഏഴ് ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം

209 (221) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് 2010-ൽ സർക്കാരിലേയ്ക്ക് സൗജന്യമായി വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും ബഹുനില കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

6-2-2021-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ തെങ്ങിലക്കടവ് കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു:

1. ആവശ്യമായ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി.-യെ ചുമതലപ്പെടുത്തി.
2. കാൻസർ സെന്റർ പൂർണ്ണമായും കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ പ്രവൃത്തികളുടെയും മേൽനോട്ടം പ്രിൻസിപ്പാൾ നടത്തേണ്ടതാണെന്നും തീരുമാനിച്ചു.
3. കാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും മറ്റ് അനുബന്ധ പദ്ധതികൾ സമർപ്പിക്കാനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെയും എൻ.എച്ച്.എം.-നെയും ഏൽപ്പിക്കാൻ തീരുമാനിച്ചു.

## കോവിഡ് വാക്സിൻ വിതരണവും ബ്ലാക്ക് ഫംഗസ് രോഗം തടയാനുള്ള മുൻകരുതലും

210 (222) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിൻ വാങ്ങുന്നതിനായി ഏതെങ്കിലും മരുന്ന് കമ്പനികളുമായി സർക്കാർ കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരുകൾക്ക് നൽകാൻ, മരുന്ന് കമ്പനികൾ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഭാരത് ബയോടെക് ഇന്റർനാഷണലിൽനിന്നും കോവാക്സിനും, സിറം

ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കോവിഷീൽഡും സംഭരിക്കുന്നതിനായി ഭാരത് ബയോടെക് ഇന്റർനാഷണൽ എന്ന കമ്പനിക്ക് 273860 ഡോസ് കോവാക്സിന്റെ വിതരണ ഉത്തരവ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയതിൽ 137580 ഡോസ് കോവാക്സിന്റെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈഫ് സയൻസസ് പ്രൈവറ്റ് ലിമിറ്റഡിന് 1204960 ഡോസ് കോവിഷീൽഡിനുള്ള വിതരണോത്തരവ് നൽകിയതിൽ 746710 ഡോസ് കോവിഷീൽഡിന്റെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

കേരളത്തിൽ സൗജന്യമായാണ് സർക്കാർ വാക്സിനേഷൻ നടത്തിവരുന്നത്.

(സി) കോവിഡ് വാക്സിനുകൾ ലഭിക്കുന്നതിന് ക്ഷാമം നേരിടുന്നുണ്ടോ; ഇതുവരെ കേരളത്തിൽ എത്ര പേർക്ക് സർക്കാർ ചെലവിൽ കോവിഡ് വാക്സിനേഷൻ നൽകിയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായ വാക്സിൻ നിലവിൽ ലഭ്യമാകുന്നില്ല. 4-6-2021 വൈകുന്നേരം 6 മണി വരെ 9117211 പേർക്ക് വാക്സിനേഷൻ നൽകി.

(ഡി) കേരളത്തിൽ ബ്ലാക്ക് ഫംഗസ് രോഗം പടർന്നുപിടിക്കുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരളത്തിൽ ബ്ലാക്ക് ഫംഗസ് രോഗം പടർന്നുപിടിക്കുന്നത് തടയുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് (മ്യൂക്കർ മൈക്കോസിസ്) എന്ന രോഗബാധയെ Notifiable Disease ആയി സംസ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. 5 തരത്തിലുള്ള മ്യൂക്കർ മൈക്കോസിസ് രോഗബാധയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം 5 അവസ്ഥയിലുള്ള രോഗലക്ഷണങ്ങളും, അവ ചികിത്സിക്കേണ്ട രീതികളും പ്രതിപാദിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 16-5-2021-ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് മുൻനിർത്തിയുള്ള നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. ആശുപത്രികളിൽനിന്നും വീടുകളിൽനിന്നും ഫംഗസ് രോഗം പിടിപെടാനിടയുള്ള മറ്റ് സാഹചര്യങ്ങളെപ്പറ്റിയും പൊതുജനങ്ങളെയും ജീവനക്കാരെയും ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ

പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ആയതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് 27-5-2021-ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗ-ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. രോഗ നിർണ്ണയത്തിന്റെയും ചികിത്സയുടെയും ഏകോപനത്തിനും മേൽനോട്ടത്തിനുമായി എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ഇ) ബ്ലാക്ക് ഫംഗസ് രോഗ ചികിത്സയ്ക്കുവേണ്ടിയുള്ള മരുന്നിന് കേരളത്തിൽ ക്ഷാമം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബ്ലാക്ക് ഫംഗസ് രോഗ ചികിൽസയ്ക്ക് ഉപയോഗിക്കുന്ന ലിപ്പോസോമൽ ആംഫോടെറസിൻ ബി എന്ന ആന്റി ഫംഗൽ മരുന്ന് കേന്ദ്രസർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് ആണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. രാജ്യമൊട്ടാകെ ബ്ലാക്ക് ഫംഗസ് രോഗബാധ ഉയർന്ന തോതിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഈ മരുന്നിന് അഖിലേന്ത്യാ തലത്തിൽ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇത്തരത്തിൽ ലഭ്യതക്കുറവ് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സംസ്ഥാനത്തിന് ആവശ്യമായ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസിനും കേന്ദ്ര ആരോഗ്യ വകുപ്പിനും കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മരുന്നിന്റെ ലഭ്യതയനുസരിച്ച് കേരള സംസ്ഥാനത്തിനുള്ള വിഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് അനുവദിച്ച് നൽകുന്നുണ്ട്.

## കോവിഡ് വാക്സിൻ സംബന്ധിച്ച്

211 (223) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരുടെ എണ്ണവും അവരിൽ എത്രപേർ കോവിഡ് ബാധിച്ച് മരണപ്പെട്ടുവെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് വാക്സിന്റെ ഒന്നും രണ്ടും ഡോസുകൾ സ്വീകരിച്ചവരുടെയും ഒന്നാം ഡോസ് സ്വീകരിച്ചശേഷം കോവിഡ് ബാധ കാരണം മരിച്ചവരുടെയും രണ്ടാം ഡോസ് സ്വീകരിച്ചശേഷം കോവിഡ് ബാധ കാരണം മരിച്ചവരുടെയും എണ്ണം (4-6-2021-ലെ കണക്കനുസരിച്ച്) ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ വാക്സിൻ രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; cowin രജിസ്ട്രേഷൻ സൈറ്റ് പലപ്പോഴും ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ?

കോവിഡ് വാക്സിൻ തുടക്കം മുതൽ (2021 ജനുവരി 16 മുതൽ) നൽകുന്നത് കേന്ദ്രസർക്കാരാണ്. തുടക്കത്തിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കാണ് വാക്സിൻ നൽകിയത്. അതിനുശേഷം മുന്നണിപ്പോരാളികൾക്ക് (പോലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ) ഫെബ്രുവരി 11 മുതലാണ് വാക്സിൻ നൽകിയത്. അടുത്ത ഘട്ടമായി മാർച്ച് 1 മുതൽ 60 വയസ്സ് കഴിഞ്ഞവർക്കും മറ്റ് അനുബന്ധരോഗങ്ങളുള്ള 45 വയസ്സിന് മുകളിലുള്ളവർക്കും നൽകിത്തുടങ്ങി. ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ള എല്ലാവർക്കും നൽകിത്തുടങ്ങി. ഇത്രയും ജനങ്ങൾക്കുള്ള വാക്സിൻ കേന്ദ്രസർക്കാർ സൗജന്യമായി എല്ലാ സംസ്ഥാനങ്ങൾക്കും നൽകിവരുന്നു. വാക്സിൻ വിതരണം ഓരോ ഏജ് ഗ്രൂപ്പിനും ഓരോ സംസ്ഥാനത്തിന്റെ ടി ഏജ് ഗ്രൂപ്പിലെ അർഹരായ ജനസംഖ്യയുടെ എണ്ണത്തിനനുസരിച്ചാണ് കേന്ദ്രസർക്കാർ വാക്സിൻ നൽകിവരുന്നത്. ഇതുപ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യതയനുസരിച്ച് കേന്ദ്രസർക്കാർ നൽകിവരുന്നു. ഇതുവഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യതയനുസരിച്ചും നൽകി വരുന്നു. 18-44 വയസ്സുവരെയുള്ളവർക്ക് വാക്സിൻ സൗജന്യമായി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരിൽ കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 19-5-2021-ലെ G.O.(Rt) No. 1102/ 2021/ H&FWD ഉത്തരവ് പ്രകാരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

32 വിഭാഗങ്ങളിലെ 18-44 വയസ്സിനിടയിലുള്ളവരെ മുൻനിരപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിനേഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ 24-5-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt)No.1114/2021/H&FWD പ്രകാരം 11 വിഭാഗങ്ങളെക്കൂടി ഇത്തരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് 2-6-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.1179/2021/ H&FWD പ്രകാരം 13 വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ 18-44 പ്രായപരിധിയിലുള്ള അനുബന്ധ രോഗമുള്ളവർക്കും സർക്കാർ ചെലവിൽ വാക്സിൻ സൗജന്യമായി നൽകി വരുന്നു. കേരള സർക്കാരിന്റെ തീരുമാനപ്രകാരം കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി സർക്കാർ കണക്കാക്കിയിരിക്കുന്നത്. 2-6-2021-വരെ 57 വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. COWIN രജിസ്ട്രേഷൻ സൈറ്റ്, കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയമാണ് തയ്യാറാക്കി ഉപയോഗത്തിൽ വരുത്തിയത്.

(സി) 45 വയസ്സിന് മുകളിലുള്ള എത്രപേർ വാക്സിൻ ലഭിക്കാൻ സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അപ്രകാരം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ട് വാക്സിനേഷൻ കേന്ദ്രം ലഭ്യമാകാത്ത എത്രപേർ ഉണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

COWIN വെബ്സൈറ്റിൽ ഇങ്ങനെ ഒരു വിവരം ലഭ്യമല്ല.

## കോവിഡ് ചികിത്സ

212 (224) <u>ശ്രീ. കെ. പി. എ. മജീദ്:</u> താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ കോവിഡ് ചികിത്സയ്ക്ക് അനുവദിച്ചതും ഏർപ്പെടുത്തിയതുമായ സൗകര്യങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| കിടക്കകളുടെ വിവരം | |
|---|---|
| ആകെ കിടക്കകളുടെ എണ്ണം | 157 |
| കോവിഡ് രോഗികൾക്കായി നീക്കിവച്ച കിടക്ക | 106 |
| ഓക്സിജൻ പോയിന്റുള്ള കിടക്ക | 68 |
| ഓക്സിജൻ പോയിന്റ് ഇല്ലാത്ത കിടക്ക | 20 |
| ഒബ്സർവേഷൻ കിടക്കകളുടെ എണ്ണം | 18 |

| ഓക്സിജൻ സിലിണ്ടറുകളുടെ വിവരം | |
|---|---|
| ഡി ടൈപ്പ് ഓക്സിജൻ സിലിണ്ടർ | 100 |
| ബി ടൈപ്പ് ഓക്സിജൻ സിലിണ്ടർ | 59 |
| ഓക്സിജൻ പ്ലാന്റ് വിത്ത് സെൻട്രൽ സപ്ലൈ ഓക്സിജൻ കോൺസെൻട്രേറ്റർ | 10 |

ഓക്സിജൻ ടാങ്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നും ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും കെട്ടിടത്തിന്റെ മുകളിലെ നിലകളാണ് കോവിഡ് ചികിത്സയ്ക്കായി ഉപയോഗിക്കുന്നത്. ഈ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ റാമ്പ് സൗകര്യം ഏർപ്പെടുത്തി. കോവിഡ് ബ്രിഗേഡിൽ ഉൾപ്പെടുത്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ് - പാരാമെഡിക്കൽ സ്റ്റാഫ്, ക്ലീനിംഗ് സ്റ്റാഫ് എന്നീ തസ്തികകളിലായി 91 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

## കോവിഡ് വാക്സിനേഷൻ

213 (225) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിന് അനുഭവപ്പെടുന്ന ദൗർലഭ്യം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതായി വിലയിരുത്തുന്നുണ്ടോ;

&

(ബി) കോവാക്സിൻ ഒന്നാം ഡോസ് എടുത്തവർക്ക് രണ്ടാം ഡോസ് എടുക്കേണ്ട സമയം അതിക്രമിച്ചിട്ടും അതിന്റെ ദൗർലഭ്യം കാരണം വാക്സിനെടുക്കാൻ സാധിക്കാത്ത സാഹചര്യം സംസ്ഥാനത്തുണ്ടോ?

45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ഉണ്ടായിരുന്നു. ഇത് വളരെവേഗം തന്നെ ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 7-6-2021 വരെ കേന്ദ്രം 9533830 ഡോസ് നൽകിയിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങാൻ ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 18-നും 45-നും ഇടയിൽ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും, 30 ലക്ഷം കോവാക്സിൻ വാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കമ്പനികൾക്ക് ഓർഡർ നൽകിയതിൽ 1-6-2021 വരെ 884290 ഡോസുകൾ ലഭിച്ചു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻകൂടി ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണമെന്ന ഉദ്ദേശത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്ന് വിവിധ കത്തുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു.

(സി) കോവിഷീൽഡും കോവാക്സിനും രണ്ട് ഡോസ് എടുത്തവർക്കും കോവിഡ് ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വാക്സിൻ എടുത്തവർക്ക് എത്ര ശതമാനം സംരക്ഷണം ലഭിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്?

കോവിഷീൽഡും കോവാക്സിനും എടുത്തവർക്കും ചിലപ്പോൾ കോവിഡ് ബാധിക്കാറുണ്ട്. എന്നാൽ വാക്സിൻ എടുത്തവരിൽ കോവിഡ് വന്നാലും ഗുരുതരമായ രോഗം ബാധിക്കുന്നതിന് സാധ്യത കുറവാണ്. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച വിവരമനുസരിച്ച് രണ്ടാമത്തെ ഡോസ് കോവിഷീൽഡ് വാക്സിൻ

പന്ത്രണ്ട് ആഴ്ചയ്ക്കുശേഷം എടുത്താൽ 78.79 ശതമാനം ഇമ്മ്യൂണിറ്റി ലഭിക്കും. ഭാരത് ബയോടെക്കിന്റെ ഫാക്ട്സ് ഷീറ്റ് പ്രകാരം രണ്ടാം ഡോസ് കോവാക്സിൻ 4 ആഴ്ച വ്യത്യാസത്തിൽ എടുത്താൽ 78% ശതമാനം ഇമ്മ്യൂണിറ്റി ലഭിക്കും.

(ഡി) 45 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകാനും ഒന്നാം ഡോസ് വാക്സിൻ എടുത്തവർക്ക് രണ്ടാം ഡോസ് സമയബന്ധിതമായി ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താനും ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനം**

214 (226) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വയനാട്ടിൽ കോവിഡ് ബാധ റിപ്പോർട്ട് ചെയ്യുന്നതിനുമുമ്പ് ജില്ലാ ആശുപത്രിയായിരുന്ന വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 6 വെന്റിലേറ്ററുകളും 10 ഐ.സി.യു. ബെഡ്ഡുകളും മാത്രമാണ് ഉണ്ടായിരുന്നത്. 31-5-2021-ലെ കണക്ക് പ്രകാരം മാനന്തവാടിയിൽ 46 വെന്റിലേറ്ററുകളും 31 ഐ.സി.യു. ബെഡ്ഡുകളുമുണ്ട്. 280 ലിറ്റർ/മിനുട്ട് ശേഷിയുള്ള ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചു. പുതിയ നഴ്സിംഗ് സ്കൂൾ കെട്ടിടത്തിലും ഹോസ്പിറ്റൽ ബ്ലോക്കിലുമായി 257 ഓക്സിജൻ പോർട്ട് ബെഡ്ഡുകൾ സജ്ജീകരിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് "ലക്ഷ്യ" സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തി. 16 ഡി ടൈപ്പ് ഓക്സിജൻ സിലിണ്ടറുകൾ ഉള്ളത് 325-ഉം 102 ബി ടൈപ്പ് സിലിണ്ടറുകൾ ഉള്ളത് 227-ഉം ആയി. വെന്റിലേറ്റർ സൗകര്യത്തോടുകൂടിയ ഒരു ഐ.സി.യു. ആംബുലൻസ് സജ്ജമാക്കി. കോവിഡ് രോഗികൾക്കുവേണ്ടി അനുബന്ധ ഉപകരണങ്ങളോടുകൂടി 272 ബെഡ്ഡുകൾ സജ്ജമാക്കിയിട്ടുണ്ട്. 1500 ലിറ്റർ/മിനിട്ട് ശേഷിയുള്ള ഓക്സിജൻ ജനറേറ്റർ പ്ലാന്റിന് നിലവിൽ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാരുമായി സംവദിക്കാൻ ടെലി ഐ.സി.യു. സംവിധാനം ഏർപ്പെടുത്തി. നിലവിൽ ജില്ലയിലെ കോവിഡ് ആശുപത്രികളിൽ ആകെ 774-ഉം സി.എഫ്.എൽ.ടി.സി./സി.എസ്.എൽ.ടി.സി.-കളിൽ 52-ഉം ഓക്സിജൻ സിലിണ്ടറുകൾ സ്റ്റോക്കുണ്ട്.

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 7,83,80,000(ഏഴ് കോടി എൺപത്തി മൂന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രതിദിനം എത്ര അളവ് ഓക്സിജൻ വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഒരു മിനിട്ടിൽ 280 ലിറ്റർ ഓക്സിജൻ ഉൽപ്പാദിപ്പിക്കാൻ കഴിയും.

## പൾസ് ഓക്സീമീറ്ററുകളുടെ ക്ഷാമം

215 (227) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൾസ് ഓക്സീമീറ്ററുകൾക്ക് സംസ്ഥാനത്ത് ക്ഷാമം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനും പൾസ് ഓക്സീമീറ്ററിന് അമിത വില ഈടാക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് ഇതിനകം നടത്തിയതെന്നും വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ രണ്ടാം തരംഗത്തെത്തുടർന്ന് ചികിത്സാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്ന കോവിഡ് പോസിറ്റീവ് രോഗികളിൽ Oxygen Saturation-ന്റെ അളവ് നിരീക്ഷിക്കണമെന്ന് നിർദ്ദേശമുണ്ട്. ഇവയുടെ ആവശ്യാനുസരണമുള്ള ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി മൊത്തവ്യാപാരികൾ നിർമ്മാതാക്കളിൽനിന്ന് സ്റ്റോക്ക് ലഭ്യമാക്കി വിതരണം നടത്തിവരുന്നുണ്ട്. സംസ്ഥാന സർക്കാർ ഇവയെ അവശ്യ വസ്തുക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി, ഇവയുടെ സവിശേഷതയും പരമാവധി ചില്ലറ വിൽപ്പന വിലയും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൾസ് ഓക്സീമീറ്ററുകൾ മെഡിക്കൽ ഡിവൈസസിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനാൽ മെഡിക്കൽ ഡിവൈസ് റൂൾസ് 2017 പ്രകാരമുള്ള എല്ലാ ലേബലിംഗ് മാനദണ്ഡങ്ങളും പാലിച്ചാണോ ഇവ വിതരണം/വിൽപ്പന ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഇവയുടെ വിൽപ്പന സംബന്ധിച്ച് നിരന്തര പരിശോധന സംസ്ഥാനത്തുടനീളം നടത്തുകയും നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ലേബലിംഗ് മാനദണ്ഡങ്ങളില്ലാത്തവയുടെ വിൽപ്പന തടയുകയും ചെയ്തിട്ടുണ്ട്. നിലവിൽ പൾസ് ഓക്സീമീറ്ററിന് ദൗർലഭ്യം ഇല്ലെന്നും കാണുന്നു. വിവിധ കമ്പനികളുടെ പൾസ്

ഓക്സീമീറ്ററുകൾ എച്ച്.എൽ.എൽ.-ന്റെ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിവരുന്നു. ടെസ്റ്റ് റിസൾട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഗുണനിലവാരമുള്ള പൾസ് ഓക്സീമീറ്ററുകളുടെ പേരും വിലയും അടങ്ങുന്ന ചുരുക്കപ്പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) പൾസ് ഓക്സീമീറ്റർ സംസ്ഥാനത്തുതന്നെ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഗുണനിലവാരമുള്ള പൾസ് ഓക്സീമീറ്ററുകൾ സംസ്ഥാനത്തുതന്നെ നിർമ്മിക്കുന്നതിനായി കെൽട്രോണിനെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്.

**കോവിഡ് വാക്സിൻ**

216 (228) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം ആവശ്യത്തിന് കോവിഡ് വാക്സിൻ ലഭ്യമാക്കാത്ത സാഹചര്യത്തിൽ കേരളം സ്വന്തം നിലയിൽ ആഗോള ടെണ്ടർ വിളിച്ച് വാക്സിൻ വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിന്റെ തുടർനടപടികൾ വിശദമാക്കുമോ;

&

(ബി) ഇതിന്റെ ഭാഗമായി എപ്പോൾ വാക്സിൻ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

കേന്ദ്രസർക്കാരിൽനിന്നും ആവശ്യമായ അളവിൽ കോവിഡ് വാക്സിൻ ലഭ്യമാകാത്ത സാഹചര്യത്തിൽ മൂന്ന് കോടി കോവിഡ് വാക്സിൻ സംഭരിക്കുന്നതിനായി ആഗോള തലത്തിൽ ദർഘാസ് ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18-5-2021-ന് കോർപ്പറേഷൻ ആഗോള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിന്റെ പ്രീ-ടെണ്ടർ മീറ്റിംഗ് 25-5-2021-ന് ഓൺലൈനായി നടത്തിയിരുന്നു. ദർഘാസ് വ്യവസ്ഥ പ്രകാരം 7-6-2021 ആണ് ദർഘാസ് ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി. പ്രസ്തുത ദർഘാസിന്റെ സാങ്കേതിക ബിഡുകൾ 10-6-2021-ൽ തുറന്ന് പരിശോധിക്കുന്നതും

അതിൽ യോഗ്യത നേടുന്ന വിതരണക്കാരുടെ പ്രൈസ് ബിഡുകൾ തുറന്നു പരിശോധിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന ബിഡർക്ക് ലെറ്റർ ഓഫ് ഇൻഡന്റും വിതരണോത്തരവും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ആകെ ദർഘാസ് അളവായ 3 കോടി ഡോസ് കോവിഡ് വാക്സിനിൽ, 25% വീതമുള്ള 4 തവണകളായാണ് വിതരണോത്തരവുകൾ നൽകുന്നത്. അത്തരത്തിൽ നൽകുന്ന ഓരോ വിതരണോത്തരവും ടി ഉത്തരവ് നൽകുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ വിതരണം പൂർത്തീകരിക്കണം എന്നതാണ് ദർഘാസ് വ്യവസ്ഥ.

## രണ്ടാം ഡോസ് കോവിഡ്-19 വാക്സിൻ ലഭ്യമാകാത്തവർ

217 (229) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 45 വയസ്സിന് മുകളിലുള്ളവരിൽ എത്രപേർ കോവിഡ് വാക്സിൻ ആദ്യ ഡോസ് സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് 45 വയസ്സിന് മുകളിലുള്ളവരിൽ 4-6-2021 വരെ 7877152 പേർ കോവിഡ് വാക്സിൻ ആദ്യ ഡോസ് സ്വീകരിച്ചിട്ടുണ്ട്.

(ബി) ആദ്യ ഡോസ് സ്വീകരിച്ചവരിൽ കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരമുള്ള നിശ്ചിത ദിവസങ്ങൾക്കുള്ളിൽ രണ്ടാം ഡോസ് വാക്സിൻ ലഭ്യമാകാത്ത എത്രപേരുണ്ട് എന്ന വിവരം ലഭ്യമാക്കുമോ?

ആദ്യ ഡോസ് സ്വീകരിച്ചവരിൽ കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരമുള്ള നിശ്ചിത ദിവസങ്ങൾക്കുള്ളിൽ രണ്ടാം ഡോസ് കോവിഷീൽഡ് വാക്സിൻ ലഭിക്കാനുള്ളവർ 39132 പേരും കോവാക്സിൻ ലഭിക്കാനുള്ളവർ 78588 പേരുമാണ്.

## കോവിഡ് പ്രതിരോധ പ്രവർത്തനം

218 (230) <u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. പി. ടി. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ താഴെത്തട്ടിലെ മുന്നണിപ്പോരാളികളായി പ്രവർത്തിക്കുന്ന ആശാവർക്കർമാർ അടക്കമുള്ളവരുടെ സുരക്ഷ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

കേരളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായി പ്രവർത്തിക്കുന്ന എല്ലാ ആശാവർക്കർമാർക്കും കോവിഡ് തുടങ്ങിയ സമയത്തുതന്നെ ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകിയിരുന്നു. കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുമായി മുന്നോട്ടിറങ്ങുന്ന എല്ലാ ആശാവർക്കർമാർക്കും ആവശ്യമായ മാസ്കുകളും, സാനിറ്റൈസറുകളും, കയ്യുറകളും അതത് ആശുപത്രികളിൽനിന്ന് നൽകിവരുന്നുണ്ട്.

(ബി) ആശാവർക്കർമാരുടെ കഴിഞ്ഞ മൂന്ന് മാസത്തെ ഓണറേറിയം മുടങ്ങിയിട്ടുണ്ടോ?

ആശാവർക്കർമാർക്ക് ഏപ്രിൽ 2021 വരെയുള്ള ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്.

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായി പ്രവർത്തിക്കുന്ന ആശാവർക്കർമാർ അടക്കമുള്ളവർക്ക് ഓണറേറിയത്തിനുപുറമെ റിസ്ക് അലവൻസ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസം തോറും 1,000 രൂപ കോവിഡ് ഇൻസെന്റീവായി 2020 ഫെബ്രുവരി മുതൽ നൽകിവരുന്നുണ്ട്.

## കോവിഡ് വാക്സിൻ ഫലപ്രാപ്തി പഠനം

219 (231) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കോവിഡ് വാക്സിനുകളാണ് സർക്കാർ ജനങ്ങൾക്ക് നൽകുന്നത്; ഓരോ വാക്സിനും എത്രത്തോളം ഫലപ്രദമാണെന്ന പഠനം സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് നിലവിൽ കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകളാണ് നൽകിവരുന്നത്. സർക്കാർ തലത്തിൽ നിലവിൽ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഭാവിയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് വാക്സിനുകൾ സ്വീകരിച്ച വ്യക്തികൾ പാലിക്കേണ്ട മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

&

(സി) രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച വ്യക്തികൾക്ക് രോഗം വരാനുള്ള സാധ്യതയുണ്ടെന്നിരിക്കെ ഇവർക്ക് സംസ്ഥാന സർക്കാർ പ്രത്യേക ഇളവുകൾ നൽകുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ?

മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് വാക്സിൻ എടുത്തവർക്കും മറ്റു രോഗികളിൽനിന്നും കോവിഡ്-19 വരാനുള്ള സാധ്യതയുണ്ട്. അതിനാൽ കോവിഡ് വാക്സിൻ എടുത്തതിനുശേഷവും മാസ്കുകൾ ഉപയോഗിക്കുകയും സാമൂഹിക അകലം പാലിക്കുകയും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമുണ്ട്. കോവിഡ് വാക്സിൻ സ്വീകരിച്ചവർക്ക് ഗുരുതരമായ രോഗ ബാധയുണ്ടാകാനുള്ള സാധ്യത കുറവാണ്. സർക്കാർ രണ്ട് ഡോസ് വാക്സിനേഷൻ എടുത്തവർക്കും കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിൽ ഇളവുകൾ നൽകിയിട്ടില്ല.

**നെയ്യാറ്റിൻകര ആശുപത്രിക്ക് ലഭിച്ച മെഡിക്കൽ ഉപകരണങ്ങൾ**

220 (232) <u>ശ്രീ. കെ. ആൻസലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽനിന്നും ഏതൊക്കെ ഉപകരണങ്ങളാണ് നൽകിയതെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽനിന്നും നൽകിയ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No | Name of Item | Quantity |
|---|---|---|
| (1) | (2) | (3) |
| 1 | Syringe Pump | 5 |
| 2 | Suction Apparatus | 5 |
| 3 | Suction Apparatus | 1 |
| 4 | Oxygen Cylinder with stand and flow meter & Humidifier | 10 + 3 |
| 5 | Flow Meter | 5 |
| 6 | Trolly (Oxygen) | 5 |
| 7 | Oxygen Cylinder - B type | 20 |
| 8 | Laryngoscope | 5 |
| 9 | Fumigation Dispensor | 1 |

| (1) | (2) | (3) |
|---|---|---|
| 10 | Crash Cart | 1 |
| 11 | Defibrillator - Biphasic | 1 |
| 12 | Vertical Autoclave | 1 |
| 13 | Oxygen Concentrator (5L) | 10 |
| 14 | Oxygen Concentrator (10L) | 5 |
| 15 | EBAS 10 16 Ventilator (Portable) | 1 |
| 16 | High Flow nasal Cannula Therapy | 2 |
| 17 | Oxygen Cylinder - D Type | 50 |
| 18 | C.Pap-Ventilator | 2 |
| 19 | Infrared Thermometer | 7 |

(ബി) ഏതെങ്കിലും ഉപകരണങ്ങൾ ഇനി നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഓക്സിജൻ പ്ലാന്റ് ഏർപ്പെടുത്തേണ്ടതുണ്ട്. അതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കോവിഡ് വ്യാപന കാലത്തെ ചൂഷണം തടയാൻ സ്വീകരിച്ച നടപടികൾ**

221 (233) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം കൂടിവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ് വ്യാപനം കൂടിവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്:

1. കോവിഡ് വ്യാപനം കൂടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ ഉപയോഗത്തിനായി

4000 എണ്ണം ഓക്സിജൻ സിലിണ്ടർ (BULK) വിതരണം ചെയ്യുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. ടി സിലിണ്ടറുകൾ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. നിലവിൽ കേരളത്തിൽ ലഭ്യമായിട്ടുള്ള വ്യാവസായിക സിലിണ്ടറുകളിൽ ഓക്സിജൻ നിറച്ച് മെഡിക്കൽ ഓക്സിജൻ സിലിണ്ടറുകളാക്കി മാറ്റി കോവിഡ് രോഗികൾക്ക് ഉപയോഗത്തിനായി ആശുപത്രികളിലേയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്.

3. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ദ്രവീകൃത ഓക്സിജൻ ISO കണ്ടെയ്നർ വാഹനം ഉപയോഗിച്ച് ശേഖരിച്ച് നിലവിൽ ദ്രവീകൃത മെഡിക്കൽ ഓക്സിജൻ ടാങ്ക് ലഭ്യമായ ആശുപത്രികളിൽ കോവിഡ് രോഗികളുടെ ഉപയോഗത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. കൂടാതെ ഓക്സിജൻ ക്ഷാമം രൂക്ഷമാകാനുള്ള സാധ്യത കണക്കിലെടുത്തുകൊണ്ട് കൊച്ചിൻ റിഫൈനറീസ്, KMML മുതലായ സർക്കാർ സ്ഥാപനങ്ങളിൽ ദ്രവീകൃത ഓക്സിജൻ ശേഖരിച്ചുവച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സി.എഫ്.എൽ.ടി.സി.-കളിൽ ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ സി.എഫ്.എൽ.റ്റി.സി.-കളിൽ ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1076 ഓക്സിജൻ സിലിണ്ടറുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം-112, കൊല്ലം-115, പത്തനംതിട്ട-36, ആലപ്പുഴ-58, കോട്ടയം-88, ഇടുക്കി-46, എറണാകുളം-60, തൃശ്ശൂർ-100, പാലക്കാട്-115, വയനാട്-105, മലപ്പുറം-65, കോഴിക്കോട്-69, കണ്ണൂർ-70, കാസർഗോഡ്-37.

(സി) സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ കോവിഡ് രോഗികളിൽനിന്നും അമിതമായ ചികിത്സാ തുക ഈടാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 15 അവശ്യ മെഡിക്കൽ

ഉപകരണം/വസ്തുക്കളുടെ നിരക്ക് നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കും ബാധകമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിന് വിഭിന്നമായി ചികിത്സാ നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പരാതി നൽകുന്നതിനായി പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തി. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറാണ് ജില്ലാ പരാതി പരിഹാര ഓഫീസർ. സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ സ്വീകരിച്ച നടപടികൾ പാലിക്കാത്ത ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

സർക്കാർ ഉത്തരവ് പാലിക്കാത്ത ആശുപത്രികൾക്കെതിരെ സംസ്ഥാനത്ത് 15-6-2021 വരെ ആകെ 143 പരാതികൾ വിവിധ ജില്ലാ പരാതി പരിഹാര ഓഫീസർമാർക്ക് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിലും മറ്റും മാസ്ക് തുടങ്ങിയ കോവിഡ് പ്രതിരോധ സാമഗ്രികൾക്ക് അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

മാസ്ക് ഉൾപ്പെടെ 15 അവശ്യ മെഡിക്കൽ ഉപകരണം/വസ്തുക്കളുടെ നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിരോധ ഉപകരണങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യ ഫാർമസികൾ വഴി വിതരണം ചെയ്തുവരുന്നു.

**കോവിഡ് വൈറസിന്റെ വകഭേദങ്ങൾ**

222 (234) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കോവിഡ് വൈറസിന്റെ ഏതൊക്കെ വകഭേദങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

എൻ.ഐ.വി. പൂനെയിൽനിന്നും ഡൽഹി ഐ.ജി.ഐ.ബി-യിൽ നിന്നും 27-04-2021 വരെയുള്ള റിപ്പോർട്ടുകൾ പ്രകാരം കേരളത്തിൽ അഞ്ച് തരം കോവിഡ് വൈറസ് വകഭേദങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. B.1.1.7 (UK) വകഭേദം 272 പേരിലും, B.1.351 (South Africa) വകഭേദം 31 പേരിലും, B.1.617 (മഹാരാഷ്ട്ര) വകഭേദം 55 പേരിലും B.1.525 വകഭേദം 6 പേരിലുമായി ആകെ 364 പേരിലാണ് കോവിഡ് വൈറസ് വകഭേദങ്ങൾ കേരളത്തിൽ കണ്ടെത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* വൈറസുകൾക്ക് മ്യൂട്ടേഷൻ സംഭവിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനായി ആർ.റ്റി.പി.സി.ആർ. പോസിറ്റീവ് ആയിട്ടുള്ള ആളുകളുടെ സാമ്പിളുകൾ എച്ച്.ജി.എസ്. (ഹോൾ ജീനോമിക് സ്വീക്വൻസിംഗ്) പരിശോധനയ്ക്കായി ഡൽഹിയിലെ ഐ.ജി.ഐ.ബി.-യിൽ അയച്ച് പരിശോധിക്കുന്നുണ്ട്. കൂടാതെ യു.കെ., ബ്രസീൽ, സൗത്ത് ആഫ്രിക്ക മുതലായ രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള യാത്രക്കാരുടെ ആർ.റ്റി.പി.സി.ആർ. പോസിറ്റീവ് സാമ്പിളുകൾ എൻ.ഐ.വി. പൂനെയിൽ അയച്ച് ഡബ്ല്യൂ.ജി.എസ്. പരിശോധന നടത്തുകയുണ്ടായി. Variant Strain കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിലെല്ലാം ടെസ്റ്റിംഗും, ക്വാറന്റൈനും ശക്തിപ്പെടുത്തുകയും സമ്പർക്കത്തിലുള്ളവരുടെ ടെസ്റ്റിംഗ് നടത്തി ആവശ്യമായ ചികിത്സാ സൗകര്യവും ലഭ്യമാക്കിയിരുന്നു. ഇതുകൂടാതെ തിരുവനന്തപുരത്തെ രാജീവ്ഗാന്ധി സെന്ററിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽനിന്നും സാമ്പിളുകൾ അയച്ച് Spike പ്രോട്ടീന്റെ സാന്നിധ്യവും Variant വൈറസിന്റെ സാന്നിധ്യവും പരിശോധിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കോവിഡിന്റെ കൂടുതൽ രൂക്ഷമായ മൂന്നാം തരംഗത്തിന് സാധ്യത സർക്കാർ മുന്നിൽ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ അത് നേരിടാൻ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ടെസ്റ്റ് പോസിറ്റിവിറ്റി, ക്ലസ്റ്റർ രൂപപ്പെടുന്നതിന്റെ വ്യാപ്തി, അണുബാധയ്ക്കുള്ള കാരണം, അണുബാധ വളരെ കൂടുതൽ സംഭവിക്കുന്നത് ആർക്കാണ് എന്നിവ നിരീക്ഷിച്ചാണ് കോവിഡ് മഹാമാരിയുടെ വ്യാപനം പഠിക്കുന്നത്. അതിനാൽ പുതിയ കേസുകൾ കണ്ടെത്തുന്നതിനുള്ള പരിശോധന സംസ്ഥാനം തുടരും. അതോടൊപ്പം ചെറുപ്പക്കാരിലും കുട്ടികളിലും പുതിയ കേസുകൾ കണ്ടെത്തുന്നതിന് പരിശോധന നടത്തും. അണുബാധ നിലവിലുള്ള Virus Strain കാരണമാണോ അതോ പുതിയ മ്യൂട്ടന്റ് വൈറസ് കൊണ്ടാണോയെന്ന് വിലയിരുത്തുന്നതിന്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലസ്റ്ററുകളിൽ നിന്നുള്ള സാമ്പിളുകൾ Genome സ്റ്റഡിക്ക് വിധേയമാക്കും. മ്യൂട്ടന്റ് വൈറസുകളുടെ വ്യാപനശേഷിയും രോഗതീവ്രതയും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ, വിദഗ്ദ്ധ സമിതിയുടെ ശിപാർശയെ അടിസ്ഥാനമാക്കി പുതിയ മ്യൂട്ടന്റ് വൈറസ് ബാധിച്ച പ്രദേശങ്ങളിൽ പ്രതിരോധ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും അണുബാധ പടരാനുള്ള സാധ്യത കുറയ്ക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യും. കുട്ടികൾക്കിടയിലെ കോവിഡ് വ്യാപനതോതിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടോയെന്ന് അറിയാൻ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും. അതോടൊപ്പം മുതിർന്നവരിൽ കോവിഡ് കേസുകൾ പെട്ടെന്ന് വർദ്ധിക്കുന്നത് നിരീക്ഷിക്കാൻ നിലവിലെ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ ഉച്ചസ്ഥായി പിന്നിട്ടതായി സർക്കാർ കരുതുന്നുണ്ടോ?

കോവിഡ് രണ്ടാം തരംഗം കേരളത്തിൽ ഏപ്രിൽ 2021 മുതൽ ആരംഭിച്ചതായി കണക്കാക്കാം. ഈ കാലയളവിൽ നാളിതുവരെ ശരാശരി ദിനംപ്രതി 22984 കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ തന്നെ ഏറ്റവുമധികം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് മേയ് 12-ന് 43529 ആണ്. ഇതിനെത്തുടർന്ന് മേയ് 8 മുതൽ സംസ്ഥാനത്ത് ലോക്ഡൗണും രോഗവ്യാപന നിരക്ക് അതിതീവ്രമായി തുടർന്ന ജില്ലകളിൽ ട്രിപ്പിൾ ലോക്ഡൗണും ഏർപ്പെടുത്തുകയുണ്ടായി. അതിനെത്തുടർന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളിൽ ദിനംപ്രതി കുറവ് കാണുകയും മേയ് 31-ന് 12300 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിരുന്നു. കണക്കുകൾ പരിശോധിച്ചതിൽനിന്നും രണ്ടാം തരംഗത്തിന്റെ ഉച്ചസ്ഥായി പിന്നിട്ടതായി കണക്കാക്കാവുന്നതാണ്.

(ഡി) ഇനിയുള്ള ദിവസങ്ങളിൽ മരണ നിരക്ക് കൂടാനുള്ള സാധ്യത കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് നേരിടാൻ എന്തൊക്കെ പ്രത്യേക നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മൂന്നാം തരംഗ സാധ്യതയെക്കുറിച്ച് കൃത്യമായ അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ലെങ്കിലും രോഗികളുടെ എണ്ണം കൂടുതലാകുന്ന സാഹചര്യം നേരിടുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രോഗസാധ്യത കൂടിയ 60 വയസ്സിന് മുകളിൽ പ്രായം ചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ, ഭിന്നശേഷിക്കാർ, കാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ

അസുഖങ്ങൾ എന്നിങ്ങനെ ഗുരുതരമായ രോഗബാധയുള്ളവർ, കിടപ്പ് രോഗികൾ എന്നിവരെ കൊറോണ രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനായി റിവേഴ്സ് ക്വാറന്റൈൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യം പദ്ധതിയുമായി ബന്ധപ്പെട്ട് "ഒറ്റയ്ക്കല്ല-ഒപ്പമുണ്ട്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടെയ്ൻമെന്റ് സോണുകൾ തിരിച്ച് വ്യാപനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരികയുമാണ്. കോവിഡ് പ്രതിരോധ വാക്സിനുകൾ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രികളിൽ അധിക മാനവവിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ/സ്വകാര്യ ആശുപത്രികളിൽ കൂടുതൽ ICU കിടക്കകളും, വെന്റിലേറ്റർ സൗകര്യങ്ങളും ഓക്സിജൻ ബെഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ആവശ്യമായ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന/ജില്ലാ തലങ്ങളിൽ വാർ റൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഓക്സിജൻ ലഭ്യത തടസ്സപ്പെടാതിരിക്കുന്നതിനായി ഓക്സിജൻ പ്ലാന്റുകളും സ്ഥാപിച്ചു വരുന്നുണ്ട്. ഓക്സിജൻ ഓഡിറ്റും സ്ഥാപന തലത്തിൽ നടത്തി വരുന്നു. സ്വകാര്യ ആശുപത്രികളിലെ 50% കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള DCC, CFLTC, CSLTC എന്നിവയുടെ എണ്ണവും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഒരു ലക്ഷത്തിന് മുകളിൽ പ്രതിദിന ടെസ്റ്റുകൾ നടത്തിവരുന്നുണ്ട്. ജനിതകമാറ്റം സംഭവിച്ച വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിന് Sentinal Surveillance Site ആരംഭിച്ചു. സാമ്പിളുകൾ NIV-പൂനെ, IGIB-ഡൽഹി, RGCB-തിരുവനന്തപുരം എന്നിവിടങ്ങളിൽ അയച്ച് പരിശോധിച്ചുവരുന്നു. കോവിഡുമായി ബന്ധപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) രോഗബാധയുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി 16-5-2021-ന് ടെക്നിക്കൽ ഗൈഡ്‌ലൈൻ സർക്കാർ തലത്തിൽ പുറപ്പെടുവിക്കുകയും അത് പിൻതുടരുകയും ചെയ്തുവരുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി

വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ച് 27-5-2021-ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യതയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും സർക്കാർ/സ്വകാര്യ ആശുപത്രികളിലെയും ഡോക്ടർമാർക്കും ജീവനക്കാർക്കും ICU/വെന്റിലേറ്റർ ട്രെയിനിംഗ്, ബ്ലാക്ക് ഫംഗസ്, ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിൽ നിരന്തരം പരിശീലനം നൽകിവരുന്നു. കോവിഡേതര രോഗികളെ ചികിത്സിക്കുന്നതിനായി E-Sanjeevani Tele Consultation Platform സജ്ജീകരിക്കുകയും ഇതുവഴി വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സേവനം വീടുകളിൽ ചികിത്സയിൽ കഴിയുന്ന കോവിഡ് രോഗികൾക്കും ലഭ്യമാണ്. കോവിഡ് മുക്തരായവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പി.എച്ച്.സി./ സി.എച്ച്.സി. തലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. ജീവനക്കാർക്കും, പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനായി എല്ലാ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തിവരുന്നു. മൂന്നാം തരംഗത്തിൽ രോഗം കുട്ടികളെയും ബാധിക്കുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. അതോടൊപ്പം identification, testing, tracking, tracing, quarantine, treatment എന്നിങ്ങനെ വ്യാപനം തടയുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും നടത്തിവരുന്നു. കൂടാതെ ശിശുരോഗ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. അതിനായി പരിശോധനയും നിരീക്ഷണവും ഫലപ്രദമായി നടത്തുകയും തൃതീയ തലത്തിലുള്ള ആശുപത്രികളിൽ Care & support unit, HDUs, Paediatric ICUs എന്നിവ സജ്ജമാക്കും. അതോടൊപ്പം ശിശുരോഗ വിഭാഗത്തിന്റെ ചികിത്സയ്ക്കായി പ്രത്യേക പ്രോട്ടോക്കോൾ പുറപ്പെടുവിക്കുകയും ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കോവിഡിന്റെ മൂന്നാം തരംഗം ഉണ്ടായാൽ അതിനെ നേരിടുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ സജ്ജമാക്കി നിർത്തുന്നതിനായി 6 ഇനങ്ങൾ അടങ്ങുന്ന ഒരു കർമ്മ പരിപാടിക്ക് 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ട്.

## കോവിഡ് വാക്സിൻ കുത്തിവയ്പ്പ് കേന്ദ്രങ്ങൾ

223 (235) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്ക് ഇതിനകം കോവിഡ് വാക്സിനുകൾ നൽകിയെന്നും ഇവ ജനസംഖ്യാനുപാതികമായി എത്ര ശതമാനം വരുമെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മലപ്പുറം ജില്ലയിൽ കോവിഡ് പോസിറ്റിവിറ്റി നിരക്കുകൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ കോവിഡ് പോസിറ്റിവിറ്റി നിരക്കുകൾ കുറയ്ക്കുന്നതിന് സർക്കാർ ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു. കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിച്ചു (18-5-2021 മുതൽ 31-5-2021 വരെ ചെയ്ത പരിശോധനകളുടെ എണ്ണം 258062). ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഒന്നിലധികം കോവിഡ് പരിശോധനാ കേന്ദ്രങ്ങൾ ആരംഭിച്ചു. കോവിഡ് പരിശോധനാ കിറ്റുകളുടെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്തി. ഇതുവഴി ചെറിയ ലക്ഷണങ്ങൾ ഉള്ളവരെപ്പോലും പരിശോധിച്ച് നേരത്തെ രോഗം കണ്ടെത്തി, ഐസൊലേറ്റ് ചെയ്തത് വ്യാപനം കുറയ്ക്കാൻ സഹായകമായി. പരിശോധനക്കായി രണ്ട് പി.സി.ആർ. ലാബിന് (1800 per day capacity) പുറമേ കെ.എം.എസ്.സി.എൽ.-ന്റെ മൊബൈൽ പി.സി.ആർ. ലാബ് തിരൂർ ജില്ലാ ആശുപത്രിയിൽ സ്ഥാപിച്ചു. കൂടാതെ 6 മൊബൈൽ പരിശോധനാ ടീമുകളെ വിന്യസിച്ചു. കൂടാതെ Vulnerable വിഭാഗങ്ങളിലായി ഗോത്രവർഗ്ഗ വിഭാഗക്കാർ, അതിഥി തൊഴിലാളികൾ, മത്സ്യബന്ധന തൊഴിലാളികൾ എന്നിവരിൽ കോവിഡ് ക്ലസ്റ്ററുകൾ ഉണ്ടാവുന്നത് തടയാനായുള്ള നടപടികൾ സ്വീകരിച്ചു. കൂടുതൽ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കോവിഡ് പരിശോധനകൾ മൊബൈൽ പരിശോധനാ സംഘങ്ങളെ ഉപയോഗിച്ച് ചെയ്തിരുന്നു. 19-ൽ അധികം കോളനികളിലായി 1297 കോവിഡ് പരിശോധനകളും അതിഥി തൊഴിലാളികൾക്കായി 657 ടെസ്റ്റുകളും മത്സ്യബന്ധന തൊഴിലാളികൾക്കായി 3789 ടെസ്റ്റുകളും ചെയ്തിട്ടുണ്ട്. മേയ് രണ്ടാമത്തെ ആഴ്ച ജില്ലയിൽ ശരാശരി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി.പി.ആർ. 32 ശതമാനമായിരുന്നത് ജൂൺ ആദ്യവാരം 12.9 ശതമാനമായി കുറയ്ക്കാനായി. കോവിഡ് പോസിറ്റീവ് ആയവരുടെ ഹൈ റിസ്ക് കോണ്ടാക്ടുകളെ 24 മണിക്കൂറിനുള്ളിൽത്തന്നെ കണ്ടെത്താൻ ഹെൽത്ത് ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രത്യേക കോണ്ടാക്ട് ട്രേസിംഗ് ടീമുകളെ രൂപീകരിച്ചു. ഇവർ നൽകുന്ന ലിസ്റ്റ് പ്രകാരം സമ്പർക്കം വന്നവരുടെ ക്വാറന്റൈനും പരിശോധനയുംകൂടി ഉറപ്പുവരുത്തിയതുവഴി രോഗ പകർച്ചയുടെ തോത് കുറയ്ക്കാനായി. ലോക്ഡൗൺ തുടങ്ങിയ നിയന്ത്രണങ്ങൾ ആളുകളുടെ സാമൂഹിക സമ്പർക്കങ്ങൾ കുറയ്ക്കാൻ സഹായിച്ചു. ഇത് വ്യാപന തോത് കുറച്ചു. ഒരു കുടുംബത്തിൽത്തന്നെ ധാരാളം അംഗങ്ങളുള്ള കുടുംബങ്ങളിൽ രോഗപ്പകർച്ച കുറയ്ക്കുന്നതിനായി മതിയായ സൗകര്യങ്ങളില്ലാത്ത വീടുകളിൽനിന്നും പോസിറ്റീവ് ആയവരെ എത്രയും പെട്ടെന്നുതന്നെ ഐസൊലേഷൻ കേന്ദ്രങ്ങളിലേയ്ക്ക് (DCC) മാറ്റാൻ സൗകര്യമൊരുക്കി.

(സി) ജില്ലയിൽ കൂടുതൽ വാക്സിനുകളും കുത്തിവയ്പ് കേന്ദ്രങ്ങളും അനുവദിക്കുമോ?

ജില്ലകളിലെ ജനസംഖ്യ, വാക്സിന്റെ ഉപയോഗം, ജില്ലകളിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ് വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. കേന്ദ്രസർക്കാർ വാക്സിൻ കേരളത്തിലേയ്ക്ക് നൽകുന്നത് ജില്ലാ വാക്സിൻ സ്റ്റോർ, ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് കൂടി പരിഗണിച്ചാണ്. മലപ്പുറം ജില്ലയിലേയ്ക്ക് ആദ്യഘട്ടങ്ങളിൽ 2021 ജനുവരി മാസത്തിൽ 53870-ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17%) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. വാക്സിൻ സംബന്ധിച്ച തെറ്റിദ്ധാരണ വാക്സിനേഷന്റെ വേഗതയെ തുടക്കത്തിൽ ബാധിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ കൂടുതലായി ജനങ്ങൾ വാക്സിനേഷൻ എടുക്കുകയും ജില്ലയിൽ വാക്സിൻ ആനുപാതികമായി അനുവദിക്കുകയും ചെയ്യുന്നുണ്ട്. മലപ്പുറം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആവശ്യകതയനുസരിച്ച് ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ജില്ലാ ടാസ്ക് ഫോഴ്സിന് അധികാരമുണ്ട്.

## കോവിഡ്മൂലം ജീവഹാനി

224 (236) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 മഹാമാരിയെത്തുടർന്ന് നാളിതുവരെ എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്ന് അറിയിക്കുമോ?

ജൂൺ 1 വരെയുള്ള കണക്കനുസരിച്ച് 9009 പേരാണ് കോവിഡ്മൂലം മരണമടഞ്ഞിട്ടുള്ളത്.

(ബി) കോവിഡ് രണ്ടാം തരംഗത്തിൽ ചെറുപ്പക്കാർ കൂടുതലായി മരണപ്പെടുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്റെ കാരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യമുള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലുമാണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ മാത്രം 1389695 കോവിഡ് രോഗബാധിതരും 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 വയസ് മുതൽ 30 വയസ്സുവരെയുള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ് മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായമുള്ളവരിലാണ് (കേസ്-17105, മരണം-502, മരണ നിരക്ക്- 2.93%). 71 മുതൽ 80 വയസ്സുവരെയുള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു (കേസ് 50959, മരണം 988, മരണ നിരക്ക് 1.94%). കൂടാതെ 91 വയസ് മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് 1.55%). കോവിഡ് രോഗബാധമൂലമാണ് മരണമെന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റ് രോഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന മരണനിരക്ക് എങ്കിൽ നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽനിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു.

(സി) മൂന്നാം തരംഗം ഉണ്ടായാൽ കുട്ടികളെയാണ് മാരകമായി ബാധിക്കുക എന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

കുട്ടികളിൽ കോവിഡ് രോഗബാധ ഉണ്ടായാൽ അത് നിയന്ത്രിക്കുന്നതിനും ചികിത്സയ്ക്കുമായുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ കുഞ്ഞുങ്ങളുടെ ചികിത്സ സംബന്ധിച്ചും റഫറൽ പ്രോട്ടോക്കോളിനെപ്പറ്റിയും നവജാത ശിശുക്കളുടെ ഐ.സി.യു. മാനേജ്മെന്റിനെപ്പറ്റിയും പീഡിയാട്രിക് ഐ.സി.യു. മാനേജ്മെന്റിനെപ്പറ്റിയും കോവിഡ് പോസിറ്റീവ് ആയ അമ്മമാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളുടെ ചികിത്സയെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ടെസ്റ്റ് പോസിറ്റിവിറ്റി, ക്ലസ്റ്റർ രൂപപ്പെടുന്നതിന്റെ വ്യാപ്തി, അണുബാധയ്ക്കുള്ള കാരണം, അണുബാധ വളരെ കൂടുതൽ സംഭവിക്കുന്നത് ആർക്കാണ് എന്നിവ നിരീക്ഷിച്ചാണ് കോവിഡ് മഹാമാരിയുടെ വ്യാപനം പഠിക്കുന്നത്. അതിനാൽ പുതിയ കേസുകൾ കണ്ടെത്തുന്നതിനുള്ള പരിശോധന സംസ്ഥാനം തുടരും. അതോടൊപ്പം ചെറുപ്പക്കാരിലും കുട്ടികളിലും പുതിയ കേസുകൾ കണ്ടെത്തുന്നതിന് പരിശോധന നടത്തും. അണുബാധ നിലവിലുള്ള Virus Strain കാരണമാണോ അതോ പുതിയ മ്യൂട്ടന്റ് വൈറസ് കൊണ്ടാണോയെന്ന് വിലയിരുത്തുന്നതിന് ക്ലസ്റ്ററുകളിൽ നിന്നുള്ള സാമ്പിളുകൾ Genome സ്റ്റഡിക്ക് വിധേയമാക്കും. മ്യൂട്ടന്റ് വൈറസുകളുടെ വ്യാപനശേഷിയും രോഗതീവ്രതയും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ വിദഗ്ദ്ധ സമിതിയുടെ ശിപാർശയെ അടിസ്ഥാനമാക്കി പുതിയ മ്യൂട്ടന്റ് വൈറസ് ബാധിച്ച പ്രദേശങ്ങളിൽ പ്രതിരോധ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും അണുബാധ പടരാനുള്ള സാധ്യത കുറയ്ക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യും. കുട്ടികൾക്കിടയിലെ കോവിഡ് വ്യാപന തോതിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടോയെന്ന് അറിയാൻ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും. അതോടൊപ്പം മുതിർന്നവരിൽ കോവിഡ് കേസുകൾ പെട്ടെന്ന് വർദ്ധിക്കുന്നത് നിരീക്ഷിക്കാൻ നിലവിലെ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) കോവിഡ് വാക്സിനുകൾ നൽകാൻ പാടില്ലാത്ത വിഭാഗക്കാർ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഗർഭിണികൾ, 18 വയസ്സിന് താഴെയുള്ളവർ, കോവിഡ് വാക്സിൻ അല്ലെങ്കിൽ വാക്സിനോടോ അതിലെ ചേരുവകളോടോ അലർജിയുള്ളവർ എന്നിവർക്ക് വാക്സിൻ നൽകാറില്ല.

(ഇ) സമയബന്ധിതമായി കുട്ടികൾക്ക് അടക്കം വാക്സിൻ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് വാക്സിനേഷൻ നടത്തിവരുന്നത്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം 18 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സംസ്ഥാനത്ത് നടത്തിവരുന്നത്.

## കോവിഡ്-19 സൗജന്യ വാക്സിൻ

225 (237) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിനായി എല്ലാവർക്കും സൗജന്യമായി വാക്സിൻ നൽകുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

18 മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റിഡ് കമ്പനികൾക്ക് ഓർഡർ നൽകിയതിൽ ഇതുവരെ (1-6-2021) 884290 ഡോസുകൾ ലഭിച്ചു. 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. തുടക്കത്തിൽ സംസ്ഥാനത്ത് 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു. അത് വളരെ വേഗംതന്നെ ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 7-6-2021 വരെ കേന്ദ്രം 9533830 ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടർനടപടികൾ സ്വീകരിച്ചിരുന്നു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസംവരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണമെന്ന ഉദ്ദേശത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ

വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു.

(ബി) വാക്സിൻ വിതരണത്തിനായി സർക്കാർ നിശ്ചയിച്ച മുൻഗണനകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ് വാക്സിൻ തുടക്കം മുതൽ (2021 ജനുവരി 16 മുതൽ) നൽകുന്നത് കേന്ദ്രസർക്കാരാണ്. തുടക്കത്തിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കാണ് വാക്സിൻ നൽകിയത്. അതിനുശേഷം മുന്നണിപ്പോരാളികൾക്ക് (പോലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ) ഫെബ്രുവരി 11 മുതലാണ് വാക്സിൻ നൽകിയത്. അടുത്ത ഘട്ടമായി മാർച്ച് 1 മുതൽ 60 വയസ്സ് കഴിഞ്ഞവർക്കും, മറ്റ് അനുബന്ധരോഗങ്ങളുള്ള 45 വയസ്സിന് മുകളിലുള്ളവർക്കും നൽകിത്തുടങ്ങി. ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ള എല്ലാവർക്കും നൽകിത്തുടങ്ങി. ഇത്രയും ജനങ്ങൾക്കുള്ള വാക്സിൻ കേന്ദ്രസർക്കാർ സൗജന്യമായി എല്ലാ സംസ്ഥാനങ്ങൾക്കും നൽകി വരുന്നു. വാക്സിൻ വിതരണം ഓരോ ഏജ് ഗ്രൂപ്പിനും ഓരോ സംസ്ഥാനത്തിന്റെ ടി ഏജ് ഗ്രൂപ്പിലെ അർഹരായ ജനസംഖ്യയുടെ എണ്ണത്തിനനുസരിച്ചാണ് കേന്ദ്രസർക്കാർ വാക്സിൻ നൽകി വരുന്നത്. ഇതുപ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യതയനുസരിച്ച് കേന്ദ്രസർക്കാർ നൽകിവരുന്നു. ഇതുവഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യതയനുസരിച്ചും നൽകിവരുന്നു. 18-44 വയസ്സുവരെയുള്ളവർക്ക് വാക്സിൻ സൗജന്യമായി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരിൽ കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 19-5-2021-ലെ G.O.(Rt) No. 1102/2021/ H&FWD ഉത്തരവ് പ്രകാരം 32 വിഭാഗങ്ങളിലെ 18-44 വയസ്സിനിടയിലുള്ളവരെ മുൻനിരപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിനേഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ 24-5-2021-ലെ G.O.(Rt)No.1114/2021/H&FWD ഉത്തരവ് പ്രകാരം 11 വിഭാഗങ്ങളെക്കൂടി ഇത്തരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് 2-6-2021-ലെ G.O.(Rt)No. 1179/2021/ H&FWD ഉത്തരവ് പ്രകാരം 13 വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുകയുണ്ടായി. ഇതോടൊപ്പംതന്നെ 18-44 പ്രായപരിധിയിലുള്ള

അനുബന്ധ രോഗമുള്ളവർക്കും സർക്കാർ ചെലവിൽ വാക്സിൻ സൗജന്യമായി നൽകിവരുന്നു. കേരള സർക്കാരിന്റെ തീരുമാനപ്രകാരം കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി സർക്കാർ കണക്കാക്കിയിരിക്കുന്നത്. 2-6-2021 വരെ 56 വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കോവിഡ് 19-നെ ചെറുക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വന്തമായി വാക്സിൻ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായെന്ന് അറിയിക്കുമോ?

പരിശോധിച്ചുവരുന്നു.

## കോവിഡ് വാക്സിനേഷൻ

226 (238) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുപത് വയസ് കഴിഞ്ഞതും യാത്ര ചെയ്യാൻ ശേഷിയില്ലാത്തതുമായ എത്രപേർ ഇതുവരെ കോവിഡ് വാക്സിനേഷൻ എടുക്കാൻ സാധിക്കാതെ വീടുകളിൽ കഴിയുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

&

(ബി) അതുസംബന്ധിച്ച് സർവ്വേ നടത്തി അവർക്കുവേണ്ടി മൊബൈൽ വാക്സിനേഷൻ സംവിധാനമൊരുക്കാൻ സർക്കാർ തയ്യാറാകുമോ?

കിടപ്പുരോഗികൾക്കും മുതിർന്ന പൗരൻമാർക്കും വീടുകളിൽ പോയി വാക്സിനേഷൻ നൽകുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം

1. കിടപ്പു രോഗികൾക്കും അവശത അനുഭവിക്കുന്ന മറ്റു രോഗികൾക്കും യാത്ര ചെയ്യാൻ പ്രയാസം അനുഭവിക്കുന്ന മറ്റ് ജനവിഭാഗങ്ങൾക്കും നേരിട്ട് ഗൃഹ സന്ദർശനം നടത്തി വാക്സിൻ നൽകുന്നതാണ്.

2. ഇത്തരത്തിലുള്ള ജനവിഭാഗത്തിന്റെ വിശദാംശംങ്ങൾ മുൻകൂട്ടി ശേഖരിച്ച് തയ്യാറാക്കി സമ്മതപത്രം വാങ്ങിയതിനുശേഷം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഈ വാക്സിനുകൾ സ്വീകരിക്കുന്നതുകൊണ്ട് മറ്റൊരു പാർശ്വഫലവും ഉണ്ടാവില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്.

3. അടിയന്തര ഘട്ടങ്ങളിൽ വാക്സിനേഷൻ നൽകുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ആധുനിക ആംബുലൻസും അനുബന്ധ എ.ഇ.എഫ്.ഐ. കിറ്റും (അഡ്രിനാലിൻ ഇൻജക്ഷൻ, ഹൈഡ്രോകോർട്ടിസോൺ ഇൻജക്ഷൻ, ഐ.വി.എൻ. സലൈൻ/ റിംഗർ ലാക്റ്റേറ്റ്, മാസ്കോടുകൂടിയ അംബു ബാഗ്, ഐ.വി. കാനുല, ഡ്രിപ് സെറ്റ്, സിറിഞ്ച്, സൂചി, ബി.പി. അപ്പാരറ്റസ്, പൾസ് ഓക്സിമീറ്റർ ഡോസേജ് ചാർട്ട് എന്നിവ കിറ്റിൽ ഉണ്ടാകണം), ഒരു ആരോഗ്യ പ്രവർത്തകനും കൂടെ ഉണ്ടായിരിക്കുന്നതാണ്.

4. വീടുകൾ സന്ദർശിക്കുന്ന സംഘത്തിൽ ഒരു മെഡിക്കൽ ഓഫീസർ, വാക്സിനേറ്റർ, ഒരു ആശാവർക്കർ അല്ലെങ്കിൽ അംഗൻവാടി വർക്കർ അല്ലെങ്കിൽ ഒരു സന്നദ്ധ സേവകൻ എന്നിവർ ഉണ്ടായിരിക്കുന്നതാണ്. സംഘത്തിൽ ഉള്ളവരെല്ലാംതന്നെ സർജിക്കൽ ഗൗൺ, N 95 മാസ്ക്, മുഖാവരണം, കയ്യുറകൾ എന്നിവ ധരിച്ചിരിക്കണം. പരിശോധനയ്ക്കുമുമ്പും വാക്സിനേഷൻ നൽകുന്നതിനുമുമ്പും കോവിഡ് പ്രോട്ടോകോൾ പാലിച്ചും വാക്സിനേഷൻ നൽകുന്നതാണ്.

5. വീടുകൾ സന്ദർശിക്കുന്ന വേളയിൽ വാക്സിൻ സ്വീകരിക്കുന്ന വ്യക്തിയുടെ ആരോഗ്യനില മെഡിക്കൽ ഓഫീസർ പരിശോധിച്ച് വാക്സിൻ സ്വീകരിക്കാൻ സജ്ജമാണോയെന്ന് വിലയിരുത്തുന്നതാണ്.

6. പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകൻ (ജെ.പി.എച്ച്.എൻ./ എ.എൻ.എം./സ്റ്റാഫ് നഴ്സ്) ആയിരിക്കും വാക്സിനേഷൻ നൽകുന്നത്.

7. വാക്സിനേഷൻ നൽകിയശേഷം വാക്സിൻ സ്വീകരിച്ച ആളിനെ 30 മിനിട്ട് നിരീക്ഷിക്കുന്നതിനായി ഒരു ആശാ, അംഗൻവാടി, സന്നദ്ധ പ്രവർത്തകരെയോ നിയോഗിക്കുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ടോ പ്രയാസമോ വാക്സിൻ സ്വീകരിച്ചയാൾക്ക് ഉണ്ടാകുന്നെങ്കിൽ പ്രസ്തുത വിവരം എത്രയുംവേഗം മെഡിക്കൽ ആഫീസറെയോ മെഡിക്കൽ ടീമിനെയോ അറിയിക്കുന്നതാണ്.

8. വാക്സിൻ നൽകി 48 മണിക്കൂർവരെ വാക്സിൻ സ്വീകരിച്ച വ്യക്തിയുമായി ടെലിഫോൺ മുഖേന വിവരങ്ങൾ തിരക്കേണ്ടതും അടിയന്തര ഘട്ടങ്ങളിൽ രോഗിയുമായി ആശയവിനിമയം നടത്താനായി ആവശ്യമുള്ള മൊബൈൽ നമ്പർ ഷെയർ ചെയ്യുന്നതുമാണ്.

9. ഇത്തരത്തിൽ വാക്സിൻ സ്വീകരിച്ചവരെ അടുത്ത മൂന്ന് ആഴ്ചവരെ നിരീക്ഷിക്കുന്നതാണ്. സാന്ത്വന പരിചരണ സംഘത്തിന്റെ സഹായമുള്ള ആരോഗ്യ കേന്ദ്രത്തിന്റെ സഹായം ആവശ്യം വരുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

## വാക്സിൻ ക്ഷാമം

227 (239) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് വാക്സിനുകൾ സ്വീകരിച്ചവരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ കോവിഷീൽഡും കോവാക്സിനും എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് വാക്സിനുകൾ സ്വീകരിച്ചവരുടെ വിവരങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് വാക്സിൻ ക്ഷാമമുണ്ടോ; പ്രസ്തുത വാക്സിൻ ക്ഷാമം എങ്ങനെ, എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു. അത് വളരെവേഗം തന്നെ ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 7-6-2021 വരെ കേന്ദ്രം 9533830 ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടർനടപടികൾ സ്വീകരിച്ചു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണമെന്ന ഉദ്ദേശത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) രണ്ടാം ഡോസ് വാക്സിൻ സ്വീകരിക്കേണ്ട കാലപരിധി എത്രയാണ്; പ്രസ്തുത കാലപരിധി നീളുന്നത് നല്ലതാണെന്ന് വിദഗ്ദ്ധാഭിപ്രായമുണ്ടോ; എങ്കിൽ പ്രസ്തുത അഭിപ്രായം ആരുടേതാണെന്ന് വ്യക്തമാക്കുമോ?

കോവിഷീൽഡ് വാക്സിൻ ആദ്യ ഡോസിനുശേഷം 12 മുതൽ 16 ആഴ്ചയ്ക്കുള്ളിലാണ് രണ്ടാമത്തെ ഡോസ് എടുക്കേണ്ടത്. കോവാക്സിൻ ആദ്യ ഡോസിനുശേഷം 4 ആഴ്ച മുതൽ 6 ആഴ്ചയ്ക്കകം രണ്ടാം ഡോസ് സ്വീകരിക്കണം. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് വാക്സിന്റെ കാലപരിധി തീരുമാനിക്കുന്നത്.

(ഡി) കേന്ദ്രത്തിൽ നിന്ന് സൗജന്യമായി എത്ര വാക്സിൻ ലഭിച്ചുവെന്നും പണം മുടക്കി എത്ര വാക്സിൻ വാങ്ങിയെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് 7-6-2021 വരെ ലഭ്യമാക്കിയ വാക്സിന്റെ വിവരങ്ങൾ താഴെപ്പറയുന്നു. സംസ്ഥാനം ആകെ വാങ്ങിയ കോവിഷീൽഡ് വാക്സിൻ 746710 (ഏഴ് ലക്ഷത്തി നാല്പത്തി ആറായിരത്തി എഴുന്നൂറ്റി പത്ത്) ഡോസും, കേന്ദ്ര സർക്കാർ നൽകിയ കോവിഷീൽഡ് വാക്സിൻ 8589180 (എൺപത്തി അഞ്ച് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി എൺപത്) ഡോസുമാണ്. സംസ്ഥാനം ആകെ വാങ്ങിയ കോവാക്സിൻ 137580 (ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്റി എൺപത്) ഡോസും, കേന്ദ്ര സർക്കാർ നൽകിയ കോവാക്സിൻ 944650 (ഒൻപത് ലക്ഷത്തി നാല്പത്തി നാലായിരത്തി അറുന്നൂറ്റി അൻപത്) ഡോസുമാണ്.

(ഇ) സംസ്ഥാനത്ത് ഇനി എത്ര പേർക്ക് വാക്സിൻ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

18 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകാനുള്ള ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-2* ആയി ചേർക്കുന്നു.

## മലപ്പുറം ജില്ലയിലെ കോവിഡ്-19 വാക്സിനേഷൻ കേന്ദ്രങ്ങൾ

228 (240) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര കോവിഡ്-19 വാക്സിനേഷൻ കേന്ദ്രങ്ങളാണ് നിലവിലുള്ളത്; ഇതുവരെ എത്രപേർക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ട്; ജനസംഖ്യയുടെ എത്ര ശതമാനം പേർക്കാണ് വാക്സിനേഷൻ നടത്തിയിട്ടുള്ളത്; നിലവിലെ ആക്ടീവ് രോഗികൾ എത്രയാണെന്ന് അറിയിക്കുമോ?

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജനസംഖ്യാ ആനുപാതികമായും വർദ്ധിച്ച ടി.പി.ആർ. നിരക്കും പരിഗണിച്ച് മലപ്പുറത്ത് കൂടുതൽ വാക്സിനേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ 115 സർക്കാർ കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങളും 2 സ്വകാര്യ കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങളുമുണ്ട്. 1-6-2021 വരെ ആദ്യ ഡോസ് 591008 പേരും രണ്ടാമത്തെ ഡോസ് 134000 പേരും ആകെ 725008 പേരാണ് വാക്സിൻ സ്വീകരിച്ചത്. 1-6-2021-ലെ ടാർഗറ്റ് ജനസംഖ്യയിൽ 18 വയസ്സിന് മുകളിലുള്ള 3394790 ജനങ്ങളിൽ 21.36% പേർക്കാണ് വാക്സിനേഷൻ നടത്തിയത്. 1-6-2021 വരെ ആക്ടീവ് രോഗികൾ 40800 ആണ്. ജില്ലയിൽ നിലവിൽ വാക്സിൻ സൂക്ഷിക്കുന്ന (Cold Chain Point) ആരോഗ്യ സ്ഥാപനങ്ങളിലെല്ലാം കോവിഡ് വാക്സിനേഷൻ കേന്ദ്രം തുടങ്ങിയിട്ടുണ്ട്.

(സി) മങ്കട നിയോജകമണ്ഡലത്തിൽ കൂടുതൽ വാക്സിനേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

മങ്കട നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും ആരോഗ്യ-സ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, പാങ്ങ് (കറുവ) മക്കരപ്പറമ്പ്, മൂർക്കനാട് എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും, മങ്കട, പുഴക്കാട്ടിരി എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

## കോവിഡ് വാക്സിനേഷൻ

229 (241) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എത്ര ശതമാനം ആളുകൾക്ക് നൽകി എന്നതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എത്ര ശതമാനം ആളുകൾക്ക് നൽകി എന്നതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

(ബി) ഓരോ ജില്ലയ്ക്കും വാക്സിനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ; ജനസംഖ്യാനുപാതികമായി വാക്സിനുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ താരതമ്യേന ഏറ്റവും കുറഞ്ഞ നിരക്കിലാണ് വാക്സിൻ നൽകിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലകളിലെ ജനസംഖ്യ, വാക്സിന്റെ ഉപയോഗം, ജില്ലകളിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ് വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. കേന്ദ്രസർക്കാർ വാക്സിൻ കേരളത്തിലേയ്ക്ക് നൽകുന്നത് ജില്ലാ വാക്സിൻ സ്റ്റോർ, ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്കുകൂടി പരിഗണിച്ചാണ്. മലപ്പുറം ജില്ലയിലേയ്ക്ക് ആദ്യഘട്ടങ്ങളിൽ 2021 ജനുവരി മാസത്തിൽ 53870-ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17%) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. എന്നാൽ ഈ സ്ഥിതി മാറുകയും വാക്സിൻ കൂടുതലായി അനുവദിക്കുകയും മറ്റ് ജില്ലകളെപ്പോലെ കൂടുതൽ പേർക്ക് വാക്സിനേഷൻ നൽകിവരികയും ചെയ്യുന്നുണ്ട്.

**കൊറോണ വൈറസ് വകഭേദങ്ങളെ നേരിടുന്നതിനുള്ള കർമ്മപദ്ധതി**

230(242) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രണ്ടാം തരംഗത്തിന്റെ ആരംഭത്തിൽ സംസ്ഥാനത്ത് രോഗബാധ വർദ്ധിക്കുന്നതിന് കാരണമായ വൈറസ് വകഭേദം തന്നെയാണോ നിലവിലും രോഗബാധ വർദ്ധിക്കുന്നതിന് കാരണമാകുന്നത് എന്നതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

കേരളത്തിലെ മുഴുവൻ ജില്ലകളിലെയും സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കി വൈറസിന്റെ വകഭേദം കണ്ടെത്തുന്നതിനായുള്ള ഹോൾ ജീനോമിക് സീക്വൻസിംഗ് (WGS) പഠനം Institute of Genomic and Integrative Biology, ഡൽഹിയുമായി ചേർന്ന് കേരള സർക്കാർ നടത്തിവരുന്നുണ്ട്. GENOME STUDY-യുമായി ബന്ധപ്പെട്ട് വിശദമായ ഓപ്പറേഷൻ ഗൈഡ്ലൈൻ പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പിന്തുടർന്നുവരികയും ചെയ്യുന്നു. കൂടാതെ 2020 ഡിസംബർ 25 മുതൽ U.K., സൗത്ത് ആഫ്രിക്ക, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽനിന്നും കേരളത്തിൽ എത്തിയിട്ടുള്ള കോവിഡ് പോസിറ്റീവ് ആയ യാത്രക്കാരുടെ സാമ്പിളുകൾ NIV പൂനെയിൽ അയച്ച് പരിശോധിക്കുകയുണ്ടായി. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജി, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ വൈറസ് വകഭേദങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള സ്പൈക്ക് പ്രോട്ടീൻ പഠനങ്ങൾ നടന്നുവരുന്നു. ഡൽഹി, പഞ്ചാബ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽനിന്നും എത്തിയിട്ടുള്ളവരിൽ

കോവിഡ് പോസിറ്റീവ് ആയിട്ടുള്ള യാത്രക്കാരുടെ സാമ്പിളുകൾ, അതിഥി തൊഴിലാളികളിൽ കോവിഡ് പോസിറ്റീവ് ആയിട്ടുള്ളവരുടെ സാമ്പിളുകൾ, ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് ക്രമാതീതമായി കൂടിനിൽക്കുന്ന പ്രദേശങ്ങളിലെ കോവിഡ് പോസിറ്റീവ് ആയിട്ടുള്ളവരുടെ സാമ്പിളുകൾ എന്നിവ പഠന വിധേയമാക്കി വരുന്നു.

(ബി) വ്യത്യസ്ത വൈറസ് വകഭേദങ്ങളെ നേരിടുന്നതിന് എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ ഒന്നാം തരംഗസമയത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങളുടെ അവബോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി SMS (Social Distancing, Use of Mask, Sanitisation) ക്യാംപയിനും Back to Basic ക്യാമ്പയിനും നടപ്പാക്കുകയുണ്ടായി. മാത്രമല്ല പരിശോധനയിലൂടെ രോഗമുള്ളവരെ കൂടുതൽ കണ്ടെത്തുകയും രോഗം സ്ഥിരീകരിക്കുന്നവരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുകയും സ്ഥിരീകരിക്കപ്പെട്ടവർക്ക് കൃത്യമായ ചികിത്സ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് നാം നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ (ടെസ്റ്റ്, ട്രാക്ക് ആന്റ് ട്രീറ്റ്). ചികിത്സ ആവശ്യമായ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഡൊമിസിലിയറി കെയർ സെന്ററുകളും കോവിഡ് ഫസ്റ്റ്ലൈൻ, സെക്കന്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും കോവിഡ് ആശുപത്രികളും എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും അമ്പത് ശതമാനം കിടക്കകളും ഒരുക്കുകയുണ്ടായി. ഇവിടങ്ങളിൽ ആവശ്യമായ മാനവവിഭവശേഷിയും മരുന്നുകളും ഓക്സിജനും മറ്റ് ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ലോകമെമ്പാടും കോവിഡ് തരംഗങ്ങളായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിനെതിരായി നാം അനുവർത്തിച്ച് പോരുന്ന പ്രതിരോധ ചികിത്സാ മാർഗ്ഗങ്ങൾ തന്നെയാണ് ലോകമെമ്പാടും ശാസ്ത്രീയമായി അംഗീകരിച്ചിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. മൂന്നാം തരംഗം ഉണ്ടാകാം എന്നതിനെപ്പറ്റി ഔദ്യോഗികമായി ഒരറിയിപ്പും നാളിതുവരെ ലഭിച്ചിട്ടില്ലെങ്കിലും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കോ രോഗ സ്ഥിരീകരണ നിരക്കിലെ വർദ്ധന ദൃശ്യമാകുന്ന മുറയ്ക്കോ ഇതുവരെ നടപ്പിലാക്കിവന്ന പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. നിലവിൽ ലോകമെമ്പാടും പല തരത്തിലുള്ള വൈറസ് വകഭേദങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇവയുടെ വ്യാപന ശേഷിയിൽ വ്യത്യാസങ്ങൾ കാണുന്നുണ്ടെങ്കിലും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള രോഗ പ്രതിരോധ മാർഗ്ഗത്തിലും ചികിത്സാ മാർഗ്ഗങ്ങളിലും വലിയ അന്തരമില്ല. ആയതിനോടൊപ്പം കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിദഗ്ദ്ധ സമിതി യോഗം ചേർന്ന് നിലവിലെ കർമ്മ പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ യഥാസമയം നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുണ്ട്. അത് തുടരുന്നതാണ്.

## കോവിഡിന്റെ രണ്ടാം ഭാഗം

231 (243) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം തരംഗത്തിൽ മരണസംഖ്യ ക്രമാതീതമായി ഉയരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; രണ്ടാം തരംഗത്തിൽ മരണ സംഖ്യ വർദ്ധിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയാണ്?

കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണനിരക്ക് പ്രായാധിക്യമുള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലുമാണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ മാത്രം 1389695 കോവിഡ് രോഗബാധിതരും, 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെയുള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ് മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായമുള്ളവരിലാണ് (കേസ് - 17105, മരണം - 502, മരണ നിരക്ക് - 2.93%). 71 മുതൽ 80 വയസ്സുവരെയുള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് 50959, മരണം 988, മരണ നിരക്ക് - 1.94%). കൂടാതെ 91 വയസ് മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും, 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് - 1.55%). കോവിഡ് രോഗബാധമൂലമാണ് മരണമെന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റ് രോഗങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചു വരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽനിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു.

(ബി) സംസ്ഥാനത്ത് കോവിഡ് മരണസംഖ്യ കുറച്ച് കാട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനം സുരക്ഷിതമാണെന്നും ഈ രോഗത്തെ ഭയപ്പെടേണ്ടതില്ലെന്നുമുള്ള തെറ്റായ ഒരു ധാരണ ജനങ്ങളിൽ സൃഷ്ടിക്കാൻ മരണനിരക്ക് കുറച്ച് കാണിച്ചത് ഇടയാക്കിയിട്ടുണ്ടെന്ന ആരോപണം വസ്തുതയാണോ;

&

(ഡി) കോവിഡ് പ്രോട്ടോക്കോൾ ലഘൂകരിച്ച് വ്യാജനേട്ടം ഉണ്ടാക്കാൻ നടത്തുന്ന ശ്രമം കൂടുതൽ ദോഷകരമായി മാറിയതായുള്ള ആക്ഷേപത്തിന്റെ സാഹചര്യത്തിൽ യഥാർത്ഥ മരണസംഖ്യ വെളിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

WHO-യുടെ അംഗീകാരമുള്ള International Guidelines for Certification and Classification (Coding) of Covid-19 as Cause of Death' എന്ന ഇന്റർനാഷണൽ ഗൈഡ്‌ലൈൻ അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. കൃത്യമായ ഡെത്ത് ബുള്ളറ്റിന്റെ അടിസ്ഥാനത്തിലും ജില്ലാതലത്തിലുമുള്ള ഓഡിറ്റ് കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് മരണം റിപ്പോർട്ട് ചെയ്യുന്നത്. സംസ്ഥാനത്ത് കോവിഡ് മരണസംഖ്യ വളരെ കൃത്യമായാണ് രേഖപ്പെടുത്തുന്നത്.

**കേരളത്തിലെ കോവിഡ് മരണങ്ങളുടെ കണക്ക്**

232 (244) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണം കണക്കാക്കുന്നത് ഏത് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

&

(ബി) കേരളത്തിൽ അവലംബിക്കുന്ന മാനദണ്ഡങ്ങൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ?

കോവിഡ് മരണം കണക്കാക്കുന്നത് സംബന്ധിച്ച അന്തർദ്ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്തും കോവിഡ് മരണങ്ങൾ കണക്കാക്കുന്നത്. WHO-യുടെ അംഗീകാരമുള്ള 'International Guidelines for Certification and Classification (Coding) of Covid-19 as Cause of Death' എന്ന അന്താരാഷ്ട്ര ഗൈഡ്‌ലൈൻ അനുസരിച്ചാണ് സംസ്ഥാനത്തും കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. International Statistical Classification of Diseases അടിസ്ഥാനമാക്കിയുള്ളതാണ് ഈ ഗൈഡ്‌ലൈൻ. ഇതനുസരിച്ച് കോവിഡ് രോഗം മൂർച്ഛിച്ച് അവയവങ്ങളെ ബാധിച്ച് ഗുരുതരാവസ്ഥയിലെത്തി മരണമടയുന്നതിനെ മാത്രമേ കോവിഡ് മരണത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) കോവിഡ് നെഗറ്റീവ് ആയശേഷം പോസ്റ്റ് കോവിഡ് രോഗങ്ങളാൽ മരണമടയുന്ന വ്യക്തികളുടെ കണക്കുകൾ സർക്കാർ സൂക്ഷിക്കുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കോവിഡ് രോഗം വന്ന് നെഗറ്റീവ് ആയ രോഗികൾക്ക് മറ്റു പല രോഗങ്ങളും പിന്നീട് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയെ Post Covid Syndrome എന്ന് വിശേഷിപ്പിക്കുകയും ഇവ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുംവേണ്ടി പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രിതലം വരെ Post Covid Clinic-കൾ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ പി.എച്ച്.സി.-കളിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യുകയും പി.എച്ച്.സി തലത്തിൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നവ അവിടെത്തന്നെ ചികിത്സിക്കുകയും ചെയ്യുന്നു. തുടർ ചികിത്സ ആവശ്യമുള്ള രോഗികളെ താലൂക്ക് തലത്തിലോ ജില്ലാ തലത്തിലോ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും സ്പെഷ്യലിസ്റ്റ് ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. തീവ്ര പരിചരണം ആവശ്യമുള്ളവരെ മെഡിക്കൽ കോളേജ് ആശുപത്രികളിലുള്ള Post Covid Clinic-കളിൽ റഫർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് മുക്തരായശേഷം ഉണ്ടാകുന്ന മരണങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ റിപ്പോർട്ട് ചെയ്യപ്പെടാറില്ല. അതുകൊണ്ടുതന്നെ കോവിഡ് മുക്തരായശേഷം നടന്നിട്ടുള്ള മരണങ്ങളുടെ കണക്കുകൾ നോൺ കോവിഡ് മരണങ്ങളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തുന്നത്.

## മണലൂർ മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

233 (245) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ 45 വയസ്സിന് മുകളിലുള്ള എത്രപേർക്ക് ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും നൽകിയെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ 45 വയസ്സിന് മുകളിലുള്ള 44167 പേർക്ക് വാക്സിനേഷൻ (3-6-2021-ലെ കണക്കുപ്രകാരം) നൽകിയിട്ടുണ്ട്.

(ബി) 18 വയസ്സിന് മുകളിലുള്ളവർക്കുള്ള വാക്സിനേഷൻ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിൽ 18 വയസ് മുതൽ 45 വയസ്സുവരെയുള്ള 2218 പേർക്ക് വാക്സിനേഷൻ (3-6-2021-ലെ കണക്ക് പ്രകാരം) നൽകിയിട്ടുണ്ട്.

(സി) ശാരീരികമായി അവശത അനുഭവിക്കുന്നവർക്കും കിടപ്പുരോഗികൾക്കും വാക്സിനേഷൻ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തതിനാൽ ഇത്തരക്കാർക്കായി വീടുകളിൽ ചെന്ന് വാക്സിൻ എടുക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ശാരീരികമായി അവശത അനുഭവിക്കുന്നവർക്കും കിടപ്പുരോഗികൾക്കും വീടുകളിൽ ചെന്ന് വാക്സിനേഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

## ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഓക്സിജൻ ജനറേറ്റർ പ്ലാന്റുകൾ

234 (246) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളോടും താലൂക്ക് ആശുപത്രികളോടും അനുബന്ധിച്ച് ഓക്സിജൻ ജനറേറ്റർ പ്ലാന്റുകൾ നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ വേഗത്തിലാക്കുമോ;

&

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വെന്റിലേറ്റർ, ഐ.സി.യു. ബെഡ്ഡുകൾ, ഓക്സിജൻ സപ്ലൈ എന്നിവ പ്രധാന ആരോഗ്യ കേന്ദ്രങ്ങളോട് അനുബന്ധിച്ച് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലുമായി 35 ഓക്സിജൻ ജനറേറ്റർ പ്ലാന്റുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിക്കുകയും അത് നടപ്പിലാക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 35 ഓക്സിജൻ ജനറേറ്റർ പ്ലാന്റുകൾ സ്ഥാപിക്കാനായി കോർപ്പറേഷൻ ടെണ്ടർ നടപടികൾ ആരംഭിച്ചു. ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തീകരിച്ച് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 100 വെന്റിലേറ്ററുകൾ സ്ഥാപിക്കാൻ വിതരണ കമ്പനിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) കോവിഡ് മൂന്നാം തരംഗം ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മൂന്നാം തരംഗ സാധ്യതയെക്കുറിച്ച് കൃത്യമായ അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ലെങ്കിലും, രോഗികളുടെ എണ്ണം കൂടുതലാകുന്ന സാഹചര്യം നേരിടുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രോഗസാധ്യത കൂടിയ 60 വയസ്സിന് മുകളിൽ പ്രായംചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ, ഭിന്നശേഷിക്കാർ, കാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ അസുഖങ്ങൾ എന്നിങ്ങനെ ഗുരുതരമായ രോഗബാധയുള്ളവർ, കിടപ്പു രോഗികൾ എന്നിവരെ കൊറോണ രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനായി റിവേഴ്സ് ക്വാറന്റൈൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യം പദ്ധതിയുമായി ബന്ധപ്പെട്ട് "ഒറ്റയ്ക്കല്ല - ഒപ്പമുണ്ട്" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടൈൻമെന്റ് സോണുകൾ തിരിച്ച് വ്യാപനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കോവിഡ് പ്രതിരോധ വാക്സിനുകൾ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രികളിൽ അധിക മാനവ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ/സ്വകാര്യ ആശുപത്രികളിൽ കൂടുതൽ

ICU കിടക്കകളും, വെന്റിലേറ്റർ സൗകര്യങ്ങളും, ഓക്സിജൻ ബെഡ്ഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ആവശ്യമായ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന/ജില്ലാ തലങ്ങളിൽ വാർറൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഓക്സിജൻ ലഭ്യത തടസ്സപ്പെടാതിരിക്കുന്നതിനായി ഓക്സിജൻ പ്ലാന്റുകളും സ്ഥാപിച്ചുവരുന്നുണ്ട്. ഓക്സിജൻ ഓഡിറ്റും സ്ഥാപന തലത്തിൽ നടത്തി വരുന്നു. സ്വകാര്യ ആശുപത്രികളിലെ 50% കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള DCC, CFLTC, CSLTC എന്നിവയുടെ എണ്ണവും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഒരു ലക്ഷത്തിന് മുകളിൽ പ്രതിദിന ടെസ്റ്റുകൾ നടത്തി വരുന്നുണ്ട്. ജനിതകമാറ്റം സംഭവിച്ച വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിന് Sentinal Surveillance Site ആരംഭിച്ചു. സാമ്പിളുകൾ NIV-പൂനെ, IGIB-ഡൽഹി, RGCB-തിരുവനന്തപുരം എന്നിവിടങ്ങളിൽ അയച്ച് പരിശോധിച്ചുവരുന്നു. കോവിഡുമായി ബന്ധപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) രോഗബാധയുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി 16-5-2021-ന് ടെക്നിക്കൽ ഗൈഡ്‌ലൈൻ സർക്കാർ തലത്തിൽ പുറപ്പെടുവിക്കുകയും അത് പിൻതുടരുകയും ചെയ്തുവരുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ച് 27-5-2021-ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യതയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും സർക്കാർ/സ്വകാര്യ ആശുപത്രികളിലെയും ഡോക്ടർമാർക്കും ജീവനക്കാർക്കും ICU/വെന്റിലേറ്റർ ട്രെയിനിംഗ്, ബ്ലാക്ക് ഫംഗസ്, ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിൽ നിരന്തരം പരിശീലനം നൽകിവരുന്നു. കോവിഡേതര രോഗികളെ ചികിത്സിക്കുന്നതിനായി e-Sanjeevani Tele Consultation Platform സജ്ജീകരിക്കുകയും ഇതുവഴി വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സേവനം വീടുകളിൽ ചികിത്സയിൽ കഴിയുന്ന കോവിഡ് രോഗികൾക്കും ലഭ്യമാണ്. കോവിഡ് മുക്തരായവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പി.എച്ച്.സി./ സി.എച്ച്.സി. തലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. ജീവനക്കാർക്കും,

പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനായി എല്ലാ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നിരന്തരമായി നടത്തി വരുന്നു. മൂന്നാം തരംഗത്തിൽ രോഗം കുട്ടികളെയും ബാധിക്കുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. അതോടൊപ്പം identification, testing, tracking, tracing, quarantine, treatment എന്നിങ്ങനെ വ്യാപനം തടയുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും നടത്തിവരുന്നു. കൂടാതെ ശിശുരോഗ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. അതിനായി പരിശോധനയും നിരീക്ഷണവും ഫലപ്രദമായി നടത്തുകയും തൃതീയ തലത്തിലുള്ള ആശുപത്രികളിൽ Care & Support Unit, HDUs, Paediatric ICUs എന്നിവ സജ്ജമാക്കും. അതോടൊപ്പം ശിശുരോഗവിഭാഗത്തിന്റെ ചികിത്സയ്ക്കായി പ്രത്യേക പ്രോട്ടോക്കോൾ പുറപ്പെടുവിക്കുകയും ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കോവിഡിന്റെ മൂന്നാം തരംഗമുണ്ടായാൽ അതിനെ നേരിടുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ സജ്ജമാക്കി നിർത്തുന്നതിനായി 6 ഇനങ്ങൾ അടങ്ങുന്ന ഒരു കർമ്മ പരിപാടിക്ക് 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ട്.

**കോവിഡ് മരണങ്ങളിലെ വർദ്ധന**

235 (247) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോവിഡ് മരണങ്ങൾ കുറയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യമുള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലുമാണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ,

മേയ് മാസങ്ങളിൽ മാത്രം 1389695 കോവിഡ് രോഗബാധിതരും 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെയുള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ് മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായമുള്ളവരിലാണ് (കേസ് - 17105, മരണം - 502, മരണ നിരക്ക് - 2.93%) 71 മുതൽ 80 വയസ്സുവരെയുള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് - 50959, മരണം - 988, മരണ നിരക്ക് - 1.94%). കൂടാതെ 91 വയസ് മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് - 1.55%). കോവിഡ് രോഗബാധമൂലമാണ് മരണമെന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റു രോഗങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന മരണനിരക്കെങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽനിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. എന്നിരുന്നാലും മരണസംഖ്യ കുറയ്ക്കുന്നതിനായി 60 വയസ്സിനു മുകളിൽ പ്രായമായവർ, ചെറിയ കുട്ടികൾ, ഗർഭിണികൾ, വൃക്കസംബന്ധമായ അസുഖബാധിതർ, കിടപ്പുരോഗികൾ, പ്രമേഹ ബാധിതർ എന്നിവർക്ക് രോഗം ബാധിക്കാതിരിക്കുന്നതിനായി Reverse Quarantine നടപ്പിലാക്കി വരുന്നു. കോവിഡ് പ്രതിരോധ വാക്സിനുകൾ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രികളിൽ അധിക മാനവ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഓക്സിജൻ ബെഡ്ഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാർറൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ 50% കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. DCC, CFLTC, CSLTC എന്നിവയുടെ എണ്ണവും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. വീടുകളിൽ ചികിത്സയിൽ കഴിയുന്ന കോവിഡ് രോഗികൾക്കും രോഗബാധിതരായ രോഗികൾക്കും ഇ-സഞ്ജീവനി എന്ന പദ്ധതി പ്രകാരം ടെലി കൺസൾട്ടേഷനും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) കോവിഡ് രോഗികൾക്ക് ആവശ്യമായ വെന്റിലേറ്ററുകളും ഓക്സിജൻ സിലിണ്ടറുകളും അടക്കമുള്ള ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ജില്ലാ തലത്തിൽ ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ICU കിടക്കകളും വെന്റിലേറ്റർ സൗകര്യങ്ങളും ഓക്സിജൻ ബെഡ്ഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാർ റൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ കോവിഡ് രോഗികളുടെ ചികിത്സയ്ക്കുവേണ്ടി താഴെ പറയുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ആശുപത്രികളിൽ അതിന്റെ വിതരണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

1. Bulk Oxygen Cylinder D Type - 4000
2. High Flow Nasal Cannula Therapy Device with Oxygen High Flow meter - 20
3. Oxygen Flow Meter with Humidifier - 10000
4. ICU Ventilator - 100
5. Multiparameter Monitor Stand - 25

(സി) പോസ്റ്റ് കോവിഡ് രോഗങ്ങൾമൂലം നിരവധി ആളുകൾ മരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോവിഡ് മുക്തരായ വ്യക്തികളുടെ മരണനിരക്ക് കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

കോവിഡ് മുക്തരായവരിൽ പിന്നീട് പല രോഗങ്ങളും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്ന് വിശേഷിപ്പിക്കുകയും ഇവ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രി/മെഡിക്കൽ കോളേജ് തലം വരെ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. 2020 ഒക്ടോബറിൽ തന്നെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് സംസ്ഥാനത്തെ PHC/CHC/FH-കളിലും THQ/DH/GH&MCH-കളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചു. കോവിഡ് ബാധിച്ച വ്യക്തികൾക്ക് രോഗത്തിൽനിന്നും

മുക്തി നേടിയശേഷം കാണപ്പെടുന്ന മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾക്കും മറ്റ് കോവിഡാനന്തര അസുഖങ്ങൾക്കും ചികിത്സ ലഭ്യമാക്കുന്നതിനാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചത്. ഇത്തരത്തിൽ കോവിഡാനന്തര രോഗങ്ങളെ ചികിത്സിക്കുന്നതിന് സമയബന്ധിതമായി സർക്കാർ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തെ മരണ നിരക്ക് കുറയ്ക്കാൻ സഹായകരമായിട്ടുണ്ട്.

## കോവിഡ് വാക്സിന്റെ ലഭ്യത

236 (248) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ കോവിഡ് വാക്സിൻ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

18 വയസ് മുതൽ 45 വയസ്സുവരെയുള്ളവർക്ക് 2021 മേയ് മാസം മുതൽ വാക്സിനേഷൻ ആരംഭിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. എന്നാൽ ഈ വിഭാഗത്തിന് വാക്സിൻ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. കേന്ദ്രസർക്കാരിന്റെ Liberalised Pricing and Accelerated National Covid-19 Vaccine Strategy പ്രകാരം ഓരോ സംസ്ഥാനങ്ങൾക്കും 18-45 വയസ്സുവരെയുള്ളവർക്ക് ലഭ്യമാക്കാവുന്ന വാക്സിന്റെ വിശദാംശങ്ങൾ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ അറിയിക്കുന്നു. ഈ വാക്സിൻ സംസ്ഥാന സർക്കാരാണ് വാക്സിൻ കമ്പനികളിൽനിന്ന് വാങ്ങിക്കേണ്ടതും ഉപയോഗിക്കേണ്ടതും. 18 മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, കമ്പനികൾക്ക് ഓർഡർ നൽകിയതിൽ ഇതുവരെ (1-6-2021) 884290 ഡോസുകൾ ലഭിച്ചു.

(ബി) സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും വാക്സിൻ ലഭ്യമാക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്ലാൻ ലഭ്യമാക്കുമോ;

&

(സി) വിദേശ കമ്പനികളിൽനിന്നും കോവിഡ് വാക്സിൻ വാങ്ങാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു. ഇത് വളരെവേഗം തന്നെ ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 7-6-2021 വരെ കേന്ദ്രം 9533830 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റിഡിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസംവരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണമെന്ന ഉദ്ദേശത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ, കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു.

(ഡി) സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വാക്സിൻ റെസിസ്റ്റന്റ് വകഭേദങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ നേരിടാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കോവിഡ് വൈറസിന്റെ വകഭേദങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വാക്സിൻ റെസിസ്റ്റന്റ് വകഭേദങ്ങൾ കണ്ടെത്തിയതായി ഔദ്യോഗിക സ്ഥിരീകരണങ്ങളൊന്നും നാളിതുവരെ ലഭ്യമായിട്ടില്ല. പുതുതായി റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് വൈറസിന്റെ വകഭേദങ്ങളിൽ നിലവിലുള്ള വാക്സിനുകൾ എത്രത്തോളം ഫലപ്രദമാണെന്നുള്ള ഗവേഷണങ്ങൾ നടന്നുവരുന്നതേയുള്ളൂ.

## കായംകുളം താലൂക്ക് ആശുപത്രിയിൽ കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ

237 (249) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ സൗകര്യങ്ങളോട് കൂടിയ എത്ര കിടക്കകളുണ്ടെന്ന് വിശദമാക്കാമോ; നിലവിൽ ട്രയേജ് സംവിധാനം മാത്രമുള്ള കായംകുളം താലൂക്ക് ആശുപത്രിയിൽ കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കായംകുളം താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ സൗകര്യമൊരുക്കുന്നതിന് 10 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഒ.പി. ബ്ലോക്കിലെ രണ്ടാംനിലയിൽ 40 കോവിഡ് രോഗികളെ ചികിത്സിക്കാനായി സെൻട്രലൈസ്ഡ് ഓക്സിജൻ സൗകര്യം ഉൾപ്പെടെ സജ്ജീകരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

## കോവിഡ് പ്രതിരോധ വാക്സിനേഷൻ

238 (250) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ വാക്സിനേഷൻ സാർവ്വത്രികമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു. ഇത് വളരെവേഗം തന്നെ ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 7-6-2021 വരെ കേന്ദ്രം 9533830 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന്

കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും അത് 3 ലക്ഷം ആക്കണമെന്ന ഉദ്ദേശത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കോവിഡ് -19 ചികിത്സാകേന്ദ്രങ്ങൾ

239 (251) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ഒന്നാം തലത്തിലും രണ്ടാം തലത്തിലുമായി എത്ര കോവിഡ്-19 ചികിത്സാകേന്ദ്രങ്ങൾ നിലവിലുണ്ട്; പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ?

പിറവം നിയോജകമണ്ഡലത്തിൽ 2 കോവിഡ്-19 ചികിത്സാ കേന്ദ്രങ്ങളാണ് നിലവിലുള്ളത്.

(1) പിറവം താലൂക്ക് ആശുപത്രി - പിറവം മുനിസിപ്പാലിറ്റി

(2) രാമമംഗലം സാമൂഹികാരോഗ്യകേന്ദ്രം - പഞ്ചായത്ത് - രാമമംഗലം

(ബി) 2021 ജനുവരി ഒന്നുമുതൽ നാളിതുവരെ പ്രസ്തുത ചികിത്സാ കേന്ദ്രങ്ങളിൽനിന്നും ചികിത്സ സ്വീകരിച്ച എത്ര കോവിഡ്-19 രോഗികൾ രോഗമുക്തരായെന്നും ചികിത്സയിലിരിക്കെ എത്ര പേർ മരണപ്പെട്ടുവെന്നും അറിയിക്കുമോ?

പിറവം താലൂക്ക് ആശുപത്രിയിലെ കോവിഡ് ട്രീറ്റ്മെന്റ് സെന്ററിൽ 2021 ജനുവരി 1 മുതൽ 2021 ജൂൺ 3 വരെ 82 പേർ ചികിത്സ തേടി. അതിൽ 66 പേർ രോഗമുക്തി നേടുകയും 2 പേർ മരണപ്പെടുകയും ചെയ്തു. നിലവിൽ ചികിത്സയിലുള്ളവർ 14 പേരാണ്. രാമമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ CFLTC-യിൽ ആകെ 55 പേർ ചികിത്സ തേടിയതിൽ 51 പേർ രോഗമുക്തി നേടുകയും 4 പേർ മരണപ്പെടുകയും ചെയ്തു.

## കോവിഡ് രണ്ടാം തരംഗം

240 (252) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രണ്ടാം തരംഗത്തിൽ വ്യാപന നിരക്ക് കൂടുകയും മരണസംഖ്യ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ?

കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യമുള്ളവരിലും പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലുമാണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ മാത്രം 1389695 കോവിഡ് രോഗബാധിതരും 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെയുള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ്സുമുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായമുള്ളവരിലാണ് (കേസ് - 17105, മരണം - 502, മരണ നിരക്ക് - 2.93%). 71 മുതൽ 80 വയസ്സുവരെയുള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു (കേസ് - 50959, മരണം - 988, മരണ നിരക്ക് - 1.94%). കൂടാതെ 91 വയസ് മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് - 1.55%). കോവിഡ് രോഗബാധമൂലമാണ് മരണമെന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റ് രോഗങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന മരണ നിരക്കെങ്കിൽ നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽനിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന കോവിഡ് രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

4-6-2021-ൽ സംസ്ഥാനത്തുടനീളം രോഗം സ്ഥിരീകരിച്ച് ആശുപത്രികളിലും വീടുകളിലുമായി ചികിത്സയിലിരുന്ന 174526 പേരിൽ 32056 രോഗികൾ ആശുപത്രികളിലാണ് ചികിത്സയിൽ കഴിഞ്ഞത്. രോഗ തീവ്രതയനുസരിച്ച് ഇവരിൽ ചിലർ വീടുകളിലും ഡൊമിസിലിയറി കെയർ സെന്ററുകളിലും സി.എസ്.എൽ.ടി.സി./സി.എഫ്.എൽ.ടി.സി., സർക്കാർ/ സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലായിരുന്നു ചികിത്സയിൽ കഴിഞ്ഞത്. ഏപ്രിൽ മാസം മുതൽ കേസ്സുകൾ വർദ്ധിച്ചപ്പോൾ ഐ.സി.യു.-വിലും വെന്റിലേറ്ററുകളിലും ചികിത്സയിലുള്ളവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുകയും ഏപ്രിൽ 22-ഓടുകൂടി ഐ.സി.യു.-വിൽ ചികിത്സയിലുള്ളവരുടെ എണ്ണം 1000 കടക്കുകയും മേയ് 25-ന് ഐ.സി.യു. രോഗികളുടെ എണ്ണം 4000 കടക്കുകയും ചെയ്തു. കഴിഞ്ഞ രണ്ടാഴ്ചത്തെ കണക്ക് പരിശോധിക്കുമ്പോൾ ഐ.സി.യു. വെന്റിലേറ്റർ രോഗികളുടെ നിരക്ക് കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

(സി) നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിലെ വെന്റിലേറ്റർ ലഭ്യതയും ഓക്സിജൻ കിടക്കകളുടെ ലഭ്യതയും ഈ സാഹചര്യം നേരിടാൻ പര്യാപ്തമാണോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

നിലവിലെ സാഹചര്യം നേരിടാൻ ആരോഗ്യ സംവിധാനങ്ങൾ പര്യാപ്തമാണ്. അതോടൊപ്പം 3-ാം തരംഗം മുൻകൂട്ടിക്കണ്ട് ആവശ്യമായ കൂടുതൽ സജ്ജീകരണങ്ങൾ നടത്തിവരുന്നു.

(ഡി) കോവിഡ് രണ്ടാം തരംഗം നേരിടുന്നതിന് കേന്ദ്രസർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയോടനുബന്ധിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ 256.52 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 7-6-2021 വരെ 100 കോടി രൂപയും കേന്ദ്രഗവൺമെന്റിൽ നിന്നും ചികിത്സാ ശാക്തീകരണ പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യ ദൗത്യം മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തോടനുബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം കേരളത്തിൽ ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങളുടെയും മരുന്നുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു:

ആന്റിജൻ കിറ്റ് - 393000, റെംഡിസിവിർ - 67917, ഓക്സിജൻ കോൺസെൻട്രേറ്റർ – 805, ട്രിപ്പിൾ ലെയർ മാസ്ക് - 637180, പി.പി.ഇ. കിറ്റ് - 5618, വെന്റിലേറ്റർ – 490, സി-പാപ്പ് - 125, ഓക്സിജൻ സിലിണ്ടർ – 970,

ഓക്സിജൻ നേസൽ കാനല - 1 ലക്ഷം, വി.റ്റി.എം. - 336312, സോളി മെഡ്രോൾ ഇൻജക്ഷൻ - 257500, ടോസിലിസുമാബ് ഇൻജക്ഷൻ 80 mg - 2646, ടോസിലിസുമാബ് ഇൻജക്ഷൻ 400 mg - 177, പൾസ് ഓക്സിമീറ്റർ - 1218, എൻ 95 മാസ്ക് - 105729, ഫ്ലാവിപിറാവിർ ടാബ് - 62880, ബാരിസിറ്റിനിബ് ടാബ് - 56448.

## കോവിഡ്-19 മഹാമാരി

241 (253) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയെ നേരിടുന്നതിൽ കേരളം വിജയിച്ചതിലെ ഒരു പ്രധാന ഘടകമായ പൊതു ആരോഗ്യ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ മേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതാണ്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നത് പൂർത്തിയാക്കുന്നതാണ്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കിയതോടൊപ്പം ജില്ലാതല ആശുപത്രികളിലെ ഇനി പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കുന്നതാണ്. താലൂക്കുതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 152 ബ്ലോക്കുതല സാമൂഹികാരോഗ്യകേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ/താലൂക്കുതല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ് പ്ലാൻ ഫണ്ട് എന്നിവവഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആശുപത്രികളിലേയ്ക്ക് ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. കോവിഡിന്റെകൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്കുതല ആശുപത്രികളിലെ ഇന്റൻസീവ് കെയർ സൗകര്യങ്ങൾ ഓക്സിജൻ കിടക്കകൾ, മറ്റ് ത്രിതീയതല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരികയാണ്. കേന്ദ്രസർക്കാരിന്റെ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായി അഞ്ച് വർഷത്തേയ്ക്ക് ആരോഗ്യ മേഖലയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പുവഴി ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ നഗരപ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തെ രോഗീസൗഹൃദവും ജനസൗഹാർദ്ദവുമാക്കുന്നതിനും ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ തുടരുന്നതാണ്.

(ബി) പ്രാഥമിക-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ പാരാമെഡിക്കൽ സംവിധാനങ്ങളും ആവശ്യത്തിന് ആരോഗ്യ പ്രവർത്തകരെയും നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. കോവിഡ്-19 മഹാമാരിയുടെ നിയന്ത്രണത്തിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം മുഖേന 18363 പേരെ വിവിധ വിഭാഗങ്ങളിലായി നാളിതുവരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ 73252 പേർ കോവിഡ് ബ്രിഗേഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോവിഡ്-19 മഹാമാരി സംബന്ധിച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ അനുവദനീയ തസ്തികകൾക്കു പുറമേ 14-4-2020-ലെ ജി.ഒ.(ആർടി) നം.76/2020/ആ.കു.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 968 താൽക്കാലിക ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

## ചാത്തന്നൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

242 (254) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, പൊഴിക്കര (പരവൂർ) എന്നീ പി.എച്ച്.സി.-കളിൽ, ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിലുള്ള സൗകര്യങ്ങളൊരുക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, പൊഴിക്കര (പരവൂർ) എന്നീ പി.എച്ച്.സി.-കളിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിലുള്ള സൗകര്യങ്ങളൊരുക്കി 16-02-2021 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത പി.എച്ച്.സി.-കളിൽ ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല.

## ബി.എസ്‌സി. നഴ്സിംഗ് പരീക്ഷ

243(255) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ 2016 ആഗസ്റ്റിൽ ക്ലാസ്സ് തുടങ്ങി 2020 ആഗസ്റ്റിൽ കോഴ്സ് പൂർത്തിയാക്കിയ ബി.എസ്‌സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് കോവിഡ് പശ്ചാത്തലത്തിൽ ഇതുവരെയും പരീക്ഷ നടത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് പുറത്തുള്ള നഴ്സിംഗ് കോളേജുകളിൽ ഇതേവർഷം പഠനം തുടങ്ങിയ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതി ജോലിയിൽ പ്രവേശിച്ചിട്ടും സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് അതിന് കഴിയാത്ത സാഹചര്യമുണ്ടായത് ആരോഗ്യ സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണോയെന്ന് വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് എത്രയുംവേഗം പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ 2016 ആഗസ്റ്റിൽ ക്ലാസ്സ് തുടങ്ങിയ ബാച്ച് 2020 ആഗസ്റ്റിൽ പഠനം പൂർത്തീകരിക്കേണ്ടതാണെങ്കിലും കോവിഡ് സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച ലോക്ഡൗൺമൂലം കോഴ്സ് 2021 ഏപ്രിൽ മാസത്തിലാണ് പൂർത്തീകരിക്കാൻ സാധിച്ചത്. 2020 മാർച്ചിൽ ലോക്ക്ഡൗൺമൂലം പൂട്ടിയ കോളേജുകൾ 2021 ജനുവരിയിൽ മാത്രമാണ് തുറന്നത്. അതിനാൽ, നാലര മാസത്തെ അധ്യയനവും നിയമാനുസൃതമുള്ള ക്ലിനിക്കൽ പോസ്റ്റിംഗുകളും മുടങ്ങുകയുണ്ടായി. അധ്യയനം പൂർത്തിയാക്കിയ മുറയ്ക്ക് 2021 ഏപ്രിൽ 20-ന് അവസാന വർഷ പരീക്ഷ ആരംഭിക്കാൻ ടൈംടേബിൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ സർവ്വകലാശാല ചാൻസലറായ ബഹുമാനപ്പെട്ട കേരളാ ഗവർണറുടെ നിർദ്ദേശത്തെത്തുടർന്ന് ഈ പരീക്ഷകൾ മാറ്റിവയ്ക്കേണ്ടിവന്നു. പുനഃക്രമീകരിച്ച പരീക്ഷ മേയ് 5-ന് ആരംഭിച്ചെങ്കിലും ഒരു പരീക്ഷ കഴിഞ്ഞ് വീണ്ടും ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ പരീക്ഷ വീണ്ടും മാറ്റിവയ്ക്കേണ്ടിവന്നു. ലോക്ഡൗൺ പിൻവലിക്കപ്പെടുന്ന മുറയ്ക്ക് ഈ പരീക്ഷകൾ 2021 ജൂൺ 14 കണക്കാക്കി പുനരാരംഭിക്കാൻ വേണ്ടുന്ന രീതിയിൽ ടൈംടേബിൾ 30-5-2021-ൽത്തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ

244 (256) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് 16 വർഷമായി നടത്തിവരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സ്പെഷ്യൽ റൂളുകളിൽ യോഗ്യതയായി പറയുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹെൽത്ത് ഇൻസ്പെക്ടർ സർട്ടിഫിക്കറ്റ് കോഴ്സിന് പകരമായി ആരോഗ്യ വകുപ്പ് 16 വർഷമായി നടത്തിവരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതയായി പരിഗണിക്കുന്നതാണെന്ന് വ്യക്തമാക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ?

പഞ്ചായത്ത് വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നത് 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഗ്രൂപ്പ് VI പ്രകാരമായി ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത യോഗ്യതകളിൽ അവസാനമായി Any other equivalent qualification എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മുൻസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് 1972-ലെ കേരള മുൻസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സുകൂടി യോഗ്യതയായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എം.ബി.ബി.എസ്. പരീക്ഷയിലെ ആൾമാറാട്ടം

245 (257) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാല നടത്തിയ എം.ബി.ബി.എസ്. പരീക്ഷയിൽ ആൾമാറാട്ടവും ക്രമക്കേടും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം വർഷ MBBS Part-I Supplementary Examination, January 2021 പരീക്ഷയിൽ കൊല്ലം അസീസിയ മെഡിക്കൽ കോളേജിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നു.

(ബി) ഇതുസംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എത്ര വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ?

ടി വിഷയത്തിൽ സർവ്വകലാശാലാ തലത്തിലുള്ള അന്വേഷണത്തിന്റെ ഒരു ഘട്ടം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിൽ പങ്കുണ്ടെന്ന് കണ്ടെത്തിയ 3 വിദ്യാർത്ഥികളെ 5 പരീക്ഷാ ചാൻസുകളിൽനിന്നും ഡീബാർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരെയും കണ്ടെത്തുന്നതിനായി അസീസിയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ കണ്ണനല്ലൂർ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത 346/2021 U/s 417, 419, 465, 468, 471 & 34 IPC കേസ് അന്വേഷണ ഘട്ടത്തിലാണ്.

(സി) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ നിലവിലുള്ള പരീക്ഷ നടത്തിപ്പിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ നിലവിലുള്ള പരീക്ഷാ നടത്തിപ്പിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ബോർഡ് ഓഫ് എക്സാമിനേഷന്റെ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ചാത്തന്നൂർ മണ്ഡലത്തിൽ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കൽ

246 (258) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 20-1-2021-ലെ എ 1/16/2021/ആയുഷ് നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഭാരതീയ ചികിത്സാ വകുപ്പിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ആയുഷ് വകുപ്പിലെ 21-1-2021-ലെ എ 1/16/2021/ആയുഷ് നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറോട് തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിരുന്നു. നിലവിൽ നാഷണൽ ഹെൽത്ത് മിഷന്റെ നിയന്ത്രണത്തിലുള്ള ഡിസ്പെൻസറികൾ ടി ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതത് പഞ്ചായത്ത് കമ്മിറ്റികളുടെ തീരുമാനമനുസരിച്ച് ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ പഞ്ചായത്തുകൾ ഒരുക്കി നൽകേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത പഞ്ചായത്തുകൾക്ക് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന കത്ത് നൽകിയിട്ടുള്ളതായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## മാവേലിക്കര ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി

247 (259) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയുടെ നവീകരണത്തിന് അഞ്ച് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഇല്ല. ഭാരതീയ ചികിത്സാ വകുപ്പിൽ 2021-22 സാമ്പത്തിക വർഷം നിർമ്മാണ പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മാവേലിക്കര ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയുടെ നവീകരണം ഉൾപ്പെട്ടിട്ടില്ല.

## പരിയാരം ആയുർവ്വേദ കോളേജ്

248 (260) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് പി.ജി. കോഴ്സുകൾ നിലവിലുള്ളത്?

ക്രിയാശരീര വകുപ്പ് - 7 സീറ്റ്, രോഗനിദാന വകുപ്പ് - 6 സീറ്റ്

(ബി) ഏതൊക്കെ വിഭാഗങ്ങളിലാണ് പുതിയ പി.ജി. കോഴ്സുകൾ തുടങ്ങാൻ കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നൽകിയിട്ടുള്ളത്?

ശല്യതന്ത്ര വകുപ്പ് - 6 സീറ്റ്, ശാലാക്യതന്ത്ര വകുപ്പ് - 6 സീറ്റ്, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന – 7 സീറ്റ്. ഇതുകൂടാതെ കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിൽ നിലനിന്നിരുന്ന ക്രിയാശരീര പി.ജി.-യിൽ 2 സീറ്റും രോഗനിദാന പി.ജി.-യിൽ 2 സീറ്റും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഓരോ വിഭാഗത്തിലും എത്രവീതം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാൻ കഴിയും?

36 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാൻ കഴിയും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രിയാശരീര വകുപ്പ് - 9 സീറ്റ്, രോഗനിദാന വകുപ്പ് - 8 സീറ്റ്, ശല്യതന്ത്ര - 6 സീറ്റ്, ശാലാക്യതന്ത്ര വകുപ്പ് - 6 സീറ്റ്, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന - 7 സീറ്റ്. ആകെ - 36 സീറ്റ്.

(ഡി) പുതുതായി അനുവദിച്ച കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

നൽകിയിട്ടുണ്ട്. 2020-21 അക്കാദമിക് വർഷം പി.ജി. എൻട്രൻസ് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ സീറ്റുകളിൽ യഥാവിധി അഡ്മിഷൻ നൽകിയിട്ടുണ്ട്.

## സിദ്ധ വിഭാഗം

249 (261) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പുതുതായി വയനാട് ജില്ല ആയുർവ്വേദ ആശുപത്രിയിൽ സിദ്ധ മെഡിക്കൽ ഓഫീസർ തസ്തിക പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സുൽത്താൻ ബത്തേരി

താലൂക്ക് ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പ്ലാൻ പ്രോജക്റ്റിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന സിദ്ധ വിഭാഗം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സിദ്ധ ചികിത്സയെ ആശ്രയിക്കുന്ന സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമായി നല്ല രീതിയിൽ പ്രവർത്തിച്ച് വന്നിരുന്ന സിദ്ധ വിഭാഗം നിലവിലെ കോവിഡ് മഹാമാരിയുടെ സാഹചര്യംകൂടി കണക്കിലെടുത്ത് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

&

(സി) പ്ലാൻ ഫണ്ടിന് കീഴിലുണ്ടായിരുന്ന സിദ്ധ വിഭാഗത്തെ സുൽത്താൻ ബത്തേരി ഗവൺമെന്റ് താലൂക്ക് ആയുർവ്വേദ ഹോസ്പിറ്റലിൽത്തന്നെ പുനഃസ്ഥാപിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഭാരതീയ ചികിത്സാ വകുപ്പിൽ സിദ്ധ ഡോക്ടറുടെ സേവനം ലഭ്യമല്ലാതിരുന്ന 8 ജില്ലകളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സിദ്ധ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിരുന്നതിന്റെ ഭാഗമായാണ് സുൽത്താൻ ബത്തേരി താലൂക്ക് ആയുർവ്വേദ ആശുപത്രിയിലും സിദ്ധ യൂണിറ്റ് പ്രവർത്തിച്ചുവന്നിരുന്നത്. 25-2-2021-ലെ സ.ഉ.(കൈ)നമ്പർ 7/2021/ആയുഷ് നമ്പർ പ്രകാരം സിദ്ധ ചികിത്സാ സ്ഥാപനം നിലവില്ലാതിരുന്ന എട്ട് ജില്ലകളിലെയും ജില്ലാ ആശുപത്രികളിൽ ഓരോ സിദ്ധ മെഡിക്കൽ ഓഫീസറുടെവീതം തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം വയനാട് ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് 29-4-2021-ൽ സിദ്ധ മെഡിക്കൽ ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. പുതുതായി നിയമിക്കപ്പെട്ടിട്ടുള്ള സിദ്ധ ഡോക്ടറുടെ സേവനം ജില്ലയിലെ സിദ്ധാ മെഡിസിനെ ആശ്രയിക്കുന്ന രോഗികൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലൂടെയും എല്ലാ സ്പെഷ്യാലിറ്റി സേവനവും ലഭ്യമാക്കുക എന്നതാണ് ഭാരതീയ ചികിത്സാ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യം. സ്ഥിരം നിയമനം ലഭിച്ച സിദ്ധ ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പ്ലാൻ ഫണ്ടിലെ താൽക്കാലിക സിദ്ധ ഡോക്ടർമാരെ പിരിച്ചുവിടേണ്ടതുണ്ട്. സ്ഥിരം നിയമനം ഉറപ്പാക്കിക്കൊണ്ട് സിദ്ധ വിഭാഗത്തിന്റെ സേവനം വിപുലപ്പെടുത്തിയ സാഹചര്യത്തിൽ പ്ലാൻ ഫണ്ടിലൂടെ സുൽത്താൻ ബത്തേരി ഗവൺമെന്റ് താലൂക്ക് ആയുർവ്വേദ ആശുപത്രിയിൽ പ്രവർത്തിച്ചിരുന്ന സിദ്ധ വിഭാഗത്തെ പുനഃസ്ഥാപിക്കാൻ നിർവ്വാഹമില്ല.

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക

250 (262) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ആനുപാതികമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ നിലവിലുണ്ടോ?

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന പ്രകാരം കേരളത്തിലെ 33115 അങ്കണവാടികൾക്ക് ആനുപാതികമായി 1327 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ വകുപ്പിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് കഴിഞ്ഞ സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ സംഘടനകൾ കാലാകാലങ്ങളിൽ സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുന്ന നിവേദനങ്ങൾ പരിശോധിച്ച് മറുപടി നൽകിവരുന്നു. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആധുനിക സൗകര്യങ്ങൾ ഉറപ്പാക്കി സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങൾ ഘട്ടംഘട്ടമായി നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[നക്ഷത്രചിഹ്നമിടാത്ത 14, 28, 31, 54, 55, 67, 85, 86, 98, 105, 108, 202 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമല്ല.]

10:01 AM]

## II അറിയിപ്പ്

### ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 8-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

"I thank the Members of the 15th Kerala Legislative Assembly for adopting the Motion of Thanks on 02nd June, 2021, on my address to the Assembly delivered on 28th May, 2021.

I also take this opportunity to convey to the 15th Kerala Legislative Assembly my best wishes for a fruitful tenure."

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ സഭയിൽ ഹാജരായി.)

## III അടിയന്തരപ്രമേയം

### കുഴൽപ്പണ കേസ്

മി. സ്പീക്കർ: തൃശ്ശൂർ കൊടകര ദേശീയപാതയിൽ നടന്ന കവർച്ചയോട് അനുബന്ധിച്ചുള്ള അന്വേഷണത്തിൽ മൂന്നരക്കോടി രൂപയുടെ കുഴൽപ്പണം നിയമസഭാ തെരഞ്ഞെടുപ്പിലെ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രചരണത്തിനായി കൊണ്ടുവന്നതാണെന്ന് പിടിയിലായവർ മൊഴി നൽകിയതായും പ്രസ്തുത പാർട്ടിയിലെ ഉന്നത നേതാക്കളിലേയ്ക്ക് അന്വേഷണം നീളുന്ന സാഹചര്യത്തിൽ അത് ത്വരിതപ്പെടുത്തി കുറ്റക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരേണ്ട സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് ചേളന്നൂർ സ്വദേശിയായ ഷംജീറിന്റെ ഉടമസ്ഥതയിലുള്ള KL-56 G 6786-ാം നമ്പർ കാറിൽ കോഴിക്കോട് നിന്നും ആലപ്പുഴയിലേയ്ക്ക് കൊണ്ടുപോയ 25 ലക്ഷം രൂപയും കാറും 3-4-2021-ന് പുലർച്ചെ 4.30 മണിയോടെ തൃശ്ശൂർ കൊടകര ബൈപ്പാസ്സിൽവച്ച് ഒരുസംഘമാളുകൾ കവർച്ച ചെയ്തുവെന്ന് പരാതിയുണ്ടായി. ഇതുസംബന്ധിച്ച് ഷംജീർ കൊടകര പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ IPC 395 വകുപ്പുപ്രകാരം ക്രൈം 146/21 ആയി കേസ്

രജിസ്റ്റർ ചെയ്ത് കൊടകര പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. അന്വേഷണം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പരാതിക്കാരനായ ഷംജീറിനെയും പണം ഏൽപ്പിച്ചയച്ച കോഴിക്കോട് സ്വദേശി ധർമ്മരാജനെയും വിശദമായി ചോദ്യം ചെയ്തു. കവർച്ച ചെയ്യപ്പെട്ട കാറിൽ മൂന്നരക്കോടി രൂപയുണ്ടായിരുന്നതായി ചോദ്യം ചെയ്യലിൽ വ്യക്തമായി. അതിന്റെയടിസ്ഥാനത്തിൽ മേൽ നമ്പർ കേസ്സിൽ IPC 412, 212, 120B എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്തു. തുടർന്ന് തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ 25-4-2021-ലെ ഉത്തരവുപ്രകാരം ചാലക്കുടി ഡിവൈ.എസ്.പി. കേസ്സിന്റെ അന്വേഷണം ഏറ്റെടുത്തു. തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ 5-5-2021-ലെ ഉത്തരവുപ്രകാരം കേസ്സിന്റെ അന്വേഷണത്തിനായി തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി.-യുടെയും എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി.-യുടെയും മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു. അന്വേഷണ ഉദ്യോഗസ്ഥനായി പാലക്കാട് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തുകയും 10-5-2021 മുതൽ അന്വേഷണ സംഘം കേസ്സിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തിവരികയുമാണ്. കേസ് അന്വേഷണത്തിന്റെ ഭാഗമായി 96 സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി. 20 പ്രതികളെ അറസ്റ്റുചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളെല്ലാവരും ജുഡീഷ്യൽ കസ്റ്റഡിയിലാണ്. കവർച്ച ചെയ്യപ്പെട്ട മൂന്നരക്കോടി രൂപയിൽ 1,01,12,001 രൂപയും കവർച്ച ചെയ്ത പണമുപയോഗിച്ച് വാങ്ങിയ 347 ഗ്രാം സ്വർണ്ണാഭരണങ്ങളും മൊബൈൽ ഫോണുകളും വാച്ചുകളും കണ്ടെടുത്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കൊച്ചിൻ സോണൽ ഓഫീസിൽനിന്നും 27-5-2021-ൽ കേസ്സിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. 01-06-2021-ന് ആവശ്യമായ വിവരങ്ങൾ അന്വേഷണ ഉദ്യോഗസ്ഥൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് നൽകിയിട്ടുണ്ട്. അന്വേഷണം നല്ല രീതിയിൽ പുരോഗമിക്കുകയാണ്. ഈ ഘട്ടത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം ഇക്കാര്യത്തിലുണ്ടാകുന്നില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, 2016 നവംബർ 8 -ാം തീയതി വൈകിട്ട് എട്ട് മണി - "To break the grip of corruption and black money, we have decided that the five hundred rupee and thousand rupee currency notes presently in use will no longer be legal tender from midnight tonight." ഇന്ത്യാ രാജ്യത്തിന്റെ സമ്പദ്ഘടനയെയും വളർച്ചയെയും ഭാവിയെയും ചെറുപ്പക്കാരുടെ തൊഴിലിനെയും സംരംഭങ്ങളെയും ആകെ തകർത്ത് തരിപ്പണമാക്കിയ മരമണ്ടൻ തീരുമാനമായ നോട്ട് നിരോധനം ഇന്ത്യയുടെ പ്രധാനമന്ത്രി പ്രഖ്യാപിച്ച ദിവസമായിരുന്നു നവംബർ 8, 2016. അഞ്ച് ദിവസം കഴിഞ്ഞപ്പോൾ, അദ്ദേഹം ഗോവയിലെ പനാജിയിൽ, പത്രങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ ഒരു വാചകം 'Teary eyed Modiji in Goa.' പനാജിയിൽ നടത്തിയ പ്രസംഗത്തിൽ പറയുന്നു - "In this fight against corruption, black money, fake notes and terrorism,

give me 50 days, burn me alive if I am wrong." കള്ളപ്പണത്തിനും തീവ്രവാദത്തിനും കള്ളനോട്ടിനും അഴിമതിക്കുമെതിരായിട്ടുള്ള പോരാട്ടത്തിൽ എന്റെ നടപടികൾ തെറ്റാണെങ്കിൽ എനിക്ക് 50 ദിവസം തരൂ. എനിക്ക് തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ എന്നെ പച്ചയ്ക്ക് കത്തിച്ചുകൊള്ളൂവെന്ന്. പത്രഭാഷയിൽ ഒരിക്കൽക്കൂടി പറഞ്ഞാൽ 'Teary Eyed Modiji' ഗോവയിലെ പനാജിയിൽ നടത്തിയ പ്രസംഗമാണ്. Respected Prime Minister, it has been 1600+ days since November 13, 2016 till April 3, 2021, nothing has worked out in the country's favour. We are not here to burn anyone alive. But, what has Kerala done to you? Like Kerala contained BJP into zero, tomorrow the nation is going to do that എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. രാജ്യത്തിന്റെ, ജനങ്ങളുടെ മുന്നിൽ കണ്ണുനീർ പൊഴിച്ചുകൊണ്ട് 'എനിക്ക് തെറ്റ് പറ്റിയാൽ 50 ദിവസം തരുവെന്ന്' പറഞ്ഞ പ്രധാനമന്ത്രിയുടെ പ്രസംഗം കഴിഞ്ഞിട്ട് 2021 ഏപ്രിൽ 3-ന് 1600 ദിവസങ്ങളായി. ഏപ്രിൽ 3, 2021-ന് കള്ളപ്പണത്തിനെതിരായിട്ടുള്ള പോരാട്ടത്തിന്, തന്റെ നടപടികൾക്ക് 1600 ദിവസങ്ങളായെന്ന് അറിയിക്കപ്പെട്ട ദിവസത്തിൽ, കള്ളപ്പണം കടത്താൻ ശ്രമിച്ചതിന്റെ പേരിൽ, തെരഞ്ഞെടുപ്പ് ഫണ്ട് എന്ന പേരിൽ ഈ രാജ്യത്തെ ഏറ്റവും വലിയ സാമ്പത്തിക കുറ്റകൃത്യമെന്ന് ബി.ജെ.പി. തന്നെ വിശേഷിപ്പിക്കുന്ന രേഖയില്ലാത്ത പണം കേരളത്തിൽ ചെലവഴിക്കാൻ ബി.ജെ.പി. നേതാക്കൻമാരുടെ ഒത്താശയോടെ കടന്നുവന്ന് പിടിക്കപ്പെട്ട ദിവസത്തിൽ 1600 ദിവസമായെങ്കിൽ നോട്ട് നിരോധനത്തിന്റെ പേരിൽ ഈ രാജ്യത്ത് നടപ്പിലാക്കിയ ശ്രീ. നരേന്ദ്ര മോദിയുടെ തീരുമാനത്തിന്റെ ഏറ്റവും വലിയ പരാജയത്തിന്റെ ഒടുവിലത്തെ ഉദാഹരണവും അതിന് ബി.ജെ.പി. നൽകുന്ന സാക്ഷ്യപത്രവുമാണ് കൊടകരയിലെ ബി.ജെ.പി.-യുടെ കുഴൽപ്പണക്കേസ്സെന്ന് ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഇപ്പോൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കള്ളപ്പണത്തിനും കള്ളനോട്ടിനും തീവ്രവാദത്തിനും എതിരെയുള്ള തലതിരിഞ്ഞ ഈ തീരുമാനംമൂലം ഒരു ജീവിതകാലത്തിന്റെ കഠിനാധ്വാനം കടലാസിന്റെ വിലപോലുമില്ലെന്നറിഞ്ഞ് ചങ്കുപൊട്ടി മരിച്ചവരുണ്ട്, ആശുപത്രിയിൽ കിടക്കുന്ന അച്ഛനോ അമ്മയ്ക്കോ മരുന്നുവാങ്ങാൻ പണമില്ലാത്തതിന്റെ പേരിൽ വരിയിൽ ക്യൂ നിന്ന് കുഴഞ്ഞുവീണ് മരിച്ചവരുണ്ട്, മകളുടെ കല്യാണം നടത്താൻ കരുതിവച്ച പണത്തിന് കടലാസിന്റെ വിലയില്ലെന്നറിഞ്ഞ് ഹൃദയംപൊട്ടി മരിച്ചവരുണ്ട്. പൊന്നുമക്കൾക്ക് അന്നം വാങ്ങാൻ കഴിയില്ലെന്നറിഞ്ഞ് വേദനയോടെ നൊന്തുമരിച്ചവരുണ്ട്. നൂറുകണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെടുത്തി നോട്ടുനിരോധനം ഇന്ത്യാ രാജ്യത്ത് നടപ്പിലാക്കിയതിന് രാജ്യത്തിന്റെ പ്രധാനമന്ത്രി പറഞ്ഞ മറുപടി നിങ്ങളുടെ ത്യാഗം ഈ രാജ്യത്തെ അഴിമതിമുക്തമാക്കുമെന്നാണ്. നിങ്ങളുടെ ത്യാഗം ഈ രാജ്യത്തുനിന്നും കള്ളപ്പണത്തെ തുടച്ചുനീക്കുമെന്നാണ്. നിങ്ങളുടെ ത്യാഗം ഈ രാജ്യത്തെ

കള്ളനോട്ടിനെതിരെയുള്ള പോരാട്ടത്തിൽ ഏറ്റവും വലിയ ഫൈറ്റ് ആകുമെന്നാണ്. വീണിടത്തുകിടന്ന് വിദ്യയാക്കുന്ന ഒരു മറുപടിയിൽ ഡിജിറ്റൽ ഇന്ത്യയിലേയ്ക്കുള്ള ട്രാൻസ്ഫർമേഷനാണെന്നും പറഞ്ഞു. വൃദ്ധമാതാവിനെപ്പോലും വരിയിൽ നിർത്തി നാടകം കളിച്ച് ഇന്ത്യയുടെ പ്രധാനമന്ത്രി നടത്തിയ ഈ തീരുമാനത്തിന്റെ പേരിൽ ഈ രാജ്യത്തിനുണ്ടായ നഷ്ടങ്ങളെന്തൊക്കെയാണ്? മൂന്നുലക്ഷം കോടി രൂപയുടെ കള്ളപ്പണം തിരികെ വരില്ലെന്ന് പറഞ്ഞു. ഈ രാജ്യത്തിനത് വലിയ നേട്ടമാകുമെന്ന് പറഞ്ഞു. അവസാനം സർക്കുലേഷനിലുണ്ടായിരുന്നതിൽ 99.3 ശതമാനം കറൻസിയും തിരിച്ചുവന്നു. വെറും 10700 കോടി രൂപ മാത്രമാണ് തിരിച്ചുവരാൻ ബാക്കിയുള്ളത്. എന്നാൽ, പുതിയ നോട്ട് അച്ചടിച്ചതിൽ 12877 കോടിരൂപ ചെലവായെന്ന് സർക്കാർതന്നെ പറയുന്നു.

ചെറുകിട-ഇടത്തരം വ്യാപാര വ്യവസായങ്ങൾ തകർന്നു. കോടിക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. 2017-18-ൽ പിടിച്ച 36 കോടി രൂപയുടെ കള്ളനോട്ട് 2,000 രൂപയുടേതായിരുന്നു. കള്ളനോട്ടിന്റെ വിനിമയത്തിൽ 480 ശതമാനത്തിന്റെ വർദ്ധനവുണ്ടായെന്ന് ധനമന്ത്രാലയത്തിന്റെ ഫിനാൻഷ്യൽ ഇന്റലിജൻസിന്റെ റിപ്പോർട്ടുതന്നെ വ്യക്തമാക്കി. ഈ രാജ്യത്തിന്റെ ജി.ഡി.പി.-ക്ക് രണ്ടുശതമാനത്തിന്റെ തകർച്ചയുണ്ടാകുമെന്ന് ഇന്ത്യ ലോകത്തിനുമുന്നിൽ അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ചിരുന്ന നാളുകളിൽ ഇന്ത്യയെ നയിച്ച പ്രഗത്ഭനായ ഡോ. മൻമോഹൻസിംഗ് ഒരു വാണിംഗ് പോലെ ഈ നാടിനോട് പറഞ്ഞപ്പോൾ അദ്ദേഹത്തെ കുളിമുറിയിൽ കോട്ടിട്ട് കുളിക്കുന്നവനെന്ന് പരിഹസിച്ചു. അവസാനം ഇന്ത്യയുടെ ജി.ഡി.പി.-ക്ക് ഒന്നരശതമാനത്തിന്റെ തകർച്ചയുണ്ടായി. രണ്ടുകോടി ഇരുപത്തിയഞ്ചുലക്ഷം രൂപയുടെ നഷ്ടം ഇന്ത്യയുടെ ജി.ഡി.പി.-ക്കുണ്ടായി. തീവ്രവാദത്തിനെതിരെയുള്ള പോരാട്ടമാണെന്ന് പറഞ്ഞു. അവസാനം പുൽവാമയിലെ സെൻട്രൽ റിസർവ് പോലീസ് ഫോഴ്സിന്റെ 40 പട്ടാളക്കാർ, രാജ്യത്തിന്റെ പോലീസും രാജ്യത്തിന്റെ അതിർത്തി കാക്കുന്നവരും ഈ തീവ്രവാദികളുടെ അക്രമത്തിൽ, പുൽവാമയിൽ ഒരു മനുഷ്യബോംബിന്റെ രൂപത്തിൽ നേരിട്ട അപകടത്തിൽ അവർ ചിന്നിച്ചിതറുന്നത് നമുക്ക് കണ്ടുനിൽക്കേണ്ടിവന്നു. എവിടെയാണ് ഈ പോരാട്ടത്തിൽ രാജ്യം ജയിച്ചത്? രാജ്യത്ത് കള്ളനോട്ട് ഏറ്റവും സജീവമായി വിനിമയത്തിലുണ്ട്. ആ കള്ളപ്പണം പക്ഷെ ബി.ജെ.പി.-ക്കാരുടെ കയ്യിലും ബി.ജെ.പി.-ക്ക് വേണ്ടപ്പെട്ടവരുടെ കയ്യിലുമാണെന്നുള്ളതാണ് ഇപ്പോൾ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം.

ഒരു സീറ്റുപോലും ജയിക്കുമെന്ന് ഉറപ്പില്ലാത്ത ഒരു സംസ്ഥാനത്തേയ്ക്കുപോലും കോടിക്കണക്കിന് രൂപയുടെ ഫണ്ട് പമ്പുചെയ്യാൻ ഇവർക്ക് എവിടെനിന്നാണ് പണം? 60 വർഷം ഇന്ത്യ ഭരിച്ച കോൺഗ്രസിന്റെ ആസ്തി 1350 കോടി രൂപയാണ്. 6 വർഷം ശ്രീ. നരേന്ദ്രമോദി ഇന്ത്യ ഭരിച്ചപ്പോൾ ബി.ജെ.പി.-യുടെ ആസ്തി

23,670 കോടി രൂപയാണ്, ഇത് ഞങ്ങൾ പറയുന്ന കണക്കല്ല, ഏജൻസി ഫോർ ഇന്ത്യൻ ഇലക്ഷൻ വാച്ച് പറയുന്ന കണക്കാണ്. നോട്ടുനിരോധനം വന്നപ്പോൾ കള്ളപ്പണത്തിനെതിരായ പോരാട്ടത്തിന്, ധാർമ്മിക യുദ്ധത്തിന് പിന്തുണ പ്രഖ്യാപിച്ച ബി.ജെ.പി. നേതാക്കന്മാരുടെ പ്രസ്താവനകൾ നിങ്ങൾക്കറിയാം. ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ, ശ്രീ. കുമ്മനം രാജശേഖരനൽപ്പെടെയുള്ളവർ പറഞ്ഞത് കള്ളപ്പണക്കാർമാത്രം വിരളിപൂണ്ടാൽ മതിയെന്നും ബാക്കിയുള്ളവർ വിരളിപിടിക്കേണ്ട ആവശ്യമില്ലെന്നുമാണ്. ഇപ്പോൾ എവിടെനിന്നാണ് കള്ളപ്പണം കേരളത്തിലേയ്ക്ക് ഒഴുകുന്നത്; ആരാണ് കേരളത്തിലേയ്ക്ക് കള്ളപ്പണം കൊണ്ടുവരുന്നത്? ഏപ്രിൽ മൂന്ന് എന്നുപറയുന്നത് തെരഞ്ഞെടുപ്പിന് ഏതാനും ദിവസങ്ങൾ മാത്രമാണ് ബാക്കി. ഈ റിപ്പോർട്ടുകൾ ശരിയാണെങ്കിൽ, തെരഞ്ഞെടുപ്പിന് രണ്ടുദിവസം ബാക്കി നിൽക്കുമ്പോൾ കർണ്ണാടകയിൽനിന്ന് പത്തോളം കോടി രൂപ ഒന്നുരണ്ട് ജില്ലകളിൽ സപ്ലൈ ചെയ്ത് ബാക്കിയുള്ളതുമായി വരുന്ന വാഹനമാണ് കൊടകരയിൽവച്ച് പിടിക്കപ്പെടുന്നത്, അത് പോലീസല്ല പിടിച്ചത്. അവിടെ ഒരക്രമം നടന്നു, ആ പണം തട്ടിയെടുത്തു. പക്ഷെ ഒരു കാര്യം ശ്രദ്ധിക്കുക. ഇതുസംബന്ധിച്ച എഫ്.ഐ.ആർ. വരുന്നത് ഏപ്രിൽ മാസം ഏഴാം തീയതിയാണ്. അതായത്, തെരഞ്ഞെടുപ്പിന്റെ മൂന്നുദിവസം മുമ്പ്. ഇതിന് സ്റ്റേഷനിൽ ഒരു പരാതി കൊടുക്കാൻപോലും ഈ പണം നഷ്ടപ്പെട്ടവർ തയ്യാറാകുന്നില്ല. പോളിംഗ് കഴിഞ്ഞതിന്റെ പിറ്റേദിവസം രാത്രി പോയി പരാതി കൊടുക്കുന്നു. ചോദിച്ചത് 25 ലക്ഷം രൂപ നഷ്ടപ്പെട്ടതിനെ സംബന്ധിച്ചാണ്. ഷംജീർ എന്നൊരാൾ പരാതി കൊടുത്തു. ആ പണം കൊണ്ടുവന്നതും വിതരണത്തിന് വച്ചതും അതിന്റെ ഉത്തരവാദിത്വമുണ്ടായിരുന്നതും ധർമ്മരാജനാണെന്നത് അറിയാത്ത ഒരാളും ഇന്ന് കേരളത്തിന്റെ മണ്ണിലില്ല. പണം നഷ്ടപ്പെട്ടപ്പോൾ ഒരുപക്ഷെ ആ ഡ്രൈവർക്ക് ഒരു പരാതി എഴുതിക്കൊടുക്കാമായിരുന്നു. പിന്നീട് മൂന്നുദിവസം കഴിഞ്ഞ് ഡ്രൈവർ പരാതി എഴുതിക്കൊടുക്കുന്നുണ്ടെങ്കിൽ അത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് വളരെ വ്യക്തമാണ്. ഈ പണത്തിന് ബി.ജെ.പി.-യുമായി യാതൊരു ബന്ധവുമില്ലെന്നാണ് ബി.ജെ.പി.-യുടെ പ്രസിഡന്റ് പറയുന്നത്. പോലീസ് തലകുത്തിനിന്ന് അന്വേഷിച്ചാലും ഇത് ബി.ജെ.പി.-യിലേയ്ക്ക് എത്തില്ല എന്നാണ് അദ്ദേഹം പറയുന്നത്. ഞങ്ങളുടെയും ആശങ്ക അതുതന്നെയാണ്. അതുകൊണ്ട് പോലീസ് തലകുത്തിനിന്ന് അന്വേഷിക്കരുത്. ഇക്കാര്യത്തിൽ പോലീസ് നേരെനിന്ന് അന്വേഷിക്കണമെന്നാണ് കേരളത്തിലെ ജനങ്ങളുടെയും ആഗ്രഹം. ആർ.എസ്.എസ്-ന്റെ സജീവ പ്രവർത്തകനായ ധർമ്മരാജന് ബി.ജെ.പി.-യുമായി ബന്ധമില്ലെന്നാണ് പറയുന്നത്. ഈ തെരഞ്ഞെടുപ്പിന്റെ കാലയളവിൽ 21 ദിവസം ധർമ്മരാജനെ ബി.ജെ.പി. പ്രസിഡന്റ് വിളിച്ചു. ബി.ജെ.പി.-യുമായി ബന്ധമില്ലത്രേ. ആർ.എസ്.എസ്-ന്റെ സംഘടനാ സെക്രട്ടറി ഗണേഷ്

ബന്ധപ്പെടുന്നു. ബി.ജെ.പി.-യുടെ സംഘടനാ ചുമതലയുള്ളയാളാണ്. ബി.ജെ.പി.-യുമായി ബന്ധമില്ലത്രേ! പ്രചരണ സാമഗ്രികൾ എത്തിക്കാൻ വേണ്ടിയാണ് ഇദ്ദേഹത്തെ ചുമതലപ്പെടുത്തിയതെന്ന് പിന്നീട് പറഞ്ഞു. ആദ്യം ബന്ധമില്ലെന്ന് പറഞ്ഞു, പിന്നീട് പ്രചരണ സാമഗ്രികൾ എത്തിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞു. അക്കാര്യത്തിൽ എനിക്ക് വലിയ വിയോജിപ്പില്ല. കാരണം ബി.ജെ.പി.-യുടെ ഏറ്റവും വലിയ പ്രചരണ സാമഗ്രി പണം തന്നെയാണെന്നുള്ളത് കേരളത്തിലെ ഈ തെരഞ്ഞെടുപ്പിൽ മത്സരിച്ച ഒരാളെന്ന നിലയ്ക്ക് എനിക്കും നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പണം കൈമാറിയത് യുവമോർച്ചയുടെ മുൻസംസ്ഥാന ട്രഷറർ. അപ്പോഴും പറയുന്നു, ബി.ജെ.പി.-യുമായി ബന്ധമില്ല. ഇതിൽ ചോദ്യം ചെയ്യപ്പെടുന്നത് തൃശ്ശൂരിലെ ബി.ജെ.പി.-യുടെ ജില്ലാ പ്രസിഡന്റ്. അപ്പോഴും പറയുന്നു, ബി.ജെ.പി.-യുമായി ബന്ധമില്ല. തൃശ്ശൂരിലെ ജില്ലാ സെക്രട്ടറി ഹരി, അപ്പോഴും പറയുന്നു ബി.ജെ.പി.-യുമായി ബന്ധമില്ല. ആലപ്പുഴ ജില്ലാ ട്രഷറർ കർത്ത, പറയുന്നു ബി.ജെ.പി.-യുമായി ബന്ധമില്ല. ആ ചോദ്യം ചെയ്യപ്പെട്ടയൊരാൾ സംസ്ഥാന പ്രസിഡന്റിനോട് ചോദിക്കണമെന്ന് പറയുന്നു. ഒരു പോസ്റ്റ് ഇട്ടതിന്റെപേരിൽ കിരൺ എന്ന ഒരു ബി.ജെ.പി.-ക്കാരനെ വാക്സിനെടുക്കാൻ ചെന്ന സെന്ററിൽവച്ച് മർദ്ദിക്കുന്ന സാഹചര്യമുണ്ടാകുന്നു. ഋഷിപൽപ്പ എന്നൊരാളെ പോസ്റ്റിട്ടതിന്റെ പേരിൽ തൃശ്ശൂരിലെ ജില്ലാ സെക്രട്ടറി വിളിച്ച് പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു് വധഭീഷണി മുഴക്കുന്ന സാഹചര്യമുണ്ടാകുന്നു. ഈ പ്രതികൾക്ക് റൂം ബുക്ക് ചെയ്തുകൊടുത്തത് തൃശ്ശൂർ പാർട്ടി ഓഫീസിലെ സെക്രട്ടറി സതീഷ്. അപ്പോഴും പറയുന്നു, ബി.ജെ.പി.-ക്ക് ബന്ധമില്ലെന്ന്. കർണ്ണാടകയുടെ ഡെപ്യൂട്ടി മുഖ്യമന്ത്രിയുൾപ്പെടെയുള്ളയാളുകളുടെ പേരുകൾ ഇക്കാര്യത്തിൽ പറഞ്ഞുകേൾക്കുന്നു. അപ്പോഴും പറയുന്നു, ബി.ജെ.പി.-ക്ക് ബന്ധമില്ലെന്ന്. പാർട്ടിയിലേയ്ക്കും മുന്നണിയിലേയ്ക്കും ആളുകളെ ചേർക്കാൻ ജനാധിപത്യ അവസരങ്ങൾ കൊടുക്കുന്നതിനെയും പദവികൾ കൊടുക്കുന്നതിനെയും സംബന്ധിച്ച് കേട്ടിട്ടുണ്ട്. മുന്നണിയിലേയ്ക്ക് ആളെചേർക്കാൻ പണം കൊടുക്കുന്ന ഏർപ്പാട് ഈ കള്ളപ്പണം കൊണ്ട് നടത്തിയതും ഇവർതന്നെ. അപ്പോഴും പറയുന്നു, ബി.ജെ.പി.-ക്ക് ബന്ധമില്ല. എതിർ സ്ഥാനാർത്ഥിയായി വന്നൊരാൾ വോട്ടുപിടിക്കുമെന്ന് ഭയന്ന് ബി.എസ്.പി.-യുടെ നേതാവിനെ പണം കൊടുത്തും ഓഫർ കൊടുത്തും പിന്മാറ്റിയതിന്റെ എല്ലാ വിശദാംശങ്ങളും പുറത്തുവരുന്നു. അപ്പോഴും പറയുന്നു, ബി.ജെ.പി.-ക്ക് ബന്ധമില്ല. മറ്റൊരു പരാതികൂടി രംഗത്ത് വന്നിട്ടുണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ ചില വീടുകളിൽ വോട്ടുചെയ്യാതിരിക്കാൻവേണ്ടി പണം കൊടുത്തതായ ആരോപണംകൂടി പുറത്തുവന്നിരിക്കുകയാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തിട്ടുണ്ട്. ഈ കള്ളപ്പണം മുഴുവൻ ഒഴുക്കി കേരളത്തിന്റെ ജനാധിപത്യ സംവിധാനത്തെ, ഈ സിസ്റ്റത്തെ തകർക്കാനുള്ള ശ്രമം നടക്കുമ്പോൾ,

ഇതിലുൾപ്പെട്ട പ്രതികളെ രാത്രി പിടിക്കുമ്പോൾ ആദ്യം വിളിച്ച ഏഴ് ഫോൺകാളുകളും ബി.ജെ.പി.-യുടെ നേതാക്കന്മാർക്ക് തന്നെയായിരുന്നുവെന്ന് ഇന്ന് വാർത്തകൾ പുറത്തുവരുമ്പോൾ, 'കുഴലിൽ കുടുങ്ങി ബി.ജെ.പി.' എന്ന് വാർത്തകൾ പുറത്തുവരുമ്പോൾ, കൊടകര കുഴൽപ്പണവേട്ട കണ്ടെത്തിയത് മഞ്ഞുമലയുടെ അറ്റമെന്ന് വാർത്ത വരുമ്പോൾ, മുൾമുനയിലാണെന്ന് വാർത്ത വരുമ്പോൾ, ഈ സംസ്ഥാനത്തെ തെരഞ്ഞെടുപ്പിൽ കേരളം മുഴുവൻ ആഗ്രഹിക്കാത്ത പ്രവണതകളെ നട്ടുപിടിപ്പിക്കാൻ പണക്കൊഴുപ്പിന്റെ പേരിൽ ഈ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തെ അട്ടിമറിക്കാനുള്ള ശ്രമം നടക്കുമ്പോൾ ആ ഗൗരവത്തോടുകൂടിവേണം പോലീസ് അന്വേഷണവും ഇടപെടലുകളും നടത്തേണ്ടത്. അന്വേഷണ ഉദ്യോഗസ്ഥരെ സംബന്ധിച്ചുപോലും വ്യാപകമായ സമ്മർദ്ദങ്ങൾക്ക് അടിമപ്പെടാനുള്ള സാഹചര്യമുണ്ടാകുമെന്ന തരത്തിലുള്ള വാർത്തകൾ പുറത്തുവരികയാണ്. ഒരു പാലമിട്ടാൽ അങ്ങോട്ടു മിങ്ങോട്ടുമെന്ന് പണ്ട് കേട്ടിട്ടുണ്ട്. ഒരു കുഴലിട്ടാൽ അങ്ങോട്ടുമിങ്ങോട്ടും എന്നാകരുത് അത് എന്നുള്ളത് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റ് പല കേസ്സുകളുമായി ബന്ധപ്പെടുത്തിയാണ് തന്റെ മകനെ കേസിൽ പ്രതിചേർക്കുന്നതെന്ന് അല്ലെങ്കിൽ ചോദ്യം ചെയ്യാൻ ശ്രമിക്കുന്നതെന്ന് ബി.ജെ.പി.-യുടെ നേതാവ് പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അത്തരം സമ്മർദ്ദങ്ങൾ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നുമുണ്ടായി ഈ നാടിന്റെ ജനാധിപത്യ സംവിധാനത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നവർക്ക് കൂട്ടുനിൽക്കുന്ന ഒരു സംവിധാനമായി പോലീസും ഭരണകൂടവും മാറരുത്. അവസാനം അന്തർലീനമാണ് എന്നൊരു വാക്കുകൊണ്ട് അതിനെ പ്രതിരോധിക്കാൻ ഈ നാടിന് കഴിയില്ല. അതുകൊണ്ട് നിഷ്പക്ഷമായ സ്റ്റാൻഡ് എടുത്ത് ഈ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് ഓർഗനൈസ്ഡ് ലൂട്ടും ലീഗലൈസ്ഡ് പ്ലണ്ടറും മോണ്യുമെന്റൽ മിസ്മാനേജ്മെന്റും എന്ന് പ്രിയപ്പെട്ട ഡോ. മൻമോഹൻസിംഗ് പറഞ്ഞ വാചകം അന്വർത്ഥമാക്കുന്ന അപകടങ്ങളിലേയ്ക്ക് ഈ രാജ്യത്തെ നയിച്ച വസ്തുതകൾ ഇപ്പോഴും അതുപോലെ തുടരുമ്പോൾ അതിനെ നിലയ്ക്കുനിർത്താൻ കേരളത്തിനെങ്കിലും കഴിയണം. അതിന് നടപടികളെടുക്കേണ്ടത് അനിവാര്യമാണ്. അതില്ലാത്തപക്ഷം ഈ ഗവൺമെന്റ് അതിൽ ഒത്തുകളിക്കുകയാണെന്നുള്ള ആക്ഷേപം വരും. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ പിണറായി വിജയൻ</u>): സർ, ഇവിടെ ബഹുമാന്യനായ അംഗം കള്ളപ്പണത്തിന്റെ വ്യാപനത്തെക്കുറിച്ചാണ് ആദ്യഭാഗത്ത് പറഞ്ഞത്. ഈ സംഭവം തെരഞ്ഞെടുപ്പ് കാലത്താണ് നടന്നത്. കള്ളപ്പണത്തിന്റെ വ്യാപനത്തെക്കുറിച്ച് പറയുമ്പോൾ സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഇന്ത്യയിൽ കള്ളപ്പണത്തിന്റെ വ്യാപനം വലിയതോതിൽ നടന്നുവെന്നത് തർക്കമില്ലാത്ത

കാര്യമാണ്. ഇക്കാര്യം വിശകലനം ചെയ്യാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും കേന്ദ്രസർക്കാർ പല സമിതികളെ നിയോഗിച്ചിട്ടുണ്ട്. 1950-കളിൽ നിയമിക്കപ്പെട്ട നിക്കളോസ് കൽദോർ കമ്മിറ്റി ഇതിലാദ്യത്തേതാണ്. അതിനുശേഷം 1969-ൽ നിയമിക്കപ്പെട്ട വാൻചൂ കമ്മിറ്റി ഇന്ത്യയിൽ കള്ളപ്പണത്തിന്റെ അനുമാനം നടത്തി. 1968-69-ൽ ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന കള്ളപ്പണം 1800 കോടി രൂപയാണെന്നാണ് കമ്മിറ്റി കണ്ടെത്തിയത്. ഇതിനുശേഷം 1984-ൽ കള്ളപ്പണത്തെപ്പറ്റി പഠനം നടത്താൻ കേന്ദ്ര ധനമന്ത്രാലയം മറ്റൊരു വിദഗ്ദ്ധ സമിതിയെ നിയമിച്ചു. ആഭ്യന്തര വരുമാനത്തിന്റെ 21 ശതമാനത്തോളം കള്ളപ്പണത്തിന്റെ വലിപ്പം വരുമെന്നായിരുന്നു അവരുടെ കണ്ടെത്തൽ. അതായത് 48422 കോടി രൂപയാണ് 1983-84-ൽ കള്ളപ്പണമായി ഇന്ത്യാ ഗവൺമെന്റിന്റെ സമിതിതന്നെ അനുമാനിച്ചത്. 2013-14-ൽ ഇന്ത്യയിലെ കള്ളപ്പണത്തിന്റെ തോത് ആഭ്യന്തര വരുമാനത്തിന്റെ 22 ശതമാനമാണെന്നാണ് ആ കാലഘട്ടത്തിൽ 162 രാജ്യങ്ങളിലെ നിഴൽ സമ്പദ്ഘടനയെപ്പറ്റി പഠനം നടത്തിയ സാമ്പത്തിക വിദഗ്ദ്ധർ കണ്ടെത്തിയത്. ആഭ്യന്തര വരുമാനം വളരുന്ന സംഖ്യയായതിനാൽ 2013-14-ൽ കള്ളപ്പണത്തിന്റെ കണക്ക് 25.53 ലക്ഷം കോടി രൂപയായാണ് കണക്കാക്കിയത്. സമ്പദ്ഘടനയുടെയും നികുതി വരുമാനത്തിന്റെയും വളർച്ച വേഗം കൈവരിച്ചിട്ടില്ലെങ്കിൽപ്പോലും കള്ളപ്പണത്തിന്റെ വളർച്ച അഭൂതപൂർവ്വമായ ഗതിവേഗമാണ് രേഖപ്പെടുത്തിയത്. 1968 മുതൽ 1984 വരെ 25 ഇരട്ടി വളർന്ന കള്ളപ്പണം 2013-14-ൽ 50 ഇരട്ടിയാണ് വളർന്നത്. ഇതെല്ലാം തെരഞ്ഞെടുപ്പ് പ്രക്രിയയെ അട്ടിമറിക്കുന്നതിനും ഭൂമിയിലെയും ഓഹരിവിപണിയിലെയും ഊഹക്കച്ചവടത്തിനുമാണ് ഉപയോഗിക്കപ്പെട്ടത്. ചുരുക്കത്തിൽ ജനാധിപത്യ വ്യവസ്ഥയുടെ അന്തഃസത്തയെ ചോർത്തിക്കളയുന്ന രീതിയിലാണ് കള്ളപ്പണത്തിന്റെ അതിവേഗ വളർച്ചയുണ്ടായത്. ഉദാരവൽക്കരണവും നിയന്ത്രണങ്ങൾ നീക്കംചെയ്യലും കള്ളപ്പണം താനേയില്ലാതാകുന്നതിന് കാരണമാകുമെന്നാണ് അക്കാലത്തെല്ലാം അധികാരത്തിലുണ്ടായിരുന്ന സർക്കാരുകൾ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ കണക്കുകൾ സൂചിപ്പിക്കുന്നത് മറിച്ചാണ്. കോഴയിടപാടുകളും പൊതുമുതൽ കൊള്ളയടിക്കലും വൻതോതിൽ കള്ളപ്പണത്തിന്റെ വളർച്ചയ്ക്ക് കാരണമായിത്തീരും. ഇങ്ങനെയുത്ഭവിക്കുന്ന കള്ളപ്പണത്തിന്റെ ഒരു ഭാഗം വിദേശത്തേയ്ക്ക് പോകുന്നതും പിന്നീട് ഹവാല പണമായി തിരിച്ചുവരുന്നതും പരക്കെ അറിയപ്പെടുന്ന വസ്തുതകളാണ്. ഇത്തരത്തിൽ വിദേശത്തേയ്ക്ക് കടത്തിയ കള്ളപ്പണം കണ്ടെത്തി രാജ്യത്തേയ്ക്ക് കൊണ്ടുവരുമെന്നും സാധാരണക്കാരന് ആളോഹരി 15 ലക്ഷം രൂപയുടെ ഗുണം ലഭിക്കുമെന്നുമാണ് ബി.ജെ.പി. 2014-ലെ തെരഞ്ഞെടുപ്പുകാലത്ത് പ്രചരിപ്പിച്ചത്. അധികാരത്തിൽവന്ന് 100 ദിവസത്തിനുള്ളിൽ വിദേശത്തുനിന്നുള്ള കള്ളപ്പണം നാട്ടിലേയ്ക്ക് എത്തിക്കുമെന്നാണ് വാഗ്ദാനം ചെയ്തത്. കണ്ടുകെട്ടിയ എത്ര കള്ളപ്പണം നാട്ടിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ടെന്ന് ഇന്നുവരെ ജനങ്ങളോട് പറയാൻ ബി.ജെ.പി. സർക്കാർ തയ്യാറായിട്ടില്ല. തിരിച്ചുകൊണ്ടുവന്ന പണത്തിൽനിന്നും ആർക്കും ഒരു പൈസപോലും കിട്ടിയതായി അറിവുമില്ല.

2011-ൽ യു.പി.എ. രണ്ടാം സർക്കാരിന്റെ കാലത്ത് ഇന്ത്യയിലെ കള്ളപ്പണത്തിന്റെ തോത് എത്രയാണെന്ന് കണക്കാക്കാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാനും മൂന്ന് സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. അത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി, നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ മാനേജ്മെന്റ് എന്നിവയായിരുന്നു. ഈ സ്ഥാപനങ്ങൾ മൂന്ന് റിപ്പോർട്ടുകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രണ്ടാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് 2013 ഡിസംബർ 30-നാണ് ആദ്യത്തെ റിപ്പോർട്ട് സമർപ്പിച്ചത്. മറ്റ് രണ്ട് റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടത് ആദ്യത്തെ എൻ.ഡി.എ. സർക്കാരിന്റെ കാലത്താണ്; 2014 ജൂലൈ 18-നും 2014 ആഗസ്റ്റ് 21-നും. ഈ മൂന്ന് റിപ്പോർട്ടുകളും പൊതുമണ്ഡലത്തിൽ വയ്ക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കേന്ദ്രസർക്കാരോ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരോ തയ്യാറായിട്ടില്ല എന്നതാണ് വസ്തുത. സുതാര്യതയില്ലായ്മയ്ക്ക് ഇതിൽപ്പരം ഒരുദാഹരണം ആവശ്യമില്ല. റിപ്പോർട്ടുകൾ പുറത്തുവരാത്തതിന്റെ മുഖ്യകാരണം സമ്പദ്‌വ്യവസ്ഥയിലെ കള്ളപ്പണത്തിന്റെ തോത് ക്രമാതീതമായി ഉയർന്നുവെന്ന കണ്ടെത്തലുകളാണെന്നാണ് പത്ര റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നേരത്തെ ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ, ഇത് കള്ളപ്പണം ഇല്ലായ്മ ചെയ്യാനുള്ള സാമ്പത്തിക ശസ്ത്രക്രിയയെന്നാണ് 2016 നവംബർ 08-ന് നോട്ടുനിരോധനം നടപ്പാക്കിയപ്പോൾ കേന്ദ്രസർക്കാർ ജനങ്ങളോട് പറഞ്ഞത്. കറൻസിയുടെ ചംക്രമണം കുറയുമ്പോൾ കള്ളപ്പണം കുറയുമെന്നും നമ്മുടെ സമ്പദ്ഘടനയിൽ ആഭ്യന്തര വരുമാനത്തിന്റെ 12 ശതമാനം കറൻസിയാണെന്നും ഇത് 6 ശതമാനമായി കുറയ്ക്കാൻ കഴിയുമെന്നും നോട്ട് നിരോധനം ഈ ലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗമാണെന്നുമാണ് കേന്ദ്രസർക്കാർ അന്ന് പറഞ്ഞത്. എന്നാൽ നോട്ടുനിരോധനത്തിനുശേഷം അഞ്ച് വർഷം കഴിയാൻ പോകുന്നു. കറൻസി ഇപ്പോൾ ആഭ്യന്തര വരുമാനത്തിന്റെ 14 ശതമാനമാണ്. അസംഘടിത മേഖലയ്ക്കും സാധാരണക്കാരനും ധാരാളം ദുരന്തം വിതച്ചതൊഴിച്ചാൽ മറ്റെന്താണ് നോട്ടുനിരോധനംവഴി കൈവരിക്കാൻ കഴിഞ്ഞതെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ ഇടപെടൽ ജനാധിപത്യത്തെ അട്ടിമറിക്കലാണെന്നത് ആരും എടുത്തുപറയേണ്ട കാര്യമില്ല. രാഷ്ട്രീയ പാർട്ടികളുടെ ഫണ്ടിംഗിൽ സുതാര്യത വേണമെന്ന ആവശ്യം പല കോണുകളിൽനിന്നും ഉയർന്നുവരവെ അതിനെ പരിഹസിക്കുന്ന രീതിയിലാണ് ഇലക്ടറൽ ബോണ്ടുകൾ പുറപ്പെടുവിക്കാൻ കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തിയത്. കള്ളപ്പണം ആവശ്യത്തിന് തെരഞ്ഞെടുപ്പിൽ ഒഴുകിയെത്താൻ എല്ലാവിധ സൗകര്യങ്ങളും ചെയ്യുന്നതാണ് ഈ നിയമനിർമ്മാണം.

വ്യാജവാർത്തകൾ സൃഷ്ടിക്കൽ, അന്വേഷണം വഴിതിരിച്ച് വിടൽ, രാഷ്ട്രീയ പ്രതിയോഗികളെ തേജോവധം ചെയ്യൽ എന്നീ ലക്ഷ്യങ്ങളോടെ കേന്ദ്ര ഏജൻസികൾ നടത്തിയ പ്രൊഫഷണലിസമില്ലാത്ത അന്വേഷണത്തെ ന്യായീകരിച്ച് നടന്ന കോൺഗ്രസ്സും ബി.ജെ.പി.-യും സൃഷ്ടിച്ച പുകമറയ്ക്ക് പിന്നിലാണ് കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ ആഭിമുഖ്യത്തിൽ നിയമസഭാ തെരഞ്ഞെടുപ്പുകാലത്ത് നടന്നിരിക്കുന്ന സ്രോതസ്സ് വെളിപ്പെടുത്താൻ കഴിയാത്ത പണത്തിന്റെ ഒഴുക്ക്. ഇതെല്ലാം ജനങ്ങൾ തിരിച്ചറിയുകയും വ്യാജപ്രചരണങ്ങളെ തള്ളിക്കളയുകയും ചെയ്തുവെന്നത് നമ്മുടെ ജനാധിപത്യത്തിന്റെ ശക്തിയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഇന്ത്യയിൽ ജനാധിപത്യ വ്യവസ്ഥയ്ക്കുമേൽ വൻതോതിലുള്ള അഴിമതി പരത്തിയ കരിനിഴലും കള്ളപ്പണം നമ്മുടെ സാമ്പത്തിക അസമത്വങ്ങളെ വർദ്ധിപ്പിക്കുന്നതിൽ നടത്തിയ പങ്കും തുറന്നുകാട്ടാൻ നിരന്തര സമരങ്ങളിലേർപ്പെട്ടത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. കള്ളപ്പണത്തിന്റെ വളർച്ചയ്ക്ക് വളക്കൂറുള്ള മണ്ണൊരുക്കിയ കോൺഗ്രസ്സും അതിനെ പൂർവ്വാധികം ശക്തിയായി പ്രോത്സാഹിപ്പിക്കുന്ന ബി.ജെ.പി.-യും ഒന്നിച്ചാണ് കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ താറടിക്കാൻ ശ്രമിക്കുന്നുവെന്നത് കേവലം യാദൃശ്ചികമല്ല. കള്ളപ്പണത്തിന്റെ വളർച്ച തടയുകയും നികുതി സംവിധാനങ്ങൾ ശാക്തീകരിക്കുകയും അതുവഴി പൊതുഖജനാവിലെത്തുന്ന പണം പാർശ്വവത്കരിക്കപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിന് വിനിയോഗിക്കുകയും ചെയ്യണമെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ശക്തമായ നിലപാട്. ഈ കേസുമായി ബന്ധപ്പെട്ട് ഗൗരവതരമായ അന്വേഷണം തന്നെയാണ് നടന്നുവരുന്നത്. ബഹുമാന്യനായ അംഗം ഇക്കാര്യത്തിൽ നിഷ്പക്ഷമായ നിലപാട് വേണമെന്ന് പറഞ്ഞു. ഇവിടെ നടക്കാൻ പാടില്ലാത്ത കുറ്റകൃത്യമാണ് നടന്നത്. അതിനെതിരെയുള്ള ശക്തമായ നടപടിയുമായാണ് പോലീസ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഇപ്പോൾ അന്വേഷണം നടത്തുന്നത്. എന്തെങ്കിലും ചില ആശങ്കകൾ അന്വേഷണവുമായി ബന്ധപ്പെട്ട് ഇവിടെ പ്രകടിപ്പിക്കണമല്ലോ എന്നുള്ളതുകൊണ്ട് അവസാനം ചിലത് പറഞ്ഞതെന്നാണ് ഞാൻ കണക്കാക്കുന്നത്. ഗൗരവതരമായ അന്വേഷണത്തിന്റെ ഭാഗമായി നിരവധിപേരെ പോലീസ് ഇതിനകം ചോദ്യംചെയ്തു കഴിഞ്ഞിട്ടുണ്ടെന്നാണ് പത്രവാർത്തകളിലൂടെ വ്യക്തമാകുന്നത്. ആ വാർത്തകളിലുള്ള പേരുകൾ അദ്ദേഹംതന്നെ ഇവിടെ പറയുകയുണ്ടായി. ആ പേരുകൾ ഞാൻ ആവർത്തിക്കേണ്ട കാര്യമില്ല. ഇവിടെ ഒരു കുറ്റവാളിയും രക്ഷപ്പെടാൻ പാടില്ലെന്ന തരത്തിലാണ് പോലീസിന്റെ അന്വേഷണം നടക്കുന്നത്. നല്ല രീതിയിൽ അന്വേഷണം നടത്താൻ പേരുകേട്ടവരെ തന്നെയാണ് സ്പെഷ്യൽടീമിൽ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഒട്ടേറെപേരെ ഇതിനകം

ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ബി.ജെ.പി.-യുടെ തൃശ്ശൂർ ജില്ലാ സെക്രട്ടറി അഡ്വ. കെ. ആർ. ഹരി, ജില്ലാ ട്രഷറർ, മേഖലാ സെക്രട്ടറി, തൃശ്ശൂർ ഓഫീസ് സെക്രട്ടറി, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി, സംസ്ഥാന ഓഫീസ് സെക്രട്ടറി, തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ഇങ്ങനെയെല്ലാമുള്ളവരുടെ പേരുകൾ അദ്ദേഹം തന്നെ ഇവിടെ പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട നിരവധി ആളുകളെ ഇതിനകം ചോദ്യം ചെയ്തുവെന്നാണ് വ്യക്തമായിട്ടുള്ളത്. അത് അന്വേഷണം കൃത്യമായി മുന്നോട്ടുപോകുന്നുവെന്നാണ് കാണിക്കുന്നത്. ഒരു കുറ്റവാളിയും രക്ഷപ്പെടില്ലെന്നുതന്നെയാണ് ഈ അന്വേഷണ രീതി വ്യക്തമാക്കുന്നത്. അതിൽ ആവർത്തിച്ച് വ്യക്തമാക്കാനുള്ള കാര്യം നമ്മുടെ നാടിന്റെ ജനാധിപത്യ വ്യവസ്ഥിതിയെ തകർക്കാനുള്ള നീക്കങ്ങളടക്കം ഇതിന്റെ പിന്നിൽ നടന്നിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളടക്കം ഇതിലൂടെ പുറത്തുവരും, നമുക്ക് അന്വേഷണം കൃത്യമായി നടക്കുന്നതുവരെ കാത്തിരിക്കാം, ഗൗരവമായി അന്വേഷണം മുന്നോട്ടുപോകും. കുഴൽ കുഴലായിത്തന്നെയുണ്ടാകും, അങ്ങോട്ടുമിങ്ങോട്ടും പോകാനുള്ളതായിരിക്കില്ല എന്നുമനസ്സിലാക്കണം. ഇവിടെ ആ കുഴൽ ഉപയോഗിച്ചവർ നിർബന്ധമായി നിയമത്തിന്റെ കരങ്ങളിൽപ്പെടുകതന്നെ ചെയ്യുമെന്നത് ഉറപ്പാണ്. അതുകൊണ്ട് ഒരാശങ്കയുമുണ്ടാകേണ്ടതില്ല. അന്വേഷണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളൊന്നും ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. ഗൗരവമായി അന്വേഷണം നടക്കുന്നു. അതിന് നമുക്ക് കാത്തിരിക്കാം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് ആവർത്തിച്ച് വ്യക്തമാക്കാനുള്ളത്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കള്ളപ്പണത്തെ കുറിച്ചും രാജ്യത്ത് നിലനിൽക്കുന്ന സമാന്തര സമ്പദ് വ്യവസ്ഥയെക്കുറിച്ചും ഒരു അദ്ധ്യാപകനെപ്പോലെ ക്ലാസ്സെടുത്ത് തന്നതിന് പ്രത്യേകമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ നന്ദി പറയുകയാണ്. പക്ഷേ, പോലീസിന്റെയും ആഭ്യന്തരവകുപ്പിന്റെയും ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് പ്രാവശ്യം മറുപടി പറഞ്ഞപ്പോഴും ഹൈവേ റോബറിയുമായി ബന്ധപ്പെട്ട് നടന്ന ഇടപാടുകളിൽ ബി.ജെ.പി., സംഘ്പരിവാർ ശക്തികൾക്കുള്ള പങ്ക് എന്താണെന്ന് പറയാതിരിക്കാൻ വല്ലാതെ ശ്രമിച്ചുവെന്നാണ് എനിക്ക് തോന്നിയത്. ഏപ്രിൽ മാസം 4-ാം തീയതി പുലർച്ചെ 4:40-ന് നടന്ന കവർച്ചയാണ്. മാസം രണ്ട് കഴിഞ്ഞു, എവിടെയാണ് അന്വേഷണം എത്തിയിരിക്കുന്നത്? ഇവിടെ വിഷയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞു; 4-ാം തീയതി വെളുപ്പിന് നടന്ന

സംഭവത്തിൽ 7-ാം തീയതി രാത്രി 9:55-നാണ് പോലീസിൽ പരാതി നൽകുന്നതെന്ന്. ഇപ്പോൾ രണ്ട്-രണ്ടര മാസമാവുകയാണ്. ഈ പ്രശ്നം ഒത്തുതീർക്കുന്നതിനായി പലതവണ ശ്രമങ്ങൾ നടന്നു. എത്ര തുകയാണ് ഈ ടീം കൊണ്ടുവന്നത്. ഒൻപതര കോടി രൂപ കൊണ്ടുവന്നുവെന്ന് പോലീസ് തന്നെ മാധ്യമങ്ങൾക്ക് വാർത്തകൊടുക്കുന്നു. ആറ് കോടി രൂപ വേറെ ജില്ലകളിൽ കൊടുത്തുവെന്ന് പറയുന്നു. എത്രകോടി രൂപ ഈ വാഹനത്തിലുണ്ടായിരുന്നു; ബാക്കി എത്രയുണ്ട്? ഈ ഒൻപതര കോടി രൂപ കൂടാതെ വേറെ പണം വന്നതിന്റെ സോഴ്സ് എന്താണെന്ന് പോലീസ് അന്വേഷിച്ചിട്ടുണ്ടോ? എത്ര പണം ഇതുവരെ കണ്ടെടുത്തു? 25 ലക്ഷം രൂപ മാത്രമാണ് തങ്ങളുടെ കയ്യിൽനിന്ന് തട്ടിപ്പറിച്ചതെന്ന് പരാതി പറഞ്ഞ ധർമ്മരാജൻ അറിയപ്പെടുന്ന സംഘ്പരിവാർ പ്രവർത്തകനാണ്. ആ വ്യക്തിയുടെ കയ്യിൽ 25 ലക്ഷംരൂപയല്ല ഉണ്ടായിരുന്നത്. മൂന്നര കോടിയോളം രൂപ വാഹനത്തിലുണ്ടായിരുന്നുവെന്ന് മൊഴി ലഭിച്ചിട്ടും ധർമ്മരാജൻ കേസ്സിൽ പ്രതിയായോ? ബി.ജെ.പി. നേതാക്കന്മാരുടെ ഒരു ലിസ്റ്റ് ഇവിടെ ശ്രീ. ഷാഫി പറമ്പിൽ വായിച്ചു. യുവമോർച്ചയുടെ സംസ്ഥാന ട്രഷറർ ശ്രീ. സുനിൽ നായിക്, പണം കൊണ്ടുവന്ന ധർമ്മരാജൻ, തുടർച്ചയായി ധർമ്മരാജനെ വിളിച്ചുകൊണ്ടിരുന്ന ഓഫീസ് സെക്രട്ടറിയും സംഘടനാ സെക്രട്ടറിയുമുൾപ്പെടെയുള്ള ആളുകൾ, സംഘത്തിന് മുറി ബുക്ക് ചെയ്തുകൊടുത്ത ബി.ജെ.പി.-യുടെ തൃശ്ശൂർ ജില്ലാ നേതാക്കൾ, ഈ പണം വരുന്നത് കാത്തുനിന്ന ആലപ്പുഴയിലെ ബി.ജെ.പി. ജില്ലാ ട്രഷറർ അതുപോലെ, സംസ്ഥാന ബി.ജെ.പി. പ്രസിഡന്റിന്റെ സെക്രട്ടറി, ഡ്രൈവർ. പ്രസിഡന്റ് തന്നെ ഈ ആളുകളെ നിരന്തരമായി വിളിച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബി.ജെ.പി. പ്രസിഡന്റ് എന്നുള്ള വാക്കുപോലും ഉച്ചരിക്കാതിരിക്കാൻ ശ്രദ്ധിച്ചുവെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻ പറഞ്ഞത് ഒരു ശ്മശാനത്തിൽ വിമാനം വീണപ്പോൾ രണ്ടായിരം ശവശരീരങ്ങൾ ലഭിച്ചു; ഈ രണ്ടായിരം ശവശരീരങ്ങളും വിമാനത്തിലുണ്ടായിരുന്നുവെന്ന് പറയുന്നതുപോലെയാണ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ഈ തുകയെക്കുറിച്ച് പറയുന്നത്. തുക കൂടുതലാണെന്ന് പറയുന്നത്, ഞങ്ങൾ കൊണ്ടുവന്ന തുകയല്ലെന്ന് പറയാൻവേണ്ടി സമർത്ഥിക്കുകയാണ്. കേരളത്തിലെ വിമാനത്താവളങ്ങളിൽ പല വിമാനങ്ങളുമിറങ്ങി. പലസ്ഥലങ്ങളിലും ഹെലികോപ്റ്ററുകളും മറ്റ് വാഹനങ്ങളുമിറങ്ങി. എത്ര കോടിരൂപ ഈ തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനും ആളുകളെ സ്വാധീനിക്കുന്നതിനുമായി ചെലവഴിക്കപ്പെട്ടു? കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയില്ലാത്ത തരത്തിലുള്ള കള്ളപ്പണം ബി.ജെ.പി.

നേതാക്കളുടെ ഒത്താശയോടുകൂടി കേരളത്തിലേയ്ക്ക് കൊണ്ടുവന്നതിനെക്കുറിച്ചും അതിന്റെ സോഴ്സിനെക്കുറിച്ചും അന്വേഷിക്കാനുള്ള ഒരു അവസരം സംസ്ഥാന സർക്കാരിനും പോലീസിനുമുണ്ടായിട്ടും അത് ഫലപ്രദമായി ഉപയോഗിച്ചോ എന്നതാണ് ഞങ്ങളുടെ ചോദ്യം. എന്തുകൊണ്ടാണ് സർക്കാർ ഇത് ഇൻകം ടാക്സിനെ അറിയിക്കാത്തത്? Money Laundering Act-ന്റെ സെക്ഷൻ 54(F) അനുസരിച്ച് സംസ്ഥാന പോലീസ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് റഫർ ചെയ്യേണ്ടേ? എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പറയുന്നത് അഞ്ച് കോടി രൂപയിൽ താഴെയായതുകൊണ്ട് ഞങ്ങൾ അന്വേഷിക്കേണ്ടെന്നാണ്. അല്ലെങ്കിൽ അവർക്ക് സുവോമോട്ടോ ആയി കേസ്സെടുക്കാം. ഇത് അഞ്ച് കോടി രൂപയല്ല. അതിനെക്കാൾ കൂടുതൽ പണം ഇതിലുണ്ടെന്നുപറഞ്ഞ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് റെഫർ ചെയ്യാം. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് കേസ് കൊടുത്താൽ പോലീസ് അന്വേഷണം ഇല്ലാതാകില്ല. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷിക്കുന്നത് സാമ്പത്തികവശമാണ്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും, ഇൻകം ടാക്സും ഈ കേസ് അന്വേഷിക്കുന്ന അതേ അവസരത്തിൽത്തന്നെ സംസ്ഥാന പോലീസിനും ഈ കേസ് അന്വേഷിക്കാൻ കഴിയും. എല്ലാ വശത്തുനിന്നും ഉത്തരവാദിത്വത്തോടെ ഇക്കാര്യം അന്വേഷിക്കാൻ എന്തുകൊണ്ടാണ് പറയാത്തത്? ആളുകളെ സാക്ഷികളായി വിളിക്കുന്നുണ്ട്. അവർ ആരൊക്കെയാണെന്ന് മുൻകൂട്ടി പത്രങ്ങളിൽ വരുന്നുണ്ട്. പോകുന്ന സാക്ഷികൾക്കും മൊഴികൊടുക്കാൻ പോകുന്നയാളുകൾക്കും ഒരു ബുദ്ധിമുട്ടുമില്ല. കാരണം, അവരോട് പോലീസ് നാളെ ചോദിക്കാൻ പോകുന്ന ചോദ്യങ്ങളെല്ലാം ഇന്നത്തെ ദേശാഭിമാനി പത്രത്തിലുണ്ട്. ആരെയാണ് അടുത്തയാഴ്ച സാക്ഷിയായി വിളിക്കാൻ പോകുന്നതെന്നും കൃത്യമായി പത്രത്തിലുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇതുവരെയാരും ആക്ഷേപിക്കുന്നതായി കേട്ടിട്ടില്ല. പുതിയൊരു ആക്ഷേപമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ബി.ജെ.പി.-ക്കുവേണ്ടി ഉന്നയിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബി.ജെ.പി.-ക്ക് വേണ്ടിയല്ലല്ലോ ഉന്നയിച്ചത്. സാക്ഷിയായി പോകുന്നയാൾക്ക് പോലീസ് ചോദിക്കാൻ പോകുന്ന ചോദ്യങ്ങൾ മുൻകൂട്ടി നൽകുന്ന സംവിധാനം ബി.ജെ.പി.-യെ സഹായിക്കാൻ വേണ്ടിയല്ലേ? അവരോട് പോലീസ് ചോദിക്കാൻ പോകുന്ന ചോദ്യങ്ങൾ മുൻകൂട്ടി പത്രത്തിൽ നൽകുക, ആരെയൊക്കെയാണ് വിളിക്കാൻ പോകുന്നതെന്ന് മുൻകൂട്ടിപ്പറയുക. അത് ബി.ജെ.പി.-യെ സഹായിക്കാൻ വേണ്ടി നിങ്ങളും നിങ്ങളുടെ പോലീസും ചെയ്യുന്ന സംവിധാനങ്ങളാണ്, ഞങ്ങൾ മുൻകൂട്ടിപ്പറയുന്നതല്ല. ഐ.പി.എസ്. റാങ്കിലുള്ള ഒരു

പോലീസ് ഉദ്യോഗസ്ഥ അന്വേഷിച്ചിരുന്ന കേസിന്റെ ചുമതല ഇപ്പോൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനാണ്. ആ ടീമിൽ ആരൊക്കെയാണുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ഇവിടെ എന്ത് കാര്യം പറഞ്ഞാലും ആളുകൾക്ക് സംശയമുണ്ടായിരിക്കുകയാണ്. കാരണം, പോലീസ് ഈ കേസന്വേഷണം വലിച്ചുനീട്ടുകയാണ്. ഈ കള്ളപ്പണത്തിന്റെ മുഴുവൻ സോഴ്സുകളും ഇൻഫർമേഷനും ലഭ്യമായിട്ടും ഹൈവേ റോബറിയുമായി ബന്ധപ്പെട്ടയാളുകളെ അറസ്റ്റ് ചെയ്തതല്ലാതെ ഇതുമായി ബന്ധപ്പെട്ട മറ്റ് ആളുകളെ അറസ്റ്റ് ചെയ്യാനോ അവരെ കേസ്സിൽ പ്രതികളാക്കാനോ സർക്കാർ തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെപ്പറഞ്ഞു; കേന്ദ്ര ഏജൻസികൾ സർക്കാരിനെതിരായി അന്വേഷണം നടത്തുന്നു, ആ അന്വേഷണം പൂർത്തിയായിട്ടില്ലെന്ന്. ഞാനിപ്പോൾ സംസ്ഥാന പോലീസിനെക്കുറിച്ച് പറഞ്ഞ ആക്ഷേപങ്ങൾ അങ്ങ് നേരത്തെ കേന്ദ്ര എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, വാക്കൗട്ട് പ്രസംഗം അല്ലെങ്കിൽ അങ്ങ് ഇക്കാര്യങ്ങളിൽ ഇത്ര വിശദമായി മറുപടി പറയുന്നത് ക്രമപ്രകാരമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കാം. വാക്കൗട്ട് നടത്തണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറിന് ആഗ്രഹമുണ്ടെങ്കിൽ നടത്താം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്; എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെക്കുറിച്ച് നിങ്ങൾ ഉന്നയിച്ച ആക്ഷേപങ്ങൾ അറിയാമല്ലോ? എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും അന്വേഷണ ഏജൻസികളുമെല്ലാം തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പൊരു സുപ്രഭാതത്തിൽ അന്വേഷണമെല്ലാം അവസാനിപ്പിച്ചു. ഈ കേസ്സന്വേഷണം ഇങ്ങനെ അവസാനിപ്പിക്കപ്പെടുമോ? നിങ്ങൾ രണ്ട് കൂട്ടർക്കും അങ്ങോട്ടുമിങ്ങോട്ടും കേസ്സുണ്ട്. നിങ്ങൾ രണ്ട് കൂട്ടരും തമ്മിൽ ഒരു ധാരണയിലെത്തി ഈ കേസ്സുകൾ ഇല്ലാതാകുമോയെന്ന് കേരളം സംശയിക്കുന്നുവെന്നതാണ് ഗുരുതരമായ പ്രശ്നം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേന്ദ്ര ഏജൻസികളുടെ അന്വേഷണം നേരത്തെ നിങ്ങൾ രണ്ടുകൂട്ടരും യോജിച്ചാണ് നടത്തിയിരുന്നത്. അതിന്റെ ഭാഗമായി നടന്ന കാര്യത്തിൽ നിങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള വേഗത ഇക്കൂട്ടർക്ക് കിട്ടുന്നില്ല എന്നതിലാണ് പരാതിയുണ്ടായിരുന്നത്. എന്തുകൊണ്ടാണ് വേഗതയില്ലാതിരുന്നത്? ഇല്ലാത്ത കാര്യം കെട്ടിച്ചമച്ചതായിരുന്നു. യഥാർത്ഥത്തിൽ അതുമായി ബന്ധപ്പെട്ട കേസന്വേഷണം ശരിയായ വഴിക്കുതന്നെ നീങ്ങും.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളുടെ പിന്തുണയൊന്നും വേണ്ടല്ലോ; കേന്ദ്ര ഏജൻസികൾ നടത്തിയ അന്വേഷണം നേരത്തെ പത്രങ്ങൾക്ക് പറഞ്ഞുകൊടുക്കുകയാണ്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഒരു സുപ്രഭാതത്തിൽ അതെല്ലാം പെട്ടെന്ന് അവസാനിക്കുകയുണ്ടായി. പിന്നീട് നടന്നത് തർക്കമാണ്, സർക്കസ്സിലെ തല്ലാണ് നടന്നത്. അങ്ങോട്ടുമിങ്ങോട്ടും അടിക്കുന്നുണ്ടെങ്കിലും ഒച്ച മാത്രമേ കേൾക്കുന്നുള്ളൂ. അടി നടക്കുന്നില്ല. ഈ കേസ്സന്വേഷണം സർക്കസ്സിലെ തല്ലുപോലെ അവസാനിപ്പിക്കരുതെന്ന് സർക്കാരിനോട് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഇത് വളരെ ഗൗരവതരമായൊരു കേസാണ്. കേരളത്തിലെ ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രനും മറ്റ് നേതാക്കളുമുൾപ്പെടെയുള്ള ആളുകൾ ഉൾപ്പെട്ടിട്ടുള്ള കേസ് അതിന്റെ യഥാർത്ഥ രീതിയിൽ അന്വേഷിക്കണം. കേസന്വേഷണം ഇപ്പോൾ നടക്കുന്നത് ശരിയായ രീതിയിലല്ലാതെയും മന്ദഗതിയിലുമായതിനാൽ ഗൗരവതരമായി കേസന്വേഷണം നടത്തണമെന്ന് ഞങ്ങൾ സർക്കാരിനോട് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: സാധാരണ പ്രതിപക്ഷനേതാവ് സംസാരിക്കാൻ ആവശ്യപ്പെടുമ്പോഴെല്ലാം മൈക്ക് അനുവദിക്കാറുള്ളതാണ്. വാക്കൗട്ട് പ്രസംഗത്തിൽ ഇക്കാര്യങ്ങളെല്ലാം അങ്ങേയ്ക്ക് വിശദമായി പറയാവുന്നതാണ്. പക്ഷേ, മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം ഇടപെട്ട് സംസാരിക്കുമ്പോൾ ഇങ്ങനെ വിശദീകരിക്കുന്നത് ഉചിതമല്ലെന്ന് ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ചെയറിന് നിർബന്ധമുണ്ടെങ്കിൽ അടുത്ത ദിവസം മുതൽ ഞങ്ങൾക്ക് സംസാരിക്കാനുള്ള അവസരത്തിനുവേണ്ടി വാക്കൗട്ട് നടത്താം.

മി. സ്പീക്കർ: ഞാൻ പറഞ്ഞത് അങ്ങനെയല്ല. സാധാരണ നമ്മൾ പാലിക്കുന്ന ഒരു രീതിയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിനെല്ലാം ഇവിടെ പ്രീസിഡന്റുണ്ട്. അങ്ങ് റെക്കോർഡ് പരിശോധിച്ച് നോക്കിയാൽ മനസ്സിലാകും. വാക്കൗട്ട് നടത്താത്ത എല്ലാ സമയത്തും പ്രതിപക്ഷനേതാവ് ബ്രീഫായി രണ്ടോ മൂന്നോ മിനിട്ട് വാക്കൗട്ട് ഒഴിവാക്കാനായി സംസാരിക്കാറുണ്ട്.

മി. സ്പീക്കർ: ഡിസ്പോസ് ചെയ്തുശേഷം സംസാരിക്കാൻ അനുവദിക്കുന്നതാണ് ശരിയെന്ന കുറിപ്പ് പ്രതിപക്ഷത്തുനിന്ന് വന്നിട്ടുള്ളത് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രാജ്യത്തെ വളരെ പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും അവസരം കൊടുക്കുന്നത് സാധാരണയാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾക്കും അഭിപ്രായം പറയേണ്ടിവരും. ബഹുമാന്യനായ സ്പീക്കർ അവസരം നൽകില്ലെന്ന്

കരുതി എഴുതിക്കൊടുത്തതിനാലാണ് ഞാൻ എഴുന്നേറ്റത്. ഇതിനൊക്കെ പ്രീസിഡന്റുണ്ട്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പ്രതിപക്ഷ ഉപനേതാവായിരുന്ന സമയത്ത് ഞങ്ങളൊക്കെ വളരെ ലിബറലായി പ്രശ്നങ്ങളിൽ ഇടപെട്ട് പറയാറുണ്ട്. ഇത് പ്രധാനപ്പെട്ടൊരു വിഷയമാണ്. ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിലുള്ള വിഷയമല്ലെന്നുള്ളത് വേണമെങ്കിൽ പറയാവുന്നൊരു സംഗതിയായതിനാലാണ് ഞങ്ങൾ ആലോചിച്ച് വാക്കൗട്ട് വേണ്ടെന്ന് തീരുമാനിച്ചത്. നോട്ടുനിരോധനം സംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ വിശദമായി പറയാനും മുഖ്യമന്ത്രിയെ പരാമർശിക്കാനുമുള്ള കാരണമെന്താണ്? മറ്റാരുടെയും കയ്യിൽ പണമുണ്ടാകരുത്. കള്ളപ്പണം മുഴുവൻ ഞങ്ങളുടെ കയ്യിൽമാത്രമേ ഉണ്ടാകാൻ പാടുള്ളൂവെന്നതാണ് നോട്ടുനിരോധനത്തിന്റെ തിയറി. ഇപ്പോൾ എന്താണ് ഇവിടെ കണ്ടത്? ഇലക്ഷനിൽ ചെറിയ വ്യത്യാസമൊക്കെ കണക്കിൽ അങ്ങോട്ടും ഇങ്ങോട്ടും വരുന്ന സംഗതികൾ മാത്രമേ നമുക്കൊക്കെ പരിചയമുള്ളൂ. എന്നാൽ, ഇവിടെ ഹെലികോപ്ടറിൽ പറന്നുനടന്ന് പണം വിതരണം ചെയ്തിരിക്കുകയാണ്. മഞ്ചേശ്വരത്ത് ഒരു ചെറിയ സ്ഥാനാർത്ഥിയെ പിൻവലിപ്പിക്കാൻവേണ്ടി പറന്നുനടന്ന് പണമൊഴുക്കി. സ്ഥാനാർത്ഥിതന്നെ ഞെട്ടിപ്പോയി. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റും പഴയ കോൺഗ്രസ് ഗവൺമെന്റും ഒരുപോലെയാണെന്ന് പറയുന്നതിൽ അർത്ഥമില്ല. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മറുപടിയിലുള്ള തിയറി അതാണ്. ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന സമയത്തെ സമീപനം ഇതായിരുന്നില്ല. ഇന്ത്യ വളർച്ചയുടെ പാതയിലായിരുന്നു. ബി.ജെ.പി. ഇപ്പോൾ പറയുന്ന ന്യായമെന്താണ്? കള്ളപ്പണമില്ലെന്നാണ്. ലക്ഷദ്വീപിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ പറയുന്ന ന്യായമെന്താണ്? എന്തെങ്കിലുമൊന്ന് ആ സമയത്ത് പറഞ്ഞാൽ മതി. സ്ട്രാറ്റജിക്കൽ ലൊക്കേഷനെന്നാണ് ഇപ്പോൾ ലക്ഷദ്വീപിന്റെ കാര്യത്തിൽ പറയുന്നത്. ലക്ഷദ്വീപിൽ എന്തൊക്കെയാണ് കാട്ടിക്കൂട്ടുകയെന്ന് പറയാൻ കഴിയില്ല. അങ്ങനെ ഒരു ന്യായം പറഞ്ഞാണ് നോട്ട് നിരോധനം നടപ്പിലാക്കിയത്. ഇരുട്ടിന്റെ മറവിൽ ചെയ്യുന്ന പണികളാണ് രാജ്യത്ത് നടക്കുന്നത്. ഇത് ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് രാജ്യത്ത് നടന്നിട്ടില്ല. അന്ന് സാമ്പത്തിക വൈദഗ്ദ്ധ്യവും ജനാധിപത്യ സമീപനവുമെടുത്ത് ഇന്ത്യയെ വളർച്ചയുടെ പാതയിൽ കൊണ്ടുവന്ന വ്യത്യാസം നമ്മൾ കാണണം. ഇടതുപക്ഷ ആൾട്ടർനേറ്റീവാണ് ഇന്ത്യയ്ക്ക് നല്ലതെന്ന് പറയുമ്പോൾ അടുത്തകാലത്ത് ഒന്നും നടക്കാൻ പോകുന്നില്ലെന്ന് നിങ്ങൾക്കും ഞങ്ങൾക്കും അറിയാം. പക്ഷേ something better ആയിരുന്നു ഇക്കാലംവരെയും ഈ നാട്ടിലുണ്ടായിരുന്നത്. എന്നാൽ, വളരെ ഗൗരവമുള്ള വിഷയമാണ്, നോട്ടുനിരോധനത്തിനുവേണ്ടി പറഞ്ഞുകൂട്ടിയ എല്ലാ സംഗതിയും കളവായിരുന്നു. മറ്റാരുടെയും കയ്യിൽ പണമുണ്ടാകാൻ പാടില്ല, ഞങ്ങളുടെ കയ്യിൽ മാത്രമേ പാടുള്ളൂ. അത് കുറച്ചൊന്നുമല്ല വളരെ കൂടുതലാണ്. കാണുന്നില്ലേ; ഹെലികോപ്ടറിൽ പറന്നുനടന്ന് സകലതും വിതരണം ചെയ്തിട്ടും സീറ്റൊന്നും കിട്ടിയില്ല, അത് വേറൊരു പ്രശ്നം. വർഗ്ഗീയതയും

തീവ്രവാദവും മറ്റുപലതും പറഞ്ഞ് രാജ്യത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ നിമിത്തം കേരളത്തിൽ പിറന്നിരിക്കുന്നതിപ്പോൾ നമ്മൾ കാണുകയാണ്. പറയുന്നതെല്ലാം വെറുതെയാണ്. ജി.എസ്.ടി. കാരണം സംസ്ഥാനത്തിന്റെ സ്വാതന്ത്ര്യം പോയില്ലേ. നിങ്ങൾ ഭരണത്തിൽ വന്നെങ്കിലും ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. കൈകൾ ബന്ധിച്ചിരിക്കുകയാണ്. എവിടെനിന്നാണ് വരുമാനമുണ്ടാക്കാൻ കഴിയുന്നത്? കിട്ടിയാൽ വാങ്ങാമെന്നുള്ളതാണ് ജി.എസ്.ടി.-യുടെ തിയറി. കേന്ദ്രഗവൺമെന്റ് ഈ രാജ്യത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള പരിപാടികളാണ് നടക്കുന്നത്. ഇതിൽ ഒരു ഒത്തുതീർപ്പുണ്ടാക്കാതെ വളരെ ഗൗരവമായി ഒരു അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷം പറയുന്നത് മുഖവിലയ്ക്കെടുക്കണം. അതിൽ അല്പാല്പം രാഷ്ട്രീയമൊക്കെ കലർത്തുന്ന സമീപനമുണ്ടാകരുതെന്നുള്ളതാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ തിയറി.

ശ്രീ. പിണറായി വിജയൻ: സർ, ബി.ജെ.പി.-യുടെ ഇന്നലത്തെ പ്രസ്താവനയുടെ പകർപ്പ് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. അതിൽ പോലീസിന് ഈ പണത്തിന്റെ ഉറവിടത്തിൽ സംശയമുണ്ടെങ്കിൽ ഇൻകം ടാക്സ് വകുപ്പിനെ അറിയിക്കാം; കുഴൽപ്പണ-കള്ളപ്പണ ഇടപാടുണ്ടെന്ന് സംശയമുണ്ടെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ അറിയിക്കാമെന്നാണ്. അതുതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നേരത്തെ പറഞ്ഞത്. അതൊന്നും ചെയ്യാതെ പോലീസ് നിയമപരമായി അധികാരമില്ലാത്തൊരു അന്വേഷണം നടത്തുകയും വിവരങ്ങൾ പൊലിപ്പിച്ച് മാധ്യമങ്ങൾക്ക് നൽകുകയും ചെയ്യുന്നതിന്റെ പിന്നിലെ രാഷ്ട്രീയമെന്താണ്? എന്നുപറഞ്ഞ് ആ പ്രസ്താവന നീളുകയാണ്. '...രാജ്യത്ത് അവർ നേടിയ വളർച്ചയുടെ കാര്യമാണ്, അതുകൊണ്ട് ഞങ്ങൾക്ക് ഇതൊന്നും ബാധകമല്ല,...' എന്നു പറഞ്ഞാണ് അത് അവസാനിപ്പിക്കുന്നത്. ഇവിടെ ഒത്തുതീർപ്പിന്റെ വിദഗ്ദ്ധർ ആരാണെന്നുള്ളത് നല്ലതുപോലെ അറിയാം. ഞങ്ങളൊന്നും ഒത്തുതീർപ്പിന്റെ ആൾക്കാരല്ല. പ്രവീൺ തൊഗാഡിയയ്ക്ക് എതിരെയുള്ള കേസ് പിൻവലിച്ചത് ആരായിരുന്നു; ഞങ്ങളായിരുന്നോ? അതല്ലേ അവർ പറഞ്ഞത്. എം.ജി. കോളേജിൽ എ.ബി.വി.പി.-ക്കാർ നടത്തിയൊരു ആക്രമണത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാലാണ് ചിതറിപ്പോയത്. ആ കേസ് ആർ.എസ്.എസ്.-കാരെ സംരക്ഷിക്കുന്നതിനുവേണ്ടി പിൻവലിച്ചത് ആരായിരുന്നു? ഞങ്ങളായിരുന്നോ? അതുകൊണ്ട് ഞങ്ങളൊന്നും ഒത്തുതീർപ്പിന്റെ ആളുകളല്ല. അതൊക്കെ നിങ്ങൾക്ക് ചേരുന്ന പട്ടമായതിനാൽ അത് നിങ്ങളെടുത്ത് അണിഞ്ഞുകൊള്ളണം. ഞങ്ങളുടെ കയ്യിൽ കിട്ടിയിട്ടുള്ള കാര്യം എന്താണോ അത് നിയമപ്രകാരം കൃത്യമായി അന്വേഷിക്കുകയും കുറ്റവാളികളെ കണ്ടെത്തുകയും ചെയ്യും.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഞാൻ സംസാരിച്ചതിനെക്കുറിച്ച് ഒരു പരാമർശം നടത്തിയതാണ്. ഇത്തരം കേസ്സുകളിൽ ഇത്രയും കോടിരൂപ ഇൻവോൾവ്ഡ് ആകുമ്പോൾ പോലീസിന്റെ ഉത്തരവാദിത്വമാണ്, നിയമപ്രകാരമുള്ള പ്രൊവിഷൻസാണ് ഞാൻ വായിച്ചത്. Money Laundering Act അനുസരിച്ച് ഇത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും അതുപോലെ ഇൻകം ടാക്സ് വകുപ്പിനെയും അറിയിക്കണം. അതുപോലെതന്നെ സംസ്ഥാന പോലീസിന് ഈ കേസ് പൂർണ്ണമായും അന്വേഷിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിന്റെ നിയമമാണ് പറഞ്ഞത്. ബി.ജെ.പി. പറഞ്ഞതുകൊണ്ടായില്ലല്ലോ; സംസ്ഥാന പോലീസ് ഇതിന്റെ ഉറവിടം അന്വേഷിക്കുന്നില്ല. എത്ര പണം വന്നുവെന്ന് എന്തുകൊണ്ട് അന്വേഷിക്കുന്നില്ല? അതുകൊണ്ടാണ് ഞങ്ങൾ ഒത്തുതീർപ്പ് സംശയിക്കുന്നത്. കാരണം നിങ്ങൾക്കെതിരായി കേന്ദ്ര ഏജൻസികളുടെ നിരവധി കേസ്സുകളുണ്ട്. നിങ്ങൾക്കെതിരായുള്ള കേസ്സുകൾ തീർക്കാൻവേണ്ടി ഒരുപാട് ഒത്തുതീർപ്പുകൾ നടത്തിയല്ലോ; അത് അങ്ങാടിപ്പാട്ടാണല്ലോ; ഒരുപാട് ഒത്തുതീർപ്പുകൾ നടത്തിയതും ആരൊക്കെ വഴിയാണ് ഒത്തുതീർപ്പ് നടത്തിയതെന്നുമൊക്കെ ഞങ്ങൾ പറയാം. വലിയ താമസമില്ലാതെ ഇതൊക്ക പുറത്തുവരും. ഇതൊന്നും ആർക്കും മൂടിവയ്ക്കാൻ കഴിയില്ല. നിങ്ങൾ ഈ കേസ്സുകൾ തീർക്കാൻവേണ്ടി നടത്തിയ ഒത്തുതീർപ്പ്, ഇപ്പോഴുമുള്ള കേസ്സുകൾ തീർക്കാൻവേണ്ടി നടത്തുന്ന ഒത്തുതീർപ്പ്, അതിനെ നെഗോഷ്യേറ്റ് ചെയ്യാൻ വേണ്ടി മാത്രമായി ഈ കേസ്സിനെ മാറ്ററുത്. ബി.ജെ.പി. സംസ്ഥാന പ്രസിഡന്റും ബി.ജെ.പി.-യുടെ സംസ്ഥാന നേതാക്കളുമടക്കം ഇൻവോൾവ്ഡായിട്ടുള്ള ഈ കേസ്സിൽ ശക്തമായ നടപടി വേണം, ഒത്തുതീർപ്പിന് പോകരുതെന്നാണ് പറഞ്ഞത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നിയമവിജ്ഞാനം രണ്ട് തരത്തിൽ ഉപയോഗിക്കുമല്ലോ; അതാണല്ലോ നിയമവിജ്ഞാനത്തിന്റെ ഒരു പ്രത്യേകത. നിയമവിജ്ഞാനം ബി.ജെ.പി.-യെ രക്ഷിക്കാൻവേണ്ടി ഉപയോഗിക്കുന്ന ഒരു ഭാഗമാണ് ഇവിടെ കാണുന്നത്. ഇവിടെ അദ്ദേഹം പറഞ്ഞു, ഞങ്ങൾ നടത്തിയ ഒത്തുതീർപ്പിന്റെ എന്തൊക്കെയോ ഭാഗങ്ങൾ അദ്ദേഹത്തിന്റെ പോക്കറ്റിലുണ്ട്, അല്ലെങ്കിൽ കൈവശമുണ്ടെന്ന്. പിന്നെ കാത്തുനിൽക്കണ്ട; എന്താണെന്നുവച്ചാൽ ഇപ്പോൾ തന്നെ പറഞ്ഞോ; ഞങ്ങൾക്ക് അക്കാര്യത്തിലൊന്നും യാതൊരാശങ്കയുമില്ല കേട്ടോ; ഞങ്ങൾ നിങ്ങളുടെ കളരിയിൽ നിന്നുമല്ല വന്നിട്ടുള്ളത്. ഒരു ഒത്തുതീർപ്പിന്റെയും ഭാഗമായി ഞങ്ങൾ പോയിട്ടില്ല. ഒരൊത്തുതീർപ്പിനും ഞങ്ങൾ ഇല്ലതാനും. എങ്ങനെയാണ് അത് പിൻവലിച്ചത്; എങ്ങനെയാണ് അടങ്ങിയിരുന്നത്; നിങ്ങളുടെ ആഗ്രഹമനുസരിച്ച് നടക്കാതിരുന്നത് എന്തുകൊണ്ടാണ്? നിങ്ങളെന്തൊക്കെ ആഗ്രഹിച്ചിരുന്നു; നിങ്ങളാഗ്രഹിച്ച കാര്യങ്ങളൊക്കെ നടന്നോ; എന്തുകൊണ്ടാണ് നടക്കാതിരുന്നത്? അതാണ് മനസ്സിലാക്കേണ്ട കാര്യം. അതുകൊണ്ട് ഞങ്ങൾക്ക് അതിൽ ഒരാശങ്കയുമില്ല. നിങ്ങളുടെ കയ്യിലെന്താണോ ഉള്ളത് അതെല്ലാമെടുത്തുവച്ചോളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. ഡി. സതീശൻ: സർ, ഉത്തരം പറയാൻ മുഖ്യമന്ത്രി പറഞ്ഞു. അതുകൊണ്ട് ഞാൻ പറയാം....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അത് ഡിസ്പോസ് ചെയ്തുകഴിഞ്ഞു. നമുക്ക് ശ്രദ്ധക്ഷണിക്കലിലേയ്ക്ക് കടക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഒറ്റവാചകം..... അതായത്, മഞ്ചേശ്വരവും പാലക്കാടുമുൾപ്പെടെയുള്ള സംസ്ഥാനത്തെ ഏഴ് സീറ്റുകളിൽ ബി.ജെ.പി.-യെ ജയിപ്പിച്ചുകൊള്ളാമെന്നുള്ള ഒരു ഒത്തുതീർപ്പുണ്ടായിരുന്നു. അതുകൊണ്ടാണ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കേസ് അന്വേഷിക്കുന്നതിൽ നിന്നും പിന്നോക്കം പോയത്. ......(ബഹളം)......

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) റിസോഴ്സ് പേഴ്സൺസിന്റെ ശമ്പളം

ശ്രീ. സി. കെ ഹരീന്ദ്രൻ: സർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്ന റിസോഴ്സ് പേഴ്സൺസിന്റെ വേതനം കഴിഞ്ഞ അഞ്ചുമാസമായി ലഭിക്കാതിരിക്കുന്നതും തൊഴിൽ ദിനങ്ങൾ കുറയുന്നതുമായി ബന്ധപ്പെട്ട ചില വിവരങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. Social Audit Kerala-യുടെ ഭാഗമായി നിലവിൽ രണ്ടായിരത്തി അഞ്ഞൂറോളം റിസോഴ്സ് പേഴ്സൺസ് പ്രവർത്തിച്ചുവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ചെലവിന്റെ അരശതമാനം തുക രണ്ട് ഗഡുക്കളായി അനുവദിച്ച് കിട്ടുന്നതിലൂടെയാണ് Social Audit Kerala ഇവിടെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിച്ചുപോരുന്നത്. 2019-20 സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവായി 28-1-2020-ൽ 7 കോടി രൂപ അനുവദിക്കുകയും സംസ്ഥാന സർക്കാർ മുഖാന്തരം 23-3-2020-ൽ പ്രസ്തുത തുക സോഷ്യൽ ഓഡിറ്റ് യൂണിറ്റ് അക്കൗണ്ടിലേയ്ക്ക് എത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ 60% ചെലവഴിച്ചശേഷം 2020 നവംബർ 27-ന് രണ്ടാം ഘട്ട ഫണ്ട് അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ രേഖകൾ കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും കൃത്യസമയത്ത് ഫണ്ട് അനുവദിക്കാത്ത കാരണത്താൽ കഴിഞ്ഞ അഞ്ചുമാസമായി റിസോഴ്സ് പേഴ്സൺസിന് ശമ്പളം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. വളരെ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തുച്ഛമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത്. 350 രൂപ മാത്രമാണ് വില്ലേജുതല റിസോഴ്സ് പേഴ്സൺസിനുള്ളത്. ബ്ലോക്ക്-ജില്ലാതല റിസോഴ്സ് പേഴ്സൺസിന് പ്രതിമാസം 13,000 രൂപ മുതൽ 20,000 രൂപ വരെയാണ് വേതനം. മറ്റ് സാങ്കേതിക ഉപകരണങ്ങളൊന്നും അവർക്ക് ലഭിക്കുന്നില്ല. തൊഴിലുറപ്പ് തൊഴിലാളികളുടെ മക്കൾ, എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾ എന്നിവരെയാണ് ഈ ലിസ്റ്റിലുൾപ്പെടുത്തിയിട്ടുള്ളത്. ഭൂരിപക്ഷം പേരും ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ളവരാണ്. അഞ്ചുമാസത്തെ വേതനം കുടിശ്ശികയായി ഇവർക്ക് ലഭിക്കാനുണ്ട്. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് വലിയ ദാരിദ്ര്യവും ജീവിതക്ലേശവും അനുഭവിക്കുകയാണ് ഇവർ. കോവിഡ് പ്രതിസന്ധിയുടെ കാലത്തും ഗ്രാമീണ ജനതയുടെ ജീവിതത്തിൽ ആശ്വാസം നൽകിയ തൊഴിലുറപ്പ് പദ്ധതി ഭാവിയിൽ സോഷ്യൽ ഓഡിറ്റ് നടത്തിയില്ലെന്ന കാരണത്താൽ കേരളത്തിൽനിന്നും ഈ പദ്ധതി ഉപേക്ഷിക്കാനുള്ള നീക്കമാണ് കേന്ദ്ര ഗ്രാമ വികസന വകുപ്പ് നടത്തുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടി തിരുത്താൻ സംസ്ഥാന ഗവൺമെന്റ് ശക്തമായി ഇടപെടണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ അൺ സ്കിൽഡ് തൊഴിലാളികൾക്ക് 291 രൂപയാണ് വേതനമായി ഇപ്പോൾ ലഭിക്കുന്നത്. ഏപ്രിൽ മാസത്തിൽ വേതന വർദ്ധനവ് വരേണ്ടതാണ്. എന്നാൽ കേരളത്തിൽ മാത്രമാണ് വേതനം വർദ്ധിപ്പിക്കാതിരിക്കുന്നത്. സോഷ്യൽ ഓഡിറ്റിനായി ചെലവഴിക്കേണ്ട തുക, കേന്ദ്രം നൽകേണ്ട വിഹിതം പല സംസ്ഥാനങ്ങൾക്കും ഇതിനകം അനുവദിച്ചുകഴിഞ്ഞു. കേരളത്തിൽ മാത്രമാണ് സോഷ്യൽ ഓഡിറ്റ് ചെലവിലേയ്ക്കായി ഫണ്ട് അനുവദിക്കാത്തത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ശക്തമായി ഇക്കാര്യത്തിലിടപെട്ട് ഈ ജീവനക്കാരെ സംരക്ഷിക്കാൻ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ലെ വകുപ്പ് 17 പ്രകാരം തൊഴിലുറപ്പ് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്താൻ ഗ്രാമസഭകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി Audit of Scheme Rules 2011-ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് നടത്തിവരുന്നത്. സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള എന്ന പേരിൽ ഒരു സ്വതന്ത്ര സംവിധാനം The Travancore-Cochin Literary, Scientific and Charitable Societies Registration Act പ്രകാരം രജിസ്റ്റർ ചെയ്യുകയും 1-12-2017 മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ്

സൊസൈറ്റി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമതല സോഷ്യൽ ഓഡിറ്റർമാരെ കണ്ടെത്തി പരിശീലനം നൽകി അവരിലൂടെയാണ് സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നത്. ഇവർക്ക് പുറമേ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, ജില്ലാ റിസോഴ്സ് പേഴ്സൺ, സംസ്ഥാന റിസോഴ്സ് പേഴ്സൺസ്, സോഷ്യൽ ഓഡിറ്റ് എക്സ്പേർട്ട്, സോഷ്യൽ ഡെവലപ്മെന്റ് ഡയറക്ടർ എന്നിവരും സൊസൈറ്റിക്കുകീഴിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വില്ലേജ് റിസോഴ്സ് പേഴ്സൺസിന് 291 രൂപ പ്രതിദിനവേതനമായി കൊടുക്കുന്നുവെന്നാണ്. എന്നാൽ ജോലി ചെയ്യുന്ന ദിവസങ്ങളിൽ പ്രതിദിന വേതനമായി അവർക്കിപ്പോൾ കൊടുക്കുന്നത് 350 രൂപയാണ്. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി പൂർണ്ണമായി കേന്ദ്രസർക്കാർ ധനസഹായത്തിലാണ് പ്രവർത്തിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ മുൻവർഷം ചെലവഴിച്ച തുകയുടെ 0.5% തുകയാണ് കേന്ദ്രസർക്കാർ അനുവദിക്കാറുള്ളത്. അതിൽനിന്നാണ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ശമ്പളം കൊടുത്തുവരുന്നത്. കേന്ദ്ര സർക്കാർ ഏറ്റവും കൂടുതൽ തുക അനുവദിച്ചത് 2020 ജനുവരി മാസത്തിലാണ്. കോവിഡ്-19 നിയമങ്ങളിൽ ഇളവുവന്ന 2020 ജൂൺ മാസം മുതൽ സോഷ്യൽ ഓഡിറ്റ് പുനരാരംഭിക്കാൻ സർക്കാർ അനുവാദം നൽകി. ഫണ്ട് ചെലവഴിച്ചമുറയ്ക്ക് 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 27-11-2020-ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. 2020 ഡിസംബറിനുശേഷം വില്ലേജ് റിസോഴ്സ് പേഴ്സൺസിന് കേന്ദ്രത്തിൽ നിന്നും ശമ്പളം ലഭിച്ചിട്ടില്ല. അതുപോലെതന്നെ കോവിഡിന്റെ ഈ കടുത്ത പ്രതിസന്ധി റിസോഴ്സ് പേഴ്സൺസിനെ വലിയ രീതിയിലുള്ള പ്രയാസത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. അവർക്ക് ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാക്കാൻ വൈകുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കാൻവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി 23-3-2021-ൽ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. തുടർന്ന് ഫണ്ട് ലഭിക്കാതെ വന്നപ്പോൾ 4-6-2021-ന് വീണ്ടും ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ റിസോഴ്സ് പേഴ്സൺസിന് വേതനം നൽകാൻ കഴിയാത്തതിനാൽ അവരിൽ പലരെയും ഈ പ്രവർത്തനത്തിനായി നിലനിർത്താൻ ബുദ്ധിമുട്ടുണ്ടാകുന്ന സ്ഥിതിയുണ്ടായി. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ ഇതുസംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തുടർന്നും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തുന്നതിനായി കഴിയുന്ന രീതിയിലുള്ള ഇടപെടലുകൾ നടത്തി എത്രയും വേഗം ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതാണ്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിച്ചാൽ മാത്രമേ സാധാരണഗതിയിൽ ഓഡിറ്റ് സൊസൈറ്റിക്ക് അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് വേതനം നൽകാൻ കഴിയുകയുള്ളൂ. എങ്കിലും സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നത് എന്നകാര്യം പിന്നീട് ആലോചിക്കുന്നതാണ്.

11:00 AM]

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള പദ്ധതികൾ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കാനാകുമോ? ഇപ്പോൾ ഇത് കോ-ഓർഡിനേറ്റ് ചെയ്യാനുള്ള ഡയറക്ടറുടെ പോസ്റ്റ് ഒഴിഞ്ഞ് കിടക്കുകയാണ്. അടിയന്തരമായി ഡയറക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ ചാർജ്ജുള്ള ഡയറക്ടറാണ് അതിന്റെ ചുമതല നിർവ്വഹിക്കുന്നത്. തീർച്ചയായും സ്വതന്ത്രമായി ചാർജ്ജുള്ള ഡയറക്ടറെ നിയമിക്കും. അതിനേക്കാളുപരിയായി ഇപ്പോൾ വേതനം കൊടുക്കാൻ കഴിയുന്നില്ലെന്നുള്ള പ്രതിസന്ധിയാണ് നിലനിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്ക് ലഭിക്കേണ്ട സംഖ്യ ലഭിക്കുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ് പ്രധാനമായും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

## (2) വളം സബ്സിഡി

ഡോ. മാത്യു കുഴൽനാടൻ: സർ, കോവിഡ് മഹാമാരിയുടെ ഈ കാലത്ത് എല്ലാവിഭാഗം ജനങ്ങളും പ്രയാസത്തിലും ദുരിതത്തിലും വറുതിയിലുമാണ്. എന്നാൽ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്ന ഒരു വിഭാഗം രാജ്യത്തെ കർഷകരാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ പിണറായി സർക്കാരും ഈ സർക്കാരും രണ്ട് കോവിഡ് പാക്കേജുകൾ പ്രഖ്യാപിച്ചു. 20000 കോടി രൂപയുടെ പാക്കേജാണ് ആദ്യ സർക്കാരും ഈ സർക്കാരും പ്രഖ്യാപിച്ചത്. ഈ ബഡ്ജറ്റിന് മുമ്പായി ഞങ്ങൾ സർക്കാരിനെ സമീപിച്ച് കാർഷിക വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അങ്ങേയറ്റം നിർഭാഗ്യകരമെന്ന് പറയട്ടെ, ആദ്യ സർക്കാർ ഖജനാവിൽനിന്നും 20000 കോടി രൂപ കൊടുത്തതിൽ ഒരു രൂപപോലും ഇവിടത്തെ കർഷകന് നൽകിയില്ല. പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള 14000 കോടി രൂപയും സാമൂഹ്യ സുരക്ഷാ പെൻഷനുവേണ്ടി 2000 കോടി രൂപയും കൊടുക്കാൻ തീരുമാനിച്ചു. 2000 കോടി രൂപ കുടുംബശ്രീക്ക് വായ്പ നൽകാനുള്ള ഗ്യാരന്റി നിൽക്കാൻ തീരുമാനിച്ചു. പിന്നെ 150 കോടി രൂപ, 50 കോടി രൂപ, 20 കോടി രൂപ എന്നിങ്ങനെ വിവിധ വകുപ്പുകൾക്കായി നൽകി. എന്നാൽ ഒരു രൂപപോലും കർഷകന് നൽകിയില്ല എന്നുള്ളത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിരുന്നു. 'രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ

ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിക്കുകയാണ്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കും.' അതിനുശേഷം ഞാൻ അതിന്റെ വിശദാംശങ്ങളും നോക്കി. എന്റെ നിയോജകമണ്ഡലമായ മൂവാറ്റുപുഴ പ്രദേശം ധാരാളം പൈനാപ്പിൾ കർഷകരുള്ള സ്ഥലമാണ്. പൈനാപ്പിൾ വെട്ടിയാൽ വാങ്ങാൻ ആളില്ലാത്തതുകൊണ്ടും വെട്ടുന്ന പൈസ വിറ്റാൽ കിട്ടാത്തതുകൊണ്ടും അദ്ധ്വാനിച്ച് വിയർപ്പ് ഒഴുക്കിയ ആ സാധനം ചീഞ്ഞ് പോകുന്ന കാഴ്ച നിസ്സഹായരായി നേരിട്ട് കണ്ടുനിൽക്കുകയാണ് കർഷകർ. അതുപോലെ മരച്ചീനി, നിങ്ങൾക്ക് ആർക്കെങ്കിലും പിഴുതുകൊണ്ട് പോകാൻ പറ്റുമെങ്കിൽ പോയിക്കൊള്ളാനാണ് കർഷകർ പറയുന്നത്. യൂത്ത് കോൺഗ്രസിന്റെ കുറെ പ്രവർത്തകർ വ്യാപകമായി മരിച്ചീനി പിഴുത് ആ നാട്ടിലെ ആളുകൾക്ക് വിതരണം ചെയ്തു. ഇതാണ് യഥാർത്ഥത്തിൽ കർഷകന്റെ അവസ്ഥ. ഇതുകൂടാതെ ഇപ്പോൾ ബാങ്ക് ലോണുകളുടെ മൊറട്ടോറിയം അവസാനിച്ചു. എന്നിട്ട് ഇതുവരെയും ഈ സർക്കാർ ഗൗരവമായി ഒരു നടപടിയും എടുത്തിട്ടില്ലെന്നത് ആലോചിക്കണം. കർഷക ആത്മഹത്യയുണ്ടായാൽ മാത്രമേ കേരളത്തിന്റെ കണ്ണ് തുറക്കു. ഇനി കണ്ണ് തുറക്കണമെങ്കിൽ ആരെങ്കിലും ആത്മഹത്യ ചെയ്യണം. ഇതാണ് കർഷകന്റെ അവസ്ഥ. ഞാൻ ഇവിടെ ഉന്നയിക്കാൻ ഉദ്ദേശിച്ച വിഷയം, ഇപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം ശക്തമായി കേന്ദ്ര സർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്നത് പല ആവർത്തി കേട്ടിട്ടുണ്ട്. ഞാൻ ഇവിടെ വന്ന സമയം മുതൽ ഈ സഭയിലെ എല്ലാ വാചകവും ശ്രദ്ധിക്കുകയായിരുന്നു. വിമർശനങ്ങൾ വാക്കുകളിൽ ഒതുക്കുന്നതുകൊണ്ട് അർത്ഥമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കർഷക നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 21-01-2021-ന് കേന്ദ്ര സർക്കാർ ഇറക്കിയ ഉത്തരവിന്റെ ഒരു ചെറിയ പാരഗ്രാഫ് ഞാൻ വായിക്കാം. ‘ I am directed to refer to the maximum quantity of subsidised fertilizer that one buyer should be allowed to purchase in any particular month and to say that in consultation discussion with State/Union Governments, it has been decided by the Department of fertilizers to set the following limits for purchase of subsidised fertilizers. 50 bags of all subsidised fertilizers per month per farmer without any limit on the frequency of the purchase, for plantation the limit is 200 bags per month...' അതായത്, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചനയ്ക്കുശേഷം ഒരു കർഷകന് ഒരു മാസം 50 ചാക്ക് വളത്തിൽ കൂടുതൽ സബ്സിഡിയായി കൊടുക്കില്ലെന്നുള്ള തീരുമാനമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് 4 മിനിട്ട് അധികമെടുത്തു. ദയവായി പ്രസംഗം ചുരുക്കണം.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, പലിശയിളവും സബ്സിഡിയും മൊറട്ടോറിയവും കൊടുക്കാൻ നമ്മൾ തയ്യാറല്ല. അവരുടെ ഉൽപ്പന്നം വാങ്ങാനും തയ്യാറല്ല. അവർക്ക് കിട്ടിയിരുന്ന വളംപോലും ഇനി ബാക്കി കൊടുക്കില്ലെന്ന് പറയുന്നത് എന്തൊരു ദുര്യോഗമാണ്. കാരണം ഭൂപരിഷ്കരണ നിയമത്തിനുശേഷം പാട്ടക്കൃഷിയെന്നത് കേരളത്തിൽ നിയമവിധേയമല്ല. അതുകൊണ്ട് ധാരാളം കർഷകർ ഒന്നിച്ച് സ്ഥലമെടുത്ത് ഒരുമിച്ചാണ് കൃഷിചെയ്യുന്നത്. ഒരുപക്ഷെ 50 ചാക്ക് വളമെന്നത് തീരെ താഴേത്തട്ടിലുള്ള കർഷകർക്ക് പ്രയാസമായിരിക്കില്ല. കർഷകർക്ക് ആവശ്യത്തിന് വളം ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അത് ലഭ്യമാക്കാനുള്ള എന്തെങ്കിലും നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം സർക്കാരിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാനുദ്ദേശിച്ച് എഴുതിത്തന്ന കാര്യത്തിൽനിന്നും വിഭിന്നമായ കുറച്ച് കാര്യങ്ങളാണ് ആദ്യമേ ഉന്നയിച്ചത്. ഒന്നാമത്തെയും രണ്ടാമത്തെയും കോവിഡ് പാക്കേജുകളിൽ കർഷകരെ പരിഗണിച്ചിട്ടില്ലെന്നുള്ള പരാതി അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി. കർഷകർക്ക് അനുകൂലമായ നിരവധി കാര്യങ്ങൾ നിറഞ്ഞ് നിൽക്കുന്ന ഒരു ബഡ്ജറ്റാണ് സംസ്ഥാന സർക്കാർ ഈ സഭയ്ക്ക് മുമ്പാകെ ഇപ്രാവശ്യം അവതരിപ്പിച്ചത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. കൃഷിക്കാരനോട് ഏറെ താൽപ്പര്യം കാണിക്കുന്ന, അനുകൂലമായ ഒരു നിലപാട് സ്വീകരിക്കുന്ന സർക്കാരാണ് ഇതെന്ന് ആമുഖമായി ഞാൻ പറയട്ടെ. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന നേർവളങ്ങളും കോംപ്ലക്സ് വളങ്ങളും കർഷകർക്ക് ലഭിക്കുന്നത് സബ്സിഡി നിരക്കിലാണ്. വളം വിതരണം ചെയ്യുന്ന കമ്പനികൾക്ക് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡിയുടെ അനുപാതത്തിലാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭിക്കുന്ന വളങ്ങളുടെ ദുരുപയോഗം, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശപ്രകാരം ഇന്ത്യയിലുടനീളം ഒരു കർഷകന് ഒരു മാസത്തിൽ 50 ചാക്ക് വളവും (2500 കിലോഗ്രാം) പ്ലാന്റേഷനുകൾക്ക് 1200 ചാക്ക് വളവുമാണ് (60000 കിലോഗ്രാം) അനുവദിക്കുന്നത്. ഒരു മാസം 2500 കിലോഗ്രാം നിരക്കിൽ വർഷം 30000 കിലോഗ്രാം/30 മെട്രിക് ടൺ വളം ഒരു കർഷകന് ലഭിക്കുന്നുണ്ട്. കേരളത്തിലെ ബഹുഭൂരിഭാഗം കർഷകരും ചെറുകിട നാമമാത്ര കർഷകരാണ്. 30 മെട്രിക് ടൺ വളം ഒരു കർഷകന് സാധാരണ

ഗതിയിൽ മതിയാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ മുഖേന വിതരണം ചെയ്യുന്ന വളങ്ങൾക്ക് മാത്രമാണ് മേൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. പ്രതിമാസം രാസവളങ്ങൾ വാങ്ങേണ്ടി വരുന്നത് കർഷകർക്ക് ബുദ്ധിമുട്ടുള്ള കാര്യമാണ്. കൃഷിയുടെ സമയത്ത് ആവശ്യമായ സബ്സിഡി വളം ഒന്നിച്ച് ലഭിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ നിലപാടുമൂലം കഴിയുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഈ പ്രശ്നം കേന്ദ്രസർക്കാരിന്റെ മുമ്പാകെ അറിയിച്ചിട്ടുമുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ മറുപടിയിൽനിന്നും എനിക്ക് മനസ്സിലാകുന്നത്, സംസ്ഥാന സർക്കാർ അംഗീകരിച്ച നിലയ്ക്കാണ് ഈ സ്കീം ഇങ്ങനെ വന്നിരിക്കുന്നതെന്നാണ്. ഈ സ്ഥിതി വന്നതിനുശേഷം കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ അതിവ്യാപകമായി വളം ഇഷ്യൂ ചെയ്തതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള ഉദ്യോഗസ്ഥർ ആരെങ്കിലും കർഷകർക്ക് കിട്ടേണ്ട വളം തങ്ങളുടെ സ്വാധീനമുപയോഗിച്ച് കൊണ്ടുപോകുകയും അത് മറിച്ചുവിറ്റ് ലാഭമുണ്ടാക്കുകയും ചെയ്തിട്ടുണ്ടോ; അങ്ങനെ ആരുടെയെങ്കിലും പേരിൽ ഇന്നുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളം അംഗീകരിച്ച ഒരു രീതിയിലല്ല ഈ കാര്യങ്ങൾ വന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വന്നിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള ഒരു കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരത്തിൽ വളം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷൻ അവതരിപ്പിക്കുമ്പോൾ അംഗങ്ങൾ സമയനിഷ്ഠ പാലിക്കണം. പരമാവധി സമയംകുറച്ച് സംസാരിക്കണം.

## V സബ്മിഷൻ

### (1) വിമാനത്താവള വികസനം

ശ്രീ. പി. നന്ദകുമാർ: സർ, 1988-ൽ പ്രവർത്തനമാരംഭിച്ച കരിപ്പൂർ വിമാനത്താവളം 2017-18-ലെ കണക്കനുസരിച്ച് രാജ്യത്തെ അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണത്തിൽ ഏഴാം സ്ഥാനത്താണ്. മൊത്തം യാത്രക്കാരുടെ കണക്കെടുക്കുമ്പോൾ ഇന്ത്യയിൽ തിരക്കുള്ള 12-ാമത്തെ വിമാനത്താവളമാണ് കരിപ്പൂർ. 2017-18 സാമ്പത്തിക വർഷത്തിൽ 92 കോടിയോളം രൂപയാണ് ലാഭമുണ്ടായത്.

2002 മുതൽ ബോയിംഗ് 747 ഉപയോഗിച്ച് ഹജ്ജ് സർവ്വീസ് നടത്തിവരുന്ന ഒരു വിമാനത്താവളമാണിത്. എന്നാൽ 2020 ആഗസ്റ്റ് 7-ൽ നടന്ന അപകടം കരിപ്പൂർ വിമാനത്താവളത്തെ സാരമായി ബാധിച്ചു. ഈ വിമാനത്താവളത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അതിന്റെ വികസനത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്. എല്ലാം സ്വകാര്യവൽക്കരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വകാര്യവൽക്കരണത്തിന് സ്വീകരിക്കേണ്ട നടപടിയാണ് അടിസ്ഥാന പ്രശ്നം. സ്റ്റോക്ക് ഹോൾഡേഴ്സിൽ കേരള ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്തണമെന്നാണ് എന്റെ അഭിപ്രായം. ഏറ്റവും പ്രധാനമായത് വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുക എന്നതാണ്. അപകട സാധ്യത ഒഴിവാക്കി tabletop airport വികസിപ്പിക്കാൻവേണ്ട ഭൂമി ഏറ്റെടുക്കാൻ സത്വര നടപടി കൈക്കൊള്ളണം. ഭൂവിസ്തൃതിയും റൺവേയും വികസിപ്പിച്ച് wide-body airliner സാധ്യമാക്കിയാൽ മാത്രമേ വിമാനത്താവളത്തിന്റെ വികസനം സാധ്യമാകുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിന്റെയും വിമാനത്താവളത്തിന്റെ റൺവേ അടക്കമുള്ളവയുടെ ഭൂവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെയും വിവിധ വശങ്ങൾ പഠിച്ച് നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. Tabletop airport വികസനത്തിന് കൈക്കൊള്ളാനുള്ള നടപടികൾ ആവിഷ്കരിക്കണം. അതിനുള്ള പാരിസ്ഥിതികമായ തടസ്സങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യക്തമായൊരു ധാരണയും ഉണ്ടാക്കേണ്ടതുണ്ട്. ജനസൗഹാർദ്ദപരമായ നല്ല പുനരധിവാസ പാക്കേജ് നടപ്പിലാക്കിയും വിമാനത്താവളത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയും വിമാനത്താവളത്തിന്റെ വികസനത്തിന് ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ഇടപെടലുകളും വേണം. മറ്റൊരു കാര്യം, കണക്റ്റിവിറ്റിയുടെ പ്രശ്നമാണ്. ഗതാഗതങ്ങളുടെ പരിമിതിയാണ് പരിഹരിക്കപ്പെടേണ്ട പ്രശ്നം. റെയിൽ മാർഗ്ഗവും റോഡുമാർഗ്ഗവും വിമാനത്താവളത്തിൽ എത്തിപ്പെടാനുള്ള സൗകര്യം ഒരു പ്രധാന ഘടകമാണ്. സ്ട്രീറ്റ് ലൈറ്റുകളുള്ള വീതിയേറിയ നേർ റോഡുകൾ സജ്ജമാക്കുന്നതിൽ സർക്കാർ സത്വരനടപടി കൈക്കൊള്ളേണ്ടതുണ്ട്. റോഡ് ഗതാഗതത്തോടൊപ്പം കെ.എസ്.ആർ.ടി.സി.യിലെ ലോ ഫ്ലോർ ബസ് സർവ്വീസും ലഭ്യമാക്കണം. ഇത്തരം കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ കാര്യത്തിൽ സർക്കാരിന്റെ തുടർച്ചയായ ശ്രദ്ധ എല്ലാകാലത്തും നിലനിൽക്കുകയാണ്. പക്ഷെ, പ്രശ്നം പ്രശ്നമായിട്ടുതന്നെ അവിടെ തുടരുന്നുവെന്നുള്ളതാണ് വാസ്തവം. പുതിയ അന്താരാഷ്ട്ര ടെർമിനൽ

നിർമ്മാണത്തിനും കാർ പാർക്കിംഗ് സൗകര്യങ്ങൾക്കും ആവശ്യമായ 152.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ഭൂമി ഏറ്റെടുക്കുകയെന്ന് പറയുമ്പോൾ അതിനാവശ്യമായ പ്രശ്നങ്ങൾ അവിടെയുണ്ട്. അത് അവിടെയുള്ള എല്ലാവർക്കുമറിയാം. അതിന് സഹായകരമായ നിലപാട് എല്ലാവരുംകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ പ്രസ്താവിച്ചതുപോലെ, 2020 ആഗസ്റ്റ് മാസത്തിലുണ്ടായ വിമാനദുരന്തത്തെത്തുടർന്ന് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾക്ക് യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. അപകടകാരണം കണ്ടെത്തുന്നതിനായി നിയോഗിച്ച എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനം ഉപയോഗിച്ചുള്ള സർവ്വീസ് പുനഃരാരംഭിക്കുന്നതിന് തീരുമാനമുണ്ടാകുകയുള്ളൂ. വിലക്ക് പിൻവലിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

## (2) കുടിവെള്ള പദ്ധതി

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരി, കൂത്തുപറമ്പ് അസംബ്ലി മണ്ഡലങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് 2017-18 സാമ്പത്തിക വർഷം കിഫ്ബിയിലുൾപ്പെടുത്തി 85.86 കോടി രൂപയുടെ തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ഭരണാനുമതി നൽകിയത്. തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള ചൊക്ലി, പന്ന്യന്നൂർ എന്നീ രണ്ട് പഞ്ചായത്തുകൾകൂടി ഈ കുടിവെള്ള പദ്ധതിയുടെ ഭാഗമാണ്. ഇതിൽ ആദ്യഘട്ടത്തിൽ പന്ന്യന്നൂർ പഞ്ചായത്ത് ഉൾപ്പെടുത്താൻ തയ്യാറായിരുന്നില്ല. ഒന്നാം പിണറായി സർക്കാരിൽ അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി മുമ്പാകെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം ഞങ്ങൾ മുന്നോട്ടുവച്ചു. അതിന്റെ പശ്ചാത്തലത്തിലാണ് പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയത്. പ്രളയം, കോവിഡ് ഉൾപ്പെടെയുള്ള മഹാമാരി വന്നതിന്റെ ഭാഗമായി ആ പ്രവർത്തനത്തിന്റെ വേഗത അല്പം കുറഞ്ഞു. തലശ്ശേരി ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ നടപടി ഏതാണ്ട് പൂർത്തിയായി. ഇതിന് സ്ഥാപിക്കപ്പെടുന്ന സ്ഥലം കൂത്തുപറമ്പ് അസംബ്ലി മണ്ഡലത്തിന്റെ ഭാഗമായ പാനൂർ മുനിസിപ്പാലിറ്റിയിലാണ്. അതിന്റെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ അതിവേഗത്തിൽ നടക്കേണ്ടതുണ്ട്. ഈ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി തലശ്ശേരി, കൂത്തുപറമ്പ് അസംബ്ലി മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പൂർണ്ണമായും പരിഹാരമുണ്ടാക്കാൻ സാധിക്കും.

അതുകൊണ്ട് രണ്ടാം പിണറായി സർക്കാർ കിഫ്ബിയിൽ പ്രഖ്യാപിച്ച തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കാൻ, തലശ്ശേരി, കൂത്തുപറമ്പ് അസംബ്ലി മണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെ യോഗം സംയുക്തമായി വിളിച്ചുചേർത്ത്, ഭൂമി ഏറ്റെടുക്കൽ നടപടിയുൾപ്പെടെ ത്വരിതഗതിയിലാക്കി, കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച ഈ പദ്ധതി പ്രവർത്തിപഥത്തിലെത്തിക്കാൻ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് രണ്ട് മണ്ഡലങ്ങളിലെ ജനങ്ങളെ ബാധിക്കുന്ന ഗൗരവമായ വിഷയമായതിനാൽ ഇടപെടാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, വാട്ടർ ടാങ്കിന്റെ ഭൂമി എന്റെ നിയോജകമണ്ഡലത്തിലെ കനകമല എന്ന പ്രദേശത്തുകൂടിയുണ്ട്. ആ ഭൂമിയുമായി ബന്ധപ്പെട്ട് കുറച്ച് പ്രശ്നങ്ങളുണ്ട്. അതുകൂടി പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകണം. അതിനുവേണ്ട നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് അടിയന്തരമായി ഒരു യോഗം വിളിച്ചുചേർത്ത് പദ്ധതി ദ്രുതഗതിയിലാക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം എ. എൻ. ഷംസീർ ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയം തന്നെയാണ്. കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കുന്ന തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയിൽ പന്ന്യന്നൂർ പഞ്ചായത്തുകൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പാനൂർ മുനിസിപ്പാലിറ്റിയിലും ചൊക്ലി പഞ്ചായത്തിലും ജലസംഭരണികൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തടസ്സം കാരണം പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല. തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിയുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിന് നാല് സ്വകാര്യ ഭൂമിയും ഒരു സർക്കാർ അധീനതയിലുള്ള ഭൂമിയുമാണ് ആവശ്യമായിട്ടുള്ളത്. നാല് സ്വകാര്യ ഭൂമിയിൽ പെരിങ്ങത്തൂർ വില്ലേജിലെ 15 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി (25 സെന്റും), പടുവിലായ് വില്ലേജിലെ 700 എം.എം. ഗ്രാവിറ്റി മെയിൻ (2.5 സെന്റും) എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാധാരണ നടപടിക്രമങ്ങൾക്കുശേഷം കണ്ണൂർ ജില്ലാ കളക്ടർ 30-12-2020-ന് ഉത്തരവ് പുറപ്പെടുവിച്ചു. ശേഷിച്ച പെരിങ്ങളം വില്ലേജിലെ 24 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിക്ക് 35 സെന്റ്, 6 ലക്ഷം ലിറ്റർ ബൂസ്റ്റർ പാക്ക് കം പമ്പ് ഹൗസിന് 15 സെന്റ് എന്നിവയ്ക്ക് വേണ്ടിയുള്ള രണ്ട് സ്വകാര്യ ഭൂമികൾ പെരിങ്ങളം വില്ലേജിലെ കനകമലയിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ പ്രദേശവാസികളുടെ ശക്തമായ എതിർപ്പുകാരണം ഈ സ്ഥലങ്ങൾ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. തുടർന്ന് പാനൂർ മുനിസിപ്പാലിറ്റിയിൽത്തന്നെ ഇതിനുപകരമായി രണ്ട് സ്ഥലങ്ങൾ കണ്ടെത്തി. ഒരു സ്ഥലത്തിന്റെ (15 സെന്റ്) സമ്മതപത്രം പാനൂർ

മുനിസിപ്പാലിറ്റി വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. രണ്ടാമത്തെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ 2021 ഫെബ്രുവരിയിൽ കണ്ണൂർ ജില്ലാകളക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ അഞ്ചാമത്തെ സ്ഥലമായ ചൊക്ലി വില്ലേജിൽ, പതിമൂന്നുലക്ഷം ലിറ്റർ ഉന്നതതല സംഭരണിക്കുവേണ്ടി സർക്കാർ അധീനതയിലുള്ള തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ ഉടമസ്ഥതയിലുള്ള 25 സെന്റ് ഭൂമിക്ക് ഉപയോഗാനുമതിക്കുള്ള പ്രൊപ്പോസൽ കോളേജ് അധികൃതർ മുഖേന കോളേജ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് 2021 ഫെബ്രുവരിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരികയാണ്. 6.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള പന്ന്യന്നൂരിനും സമീപ പ്രദേശങ്ങൾക്കുംവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽനിന്നാണ് പന്ന്യന്നൂർ പഞ്ചായത്തിൽ നിലവിൽ ശുദ്ധജല വിതരണം നടത്തുന്നത്. ഇതിന്റെ സ്രോതസ്സായ പാത്തിപ്പാലംപുഴ വേനൽക്കാലത്ത് വറ്റുന്നതിനാൽ വേനൽക്കാല ശുദ്ധജല വിതരണം പൂർണ്ണമായും തടസ്സപ്പെടുന്നു. 2021-2022 വർഷത്തെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പന്ന്യന്നൂർ പഞ്ചായത്തിൽ 4398 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ പന്ന്യന്നൂർ പഞ്ചായത്തിലെ വിതരണ ശൃംഖല ദീർഘിപ്പിക്കാനും എല്ലാ വീടുകളിലും ഗാർഹിക കണക്ഷൻ നൽകി വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുന്നതിനും 2019-ൽ കമ്മീഷൻ ചെയ്ത പന്ന്യന്നൂർ ശുദ്ധജല വിതരണ പദ്ധതിയെ കൂത്തുപറമ്പ് മുനിസിപ്പാലിറ്റി, കോട്ടയം പാട്യം ശുദ്ധജല പദ്ധതിയുമായി ബന്ധിപ്പിക്കാനും വിഭാവന ചെയ്തിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതോടെ പഞ്ചായത്തിലെ ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകും. ഇതോടൊപ്പം കിഫ്ബി അനുമതി നൽകിയിട്ടുള്ള സ്ഥലമേറ്റെടുക്കൽ ത്വരിതപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. രണ്ട് എം.എൽ.എ.-മാരും ഇവിടെ ഉന്നയിച്ച ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ച്, ഈ വിഷയം പരിഹരിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

## (3) കടൽഭിത്തി/പുലിമുട്ട് നിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: സർ, കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാറ്റിലും മഴയിലും കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വ്യാപകമായ നാശ നഷ്ടങ്ങളാണുണ്ടായത്. അതിൽ ഏറ്റവും രൂക്ഷമായതും നഷ്ടം സംഭവിച്ചതും തീരപ്രദേശമായ ആലപ്പാടാണ്. അവിടത്തെ തീരദേശ റോഡ് പൂർണ്ണമായും തകർന്നുപോയി. നിരവധി വീടുകൾക്കും സ്ഥാപനങ്ങൾക്കും ദേവാലയങ്ങൾക്കും വ്യാപകമായ നഷ്ടം സംഭവിച്ചു. ഇപ്പോൾ അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും മത്സ്യദൗർലഭ്യതയുംമൂലം ജീവിതം നന്നേ ബുദ്ധിമുട്ടുന്ന സാഹചര്യത്തിലാണ് രൂക്ഷമായ

കടലാക്രമണമുണ്ടായത്. അഞ്ചുവർഷത്തിനിടയിൽ പാറ അടുക്കിയുള്ള യാതൊരു വിധത്തിലുള്ള തീരസംരക്ഷണവും നടന്നിട്ടില്ലെന്നുള്ളത് ദുഃഖകരമായ ഒരു യാഥാർത്ഥ്യമാണ്. ജിയോബാഗ് ഉപയോഗിച്ച് ചെയ്ത തീരസംരക്ഷണവും പൂർണ്ണമായും പരാജയമായിരുന്നു. പുലിമുട്ട് നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ലോകത്തെ മുഴുവൻ നടുക്കിയ സുനാമി ദുരന്തത്തിൽ 2004-ൽ ആലപ്പാട് 140 മനുഷ്യജീവനുകളാണ് നഷ്ടപ്പെട്ടത്. അതുമാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ., ഐ.ആർ.ഇ., എന്നിവയുടെ നിലനിൽപ്പിന് സഹായകരമായ ഖനന പ്രദേശമെന്നുള്ള പ്രത്യേകതയും ആലപ്പാടിനുണ്ട്. ഓരോ കടലാക്രമണം കഴിയുമ്പോഴും വാഗ്ദാനങ്ങളല്ലാതെ പ്രവൃത്തിപഥത്തിൽ ഇതുവരെ കാര്യക്ഷമമായി യാതൊരു വിധത്തിലുള്ള നടപടികളുമുണ്ടായിട്ടില്ല. ഇപ്പോഴും നിരന്തരം പറയുന്ന കാരണം കല്ലുകളുടെ അഭാവമാണ്. പക്ഷെ കല്ലുകളുടെ അഭാവം പറഞ്ഞ് ഇനി ഒഴിഞ്ഞുമാറാൻ കഴിയില്ല. പകരം മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് ആവശ്യപ്പെടുകയാണ്. പ്രദേശവാസി കൂടിയായ ബഹുമുഖ പ്രതിഭയായ മഹാനായ വേലുക്കുട്ടി അരയൻ നടത്തിയ പഠന റിപ്പോർട്ട് പരിശോധിച്ച് തദ്ദേശീയരായ ആളുകളെക്കൂടി ഉൾപ്പെടുത്തി വിശദമായ ചർച്ചയിലൂടെ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും സംഭവസ്ഥലം സന്ദർശിച്ച് അവിടത്തെ ആളുകൾക്ക് ആത്മവിശ്വാസം നൽകുകയും അടിയന്തര നടപടി സ്വീകരിക്കാൻ ആ സന്ദർശനം ഉപയോഗപ്പെടുത്തുകയും വേണം. മാത്രമല്ല, മഹാപ്രളയമുണ്ടായപ്പോൾ ആലപ്പാടുള്ള ഏതാണ്ട് അഞ്ഞൂറോളം മത്സ്യത്തൊഴിലാളികൾ യാതൊരുവിധത്തിലുള്ള പ്രതിഫലവും ആഗ്രഹിക്കാതെ വളരെ പെട്ടെന്നുതന്നെ പ്രളയബാധിത സ്ഥലങ്ങളിലെത്തി രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ സൈന്യം എന്ന് വിശേഷിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഏത് നിമിഷവും കടലും കായലും ഒന്നിക്കാവുന്ന ഒരു പ്രദേശമായി, നേർത്ത വരമ്പുമാത്രമായി ആലപ്പാട് മാറിയിരിക്കുകയാണ്. ആലപ്പാട് പ്രദേശം ലോകത്തിന്റെ ഭൂപടത്തിൽനിന്നും അപ്രത്യക്ഷമാകാതിരിക്കാൻ അടിയന്തരമായി അവിടെ പാറ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവും പുലിമുട്ട് നിർമ്മാണവും സാധ്യമാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അറബിക്കടലിനും ദേശീയ ജലപാതയ്ക്കും ഇടയിലായി വെള്ളാനത്തുരുത്ത് മുതൽ അഴീക്കൽവരെ വളരെ വീതി കുറഞ്ഞ, ഏകദേശം 16 കിലോമീറ്റർ നീളത്തിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ആലപ്പാട് പഞ്ചായത്ത്. ഈ തീരപ്രദേശത്തിന്റെ ചില ഭാഗങ്ങളിൽ 50 മീറ്ററിൽ താഴെ മാത്രമേ കരപ്രദേശത്തിന് വീതിയുള്ളൂ. വർഷങ്ങളായി രൂക്ഷമായ കടലാക്രമണം

നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണിത്. ഈ പ്രദേശത്തിന്റെ പ്രകൃത്യാലുള്ള പ്രത്യേകതകളാൽ, വർഷങ്ങളായുള്ള കടലാക്രമണം കാരണം നല്ലൊരു ഭാഗം കരഭൂമി നഷ്ടപ്പെട്ടുപോയിട്ടുമുണ്ട്. തീരപ്രദേശത്തിന്റെ ഏതാണ്ട് എല്ലാഭാഗങ്ങളിലും കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടെങ്കിലും പുലിമുട്ട് ശൃംഖല അഴീക്കൽ, പഴയകടവ്, കരിക്കശ്ശേരി ക്ഷേത്രത്തിന്റെ സമീപ സ്ഥലം, വെള്ളാനത്തുരുത്ത് എന്നിവിടങ്ങളിലൊഴികെ ഏതാണ്ട് പത്ത് കിലോമീറ്റർ പ്രദേശം രൂക്ഷമായ കടലാക്രമണംമൂലം വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഈ പ്രദേശത്തുള്ള കടൽഭിത്തിക്ക് കാലാകാലങ്ങളിലുണ്ടാകുന്ന കടലാക്രമണംമൂലം വളരെയധികം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ കടൽഭിത്തി ഏതാണ്ട് പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം എല്ലായിടങ്ങളിലും കടൽഭിത്തിക്ക് അറ്റകുറ്റപ്പണികൾ നടത്താൻ സാധിച്ചിട്ടില്ല. കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ അതിന്റെ പഠനത്തിനും ഓരോ പ്രദേശത്തും അനുയോജ്യമായ കടൽഭിത്തി ആസൂത്രണം ചെയ്യുന്നതിനുമായി എൻ.സി.സി.ആർ. എന്ന സ്ഥാപനം മുഖേന നടത്തുന്ന പഠനത്തിൽ കേരളത്തിലെ പ്രധാന ഹോട്ട്സ്പോട്ടുകളിൽ ഒന്നായ ആലപ്പാട് ഉൾപ്പെടുത്തിയിട്ടുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ കടൽഭിത്തിയോ പുലിമുട്ട് നിർമ്മാണമോ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ടൗട്ടെ ചുഴലക്കാറ്റുമായി ബന്ധപ്പെട്ട് ആലപ്പാട് പ്രദേശം അതിരൂക്ഷമായ കടലാക്രമണം നേരിടുകയുണ്ടായി. ശക്തമായ തിരമാല കാരണം കേടുപാട് സംഭവിച്ച നിലവിലുള്ള കടൽഭിത്തിയുടെ മുകളിൽക്കൂടി കടൽവെള്ളം തീരപ്രദേശത്ത് അടിച്ച് കയറുകയും വളരെയധികം നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്തു. ചെറിയഴീക്കൽ, സി.എഫ്.എ. ഗ്രൗണ്ടിന് സമീപം, മൈലാടുംകുന്ന്, സ്രായിക്കാട് എന്നീ സ്ഥലങ്ങളിലാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ നേരിട്ടത്. ആലപ്പാട് പഞ്ചായത്തിന്റെ തീരസംരക്ഷണത്തിനായി 150 ലക്ഷം രൂപയുടെ രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 25-5-2021-ലെ സർക്കാർ ഉത്തരവുപ്രകാരം കൊല്ലം ജില്ലയ്ക്കായി അനുവദിച്ച ഒരു കോടി രൂപയിൽനിന്നും ആലപ്പാട് പഞ്ചായത്തിലെ മൈലാടുംകുന്നിന് 39.60 ലക്ഷം രൂപയും പാലിയത്ത് ടെമ്പിളിന് 16.39 ലക്ഷം രൂപയും ചെറിയഴീക്കൽ ടെമ്പിളിന് 17.36 ലക്ഷം രൂപയും ടി സ്ഥലങ്ങളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആകെ 72.85 ലക്ഷം രൂപയും ജിയോബാഗിനായി 14.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ത്വരിതഗതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. എന്നാലും ഈ വിഷയം വളരെ ഗൗരവമുള്ളതാണെന്ന് മനസ്സിലാക്കുന്നു. ഇത് പൂർണ്ണമായും പരിഹരിക്കുന്നതിനു വേണ്ടിയുള്ള, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനം വരുന്ന ഒരു കടലാക്രമണമുണ്ടാകുന്നതിനുമുമ്പുതന്നെ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (4) വാട്ടർ സപ്ലൈ സ്കീം

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, തിരൂരങ്ങാടിയിലെ കല്ലക്കയം കുടിവെള്ള പദ്ധതിക്കായി 10 കോടി രൂപ അനുവദിക്കുകയും ടെണ്ടർ നടപടികളും മറ്റ് അനുബന്ധകാര്യങ്ങളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായ കിണറിന്റെ നിർമ്മാണം പൂർണ്ണമായും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം 80 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഈ പ്രവൃത്തി നിലച്ചിരിക്കുകയാണ്. കാരണം പൈപ്പ്ലൈൻ കൊണ്ടുപോകേണ്ട റോഡിനുവേണ്ടി പി.ഡബ്ല്യൂ.ഡി.-ലേയ്ക്ക് ആവശ്യമായ തുക അടയ്ക്കേണ്ടതുണ്ട്. പദ്ധതിയുടെ പുനരുദ്ധാരണത്തിനുവേണ്ടി ജലവിഭവ വകുപ്പിന് 80 ലക്ഷം രൂപ ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുടർന്നുള്ള തുക ലഭ്യമാകാത്തതുകൊണ്ട് പ്രവൃത്തി നിലച്ചിരിക്കുന്ന സ്ഥിതിയാണുള്ളത്. പരപ്പനങ്ങാടി, നാടുകാണി റോഡുകളുടെ പണി ദ്രുതഗതിയിൽ നടക്കുകയാണ്. അതുവഴിയാണ് ഈ പൈപ്പ്ലൈൻ കൊണ്ടുപോകേണ്ടത്. അതിനാൽ അതിനാവശ്യമായ പണം നീക്കിവച്ചില്ലെങ്കിൽ ഈ പദ്ധതി നിശ്ചലമാകുന്ന സാഹചര്യമാണുള്ളത്. ഇത് വളരെ അടിയന്തരമായ ഒരു പ്രശ്നമായതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി എത്രയുംവേഗം ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, തിരൂരങ്ങാടി കുടിവെള്ള പദ്ധതിക്ക് 10 കോടി രൂപ അനുവദിച്ച്, ഭരണാനുമതി കൊടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ചില സാങ്കേതിക തടസ്സങ്ങളൊക്കെ നേരിട്ടിട്ടുണ്ട്. ഇതുവരെയുള്ള പ്രവൃത്തികൾ പരിശോധിച്ചാൽ, ചില കാര്യങ്ങൾ 25 ശതമാനം മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്. പിഴ ചുമത്തി, പൂർത്തീകരണ കാലാവധി 2021 മാർച്ച് 31-നുൾപ്പെടെ രണ്ട് തവണ നീട്ടിക്കൊടുത്തിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ വേഗത്തിൽ പണി പൂർത്തിയാക്കുന്നില്ലെന്ന കാരണത്താൽ നിലവിലെ കരാറുകാരനായ ശ്രീ. എൻ. ഡി. കുര്യാക്കോസ് റിസ്ക് & കോസ്റ്റിൽ പ്രവൃത്തി ചെയ്യുന്നത് 3-5-2021-ൽ റദ്ദ് ചെയ്യുകയും ചെയ്തു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു പ്രധാന കാര്യമാണ് ബഹുമാനപ്പെട്ട അംഗം സഭയിൽ അവതരിപ്പിച്ചത്. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യിൽ 2,23,31,956 രൂപയും എൻ.എച്ച്. അതോറിറ്റിയിൽ 14,05,909 രൂപയും കെട്ടിവയ്ക്കേണ്ടതായിരുന്നു. എന്നാൽ അതിൽ പി.ഡബ്ല്യൂ.ഡി.-യിൽ കെട്ടിവയ്ക്കേണ്ട തുകയിൽ 80,66,276 രൂപയാണ് 25-2-2020-ൽ നൽകാൻ കഴിഞ്ഞത്. അതേസമയം, ഡി.എഫ്.ഐ.പി. (District Flagship Infrastructure Project)-യിൽപ്പെട്ട മേൽതിരൂരങ്ങാടി-

പരപ്പനങ്ങാടി റോഡിന്റെ പുനരുദ്ധാരണം കഴിഞ്ഞ് ഡി.എൽ.പി. നിലവിൽ വന്നതിനാൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുകയുണ്ടായില്ല. തിരൂരങ്ങാടി മുനിസിപ്പാലിറ്റി ഈ പ്രവൃത്തി ആരംഭിച്ച സമയത്ത് ഗ്രാമപഞ്ചായത്തായിരുന്നു, 2016-ലാണ് മുനിസിപ്പാലിറ്റിയായി മാറിയത്. 2021 മാർച്ച് മാസത്തോടെ എൻ.ആർ.ഡി.ഡബ്ല്യൂ.പി.-യിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ പുതിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഇത് പൂർത്തീകരിച്ചാൽ അവിടത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഗൗരവം മനസ്സിലാക്കി അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) ഓൺലൈൻ ക്ലാസ് സമയക്രമം

ശ്രീ. എം. നൗഷാദ്: സർ, കോവിഡ് കാലഘട്ടത്തിൽ, വിദ്യാഭ്യാസ മേഖല ഡിജിറ്റലായി. ജൂൺ മാസം 1-ാം തീയതി മുതൽ നമ്മൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽക്കൂടിയാണ് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നത്. അങ്ങനെ വിദ്യാഭ്യാസം നൽകുമ്പോൾ ഈ ഒരാഴ്ചയ്ക്കുള്ളിൽ ശ്രദ്ധയിൽവന്ന രണ്ട് കാര്യങ്ങൾ ഞാൻ ഉന്നയിക്കുകയാണ്. ടൈംടേബിൾ നേരത്തെ പറയാറുണ്ടെങ്കിലും കൃത്യമായി അത് പാലിക്കപ്പെടുന്നില്ല. മുമ്പ് 9.00 മണിക്ക് തുടങ്ങി 3.30-ന് ക്ലാസ്സുകൾ അവസാനിക്കുമായിരുന്നു. പക്ഷേ ഇപ്പോൾ അതിന് ഒരു വ്യവസ്ഥയുമില്ല. ഇത് ഡിജിറ്റലാണ് എന്നുള്ളതുകൊണ്ടുതന്നെ എയ്ഡഡ് സ്കൂളുകളും സർക്കാർ സ്കൂളുകളും ഇതിന്റെ പരിധിയിൽപ്പെടുന്നതാണ്. അപ്പോൾ കൃത്യമായ സമയക്രമം, ഇത്ര മണിമുതൽ ഇത്ര മണിവരെ എന്നുറപ്പുവരുത്താൻ സർക്കാർ ശ്രദ്ധിക്കണം. മാത്രമല്ല, ഇപ്പോൾ ഓൺലൈൻ ക്ലാസ് വഴി നൽകുന്ന ഡാറ്റയുടെ അളവ് വളരെ കൂടുതലാണ്. അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് എന്തെന്നാൽ ഡാറ്റയുടെ ഉപയോഗം 2 ജി.ബി.-ക്ക് മുകളിലാണെങ്കിൽ സ്വാഭാവികമായും വലിയ തുകയ്ക്ക് നെറ്റ് ചാർജ്ജ് ചെയ്യേണ്ടതായിവരും. രണ്ടോ മൂന്നോ കുട്ടികൾ പഠിക്കുന്ന സാധാരണ കുടുംബങ്ങൾക്ക് ഈ കോവിഡ് കാലഘട്ടത്തിൽ അത് ചാർജ്ജ് ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇങ്ങനെ നൽകുന്ന ഡാറ്റയുടെ അളവ് 2 ജി.ബി.-ക്കുള്ളിൽ ക്രമീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ രണ്ട് കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച ഡിജിറ്റൽ ക്ലാസ്സുകൾ ഈ വർഷവും തുടരേണ്ട

സാഹചര്യമാണ് നിലവിലുള്ളത്. കേന്ദ്രീകൃത ക്ലാസ്സുകളും അതേത്തുടർന്ന് അദ്ധ്യാപകർ നടത്തിയ തുടർപ്രവർത്തനങ്ങളും കുട്ടികളെ കർമ്മനിരതരായി വിദ്യാഭ്യാസ പരിസരത്ത് നിലനിർത്താൻ സഹായകരമായിട്ടുണ്ട്. സ്കൂളുകൾ തുറന്ന് സാധാരണഗതിയിലുള്ള അദ്ധ്യയനം നടത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ജൂൺ മാസം ഒന്നുമുതൽ ഇത്തരത്തിൽ ക്ലാസ്സുകൾ ആരംഭിച്ചത്. ഡിജിറ്റൽ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി കൈറ്റ് വിക്ടേഴ്സിലൂടെ ഇപ്പോൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്ന ഫസ്റ്റ്ബെൽ-2 ക്ലാസ്സുകളുടെ കൃത്യമായ സമയം മുൻകൂട്ടി നിശ്ചയിച്ച് കൈറ്റിന്റെ വെബ്സൈറ്റിലൂടെയും വിവിധ മാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരിക്കുന്നുണ്ട്. രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തുവരുന്നുണ്ട്. പ്രീപ്രൈമറി മുതൽ 8-ാം ക്ലാസ്സ് വരെ അര മണിക്കൂർ, 9-ാം ക്ലാസ്സ് ഒരു മണിക്കൂർ, പത്താം ക്ലാസ്സ് ഒന്നര മണിക്കൂർ എന്ന രീതിയിലാണ് നിലവിൽ സംപ്രേഷണം ചെയ്യുന്നത്. ഓരോ ക്ലാസ്സിലെയും കുട്ടികൾ പങ്കെടുക്കേണ്ട പരമാവധി സമയം പ്രസ്തുത ഷെഡ്യൂളിൽ വ്യക്തമാണ്. അതുകൊണ്ടുതന്നെ സമാന്തര വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ പ്രസ്തുത ഷെഡ്യൂൾ പരിഗണിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാവുന്നതാണെന്നുള്ളകാര്യം അറിയിക്കുന്നു.

## (6) ആശ്വാസ പദ്ധതി

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, പ്രതിവർഷം മൂന്ന് കോടി ആളുകൾ വന്നുപോകുന്ന ഗുരുവായൂർ ക്ഷേത്രനഗരി ഏറ്റവും കൂടുതൽ കല്യാണങ്ങൾ നടന്നിരുന്ന സ്ഥലമാണ്. കോവിഡുമൂലം ഗുരുവായൂർ ക്ഷേത്രം അടഞ്ഞുകിടക്കുകയാണ്. കോവിഡിന്റെ ശക്തി കുറഞ്ഞതിനാൽ കേരളത്തിലാകെ സ്ഥാപനങ്ങളും മറ്റും പൂർവ്വസ്ഥിതിയിലേയ്ക്ക് വന്നെങ്കിലും കഴിഞ്ഞ ഒന്നേകാൽ വർഷമായി ഗുരുവായൂർ ക്ഷേത്രം തുറക്കാത്തതിനാൽ കല്യാണങ്ങൾ, തുലാഭാരം, ചോറൂണ്, വാഹനപൂജ എന്നിവയൊന്നും നടക്കുന്നില്ല. കല്യാണമണ്ഡപങ്ങൾ, ലോഡ്ജുകൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഇപ്പോഴും പൂർണ്ണമായും അടഞ്ഞുകിടക്കുകയാണ്. കോവിഡുമൂലം മറ്റ് പ്രദേശങ്ങളിലൊന്നും ഉളവാകാത്ത ഒരു സവിശേഷ പ്രശ്നമായി ഇതിനെ കാണണം. 150-ഓളം ലോഡ്ജുടമകളും ആയിരക്കണക്കിന് തൊഴിലാളികളും ദുരിതത്തിലാണ്. കഴിഞ്ഞ ഒന്നേകാൽ വർഷമായി വരുമാനമില്ലാത്തതിനാൽ ഇവരിൽ പലരും എടുത്ത വായ്പകളുടെ തിരിച്ചടവ് നടത്താത്തതിനാൽ ജപ്തി ഭീഷണിയിലും ആത്മഹത്യയുടെ വക്കിലുമാണ്. സ്ഥാപനങ്ങൾ തുറക്കാത്തതിനാൽ തൊഴിലാളികൾ കഴിഞ്ഞ ഒന്നേകാൽ വർഷമായി പട്ടിണിയിലാണ്. നമ്മളിൽ പലരും അവരുടെ പ്രയാസങ്ങളിൽ അത്താണിയായി കാണുന്ന ഗുരുവായൂർ ഇപ്പോൾ സർക്കാരിന്റെ കരുണയ്ക്കായി കൈകൂപ്പുകയാണ്. തൊഴിലാളികൾക്ക് ആശ്വാസ പദ്ധതി

പ്രഖ്യാപിക്കണമെന്നും വെള്ളക്കരം, വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് പുതുക്കൽ ഫീസ് എന്നിവ ഗഡുക്കളായി ദീർഘിപ്പിച്ച് നൽകണമെന്നും വായ്പകളുടെ പിഴപ്പലിശ ഒഴിവാക്കി തുക അടയ്ക്കുന്നതിന് 2022 മാർച്ച് 31 വരെ സമയം അനുവദിക്കണമെന്നും തൊഴിലാളികൾക്കും സ്ഥാപന ഉടമകൾക്കും ആശ്വാസ പാക്കേജ് പ്രഖ്യാപിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച സബ്മിഷനിൽ സൂചിപ്പിക്കുന്ന കാര്യങ്ങൾ ഒരു പൊതുപ്രശ്നമാണ്. എങ്കിലും അദ്ദേഹം ഗുരുവായൂരിലെ പ്രശ്നമാണ് പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവും രണ്ടാം തരംഗവും നമ്മുടെ നാട്ടിൽ സൃഷ്ടിച്ചിട്ടുള്ള ക്ലേശം വളരെ വലുതാണ്. സമൂഹത്തിലെ സമസ്ത മേഖലകളെയും ഈ സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ട് ബാധിച്ചിട്ടുണ്ട്. എന്നാൽ മിക്കവാറും എല്ലാ മേഖലകളിലും സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തിയിട്ടുണ്ട്. വ്യാപാര മേഖലയിലുണ്ടായ പ്രതിസന്ധിയെക്കുറിച്ച് സർക്കാരിന് ഉത്തമ ബോദ്ധ്യമുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലോഡ്ജുകൾപ്പെടെയുള്ള കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെയും തൊഴിലുടമകളുടെയും ക്ഷേമത്തിനായി സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളതാണ് കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്. ഈ ബോർഡിന്റെ കീഴിലുള്ള ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പദ്ധതി വിഭാവന ചെയ്തിട്ടുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് 2020 കാലയളവിൽ കോവിഡുമായി ബന്ധപ്പെട്ട് ആശ്വാസ ധനസഹായമായി 1,000 രൂപ, ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് 5,000 രൂപ, കോവിഡ് ബാധിതർക്ക് 10,000 രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. ഗുരുവായൂർ മേഖലയിലെ കടകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായിരുന്നു. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിലും സംസ്ഥാന സർക്കാർ എല്ലാ മേഖലകളിലും സഹായഹസ്തം നീട്ടാൻ തീരുമാനിക്കുകയും ആവശ്യമായ ഇടപെടൽ നടത്തിവരികയുമാണ്. തൊഴിൽ വകുപ്പിനുകീഴിലുള്ള ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി 1,000 രൂപ നൽകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന ഭക്ഷ്യകിറ്റ് പോലുള്ള മറ്റ് പൊതുആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. അതിലുപരിയായുള്ള മറ്റ് ആശ്വാസ നടപടികൾ പ്രഖ്യാപിക്കുന്നത് നിലവിൽ പരിഗണനയിലില്ലെന്നുള്ള കാര്യംകൂടി അറിയിക്കുന്നു.

## (7) ബൈപ്പാസ് നിർമ്മാണം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - എടവണ്ണ സംസ്ഥാന പാതയുടെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിന്റെ ആസ്ഥാനമായ ബാലുശ്ശേരി അങ്ങാടി ഒരു നഗരമായി അനുദിനം വികസിച്ചുകൊണ്ടിരിക്കുകയാണ്. മലയോര പഞ്ചായത്തുകളിലെ എല്ലാ ജനവിഭാഗങ്ങളും അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബാലുശ്ശേരി അങ്ങാടിയെയാണ് ആശ്രയിക്കുന്നത്. കൊയിലാണ്ടി-താമരശ്ശേരി റൂട്ടിലും കൂരാച്ചുണ്ട്-കോഴിക്കോട് റൂട്ടിലും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലും ഉൾനാടൻ ഗ്രാമങ്ങളിൽനിന്നുൾപ്പെടെ നൂറിലധികം ബസ്സുകൾ സർവ്വീസ് നടത്തുന്നതുകൊണ്ട് ബാലുശ്ശേരി ടൗണിൽ വലിയ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. ഈ വിഷയം കഴിഞ്ഞ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ബാലുശ്ശേരി ബൈപ്പാസ് നിർമ്മിക്കുന്നതിനായി 10 കോടിരൂപ ബഡ്ജറ്റിൽ അനുവദിക്കുകയുണ്ടായി. 2 കിലോമീറ്റർ ദൂരത്തിൽ ബൈപ്പാസ് നിർമ്മാണത്തിന് ആദ്യം നടപടിയായി. 1600 മീറ്റർ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രദേശത്തുള്ള ചില വ്യക്തികളുടെ എതിർപ്പുകാരണം ഇപ്പോൾ സർവ്വേ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. അനാവശ്യമായ തടസ്സങ്ങൾ നീക്കി, ബൈപ്പാസ് നിർമ്മാണത്തിനുള്ള തുടർനടപടി അടിയന്തരമായി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബാലുശ്ശേരി ബസ് സ്റ്റാൻഡ് ബ്ലോക്ക് ബൈപ്പാസ് റോഡ് എന്ന പ്രവൃത്തിക്ക് കിഫ്ബി ഫണ്ടുവഴി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കേരള റോഡ് ഫണ്ട് ബോർഡിനെ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. 2.40 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് പ്രവൃത്തി. 1.80 കിലോമീറ്റർ നീളത്തിൽ സർവ്വേ പൂർത്തിയാക്കുകയും ചെയ്തു. സർവ്വേ പൂർത്തീകരിച്ച ഭാഗങ്ങളിൽ ജനങ്ങളുടെ എതിർപ്പുകാരണം അതിർത്തിക്കല്ലിടാൻ സാധിച്ചിട്ടില്ല. ശേഷിക്കുന്ന 600 മീറ്റർ ഭാഗത്തും ജനങ്ങൾ തടസ്സം നിന്നതിനാൽ സർവ്വേ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. നടപടി ത്വരിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സ്ഥലവാസികൾ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ ചർച്ചനടത്തി ജനകീയ തലത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സർവ്വേ പൂർത്തിയാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചതിനുശേഷം സാങ്കേതിക പഠനറിപ്പോർട്ട് അടിസ്ഥാനമാക്കി ബൈപ്പാസ് നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി വിഭാവന ചെയ്യാവുന്നതാണ്.

## (8) ചേർപ്പുങ്കൽ സമാന്തര പാലം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട കിടങ്ങൂർ പഞ്ചായത്തിന്റെ പരിധിയിൽ മീനച്ചിലാറിന് കുറുകെ നിർമ്മിക്കുന്ന ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ നിർമ്മാണം രണ്ട് വർഷമായി മുടങ്ങിക്കിടക്കുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി മണ്ഡലത്തിലാണ് പാലം നിർമ്മിക്കുന്നതെങ്കിലും കടുത്തുരുത്തി-പാലാ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണിത്. ബഹുമാനപ്പെട്ട മാണി സി. കാപ്പൻ എം.എൽ.എ.-യും ഞാനും പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ചുമതലയേറ്റശേഷം അദ്ദേഹത്തിന്റെ പക്കൽ ഇതുസംബന്ധിച്ച നിവേദനം സമർപ്പിച്ചിരുന്നു. അദ്ദേഹം ഇക്കാര്യത്തിൽ അടിയന്തരമായി റിപ്പോർട്ട് ചോദിക്കുകയും വളരെ ഫലപ്രദമായി ഇടപെടുകയും ചെയ്തത് ഞാൻ ഈ അവസരത്തിൽ നന്ദിപൂർവ്വം ഓർക്കുന്നു. ഏറ്റവും അത്യാവശ്യമായി ഈ പാലം നിർമ്മിക്കേണ്ടതിന്റെ അനിവാര്യതയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. മധ്യതിരുവിതാംകൂറിൽ ഇന്ന് ഏറ്റവും കൂടുതൽ രോഗികൾ എത്തിച്ചേരുന്ന ചേർപ്പുങ്കൽ മെഡിസിറ്റി ഹോസ്പിറ്റൽ, മാർ സ്ലീവ മെഡിസിറ്റി ഹോസ്പിറ്റൽ എന്നിവിടങ്ങളിലേയ്ക്ക് ആംബുലൻസുകളും വാഹനങ്ങളും ഇപ്പോഴുള്ള പാലത്തിലൂടെ സ്ഥിരമായി വരുമ്പോൾ വലിയ ഗതാഗത പ്രശ്നങ്ങൾ സംഭവിക്കുകയാണ്. ഇവിടെ കോളേജുകളും സ്കൂളുകളുമൊക്കെയുണ്ട്. ഇതെല്ലാം കണക്കിലെടുത്താണ് 2009-ൽ, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ കുറച്ചുകാലം പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന സമയത്ത് 9 കോടിരൂപ അനുവദിച്ച് ഈ പാലത്തിന്റെ പ്രോജക്ടിന് അനുമതി കൊടുത്തത്. പിന്നീട് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് വന്നെങ്കിലും അതിൽ നമ്മൾ വിജയിച്ചു. ആളുകൾ സ്ഥലം വിട്ടുതരാതെ കോടതിയിൽ പോയതുകൊണ്ടാണ് കേസ് വന്നത്. കേസ് ജയിച്ച് പാലത്തിന്റെ പണികൾ തുടങ്ങിവച്ചു. രണ്ടുവർഷമായി ഈ പാലത്തിന്റെ നിർമ്മാണം മുടങ്ങിയിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ സ്പാനുകളുടെ കാര്യത്തിൽ ക്വാണ്ടിറ്റിയുടെ അളവ് നിശ്ചയിച്ചതിലുണ്ടായ അപാകതയാണ് പ്രശ്നമെന്നാണ് കരാറുകാരൻ വർക്ക് നിർത്തിവച്ചപ്പോൾ പറഞ്ഞത്. ആ പ്രശ്നം പരിഹരിച്ചാൽ മാത്രമേ പാലം പണി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഞങ്ങൾ രണ്ട് എം.എൽ.എ.-മാരും പലപ്രാവശ്യം ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി കാര്യങ്ങൾ ചോദിക്കുകയും ചർച്ചചെയ്യുകയും ചെയ്തെങ്കിലും ഒരു പുരോഗതിയും പരിഹാരവുമുണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി, ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് ചേർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. കരാറുകാരൻ ഇതിനിടയിൽ ഹൈക്കോടതിയിൽ പോവുകയും ഈ വിഷയത്തിൽ ആറ് ആഴ്ചയ്ക്കുള്ളിൽ തീർപ്പുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട കോടതി ഗവൺമെന്റിന് നിർദ്ദേശം നൽകുകയും ചെയ്തിരിക്കുകയാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ട്,

എത്രയും പെട്ടെന്ന് ചേർപ്പുങ്കൽ സമാന്തരപാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു മുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, റിവൈസ്ഡ് എസ്റ്റിമേറ്റെടുത്ത് എത്രയുംവേഗം ആ പാലത്തിന്റെ പണി പൂർത്തിയാക്കണം. ഞങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ സമീപിച്ചിരുന്നു, അദ്ദേഹം വളരെ അനുഭാവപൂർവ്വം കാര്യം കേട്ടു. ഇപ്പോഴുള്ള പാലത്തിലൂടെ ഒരു വാഹനത്തിനുമാത്രമേ ഒരേ സമയം കടന്നുപോകാൻ കഴിയുകയുള്ളൂ, ട്രാഫിക് ബ്ലോക്കുണ്ട്. ഒരുപാട് അപകടങ്ങൾ അവിടെയുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ ഉണ്ടാകണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 21-2-2019-ന് ചേർപ്പുങ്കൽ സമാന്തരപാലത്തിന്റെ നിർമ്മാണം ആരംഭിച്ചു. 90% സ്ട്രക്ചറിന്റെ പണി പൂർത്തിയാകുകയും ചെയ്തു. സൂപ്പർ സ്ട്രക്ചറിന്റെ അളവ് രേഖപ്പെടുത്തിയതിൽ വന്ന പിശക് കാരണം എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നു. എന്നാൽ അംഗീകരിച്ച പ്രവൃത്തിയുടെ നിരക്ക് കരാറുകാരൻ അംഗീകരിക്കാൻ തയ്യാറായില്ല. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കരാറുകാരൻ റിട്ട് പെറ്റീഷൻ നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായമനുസരിച്ച്, പകർപ്പ് ലഭിച്ച് ആറ് ആഴ്ചയ്ക്കകം കരാറുകാരന്റെ ഭാഗംകേട്ട് തീരുമാനമെടുക്കേണ്ടതാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ, കോട്ടയം എം.പി., എം.എൽ.എ. ശ്രീ. മാണി സി. കാപ്പൻ എന്നിവർ നിർമ്മാണ സ്ഥലം സന്ദർശിക്കുകയും ഇതുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായമനുസരിച്ച് കരാറുകാരനെ നേരിൽ കേൾക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## (9) ടൂറിസം മാസ്റ്റർ പ്ലാൻ

ശ്രീ. സനീഷ് കുമാർ ജോസഫ്: സർ, സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ഏറെ സാധ്യതയുള്ള പ്രദേശമാണ് ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി-വാഴച്ചാൽ-മലക്കപ്പാറ പ്രദേശങ്ങൾ. പശ്ചിമഘട്ട മലനിരകളിലെ സ്വാഭാവികമായ ജൈവസമ്പത്തും സൗന്ദര്യവും വെള്ളച്ചാട്ടങ്ങളും കാലാവസ്ഥയുമാണ് ഇവിടത്തെ പ്രത്യേകത. ബ്രിട്ടനിലെ ചാൾസ് രാജകുമാരനെപ്പോലെ നിരവധി പ്രശസ്ത വ്യക്തിത്വങ്ങൾ സന്ദർശിച്ച, ബാഹുബലി പോലെയുള്ള നിരവധി ബോളിവുഡ്, ടോളിവുഡ് സിനിമകളുടെ ലൊക്കേഷനായ പ്രദേശമാണിത്. അതിരപ്പിള്ളിക്ക് സമീപത്തായി വാഴച്ചാൽ, ചാർപ്പ, വാളറ പോലെയുള്ള വെള്ളച്ചാട്ടങ്ങൾ, തുമ്പൂർമുഴി, പെരിങ്ങൽക്കുത്ത്, ഷോളയാർ ഡാം,

മൂന്നാറിന് സമാനമായ കാലാവസ്ഥയുള്ള മലക്കപ്പാറ, വിരിപ്പാറ തുടങ്ങിയ നിരവധി ടൂറിസം സ്പോട്ടുകൾ ഇവിടെയുണ്ട്. കൊറോണയ്ക്കുമുമ്പ് വർഷത്തിൽ 15 ലക്ഷത്തോളം സഞ്ചാരികൾ ഇവിടെ സന്ദർശിക്കാറുണ്ടായിരുന്നു. ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങളുടെയും ടൂറിസം ആക്ടിവിറ്റികളുടെയും അഭാവംമൂലം ഇതിലൂടെ കടന്നുപോകുന്ന സഞ്ചാരികൾ താമസത്തിനായി തമിഴ്നാട്ടിലെ വാൾപ്പാറയെയാണ് ആശ്രയിക്കുന്നത്. വനം വകുപ്പിന്റെ തടസ്സവാദംമൂലം പല പദ്ധതികളും മുടങ്ങിക്കിടക്കുകയാണ്. 15 ആദിവാസി ഊരുകളിൽ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരം ലഭിക്കുന്ന, സർക്കാരിന് കോടിക്കണക്കിന് രൂപ റവന്യൂ വരുമാനമുണ്ടാക്കാൻ കഴിയുന്നതാണ് ഇവിടത്തെ ടൂറിസം സാധ്യതകൾ. ബഹുമാന്യനായ വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ച് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ടൂറിസം വികസനം സാധ്യമാക്കുമോ?

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തുമ്പൂർമുഴി മുതൽ മലക്കപ്പാറ വരെയുള്ള പ്രദേശത്തിന്റെ ടൂറിസം പ്രാധാന്യംകൂടി ഉൾക്കൊണ്ട് കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനിൽ തുമ്പൂർമുഴിയിൽ ടൂറിസം ഫാം, അതിരപ്പിള്ളിയിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, വെള്ളപ്പാറയിൽ വാഹന പാർക്കിംഗ് സൗകര്യം, തുമ്പൂർമുഴി ഫാം മുതൽ അതിരപ്പിള്ളി പാർക്കിംഗ് ഏരിയവരെയുള്ള സൈക്കിൾ ട്രാക്ക് എന്നിവ ഉൾപ്പെടും. അതിരപ്പിള്ളിയിൽ 10 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന 25 മുറികളുള്ള യാത്രി നിവാസിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. മലക്കപ്പാറയിൽ 98.49 ലക്ഷം രൂപ ചെലവിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം ആരംഭിച്ചെങ്കിലും ഭൂമിയെച്ചൊല്ലിയുള്ള എതിർപ്പിനെത്തുടർന്ന് പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. എന്നെ കണ്ടതിനുശേഷമുള്ള അന്വേഷണത്തിൽ, മാസ്റ്റർപ്ലാനിൽ പാർക്കിംഗിനായി വെള്ളപ്പാറയിൽ കണ്ടെത്തിയ സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷൻ കേരള (പി.സി.കെ.)-യുടെ കൈവശമുള്ളതാണ്. ഈ സ്ഥലം പി.സി.കെ. തന്നെ പാർക്കിംഗിനായി വികസിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ വെള്ളപ്പാറയിൽ എക്സ്സർവ്വീസ്മെൻ സൊസൈറ്റിയുടെ കൈവശമുള്ള 5 ഏക്കർ സ്ഥലംകൂടി വാഹന പാർക്കിംഗിനായി ലഭ്യമാക്കാൻ ടൂറിസം വകുപ്പ് അവരുമായി ചർച്ച നടത്തിവരുന്നു. ടൂറിസം വികസന സാധ്യതകൾ പ്രായോഗിക തലത്തിൽ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനായി തുമ്പൂർമുഴി മുതൽ മലക്കപ്പാറ വരെയുള്ള പ്രദേശത്ത് സാധ്യതാ പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അവിടെപ്പോയി കാര്യങ്ങൾ മനസ്സിലാക്കി കൂടുതൽ ഇടപെടലുകൾ നടത്തുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (10) വിദേശ മെഡിക്കൽ കോഴ്സിന് അംഗീകാരം

ശ്രീ. പി. ടി. എ. റഹീം: സർ, ധാരാളം വിദ്യാർത്ഥികൾ ഇന്ത്യയ്ക്ക് പുറത്ത് മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നുണ്ട്. ഭൂരിപക്ഷം വിദ്യാർത്ഥികളും കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസ് മുഖേന പഠനം തുടരുകയാണ്. ഇന്ത്യയ്ക്കകത്ത് പഠിക്കുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ചില തീരുമാനങ്ങളെടുത്തതായി അറിയുന്നുണ്ട്. മേൽ സാഹചര്യത്തിൽ വിദേശത്തുനിന്നും മടങ്ങിവന്ന് ഓൺലൈൻ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാനുള്ള സംവിധാനമൊരുക്കാൻ സാധിക്കുമോ; അതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, അഖിലേന്ത്യാതലത്തിൽ നടത്തുന്ന നീറ്റ് പരീക്ഷ പാസ്സായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ മെഡിക്കൽ പഠനം നടത്തുന്നത്. ഈ വിദ്യാർത്ഥികൾ നാഷണൽ മെഡിക്കൽ കമ്മീഷൻ മുഖേന രജിസ്ട്രേഷൻ നടത്തിയതിനുശേഷമാണ് പഠനം തുടരുന്നത്. എന്നാൽ വിദേശ രാജ്യങ്ങളിൽ മെഡിക്കൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഈ നടപടിക്രമങ്ങളിലൂടെ കടന്നുപോകേണ്ടതായി വരുന്നില്ല. വിദേശ മെഡിക്കൽ കോഴ്സുകൾ പാസ്സായി വരുന്നവർക്ക് അംഗീകാരം നൽകുന്നത് നാഷണൽ മെഡിക്കൽ കമ്മീഷനാണ്. നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ടും ആയതിന് കീഴിലുണ്ടായിട്ടുള്ള റൂൾസ് ആൻഡ് റെഗുലേഷൻസും അനുസരിച്ച് വിദേശ മെഡിക്കൽ ബിരുദം പൂർത്തിയാക്കി ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ് എക്സാമിനേഷൻ പാസ്സായി വരുന്നവർക്കാണ് ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിലിൽനിന്നും പ്രാക്ടീസിനുള്ള രജിസ്ട്രേഷൻ അനുവദിക്കുന്നത്. കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസിലെ സെക്ഷൻ 24 പ്രകാരം റെഗുലർ കോഴ്സ് കഴിഞ്ഞവർക്ക് മാത്രമാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. കോവിഡ്-19 പാൻഡമിക് പശ്ചാത്തലത്തിൽ ഇന്ത്യയ്ക്കകത്ത് മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നവർക്ക് ഓൺലൈൻ മുഖേനെയുള്ള തിയറി ക്ലാസ്സുകൾക്കും യൂണിവേഴ്സിറ്റിയോ കോളേജോ തുറക്കുന്ന മുറയ്ക്ക് പ്രാക്ടിക്കൽ പഠനം നേരിട്ട് നടത്തുന്നതിനും നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ വിദേശത്ത് മെഡിക്കൽ പഠനം നടത്തുന്നവരുടെ ഓൺലൈൻ പഠനം സംബന്ധിച്ചോ കോഴ്സിന് അംഗീകാരം നൽകുന്നത് സംബന്ധിച്ചോ എന്തെങ്കിലും മാനദണ്ഡങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നാഷണൽ മെഡിക്കൽ കമ്മീഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. തുടർനടപടികൾക്കായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരാവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പൊതുവായിട്ടുള്ള വിഷയമാണ്. സ്വാഭാവികമായും ഈ നിർദ്ദേശം വയ്ക്കാവുന്നതാണ്.

# VI റൂളിംഗ്

## ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ

മി.സ്പീക്കർ: ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ 2021 മേയ് മാസം 24-ാം തീയതി സഭയിൽവച്ച് ചെയ്ത സത്യപ്രതിജ്ഞ ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം പട്ടികയിൽ അനുശാസിക്കും പ്രകാരമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 2021 ജൂൺ 2-ാം തീയതി വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്നതുമൂലം ഉളവായിട്ടുള്ള ഭരണഘടനാ പ്രശ്നങ്ങളിന്മേലും നിയമപ്രശ്നങ്ങളിന്മേലും ചെയറിൽനിന്നുള്ള വ്യക്തമായ റൂളിംഗ് ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ജൂൺ 2-ാം തീയതി ക്രമപ്രശ്നം ഉന്നയിച്ചത്. ശ്രീ. എ. രാജ മേയ് 24-ന് ആദ്യം നടത്തിയ സത്യപ്രതിജ്ഞ നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയതിനാൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്ന ജൂൺ 2-ാം തീയതിയുടെ തലേദിവസംവരെ ആകെ അഞ്ചുദിവസം സഭയിൽ ഹാജരായി സഭാനടപടികളിൽ പങ്കെടുത്തതിന് അദ്ദേഹത്തിൽനിന്നും ഭരണഘടനയുടെ അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം പിഴ ഈടാക്കേണ്ടതുണ്ടോയെന്നും 2021 മേയ് 25-ാം തീയതി നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് വോട്ട് രേഖപ്പെടുത്തിയതുൾപ്പെടെയുള്ള നടപടികൾ അസാധുവാക്കേണ്ടതുണ്ടോ എന്ന കാര്യത്തിലുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രധാനമായും ചെയറിൽനിന്ന് റൂളിംഗ് ആവശ്യപ്പെട്ടത്.

നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി സഭാംഗം എന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളും ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്തതിനോടനുബന്ധിച്ച് നമ്മുടെ സഭയിലും ഇതരസഭകളിലുമുണ്ടായിട്ടുള്ള കീഴ്വഴക്കങ്ങളും അതോടൊപ്പം സമാന കേസ്സുകളിൽ വിവിധ കോടതികളിൽനിന്ന് വന്നിട്ടുള്ള വിധികളും ഇതിനോടനുബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ മേയ് 24-ാം തീയതി നിയമസഭാംഗമെന്ന നിലയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകതയുണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടിവരുമെന്നുമുള്ള നിലയിൽ മാധ്യമവാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് നിയമ വകുപ്പ് സെക്രട്ടറിയിൽനിന്ന് അഭിപ്രായം ആരായുകയുണ്ടായി. ശ്രീ. എ. രാജ തമിഴ്ഭാഷയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകതയുണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടതാണെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന് ജൂൺ 2-ാം തീയതി ശരിയായ രീതിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്നത്.

നിയമവകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് അയച്ചുതന്ന തമിഴ്ഭാഷയിലുള്ള സത്യപ്രതിജ്ഞാ വാചകം അപൂർണ്ണമായിരുന്നതുമൂലമാണ് ശ്രീ. എ. രാജയുടെ സത്യപ്രതിജ്ഞയിൽ പിശക് സംഭവിക്കാനിട യായതെന്നാണ് നിയമവകുപ്പിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

സത്യപ്രതിജ്ഞാ വാചകത്തിൽ അവസാനമായി പരാമർശിക്കേണ്ടിയിരുന്ന "ദൈവനാമത്തിൽ" അല്ലെങ്കിൽ "സഗൗരവം" എന്നിവയിൽ ഏതെങ്കിലും ഒരു വാക്കിന് സമാനമായ തമിഴ് വാക്ക് ഉൾപ്പെടുത്താതെ നിയമവകുപ്പ് തയ്യാറാക്കി ലഭ്യമാക്കിയ സത്യപ്രതിജ്ഞാ ഫാറം അംഗത്തിന് നൽകിയതുമൂലമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞ അപൂർണ്ണമായി പോയതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏത് സാഹചര്യത്തിലാണ് എന്നതുസംബന്ധിച്ച് ചെയർ വിശദമായി പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്. "ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 188-ലെ വ്യവസ്ഥ പ്രകാരം, മൂന്നാം പട്ടികയിൽ ചേർത്തിട്ടുള്ള ഫോമിൽ പറഞ്ഞിരിക്കുന്ന പ്രകാരമല്ലാതെ നടത്തുന്ന സത്യപ്രതിജ്ഞ ക്രമാനുസൃതമായ സത്യപ്രതിജ്ഞയായി കാണാനാകില്ല. അപ്രകാരം പൂർണ്ണമല്ലാത്ത സത്യപ്രതിജ്ഞ ചെയ്യുന്ന അംഗങ്ങൾക്ക് സഭയിൽ പ്രവേശിക്കുവാനോ, സഭാനടപടികളിൽ പങ്കെടുക്കാനോ, വോട്ട് രേഖപ്പെടുത്താനോ അവകാശവുമില്ല. മാത്രവുമല്ല, അങ്ങനെ ചെയ്യുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വീതം പിഴ ഇത്തരം അംഗങ്ങളിൽനിന്ന് ഈടാക്കേണ്ടതാണെന്ന് അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

Haridasan Palayil vs The Speaker, Kerala Legislative Assembly (2003 (3) KLT 119) എന്ന കേസിൽ ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്തെന്ന് കണ്ടെത്തിയ പതിനൊന്നാം കേരള നിയമസഭയിലെ ഒരംഗം സത്യപ്രതിജ്ഞയ്ക്കുശേഷം അപ്രകാരം സഭാനടപടികളിൽ പങ്കെടുത്ത ദിവസങ്ങൾക്ക് ഭരണഘടനയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴ അടയ്ക്കണമെന്ന് മാത്രമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിച്ചത്. അദ്ദേഹം സഭാനടപടികളിൽ പങ്കെടുത്തതും വോട്ട് രേഖപ്പെടുത്തിയതുമായ യാതൊരു നടപടികളും അസാധുവാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്ന് പ്രഖ്യാപിച്ചിട്ടില്ലെന്നത് ഇത്തരുണത്തിൽ ചെയർ പ്രത്യേകമായി നിരീക്ഷിക്കുന്നു. അതോടൊപ്പം "സഭയിൽ ഇരിക്കുകയോ, വോട്ട് ചെയ്യുകയോ, നടപടികളിൽ മറ്റ് വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏത് നടപടിയും സാധുവായിരിക്കുന്നതുമാകുന്നു" എന്ന് അനുച്ഛേദം 189(2)-ൽ പരാമർശമുണ്ടെന്ന വസ്തുത ഇതോടൊപ്പം ചേർത്തുവായിക്കുന്നത് ഏറെ പ്രസക്തമാണെന്ന് ചെയർ കരുതുന്നു.

ഈ സാഹചര്യത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ 2021 മേയ് 24-ാം തീയതി സഭയിൽ നടത്തിയ സത്യപ്രതിജ്ഞ ക്രമപ്രകാരമായിരുന്നില്ല എന്ന കാരണത്താൽ അന്നുമുതൽ അദ്ദേഹം ക്രമാനുസൃതമായി സത്യപ്രതിജ്ഞ നടത്തിയ ജൂൺ രണ്ടാം തീയതിവരെ സഭയിൽ ഹാജരായ മേയ് 24, 25, 28, 31, ജൂൺ 1 എന്നീ അഞ്ച് ദിവസത്തേയ്ക്ക് പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിൽ ആകെ 2,500 രൂപ പിഴ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ദിനങ്ങളിൽ അദ്ദേഹം പങ്കെടുത്തതോ വോട്ട് രേഖപ്പെടുത്തിയതോ ആയ നടപടികളൊന്നുംതന്നെ അസാധുവാകുന്നതല്ല എന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെയും കീഴ്വഴക്കങ്ങളുടെയും കോടതി നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുകയില്ല. സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യരുത്, ഞങ്ങൾ ചെയ്യില്ല. അങ്ങ് രണ്ട് തെറ്റുകളെക്കുറിച്ച് പറഞ്ഞു. ഒന്ന്, അഞ്ച് ദിവസം പങ്കെടുത്തതിന് 2,500 രൂപ പിഴയൊടുക്കണം. രണ്ടാമത്തെ കാര്യം, ഇതിനിടയിൽ ഏതെങ്കിലുമൊരു യോഗത്തിൽ പങ്കെടുക്കുകയോ ഏതെങ്കിലും ഒരു കാര്യത്തിൽ വോട്ട് രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അങ്ങ് ഒന്നും പറയുന്നില്ല. പഴയ ഒരു വിധിയുടെ അടിസ്ഥാനത്തിൽ അത് undo ചെയ്യണം, അദ്ദേഹം ചെയ്ത വോട്ട് മൈനസ് ചെയ്യണമെന്ന് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് അതിനുള്ള അധികാരമുണ്ട്. അംഗമല്ലാത്ത ഒരാൾ ഈ സഭയിൽ എങ്ങനെയോ വന്നുപെട്ടുവെന്നിരിക്കട്ടെ; അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ ചെയ്ത ഒരു വോട്ട് കുറഞ്ഞാലും അങ്ങ് തന്നെ സ്പീക്കർ. കാരണം, ഇവിടെ നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ അങ്ങയുടെ ഭൂരിപക്ഷത്തിൽ വളരെയേറെ വ്യത്യാസമുണ്ട്. പക്ഷേ ഒരു നീതിപീഠത്തിന്റെ തലപ്പത്തിരുന്ന് അങ്ങ് ചെയ്ത നീതിപൂർവ്വമായൊരു നടപടിയായി ഈ സഭ നിലനിൽക്കുന്നിടത്തോളം കാലം അത് അംഗീകരിക്കപ്പെടും. അതുകൊണ്ട് അങ്ങയുടെയും സ്ഥാനം വളരുമെന്നുതന്നെയാണ് ഇതിനെക്കുറിച്ചുള്ള എന്റെ നിരീക്ഷണം.

മി. സ്പീക്കർ: അങ്ങ് മുതിർന്ന ഒരംഗമാണ്. കാര്യങ്ങളെല്ലാം സൂക്ഷ്മമായി ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ആളാണ്. പക്ഷേ റൂളിംഗിൽ അങ്ങ് ശ്രദ്ധിക്കാതെപോയ ഒരു ഭാഗം ഞാൻ വീണ്ടും ഉദ്ധരിക്കാം. "സഭയിൽ ഇരിക്കുകയോ വോട്ട് ചെയ്യുകയോ നടപടികളിൽ മറ്റ് വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏത് നടപടിയും സാധുവായിരിക്കുന്നതുമാകുന്നു." - അനുച്ഛേദം 189(2).

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, .......

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, റൂളിംഗിനെക്കുറിച്ച് സാധാരണ ചർച്ച നടത്താറില്ല.

12:00 Noon]

# VII ക്രമപ്രശ്നം

## ചട്ടങ്ങളുടെ ലംഘനം

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, റൂൾ 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഭരണഘടനയുടെ അനുച്ഛേദം 203(3), 206 എന്നിവ പ്രകാരം 2021-22 വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് നിയമസഭയിൽ 4-6-2021-ന് നിയമസഭാ ചട്ടം 139 പ്രകാരം അവതരിപ്പിച്ചെങ്കിലും ഡിമാൻഡുകൾ സംബന്ധിച്ച സമ്പൂർണ്ണ വിവരങ്ങളോ ബഡ്ജറ്റിന്റെ മറ്റ് രേഖകളോ പതിനഞ്ചാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ ഒന്നാം പേജിലെ ആമുഖത്തിൽ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എല്ലാംതന്നെ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ മുൻകൂട്ടി കാണാൻ കഴിയാതിരുന്ന ചില സംഭവ വികാസങ്ങളാണ് പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ കാരണമാകുന്നത് എന്നുപറഞ്ഞിട്ടുണ്ട്. 2021-22-ലെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, അവതരണക്കുറിപ്പ്, 'ഭേദഗതികളുടെ ഫലമായി 2605.18 കോടി രൂപ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഉൾപ്പെടുത്തിയിരിക്കുന്നു' എന്നാണ്. ഈ ബഡ്ജറ്റ് സംബന്ധിച്ച വിശദാംശങ്ങളെല്ലാംതന്നെ കഴിഞ്ഞ സഭയിലാണ് അവതരിപ്പിച്ചത്. കഴിഞ്ഞ നിയമസഭയിൽ അംഗമല്ലാതിരുന്ന പുതിയ 53 അംഗങ്ങളും ഞാനുൾപ്പെടെ നേരത്തെ മെമ്പർമാരായിരുന്ന 12 അംഗങ്ങളും ഈ സഭയിലുണ്ട്. ഞങ്ങൾക്ക് ഈ രേഖകൾ കിട്ടിയിട്ടില്ല. സഭാ ചട്ടം 139 പ്രകാരം ഇത് സഭാ നടപടികളുടെ ലംഘനമാണ്. 2016-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഈ നടപടിക്രമങ്ങളെല്ലാം പാലിച്ചിരുന്നു. സഭയുടെ കീഴ്വഴക്കവും അതാണ്. എന്നാൽ ഇപ്പോൾ ഈ വിഷയത്തിൽ സർക്കാർ സഭയെ ഇരുട്ടിലാക്കിയിരിക്കുകയാണ്. അംഗങ്ങളുടെ അവകാശങ്ങൾ ലംഘിച്ച് ധനപരമായ നടപടിക്രമങ്ങളിൽ തികഞ്ഞ വീഴ്ച വരുത്തിയിരിക്കുകയാണ്. അതുപോലെ, നിയമസഭാ ചട്ടം 142 പ്രകാരം പൊതുചർച്ചകൾക്കുശേഷം ബഡ്ജറ്റ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതാണ് സഭയുടെ കീഴ്വഴക്കം. എന്നാൽ പൊതുചർച്ച ആരംഭിക്കുന്നതിനുമുമ്പ് ഈ ദിവസം വരെ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചട്ടം 142-ലെ വ്യവസ്ഥകൾ നിലനിൽക്കുമ്പോൾ പൊതുചർച്ച നടത്തുന്നതിന്റെ അവ്യക്തതയുമുണ്ട്. ഒന്നുകിൽ ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കുകയോ സമിതികളുടെ രൂപീകരണം ഇന്നുതന്നെ പൂർത്തിയാക്കുകയോ ചെയ്യണം. ചട്ടങ്ങളെയും കീഴ്വഴക്കങ്ങളെയും മാനിക്കാതെയുള്ള നിയമസഭാ നടപടി അങ്ങ് പരിശോധിച്ച് റൂളിംഗുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

2021 ജൂൺ മാസം 4-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിനോടനുബന്ധിച്ച രേഖകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് യഥാസമയം ലഭ്യമായിട്ടില്ലെന്നും ഡിമാൻഡ് ഫോർ ഗ്രാന്റ്സ് സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്തേണ്ട വിവിധ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം നടന്നിട്ടില്ലെന്നും ഈ സാഹചര്യത്തിൽ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച നടത്തുന്നത് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ലംഘനമാണെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പുതിയ നിയമസഭ നിലവിൽ വരികയും പെട്ടെന്നുതന്നെ സഭാസമ്മേളനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അനുവദനീയമായ താമസസൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിൽ മനഃപൂർവ്വമല്ലാത്ത ചില വൈഷമ്യങ്ങളുണ്ടായിട്ടുണ്ട്. കോവിഡ് കാലംകൂടി ആയതിനാൽ ഇക്കാര്യങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല എന്ന വസ്തുത എല്ലാവർക്കും അറിവുള്ളതുമാണ്. ഇക്കാരണങ്ങൾകൊണ്ടാണ് ബഡ്ജറ്റ് സംബന്ധിച്ച വിശദമായ രേഖകൾ അംഗങ്ങൾക്ക് അവരവരുടെ മുറികളിൽ യഥാസമയം ലഭ്യമാക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടായിട്ടുള്ളത്. എന്നിരുന്നാലും എല്ലാ അംഗങ്ങൾക്കും രേഖകൾ യഥാസമയം എത്തിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഇനിയും ആർക്കെങ്കിലും അവ ലഭിക്കാനുണ്ടെങ്കിൽ ഇപ്പോൾത്തന്നെ ലഭ്യമാക്കുന്നതാണ്.

സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൂർത്തീകരിക്കാതെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച ആരംഭിക്കുന്നതിനെതിരെയാണ് ബഹുമാനപ്പെട്ട അംഗം മറ്റൊരു ക്രമപ്രശ്നം ഉന്നയിച്ചത്. ഇക്കാര്യത്തിൽ പ്രകടമായ ഒരു ചട്ടലംഘനമോ കീഴ്വഴക്കങ്ങളുടെ ലംഘനമോ ഉണ്ടായിട്ടില്ലെന്നാണ് കാണുന്നത്. പുതിയ നിയമസഭ നിലവിൽ വരുന്ന സന്ദർഭങ്ങളിൽ വളരെ അപൂർവമായിട്ടാണെങ്കിൽപ്പോലും സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൂർത്തിയാകുന്നതിനുമുമ്പായി പൊതുചർച്ച ആരംഭിച്ചിട്ടുണ്ട്. എന്തുതന്നെയായാലും നമ്മുടെ സഭയിലെ വിവിധ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം ബഡ്ജറ്റ് ചർച്ച ആരംഭിക്കുന്ന ഇന്നുതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അതുകൊണ്ട് ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. ഈ സാഹചര്യത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

# VIII ധനകാര്യം

## 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): സർ, 2021-22-ലെ പുതുക്കിയ ബഡ്ജറ്റിനെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഡെപ്യൂട്ടി സ്പീക്കർ ആയതിനാൽ ഉന്നതമായ ഈ സഭയിൽ സംസാരിക്കാൻ കിട്ടുന്ന അപൂർവ്വ അവസരത്തിൽ നാടിന്റെ നന്മയും കരുതലും കാവലും മുന്നേറ്റവും മുൻനിർത്തിയുള്ള ജനകീയവും പ്രായോഗികവുമായ ഈ ബഡ്ജറ്റിനെക്കുറിച്ച് സംസാരിക്കാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്. 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സി. അച്യുതമേനോൻ അവതരിപ്പിച്ച ആദ്യ ബഡ്ജറ്റും അന്നത്തെ ജിഞ്ചർ ഗ്രൂപ്പ് എന്ന് വിശേഷിപ്പിക്കപ്പെട്ട ചെറുപ്പക്കാരുടെ തലവനായിരുന്ന വെളിയം ഭാർഗവന്റെ സുദീർഘ പ്രഭാഷണവും നിയമസഭാ ചരിത്ര രേഖകളുടെ ഭാഗമാണ്. ആ സഭയിൽ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് നടത്തിയ പ്രസംഗവും ചരിത്രാദ്ധ്യായമാണ്. ഐക്യ കേരളത്തിന്റെ മാർഗ്ഗരേഖയായിരുന്ന ആ ബഡ്ജറ്റും തുടർചർച്ചകളും. സി. അച്യുതമേനോൻ ആദ്യ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹവും പുതുമുഖമായിരുന്നു. നിയമസഭാംഗമെന്ന പ്രവർത്തന പരിചയം ഉണ്ടായിരുന്നില്ലെങ്കിലും ശ്രീ. കെ. എൻ. ബാലഗോപാലും തന്റെ പ്രഥമ ബഡ്ജറ്റിലൂടെ നവീന കേരളത്തിന്റെ പുതിയ ചരിത്രം എഴുതുകയാണ്. പ്രളയത്തിന്റെയും കോവിഡ് മഹാമാരി തരംഗങ്ങളുടെയും നടുക്കടലിൽ പെട്ടുപോയ മലയാള മണ്ണിനെ ഉയർത്തെഴുന്നേൽപ്പിക്കാൻ പ്രായോഗികവും കാര്യക്ഷമവുമായ മാനുഷിക മൂല്യങ്ങൾ ഹൃദയത്തോട് ചേർത്ത് നിർത്തുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ആ ഹൃദയപക്ഷത്തിന്റെ മുന്നണിപ്പോരാളിയായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിലെ സാധാരണ ജനങ്ങളുടെ ഹൃദയസ്പന്ദനം തുടിക്കുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ചരിത്രദുരന്തമായ കോവിഡിനെ അതിജീവിക്കുന്നതിനൊപ്പം നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത സാമ്പത്തികാഘാതങ്ങളെ മറികടക്കുന്നതിനും കൂടിയുള്ളതായിരുന്നു. എന്നാൽ പ്രവചനാതീതമായി മാനവരാശിയുടെ നിലനിൽപ്പിനെത്തന്നെ ആശങ്കയിലാഴ്ത്തുംവിധം പുത്തൻ തരംഗങ്ങളുമായി കോവിഡിന്റെ രണ്ടാമൂഴവും മൂന്നാം തരംഗത്തിന്റെ പ്രഹരശേഷിയെ മറികടക്കാനാകുമോ എന്ന വ്യാകുലതയും സംജാതമായിട്ടുള്ളതാകുന്നു. ജീവന്മരണ പോരാട്ടമായ ഈ ചെറുത്തുനിൽപ്പിനൊപ്പം നാടിന്റെ സമ്പദ്ഘടനയുടെ വീണ്ടെടുപ്പും അനിവാര്യമാകുന്നു. ഈ രണ്ട് ദൗത്യങ്ങളെ

കൂട്ടിവായിച്ച് അപകടകരമായ കാലിക സാഹചര്യങ്ങളെ അതിജീവിക്കാനാണ് ഈ പുതിയ ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. ഏറ്റവും അപകടകരവും സങ്കീർണ്ണവുമായ സാഹചര്യത്തിലാണ് മനുഷ്യൻ കഴിവുറ്റതും വിശ്വാസമർപ്പിക്കാവുന്നതുമായ രക്ഷകനെ തിരിച്ചറിയുന്നത്. ആ രക്ഷകനാണ് സഖാവ് പിണറായി വിജയനെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാടിനെ രക്ഷിക്കുക എന്ന ദൗത്യമാണ് ഇടതുപക്ഷം ഏറ്റെടുത്തിരിക്കുന്നത്. മനുഷ്യനെ ഭരിക്കുന്ന രണ്ട് ശക്തികളാണ് കയ്യൂക്കും കാരുണ്യവും. കയ്യൂക്കുകൊണ്ട് കാര്യം നേടുന്നവരുടെയും കാരുണ്യത്താൽ കയ്യൂക്കിനെ തോൽപ്പിക്കുന്നവരുടെയും ചരിത്രമാണ് മാനവചരിത്രം. പക്ഷിയെ എയ്തുവീഴ്ത്തിയ ദേവദത്തന്റെയും പക്ഷിയെ രക്ഷിച്ച സിദ്ധാർത്ഥന്റെയും കഥ നമുക്കറിയാം. കയ്യൂക്കുകൊണ്ട് പക്ഷിയെ സ്വന്തമാക്കാൻ ശ്രമിച്ച ദേവദത്തനേക്കാൾ പക്ഷിയുടെ അവകാശം സിദ്ധാർത്ഥനാണെന്ന് രാജാവ് വിധിച്ചപ്പോൾ കാരുണ്യത്തിനായി വിജയം. അലക്സാണ്ടർ ചക്രവർത്തിയെ മഹാനാക്കിയത് യുദ്ധങ്ങളും, അശോക ചക്രവർത്തിയെ മഹാനാക്കിയത് യുദ്ധത്തിൽനിന്നുള്ള മോചനവുമാണെങ്കിൽ സഖാവ് പിണറായി വിജയനെ മഹാനാക്കിയത് ഈ കേരള ജനതയോടുള്ള കാരുണ്യമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ അവസരത്തിൽ ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. എൻ. ബാലഗോപാൽ തന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തുടർ വിജയാഘോഷവേളയിൽ അന്വർത്ഥമായ വാചകം എനിക്കും ആവർത്തിക്കാതിരിക്കാൻ കഴിയുന്നില്ല. ആരോപണങ്ങളുടെയും പ്രചാരണങ്ങളുടെയും അടിസ്ഥാനത്തിലല്ല, സ്വന്തം ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലാണ് ജനങ്ങൾ തീരുമാനമെടുക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ സർക്കാരിനെ തുടർഭരണത്തിലേയ്ക്കെത്തിക്കാൻ ചരിത്രപരമായ നിലപാടെടുത്ത കേരള ജനതയെയാകെ ആവേശപൂർവ്വം ഞാൻ അഭിമാനത്തോടെ അഭിവാദ്യം ചെയ്യുകയാണ്. പുതുക്കിയ ബഡ്ജറ്റിലൂടെ കടന്നുപോകുമ്പോൾ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച മുൻ ബഡ്ജറ്റിന്റെ അവസാനത്തിൽനിന്നും ആരംഭിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇടുക്കി കണ്ണംപടി ജി.ടി.എച്ച്.എസ്.-ലെ വിദ്യാർത്ഥി കെ. പി. അമലിന്റെ വരികളോടെയാണ് ബഡ്ജറ്റ് അവസാനിപ്പിച്ചത്.

“ മെല്ലെയെൻ സ്വപ്നങ്ങൾക്ക്
ചിറകുകൾ മുളയ്ക്കട്ടെ
ഉയരട്ടെ അതിലൊരു മനോജ്ഞമാം
നവയുഗത്തിന്റെ പ്രഭാത ശംഖൊലി” .

ഈ പ്രതിസന്ധികളെയെല്ലാം അതിജീവിച്ച് പ്രത്യാശയുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ മുളയ്ക്കുകതന്നെ ചെയ്യും. മനോഹരമായ പുത്തൻ യുഗപിറവിയുടെ

പ്രഭാതഭേരി ഉയരുക തന്നെചെയ്യും എന്ന വാചകങ്ങളെ അന്വർത്ഥമാക്കുന്ന വിധത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ തന്റെ ബഡ്ജറ്റിലൂടെ പദ്ധതികളും നിർദ്ദേശങ്ങളും അവതരിപ്പിച്ചിരിക്കുന്നത്. കേരളം പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും പുതുമാതൃകകൾ സൃഷ്ടിച്ചു കൊണ്ടാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. 'ആരോഗ്യമുള്ള ജനതയ്ക്കേ രാഷ്ട്രത്തെ മുന്നോട്ട് നയിക്കാനാകൂ' എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തെ അതിജീവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിനുള്ള കർമ്മപദ്ധതികളാണ് ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്. 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി ഈ ബഡ്ജറ്റിലൂടെ പ്രകടമാക്കുന്നത് 'വരും' എന്ന് ഭയപ്പെടുന്ന മൂന്നാം കോവിഡ് തരംഗത്തെ പ്രതിരോധിക്കുവാനും അതിജീവിക്കുവാനുമാണ്. 1000 കോടി രൂപ സൗജന്യ വാക്സിനും 500 കോടി രൂപ അനുബന്ധ ഉപകരണങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നത് ആരോഗ്യ സംരക്ഷണമാണ് പരമപ്രധാനം എന്ന ഉൾക്കാഴ്ചയുടെ പ്രതിഫലനമാണ്. 2800 കോടിരൂപ ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ വകയിരുത്തിയ സർക്കാർ ഇതിലും അധികം പണം വേണ്ടിവന്നാൽ, അതും ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ഐസൊലേഷൻ ബ്ലോക്കുകളും വാർഡുകളും ആരംഭിക്കുന്നതുകൂടാതെ കോവിഡ് മഹാമാരി കുട്ടികളിലേയ്ക്ക് പകരുമെന്ന മുന്നറിയിപ്പ് പരിഗണിച്ച് സർക്കാർ കുട്ടികൾക്കായി പ്രത്യേകം വാർഡുകളും സജ്ജീകരിച്ചിരിക്കുന്നു. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും കാണാത്ത കരുതലും കാവലുമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സൗജന്യ വാക്സിൻ നൽകാനായി 1000 കോടി രൂപ വകയിരുത്തിയ ബഡ്ജറ്റാണിത്. പ്രായഭേദമന്യേ സൗജന്യ വാക്സിൻ സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകണമെന്നാണ് സുപ്രീംകോടതിപോലും പല ആവർത്തി പറഞ്ഞത്. പക്ഷെ നിരുത്തരവാദപരവും വഞ്ചനാപരവുമായ നിലപാട് കേന്ദ്ര സർക്കാർ കൈക്കൊള്ളുമ്പോൾ മിണ്ടാട്ടമില്ലാത്ത കൂട്ടരായി പ്രതിപക്ഷം മാറുകയാണ്. കേരള സർക്കാർ നേരത്തെതന്നെ പണം നൽകി വാക്സിൻ വാങ്ങി പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയിരുന്നുവെന്നത് ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. രാജ്യത്ത് പലയിടങ്ങളിലും ഓക്സിജൻ ലഭ്യമാകാതെ മനുഷ്യൻ മരണത്തിലേയ്ക്ക് വലിച്ചെറിയപ്പെടുമ്പോൾ കേരളത്തിൽ അത്തരം ദുരവസ്ഥയില്ല. മറ്റ് സംസ്ഥാനങ്ങൾക്ക് ഓക്സിജൻ നൽകുന്ന മാനവികതയും കാരുണ്യവും സഫലീകരിച്ച ഇടതുസർക്കാർ കൂടുതൽ ഓക്സിജൻ നിർമ്മാണ കേന്ദ്രങ്ങൾക്കും ഈ പുതിയ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നു. ലോകത്തിന്റെ പ്രശംസ

നേടിയ കേരള മോഡൽ പുതിയ തലത്തിലേയ്ക്ക് ഉയരുകയാണ്. ക്ഷേമ ആശ്വാസപദ്ധതികൾ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ അടിസ്ഥാന സൗകര്യ വികസനത്തിൽ വിസ്മയകരമായ മാറ്റങ്ങളാണ് ഈ ബഡ്ജറ്റിലൂടെ കാണുന്നത്. സാമൂഹ്യ നേട്ടങ്ങളിൽനിന്നും പിന്നോട്ട്പോകാതെ വ്യവസായ വളർച്ചയിലും ആധുനിക തൊഴിൽ സുരക്ഷയിലും കാർഷിക മുന്നേറ്റത്തിലും കുതിപ്പുണ്ടാക്കുന്ന വിജ്ഞാന സമൂഹസൃഷ്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ലക്ഷ്യം വയ്ക്കുന്ന ഈ ബഡ്ജറ്റ്. കേന്ദ്ര സർക്കാർ നവലിബറൽ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾ അക്രമോത്സുകമായി നടപ്പിലാക്കുന്ന കാലഘട്ടമാണിത്. ഏറ്റവും കടുത്ത വെല്ലുവിളികൾ നേരിടുമ്പോഴും നവലിബറൽ നയങ്ങൾക്ക് ബദലായിതന്നെ കേരളം എന്ന തുരുത്തിനെ നിലനിർത്തേണ്ടതായിട്ടുണ്ട്. കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും കേന്ദ്ര സർക്കാരുകൾ കഴിഞ്ഞ മൂന്ന് പതിറ്റാണ്ട് നടപ്പിലാക്കിയ സ്വകാര്യവൽക്കരണ - ഉദാരവൽക്കരണ നയങ്ങൾക്ക് ബദലായി ഈ കേരളം മാതൃകയായി തുടരുകയാണ്. പൊതു ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾ മാത്രമല്ല പൊതുമേഖലാ വ്യവസായങ്ങളെയും വൈദ്യുതി, കുടിവെള്ളം, കൃഷി, ഗതാഗതം തുടങ്ങി എല്ലാ മേഖലകളെയും കേരളം സംരക്ഷിക്കുമെന്ന് ഈ ബഡ്ജറ്റിലൂടെ ഉറപ്പുനൽകുകയാണ്. വർഗ്ഗീയ ശക്തികൾക്ക് പങ്കാളിത്തമില്ലാത്ത ഭരണം ഇന്ത്യയിൽ മതനിരപേക്ഷ രാഷ്ട്രീയത്തിന് വലിയ കരുത്ത് പകരും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ ബദൽ ഇന്ത്യയ്ക്ക് മാതൃകയായിരിക്കും. സാമൂഹ്യ ക്ഷേമത്തിനൊപ്പം സാമ്പത്തിക വളർച്ചയും ഉറപ്പുനൽകുന്ന ഒരു നവകേരളം നമുക്ക് സൃഷ്ടിക്കാം. ഇത്തരം ബദലിന്റെ അനുഭവങ്ങൾ രാജ്യവ്യാപകമായി എത്തിച്ച് ഇടതുപക്ഷ ജനാധിപത്യ ശക്തികൾക്ക് പിന്നിൽ കൂടുതൽ ജനവിഭാഗങ്ങളെ അണിനിരത്താനും നമുക്ക് കഴിയണം.

കഴിഞ്ഞ അഞ്ച് വർഷം മലയാളികളുടെ അന്തസ്സ് ലോകത്തിനുമുന്നിൽ ഉയർന്നുനിന്ന കാലമായിരുന്നു. കിഫ്ബി വഴി 60000 കോടി രൂപയുടെ വികസനം സാധ്യമാക്കി. ഈ കേരളത്തെ മാറ്റിമറിച്ചത് ആ അഞ്ച് വർഷമാണ്. ഒരുപാട് വികസനം, ഒരുപക്ഷെ ഇന്നേവരെ കേരളം ദർശിച്ചിട്ടില്ലാത്ത വലിയ വികസനമാണ് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും നടത്താൻ കഴിഞ്ഞത്. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിന്റെ സമഗ്ര വികസനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ലക്ഷ്യം. കേരളത്തിലെ ജാതിയോ മതമോ രാഷ്ട്രീയമോ സമ്പത്തോ നോക്കാതെ മുഴുവൻ ജനങ്ങളുടെയും ക്ഷേമമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ആ കാലഘട്ടത്തിൽ ലക്ഷ്യംവച്ചത്. എല്ലാ വിഭാഗം ജനങ്ങളെയും ഒരുപോലെ കണ്ട് എല്ലാ പ്രദേശത്തിന്റെയും വികസനം

സാധ്യമാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽ വികസന പ്രവർത്തനം നടത്തിയതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ, ആരോഗ്യ മേഖലയിൽ, വ്യാവസായിക മേഖലയിൽ, കായിക രംഗത്ത്, പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ, കുടിവെള്ള പദ്ധതി, സമ്പൂർണ്ണ വൈദ്യുത പദ്ധതി, സമ്പൂർണ്ണ ഭവന പദ്ധതി അങ്ങനെ നിരവധി വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷം നടപ്പാക്കിയത്. കഴിഞ്ഞ ബഡ്ജറ്റിൽ ഒരുപാട് കാര്യങ്ങൾ എന്റെ മണ്ഡലമായ അടൂരിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് 1050 കോടി രൂപയുടെ വികസനമാണ് കിഫ്ബിയിലൂടെ അടൂർ അസംബ്ലി മണ്ഡലത്തിൽ നടപ്പാക്കിയത്. തീർച്ചയായും തുടങ്ങിവച്ച പല കാര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്, ഇനിയും പൂർത്തീകരിക്കേണ്ടതുമുണ്ട്. പന്തളം ഫയർ സ്റ്റേഷൻ, അടൂർ താലൂക്ക് ഹോമിയോ ആശുപത്രി, പന്തളം റവന്യൂ കോംപ്ലക്സ്, അടൂർ കച്ചേരിച്ചന്ത പാമ്പേറ്റുകുളം റോഡും അനുബന്ധ റോഡുകളും, അടൂർ സാംസ്കാരിക സമുച്ചയമടക്കം യാഥാർത്ഥ്യമാക്കാൻ നിരവധി പദ്ധതികളാണ് കഴിഞ്ഞ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിലുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പ്രസംഗം നടത്തുമ്പോൾ ഈ സൂചിപ്പിച്ചതടക്കമുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ പണം അനുവദിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കോവിഡ് കാലഘട്ടത്തിൽ ഏറ്റവും ത്യാഗപൂർവ്വമായി പ്രവർത്തിച്ചവരാണ് ആശാ പ്രവർത്തകർ. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ആശാ പ്രവർത്തകർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് മാന്യമായി അവരെ അംഗീകരിച്ചത്. ആ ഗവൺമെന്റുതന്നെയാണ് തുടരുന്നത്. ഇക്കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ കോവിഡ് രോഗികളെ പരിചരിക്കുന്നതിലും മരുന്ന് എത്തിക്കുന്നതിലും ഭക്ഷണമെത്തിക്കുന്നതിലും ത്യാഗപൂർവ്വമായി പ്രവർത്തിക്കുന്ന ആശാ പ്രവർത്തകർക്ക് പ്രത്യേകമായി ഇൻസെന്റീവ് കൊടുക്കാനും അവരുടെ ഓണറേറിയം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. പാചക തൊഴിലാളികളുടെ വേതനവും കാലോചിതമായി പരിഷ്കരിക്കണം. ഇന്ന് സ്കൂളുകളെല്ലാം അടച്ചുപൂട്ടപ്പെട്ടിരിക്കുകയാണ്. അവർ വരുമാനവും തൊഴിലുമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. പാചക തൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ അടൂരിലടക്കം അഞ്ച് കുടുംബ കോടതികൾ അനുവദിച്ചു. പക്ഷെ അത് തുടങ്ങാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള നടപടിയാകാത്തതിനാലാണ്

കുടുംബകോടതികളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത്. അതുകൊണ്ട് ധനകാര്യവകുപ്പ് അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് കുടുംബകോടതികൾ പ്രാവർത്തികമാക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് തസ്തികകൾ അനുവദിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട സ്പീക്കറിലൂടെ മറ്റൊരു കാര്യം നിയമ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് ഈ ഒരു പ്രസംഗം മാത്രമേയുള്ളൂ, ഇടയ്ക്ക് മറ്റ് പ്രസംഗമില്ലാത്തതുകൊണ്ടാണ് ഇത് പറയുന്നത്. പതിനാലാം നിയമസഭയിൽ നിരന്തരമായി ഞാൻ ഉന്നയിച്ച കാര്യമാണ് അട്ടൂർ ആനന്ദപ്പള്ളി മരമടി മത്സരം. കേരളത്തിലൊട്ടാകെ മരമടി മത്സരം നടന്നുകൊണ്ടിരിക്കുകയായിരുന്നു. കർഷകരും ഉരുക്കളും തമ്മിൽ ഇണങ്ങിച്ചേരുന്ന ഒരു കാർഷിക ഉത്സവം. പക്ഷെ ആ മരമടി മത്സരം കേന്ദ്ര നിയമത്തിന്റെ ബലത്തിൽ നിർത്തിവയ്ക്കേണ്ടി വന്നു. എന്നാൽ കേരളത്തിൽ മരമടി മത്സരം നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താമെന്ന് കഴിഞ്ഞ നിയമസഭയിലെ നിയമ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും മൃഗസംരക്ഷണ വകുപ്പുമന്ത്രിയും ഉറപ്പുനൽകിയിരുന്നു. ഇത് തീർച്ചയായും നിയമ വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിലുണ്ടാകണം. ആനന്ദപ്പള്ളി മരമടി മത്സരം നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടപ്പാക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

'കപട ലോകത്തിലാത്മാർത്ഥമായൊരു

ഹൃദയമുണ്ടായതാണെൻ പരാജയം' എന്ന് ചങ്ങമ്പുഴ എഴുതിയിട്ടുണ്ട്. പ്രതിപക്ഷത്തിന്റെ കപട ലോകത്തിൽ ഇടതുപക്ഷത്തിന്റെ ആത്മാർത്ഥ ഹൃദയം പരാജയപ്പെടുകയില്ല; വർദ്ധിച്ച ജനപിന്തുണയോടെ വിജയത്തിലേയ്ക്ക് കുതിക്കുകയാണ്. ആപത്ഘട്ടങ്ങളിൽ അവർക്കൊപ്പംനിന്ന മുന്നണിയെ ജനങ്ങൾ മനസ്സാവരിക്കുകയും തങ്ങൾക്കെതിരായി മനുഷ്യത്വരഹിതമായി പ്രവർത്തിച്ചവരെ പാടെ തിരസ്കരിക്കുകയുമായിരുന്നു എന്ന യാഥാർത്ഥ്യം ഇനിയെങ്കിലും മനസ്സിലാക്കേണ്ടവർ മനസ്സിലാക്കുന്നത് നന്നായിരിക്കും. പ്രതിസന്ധികളിൽ ഈ സർക്കാർ പകച്ചുനിന്നില്ല. സ്വതന്ത്രപാത കണ്ടെത്തി ലോകത്തിന് മാതൃകയായി ഒരു പാഠം രചിച്ചു. ആ നാളുകളുടെ ഓർമ്മകൾ ജനമനസ്സിലുണ്ട്. ആ ഓർമ്മകളെ മായ്ച്ചുകളയാൻ ഒരു കേന്ദ്ര ഏജൻസിക്കും കഴിയില്ല. കേരളത്തിന്റെ വിജയഗാഥ ലോക ചരിത്രത്തിന്റെ ഭാഗമാകും എന്ന പ്രത്യാശ പാഴാകില്ലെന്ന് ഈ ബഡ്ജറ്റ് ഉറപ്പുനൽകുകയാണ്. അതുല്യനായ കമ്മ്യൂണിസ്റ്റ് നേതാവ് കെ. ദാമോദരൻ രചിച്ച 'മനുഷ്യൻ' എന്ന പുസ്തകത്തിലും മഹാനായ തോപ്പിൽ ഭാസി രചിച്ച "നിങ്ങളെന്നെ

കമ്മ്യൂണിസ്റ്റാക്കി" എന്ന നാടകത്തിലും രോഗം ഒരു കുറ്റമാണോയെന്ന ഹൃദയത്തിൽ തറയ്ക്കുന്ന ചോദ്യമുയർത്തിയ 'അശ്വമേധം' എന്ന നാടകവും നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് ആരോഗ്യം തീർച്ചയായും സംരക്ഷിക്കപ്പെടേണ്ട ഒന്നാണ്. മനുഷ്യൻ ജീവിച്ചിരിക്കുന്നതുതന്നെ ആരോഗ്യം സംരക്ഷിക്കുന്നതു കൊണ്ടാണ്. ആരോഗ്യം സംരക്ഷിക്കാനും കേരളത്തിലെ പാവപ്പെട്ട മനുഷ്യന് കോവിഡ് കാലഘട്ടത്തിൽ ഒരു നേരംപോലും പട്ടിണികിടക്കാതെ ഭക്ഷണം നൽകാനും തൊഴിലില്ലാത്ത മനുഷ്യരെക്കുറിച്ച് ചിന്തിക്കുകയും അവർക്ക് ഈ കാലഘട്ടത്തിൽ തൊഴിൽചെയ്യാനുള്ള അവസരമുണ്ടായില്ലെങ്കിൽപ്പോലും യാതൊരു സാമ്പത്തിക ബുദ്ധിമുട്ടുമുണ്ടാകാതിരിക്കാൻ കഴിയത്തക്ക വിധത്തിലുള്ള സമ്പത്തുൾപ്പെടെ നൽകി പണമുള്ളവനെന്നോ പണമില്ലാത്തവനെന്നോ വ്യത്യാസമില്ലാതെ മുഴുവൻ ആളുകൾക്കും റേഷൻ അരിയും ഭക്ഷ്യധാന്യ കിറ്റും നൽകി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷം ഈ കേരളത്തിലെ എല്ലാ വിഭാഗം മനുഷ്യരെയും ഒരുപോലെകണ്ട് അവരെ ഒറ്റക്കെട്ടായി നിലനിർത്തി ഇടതുപക്ഷം നിങ്ങൾക്കൊപ്പമുണ്ടെന്ന് പറഞ്ഞു. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു, ഞാൻ നിങ്ങൾക്കൊപ്പമുണ്ട്, നിങ്ങളാരും ഭയപ്പെടേണ്ട കാര്യമില്ല എന്ന്. കേരളത്തിൽ ഓഖി ദുരന്തവും നിപ വൈറസും കോവിഡും ബാധിച്ചപ്പോഴും മറ്റ് പ്രതിസന്ധിയുണ്ടായപ്പോഴും അതിനെയെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കുഴപ്പം കൊണ്ടാണെന്ന് വരുത്തിത്തീർക്കാൻ പരിശ്രമിച്ചപ്പോഴും അവയെല്ലാം അചഞ്ചലമായി നേരിട്ടുകൊണ്ട് നെഞ്ച് നിവർന്നുനിന്നുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞു, നിങ്ങൾ ഭയപ്പെടേണ്ട, ഞാൻ ഒപ്പമുണ്ട്, ഇടതുപക്ഷം ഒപ്പമുണ്ട് എന്ന്. ആ ഉറപ്പാണ് കേരളത്തിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 99 സീറ്റ് വാങ്ങി കേരളത്തിൽ തുടർഭരണത്തിലേയ്ക്ക് വന്നതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ജനഹൃദയപക്ഷ ബഡ്ജറ്റിനെ മാനവീയബോധമുള്ളവരും ഹൃദയാലുക്കളും ഹൃദയപൂർവ്വം സ്വീകരിക്കുമെന്ന പ്രത്യാശയോടെ ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഒരു മിനിട്ട് കുറച്ചാണ് എടുത്തത്. ആ മാതൃക മറ്റ് അംഗങ്ങളും പിന്തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കേരള ചരിത്രത്തിൽ ആദ്യമായി തുടർഭരണം നേടിയ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന രണ്ടാം എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ ബഡ്ജറ്റാണിത്. 2021 ജനുവരി 15-ന് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച പൂർണ്ണ ബഡ്ജറ്റിന് അനുബന്ധമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ.

ബാലഗോപാൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങുന്നു. നിയമസഭാ സാമാജികനെന്ന നിലയിൽ ആദ്യമാണെങ്കിലും രാഷ്ട്രീയവും സംഘടനാപരമായി ആർജ്ജിച്ച കരുത്തും മികച്ച പാർലമെന്റ് അംഗമെന്ന നിലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ അനുഭവവും ധനകാര്യ വകുപ്പുമന്ത്രിയായി അധികാരമേറ്റ് പതിനഞ്ച് ദിവസത്തിനകം അവതരിപ്പിച്ച അതിജീവനത്തിന്റെ ആരോഗ്യപരമായ ബഡ്ജറ്റിനെ അഭിനന്ദിക്കുന്നു. അതുതന്നെയാണ് എല്ലാ പത്രമാധ്യമങ്ങളും പുതുക്കിയ ബഡ്ജറ്റിനെ ഒരുപോലെ പ്രശംസിച്ചിരിക്കുന്നത്. കൗടില്യന്റെ ദണ്ഡനീതി പ്രമാണത്തിൽ പറയുന്നതുപോലെ 'അലപസ്യ ലാഭോയോഗ ലപ്തസ്യ പരിപാലനം ക്ഷേമ'. സമ്പത്ത് ശേഖരിക്കുക, സംരക്ഷിക്കുക, വർദ്ധിപ്പിക്കുക, ശരിയായ മാർഗ്ഗത്തിൽ ചെലവഴിക്കുക. അതാണ് ഈ ബഡ്ജറ്റിന്റെ ഉള്ളടക്കം. നോട്ട് നിരോധനം വരുത്തിയ സാമ്പത്തിക പ്രതിസന്ധി, ജി.എസ്.ടി. കുടിശ്ശികയില്ലായ്മ, ധനകാര്യ കമ്മീഷന്റെ വെട്ടിക്കുറവ് എന്നിവയ്ക്കുപുറമെ പതിനാലര ലക്ഷം പ്രവാസികളാണ് കേരളത്തിലേയ്ക്ക് തിരിച്ചുവന്നത്. അവർ അയച്ചിരുന്ന സമ്പത്തിൽ കുറവ് വന്നിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മഹാമാരിയുടെയും മറ്റിതര കെടുതികൾ വരുത്തിവച്ച സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധികൾക്കിടയിലും 2021 ജനുവരി 15-ന്റെ ബഡ്ജറ്റ് പ്രഖ്യാപനം നിലനിർത്തി അന്ന് കാണാതിരുന്ന രണ്ടാം തരംഗത്തിന്റെ വരവിനെയും സാമൂഹികവും ആരോഗ്യപരവും സാമ്പത്തികവുമായ വെല്ലുവിളികളെ നേരിടാനും 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജിനെ എല്ലാ വിഭാഗം ജനങ്ങളും ഒരുപോലെയാണ് സ്വാഗതം ചെയ്തിരിക്കുന്നത്. റൂൾ 50 പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ കുഴൽപ്പണവും കള്ളനോട്ടുമായി ബന്ധപ്പെട്ട് ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് 2013-2014 കാലഘട്ടത്തിൽതന്നെ മൂന്ന് കമ്മീഷനുകളെ നിയമിച്ചുവെന്നാണ്. അതിലൊരു കമ്മീഷന്റെ റിപ്പോർട്ട് 2014-ൽ അന്നത്തെ രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് അവിടെ സമർപ്പിച്ചത്. എന്തുകൊണ്ടാണ് അന്ന് കോൺഗ്രസ് നേതൃത്വം കൊടുത്ത യു.പി.എ. ഗവൺമെന്റ് കുഴൽപ്പണ നിരോധനവുമായി ബന്ധപ്പെട്ട് നിയമനടപടി സ്വീകരിക്കാതിരുന്നത്; എന്നാൽ ഇന്നിവിടെ ഈ അംഗത്തിന് ചർച്ചയിൽ പങ്കെടുക്കേണ്ടിവരുമായിരുന്നോ; കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കള്ളപ്പണം വെളുപ്പിക്കാൻ ചാരിറ്റി പ്രവർത്തനം നടത്തുന്നവരെയല്ലേ കോൺഗ്രസ് യു.ഡി.എഫ്. സ്ഥാനാർത്ഥിയാക്കിയത്? കട്ടിലിനടിയിൽ നിന്ന് 50 ലക്ഷം രൂപയെടുത്ത്, അതും ഈ കള്ളപ്പണത്തിന്റെ

ഭാഗമായി വരുമോയെന്നൊരു സംശയമുണ്ട്. അത്തരക്കാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് നടപടിക്ക് വിധേയമാക്കണമെന്ന ഒരു അഭ്യർത്ഥനയാണ് എനിക്കുള്ളത്. ജീവിക്കാനുള്ള അവകാശം എന്നതിനുപകരം ആരോഗ്യത്തോടെയും സന്തോഷത്തോടെയും ജീവിക്കാനുള്ള അവകാശം എന്ന് പല ലോകരാഷ്ട്രങ്ങളും അവരുടെ ഭരണഘടനയിൽ എഴുതിച്ചേർത്തിട്ടുണ്ട്. എല്ലാത്തിനുംമുമ്പേ ആരോഗ്യം അഥവാ ഒന്നാമത് ആരോഗ്യം എന്ന പ്രഖ്യാപിച്ച ആരോഗ്യബഡ്ജറ്റ് ഒരുപക്ഷേ ഈ രാജ്യത്തിന്റെ ആദ്യത്തെ ബഡ്ജറ്റായിരിക്കുമെന്നതിൽ ഒരു സംശയവുമില്ല. ആരോഗ്യ അടിയന്തരാവസ്ഥയ്ക്ക് 2800 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓക്സിജനും വാക്സിനും ചികിത്സയും ലഭിക്കാതെ ഉറ്റവരുടെ മൃതദേഹം ഗംഗാ നദിയിലേയ്ക്ക് വലിച്ചെറിയുന്ന കാഴ്ചയാണ് ഇന്ന് ഇന്ത്യയിൽ കാണാൻ കഴിയുന്നത്. അവിടെയാണ് മുഴുവൻപേർക്കും വാക്സിൻ നൽകുന്നതിനുവേണ്ടി 1000 കോടി രൂപയും അനുബന്ധ ആവശ്യങ്ങൾക്കായി 500 കോടി രൂപയും ഈ ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇത് ആശാവഹമായ കാര്യം തന്നെയാണ്. മൂന്നാംകോവിഡിന്റെ വരവിനെയും പകർച്ചവ്യാധിയെയും തടയാൻ ആറിന പരിപാടികളാണ് പ്രഖ്യാപിച്ചത്. അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുട്ടികളിലാണെന്ന് പ്രതിപക്ഷത്തെ ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ ഇവിടെ വിശദീകരിച്ചു. അതുപോലും അംഗീകരിച്ചുകൊണ്ടാണ് അതിന് മുന്നൊരുക്കങ്ങളെന്ന നിലയിൽ ആറിന പരിപാടി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്. കോവിഡുമൂലം പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ വരുമാനവും തൊഴിലും നഷ്ടപ്പെട്ടുന്നൊരു അവസ്ഥയിലാണ് നിൽക്കുന്നത്. ചെറുകിട വ്യവസായ മേഖലയെ സംരക്ഷിച്ച് തൊഴിലും കൂലിയും വർദ്ധിപ്പിക്കാൻ കേരള ബാങ്ക്, കെ.എഫ്.സി., കുടുംബശ്രീ ഏജൻസി എന്നിവയെ ഉപയോഗപ്പെടുത്തി വായ്പാസംരക്ഷണത്തിനായി 8300 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയത്. ഭക്ഷ്യകിറ്റുകൾക്കും ക്ഷേമനിധി ആനുകൂല്യങ്ങൾക്കും പെൻഷനുകൾക്കുമുൾപ്പെടെ 8900 കോടി രൂപയും വകയിരുത്തി. സെൻ ബുദ്ധ കഥകളിൽ ഒരു കഥയുണ്ട്. അതിൽ ദൈവം മാലാഖയോട് ഭൂമിയിലെ അവസ്ഥ അന്വേഷിച്ച് തിരിച്ചെത്താൻ പറഞ്ഞു. ഭൂമിയിൽവന്ന് തിരിച്ചുപോയ മാലാഖ ഭൂമിയിൽ വലിയ പ്രകൃതിക്ഷോഭങ്ങളും രോഗങ്ങൾ മൂർച്ഛിച്ചുവരികയും മഹാമാരി പോലുള്ള വിപത്തുകളുണ്ടെന്നും ജനങ്ങൾ പട്ടിണിയിലാണെന്നും ദൈവത്തോട് പറഞ്ഞു. ഞാൻ അന്നമായി പട്ടിണിക്കാരുടെ പക്കലേയ്ക്ക് പോകുന്നുവെന്നാണ് അതിന് ദൈവം നൽകിയ മറുപടി. അതുപോലെയാണ് കോവിഡ് കാലത്ത് കേരളത്തിലെ ജനങ്ങൾക്കിടയിൽ അന്നമായി കേരളത്തിന്റെ ഇടതുപക്ഷ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് എത്തിച്ചേർന്നത്. എങ്ങനെയാണ് അത് കാപട്യമാകുന്നത്. ഇതൊരു കാപട്യത്തിന്റെ

ബഡ്ജറ്റാണെന്ന് പ്രതിപക്ഷനേതാവ് പത്രസമ്മേളനത്തിൽ പറയുന്നത് കേട്ടു. കഴിഞ്ഞ ബഡ്ജറ്റ് അവതരണത്തിൽ പ്രതിപക്ഷനേതാവ് പറഞ്ഞിരുന്നത് ബഡായി ബഡ്ജറ്റ് എന്നായിരുന്നു. ശമ്പള പരിഷ്കരണം നടപ്പിലാക്കുമോയെന്ന ആശങ്കയും പ്രകടിപ്പിച്ചിരുന്നു. ഈ ബഡ്ജറ്റ് ഒരു പാഴ്വേലയാണെന്ന് പറഞ്ഞവർ പോലുമുണ്ട്. ആ ബഡ്ജറ്റിന്റെ നടപടിക്രമങ്ങൾ ആരംഭിച്ച്, സർക്കാർ ജീവനക്കാരാകട്ടെ മറ്റ് ഇതര മേഖലയിലുള്ളവരാകട്ടെ, സാമ്പത്തിക ആനുകൂല്യം ലഭിക്കാത്ത ഏതെങ്കിലുമൊരാൾ കേരളത്തിന്റെ മണ്ണിലുണ്ടോ; അതാണ് ആ ബഡ്ജറ്റിന്റെ അവതരണം. മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എല്ലാ മേഖലയിലേയ്ക്കും വന്നിരിക്കുന്നു; ആശാ വർക്കർമാർ, ആയമാർ, കുടുംബശ്രീക്കാർ, സി.ഡി.എസ്. ചെയർപേഴ്സൺമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർക്ക് ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായും പാചകത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങൾക്കും കഴിയാവുന്ന തരത്തിലേയ്ക്കുള്ള സാമ്പത്തിക വർദ്ധനവും കൊടുത്തിട്ടുണ്ട്. നിങ്ങൾ പറഞ്ഞത് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഒന്ന്, ജനങ്ങളുടെ പക്കൽ പണം എത്തണം, ഈ ഗവൺമെന്റ് അതാണ് ചെയ്യുന്നത്. രണ്ടാമത്, കോവിഡിന്റെ മൂന്നാംവരവിനെ തടയിടാൻ മാർഗ്ഗങ്ങൾ അന്വേഷിക്കണം. അതാണ് ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത്. ഇത് എങ്ങനെയാണ് കാപട്യമാകുന്നത്? വരുന്ന പ്രളയക്കെടുതിയെ അതിജീവിക്കാൻ 500 കോടി രൂപയും തീരദേശ സംരക്ഷണത്തിന് 11000 കോടി രൂപയും ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നു. കയ്യിൽ പണമെത്തണമെന്ന് പ്രതിപക്ഷം പറഞ്ഞതുതന്നെയാണ് ഈ ബഡ്ജറ്റിന്റെ മുഖമുദ്ര. നെല്ലിനും തേങ്ങയ്ക്കും റബ്ബറിനും താങ്ങുവില വർദ്ധിപ്പിച്ചു. പതിനാറ് ഇനം പച്ചക്കറികൾക്ക് ഗവൺമെന്റ് താങ്ങുവില നിശ്ചയിച്ചു. കാർഷിക മേഖലയുടെ ഉല്പാദനംപോലെ സംഭരണവും സംസ്കരണവും വിപണനവും ഇനി പുതിയ കാലത്ത് കണ്ടെത്തണം. അതിനാണ് കർഷകനെ സംരക്ഷിക്കാൻ സഹകരണ ഫണ്ട് ഉപയോഗപ്പെടുത്താനുള്ള CAIK (Co-operative Initiative for Agriculture Infrastructure in Kerala) എന്ന പദ്ധതി ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്.

എന്റെ മണ്ഡലത്തിലെ മുതലമട എന്ന പ്രദേശം മാമ്പഴത്തിന് ഏറ്റവും പ്രസിദ്ധമാണ്. അവിടെ ഒരു Mango hub സ്ഥാപിക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആലോചന നടത്തി. അത് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മഹാമാരിയുടെ കാലത്ത് തൊഴിൽ മേഖലയാകെ സ്തംഭിച്ചപ്പോഴും നമ്മുടെ സ്റ്റാർട്ടപ്പുകളുടെ വളർച്ച ആശാവഹമാണ്. പഠിച്ചിറങ്ങുന്നവർക്ക് തൊഴിൽ പരിശീലനവും ലോകതൊഴിൽ കമ്പോളത്തിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനായി നോളജ് ഇക്കോണമി ഫണ്ട് 200 കോടി രൂപയിൽനിന്നും 300 കോടി രൂപയായി

വർദ്ധിപ്പിച്ചത് ഈ തൊഴിലന്വേഷകർക്ക് ഒരു ആശയുണ്ടാക്കുന്നതിനാണ്. വികസനത്തിനാണ് കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നത്. ഡി.എഫ്.ഐ. പദ്ധതി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. വിദേശത്തുനിന്നുൾപ്പെടെ ഒന്നര ലക്ഷം കോടിരൂപ കടമെടുത്ത് ആ ഫണ്ടുകൊണ്ട് വികസനം നടത്താമെന്നാണ് അവർ ആലോചിച്ചത്. കേന്ദ്രം ഇപ്പോൾ വിത്ത് കുത്തി കഞ്ഞിവയ്ക്കുന്ന രൂപത്തിലേയ്ക്കാണ് പോകുന്നത്. എന്തുകൊണ്ടാണ് പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസ് അതിനെ എതിർക്കാത്തത്? ടൂറിസം സർക്യൂട്ടിൽ രണ്ട് സർക്യൂട്ട് സ്ഥാപിക്കുമെന്നാണ് പറഞ്ഞത്. ഒന്ന് സാംസ്കാരിക സർക്യൂട്ട്, അത് പാലക്കാട് ജില്ലയിലെ പെരുവമ്പിനടുത്ത് പ്രസിദ്ധ കഥാകൃത്ത് ഒ. വി. വിജയന്റെ സ്മാരക മന്ദിരമായ തസ്രാക്ക് വരെയാണ് എത്തിച്ചേർന്നത്. എന്നാൽ കേരളത്തിലെ മഹാകവി പി. കുഞ്ഞിരാമൻ മാസ്റ്ററുടെ കാൽപ്പാടുകൾ വീണ നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് വരെ അത് നീട്ടിക്കൊണ്ടുവരണം എന്നൊരു അഭ്യർത്ഥന ഞാൻ വയ്ക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച 'കുരിയാർകുറ്റി-കാരപ്പാറ' പദ്ധതി പാലക്കാടിനെ മാത്രമല്ല മലപ്പുറത്തെയും തൃശ്ശൂർ ജില്ലയെയും ഭാരതപ്പുഴയെയും സമ്പന്നമാക്കുന്നതാണ്. അറുപത് വർഷത്തിലേറെയായിട്ടും പുതുക്കാത്ത, മുപ്പത് വർഷത്തിലൊരിക്കലെങ്കിലും പുതുക്കേണ്ട പി.എ.പി. കരാർ പുതുക്കുമെന്ന പ്രഖ്യാപനത്തെയും പാലക്കാടിന്റെ കാർഷിക ജനതയ്ക്കുവേണ്ടി ഞാൻ സ്വാഗതം ചെയ്യുന്നു. ചെയ്യാൻ കഴിയുമെന്ന് ഉറപ്പുള്ള കാര്യങ്ങൾ പറയുക, പറയുന്ന കാര്യങ്ങൾ ചെയ്യുക. അഞ്ച് വർഷംമുമ്പ് ഞങ്ങൾ 600 കാര്യങ്ങൾ പറഞ്ഞു. അതിൽ 500 എണ്ണം നടപ്പിലാക്കി. ഈ വർഷം 50 ഇനങ്ങളിലായി ഞങ്ങൾ 900 കാര്യങ്ങളാണ് പറയുന്നത്. നമ്മുടെ പ്രകടനപത്രിക യു.ഡി.എഫ്. സൂക്ഷിച്ചുവയ്ക്കുന്നത് നല്ലതായിരിക്കും. അക്കമിട്ട് ഓരോന്ന് നടപ്പിലാക്കുമ്പോൾ ടിക്ക് ചെയ്ത് പോകാൻ വളരെ എളുപ്പമാകും. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേന്ദ്ര ഏജൻസികൾ വളഞ്ഞിട്ട് ആക്രമിച്ചിട്ടും കോർപ്പറേറ്റ് പണം ഒഴുകിയെത്തിയിട്ടും ഒളിഞ്ഞും തെളിഞ്ഞും ഒറ്റക്കെട്ടായി ബി.ജെ.പി.-യുമായി യോജിച്ചിട്ടും ചില മാധ്യമ പടകൾ നുണക്കഥകളുടെ പെരുമഴ തീർത്തിട്ടും വർഗ്ഗീയതയ്ക്കെതിരെ ഉറച്ച നിലപാടെടുത്ത് ഇന്ത്യൻ ബദൽ തീർക്കുന്ന നയങ്ങളുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്.-നെ തകർക്കാൻ യു.ഡി.എഫ്.-ന് കഴിഞ്ഞില്ല. കേരളത്തിൽ വളരെക്കാലം മുഖ്യമന്ത്രിയായിരുന്ന വരുണ്ടാകാം, പക്ഷേ ഒരു മുന്നണിയെ തുടർഭരണത്തിൽ എത്തിച്ച് രണ്ടാമതും അധികാരത്തിൽ എത്തിയ ആദ്യ മുഖ്യമന്ത്രിയെന്ന് സംസ്ഥാന ചരിത്രം രേഖപ്പെടുത്തുന്നത് നമ്മുടെ പ്രിയപ്പെട്ട ക്യാപ്റ്റൻ സഖാവ് പിണറായി വിജയന്റെ പേരായിരിക്കും. അതുതന്നെയാണ് ഇന്ന് ഇന്ത്യയുടെ പ്രതീക്ഷയായി മാറുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ഉയർത്തിയ മുദ്രാവാക്യം എന്തായിരുന്നു;

നാട് നന്നാകാൻ യു.ഡി.എഫ്. വരണം. എന്നാൽ നാട്ടുകാർ പറഞ്ഞത് ആദ്യം യു.ഡി.എഫ്. നന്നാകട്ടേയെന്നാണ്. അതുകൊണ്ടാണ് ഭരണപക്ഷത്ത് 99-ഉം പ്രതിപക്ഷത്ത് 41-ഉം അംഗങ്ങളായി മാറിയത്. കേരളത്തിൽ കോൺഗ്രസ്സിന്റെ മുഖ്യശത്രു ആരാണെന്ന് പറയാൻ പ്രതിപക്ഷനേതാവിന് കഴിയുമോ? എൽ.ഡി.എഫ്. ആണോ; ഇന്ത്യയ്ക്ക് ബദൽ തീർക്കുന്ന നയങ്ങളുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. ആണോയെന്ന് അവർ വ്യക്തമാക്കണം. ഏപ്രിൽ ആറിന് ചൂണ്ടുവിരലിൽ മഷി പുരട്ടി വോട്ടുചെയ്യാൻ കേരള ജനത ക്യൂ നിൽക്കുമ്പോഴാണ് സമ്പന്ന ജാതിപ്രമാണിയെക്കൊണ്ട് വിശ്വാസത്തിന്റെ പേരിൽ ഒരു വെടിപൊട്ടിച്ചത്. അത് നനഞ്ഞ പടക്കമായി ഊശിപ്പോയി. ഭക്തിയും വിശ്വാസവും വേവിച്ചുതിന്നാൽ വിശപ്പുമാറില്ലെന്നാണ് മാതൃഭൂമിയുടെ പൊളിറ്റിക്കൽ കിച്ചൺ പരിപാടിയിൽ ഒരു വീട്ടമ്മ പറഞ്ഞത്. അതെങ്കിലും മനസ്സിലാക്കാനുള്ള കരുത്ത് ഈ യു.ഡി.എഫ്-നുണ്ടോ? ഐ.യു.എം.എൽ., തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അസാധാരണമായ സാഹചര്യത്തിൽ, അസാധാരണമായ കാര്യത്തിനായി വടക്കോട്ടുപോയി തിരിച്ചുവന്ന അസാധാരണ മനുഷ്യൻ ഈ സഭയിലുണ്ട്. ഐ.യു.എം.എൽ.-ന്റെ അവസ്ഥയെന്താണ്? ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഐ.യു.എം.എൽ. ഇന്ത്യൻ യൂണിയൻ മലബാർ ലീഗ് ആയില്ലേ; ഒരു സംശയവും വേണ്ട, അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് കഴിയുന്നതോടുകൂടി ഇന്ത്യൻ യൂണിയൻ മലപ്പുറം ലീഗ് ആയി ഐ.യു.എം.എൽ. മാറാൻ പോകുകയാണ്. അതുകൊണ്ടാണ് മുസ്ലീം സമുദായത്തിന്റെ അട്ടിപ്പേറവകാശം മുസ്ലീം ലീഗിനല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത്. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അട്ടിപ്പേറവകാശമല്ല, കേരളത്തിലെ മതന്യൂനപക്ഷമായ മുസ്ലീം സമുദായം നീരട്ടിപ്പേർ അവകാശമാണ് കേരളത്തിലെ എൽ.ഡി.എഫ്.-ന് നൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എൽ.ഡി.എഫ്.-നെ കണ്ട് യു.ഡി.എഫ്. ഒരു പാഠം പഠിച്ചിരിക്കുന്നു. അത് തലമുറ മാറ്റമാണ്. തല മാറിയാൽ പോരാ, മുറകുടി മാറണം എന്നോർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ദീർഘകാലമായി എന്റെ സുഹൃത്താണ്. അദ്ദേഹം അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. പക്ഷെ, നാട്യങ്ങളില്ലാതെ, കൺകെട്ട് വിദ്യകളില്ലാതെ, യാഥാർത്ഥ്യബോധത്തോടുകൂടി ധനകാര്യം കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് അവസരമുണ്ടാകട്ടെയെന്ന് ആദ്യമായി ആശംസിക്കുന്നു. പൊതുകടം ആകാശംമുട്ടെ വളർന്നിരിക്കുകയാണ്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്

ആദ്യം അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ പൊതുകടം ഒന്നരലക്ഷം കോടി രൂപയായിരുന്നു. ഇന്ന് അത് മൂന്നര ലക്ഷം കോടി രൂപയാണ്. കേരളത്തിൽ ഓരോ കുട്ടിയും ഒരു ലക്ഷം രൂപയുടെ കടക്കാരനായാണ് ജനിച്ചുവീഴുന്നത്. ഈ പൊതുകടം അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നുവെന്നത് കാണാതെ കടന്നുപോകാൻ കഴിയുമോ? ഡോ. ടി. എം. തോമസ് ഐസക് അഞ്ചുവർഷംകൊണ്ട് ഒന്നരലക്ഷം കോടി രൂപ കടമെടുത്തു. കേരളത്തെ കടത്തിൽ മുക്കിക്കൊല്ലുന്ന ഒരു ഗവൺമെന്റാണിത്. കോവിഡ് വന്നതുകൊണ്ടാണോ ഈ സാമ്പത്തിക പ്രതിസന്ധിയുണ്ടായത്? ലക്കുംലഗാനുമില്ലാത്ത ധൂർത്ത്, അഴിമതി, നികുതി പിരിവിലെ കെടുകാര്യസ്ഥത ഇതൊക്കെയാണ് കോവിഡിന് മുമ്പുണ്ടായിരുന്ന സാഹചര്യം. ശുഭകരമല്ലാത്ത ദിനങ്ങളാണ് ഇനിയും വരാൻ പോകുന്നത്. അടുത്ത അഞ്ചുവർഷത്തിനകം 81056 കോടി രൂപ തിരിച്ചടയ്ക്കണമെന്നാണ് സി.&എ.ജി. പറയുന്നത്. സ്ഥാനം ഒഴിയുന്നതിനുമുമ്പ് 5000 കോടി രൂപ ബാക്കിയുണ്ടെന്നാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. ശ്രീ. കെ. എൻ. ബാലഗോപാൽ, എവിടെയാണ് ഈ 5000 കോടി രൂപ? 18000 കോടി രൂപ കേന്ദ്രത്തിൽനിന്നും വന്നുകൊണ്ടേയിരിക്കുന്നുവെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, എവിടെയാണ് ഈ 18000 കോടി രൂപ? കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി 20000 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചു. ബഹുമാന്യനായ അങ്ങും 20000 കോടി രൂപ പ്രഖ്യാപിച്ചു. ഇതെല്ലാം കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക മാത്രമായിരുന്നുവെന്നുള്ളതല്ലേ യാഥാർത്ഥ്യം. 8900 കോടി രൂപ ഡയറക്ട് ട്രാൻസ്ഫർ ചെയ്യുമെന്ന് അങ്ങ് ഇവിടെ പ്രഖ്യാപിച്ചതുകേട്ട് കേരളീയന്റെ പോക്കറ്റിലേയ്ക്ക് ഡയറക്ടായി പണമെത്തുമെന്ന് കരുതി ഞങ്ങളെല്ലാവരും സന്തോഷിച്ചു. പക്ഷേ, ഇതെല്ലാം കുടിശ്ശിക കൊടുക്കാനുള്ള തുക മാത്രമാണെന്ന് അങ്ങ് പത്രസമ്മേളനത്തിൽ പറഞ്ഞു. ആരെ പറ്റിക്കാനാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതൊക്ക ബഡ്ജറ്റ് പ്രസംഗത്തിൽ എഴുതിവച്ചത്; അത് അങ്ങേയ്ക്ക് ചേർന്ന കാര്യമാണോ? ലോകത്തെമ്പാടുമുള്ള ആളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പണം എത്തുകയാണ്. ഇന്ത്യയിലും കേരളത്തിലും മാത്രമാണ് ഇത് ഇല്ലാതിരുന്നത്. ശ്രീ. നരേന്ദ്രമോദിയും ശ്രീ. പിണറായി വിജയനും ഇന്ത്യയിലേയും കേരളത്തിലേയും ജനങ്ങളെ പറ്റിക്കുന്നുവെന്നതിന് ഇതിനേക്കാൾ വലിയ തെളിവ് ആവശ്യമുണ്ടോ? കുടിശ്ശികയാണ് നിങ്ങൾ കൊടുത്തു കൊണ്ടിരിക്കുന്നത്. ഡോ. ടി. എം. തോമസ് ഐസക് എത്ര പാക്കേജുകളാണ് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത്. ഇടുക്കി പാക്കേജ് - 5000 കോടി രൂപ, വയനാട് പാക്കേജ് - 2000 കോടി രൂപ, തീരദേശ പാക്കേജ് - 10000 കോടി രൂപ. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

5300 കോടി രൂപ പ്രഖ്യാപിച്ചു. ഇതെല്ലാം പ്രഖ്യാപനങ്ങളിൽമാത്രം നിന്നു. യു.ഡി.എഫ്. പ്രതിപക്ഷത്തിരുന്ന കാലത്തെല്ലാം ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമായിരുന്നു. ഞങ്ങൾ നിയമസഭ തകർത്തില്ല. ട്രാൻസ്പോർട്ട് ബസ്സുകൾ തകർത്തില്ല. ഒരു ജനകീയ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നെഞ്ചത്ത് കല്ലെറിഞ്ഞപോലുള്ള പ്രതിപക്ഷ പ്രവർത്തനം അഞ്ചുവർഷക്കാലം ഞങ്ങൾ നടത്തിയില്ലെന്നുള്ളത് കേരളം കണ്ട കാര്യമല്ലേ?

ബഡ്ജറ്റിൽ 4-ാം പേജിൽ നാലാമതായി അങ്ങ് പ്രതിപക്ഷത്തെ വിമർശിക്കുകയാണ്. പ്രതിപക്ഷമുന്നയിച്ച ആരോപണങ്ങളെല്ലാം എന്നും പൊതുസമൂഹത്തിനുമുന്നിൽ യാഥാർത്ഥ്യങ്ങളായി നിൽക്കുന്നവയാണ്. ശ്രീ. പിണറായി വിജയന്റെ ആദ്യത്തെ ഗവൺമെന്റ് അഴിമതിയിൽ മുങ്ങിത്താണൊരു ഗവൺമെന്റായിരുന്നുവെന്നതിൽ ഞാൻ ഉറച്ചുനിൽക്കുന്നു. അഴിമതിയും ധൂർത്തും കൊള്ളയുമായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ മുഖമുദ്ര. പ്രതിപക്ഷനേതാവെന്ന നിലയിൽ അന്ന് ഞാൻ ഉന്നയിച്ച എത്രയോ കാര്യങ്ങളിൽ ഈ സർക്കാരിന് യു ടേൺ അടിക്കേണ്ടിവന്നു. യു ടേൺ ഗവൺമെന്റ് എന്ന് ജനങ്ങൾ പറഞ്ഞില്ലേ? അഴിമതികൾ ഒന്നൊന്നായി ഞങ്ങൾ പുറത്തു കൊണ്ടുവന്നു. ഇല്ലായിരുന്നെങ്കിൽ കേരളത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? വസ്തുതയുടെ പിൻബലമില്ലാതെ ഏതെങ്കിലുമൊരു ആരോപണം ഞങ്ങൾ ഉന്നയിച്ചിരുന്നോ? ഒരുപക്ഷെ, അത് ജനങ്ങളിലെത്തിയില്ലായിരിക്കാം. കോവിഡിന്റെ ദുരിതമനുഭവിച്ച ജനങ്ങൾ സർക്കാരിന്റെ ആനുകൂല്യങ്ങൾക്ക് പ്രഥമ പരിഗണന നൽകിയിരിക്കാം. പക്ഷെ, അഴിമതിയെ വെള്ളപൂശാൻ നിങ്ങൾ തെരഞ്ഞെടുപ്പ് വിജയത്തെ ഉപയോഗിക്കുന്നത് ദൗർഭാഗ്യകരമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇനിയും ഞങ്ങൾ ഉണർന്നിരിക്കും. ഞങ്ങളുടെ കണ്ണുകൾ തുറന്നുതന്നെയിരിക്കും. കാതുകൾ കൂർപ്പിച്ചിരിക്കും. ഈ സർക്കാരിന്റെ അഴിമതികൾക്കെതിരെയുള്ള നിരന്തരമായ പോരാട്ടവുമായി കേരളത്തിലെ പ്രതിപക്ഷം മുന്നോട്ടുപോകും. ശ്രീ. പിണറായി വിജയൻ നേടിയ വിജയം കോവിഡ് നൽകിയ സമ്മാനമാണ്. ജനങ്ങളെ അണിനിരത്തി സർക്കാരിനെതിരെ കോവിഡിന്റെ കാലത്ത് പോരാടാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല, കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതായ സാഹചര്യമുണ്ടായി. നിരന്തരമായി ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പോരാട്ടത്തിന് അവസരമുണ്ടായില്ല. പ്രതിപക്ഷത്തിന് ഒരു ലെവൽ പ്ലേയിംഗ് ഗ്രൗണ്ട് ഈ കാലഘട്ടത്തിൽ ലഭിച്ചില്ലെന്നുള്ളതാണ് സത്യം. ജനങ്ങൾക്ക് ആനുകൂല്യങ്ങൾ വാരിക്കോരി നൽകാൻ സർക്കാരിന് കഴിഞ്ഞു. മാധ്യമങ്ങൾക്ക് കണ്ണഞ്ചിപ്പിക്കുന്ന നിലയിലുള്ള പരസ്യങ്ങൾ കൊടുത്ത് അവരെ മയക്കിക്കിടത്താൻ നിങ്ങൾക്ക് കഴിഞ്ഞു. ഏകപക്ഷീയമായി സർക്കാർ ചെലവിൽ പ്രചരണങ്ങൾ നടത്തി ജനങ്ങളെ

തെറ്റിദ്ധരിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞു. കോർപ്പറേറ്റുകളും മൾട്ടിനാഷണൽ കമ്പനികളും നിങ്ങൾക്കുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ കേരളം കണ്ടതാണ്. എന്നിട്ടും സി.പി.ഐ.(എം)-ന് കിട്ടിയത് 25.38 ശതമാനം വോട്ടാണ്. കോൺഗ്രസിന് കിട്ടിയ വോട്ട് 25.12 ശതമാനമാണ്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം 5.85 ശതമാനമാണ്. 39.40 ശതമാനം വോട്ടുകിട്ടിയ മുന്നണിയാണ് യു.ഡി.എഫ്. ആ യു.ഡി.എഫ്.-നെ തകർക്കാൻ നിങ്ങൾക്ക് കഴിയില്ല. ഒരു പരാജയംകൊണ്ട് ഇല്ലാതാകുന്ന പ്രസ്ഥാനമല്ല യു.ഡി.എഫ്., അതിശക്തമായി ഞങ്ങൾ തിരിച്ചുവരും. ജനങ്ങളുടെ പിന്തുണയോടെ തിരിച്ചുവരും. ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഞങ്ങൾക്ക് പറ്റിയ തെറ്റുകൾ തിരുത്തി കൂടുതൽ ജനവിശ്വാസമാർജ്ജിച്ചുകൊണ്ട് ഈ ജനവിരുദ്ധ സർക്കാരിനെതിരായ പോരാട്ടവുമായി ഞങ്ങൾ മുന്നോട്ടുപോകും.

താമരയിൽ വിരിഞ്ഞ ഭരണത്തുടർച്ചയാണിത്. 69 മണ്ഡലങ്ങളിൽ എൻ.ഡി.എ.-യുടെ വോട്ടുകൾ എവിടെപ്പോയി? എൽ.ഡി.എഫ്.-നാണ് ലഭിച്ചത്. നേമത്തും മഞ്ചേശ്വരത്തും പാലക്കാട്ടും ബി.ജെ.പി. ജയിക്കാതിരുന്നത് യു.ഡി.എഫ്.-ന്റെ പ്രവർത്തനങ്ങളുടെ ഫലമായിരുന്നു. പാലക്കാട് എൻ.ഡി.എ.-യുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തിയത് ശ്രീ. ഷാഫി പറമ്പിൽ എന്ന കോൺഗ്രസ് സ്ഥാനാർത്ഥിയായിരുന്നു. മഞ്ചേശ്വരത്ത് സ്ഥാനാർത്ഥിയായിരുന്ന ബി.ജെ.പി. പ്രസിഡന്റിനെ പരാജയപ്പെടുത്തിയത് യു.ഡി.എഫ്. സ്ഥാനാർത്ഥിയായ ശ്രീ. എ. കെ. എം. അഷ്റഫ് ആയിരുന്നു. നേമത്ത് ശ്രീ. കെ. മുരളീധരൻ മത്സരിച്ചതുകൊണ്ടാണ് ശ്രീ. വി. ശിവൻകുട്ടി ഇവിടെ മന്ത്രിയായിരിക്കുന്നത്. വല്ല തർക്കവുമുണ്ടോ? ഇവിടെ എന്റെ കയ്യിൽ കണക്കുണ്ട്. 69 മണ്ഡലങ്ങളിൽ ബി.ജെ.പി.-യുടെ വോട്ട് പോയത് നിങ്ങൾക്കാണ്. നേമത്ത് നിങ്ങളുടെ വോട്ട് കുറഞ്ഞു. അത് നിങ്ങൾ കാണേണ്ട കാര്യമാണ്. പാലക്കാട് സി.പി.ഐ.(എം)-ന്റെ വോട്ട് കുറഞ്ഞു. ആ വോട്ട് പോയത് ശ്രീ. ഇ. ശ്രീധരനായിരുന്നു. മഞ്ചേശ്വരത്ത് 1926 വോട്ടുകളുടെ കുറവുണ്ടായി. അതും ബി.ജെ.പി.-ക്കാണ് പോയിരിക്കുന്നത്. എൻ.ഡി.എ.-ക്ക് ഇത്തവണ 2.46 ശതമാനം വോട്ട് ചോർച്ചയുണ്ടായി. ഇത് ഇടതുമുന്നണിക്ക് മറിച്ചു കൊടുക്കുകയായിരുന്നില്ലേ;ഈ വോട്ട് പോയത് എവിടെയാണ്; ഈ വോട്ട് ഞങ്ങൾക്കായിരുന്നെങ്കിൽ ഞങ്ങൾ ജയിക്കുമായിരുന്നല്ലോ? ഈ വോട്ട് മറിച്ചുകൊടുത്തതാണ്. പ്രധാന മത്സരങ്ങൾ നടന്ന എല്ലാ സ്ഥലങ്ങളിലും ഇടതുമുന്നണിക്ക് ബി.ജെ.പി. വോട്ട് മറിച്ചുനൽകി. 69 മണ്ഡലങ്ങളിൽ ഇത് പ്രകടമാണ്. ഓരോന്നിന്റെയും കണക്ക് എന്റെ കയ്യിലുണ്ട്. കുട്ടനാട്ടിൽ കഴിഞ്ഞ തവണ എൻ.ഡി.എ.-യ്ക്ക് 33044 വോട്ടുകൾ കിട്ടിയെങ്കിൽ ഇത്തവണ ലഭിച്ചത് 14000 വോട്ടുകളാണ്. ഈ വോട്ടുകൾ മുഴുവൻ ഇടതുപക്ഷത്തിനാണ് ലഭിച്ചിരിക്കുന്നത്.

ഉടുമ്പൻചോലയിൽ കഴിഞ്ഞതവണ കിട്ടിയത് 21789 വോട്ട്, അതിപ്പോൾ ഏഴായിരം വോട്ടായി കുറഞ്ഞു. ഇത് എങ്ങോട്ടുപോയി? നിങ്ങൾക്കുപോയി. ഏറ്റുമാനൂരിൽ എൻ.ഡി.എ.-യ്ക്ക് കഴിഞ്ഞതവണ 25040 വോട്ട് കിട്ടിയപ്പോൾ ഇത്തവണ കിട്ടിയത് കേവലം 13746 വോട്ടാണ്. ആ വോട്ടുകൾ എങ്ങോട്ടുപോയി, നിങ്ങൾക്കല്ലേ പോയത്? അരുവിക്കര, വൈക്കം, കളമശ്ശേരി, ഇടുക്കി, പീരുമേട്, വടക്കാഞ്ചേരി, വാമനപുരം, കയ്പമംഗലം എല്ലാ സ്ഥലങ്ങളും ഞാൻ വായിക്കുന്നില്ല. സമയമില്ലാത്തതിനാൽ ഞാൻ അവസാനിപ്പിക്കുന്നു. കേരളത്തിൽ ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം തമ്മിൽ നടന്ന അവിശുദ്ധ കൂട്ടുകെട്ടിന്റെ ഉൽപ്പന്നമാണ് ഇന്നത്തെ ഈ ഗവൺമെന്റ്. ഈ തുടർഭരണം സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും തമ്മിലുണ്ടാക്കിയ ധാരണയുടെ പേരിലുള്ളതാണ്. സംസ്ഥാനത്ത് നടന്ന സ്വർണ്ണക്കള്ളക്കടത്ത് കേസ്സിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി കുഴൽപ്പണക്കേസിനെ ഉപയോഗിക്കുന്നു എന്നാണ് കേരളത്തിലെ പൊതുസമൂഹം വിശ്വസിക്കുന്നത്. അങ്ങോട്ടാണ് കാര്യങ്ങൾ പോകുന്നത്. കേരളസമൂഹം നിങ്ങളെ കാണുന്നുണ്ട്. താൽക്കാലികമായി നിങ്ങൾ നേടിയൊരു വിജയം മാത്രമാണിത്. ഈ വിജയം ശാശ്വതമാണെന്ന് നിങ്ങൾ കരുതേണ്ട. ഇത്ര വിചിത്രമായൊരു ഗവൺമെന്റ് ഉണ്ടായിട്ടുണ്ടോ? രണ്ടര-രണ്ടര വർഷം മന്ത്രിമാരാകുന്ന ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? Minister in waiting. രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ വരുമ്പോൾ മാത്രമാണ് സാധാരണ മിനിസ്റ്റർ ഇൻ വെയിറ്റിംഗ് എന്നുപറയുന്നത്. ഇവിടെ രണ്ട് മന്ത്രിമാർ ഇരിക്കുകയാണ്, മിനിസ്റ്റർ ഇൻ വെയിറ്റിംഗ്. ടെസ്റ്റ്ട്യൂബ് ശിശുക്കളെപ്പോലെ എപ്പോൾ പുറത്തുവരുമെന്ന് കാത്തിരിക്കുകയാണ്. ഇങ്ങനെയൊരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലൊരു സർക്കാർ ഉണ്ടായിട്ടില്ല. ഇനി നമ്മൾ കാണാനിരിക്കുന്നതേയുള്ളൂ. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ജനാധിപത്യ കേരളത്തിന്റെ ചരിത്രത്തിൽ നിങ്ങൾ ചെയ്തുകൂട്ടിയ അഴിമതികളെല്ലാം ഈ തെരഞ്ഞെടുപ്പ് വിജയംകൊണ്ട് കഴുകിക്കളയാമെന്ന് വിചാരിക്കേണ്ട. ജനങ്ങൾ യു.ഡി.എഫ്.-നോടൊപ്പമുണ്ട്. ഞങ്ങൾക്ക് ജനങ്ങളിൽ വിശ്വാസമുണ്ട്. ഞങ്ങൾക്ക് പറ്റിയ തെറ്റുകൾ തിരുത്തി കൂടുതൽ ജനവിശ്വാസമാർജ്ജിച്ച് മുന്നോട്ടുപോകുമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, സമാനതകളില്ലാത്ത ഈ പ്രതിസന്ധി ഘട്ടത്തിൽ അധികഭാരം അടിച്ചേൽപ്പിക്കാതെ ഒരു ജനതയുടെ ജീവനും ജീവിതവും എങ്ങനെ സംരക്ഷിക്കണമെന്ന ചിന്തയോടുകൂടിയുള്ള പദ്ധതികളാണ് ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി തന്റെ കന്നി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. സുദീർഘമായ പ്രഭാഷണമോ സാക്ഷാത്കരിക്കാൻ പറ്റാത്ത സ്വപ്നങ്ങളോ അല്ല, മറിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി അനുവർത്തിച്ചുവന്ന ജനക്ഷേമത്തിലൂന്നിയ വികസനമെന്ന നയത്തിന്റെ സ്വാഭാവിക തുടർച്ചയാണ് ഈ ബഡ്ജറ്റ്. മുൻ പ്രതിപക്ഷനേതാവ്, ശ്രീ. രമേശ് ചെന്നിത്തല അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കടക്കെണിയെക്കുറിച്ച് പറയുകയുണ്ടായി. ഈ രാജ്യം തന്നെ പണയം വച്ചവരല്ലേ നിങ്ങൾ? ഈ സംസ്ഥാനവും രാജ്യവും ഏറ്റവും വലിയ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുന്നതിൽ മുഖ്യപങ്ക് വഹിച്ച പാർട്ടിയാണ് കോൺഗ്രസ്. ഇവിടെ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ബി.ജെ.പി.-യുടെ സഹായം സ്വീകരിച്ചതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം വളരെ വിശദമായി ഈ സഭ ചർച്ചചെയ്ത കാര്യങ്ങളാണ്. ബി.ജെ.പി. സഹായിച്ചിരുന്നില്ലെങ്കിൽ മുൻ പ്രതിപക്ഷ നേതാവായിട്ടുള്ള ശ്രീ. രമേശ് ചെന്നിത്തല ഈ സഭയിലിന്ന് പ്രസംഗിക്കാൻ ഉണ്ടാകുമായിരുന്നോ; നിങ്ങളുടെ എത്ര എം.എൽ.എ.-മാരാണ് ബി.ജെ.പി.-യുടെ സഹായത്തോടുകൂടി സഭയിലിരിക്കുന്നത്? നിങ്ങൾക്ക് അവരോട് കൂറുണ്ടെന്ന് ഞങ്ങൾക്കറിയാം. പക്ഷെ പരസ്യമായി ഇങ്ങനെ പ്രകടിപ്പിക്കുന്നത് ശരിയാണോ? ബി.ജെ.പി.-യുമായി എപ്പോഴും സന്ധിചെയ്യുന്ന പ്രസ്ഥാനമാണ് നിങ്ങളുടേത്. ലോകത്തിന് കേരള മോഡലെന്ന പുതിയ വികസന മാതൃക സംഭാവന ചെയ്തവരാണ് നാം. വലിയ സ്വീകാര്യത നേടിയ ആ വികസന മാതൃകയ്ക്ക് അനുസൃതമായ സമീപനമാണ് ഈ ബഡ്ജറ്റ് ഉൾക്കൊള്ളുന്നത്. ഉൽപ്പാദന മേഖലയ്ക്കൊപ്പംതന്നെ സാമൂഹിക സുരക്ഷാ മേഖലയ്ക്കും പ്രാധാന്യം നൽകുന്ന, സാമ്പത്തിക പരിമിതികൾ നോക്കാതെതന്നെ ജനങ്ങൾക്കാവശ്യമായ ക്ഷേമപദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന ഈ രീതി ശ്ലാഘനീയമാണ്. കോവിഡിന്റെ ഒന്നാം തരംഗത്തെ വളരെ ഫലപ്രദമായും ആത്മവിശ്വാസത്തോടും കൂടിയാണ് നമ്മൾ നേരിട്ടത്. വികസിത രാജ്യങ്ങൾപോലും പകച്ചുനിൽക്കുന്ന സാഹചര്യമുണ്ടായി. അമേരിക്ക, ബ്രിട്ടൺ, ജർമ്മനി, ഇറ്റലി തുടങ്ങിയ വികസിത രാജ്യങ്ങളിൽ ആരോഗ്യ സംവിധാനം താറുമാറായി. അവിടെ മരുന്നില്ല, ഡോക്ടറില്ല. ചികിത്സാ സംവിധാനങ്ങളെല്ലാം പാളിപ്പോയ സാഹചര്യമുണ്ടായി. ഈ സന്ദർഭത്തിൽ വളരെ ഫലപ്രദമായി നമ്മൾ കോവിഡിനെ നേരിട്ടു. അതിന്റെ ഫലമായി രോഗത്തെ പ്രതിരോധിക്കാനും മരണനിരക്ക് കുറയ്ക്കാനും നമുക്ക് കഴിഞ്ഞു. കോവിഡിന്റെ പ്രതിരോധം ഒരു ഭാഗത്ത് നടക്കുമ്പോൾത്തന്നെ അതിന് സമാന്തരമായി സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിച്ച സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. കോവിഡ് കാലത്ത് ഒരു മനുഷ്യൻപോലും

പട്ടിണി കിടക്കാൻ പാടില്ലെന്നാണ് നമ്മുടെ സർക്കാരിനെ നയിച്ച മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ പറഞ്ഞത്. അത് സർക്കാരിന്റെ നയമായിരുന്നു. റേഷനും സൗജന്യകിറ്റും മുടങ്ങാതെ നൽകി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സാമൂഹ്യ അടുക്കളകൾ സ്ഥാപിച്ചുകൊണ്ട് ഒരു മനുഷ്യൻപോലും പട്ടിണി കിടക്കാത്ത സാഹചര്യമൊരുക്കിയ സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. എല്ലാവർക്കും മരുന്നും വൈദ്യസഹായവും ഉറപ്പാക്കി. മിണ്ടാപ്രാണികൾക്കുപോലും അന്നം നൽകി. ലോകത്ത് ഇതുപോലെ പ്രവർത്തിച്ച മറ്റൊരു സർക്കാരുമുണ്ടാകില്ല. നമ്മുടെ രാജ്യത്തെയും ലോകത്തെയും പല മാധ്യമങ്ങളും കേരളം നടത്തിയ ഫലപ്രദമായ ഇടപെടലിനെ പ്രകീർത്തിക്കുകയുണ്ടായി. കോവിഡിന്റെ രണ്ടാം തരംഗം കുറച്ചുകൂടി സങ്കീർണ്ണമാണ്. എല്ലായിടത്തും മരണസംഖ്യ ഉയർന്നുകൊണ്ടിരിക്കുന്നു. നമ്മൾ മൂന്നാം തരംഗത്തിന്റെ ആശങ്കയിലുമാണ്. ഈ ഘട്ടത്തിൽ ആരോഗ്യ സംവിധാനത്തെ ശക്തമാക്കാൻ, ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2800 കോടി രൂപയുൾപ്പെടെ രണ്ടാം കോവിഡ് പാക്കേജിനായി 20000 കോടി രൂപയാണ് ഈ ഗവൺമെന്റ് നീക്കിവച്ചിരിക്കുന്നത്. ആരോഗ്യമേഖലയെ സംരക്ഷിക്കാൻ ഇതുപോലെ കരുതൽ കാണിച്ച ഏതെങ്കിലുമൊരു സർക്കാർ ഈ രാജ്യത്ത് ഉണ്ടാകുമോ?

പ്രവാസിക്ഷേമത്തിനും കാർഷികമേഖലയ്ക്കും തീരദേശ മേഖലയ്ക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമെല്ലാം പ്രാധാന്യം നൽകിയ സർക്കാരാണിത്. പ്രവാസികൾ നമ്മുടെ നാടിന്റെ നട്ടെല്ലാണ്. കേരളത്തിന്റെ വളർച്ചയിൽ അവർക്ക് വലിയ പങ്കുണ്ട്. പ്രവാസിക്ഷേമത്തിന് 170 കോടി രൂപ നീക്കിവച്ചതിനുപുറമെ പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി 1000 കോടി രൂപയാണ് കുറഞ്ഞ പലിശയ്ക്ക് ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ നീക്കിവച്ചിരിക്കുന്നത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഒരു വലിയ മുന്നേറ്റം സംഘടിപ്പിക്കാൻ കഴിഞ്ഞു. രാജ്യത്ത് കർഷക സമരം നടക്കുന്നു, കർഷകർക്കെതിരായ നിയമങ്ങൾ അവിടെ കേന്ദ്രസർക്കാർ നടപ്പാക്കുന്നു, അവരെ രാജ്യദ്രോഹികളെന്ന് വിശേഷിപ്പിക്കുന്നു. ആ സാഹചര്യത്തിൽ കർഷകരെ ചേർത്തുപിടിച്ച സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. പഴത്തിനും പച്ചക്കറിക്കുമെല്ലാം താങ്ങുവില ഏർപ്പെടുത്തുന്ന നിലപാട് ഈ സർക്കാർ സ്വീകരിച്ചു. കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളെ സഹായിക്കാനുള്ള നിലപാട് സ്വീകരിച്ചു. റബ്ബറിന്റെ താങ്ങുവില 150 രൂപയിൽനിന്ന് 170 രൂപയിലേയ്ക്ക് ഉയർത്തിയത് ഈ സർക്കാരാണ്. നിങ്ങൾ അന്നത്തെ കുടിശ്ശികപോലും കൊടുത്ത

ആളുകളല്ല. അത്തരത്തിൽ ഒരുപാട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഹോർട്ടികോർപ്പുമായി ബന്ധപ്പെട്ട്, പഴം പച്ചക്കറിയടക്കം സംഭരിക്കേണ്ടത് ഹോർട്ടികോർപ്പാണ്. കൂടുതൽ പണം അനുവദിച്ചുകൊണ്ട് നമ്മുടെ കാർഷിക മേഖലയെ കൂടുതൽ സജീവമാക്കാൻ കഴിയണം. തൊഴിലുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ അവസരങ്ങൾ ഉണ്ടാകേണ്ടത് കാർഷിക മേഖലയിലാണ് എന്നതുകൊണ്ട് ആ മേഖലയെ സംരക്ഷിക്കാനും മുന്നോട്ടുകൊണ്ടുപോകാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

1.00 PM]

രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ചല്ലോ? ബി.ജെ.പി. അദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ തെരഞ്ഞെടുപ്പിന് മുമ്പൊരു കാര്യം പറഞ്ഞിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് ബി.ജെ.പി.-യെ സംബന്ധിച്ചായിരിക്കുമെന്ന്. അത് വളരെ ശരിയാണ്. ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് ബി.ജെ.പി.-യെക്കുറിച്ച് തന്നെയാണ്. അത് കുഴൽപ്പണത്തിന്റെ പേരിലാണെന്ന് മാത്രം. ബി.ജെ.പി. അദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ ഇപ്പോൾ അറിയപ്പെടുന്നത് കുഴൽപ്പണം സുരേന്ദ്രൻ എന്ന പേരിലാണ്. എന്തെല്ലാം വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. 10 കോടിരൂപ ചോദിച്ച ശ്രീമതി സി. കെ. ജാനുവിന് 10 ലക്ഷം രൂപയും ഒരു സീറ്റും ശ്രീ. കെ. സുരേന്ദ്രൻ നേരിട്ടെത്തി നൽകുകയുണ്ടായി. ഇതാണ് ശ്രീ. നരേന്ദ്ര മോദി പ്രഖ്യാപിച്ച ഡിജിറ്റൽ ഇടപാട്. തന്റെ അപരനെ മാറ്റാൻ രണ്ട് ലക്ഷംരൂപ നൽകിയെന്നും വീടുവയ്ക്കാൻ സഹായിക്കുമെന്നും കർണ്ണാടകയിൽ വൈൻ പാർലർ തുടങ്ങാൻ സഹായിക്കുമെന്നും ശ്രീ. കെ. സുരേന്ദ്രൻ ഉറപ്പ് നൽകുകയുണ്ടായെന്ന് ശ്രീ. കെ. സുന്ദര പരസ്യമായി വെളിപ്പെടുത്തി. ശ്രീ. കെ. സുരേന്ദ്രൻ എന്തിനാണ് രണ്ട് സീറ്റിൽ മത്സരിച്ചത്? ഒരു സീറ്റിൽ മത്സരിച്ച് മാന്യമായി തോറ്റ് തലയിൽ മുണ്ടിട്ട് വീട്ടിൽപ്പോയിരിക്കേണ്ട കാര്യമല്ലേ ഉണ്ടായിരുന്നുള്ളൂ. ഓരോ സീറ്റിലും കോടികളുടെ കള്ളപ്പണമാണ് ലഭിക്കുന്നത്. കഴിയുമായിരുന്നെങ്കിൽ ശ്രീ. കെ. സുരേന്ദ്രൻ 140 സീറ്റിലും മത്സരിക്കുമായിരുന്നു. ശ്രീ. കെ. സുരേന്ദ്രന്റെ ഹെലികോപ്റ്റർ യാത്രയെക്കുറിച്ച് അന്വേഷിക്കണം. തെരഞ്ഞെടുപ്പ് പര്യടനമായിരുന്നില്ല, കള്ളപ്പണം കടത്താനുള്ളൊരു മാർഗ്ഗമായി ഹെലികോപ്റ്റർ യാത്രയെ കണക്കാക്കേണ്ടിവരും, അതുകൊണ്ട് സമഗ്രമായൊരു അന്വേഷണം വേണം. പണമെല്ലാം നേതാക്കൾ പങ്കിട്ടെടുത്തുവെന്നാണ് അണികൾ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഏജൻസികളെ ഇപ്പോൾ കാണാനില്ല. കേന്ദ്ര ഏജൻസികളെ തുറന്നുവിട്ടതിൽ പ്രധാനപങ്ക് ബി.ജെ.പി.-ക്കും കോൺഗ്രസ്സിനുമുണ്ട്. നിങ്ങളും അതിന് ഒത്താശ ചെയ്തുകൊടുത്ത ആളുകളാണ്.

എന്താണിവിടെ കണ്ടെത്തിയത്? ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ഏതാണ്ട് അന്വേഷണങ്ങൾ നടന്ന അതിൽ ഏതാണ്ടൊക്കെ സംഭവിച്ചുവെന്ന് സൂചിപ്പിക്കുകയുണ്ടായി. എല്ലാ കേന്ദ്ര അന്വേഷണ ഏജൻസികളും ഇവിടെ തേരാപാര നടന്നില്ലേ; എന്തെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല ബി.ജെ.പി.-യും നിങ്ങളും ഉയർത്തിയ വാദങ്ങളെ നിരാകരിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾ യാഥാർത്ഥ്യം മനസ്സിലാക്കി; ഈ നാടിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനം ഇടതുപക്ഷ പ്രസ്ഥാനമാണെന്ന് മനസ്സിലാക്കി, നിങ്ങളെത്തള്ളി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വീണ്ടും അധികാരത്തിൽ കൊണ്ടുവന്നിരിക്കുകയാണ്. വർഗ്ഗീയത മാത്രമല്ല അഴിമതിയിൽ മുങ്ങി നിൽക്കുന്ന പ്രസ്ഥാനം കൂടിയാണ് ബി.ജെ.പി. തെരഞ്ഞെടുപ്പ് സമയത്ത് കോടികളുടെ അഴിമതിയാണ് ഈ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇവിടെ നടത്തിയിട്ടുള്ളത്. ശ്രീ. ഷാഫി പറമ്പിൽ രാവിലെ അടിയന്തര പ്രമേയം ഉന്നയിക്കുന്ന അവസരത്തിൽ ഒരു പാലമിട്ടാൽ അങ്ങോട്ടുമിങ്ങോട്ടുമെന്ന് പറയുകയുണ്ടായി. ബി.ജെ.പി. ഇടുന്ന പാലത്തിൽ കയറുന്നവരല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന് നിങ്ങൾ മനസ്സിലാക്കണം. ബി.ജെ.പി. ഇടുന്ന പാലത്തിൽ കയറുന്നതും കയറിയിട്ടുള്ളതും കോൺഗ്രസാണ്. ആ പാലത്തിലൂടെ കയറി നിങ്ങളുടെ എത്ര എം.എൽ.എ.-മാരും എം.പി.-മാരുമാണ് ബി.ജെ.പി.-യിലേക്ക് പോയതെന്നുള്ളത് സംബന്ധിച്ച് നിങ്ങൾക്കറിയാമല്ലോ? അങ്ങനെ പോകുന്ന പ്രസ്ഥാനമല്ല ഇടതുപക്ഷ പ്രസ്ഥാനം. ബി.ജെ.പി.-യും കോൺഗ്രസുമെന്ന് പറയുന്നത് ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. രണ്ടും ഒരേ സാമ്പത്തിക നയമാണ് സ്വീകരിക്കുന്നത്. ഒരേ തൂവൽ പക്ഷികളാണ്. ഈ സാമ്പത്തിക നയങ്ങളാണ് നിങ്ങളെയും അപ്പുറത്തെത്തിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ നിയമസഭയിൽ ബി.ജെ.പി.-യുടെ ഒരംഗംപോലും ഇല്ലാത്തതെന്താണെന്ന് നമുക്കെല്ലാവർക്കു മറിയാം. നെഗറ്റീവ് രാഷ്ട്രീയമെന്ന നിലപാട് കേരളത്തിൽ സ്വീകരിച്ചതുകൊണ്ടാണ് അവർക്ക് പുറത്ത് പോകേണ്ടിവന്നത്. ഈ നെഗറ്റീവ് രാഷ്ട്രീയമാണ് കേരളത്തിലെ കോൺഗ്രസ് ഇനി സ്വീകരിക്കുന്നതെങ്കിൽ ബി.ജെ.പി.-യുടെ അവസ്ഥയായിരിക്കും നിയമസഭയിൽ നിങ്ങൾക്ക് ഇനി ഉണ്ടാകാൻ പോകുന്നതെന്നുള്ള കാര്യം മനസ്സിലാക്കണം.

കേരളത്തിന്റെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് മലബാർ ലിറ്റററി സർക്യൂട്ടും കൊല്ലം തീരദേശ മേഖല മുതൽ കിഴക്കൻ മലയോര മേഖലയായ അച്ചൻകോവിൽ വരെയുള്ള ജൈവവൈവിദ്ധ്യ സർക്യൂട്ടും ടൂറിസം വികസനത്തിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കും. സാമൂഹ്യ പരിഷ്കർത്താവായിരുന്ന ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള ഓപ്പൺ സർവ്വകലാശാലയ്ക്ക് അടിസ്ഥാന

വികസനമൊരുക്കാനുള്ള പ്രഖ്യാപനത്തെയും ഞാൻ അഭിനന്ദിക്കുന്നു. വളരെയധികം സന്തോഷത്തോടും അഭിമാനത്തോടുംകൂടി ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ലോകത്തെങ്ങുമുള്ള മതേതരവാദികളായ മുഴുവൻ കേരളീയരും ആഗ്രഹിച്ച ഒരു വിജയത്തിന്റെ പ്രതിനിധിയെന്ന നിലയിലാണ് പതിനഞ്ചാം കേരള നിയമസഭയിലേയ്ക്ക് വിനീതനായി ഞാൻ കടന്നുവന്നിരിക്കുന്നത്. കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തി പങ്കിടുന്ന മഞ്ചേശ്വരം മണ്ഡലത്തിന് ധാരാളം പ്രത്യേകതകളുണ്ട്. ഭാഷകളുടെയും കലകളുടെയും സംസ്കാരങ്ങളുടെയും വിളനിലമെന്ന് മാത്രമല്ല, 1957-ലെ ആദ്യത്തെ കേരള നിയമസഭയിലേയ്ക്ക് മഞ്ചേശ്വരക്കാർ ഒരു മെസേജ് നൽകിയിരുന്നു. എം. ഉമേഷ് റാവു എന്നൊരു മനുഷ്യനെ ഇലക്ഷൻ ഒഴിവാക്കി എതിരില്ലാതെയാണ് കേരള നിയമസഭയിലേയ്ക്ക് മഞ്ചേശ്വരക്കാർ തെരഞ്ഞെടുത്തയച്ചത്. ആ ഒരു പാരമ്പര്യവുമായാണ് ഈ നിയമസഭയിലേയ്ക്ക് ഞാൻ കടന്നുവന്നിരിക്കുന്നത്. കന്നടയിലെ പ്രഥമ രാഷ്ട്ര കവി ഒരു പക്ഷേ, ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിക്ക് ദണ്ഡിയാത്രയ്ക്ക് ഊന്നുവടി നൽകിയത് എന്റെ മണ്ഡലത്തിലെ രാഷ്ട്ര കവി എം. ഗോവിന്ദ പൈ ആയിരുന്നു. അദ്ദേഹം തൂലിക ചലിപ്പിച്ചത് മുഴുവൻ മതേതരത്വത്തിനും, മാനവികതയ്ക്കും വേണ്ടിയായിരുന്നു. ധാരാളം ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്ത ഏറ്റവും പ്രശസ്തമായ 'Hebberalu' (പെരുവിരൽ) എന്ന നാടകത്തിൽ എം. ഗോവിന്ദ പൈ വളരെ മനോഹരമായി തന്റെ നാടിന്റെ മതേതര സംസ്കാരവും മാനവികതയും വിളിച്ച് പറയുന്നുണ്ട്. ആ കവിത ഞാനിവിടെ ഉദ്ധരിക്കുകയാണ്,

നാവു നീവെംബ

ഹളെ വേദഗളനുളിദു

ശരിസമനെ സൗന്ദര്യധിം

സൗഹാർദ്ധദിം, ഹൈക്യദിംദ

ഹൈക്യ മംത്രദിം ബാളുദെ

തായിളെയ ഹെബ്ബാളികെയ മർമ്മ

തായിളെയ ഹെബ്ബാളികെയ മർമ്മ.

ഈ മനോഹരമായ കവിത എന്റെ നാടിന്റെ സംസ്കാരം വിളിച്ചറിയിക്കുന്നുണ്ട്. മഞ്ചേശ്വരത്ത് കഴിഞ്ഞ ഇലക്ഷനിൽ നടന്ന പോരാട്ടം

അതികഠിനമായിരുന്നു. മഞ്ചേശ്വരത്തെ ജനങ്ങൾ തോൽപ്പിച്ചത് ബി.ജെ.പി. -യുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രനെ മാത്രമായിരുന്നില്ല; കർണ്ണാടകയിൽ ജനാധിപത്യത്തെ കൊല്ലാക്കൊല ചെയ്ത് പണംകൊണ്ട് അഴിമതിയിലൂടെ ഭരണം നടത്തുന്ന ശ്രീ. ബി. എസ്. യെഡിയൂരപ്പ ഗവൺമെന്റിലെ ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററടക്കമുള്ള പത്തുപതിനഞ്ചോളം മന്ത്രിമാരെയും വാതുറന്നാൽ വർഗ്ഗീയത മാത്രം പറയുന്ന ഡസൻ കണക്കിന് ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും എം.പി.-മാരെയും എം.എൽ.എ.-മാരെയുമാണ്; ആർ.എസ്.എസ്.-ന്റെ സകലവിധ സംവിധാനങ്ങളെയുമാണ് മഞ്ചേശ്വരത്തെ ജനങ്ങൾ തോൽപ്പിച്ചുകളഞ്ഞത്. അത് മാത്രമല്ല ഓരോ വോട്ടർമാർക്കും കാൽ ലക്ഷം, അൻപതിനായിരം, ഒരു ലക്ഷം രൂപ വീതമാണ് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം വാഗ്ദാനം ചെയ്തത്. തെരഞ്ഞെടുപ്പ് ഗോദയിലെ പുതിയ അനുഭവമായിരുന്നു. വോട്ട് ചെയ്യാതിരിക്കാൻവേണ്ടി പണം കൊടുക്കുന്നൊരു ഏർപ്പാടുപോലും നടന്നു. വർത്തമാന കേരളത്തിന്റെ ചുറ്റുവട്ടത്ത് എനിക്കെതിരെ മത്സരിച്ച് പരാജയപ്പെട്ട ശ്രീ. കെ. സുരേന്ദ്രനെതിരെ പുതിയ ആരോപണങ്ങൾ ഇവിടെ ചർച്ചയ്ക്ക് വന്നിരിക്കുകയാണ്. മഞ്ചേശ്വരത്തേയ്ക്ക് സമഗ്രവും സത്യസന്ധവുമായൊരു അന്വേഷണം നീണ്ടുപോയാൽ ശ്രീ. കെ. സുരേന്ദ്രനെന്ന് പറയുന്ന കേരള സംസ്ഥാന ബി.ജെ.പി.-യുടെ അദ്ധ്യക്ഷൻ ജയിലിൽ പോകേണ്ടി വരുമെന്നകാര്യം ഉറപ്പാണ്. ഞാൻ ഈ സഭയിൽ വളരെ ബഹുമാനപൂർവ്വം അദ്ദേഹത്തിനെതിരെ സമഗ്രമായൊരു അന്വേഷണം ആവശ്യപ്പെടുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇവിടെ ചർച്ച നടക്കുന്നത്. ഈ ബഡ്ജറ്റിൽ കോവിഡ്-19-മായി ബന്ധപ്പെട്ടുകൊണ്ടാണ് ഏറ്റവും കൂടുതൽ ഫണ്ട് നീക്കിവച്ചതെന്ന് പറയുന്നു. കേരളീയർക്ക് ഒരിക്കലും മറക്കാൻ കഴിയില്ല, കോവിഡ്-19 മൂലം അതിർത്തിയിൽ 22 ജീവനുകളാണ് പിടഞ്ഞുമരിച്ചത്. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് എന്ന നിലയ്ക്ക് 24 മണിക്കൂറും ആ വിഷയങ്ങളിൽ ലൈവായിരുന്നു. കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തിയിൽ ഓക്സിജൻ ലഭിക്കാതെ, ഐ.സി.യു. ഇല്ലാതെ, വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകാതെ കോവിഡ്-19 മൂലം 22 പേർ മരിച്ചുപോയപ്പോൾ എന്റെ നാട് നിസ്സംഗതയോടുകൂടി കരഞ്ഞുപോയതാണ്. കർണ്ണാടകയിലെ ഗവൺമെന്റ് 12 വഴികളും മണ്ണിട്ടുമൂടി അടച്ച സന്ദർഭത്തിലായിരുന്നു അവർ മരിച്ചത്. മഞ്ചേശ്വരത്ത് ഒരു ഗവൺമെന്റ് ആശുപത്രിയുണ്ട്, സി.എച്ച്.സി. ആണ്. അവിടെ വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമായിരുന്നുവെങ്കിൽ, ഒരു വെന്റിലേറ്റർ, ഒരു ഐ.സി.യു. ലഭിച്ചിരുന്നുവെങ്കിൽ ആ 22 പേരും ഇന്ന് നമ്മോടൊപ്പം ഉണ്ടാകുമായിരുന്നു. 2013-14 കാലയളവിൽ കേരള ഗവൺമെന്റ് പ്രഖ്യാപിച്ച താലൂക്ക് മഞ്ചേശ്വരത്തിന് നൽകി. കാലങ്ങളായുള്ള ഞങ്ങളുടെ ആവശ്യമായിരുന്നു. ആ താലൂക്ക് ഇന്നും പ്രവർത്തിക്കുന്നത് ഉപ്പളയിലെ വാടക കെട്ടിടത്തിലെ

രണ്ടാം നിലയിലാണ്. പ്രായം ചെന്ന ആളുകൾ അവിടെ കോണിപ്പടി കയറി പ്രയാസപ്പെട്ട് പോകുന്ന രംഗം മനസ്സിനെ വേദനിപ്പിക്കുന്നുണ്ട്. ഞങ്ങൾക്ക് താലൂക്ക് പ്രഖ്യാപിച്ചതിന്റെ ഭാഗമായി എല്ലാവിധ അനുബന്ധ ഓഫീസുകളോടുംകൂടി ഒരു മിനി സിവിൽ സ്റ്റേഷൻ മഞ്ചേശ്വരത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയാണ്. താലൂക്കിന്റെ ഭാഗമായി മഞ്ചേശ്വരത്തേയ്ക്ക് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നൽകി. മഞ്ചേശ്വരം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, സി.എച്ച്.സി.-യുടെ ബോർഡ് മാറ്റിയതല്ലാതെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനമൊന്നുമില്ല. ഐ.സി.യു, വെന്റിലേറ്റർ ഒന്നുമില്ലാതെ ആ ആശുപത്രിയുടെ അവസ്ഥ പരിതാപകരമാണ്. കുമ്പളയിലെ സി.എച്ച്.സി.-യുടെ അവസ്ഥയും തഥൈവ. 22 പേർ മരിച്ചുപോയ എന്റെ പ്രദേശത്തിന്, പ്രത്യേക ആരോഗ്യ പാക്കേജ് പ്രഖ്യാപിച്ച് വളരെ നന്നായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനമുള്ള, ഐ.സി.യു. സംവിധാനമുള്ള, മംഗൽപ്പാടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലും മഞ്ചേശ്വരം ഹോസ്പിറ്റലും അതോടൊപ്പം കുമ്പളയിലെ ഹോസ്പിറ്റലും സജ്ജീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുമാത്രമല്ല വിദ്യാഭ്യാസ മേഖലയുടെ അവസ്ഥയും പരിതാപകരമാണ്. മഴക്കാലം വരുന്നതിനുമുമ്പുതന്നെ കടലോര മേഖലയിലെ ആളുകൾ നെഞ്ചിടിപ്പോടുകൂടിയാണ് അവിടെ ജീവിക്കുന്നത്. തീരദേശമേഖലയ്ക്ക് ഏറ്റവും മികച്ച ഫണ്ടാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശം കൂടുതലുള്ള മഞ്ചേശ്വരത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതിർത്തിയിലേയ്ക്ക് ഒരു പ്രത്യേക പാക്കേജ് കണ്ടെത്തി ഞങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, കായിക മേഖലയിലുമുള്ള പ്രയാസങ്ങൾ അകറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ ഈ സഭയിലെ നവാഗത അംഗമാണ്. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുതൽ ഇപ്പോഴത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ വരെ മഹാരഥൻമാരായ ഒട്ടേറെ ഭരണകർത്താക്കളും പ്രഗത്ഭരായ നിയമസഭാ സാമാജികൻമാരും പ്രവർത്തനവേദിയാക്കിയ ഈ സഭയിൽ പൂഞ്ഞാറിലെ മൂന്ന് പതിറ്റാണ്ടിലെ രാഷ്ട്രീയ ചരിത്രം തിരുത്തി സഭയിലേയ്ക്ക് കടന്നുവരാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം ഞാനിവിടെ അറിയിക്കുകയും അതിന് എന്നെ സഹായിച്ച പൂഞ്ഞാറിലെ ജനതയെ നന്ദിയോടെ ഓർക്കുകയും ചെയ്യുകയാണ്. ഇതൊരു ബഡ്ജറ്റ് ചർച്ചയാണ്. എന്റെ നേതാവ് യശഃശരീരനായ കെ. എം. മാണിസാർ 13 ബഡ്ജറ്റുകൾ അവതരിപ്പിച്ച് കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത വികസനക്ഷേമ പ്രവർത്തനങ്ങളുടെ മുന്നേറ്റത്തിന്

പ്രഖ്യാപനങ്ങൾ നടത്തിയ ഒരു വേദിയിൽ തീർച്ചയായും ശ്രീ. കെ. എൻ. ബാലഗോപാൽ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണച്ചുകൊണ്ട് കെ. എം. മാണിസാറിന്റെ ഓർമ്മകൾക്കുമുൻപിൽ ശിരസ്സ് നമിച്ച് പ്രണാമം അർപ്പിക്കുകയാണ്. ഈ ബഡ്ജറ്റിന്റെ ഒരു വിശകലനത്തിലേയ്ക്ക് കടക്കുമ്പോൾ വയലാറിന്റെ ഉദ്ധരണിയാണ് എന്റെ മനസ്സിൽ വരുന്നത്.

"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും"

ഒരേസമയം കരുതലിന്റെയും സാന്ത്വനത്തിന്റെയും മുഖമുദ്രയുള്ളൊരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. പാർശ്വവത്ക്കരിക്കപ്പെട്ടവരെയും ദുർബ്ബലരെയും ദുരിതബാധിതരെയും സഹായിക്കാനുള്ള വലിയ മനസ്സും പദ്ധതിയും കാഴ്ചപ്പാടുമുള്ള ഒരു ബഡ്ജറ്റാണിത്. ഒപ്പം ഈ ബഡ്ജറ്റിനെ കർഷകക്ഷേമ ബഡ്ജറ്റ് എന്ന് വിശേഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. റബ്ബർ കർഷകരുടെ നാട്ടിൽനിന്നാണ് ഞാൻ ജയിച്ചുവന്നിട്ടുള്ളത്. 50 കോടി രൂപ വിലസ്ഥിരതാ ഫണ്ടിന്റെ കുടിശ്ശിക തീർക്കാൻ അനുവദിച്ച പ്രഖ്യാപനത്തെ ഞാൻ അങ്ങേയറ്റം സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരുകാര്യം അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ന് റബ്ബർ കർഷകർക്ക് വിലസ്ഥിരതാ ഫണ്ട് 170 രൂപയാണ്. ഒരു കിലോ റബ്ബർ ഉൽപ്പാദിപ്പിക്കാൻ 172 രൂപ ചെലവ് വരുമെന്നാണ് റബ്ബർ ബോർഡിന്റെ കണക്ക്. അത് 6 വർഷംമുമ്പ് എടുത്ത കണക്കാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്ന ഘട്ടത്തിൽ റബർ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാനുള്ളൊരു മനസ്സ് കാണിക്കണമെന്നുള്ള അഭ്യർത്ഥന ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. റബ്ബർ കൃഷിക്കാർക്ക് സിയാൽ മോഡൽ, പി.പി.പി. മോഡലിലുള്ള കമ്പനി കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച തീരുമാനത്തെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. അത് എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി റബ്ബർ കർഷകർക്ക് പിടിച്ച് നിൽക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരുപാട് കർഷകക്ഷേമ പ്രഖ്യാപനങ്ങൾ വന്നതിനെ സ്വാഗതം ചെയ്യുന്നു. അഗ്രോ പാർക്കും തോട്ടവിളകൾക്കിടയിൽ ഫലവൃക്ഷ കൃഷിയും ആരംഭിക്കുന്നതിനെക്കുറിച്ചുള്ള നയമാറ്റ ചർച്ച തുടങ്ങാൻ കഴിഞ്ഞിരിക്കുന്നു. റബ്ബർ കർഷകരടക്കമുള്ള കൃഷിക്കാർക്ക് കുറഞ്ഞ നിരക്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന് ആവശ്യമായ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന നയം ആവിഷ്ക്കരിച്ചിരിക്കുന്നു. ഒന്നുരണ്ട് കാര്യങ്ങൾ അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാൻ

ഞാൻ ആഗ്രഹിക്കുകയാണ്. മൊറട്ടോറിയം ദുരിത കാലയളവിലും കോവിഡ് കാലഘട്ടത്തിലും പ്രഖ്യാപിക്കാറുള്ളത് നല്ല കാര്യമാണ്. പക്ഷേ മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോൾ കൃഷിക്കാരനോ മൊറട്ടോറിയത്തിന്റെ ആനുകൂല്യം കിട്ടുന്ന വ്യക്തികൾക്കോ ആ കാലയളവിൽ ഏതെങ്കിലും നടപടികൾ നേരിടേണ്ടി വരില്ല. പക്ഷേ, പിന്നീട് അടയ്ക്കേണ്ടി വരുമ്പോൾ ആ കാലയളവിലെ പലിശകൂടി കൂട്ടി തുക തിരിച്ചടക്കേണ്ട ഗതികേട് വരികയാണ്. മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോഴുള്ള പലിശ ഒഴിവാക്കി ലോൺ വായ്പകൾ ഫ്രീസ് ചെയ്താൽ മാത്രമേ മൊറട്ടോറിയത്തിന്റെ ശരിയായ ഗുണഫലം കർഷകർക്ക് ലഭ്യമാകുകയുള്ളൂവെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന് ധനകാര്യസ്ഥാപനങ്ങൾക്ക് കഴിയും. ഗവൺമെന്റിന് അധിക ബാധ്യത വരാതെ കർഷകരക്ഷയ്ക്ക് അത്തരമൊരു നയം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം,  കൃഷിക്കാർക്ക് മുൻപ് ഗോൾഡ് ലോണിന് 4 ശതമാനം പലിശയ്ക്ക് കാർഷിക വായ്പ കിട്ടുമായിരുന്നു. ഒരേക്കർ കൃഷി ഭൂമിയുള്ള കർഷകന് 60,000 രൂപ വരെ ലഭിക്കുമായിരുന്നു. കഴിഞ്ഞ ഒരു വർഷമായി ടി ആനുകൂല്യം ലഭിക്കാത്തതിനാൽ അത് പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒട്ടേറെ നല്ലകാര്യങ്ങളടങ്ങിയ ഈ ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുകയാണ്. കുടുംബശ്രീക്കും പ്രവാസികൾക്കും നൂതന സംരംഭകർക്കുമായി ആനുകൂല്യങ്ങൾ; പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 'പ്രതിഭാ പദ്ധതി'; കെ.എസ്.എഫ്.ഇ. വഴി വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ് പദ്ധതി; യുവജനങ്ങൾക്ക് കളിക്കളങ്ങളടക്കം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റാണിത്.

ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. വിനയത്തോടും ബഹുമാനത്തോടും ഒരു കാര്യം അദ്ദേഹത്തോട് ചോദിക്കാൻ ആഗ്രഹിക്കുന്നു. ബഡ്ജറ്റ് ചർച്ചയിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകേണ്ട സഹായങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനെക്കുറിച്ച്, അതുപോലെ ലഭിക്കേണ്ട ജി.എസ്.ടി. വിഹിതം നൽകാതിരിക്കുന്നതിനെക്കുറിച്ച് ഒരു വാക്ക് പറയാൻ അങ്ങേയ്ക്ക് കഴിഞ്ഞില്ലെന്ന് സൂചിപ്പിക്കാൻ ഈ ഘട്ടത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്. താമരയിൽ വിരിഞ്ഞതെന്നുപറഞ്ഞ് ഈ സർക്കാരിനെ അദ്ദേഹം ആക്ഷേപിച്ചു. ഞാൻ കോട്ടയം ജില്ലയിൽ നിന്നുള്ള ജനപ്രതിനിധിയാണ്. കോട്ടയം ജില്ലയിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും ബി.ജെ.പി.-യുടെ വോട്ട് ഈ തെരഞ്ഞെടുപ്പിൽ ഗണ്യമായി കുറഞ്ഞു. അതിന്റെ ഗുണഫലം ആർക്കാണ് സിദ്ധിച്ചതെന്ന് പരിശോധിക്കാൻ അങ്ങ് തയ്യാറാകണം. കോട്ടയം കോൺസ്റ്റിറ്റ്യുവൻസിയിൽ കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ ബി.ജെ.പി. വോട്ട് ഇരുപത്തിരണ്ടായിരം, ഈ

അസംബ്ലി തെരഞ്ഞെടുപ്പിൽ എണ്ണായിരം. കടുത്തുരുത്തി കോൺസ്റ്റിറ്റ്യുവൻസിയിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. വോട്ട് പതിനേഴായിരം, ഇത്തവണ പതിനായിരം. പാലാ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ തവണ ബി.ജെ.പി. വോട്ട് ഇരുപത്തയ്യായിരം, ഇത്തവണ പതിനായിരം. കാഞ്ഞിരപ്പള്ളിയിലും അതുപോലെയാണ്. കാഞ്ഞിരപ്പള്ളിയിലെയും പാലായിലെയും ബി.ജെ.പി. സ്ഥാനാർത്ഥികൾ പ്രാദേശികമായി യു.ഡി.എഫ്.-ന് വോട്ട് മറിച്ചുകൊടുത്തുവെന്ന് പറഞ്ഞ് അവരുടെ കേന്ദ്രനേതൃത്വത്തിന് പരാതി കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയിലെ ഒരംഗമാണ്. ഞങ്ങളുടെ മണ്ഡലത്തിലെ മുതിർന്ന നേതാവായതിനാൽ അദ്ദേഹത്തോട് എനിക്ക് ബഹുമാനമുണ്ട്. അദ്ദേഹം തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പനച്ചിക്കാട് സരസ്വതി ക്ഷേത്രത്തിലെ സേവാഭാരതി ഓഫീസിൽ ഗാന്ധിഘാതകന്റെ ചിത്രത്തിന് കീഴിലിരുന്ന് ചർച്ച നടത്തി. അത് വിമർശിപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹം പ്രതികരിച്ചു, ഞാൻ ഇനിയും അവിടെപ്പോകുമെന്ന്. പരസ്യമായി ബി.ജെ.പി. ബാന്ധവം വച്ചുപുലർത്തുന്ന പ്രവർത്തനം നടത്തി ഇവിടെ വന്ന് തിരിച്ച് ആക്ഷേപിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ നിയമസഭയിൽ ഒരു അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ ഇത്തരമൊരു പരാമർശം നടത്തുന്നു, പരാമർശം വേറെയൊന്നുമല്ല. പനച്ചിക്കാട് എന്നത് ദക്ഷിണ മൂകാംബികയെന്ന് അറിയപ്പെടുന്ന ക്ഷേത്രമാണ്. എഴുത്തിന് ഇരുത്തുന്ന പ്രധാനപ്പെട്ട ദേവീക്ഷേത്രമാണ്. ക്ഷേത്രത്തിലെ ഒരു ചടങ്ങിൽ പങ്കെടുത്ത് ക്ഷേത്രത്തിന്റെ ഓഫീസിൽ പോയതിനെ ബി.ജെ.പി. ബാന്ധവമെന്ന് പറയുന്ന വാസ്തവവിരുദ്ധമായ കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം*. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അങ്ങ് പ്രസംഗം അവസാനിപ്പിക്കു..

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, അത് ദൃശ്യമാധ്യമങ്ങളടക്കം റിപ്പോർട്ട് ചെയ്തതാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പരാമർശം അദ്ദേഹം ഇനിയും അവിടെ പോകുമെന്നാണ്. ആ നിലയിൽ പരസ്യമായി ബി.ജെ.പി. ബാന്ധവം വച്ചുപുലർത്തുന്ന ആളുകളാണ് ഇവിടെവന്ന് മതേതരത്വത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷത്തിനെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. കേരളത്തിന്റെ വിഖ്യാതനായ നോവലിസ്റ്റ്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ (ഫ.നമ്പർ 9039/ ഇ.ബി./ 2021/നി.സെ. തീയതി 08/06/2021) രേഖയിൽ നിലനിർത്തി.

ശ്രീ. സി. രാധാകൃഷ്ണന്റെ ഒരു നോവലുണ്ട്. 'മുൻപേ പറക്കുന്ന പക്ഷികൾ'. ലോകത്തിന് കോവിഡ് പ്രതിരോധത്തിൽ മുൻപേ പറക്കുന്ന പക്ഷിയായി കേരളത്തെ മാറ്റാൻ പര്യാപ്തമാണ് ഈ ബഡ്ജറ്റെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ബാലഗോപാലൻ ഉണ്ണി കണ്ണനാണ്. ഉണ്ണിക്കണ്ണൻ ഇന്ന് കേരളത്തിലെ ജനങ്ങളുടെ കണ്ണിലുണ്ണിയായി ഈ ബഡ്ജറ്റിലൂടെ മാറിയെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണക്കുന്നതായി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ കാർഷിക-വ്യാപാര മേഖലകളിലുൾപ്പെടെ വലിയ സാമ്പത്തിക മാന്ദ്യമാണ് നാം അനുഭവിക്കുന്നത്. കടകൾ തുറന്നുവച്ചാലും അവിടെ കയറാൻ ആളില്ല. കച്ചവടമെല്ലാം കുറഞ്ഞിരിക്കുകയാണ്. കാർഷിക ഉല്പന്നങ്ങൾക്ക് വിലയില്ല. ഇവിടെ റബ്ബറിന്റെ കാര്യം സൂചിപ്പിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് എൽ.ഡി.എഫ്. സ്വാഭാവിക റബ്ബറിന്റെ വില എത്ര കൊടുക്കാമെന്നാണ് പറഞ്ഞത്? 250 രൂപ ഒരു കിലോഗ്രാമിന് നൽകാമെന്ന് വാഗ്ദാനം നടത്തിയതാണ്. പ്രകടന പത്രികയിലും പറഞ്ഞതാണ്. എന്നാൽ ധനകാര്യവകുപ്പുമന്ത്രി അക്കാര്യത്തെപ്പറ്റി കുടിശ്ശിക കൊടുക്കുമെന്നേ പറഞ്ഞുള്ളൂ. ആ തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കു. 250 രൂപയെങ്കിലും കൊടുക്കണം, അത്രയും ചെലവ് വരുന്നുണ്ട്. ഇവിടെ ഒരു കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ അനുകൂലിക്കുന്നു. അതായത് തെക്കുകിഴക്കൻ ഏഷ്യയിലെ വിളകളായ റംബൂട്ടാൻ, മാങ്കോസ്റ്റിൻ തുടങ്ങിയവ വളരെ ആദായം നൽകുന്നതാണ്. മലേഷ്യയിലും തായ്‌ലന്റിലുമൊക്കെ വളരുന്ന ചെടികളാണ്. അത് പ്രോത്സാഹിപ്പിക്കുമെന്ന് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. വെള്ളം ലഭിക്കുന്ന സ്ഥലങ്ങളിൽ ഇത് കൃഷി ചെയ്താൽ കാർഷിക മേഖലയുടെ ഉല്പാദനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. അത്തരം കാര്യങ്ങൾ ഞാൻ കണ്ടില്ലെന്ന് നടിക്കുന്നില്ല. എന്നാൽ നാളികേരത്തിന്റെ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞാണ് മിനിമം സപ്പോർട്ട് പ്രൈസ് നിൽക്കുന്നത്. അത് വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. അതുപോലെതന്നെ തീരദേശങ്ങളെ സംരക്ഷിക്കുന്നതിനെപ്പറ്റിപ്പറഞ്ഞു. എന്നാൽ കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയാനുള്ള ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം തോട്ടപ്പള്ളി സ്പിൽവേയിലെ മാറ്റങ്ങളാണ്. 300 മീറ്റർ വീതിയിൽ വെള്ളമൊഴുകാനുള്ള പ്രൊവിഷനാണ് കൊടുത്തിരിക്കുന്നത്. പക്ഷേ ഇപ്പോൾ പമ്പ, അച്ചൻകോവിൽ നദികളിലെ ജലം 70 മീറ്റർപോലും പോകാത്ത നിലയിലാണ്. ആ മാറ്റങ്ങൾ വരുത്തുമെന്ന് ഡോ. തോമസ് ഐസക്കിന്റെ കാലത്ത് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നെങ്കിലും

ഒന്നും നടന്നിട്ടില്ല. കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയണമെങ്കിൽ തോട്ടപ്പള്ളി സ്പിൽവേയിൽ ഈ മാറ്റങ്ങളുണ്ടാകണം. 300 മീറ്ററിൽ വെള്ളമൊഴുകിപ്പോകാനുള്ള സൗകര്യവുമുണ്ടാക്കണം.

ബഡ്ജറ്റിൽ ടൂറിസ്റ്റ് സർക്യൂട്ടുകളെക്കുറിച്ച് സൂചിപ്പിച്ചു. ഇതിൽ മലബാറിലും തെക്കൻ തിരുവിതാംകൂറിലും വന്ന സർക്യൂട്ടുകളെ ഞാൻ സ്വാഗതം ചെയ്യുന്നു. ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് സർക്യൂട്ടുകളല്ലേ കുമരകം, തേക്കടി, മൂന്നാർ എന്നിവ. ഇവ സംബന്ധിച്ച് നിശബ്ദത പാലിച്ചിരിക്കുകയാണ്. ആ ടൂറിസ്റ്റ് സർക്യൂട്ട് വേണ്ടേ? കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് സർക്യൂട്ടാണ്. അതുംകൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ നന്നായിരുന്നു. പാൽപ്പൊടി ഫാക്ടറിക്ക് 10 കോടി രൂപ ഇത്തവണയും കഴിഞ്ഞ തവണയും പറഞ്ഞു. പാൽപ്പൊടി ഫാക്ടറി ഇപ്പോഴും ഉണ്ടായിട്ടില്ല. പലൊഴുക്കിക്കളയേണ്ടി വന്നു. വാഗ്ദാനങ്ങൾ വാഗ്ദാനങ്ങളിൽ നിന്നാൽ പോരാ. പാക്കേജുകളെ സംബന്ധിച്ച് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കട്ടപ്പന വന്ന് പറഞ്ഞു - ഇടുക്കി ജില്ലയ്ക്ക് ഒരു പാക്കേജ് 12000 കോടി രൂപ, ആ പാക്കേജിനെപ്പറ്റി ഇപ്പോൾ നിശബ്ദത പാലിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ ഭാവിയെക്കരുതി alternate രീതികൾ അവലംബിക്കേണ്ടതാണ്. അതിനെപ്പറ്റിയുള്ള ഒരു നിർദ്ദേശവും വന്നിട്ടില്ല. ഇവിടെ കെ. ആർ. ഗൗരിയമ്മയ്ക്കും അതുപോലെ ആർ. ബാലകൃഷ്ണപിള്ളയ്ക്കും സ്മാരകം ഉണ്ടാക്കുമെന്ന് പറഞ്ഞു. ഈ സഭയിലെ അംഗമായിരുന്ന സി. എഫ്. തോമസ് 40 കൊല്ലം തുടർച്ചയായി ചങ്ങനാശ്ശേരിയിൽനിന്നും ജയിച്ചുവന്ന ആളാണ്. അദ്ദേഹത്തിന് ഒരു സ്മാരകം നിർമ്മിക്കാനുള്ള നിർദ്ദേശമുണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാനാഗ്രഹിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം വിദ്യാഭ്യാസ രംഗത്ത് വന്നിട്ടുള്ള വലിയൊരു സ്തംഭനമാണ്. കുഞ്ഞുങ്ങൾ ഈ നിലയിൽ ക്ലാസിൽ പോകാതിരുന്നാൽ അതിന്റെ alternate രീതികളെപ്പറ്റി മറ്റ് രാജ്യങ്ങൾ ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. ഈ ഗവൺമെന്റും ആ വഴിക്ക് ചിന്തിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഓൺലൈനായി പഠിക്കണമെങ്കിൽ കുട്ടികൾക്ക് സ്മാർട്ട് ഫോൺ വേണം. സ്മാർട്ട് ഫോണില്ലാത്ത തീരെ പാവപ്പെട്ട വീട്ടിലെ കുട്ടികൾ ഓൺലൈനിൽ എങ്ങനെ പഠിക്കും? അതുസംബന്ധിച്ച് ഒരു സ്കീം ഗവൺമെന്റ് ഉണ്ടാക്കണം. പാവപ്പെട്ട കുട്ടികൾക്ക് സ്മാർട്ട് ഫോൺ ലഭിക്കാനുള്ള സംവിധാനം അടിയന്തരമായി ചെയ്യേണ്ട ഒരു കാര്യമായി ഞാൻ കരുതുകയാണ്. എല്ലാ എം.എൽ.എ.-മാരും അഭിമുഖീകരിക്കുന്ന ഒരു വിഷയമാണിത്. വിദ്യാഭ്യാസ മേഖലയിൽ ഇന്നുള്ള വലിയ സ്തംഭനം കാരണം കാരണവന്മാരും കുട്ടികളും ഒരുപോലെ ബുദ്ധിമുട്ടുകയാണ്. അതിന് മാറ്റം വരുത്തത്തക്ക നിലയിലുള്ള

സൗകര്യങ്ങൾ ഉണ്ടാക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. റബ്ബറിന് 250 രൂപ പ്രഖ്യാപിച്ച ഇടതുപക്ഷ മുന്നണി ആ വാഗ്ദാനം നടപ്പാക്കണം. കാർഷിക മേഖലയുടെയും വ്യാപാര മേഖലയുടെയും സ്തംഭനം അവസാനിപ്പിക്കാനുള്ള നീക്കം അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ജനങ്ങൾക്ക് ആത്മവിശ്വാസം നൽകുന്ന ബഡ്ജറ്റാണ് ബഹുമാന്യനായ കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ രണ്ടാംതരംഗം ഉയർത്തുന്ന വെല്ലുവിളികളെ മുന്നിൽ കണ്ടുകൊണ്ട് ആരോഗ്യമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും നടപ്പിലാക്കാൻ കഴിയാത്ത കാര്യങ്ങളാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ക്ഷേമപ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ കരുതലോടുകൂടി നടത്തിയ ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ്. എല്ലാ മാസവും ഭക്ഷ്യധാന്യ കിറ്റുകൾ എത്തിച്ചുകൊടുക്കുന്നു, ക്ഷേമ പെൻഷൻ മുടങ്ങാതെ വീടുകളിലെത്തിക്കുന്നു. ഇങ്ങനെ ക്ഷേമ പെൻഷൻ കൊടുക്കുന്നത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ല. .... (ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.... ശ്രീ. കോവൂർ കുഞ്ഞുമോൻ പ്രസംഗിക്കുകയാണ്. നിങ്ങൾ നിശബ്ദരായിരിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അതുപോലെതന്നെ കോവിഡ് കാലഘട്ടത്തിലും ഒരു ക്രോഡീകരണ പ്രവർത്തനം നടന്ന ഏക സംസ്ഥാനമാണ് കേരളം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 പേർക്ക് 10 ലക്ഷം രൂപവച്ച് പുതിയ തൊഴിൽ സംരംഭം ഉറപ്പാക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചു. അത് നല്ലതാണ്. കേരളത്തിൽ 14 ജില്ലകളുണ്ട്. 14 ജില്ലകളിലും 100 പേർക്കുവച്ച് കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. കുറഞ്ഞത് 200 പേർക്കെങ്കിലും ഈ പദ്ധതിയുടെ ഗുണം ലഭിക്കണം. അതുപോലെതന്നെ അങ്ങ് ടൂറിസം മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകി. അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറ മരുതിമല, ജഡായുപ്പാറ, തെന്മല, അച്ചൻകോവിൽ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചു. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. മൺറോതുരുത്തിലൂടെ പോയി ശാസ്താംകോട്ട കായലിലൂടെ വരണം. ശാസ്താംകോട്ട

വലിയ ടൂറിസം മേഖലയാണ്. ശാസ്താംകോട്ട തടാകം അങ്ങ് കണ്ടിട്ടുള്ളതാണ്. അങ്ങ് എന്തുകൊണ്ട് ഇതിനെ മറന്നുവെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ശാസ്താംകോട്ടയെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഈ ബഡ്ജറ്റിൽ കൊല്ലം ജില്ലയ്ക്ക് അഭിമാനിക്കാൻ കഴിയുന്ന ഒട്ടേറെ പദ്ധതികളുണ്ട്. എന്നെ കളിയാക്കാൻ വേണ്ടി ചിലർ എഴുന്നേൽക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ, ശാസ്താംകോട്ട പരിഗണിച്ചാൽ അങ്ങ് വിവാഹം കഴിക്കുമോ എന്നാണ് ചോദിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കഴിഞ്ഞ സഭയിൽ ശ്രീ. കോവൂർ കുഞ്ഞുമോൻ ഉണ്ടായിരുന്നു. മേലിൽ വിവാഹം കഴിക്കാതെ ശാസ്താംകോട്ട കായലിന്റെ കാര്യം ഇവിടെ പറയരുതെന്ന് അദ്ദേഹത്തോട് അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ഒരു നിർദ്ദേശം നൽകിയിരുന്നു. ഇത് സഭാ രേഖയിൽ നിന്നും മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയറിന്റെ അഭിപ്രായവും അതുതന്നെയാണ്. ശാസ്താംകോട്ടയുടെ കാര്യം പരിഗണിച്ചാൽ അങ്ങ് വിവാഹം കഴിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശാസ്താംകോട്ട തടാകം ഒരു വിപുലമായ തടാകമാണ്. ആ തടാകത്തിന്റെ ഒരു ഗുണം ഏറ്റവും അടിയിൽ നല്ല ഔഷധഗുണമുള്ള മണലുണ്ടെന്നുള്ളതാണ്. അതുപോലെ ശ്രീ. കോവൂർ കുഞ്ഞുമോനും വലിയ തടാകത്തിലായിപ്പോയി. അതിന്റെ അടിയിൽ ഔഷധഗുണം വല്ലതുമുണ്ടോയെന്ന് നോക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഇപ്പോൾ ഒരു ഗുണവുമില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ വലിയൊരു തടാകത്തിൽനിന്ന് തന്നെയാണ് വന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന് പറയുന്ന വലിയ തടാകത്തിലാണ് ഞാൻ ഇപ്പോൾ നിൽക്കുന്നത്. അങ്ങയുടെ ഭാഗത്തുനിന്ന ചില പാർട്ടിക്കാർ ഇപ്പോഴില്ല. പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലും ഒരു അംഗത്തെപോലും ഈ പടികയറ്റാൻ നിങ്ങൾക്ക് കഴിഞ്ഞോ? കേരളത്തിൽ 32 വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം നിന്ന ആർ.എസ്.പി.-യെന്ന പാർട്ടി ഇന്ന് എവിടെയാണ് നിൽക്കുന്നത്? ഒരു വിദ്വാൻ എന്നെ കളിയാക്കി, ഞാൻ വരാന്തയിലാണ് നിൽക്കുന്നതെന്ന്. ഞാൻ വരാന്തയിലല്ല, അഞ്ച് ടേണായി ഞാൻ കേരള നിയമസഭയ്ക്കകത്തുണ്ട്. അവർ അകത്തില്ല. അവർ റോഡിന്റെ അരികിലെവിടെയോ അന്യരെ പോലെ, ആത്മാക്കളെപ്പോലെ ഫുട്പാത്തിൽ അലഞ്ഞുനടക്കുകയാണ്.

അതുകൊണ്ട് ആ വിരട്ടലൊന്നും വേണ്ട. ആർ.എസ്.പി.-യുടെ അസ്ഥിത്വം നഷ്ടപ്പെട്ട് യു.ഡി.എഫ്.-ലേയ്ക്ക് വന്നപ്പോൾ യു.ഡി.എഫും ആർ.എസ്.പി.-യും ശിഥിലമായി. കശുവണ്ടി തൊഴിലാളികൾക്ക് ആശ്വാസമാകുന്ന ബഡ്ജറ്റാണിത്. കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി സംസാരിക്കുന്ന ഒരാളെന്ന നിലയിൽ പറയുകയാണ്, കഴിഞ്ഞ ജനുവരി മാസം ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ കശുവണ്ടി മേഖലയ്ക്ക് പ്രഖ്യാപിച്ച പദ്ധതികൾ അതുപോലെതന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷനിൽ 2000 പേർക്ക് അധികം തൊഴിൽ നൽകുകയാണ്. കശുവണ്ടി വിദേശത്തുനിന്ന് വാങ്ങുന്നതിന് കാഷ്യൂ കോർപ്പറേഷന് 40 കോടി രൂപ, കോർപ്പറേഷൻ കാപെക്സ് ഫാക്ടറികൾ നവീകരിക്കുന്നതിന് 10.5 കോടി രൂപ, കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി 5.5 കോടി രൂപ, പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് കൊടുക്കാനുള്ള ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുവേണ്ടി 63 കോടി രൂപയുമാണ് ഇപ്പോൾ മാറ്റിവച്ചിരിക്കുന്നത്. കൊല്ലം ജില്ലയിലുൾപ്പെടെ സ്വകാര്യ ഫാക്ടറികൾ ഇപ്പോഴും തുറക്കാനുണ്ട്. കൊല്ലത്തെ വി.എൽ.സി. ഫാക്ടറി ഉടമയ്ക്ക് 13 ഫാക്ടറികളുണ്ട്. നിക്ഷേധാത്മക നിലപാടാണ് കഴിഞ്ഞ അഞ്ചുവർഷവും അദ്ദേഹം കാണിച്ചത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും വിളിച്ചുകൂട്ടിയ യോഗത്തിൽ ധിക്കാരപരമായി സംസാരിച്ച് ഇറങ്ങിപ്പോയി. ആ സ്വകാര്യ ഫാക്ടറികൾ ഘട്ടംഘട്ടമായി ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. അവരുടെ ജീവിതം ദുസ്സഹമാണ്. അതുകൊണ്ട് അവർക്ക് ആശ്വാസം നൽകുന്ന പദ്ധതികൾകൂടി ഉണ്ടാകണം. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് പുതിയ ക്യാമ്പസ് തുടങ്ങുന്നതിനുവേണ്ടി 10 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കൊല്ലത്ത് ആധുനിക രീതിയിൽ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മഴക്കാലമായാൽ വെള്ളം മുഴുവൻ ഡിപ്പോയ്ക്ക് അകത്തേയ്ക്ക് കയറുകയാണ്. കൊല്ലത്തിനുവേണ്ടി അങ്ങ് നൽകിയ ഏറ്റവും നല്ല സംഭാവനയായി ഞാൻ അത് ഓർക്കുകയാണ്. കൊട്ടാരക്കരയിൽ ആർ. ബാലകൃഷ്ണപിള്ളയ്ക്ക് സ്മാരകം പണിയാൻ രണ്ട് കോടിരൂപ; ഏറ്റവും നല്ല ജനനേതാവായിരുന്നു അദ്ദേഹം. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരദേശമേഖലയ്ക്ക് ഇന്നുവരെയില്ലാത്ത ഒരു വലിയ ഉണർവ്വാണ് ബഡ്ജറ്റിൽ ഉണ്ടായിരിക്കുന്നത്. നമ്മുടെ അന്നത്തെ പ്രതിപക്ഷനേതാവ് കഴിഞ്ഞ അഞ്ചുവർഷം മുൻനിരയിലിരുന്നു പറഞ്ഞു, 'ഞങ്ങൾ തിരിച്ചുവരും, തിരിച്ചുവരുമെന്ന്'. നിങ്ങൾ എവിടെയാണ് തിരിച്ചുവന്നത്? ഇപ്പോൾ അദ്ദേഹം രണ്ടാം നിരയിൽ ഇരുന്നുകൊണ്ട് പറയുന്നു, 'ഞങ്ങൾ തിരിച്ചുവരും തിരിച്ചുവരുമെന്ന്', നിങ്ങൾ എന്നാ

തിരിച്ചുവരുന്നത്? അടുത്ത പ്രാവശ്യം മൂന്നാം ബഞ്ചിലിരുന്ന് വീണ്ടും പറയും, 'തിരിച്ചുവരും തിരിച്ചുവരുമെന്ന്'. എന്താണ് നിങ്ങളുടെ രാഷ്ട്രീയ നിലപാട്? ബി.ജെ.പി.-ക്കാരുടെയും എസ്.ഡി.പി.ഐ.-യുടെയും വോട്ട് വാങ്ങിയും ചില ജാതി-മത ശക്തികളുടെ വോട്ട് വാങ്ങിയും നിങ്ങൾ 41 പേർ പതിനഞ്ചാം കേരള നിയമസഭയിൽ വന്നു. നിങ്ങൾ സ്വയം ആലോചിക്കണം ബി.ജെ.പി.-ക്കാരുടെ വോട്ടല്ലേ നിങ്ങൾക്ക് കിട്ടിയത്? ജനപക്ഷനിലപാടുകൾ സ്വീകരിച്ചതിന്റെ ഫലമായാണ് ഞങ്ങൾക്ക് വോട്ട് കിട്ടിയത്, 99 പേരെ വിജയിപ്പിച്ചെടുക്കാൻ കഴിഞ്ഞു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ പ്രവർത്തനത്തിന്റെ ഫലമായാണ് ഞങ്ങൾക്ക് ഇതെല്ലാം നേടാൻ കഴിഞ്ഞത്. നിങ്ങൾക്ക് 2021-ൽ വെറും 41 സീറ്റ്. അടുത്തപ്രാവശ്യം നിങ്ങൾ കാണുമോയെന്നതന്നെ അറിയില്ല. അടുത്തപ്രാവശ്യം നിങ്ങൾക്ക് ഒരു പ്രതിപക്ഷമായി മാറാൻ കഴിയുമോ? ഞങ്ങൾ രണ്ടാമൂഴമായിരുന്നു. 'ഉറപ്പാണ് എൽ.ഡി.എഫ്.' എന്ന ഞങ്ങളുടെ മുദ്രാവാക്യത്തെ നിങ്ങൾ കളിയാക്കി. ഞങ്ങൾ മൂന്നാമൂഴത്തിലേയ്ക്ക് വീണ്ടും വരും. ആ നിലയിലുള്ള പ്രവർത്തനമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും ജനപക്ഷങ്ങൾക്കുവേണ്ടി നിൽക്കുന്ന ഗവൺമെന്റ് എന്നനിലയിൽ കശുവണ്ടി തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മറ്റ് പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളെയെല്ലാം സംരക്ഷിക്കുന്ന ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ജനകീയ ബഡ്ജറ്റിനെ കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടി എല്ലാവരും സഹകരിക്കണമെന്നുകൂടി പറഞ്ഞു കൊണ്ട് അങ്ങേയ്ക്ക് എല്ലാവിധ അനുമോദനങ്ങളും ആശംസകളും ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊണ്ട് ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. ജെ. മാക്സി: സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽത്തന്നെ അതിന്റെ ദിശ അടങ്ങിയിരിക്കുകയാണ്. കേരളമാകെ പ്രശംസിച്ച നികുതിരഹിത ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കഴിഞ്ഞ അഞ്ചുവർഷക്കാലം നടപ്പിലാക്കിയ ജനക്ഷേമ പ്രവർത്തനത്തിന്റെ തുടർച്ചയാണ് രണ്ടാം പിണറായി സർക്കാർ. ഓഖിയും നിപയും രണ്ട് പ്രളയങ്ങളും ഇപ്പോഴും തുടരുന്ന കോവിഡ് എന്ന മഹാമാരിയും സൃഷ്ടിച്ച പ്രയാസങ്ങളെയും പ്രതിസന്ധികളെയും മറികടന്നാണ് ഈ സർക്കാർ

വൻ ഭൂരിപക്ഷത്തിൽ അധികാരത്തിലേറിയത്. കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ ഏതാണ്ട് മുഴുവൻ കാര്യങ്ങളും പൂർത്തീകരിച്ച സർക്കാരായിരുന്നു. ഇന്ത്യയിൽ ഒരിടത്തും കാണാത്തതുപോലെ ഓരോ വർഷവും പ്രോഗ്രസ്സ് റിപ്പോർട്ട് അവതരിപ്പിച്ച് സർക്കാർ പ്രകടനപത്രിക നടപ്പാക്കാനുള്ള വഴിതെളിക്കുകയാണ് ചെയ്തത്. സർക്കാർ നടപ്പിലാക്കിയ നാല് മിഷനുകൾ ചരിത്ര വിജയമായിരുന്നു. വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് നൽകാനുള്ള തീരുമാനമായിരുന്നു ലൈഫ് മിഷൻ പദ്ധതിയിലൂടെ വിഭാവന ചെയ്തത്. 2021 ജനുവരി വരെ രണ്ടര ലക്ഷത്തിലധികം വീടുകൾ കൈമാറാൻ കഴിഞ്ഞു. ഇപ്പോഴും പതിനായിരക്കണക്കിന് വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതോടെ അടച്ചുറപ്പുള്ള വീടില്ലാത്ത ഒരു കുടുംബവും ഉണ്ടാകരുതെന്ന് ലക്ഷ്യംവയ്ക്കുകയാണ്. ലൈഫ് പദ്ധതി പരാജയപ്പെടുത്താൻ ശ്രമിച്ച വടക്കാഞ്ചേരി എം.എൽ.എ.-യെ ജനങ്ങൾ വീട്ടിലിരുത്തിയ ചരിത്രമുണ്ട്. ഇത് എല്ലാവർക്കും ഒരു പാഠമായി കൈക്കൊള്ളാം. ലോകശ്രദ്ധയാകർഷിച്ച ആരോഗ്യമേഖലയാണ് കേരളത്തിലേത്. 'ആർദ്രം പദ്ധതി' പ്രഖ്യാപിച്ചുകൊണ്ട് ആരംഭിച്ച ജനകീയ ആരോഗ്യദൗത്യം മഹാമാരിക്കാലത്ത് വലിയ ശ്രദ്ധ പിടിച്ചുപറ്റി. ലോക മാധ്യമങ്ങൾവരെ കേരള സർക്കാരിനുവേണ്ടി കയ്യടിച്ചു. പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെ നീണ്ടുനിൽക്കുന്ന കേരളത്തിന്റെ ആരോഗ്യ ശൃംഖല കോവിഡിനെ തടഞ്ഞുനിർത്തുന്നതിനും വലിയ സഹായകമായി.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി]

കേരളം ഒറ്റക്കെട്ടായി ഏറ്റെടുത്ത ആരോഗ്യ സംവിധാനമായിരുന്നെങ്കിലും അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ആരോഗ്യവകുപ്പുമന്ത്രിയെ കളിയാക്കുകയാണ് ചെയ്തത്. കെ.പി.സി.സി. പ്രസിഡന്റ് മാപ്പ് പറയണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി നമ്മളെല്ലാം ശ്രദ്ധിച്ചതാണ്. " Apology... Me...! Nothing Doing' എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഇപ്പോൾ 'doing' ഇല്ലാതെ 'nothing' ആയി കാവൽ കെ.പി.സി.സി. പ്രസിഡന്റായി മാളത്തിൽ ഒളിച്ചിരിക്കുകയാണ്. ലോകപ്രശസ്തമായ കേരള മോഡൽ ജനകീയ വിദ്യാഭ്യാസ പദ്ധതിയിലൂടെ കേരളം കുതിച്ചുചാടിയ വർഷങ്ങളായിരുന്നു കടന്നുപോയതെന്ന് നമുക്കറിയാം. നൂറുകണക്കിന് പുതിയ സ്കൂൾകെട്ടിടങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം, സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവ വന്നതോടെ യു.ഡി.എഫ്. കാലത്ത് അൺ-എയ്ഡഡ് സ്കൂളിനെ ആശ്രയിച്ചിരുന്ന മാതാപിതാക്കൾ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക്

തങ്ങളുടെ കുട്ടികളെ തിരിച്ചുകൊണ്ടുവന്നിരിക്കുന്ന എന്നതാണ് യാഥാർത്ഥ്യം. ലക്ഷക്കണക്കിന് കുഞ്ഞുങ്ങളാണ് ഇങ്ങനെ തിരിച്ചുവന്നത്. ഓണപ്പരീക്ഷ നടത്താൻ പുസ്തകം കൊടുക്കാൻ കഴിയാതെവന്നപ്പോൾ ഓണം മാറ്റിവയ്ക്കാൻ കഴിയുമോ എന്നാലോചിച്ച ആളായിരുന്ന യു.ഡി.എഫ്. ഭരണകാലത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി. കേരളത്തിൽ ഹരിത കേരള മിഷൻ ഏറെ ശ്രദ്ധയാകർഷിച്ച പ്രവർത്തനങ്ങളാണ് നടത്തിയത്. ഏറ്റവും വലിയ പരിസ്ഥിതി പ്രവർത്തനമാണ് മിഷൻ നടത്തിയത്. മരിച്ചുപോയ പുഴകളെ വീണ്ടെടുത്തു, കുളങ്ങളും തോടുകളും തിരിച്ചുവന്നു, നെൽവയലുകൾ വീണ്ടും ഹരിതാഭമായി. കേരളം മാലിന്യ നിർമ്മാർജ്ജനരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു, വെളിയിട വിസർജ്ജനവിമുക്ത സംസ്ഥാനമായി ഇന്ന് കേരളം മാറി. വൈദ്യുതി മേഖലയിൽ കേരളം മുന്നേറി, സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ സംസ്ഥാനമായി കേരളം മാറി. ഇന്ന് കേരളം മിച്ച സംസ്ഥാനമാണ്. യു.ഡി.എഫ്. തുടങ്ങിവച്ച പുഗലൂർ-മാടക്കത്തറ പദ്ധതിയുടെ പകുതി കമ്മീഷൻ ചെയ്തു. ഇന്ന് പവർകട്ടും ലോഡ്ഷെഡ്ഡിംഗും പഴങ്കഥകളായി മാറി. പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിൽ കഴിഞ്ഞ 5 വർഷക്കാലം കേരളം കൈവരിച്ച പുരോഗതി അത്ഭുതകരമാണ്. കൊച്ചിയിൽ മാത്രം 3 മേൽപ്പാലങ്ങളാണ് ഉയർന്നുവന്നത് - കുണ്ടന്നൂർ, വൈറ്റില, പാലാരിവട്ടം. അതിൽ കുണ്ടന്നൂരും വൈറ്റിലയും നാട്ടുകാരെ കബളിപ്പിക്കാൻ യു.ഡി.എഫ്. സർക്കാരിന്റെ അവസാനഘട്ടത്തിൽ ബഹുമാന്യരായ ഉമ്മൻ ചാണ്ടിയും കെ. ബാബുവും കൂടി വെറുതെ തറക്കല്ലിട്ട് പോയതാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരാണ് അതിന്റെ A to Z വരെയുള്ള പ്രവർത്തനം പൂർത്തീകരിച്ചത്. പാലാരിവട്ടത്തിന്റെ കഥ പറയേണ്ടതില്ല. അഴിമതി നിറച്ച് നിങ്ങൾ പണിത പാലം പിണറായി സർക്കാർ പൊളിച്ച് പുതിയ പാലം പണിതു, അന്നത്തെ മന്ത്രിയെ അകത്താക്കുകയും ചെയ്തു. അത് ചരിത്രമാണ്. ആലപ്പുഴ-കൊല്ലം ബൈപ്പാസുകൾ തുറന്ന് ദേശീയ പാതയുടെ തടസ്സങ്ങൾ നീക്കി. ശബരി പാതയ്ക്ക് പച്ചക്കൊടിയായി. കൊച്ചിമെട്രോ പൂർത്തീകരിച്ച് പുതിയ ഘട്ടം ആരംഭിക്കുന്നു. ജലമെട്രോയുടെ പ്രവർത്തനം തുടങ്ങി. റോഡ്, ജലം, റെയിൽ ഗതാഗതരംഗത്ത് വൻമുന്നേറ്റമാണ് ഒന്നാം പിണറായി സർക്കാർ നടത്തിയത്. അതിന്റെ തുടർച്ച ഇപ്പോഴും വ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്.

അസംഘടിത മേഖലയിലെ എല്ലാവർക്കും ക്ഷേമപദ്ധതികൾ നടപ്പിലാക്കി. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു കഴിഞ്ഞു. പെൻഷൻ 600 രൂപയിൽനിന്നും 1,600 രൂപയാക്കി. അത് 2,500 രൂപയാക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പെൻഷൻ വീടുകളിൽ

എത്തിച്ചുകൊടുക്കുന്ന രാജ്യത്തെ ഒരേയൊരു സംസ്ഥാനമാണ് കേരളം. കോവിഡ് കാലത്ത് തുടങ്ങിയ ഭക്ഷ്യ കിറ്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. ജൂൺ മാസത്തിലും 86 ലക്ഷം കാർഡുടമകൾക്ക് ഭക്ഷ്യധാന്യകിറ്റ് കൊടുക്കാൻ സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. കുടിവെള്ള വിതരണം കാര്യക്ഷമമായി, കാർഷികമേഖല ഉണർന്നുകഴിഞ്ഞു, റേഷൻ കടകൾ സജീവമായി.

കേരളത്തിൽ പ്രകൃതി ദുരന്തങ്ങളും മഹാമാരികളും ആഞ്ഞടിച്ചിട്ടും ആടിയുലഞ്ഞിട്ടും യാതൊന്നുമറിയിക്കാതെ 5 വർഷക്കാലം ജനങ്ങളെ ചേർത്തു പിടിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോയത്. ഈ സർക്കാരിനെതിരെ എന്തെല്ലാം ആരോപണങ്ങളായിരുന്നു? അതെല്ലാം ആവിയായിപ്പോയി. ഡിസംബറിൽ നടന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനു മുമ്പ് എന്തൊക്കെയാണ് യു.ഡി.എഫ്. പറഞ്ഞത്? ഇത് സെമി ഫൈനലാണ്, ഞങ്ങൾ നൂറുവട്ടം ജയിക്കും. എന്നിട്ട് എന്തായി? യു.ഡി.എഫ്. എട്ടുനിലയിൽ പൊട്ടി. നിങ്ങൾ ആരോപണങ്ങൾ ഉന്നയിക്കുമ്പോഴെല്ലാം കൈ ഉയർത്തി, തല ഉയർത്തി കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അചഞ്ചലമായി മുന്നോട്ട് പോയി. അദ്ദേഹം പറഞ്ഞ ഒരു വാക്കുണ്ട്. "മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ടതുള്ളൂ" . ഞങ്ങൾ എൽ.ഡി.എഫ്. ആണ്; കമ്മ്യൂണിസ്റ്റാണ്; ഞങ്ങൾക്ക് ഒരാളെയും വഴിയിൽ പേടിക്കേണ്ടതില്ല. എന്താണ് യു.ഡി.എഫ്.-ന്റെ സ്ഥിതി? മുഖ്യമന്ത്രിയെ മാറ്റാൻ നിശ്ചയിച്ചുവന്ന ശ്രീ. രമേശ് ചെന്നിത്തല വിലാപകാവ്യം രചിക്കുകയാണ്. അദ്ദേഹത്തിന് പോയത് പ്രതിപക്ഷനേതാവിന്റെ സ്ഥാനമാണ്. 21 മന്ത്രിമാരെ തെരഞ്ഞെടുക്കാൻ എൽ.ഡി.എഫ്.-ന് കുറച്ച് സമയമേ വേണ്ടിവന്നുള്ളൂ. 21 എം.എൽ.എ.-മാർ ചേർന്ന് ഒരു പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുക്കാൻ നടത്തിയ നാടകങ്ങൾ കേരളം കണ്ടതല്ലേ? ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. വി. ഡി. സതീശനും ഗ്രൂപ്പ് സ്ഥാനാർത്ഥികളായപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. പി. ടി. തോമസും സ്വയം സ്ഥാനാർത്ഥികളായി വന്നത് കൗതുകമായി. ഒടുവിൽ ഹൈക്കമാൻഡ് പ്രതിനിധികൾ വന്നു; നോ രക്ഷ. അവസാനം ഡൽഹിയിൽ നിന്നാണ് ശ്രീ. വി. ഡി. സതീശനെ നിശ്ചയിച്ചത്. നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഞാൻ ഒഴിയുമായിരുന്നുവെന്ന് ശ്രീ. രമേശ് ചെന്നിത്തലയുടെ വിലാപം. ഇതാണ് കോൺഗ്രസിന്റെ അവസ്ഥ. ഫാസിസത്തിന്റെ പത്തി തകർക്കാൻ പോകുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സ്വയം തിരിച്ചുവന്നിരിക്കുന്നു; അത് മറ്റൊരു കഥ. 5 കൊല്ലംകൊണ്ട് 4 സത്യപ്രതിജ്ഞ ചെയ്ത ആളാണ് അദ്ദേഹം. കഴിഞ്ഞതവണ സംസ്ഥാന മന്ത്രിസ്ഥാനം സ്വപ്നംകണ്ട് നിയമസഭയിലേയ്ക്ക് മത്സരിച്ചു. എൽ.ഡി.എഫ്. ജയിച്ചു. പിന്നീട് കേന്ദ്ര മന്ത്രിസ്ഥാനം സ്വപ്നംകണ്ട് പാർലമെന്റിലേയ്ക്ക്, ആദ്യം ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ച് സ്ഥാനമുറപ്പിച്ചു. പിന്നീട് അദ്ദേഹം പൊതുതെരഞ്ഞെടുപ്പിൽ മത്സരിച്ചു. സ്വപ്നം

പൂവണിയുമെന്ന് പ്രതീക്ഷിച്ചു; പക്ഷെ രക്ഷപ്പെട്ടില്ല. പ്രധാനമന്ത്രിയാകാൻ തീരുമാനിച്ചയാൾപോലും വയനാടിന്റെ പ്രധാനമന്ത്രിയായി പോയി; അദ്ദേഹം നിരാശപ്പെട്ടു. ഇത്തവണ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് എം.പി. സ്ഥാനം രാജിവച്ച് നിയമസഭയിലേയ്ക്ക് മത്സരിച്ചു; മന്ത്രിമോഹം വീണ്ടും പൊലിഞ്ഞുപോയി; അതൊരു കഥ. എൽ.ഡി.എഫ്.-നെ മൂക്കിൽ വലിച്ചുകയറ്റുമെന്ന് പറഞ്ഞ് പ്രഖ്യാപിച്ച ഇടതുപക്ഷ പാർട്ടിയെന്നുപറയുന്ന ആർ.എസ്.പി.-ക്ക് രണ്ടുതവണയും ഒരു സീറ്റുപോലുമില്ലാതെയായി. അതുപോലെതന്നെ എൽ.ഡി.എഫ്.-നെ പിന്നിൽനിന്നും കുത്തിയ ശ്രീ. പി. ജെ. ജോസഫിന്റെ അവസ്ഥ എന്തായി? രണ്ട് സീറ്റിൽ ഒതുങ്ങേണ്ടിവന്നു. എം.എൽ.എ. ആകണമെന്ന് മോഹിച്ച് ഉറപ്പിച്ച ഒരു സീറ്റുപോലും കൊടുക്കാതെ അകന്നുപോയിരിക്കുകയാണ് ശ്രീ. സി. പി. ജോൺ. എത്ര ജനാധിപത്യ പരമായാണ് എൽ.ഡി.എഫ്. പ്രവർത്തിക്കുന്നത്. പാർട്ടിയുടെ വലിപ്പച്ചെറുപ്പം നോക്കാതെ എല്ലാവരെയും ഉൾക്കൊണ്ടുപോകുന്നു. പ്രതിപക്ഷം എല്ലാ നല്ലകാര്യങ്ങളും എതിർത്ത് പോകുകയാണ്. പ്രളയകാലത്തും മഹാമാരി വന്നപ്പോഴും ജനങ്ങളെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന അഭ്യർത്ഥിച്ചപ്പോൾ ഒരു ചില്ലിക്കാശുപോലും തരില്ലെന്ന് പറഞ്ഞ മുന്നണിയാണ് യു.ഡി.എഫ്. നിങ്ങൾ സാലറി ചലഞ്ചിനെയും എതിർത്തു. സുനാമി കാലത്ത് കേരളത്തിലെ ജീവനക്കാരുടെ സമരസംഘടനയായ എൻ.ജി.ഒ. യൂണിയൻ അംഗങ്ങളിൽനിന്നും പിരിവെടുത്ത് ലക്ഷക്കണക്കിന് രൂപ അന്നത്തെ മുഖ്യമന്ത്രിയെ ഏല്പിച്ചത് നിങ്ങൾക്ക് അറിയാവുന്നതാണ്. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ അല്പംമുമ്പ് മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരു കാര്യം ഉന്നയിച്ചു. മന്ത്രിമാരെ 'വെയിറ്റിംഗ് മന്ത്രിമാരെന്ന് പറഞ്ഞു. ഒരു കാര്യം മനസ്സിലാക്കേണ്ടത്, ഇവിടെ ആരാണ് മന്ത്രിമാരെ മാറ്റിയിട്ടുള്ളത്? അദ്ദേഹം മന്ത്രിയാകുന്ന കാലഘട്ടത്തിൽ ആദ്യം ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നു. പിന്നീട് അദ്ദേഹം വന്നു. അതുപോലെ കെ. കരുണാകരനെ മാറ്റിയിട്ട് ശ്രീ. എ. കെ. ആന്റണി മന്ത്രിയായി. ശ്രീ. എ. കെ. ആന്റണിയെ മാറ്റിയിട്ട് ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിയായി. അങ്ങനെ മന്ത്രിമാരെ മാറ്റുന്ന സമീപനം സ്വീകരിക്കുന്നവരാണ് യു.ഡി.എഫ്. എന്നാണ് ചുരുക്കിപ്പറയുന്നത്. ഞാൻ നീട്ടിക്കൊണ്ടു പോകുന്നില്ല. ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, നിയമസഭയിലെ എന്റെ ആദ്യത്തെ പ്രസംഗത്തിനുള്ള അവസരമാണിത്. ധാരാളം മഹാരഥന്മാർ വന്നുപോയ ഈ സഭയിൽ എനിക്ക് വരാനുള്ള അനുഗ്രഹം കിട്ടിയതിൽ ഞാൻ ജഗദീശ്വരനോട് നന്ദിപറയുകയാണ്. അതോടൊപ്പം എന്നെ ഇവിടെ നിൽക്കാൻ പ്രാപ്തനാക്കിയ

മൂവാറ്റുപുഴയിലെ ജനങ്ങളോട് എന്റെ ഹൃദയത്തിൽ നിന്നുള്ള നന്ദികൂടി രേഖപ്പെടുത്തി തുടങ്ങുകയാണ്. ഞാൻ ഈ സഭയിൽ വന്നസമയം മുതൽ വളരെ ആകാംക്ഷയോടുകൂടി ഓരോ വാചകങ്ങളും ശ്രദ്ധിക്കുകയായിരുന്നു. അതിനു ശേഷമാണ് ആദ്യത്തെ ഒരു ബഡ്ജറ്റ് പ്രസംഗം ഇവിടെയുണ്ടായത്. അത് അദ്ദേഹത്തിന്റെ പൂർണ്ണ ബഡ്ജറ്റ് അല്ലെന്ന് എനിക്കറിയാം. എന്നിരുന്നാൽപ്പോലും ഒരു എക്സ്റ്റൻഷൻ ബഡ്ജറ്റ് എന്നനിലയിൽ ഞങ്ങളും ചില നിർദ്ദേശങ്ങളൊക്കെ സമർപ്പിച്ചിരുന്നെങ്കിലും അതിന് വേണ്ട പരിഗണന കിട്ടിയില്ല. എന്റെ ജീവിതത്തിൽ, ഒരു രാഷ്ട്രീയ വിദ്യാർത്ഥിയെന്ന നിലയിൽ എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള, ആവേശഭരിതനാക്കിയിട്ടുള്ള, പ്രചോദിപ്പിച്ചിട്ടുള്ള ഒരു ബഡ്ജറ്റ് പ്രസംഗം എന്നുപറയുന്നത്, ഒരുപക്ഷേ ഒരു പ്രസംഗംകൊണ്ട് ഒരു രാജ്യത്തെ മാറ്റിമറിച്ച ഒരു ബഡ്ജറ്റ് ഇതുവരെ അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഇന്ത്യാരാജ്യം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിൽ നിൽക്കുമ്പോൾ, ലോകരാജ്യങ്ങൾ മുഴുവൻ ഇന്ത്യാരാജ്യത്തെ എഴുതിത്തള്ളിയപ്പോൾ, ഇനി ഈ രാജ്യം മുന്നോട്ട് പോകില്ലെന്ന് ലോകരാഷ്ട്രങ്ങൾ വിധിയെഴുതിയ ആ സന്ദർഭത്തിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഈ രാജ്യത്തിന്റെ അധികാരം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കയ്യിലാണ് വന്നത്. വളരെ അപ്രതീക്ഷിതമായി ഒരുപക്ഷേ ആ നാൾവരെ നമ്മളാരും കണ്ടിട്ടില്ലാതിരുന്ന ഒരു നേതാവിനെ ഈ രാജ്യത്തിന്റെ താക്കോൽക്കൂട്ടം ഏൽപ്പിച്ച്, പുതിയ ഒരു ധനകാര്യവകുപ്പുമന്ത്രി നമ്മുടെ മുമ്പിൽവന്നു. അത് മറ്റാരുമല്ല, താടിവച്ച തലപ്പാവുവച്ച സൗമ്യനായിരുന്ന ഡോ. മൻമോഹൻ സിംഗ് ആയിരുന്നു. പൊതുവെ സൗമ്യനായ അധികം വാചക കസർത്തില്ലാത്ത അദ്ദേഹത്തിന്റെ ആദ്യത്തെ ബഡ്ജറ്റ് പ്രസംഗം 1991 ജൂലൈ മാസം 24-ാം തീയതിയായിരുന്നു. അത് സുദീർഘമായ പ്രസംഗമായിരുന്നു. ആ പ്രസംഗത്തിൽ നമ്മൾ ആ നാളുവരെ നടന്ന പാതയെപ്പറ്റിയും മാറി നടക്കാൻ പോകുന്ന പാതയെപ്പറ്റിയും അദ്ദേഹം വളരെ വിശദമായി രാജ്യത്തോട് പറഞ്ഞു. കഴിഞ്ഞ ദിവസവും ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം ആ നയത്തെ വിമർശിച്ചുകൊണ്ട് ഇവിടെ സംസാരിക്കുന്നത് ഞാൻ കേൾക്കുകയുണ്ടായി, 'ഞങ്ങൾ ഇടതുപക്ഷം ആഗോളവൽക്കരണത്തെ പ്രതിരോധിക്കുന്ന നയവുമായിട്ടാണ് മുന്നോട്ടുപോകുന്നതെന്ന്'. ഡോ. മൻമോഹൻ സിംഗിന്റെ 154 പാരഗ്രാഫ് വരുന്ന സുദീർഘമായ പ്രസംഗത്തിന്റെ second last paragraph, 153-ാമത്തെ പാരഗ്രാഫ് ഞാൻ വായിക്കാൻ ആഗ്രഹിക്കുകയാണ്. ‘ I do not minimise the difficulties that lie ahead on the long and arduous journey on which we have embarked. But as Victor Hugo once said, “ no power on earth can stop an idea whose time has come.” I suggest to this august

House that the emergence of India as a major economic power in the world happens to be one such idea. Let the whole world hear it loud and clear. India is now wide awake. We shall prevail. We shall overcome.' ഒരുപാട് ആലങ്കാരികമായ പ്രസംഗങ്ങൾ, പ്രത്യേകിച്ച് ബഡ്ജറ്റ് പ്രസംഗങ്ങൾ നാം കേട്ടിട്ടുണ്ട്, ഇന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഒരുപാടുപേർ അഭിനന്ദിച്ചത് അദ്ദേഹം കൂടുതൽ ആലങ്കാരികതകൾക്ക് നിന്നില്ലായെന്നുള്ളതു കൊണ്ടാണ്. 'We shall prevail. We shall overcome" എന്ന ഈ വാചകം മൂന്ന് ദശാബ്ദങ്ങൾക്കുമുമ്പ് ഇന്ത്യൻ പാർലമെന്റിൽനിന്ന് ഈ രാജ്യത്തോട് പറയുമ്പോൾ കൂടെയുണ്ടായിരുന്ന കോൺഗ്രസുകാർപോലും വിശ്വസിച്ചില്ല ഇങ്ങനെ നടക്കുമെന്ന്. അന്ന് അകപ്പെട്ടിരിക്കുന്ന പ്രതിസന്ധിയുടെ നടുവിൽനിന്നും ഈ രാജ്യം കരകയറുമെന്നും നിലനിൽക്കുമെന്നും ലോകത്തിലെ ഏറ്റവും വലിയ ഒരു ഇക്കണോമിക് പവറായി മാറുമെന്നും ആർജ്ജവത്തോടെ പറഞ്ഞു ഡോ. മൻമോഹൻസിംഗ്. ആ നയങ്ങളാണ് പിന്നീട് ഈ രാജ്യം പിൻപറ്റിയത്. ഇന്ന് രാജ്യത്ത് കാണുന്ന എല്ലാ നേട്ടങ്ങളുടെയും, ആധുനിക ഇന്ത്യയുടെ ആർക്കിടെക്ട് എന്നുപറയുന്നത്, ഇന്നത്തെ ഇന്ത്യയെ സൃഷ്ടിച്ചെടുത്തതിന് ഒരു വ്യക്തിയെ ആശ്രയിക്കാമെങ്കിൽ അതിന് പറയേണ്ട പേര് ഡോ. മൻമോഹൻ സിംഗിന്റേതാണ്. എന്നിട്ട് ഇവിടെ പുട്ടിന് തേങ്ങയിടുന്നതുപോലെ നാഴികയ്ക്ക് നാൽപ്പതുവട്ടം ആ നയങ്ങളെ എതിർത്തുകൊണ്ട് സംസാരിക്കുന്നു. അവസാനമായി ആഗോളവൽക്കരണ നയങ്ങളുടെ ഏറ്റവും സുന്ദരമായ പ്രായോഗിക രൂപം കേരളം കണ്ടത് എന്നാണെന്ന് അങ്ങേയ്ക്ക് അറിയാമോ? അത് യഥാർത്ഥത്തിൽ നടന്നത് ഒരുപക്ഷെ ചരിത്രത്തിന്റെ കാവ്യനീതി പോലെയെന്ന് നമുക്ക് പറയാം. എക്കാലവും ആ നയങ്ങളെ ഏറ്റവും കൂടുതൽ എതിർത്തിട്ടുള്ള ഇടതുപക്ഷത്തിന്റെ മുഖ്യമന്ത്രിയായ സഖാവ് പിണറായി വിജയൻ 2019, മേയ് 17-ന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ബെല്ലടിച്ച് സ്റ്റോക്ക് എക്സ്ചേഞ്ച് തുറന്നുകൊണ്ട് ആ വിപണനത്തിൽ പങ്കെടുത്തപ്പോൾ സംഭവിച്ചത് എന്താണെന്നറിയാമോ? മസാല ബോണ്ടിനുവേണ്ടിയുള്ള റിക്വസ്റ്റ് പ്ലെയ്സ് ചെയ്തു. മസാല ബോണ്ടിനുവേണ്ടിയുള്ള റിക്വസ്റ്റ് എന്തിനുവേണ്ടിയായിരുന്നു? ശരിക്കും ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറയുന്ന ആഗോളവൽക്കരണത്തെ എതിർക്കുന്നവർ, അതായത്, access to International Funds ആണ്. അതായത്, അന്താരാഷ്ട്ര പണത്തെ ആശ്രയിക്കുന്നതിനുള്ള വഴിയാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച്. ആ അന്താരാഷ്ട്ര പണമാണ് കേരളത്തിലേയ്ക്ക് വന്നത്. ആഗോളവൽക്കരണമാണ് അതിന്റെ ഒന്നാമത്തെ കാരണം. പ്രൈവറ്റ് കാപ്പിറ്റലാണ്, സ്വകാര്യ മൂലധനമാണ്. അതിൽ 80 ശതമാനം പണം മുടക്കിയത് കാനഡയിലെ ഇൻവെസ്റ്റ്മെന്റ്

ഏജൻസിയായ CDPQ ആണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി CDPQ-വിന്റെ സ്വകാര്യ പണം കേരളത്തിലേയ്ക്ക് വരുന്നതിനുവേണ്ടി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിച്ചതാണ് നമ്മുടെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ. ആഗോളവൽക്കരണത്തെ എതിർക്കുമ്പോൾ നിങ്ങളത് ഓർക്കണം. നിങ്ങൾ അഭിമാനത്തോടുകൂടി ഉയർത്തിപ്പിടിക്കുന്ന കിഫ്ബി, ഞാൻ അതിന് എതിരല്ല, ഈ നയങ്ങളോടുള്ള വിയോജിപ്പല്ല. ഞാൻ സത്യസന്ധമായും ആത്മാർത്ഥമായും ധനകാര്യ വകുപ്പുമന്ത്രിയോട് പറയാൻ ആഗ്രഹിക്കുന്നത്, ഇന്ന് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ വലിയ പ്രയാസത്തിലും കടക്കെണിയിലുമാണ് നിൽക്കുന്നത്. നമ്മളാരും ആ കാര്യം നിഷേധിച്ചിട്ട് കാര്യമില്ല. കേരളം ഇതിലും നല്ലൊരു സാമ്പത്തിക വ്യവസ്ഥയും സാമ്പത്തിക നയവും അർഹിക്കുന്നുവെന്നതാണ് സത്യം. അങ്ങേയ്ക്ക് ഇതിനൊരു മാറ്റം വരുത്താൻ കഴിയുമെങ്കിൽ, കേരളം ഒരു ദിശാമാറ്റം ആഗ്രഹിക്കുന്ന സമയമാണിത്. ഒരു direction change നമ്മുടെ സാമ്പത്തിക നയങ്ങളിൽ ഇല്ലായെങ്കിൽ ഇന്ന് നമ്മൾ കാണുന്ന കേരളം ഇതുപോലെ സർവൈവ് ചെയ്യാൻ പോകുന്നില്ലെന്ന കാര്യത്തിൽ ആർക്കും സംശയംവേണ്ട. കാരണം ഞാൻ അങ്ങയുടെ മുൻഗാമി ഇറക്കിയ ബഡ്ജറ്റ് ബ്രീഫിലെ ഒരു പേജ് മാത്രം പറഞ്ഞുകൊണ്ട് പരിചയപ്പെടുത്താം. പേജ് 19-ൽ Per capita development and non development expenditure-നെപ്പറ്റി പറഞ്ഞിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളേയും ഇതിൽ താരതമ്യം ചെയ്തിട്ടുണ്ട്, നിങ്ങളറിയണം, നമ്മൾ Per capita, വികസനത്തിനുവേണ്ടി മുടക്കുന്ന പണം 17266 ആണ് ആളോഹരിയെങ്കിൽ, വികസനേതര പ്രവർത്തനങ്ങൾക്ക് മുടക്കുന്ന പണം 17079 ആണ്. അതിന്റെ അർത്ഥം നമ്മൾ വികസനത്തിനും വികസനേതര പ്രവർത്തനങ്ങൾക്കുവേണ്ടിയും മുടക്കുന്ന പണത്തിന് ഒരേ തോതാണ്. ബാക്കി ഏത് സംസ്ഥാനങ്ങളുടെ കാര്യവും പരിശോധിച്ചുനോക്കൂ. ഡൽഹി, മിസോറം മുതൽ തമിഴ്നാട് വരെ അങ്ങിങ്ങായുള്ള ഏത് സംസ്ഥാനങ്ങളുടെ കാര്യം പരിശോധിച്ചാലും ഈ അവസ്ഥയിലല്ല നിൽക്കുന്നത്. ഞാൻ പറയുന്നത്, ഇപ്പോഴിതാ ഒരു സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നു. തുടർഭരണം കാലങ്ങൾക്കുശേഷ മാണുണ്ടായിട്ടുള്ളത്. ഈ സർക്കാർ ഒരു decisive majority-യോടുകൂടിയാണ് അധികാരത്തിൽ വന്നത്. This is the right time for a change. ഈ സമയത്ത് നിങ്ങൾക്ക് അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടാകണം. മാറ്റത്തിന് തയ്യാറായില്ലെങ്കിൽ നിലനിൽക്കാൻ കഴിയില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഞാൻ പ്രതിനിധാനം ചെയ്യുന്നത് ഒരു കാർഷിക മേഖലയായതുകൊണ്ട് പറഞ്ഞതല്ല. നമുക്ക് മുമ്പിലുള്ള മാർഗ്ഗമെന്താണെന്ന് കൂട്ടായി ആലോചിക്കണം. പ്രത്യയശാസ്ത്ര പിടിവാശികൾ ഉപേക്ഷിച്ചുകൊണ്ട്

ഈ സംസ്ഥാനത്തെ വികസനത്തിലേയ്ക്ക് നയിക്കാൻ കഴിയുന്ന, സാമ്പത്തിക ഇച്ഛാശക്തിയിലേയ്ക്ക് നയിക്കാൻ കഴിയുന്ന പുതിയ നയങ്ങളാണ് വേണ്ടത്. ഒരു ക്രിയാത്മ പ്രതിപക്ഷമെന്ന നിലയിൽ എല്ലാ സഹകരണത്തിനും ഞങ്ങളുണ്ടാകും. ഞാൻ അതിശക്തമായി ഒരേയൊരു വിയോജിപ്പ് രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മറ്റൊന്നുമല്ല, ഒരു പക്ഷെ പരിമിതികളുണ്ടാകുമെന്നത് ശരിയാണ്. പക്ഷെ കോവിഡിന്റെ കാലഘട്ടത്തിൽ ഇന്ന് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നത് വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനാണ്. അതിന് കുട്ടികൾക്ക് മൊബൈൽ ഫോണുകളോ ലാപ്ടോപ്പുകളോ ഇല്ല. മാത്രമല്ല, ഒരു ഇടതുപക്ഷ സർക്കാർ അധികാരത്തിലിരിക്കുമ്പോൾ, പണ്ട് ജാതി വ്യവസ്ഥയിലുള്ള വ്യത്യാസമായിരുന്നെങ്കിൽ, ജാതി വകഭേദമായിരുന്നെങ്കിൽ ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന ഏറ്റവും വലിയ അനീതിയായി ഞാൻ കാണുന്നത് digital divide ആണ്. അത് എന്താണെന്ന് ഞാൻ പറയാം. ഓൺലൈൻ വിദ്യാഭ്യാസ രീതിയിലൂടെ എറണാകുളത്ത് താമസിക്കുന്ന ഒരു കുട്ടിക്ക് അവന്റെ പാഠപുസ്തകം തുറക്കാൻ ഒറ്റ ക്ലിക്ക് മതി.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..പ്ലീസ്...

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം.

മി. ചെയർമാൻ: ഇവിടെ എല്ലാവരും പാലിച്ച സമയക്രമം അങ്ങും പാലിക്കണം. അങ്ങ് മാസ്ക് ശരിയായ രീതിയിൽ ധരിക്കൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു മിനിറ്റുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒരു ടച്ചിൽ, ഒരു സെക്കൻഡിൽ അവന്റെ പാഠപുസ്തകങ്ങൾ തുറന്നുവരുമ്പോൾ, ഒരുപക്ഷെ കുഞ്ചിത്തണ്ണിയിലോ രാജാക്കാടോ ഇടുക്കിയിലെ മലമ്പ്രദേശങ്ങളിലോ താമസിക്കുന്ന കുട്ടിക്ക് അന്നത്തെ ദിവസം ഒരുപക്ഷെ അവന്റെ പാഠപുസ്തകം തുറക്കാൻ കഴിഞ്ഞില്ലെന്നിരിക്കും. നമ്മൾ ശ്രദ്ധിക്കേണ്ടിയിരുന്നത് ഈ ഡിജിറ്റൽ ഡിവൈഡ് ഇവിടെ അവസാനിപ്പിക്കാൻ വേണ്ടിയായിരുന്നു.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ഡോ. മാത്യു കുഴൽനാടൻ: സർ, മൊബൈൽ ഫോണും ലാപ്ടോപ്പുമില്ലാത്ത ധാരാളം കുട്ടികൾ സംസ്ഥാനത്തുണ്ട്. ക്രിയാത്മക പ്രതിപക്ഷമെന്ന നിലയിൽ ഞാനെന്റെ പ്രതിപക്ഷനേതാവിന്റെ അനുമതിയോടുകൂടി ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് കാര്യംകൂടി പറയുകയാണ്.

<u>മി. ചെയർമാൻ</u>: രണ്ട് മിനിട്ട് കഴിഞ്ഞു....പ്ലീസ് കൺക്ലൂഡ്...

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഈ ഓൺലൈൻ ഡിവൈഡിനുള്ള പരിഹാരം കാണുന്നില്ലെങ്കിൽ എന്റെ എല്ലാശേഷിയും ഉപയോഗിച്ച് എന്റെ മണ്ഡലത്തിൽ മൊബൈൽ ഫോണും ടി.വി.-യുമില്ലാത്ത മുഴുവൻ വിദ്യാർത്ഥികൾക്കും ഞങ്ങളുടേതായ നിലയ്ക്ക് ഇവയെല്ലാം സൗകര്യപ്പെടുത്തും.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. 2021 ജനുവരിയിൽ മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ മുഴുവൻ നിലനിർത്തി നാടാകെ മഹാമാരിയിൽപ്പെട്ട് ഉഴലുന്ന സാഹചര്യത്തിൽ കാലഘട്ടമാവശ്യപ്പെടുന്ന കൂട്ടിച്ചേർക്കലുകൾകൂടി ഉൾപ്പെടുത്തി അവതരിപ്പിച്ച ഈ ബഡ്ജറ്റ് തികച്ചും സ്വാഗതാർഹമാണ്. കേരളത്തിലെ ജനമനസ്സുകൾ ആഗ്രഹിച്ച 600 കാര്യങ്ങൾ നടപ്പിലാക്കുമെന്ന് പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്ത ഗവൺമെന്റിനെ അധികാരത്തിലെത്തിക്കാൻ വോട്ടിട്ട് വിജയിപ്പിച്ച ജനങ്ങൾക്കുമുമ്പാകെ, 2016 മേയ് 24-ന് അധികാരത്തിൽ വന്ന മുൻ ഗവൺമെന്റ് ഓരോ വർഷവും നടപ്പാക്കിയ കാര്യങ്ങൾ അക്കമിട്ട് നിരത്തി പ്രോഗ്രസ് റിപ്പോർട്ട് വിതരണം ചെയ്ത് ഒരു മാതൃക സൃഷ്ടിക്കുകയായിരുന്നു. ജനാധിപത്യമെന്ന ആശയത്തിന്റെ സൗന്ദര്യമായിരുന്നു ഓരോ പ്രോഗ്രസ് റിപ്പോർട്ടിലും ഞാൻ കണ്ടത്. ഒരു സർക്കാരിന് ജനങ്ങളോട് എത്രമാത്രം ആത്മാർത്ഥത കാണിക്കാമെന്നതിന്റെ നേർക്കാഴ്ചയായിരുന്നു ഈ മാതൃക. അഞ്ച് വർഷംകൊണ്ട് പ്രകടനപത്രികയിലെ മുഴുവൻ വാഗ്ദാനങ്ങളും നടപ്പിലാക്കി ജനവിധി തേടിയ ഗവൺമെന്റിന് വീണ്ടുമൊരു അവസരംകൂടി നൽകിയാണ് ജനങ്ങൾ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിൽ അവരുടെ കയ്യൊപ്പ് ചാർത്തിയത്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ മുഴുവൻ നടപ്പിലാക്കിയാൽ തുടർഭരണമുണ്ടാകുമെന്ന അഭിപ്രായപ്രകടനത്തെ ചിരിച്ചുതള്ളിയ മാധ്യമ വിശാരദൻമാർക്കുപോലും ഈ അഭിപ്രായം അംഗീകരിക്കേണ്ടിവന്നു. കാരണം ജനനായകൻ ജനമനസ്സുകളുമായി സംവദിക്കുന്നത് ഹൃദയംകൊണ്ടാണ്. ഈ വർഷം ജനുവരിയിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി സമഗ്രമായൊരു ബഡ്ജറ്റാണ് അവതരിപ്പിച്ചത്. തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ വോട്ട്-ഓൺ അക്കൗണ്ട് മാത്രം അവതരിപ്പിക്കുകയായിരുന്നില്ല അദ്ദേഹം ചെയ്തത്. ജനക്ഷേമ പ്രവർത്തനങ്ങളിൽ പ്രതിജ്ഞാബദ്ധരായ സർക്കാരിന്റെ ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ മറ്റൊരു ഉദാഹരണമായി ബഡ്ജറ്റ് അവതരണം മാറ്റി. നിപയും ഓഖിയും രണ്ട് പ്രളയവും കൊറോണയുടെ ഒന്നാം ഘട്ടവും നേരിട്ട സർക്കാർ, നാടാകെ ദുരന്തങ്ങളിൽ വിറങ്ങലിച്ച് നിന്നപ്പോൾ,

വിദേശ രാജ്യങ്ങളിൽനിന്നുള്ള സുമനസ്സുകളുടെ സഹായങ്ങൾക്കുപോലും വിലക്കേർപ്പെടുത്തിയപ്പോഴും അചഞ്ചലമായിനിന്ന നാടിനെ ദുരന്തമുഖങ്ങളിൽനിന്നും കരകയറ്റിയ സർക്കാരിനൊപ്പം ഒരു നാടാകെ അണിനിരന്ന കാഴ്ചയാണ് നാം കണ്ടത്.

2.00 PM]

കേന്ദ്ര നികുതി വരുമാനത്തിൽനിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരുന്ന എന്നുള്ള ബഡ്ജറ്റ് പരാമർശം ഏറെ ആശങ്കയോടെയാണ് എനിക്ക് നോക്കിക്കാണാനാകുന്നത്. അശാസ്ത്രീയമായ മാനദണ്ഡങ്ങൾ സൃഷ്ടിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നിഷേധിക്കുന്ന കേന്ദ്ര നിലപാട് പ്രതിഷേധാർഹമാണ്. ഉത്തരേന്ത്യയിലെ പലയിടങ്ങളിലും ഗോമൂത്രവും ചാണകവും പാലഭിഷേകവും നടത്തി കോവിഡിനെ പ്രതിരോധിക്കാമെന്നുള്ള തെറ്റായ സന്ദേശം പ്രചരിപ്പിക്കപ്പെടുമ്പോൾ, ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവർപോലും അന്ധവിശ്വാസങ്ങളുടെ പ്രചാരകരാകുമ്പോൾ, ഓക്സിജൻ കിട്ടാതെ ജനം പരക്കംപായുമ്പോൾ, ഓക്സിജൻ കിട്ടാക്കനിയാകുമ്പോൾ, ഇതിനെല്ലാം ബദലായി കോവിഡ് മഹാമാരിക്കാലത്തും പ്രതിസന്ധികളെ മാതൃകാപരമായി അതിജീവിച്ച് മുന്നോട്ട് പോകാൻ സാധിക്കുമെന്നുള്ള പ്രത്യാശയാണ് ഈ ബഡ്ജറ്റ് മുന്നോട്ട് വയ്ക്കുന്നത്. രണ്ടാം കോവിഡ് പാക്കേജിനായി 20000 കോടി രൂപ വകയിരുത്തിയ സർക്കാർ ആരോഗ്യ അടിയന്തരാവസ്ഥയെ അതിജീവിക്കാൻ 2800 കോടി രൂപയാണ് സംസ്ഥാനത്ത് വകയിരുത്തിയിരിക്കുന്നത്. 18 വയസ്സ് പൂർത്തിയാക്കിയ മുഴുവൻ ആളുകൾക്കും സൗജന്യ വാക്സിൻ വിതരണം ചെയ്യുന്നതിന് 1000 കോടി രൂപയും അനുബന്ധ ചികിത്സാ ഉപകരണങ്ങൾക്ക് 500 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുകയാണെന്ന പ്രഖ്യാപനം നൽകുന്ന ആശ്വാസം ഏറെ വലുതാണ്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക വിപണനത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ആരംഭിക്കുന്നതും പുതിയ അഞ്ച് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതും നമ്മുടെ നഷ്ടമായ സംസ്കൃതി വീണ്ടെടുക്കാൻ സഹായിക്കും. രാജ്യത്തെ കർഷകർ നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ്. കർഷക ബില്ലിൽ അവരുടെ ആശങ്കകൾ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. അപ്പോഴും സംസ്ഥാനത്തെ കർഷകരെ ഏത് പ്രതിസന്ധി ഘട്ടത്തിലും സർക്കാർ ചേർത്ത് നിർത്തിയിട്ടേയുള്ളൂ. നശിച്ചുപോകുന്ന വിളകളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നു, കോവിഡ് പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ വിറ്റഴിക്കാനാകാത്ത കർഷകരുടെ പാൽ സംഭരിച്ച് പാൽപ്പൊടി ഫാക്ടറി സ്ഥാപിക്കുന്നു. ആശങ്കകൾ രൂപപ്പെടുമ്പോഴും പരിഹാര മാർഗ്ഗവും നടപ്പിലാകുന്നു. തികച്ചും അഭിനന്ദനാർഹമായ നിർദ്ദേശമാണത്.

അഞ്ച് വർഷങ്ങൾക്ക് മുൻപ് പകർച്ചപ്പനി ബാധിച്ച കാലത്ത് മരുന്നും പഞ്ഞിയും നൽകാൻ കഴിയാത്ത ആശുപത്രികളെക്കുറിച്ച് വാർത്തകൾ വന്നിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ കെട്ടകാലം ഇനി ഓർമ്മ മാത്രമാകുകയാണ്. പൊതുവിദ്യാലയങ്ങളിൽ പഠിച്ച് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സിച്ച് ജീവിക്കാം എന്ന ഉറപ്പാണ് ഈ ബഡ്ജറ്റിലൂടെ സർക്കാർ അടിവരയിടുന്നത്. ഏറെ പിന്നാക്കം നിൽക്കുന്ന നിർദ്ധനരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിന് ഉതകുന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ലാപ്ടോപ്പും ട്യൂഷൻ ഗ്രാന്റും ഫീസും പോക്കറ്റ് മണിയും എന്നുവേണ്ട എല്ലാ സഹായധനവും ഉണ്ടെങ്കിലും അതെല്ലാം നിഷേധിച്ച് കുടിശ്ശികയിട്ട മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മുണ്ട് മുറുക്കിയുടുത്ത് ജീവിച്ച് വിദ്യാഭ്യാസം പൂർത്തിയാക്കേണ്ടി വന്ന ഗതികേടാണ് പട്ടികജാതി യുവതീയുവാക്കൾ നേരിട്ടത്. എന്നാൽ അഞ്ച് വർഷംകൊണ്ട് അവരുടെ അവസ്ഥ മാറ്റി. അവർക്ക് ആത്മവിശ്വാസം കൈവന്നിരിക്കുന്നു. സ്വപ്നങ്ങൾ കാണാൻ, കണ്ട സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ അവരോടൊപ്പം ഒരു സർക്കാരുണ്ട്. 100 സംരംഭകർക്ക് 10 ലക്ഷം രൂപ വീതം ധനസഹായം നൽകി മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുകയാണ്. നിലവിലെ പദ്ധതികളെല്ലാം നിലനിർത്തി നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണിത്. ദാരിദ്ര്യവും പട്ടിണിയും അറിഞ്ഞ് വളർന്നവർക്ക് മറ്റുള്ളവന്റെ പട്ടിണി മാറ്റാനായി ഒരുപാട് കാര്യങ്ങൾ ചെയ്യാനാകും. കല-സാഹിത്യ-സാംസ്കാരിക മേഖലകളിൽ കഴിവ് തെളിയിച്ച പട്ടികജാതി വിഭാഗങ്ങളിലെ 1500 പ്രതിഭകൾക്ക് തുടർ പരിശീലനത്തിന് ഓരോ ലക്ഷം രൂപ വീതം നൽകുന്ന 'പ്രതിഭാ പിന്തുണ പദ്ധതി' ജീവിത ക്ലേശങ്ങൾക്കിടയിൽ കലയെ ഉപേക്ഷിക്കേണ്ടി വരില്ല എന്ന ഉറപ്പാണ് നൽകുന്നത്.

അതിദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് പ്രാഥമികമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗാർഹിക ജോലികളുടെ കാഠിന്യം കുറയ്ക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സ്മാർട്ട് കിച്ചൺ പദ്ധതി അടുക്കളയിൽ ദിവസത്തിന്റെ ഭൂരിപക്ഷവും ചെലവഴിക്കുന്ന വീട്ടമ്മമാർ സ്വപ്നം കണ്ടതിലും അപ്പുറത്തുള്ളതാണ്. പാചകവാതകത്തിനും നിത്യോപയോഗ സാധനങ്ങൾക്കും വില വർദ്ധിപ്പിക്കുന്ന കേന്ദ്ര നയത്താൽ ബുദ്ധിമുട്ടുന്ന വീട്ടമ്മമാർക്ക് ആശ്വാസമാണ് ഈ പദ്ധതി. കേരളത്തിന് കേരളത്തിന്റെ മാതൃകയായ കുടുംബശ്രീ വഴി അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന നോളജ് ഇക്കോണമി മിഷൻ ആരംഭിക്കുന്നു. 60 കോടി രൂപയായിരുന്ന കുടുംബശ്രീയുടെ പ്രത്യേക പാക്കേജ് 100 കോടി രൂപയാക്കിയതും സാമ്പത്തിക പുനരുജ്ജീവനത്തിന് വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾക്ക് 1000 കോടി രൂപ വായ്പ ലഭ്യമാക്കി 5 ലക്ഷം രൂപ വരെയുള്ള

വായ്പകൾ 4 ശതമാനം പലിശ ഇളവും ലഭ്യമാക്കി അവതരിപ്പിച്ച ബഡ്ജറ്റ്, വനിതാക്ഷേമത്തിനും സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുംവേണ്ടി അവതരിപ്പിക്കപ്പെട്ട ഈ ബഡ്ജറ്റ്, ഇടത് ബദൽ ബഡ്ജറ്റാണ്. അങ്ങനെ സമസ്ത ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ച ജനകീയ ബഡ്ജറ്റാണിത്. ഫാസിസം അതിന്റെ എല്ലാ ശക്തിയുമെടുത്ത് നമ്മുടെ മണ്ണിനെ, സംസ്കാരത്തെ, ഭാഷയെ, സാഹോദര്യത്തെ, എന്തിന് നമ്മുടെ ഭക്ഷണത്തേയും കവർന്നെടുത്ത് ഇരുട്ടായി പടരുമ്പോൾ ലോകത്തിനുതന്നെ പ്രതീക്ഷയായ ഈ വെളിച്ചത്തെ വീണ്ടും ആളിക്കത്തിച്ച ഈ കേരള ജനതയ്ക്ക് ആശ്വാസമുണ്ടാക്കുന്നതാണ് ഈ ബഡ്ജറ്റ്. അതുപോലെതന്നെ ചെറുകിട സൂക്ഷ്മ സംരംഭങ്ങൾക്ക് 20 കോടി രൂപ അനുവദിച്ചതിൽ ഏറെ സന്തോഷമുണ്ട്. ആറ്റിങ്ങൽ മണ്ഡലത്തിൽ കാൽ നൂറ്റാണ്ടുകാലം അടച്ചിട്ടിരുന്ന സ്റ്റീൽ ഫാക്ടറി ഇച്ഛാശക്തിയുള്ള കഴിഞ്ഞ സർക്കാർ തുറന്ന് പ്രവർത്തിപ്പിച്ചു. പരിശീലനകേന്ദ്രം ഇവിടെ ആരംഭിച്ചു. നിരവധി യുവതീയുവാക്കൾ പുതിയ തൊഴിൽ സംരംഭം ലഭ്യമാകുമെന്ന പ്രതീക്ഷയിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. തീർത്തും നിരാശാജനകമായ ഈ ബഡ്ജറ്റ്, മല എലിയെ പ്രസവിച്ചു എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്, അതിന് സമാനമാണ്. തുഞ്ചത്താചാര്യന്റെ മണ്ണിന്, കർഷക പ്രധാനമായ ഞങ്ങളുടെ തിരൂരിന് ധാരാളം ആവശ്യങ്ങളുണ്ട്. അവ ഇവിടെ എണ്ണിയെണ്ണി പറയാൻ ഞാൻ മുതിരുന്നില്ല. പൂർത്തിയാകാതെ കിടക്കുന്ന മൂന്ന് പാലങ്ങൾ, കഷ്ടപ്പെടുന്ന കർഷകർ, ഭീതിയിലായ തീരവാസികൾ, നാട്ടിൽവന്ന് തിരിച്ചുപോകാനാകാതെ കഴിയുന്ന പ്രവാസികൾ അങ്ങനെ അനവധി പ്രശ്നങ്ങൾ. അതിനിടയിൽ നമ്മുടെ മുൻപിലേയ്ക്ക് വന്ന ഈ ബഡ്ജറ്റ് കേരളത്തിന്റെ പ്രതിശീർഷ കടം പെരുകിക്കൊണ്ടേയിരിക്കുന്ന എന്നതിന്റെ ബോധ്യപ്പെടുത്തലാണ്. പുതിയ നികുതികളില്ലായെങ്കിലും നികുതിയേതര അരിയർ 12434 കോടി രൂപയാണ് (17.9 ശതമാനം). ഒരു ഇടതുപക്ഷ സർക്കാരായിട്ടും വ്യവസായ സമൂഹത്തിൽനിന്നും അത് വാങ്ങിയെടുക്കാൻ ഒരു വാക്കുപോലും ഇതിൽ പറഞ്ഞിട്ടില്ല. ഭീരുത്വമോ കോർപ്പറേറ്റുകളുമായുള്ള അവിശുദ്ധ ബന്ധമോ; സംസ്ഥാനത്തിന് മൊത്തം മൂല്യവർദ്ധനയിൽ 2013-14 വർഷത്തിൽ കാർഷിക മേഖലയുടെ പങ്ക് 56.6 ശതമാനമായിരുന്നു. എന്നാൽ 2019-20-ൽ എത്തിയപ്പോൾ അത് 53.2 ശതമാനമായി ചുരുങ്ങി. കന്നുകാലികളുടെ എണ്ണത്തിൽ ഏറെ കുറവുണ്ടായി. കർഷകരുടെയും കാർഷിക മേഖലയുടെയും ക്ഷേമത്തിനുള്ള ചെലവ് 2014-15-ൽ

735.6 കോടി രൂപയായിരുന്നു. എന്നാൽ 2019-20-ൽ എത്തിയപ്പോൾ അത് 435.9 കോടി രൂപയായി കുറഞ്ഞു. 40.25 ശതമാനത്തിന്റെ കുറവ്. അനിമൽ ഹസ്ബൻഡറിയുടെ കാര്യവും മറിച്ചല്ല. 277 കോടി രൂപയിൽനിന്ന് 150 കോടിരൂപയായി ഇക്കാലയളവിൽ ചുരുങ്ങി. 45.85 ശതമാനത്തിന്റെ കുറവ്.

കർഷകർക്ക് വാഗ്ദാനങ്ങൾ മാത്രം പോര. അവ പ്രായോഗികവൽക്കരിക്കുക കൂടി വേണം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അതുണ്ടായോ; എന്തായിരുന്നു കഴിഞ്ഞ കാലത്തെ മുഖ്യവാഗ്ദാനം? ഇവിടെ വാഗ്ദാനങ്ങളെല്ലാം പാലിച്ചുവെന്ന് അപ്പുറത്തുള്ള അംഗങ്ങൾ പറയുന്നത് കേട്ടു. കഴിഞ്ഞ വർഷത്തെ പ്രധാനപ്പെട്ട രണ്ട് വാഗ്ദാനങ്ങൾ, അഞ്ച് വർഷത്തിന് വിലവർദ്ധനവ് ഉണ്ടാകില്ലെന്നും കർഷകരുടെ ഉൽപ്പന്നങ്ങൾ മതിയായ വിലയ്ക്ക് സംഭരിച്ച് അവരെ സഹായിക്കുമെന്നുമായിരുന്നു. ഇതുരണ്ടും നടന്നോയെന്ന് പരിശോധിക്കണം. 2016-ൽ അധികാരത്തിൽ വന്നപ്പോൾ സർക്കാരിന്റെ പ്രഥമ ബഡ്ജറ്റിൽ നാളികേരം എല്ലാ പഞ്ചായത്തുകളിലും സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കുമെന്ന് പ്രഖ്യാപിച്ചു. എന്നാൽ കേരളത്തിലെ കർഷകരിൽനിന്ന് നാളികേരം സംഭരിക്കാനുള്ള സംവിധാനം അന്ന് അവസാനിപ്പിക്കുന്ന ബഡ്ജറ്റായിരുന്നു അത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നാളികേരം സംഭരിച്ചതേയില്ല. ഇതാണോ കഴിഞ്ഞ ഗവൺമെന്റ് വാഗ്ദാനം പാലിച്ചുവെന്ന് പറയുന്നത്? അതിനുമുൻപ് കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് 292 കൃഷി ഭവനുകളിലൂടെ നാളികേരം സംഭരിക്കാൻ ആദ്യമായി തീരുമാനമുണ്ടായി. അപ്പോൾ മുഴുവൻ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കണമെന്നുപറഞ്ഞ് സമരം നടത്തിയ സംഘടന അധികാരത്തിൽ വന്നപ്പോഴുള്ള സംവിധാനം കൂടി ഇല്ലാതെയാക്കുകയാണ് ചെയ്തത്. എല്ലാ മേഖലയുടെയും സ്ഥിതി ഇതുതന്നെയായിരുന്നു. നെല്ല് സംഭരണത്തിന്റെ കാര്യവും മറിച്ചല്ല. സംഭരിച്ചതിന്റെ 500 കോടിയോളം രൂപ ഇന്ന് കൊടുക്കാൻ ബാക്കി നിൽക്കുകയാണ്. നെല്ല് നശിച്ചുപോകുന്നു. കൊയ്ത്ത ഉടനെ സംഭരിക്കാൻ സംവിധാനമില്ല. മില്ലുടമകളുടെ താൽപ്പര്യം മാത്രമാണ് സർക്കാർ സംരക്ഷിക്കുന്നത്. സർക്കാരിന്റെ പ്രഖ്യാപനങ്ങൾ പലപ്പോഴും ഇരുട്ടടിയായിപ്പോലും മാറുന്നൊരു സാഹചര്യമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റിൽ നാളികേരത്തിന്റെ വില 30 രൂപയായി ഉയർത്തിയെന്ന പ്രഖ്യാപനമുണ്ടായി. നാട്ടിൽ ഒരു കിലോ നാളികേരത്തിന് 48 രൂപ ലഭിക്കുന്ന കാലമായിരുന്നു. രണ്ട് ദിവസംകൊണ്ട് നാളികേരത്തിന്റെ വില ഇടിഞ്ഞു, 38 രൂപയായി ചുരുങ്ങി. അങ്ങനെ കർഷകരെ ദ്രോഹിക്കുന്ന നടപടിയാണ് ഈ സർക്കാർ ചെയ്തുവന്നത്. റബ്ബറിന്റെ കാര്യവും മറിച്ചല്ല. 170 രൂപ പ്രഖ്യാപിച്ചപ്പോൾ 175-നും അപ്പുറം വില കിട്ടുന്ന സന്ദർഭമായിരുന്നു. അതിന്റെ

വില പിടിച്ചുനിർത്തുകയാണ് ചെയ്തത്. വ്യാപാരികളെ സഹായിക്കാൻ ഇത്രമാത്രം താൽപ്പര്യം കാണിക്കേണ്ടതുണ്ടോ? മൊറട്ടോറിയം പ്രഖ്യാപിച്ച് കർഷകരെ ദ്രോഹിച്ചു; ഒരു ആനുകൂല്യവും കൊടുത്തില്ല. ആറോ-ഏഴോ തവണ നീട്ടി, അതിന്റെ പലിശകൂടി കർഷകർക്ക് ഭാരമായി മാറുന്നൊരു സാഹചര്യമുണ്ടായി. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് എം. വി. രാഘവൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കിട്ടിയിരുന്ന ഒരു ആനുകൂല്യമുണ്ടായിരുന്നു, സ്വർണ്ണം പണയംവച്ച് സഹകരണ ബാങ്കുകളിലൂടെയും മറ്റും കാർഷിക വായ്പയെടുക്കാനുള്ള ആനുകൂല്യം. ഈ ആനുകൂല്യം തടയാൻ റിസർവ് ബാങ്കിന് കത്തെഴുതിയ ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. റിസർവ് ബാങ്ക് ഗവർണ്ണറെ കണ്ട് ഈ ആനുകൂല്യം തടഞ്ഞു. ഇപ്പോൾ കെ.സി.സി. (കിസ്സാൻ ക്രെഡിറ്റ് കാർഡ്) മുഖേന മാത്രമേ വായ്പ കൊടുക്കാൻ പാടുള്ളൂവെന്ന് നിഷ്കർഷയുണ്ടായി. കെ.സി.സി. മുഖേന ഒരു സെന്റിന് 1,000 രൂപ മാത്രമാണ് കിട്ടുന്നത്. വെറ്റില കർഷകരുള്ള നാടായ തിരൂരിൽ നിന്നാണ് ഞാൻ വരുന്നത്. അഞ്ചോ പത്തോ സെന്റിൽ കൃഷി ചെയ്താൽ ഒരു കുടുംബത്തിന് ജീവിക്കാൻ കഴിയും. പത്ത് സെന്റിന് പതിനായിരം രൂപ മാത്രമാണ് ഇന്ന് വായ്പ കിട്ടുക. പത്ത് സെന്റിൽ കൃഷി ചെയ്യാൻ ഒരു ലക്ഷത്തോളം രൂപ വേണം. ഈ രീതിയിൽ കർഷകരെ സഹായിക്കാൻ കഴിയാത്ത, അവരെ ദ്രോഹിക്കുന്ന നയമാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഉണ്ടായത്. കുറേ സ്മാരകങ്ങൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു, ഈ സഭയുടെ നാഥനായിരുന്ന, സഭാനേതാവായിരുന്ന മുൻ മന്ത്രി സി. എച്ച്. മുഹമ്മദ് കോയ സാഹിബിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സി.എച്ച്. ചെയറിൽ അതിനുള്ള സൗകര്യങ്ങൾ ഒരുക്കി ഒരു വലിയ ലൈബ്രറി സ്ഥാപിക്കാനുള്ള അനുബന്ധ ചെലവുകൾക്ക് സർക്കാർ പണം കണ്ടെത്തണമെന്ന് ആവശ്യപ്പെടുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട അംഗത്തിന്റെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, എനിക്ക് രണ്ട് മിനിട്ടുകൂടി സമയം അനുവദിക്കണം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ ഒരു തുടർഗവൺമെന്റ് ആദ്യമായി കേരളത്തിൽ വന്നുവെന്നാണ് പറഞ്ഞത്. അത് ശരിയല്ല, ഇത് നാലാമത് വരുന്ന സർക്കാരാണ്. ഐക്യമുന്നണിയുടെ സർക്കാർ, അച്ചുതമേനോന്റെ ഭരണകാലത്ത് രണ്ടു തവണയും, കരുണാകരന്റെ ഭരണകാലത്തും ഇത് ആവർത്തിച്ചിട്ടുണ്ട്. ജി.എസ്.ടി. പ്രഖ്യാപിച്ചത് വേണ്ടത്ര ഗൃഹപാഠം ചെയ്യാതെയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ...... (മൈക്ക് ഓഫ്)........

<u>ശ്രീ. എം. വിജിൻ</u>: സർ, പതിനഞ്ചാം കേരള നിയമസഭയിലേയ്ക്ക് കല്യാശ്ശേരിയിൽ നിന്ന് തെരഞ്ഞെടുത്ത ഒരംഗം എന്ന നിലയിൽ ഏറെ അഭിമാനത്തോടുകൂടിയാണ് ഞാൻ ഈ സഭയെ അഭിസംബോധന ചെയ്യുന്നത്. രണ്ടാം പിണറായി സർക്കാരിനുവേണ്ടി കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. സർവ്വതലസ്പർശിയായ, വികസനവും ക്ഷേമവും ഉറപ്പുവരുത്തിയ ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഇന്ത്യയിലെ രാഷ്ട്രീയ സ്ഥിതിയും കോവിഡ്-19 മഹാമാരിയും കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ നിലപാട് ഉയർത്തിപ്പിടിക്കുന്ന ഒരു ബഡ്ജറ്റാണ് അവതരിപ്പിക്കപ്പെട്ടത്. സാധാരണക്കാരന് കരുതലും കേരളത്തിന്റെ വികസനത്തിനുമുതകുന്ന ഒരു ബഡ്ജറ്റ് തന്നെയാണ് അവതരിപ്പിക്കപ്പെട്ടതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കോവിഡിനോടുള്ള പോരാട്ടം ശക്തമായി തുടരുന്നുവെന്നതിന്റെ പ്രഖ്യാപനം കൂടിയാണ് 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെരഞ്ഞെടുപ്പിന് മുൻപുതന്നെ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി യൂണിവേഴ്സിറ്റി വിദ്യാർത്ഥികളോട്, വിദ്യാഭ്യാസ വിദഗ്ദ്ധരോട് സംവദിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ആ യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനും അതോടൊപ്പം തൊഴിൽമേഖലയെ ശക്തിപ്പെടുത്തുന്നതിനും നടത്തിയ നോളജ് ഇക്കോണമി മിഷൻ പ്രഖ്യാപനം ഒരു യുവാവെന്ന നിലയിൽ വളരെ അഭിമാനത്തോടുകൂടി ഞാൻ നോക്കിക്കാണുകയാണ്. അഞ്ച് വർഷംകൊണ്ട് വീടിനും വീട്ടിന് തൊട്ടടുത്തും 20 ലക്ഷം പേർക്ക് ആഗോള തൊഴിൽ ദാതാക്കളിൽനിന്ന് തൊഴിൽ ലഭിക്കാനുള്ള അവസരം ഈ ബഡ്ജറ്റിന്റെ ഭാഗമായി ഉണ്ടായിയെന്നുള്ളത് ഏറെ അഭിമാനത്തോടുകൂടി കാണുകയാണ്. ലോക ക്ലാസ്സിക് രചനകളിൽ അത്യുജ്ജ്വലമായൊരു കൃതിയാണ് വിക്ടർ ഹ്യൂഗോയുടെ പാവങ്ങൾ. പാവങ്ങളുടെ ശരിയായ സന്ദേശമെന്താണെന്ന് ചോദിച്ചപ്പോൾ ഹ്യൂഗോ അതിന് നൽകിയ മറുപടി വിശക്കുന്നവന് ഭക്ഷണവും, ആശ്രയവും നൽകുന്നതാണ് യഥാർത്ഥ മാനവികത എന്നാണ്. വിശക്കുന്നവന് ഭക്ഷണവും ആശ്രയവും നൽകുന്ന പദ്ധതികൾ മുന്നോട്ട് വയ്ക്കുന്ന, നാടിന്റെ വികസനത്തിന് വെളിച്ചം പകരുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ആ ബഡ്ജറ്റിനെ പ്രതിപക്ഷം കണ്ണടച്ച് എതിർക്കുന്നതിൽ ഒട്ടും അത്ഭുതം എനിക്ക് തോന്നുന്നില്ല.

നാടിന്റെ വികസനത്തിന് തുരങ്കംവച്ച ചരിത്രമാണ് കോൺഗ്രസ്സ് നയിക്കുന്ന മുന്നണിക്ക് പറയാനുള്ളത്. കേരളത്തിന്റെ വികസന മുന്നേറ്റത്തിന്, ലോകം വാഴ്ത്തിയ കേരള മോഡലിന് അടിത്തറ പാകിയ ഒന്നാം ഇ.എം.എസ്. മന്ത്രിസഭയെ കുപ്രസിദ്ധമായ വിമോചന സമരം നടത്തി പുറത്താക്കിയവരാണ് നിങ്ങളെന്ന് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. കുടിയിറക്ക് നിരോധന ഓർഡിനൻസിനെ എതിർത്തവരായിരുന്നില്ലേ നിങ്ങൾ; വിദ്യാഭ്യാസ ബില്ലിനെയും കർഷകത്തൊഴിലാളി പെൻഷനെയും എതിർത്തവരല്ലേ നിങ്ങൾ? ജനകീയാസൂത്രണ പദ്ധതിയെ എതിർത്തവർ, അധികാരത്തിൽ വന്നാൽ പാവങ്ങൾക്ക് വീട് കൊടുക്കുന്ന ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന് പറഞ്ഞവർ, കേരളത്തിന്റെ വികസനത്തിൽ മുഖ്യപങ്ക് വഹിച്ച, കേരളത്തിന്റെ ഇടതുസർക്കാരിന്റെ ഒരു വലിയ മിഷനായി മുന്നോട്ട് വച്ച കിഫ്ബിയെ നിർത്തലാക്കുമെന്ന് പറഞ്ഞവർ, കുടുംബശ്രീയെ തകർക്കാൻ ജനശ്രീ തുടങ്ങിയവർ, മാവേലി സ്റ്റോർ ഇല്ലാതാക്കാൻ വാമനസ്റ്റോർ തുടങ്ങാൻ പിൻതുണ കൊടുത്തവർ, കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക് പാഠപുസ്തകംപോലും കൊടുക്കാത്തവർ, കേരളത്തിന്റെ പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ തീരുമാനിച്ചവർ, ഇങ്ങനെ പുറകോട്ട് നയിക്കാൻ നിങ്ങൾ നടത്തിയ കുതന്ത്രങ്ങളുടെ പട്ടിക പാതിരാവരെ പറഞ്ഞാലും തീരില്ല. ഇതെല്ലാം ജനങ്ങൾ കാണുന്നുണ്ട്. കഴിഞ്ഞ 5 വർഷം പിണറായി സർക്കാർ നടപ്പിലാക്കിയ ജനക്ഷേമ പദ്ധതികളോടെ ഈ നാട് മുന്നേറിയില്ലേ? ദാരിദ്ര്യം സർവ്വസാധാരണമായ ഒരു പഴയകാലം പോയില്ലേ, ഇനിയും അപൂർവ്വമായി പല കാരണങ്ങളാലുള്ള അതിദാരിദ്ര്യം ഇല്ലാതാക്കുമെന്ന് രണ്ടാം പിണറായി സർക്കാർ പ്രഖ്യാപിച്ചു. വാക്ക് വെറുംവാക്കല്ലെന്ന് തെളിയിച്ച സർക്കാരിന്റെ പേരായി പിണറായി വിജയൻ സർക്കാർ മാറിയില്ലേ? ചെയ്യുന്നത് പറയുക, പറയുന്നത് ചെയ്യുക, അത് കേരളത്തിന്റെ കരുത്തനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഈ നാട്ടിലെ ജനതയ്ക്ക് കാട്ടിത്തന്നില്ലേ? കോവിഡ് സാഹചര്യത്തിൽ കേരളത്തിലെ മനുഷ്യർ പട്ടിണി കിടക്കരുതെന്ന് ഉറപ്പിച്ച് മുടങ്ങാതെ ഭക്ഷ്യകിറ്റ് നൽകിയതും ഈ സർക്കാരാണ്. ദുരന്തങ്ങൾ തൊട്ടറിഞ്ഞുകൊണ്ട് ദുരിതങ്ങളിൽ അലിവ് കാണിക്കുന്ന സർക്കാരെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടപ്പോഴാണ് മഹാഭൂരിപക്ഷത്തോടുകൂടി ചരിത്രത്തിൽ ആദ്യമായി ഇടതുപക്ഷത്തിന് തുടർഭരണം, പിണറായി സർക്കാരിനെ കേരളത്തിലെ ജനങ്ങൾ വീണ്ടും തെരഞ്ഞെടുത്തത്.

എന്തേ വീണ്ടും നിങ്ങൾ പ്രതിപക്ഷത്തായി? നിങ്ങൾ ഇപ്പോഴും പലകാര്യങ്ങളിലും തർക്കിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ആത്മപരിശോധന നടത്തണം, എന്താണ് നിങ്ങളുടെ പരാജയത്തിന് കാരണം? നിങ്ങളുടെ

നിലപാടുകളുടെ സത്യസന്ധതയില്ലായ്മയാണ് നിങ്ങളുടെ പരാജയത്തിന് കാരണമെന്ന് നിങ്ങൾ തിരിച്ചറിയണം. നിങ്ങൾ ചോദ്യംചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. താമരയിൽ വിരിഞ്ഞ ഭരണത്തെക്കുറിച്ചൊക്കെ പ്രതിപക്ഷത്തുനിന്ന് ചില അംഗങ്ങൾ ഇവിടെ ആക്ഷേപം പറയുന്നതുകേട്ടു. ഇന്ത്യയുടെ മതനിരപേക്ഷത തകർക്കപ്പെട്ടിരിക്കുന്നു. അതിനെ സംരക്ഷിക്കാൻ, ഏറ്റവും വലിയ മതേതര പാർട്ടിയെന്ന് സ്വയം പ്രഖ്യാപിച്ച നടക്കുന്ന നിങ്ങൾ എന്താണ് ചെയ്തിട്ടുള്ളത്? 19 പേരെ ഈ കേരളത്തിൽ നിന്ന് നിങ്ങൾ പാർലമെന്റിലേയ്ക്ക് അയച്ചു. മതനിരപേക്ഷത സംരക്ഷിക്കാൻ ആ 19 പേർ എന്ത് ഇടപെടലാണ് നടത്തിയത്? ചരിത്രം നോക്കണം, ഗോവിന്ദവല്ലഭ പന്ത് മുതൽ നരസിംഹറാവു വരെയുള്ള കോൺഗ്രസ്സിന്റെ ഭരണാധികാരികൾ സ്വീകരിച്ച മൃദുഹിന്ദുത്വ നയങ്ങളാണ് ബാബറി മസ്ജിദ് തകർത്ത് ബി.ജെ.പി.-ക്ക് വളർന്നുവരാനുള്ള സാഹചര്യം രാജ്യത്ത് ഒരുക്കിയത്. പള്ളി തകർക്കുന്നതിന് നരസിംഹറാവു നൽകിയ സഹായങ്ങൾ എൽ. കെ. അദ്വാനി അദ്ദേഹത്തിന്റെ ആത്മകഥയിൽ നന്ദിപൂർവ്വം സ്മരിക്കുന്നുണ്ട്. ബാബറി മസ്ജിദ് തകർത്ത് നിർമ്മിക്കുന്ന രാമക്ഷേത്രത്തിന് 11 വെള്ളി ഇഷ്ടിക അയച്ചുകൊടുത്ത വരായിരുന്നില്ലേ നിങ്ങൾ; ശ്രീമതി പ്രിയങ്കാ ഗാന്ധിയുടെ സമീപനമെന്തായിരുന്നു? ഈ രാമക്ഷേത്രവുമായി ബന്ധപ്പെട്ട സമീപനമെന്താണെന്നത് ഇന്ത്യ കണ്ടതല്ലേ; ഇന്ത്യ ചർച്ച ചെയ്തതല്ലേ? പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധിയെ നിങ്ങൾ വയനാട് കൊണ്ടുവന്ന് മത്സരിപ്പിച്ചു. അദ്ദേഹം റോഡ് ഷോ നടത്തിയപ്പോൾ ലീഗിന്റെ പച്ചക്കൊടി എന്തേ നിങ്ങൾ മാറ്റിവയ്ക്കാൻ പറഞ്ഞു? ആരെ ഭയന്നാണ് നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധി പങ്കെടുത്ത പരിപാടിയിൽ ലീഗിന്റെ പച്ചക്കൊടി മാറ്റിവയ്ക്കാൻ പറഞ്ഞത്? ഹിന്ദുത്വഭീകരതയുടെ ബുൾഡോസർ ഇന്ത്യൻ ജനതയെ ചവച്ചരച്ച് മുന്നോട്ട് പോകുമ്പോൾ അതിനെ മാലയിട്ട് സ്വീകരിച്ചവരാണ് നിങ്ങളെന്ന് ഈ രാജ്യത്തെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഗ്വാട്ടിമാലയിലെ വിപ്ലവകാരി ഓട്ടോറിനെ കാസില്ലായുടെ വരികൾ നാമെല്ലാം ഏറ്റുപറയാറുണ്ടല്ലോ? ഒരു ദിവസം എന്റെ രാജ്യത്തെ ഏറ്റവും ദരിദ്രരായ ജനങ്ങളാൽ നിങ്ങൾ ചോദ്യം ചെയ്യപ്പെടും. ഏകാന്തവും ചെറുതുമായ ഒരു ജ്വാലപോലെ രാജ്യം എരിഞ്ഞുകൊണ്ടിരിക്കുമ്പോൾ എന്തു ചെയ്യുകയായി രുന്നുവെന്ന് നിങ്ങൾ ചോദ്യം ചെയ്യപ്പെടും. തീർച്ചയായും ഇന്ത്യയുടെ വർഗ്ഗീയതയുടെ എരിതീയിലേയ്ക്ക് വലിച്ചെറിയുമ്പോൾ നിങ്ങൾ എന്തു ചെയ്യുകയായിരുന്നുവെന്ന് കോൺഗ്രസ്സ് ചോദ്യം ചെയ്യപ്പെടും. നിങ്ങൾ നിങ്ങളുടെ നയമാണ് തിരുത്തേണ്ടത്, നിങ്ങൾ ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു, താമരയിൽ വിരിഞ്ഞ ഭരണത്തെക്കുറിച്ച് പറഞ്ഞു, കേരളം കണ്ടതല്ലേ; കേരളം ചർച്ച ചെയ്തതല്ലേ? വോട്ടിന്റെ കണക്കുകളൊന്നും ഞാൻ ഇവിടെ നിരത്തിപോകുന്നില്ല. തണ്ട് ഒടിഞ്ഞുനിന്ന താമരയെ നിങ്ങളുടെ കൈപ്പത്തിയിൽ ചേർത്തുവച്ച് കരുത്ത് പകരാൻ ശ്രമിച്ചപ്പോൾ എല്ലാം തകർന്നു വീണതല്ലേ? 99 പേർ ഞങ്ങളും

41 പേരായി നിങ്ങളും അവിടെയിരിക്കുന്ന സാഹചര്യമുണ്ടായതിന്, വോട്ടിന്റെ കണക്കുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ നിയമസഭ മുമ്പാകെ പറഞ്ഞിട്ടുണ്ട്. 35 സീറ്റ് കിട്ടിയാൽ ഭരിക്കുമെന്ന് ബി.ജെ.പി.-യുടെ അദ്ധ്യക്ഷൻ പറഞ്ഞത് ആരെ കണ്ടിട്ടാണ്? അത് ഇന്ത്യയുടെ ചരിത്രമെടുത്ത്, ഏറ്റവുമൊടുവിൽ പുതുച്ചേരിയുടെ ചരിത്രമെടുത്ത് നോക്കിയാലറിയാം. നിങ്ങളെ വിശ്വസിക്കാൻ കൊള്ളില്ലെന്ന് കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞപ്പോഴാണ് 99 സീറ്റിൽ നമുക്ക് ചരിത്രവിജയം കേരളത്തിലെ ജനങ്ങൾ സമ്മാനിച്ചത്. സമീപകാല ചരിത്രങ്ങളിലൊന്നും സമാനതകളില്ലാത്ത വികസനത്തെയാണ് ഈ കേരളം സാക്ഷ്യം വഹിച്ചത്. ഈ സർക്കാർ തുടർന്നാൽ അന്താരാഷ്ട്ര നിലവാരമുള്ള സൗകര്യങ്ങൾ യാഥാർത്ഥ്യമാക്കുമെന്ന് ജനങ്ങൾ തിരിച്ചറിയുന്നു. നിങ്ങൾ പല നിലയിലുള്ള ചർച്ചകൾ ആഗോളവത്കരണത്തെക്കുറിച്ചും ഉദാരവത്കരണത്തെക്കുറിച്ചും മഹാത്മാഗാന്ധിയെക്കുറിച്ചും പറയുന്നുണ്ട്. മഹാത്മാഗാന്ധി കണ്ട സർവ്വോദയം ഈ നാട്ടിൽ നടപ്പിലാക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ഈ രാജ്യത്തിന്റെ ചരിത്രം, 1947 മുതൽ ഈ രാജ്യം ഏറ്റവും കൂടുതൽ കാലം ഭരിച്ചവർ നിങ്ങളാണ്. ഈ രാജ്യത്തെ പാവങ്ങൾക്കായി നിങ്ങൾ എന്തുചെയ്തു? ഇവിടെ പ്രതിപക്ഷത്തുനിന്നും പലരും ചർച്ച ചെയ്തത് ഞാൻ ശ്രദ്ധിച്ചപ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വിലക്കയറ്റത്തെക്കുറിച്ച് ഒരു ആശങ്കയും ആരും പറയുന്നുണ്ടായിരുന്നില്ല. പെട്രോളിന്റെ വിലനിയന്ത്രണം കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുത്തവർ, ഈ രാജ്യത്തെ പൂർണ്ണമായും കോർപ്പറേറ്റുകളുടെ കയ്യിലേയ്ക്ക് വച്ചുകൊടുത്ത് രാജ്യത്തെ പട്ടിണിപ്പാവങ്ങളെ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിട്ടവരാണ് നിങ്ങൾ. അതുകൊണ്ടുകൂടിയാണ് ജനങ്ങൾ വിശ്വാസത്തിലെടുക്കാത്തത്. തീർച്ചയായും പിണറായി സർക്കാർ കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം നടത്തിയിട്ടുള്ള സമാനതകളില്ലാത്ത ഇടപെടലുകൾ നാല് മിഷനുകളിൽക്കൂടി നടത്തി; ലൈഫ് മിഷനിലൂടെ വീട് കൊടുത്തു, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പൊതു വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തി, ആർദ്രം പദ്ധതിയിലൂടെ ആരോഗ്യമേഖലയെ ശക്തിപ്പെടുത്തി. അങ്ങനെ മിഷനുകളിലൂടെ കേരളത്തിലെ പാവപ്പെട്ടവന്റെ കണ്ണീരൊപ്പിയ ഒരു സർക്കാരായി പിണറായി വിജയൻ സർക്കാർ മാറിയപ്പോഴാണ് കേരളജനതയ്ക്ക് വീണ്ടും ഈ സർക്കാർതന്നെ അധികാരത്തിൽവരണമെന്ന ആഗ്രഹമുണ്ടായത്. ആ വിശ്വാസം യാഥാർത്ഥ്യമാക്കുന്ന രണ്ടാം പിണറായി സർക്കാരും കേരളത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ വേണ്ടി പോകുന്നു. നമ്മുടെ നാട് പഴയതിനേക്കാൾ കരുത്തുറ്റതാകും, നവകേരളമാകും എന്ന പ്രഖ്യാപനം നടത്തിയ ഒരു ബഡ്ജറ്റുകൂടിയാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. തീർച്ചയായും അതിന് കരുത്തുപകരുന്ന രണ്ടാം പിണറായി സർക്കാരിന്റെ പ്രവർത്തനങ്ങൾ ഇവിടെ കാണാൻ സാധിക്കുമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിനെ സന്തോഷപൂർവ്വം ഞാൻ പിന്താങ്ങുന്നു. ഈ ബഡ്ജറ്റ് ഒരു കമ്മ്യൂണിസ്റ്റ് ബദലാണ്, ഇടതുപക്ഷ ബദലാണ്. ആരോഗ്യ, സാംസ്കാരിക, വിദ്യാഭ്യാസ, കാർഷിക, തൊഴിൽ മേഖലകളിൽ കേന്ദ്രഗവൺമെന്റിന്റെയും കോൺഗ്രസിന്റെയും നവ ലിബറൽ നയത്തിനും വർഗ്ഗീയ ഫാസിസത്തിനും എതിരായുള്ള ഇടതുപക്ഷ ബദലാണ് ഈ ബഡ്ജറ്റ്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവച്ച പ്രകടനപത്രികയിലെ തൊണ്ണൂറ് ശതമാനം കാര്യങ്ങളും പൂർത്തീകരിച്ച വിജയമാണ് ഇടതുപക്ഷത്തിന്റേത്. സമൂഹത്തിന്റെ, ജനങ്ങളുടെ സംരക്ഷണമാണ്, സുരക്ഷിതത്വമാണ് ഇടതുപക്ഷ ഗവൺമെന്റ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിയത്. ഇതിനെ അതിന്റേതായ വിജയമായാണ് ഞങ്ങൾ കാണാൻ ആഗ്രഹിക്കുന്നത്. റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാൻഡിലും ഷെഡ്ഡുകളിലും തെരുവോരങ്ങളിലും അന്തിയുറങ്ങിയ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ രണ്ടര ലക്ഷം വീട് അനുവദിച്ച് പൂർത്തീകരിക്കപ്പെടുകയും നാളെകളിൽ ബഡ്ജറ്റിലൂടെ ഒന്നരലക്ഷം പേർക്ക് വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും അനുവദിച്ചുകൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റാണിത്. ഇവിടെ ജനിച്ചുവീഴുന്ന ഓരോ കുട്ടിയും കടക്കാരനാണെന്നും സഖാവ് പിണറായി വിജയനുണ്ടാക്കിയ കടമാണെന്നും ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിക്കുകയുണ്ടായി. ഈ കാലഘട്ടം മുഴുവൻ നല്ലൊരു ശതമാനം കേന്ദ്രം ഭരിച്ചിട്ടുള്ളത് ആരാണെന്ന് ചോദിച്ചാൽ അത് കോൺഗ്രസുകാരാണെന്ന് പറയാൻ കഴിയും. പത്ത് ശതമാനം വരുന്ന ടാറ്റ, ബിർള, ഗോയെങ്ക, അംബാനി, ചതുർവേദിമാർ ശിവ് നാടാർ, രാധാകൃഷ്ണ ദമാനി ഉൾപ്പെടെ ഇന്ന് വാക്സിൻ നിർമ്മാതാവായിട്ടുള്ള Cyrus S. Poonawalla വരെ വളർത്തിയെടുത്തിട്ടുണ്ടെങ്കിൽ, ഈ പത്ത് ശതമാനം പേർ പാവപ്പെട്ട ജന വിഭാഗങ്ങളിൽ തൊണ്ണൂറ് ശതമാനം പേരുടെ സ്വത്തുക്കൾ കയ്യടക്കിയിട്ടുണ്ടെങ്കിൽ, ഇന്ന് ഇന്ത്യയിൽ ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും പതിനായിരം രൂപ കടക്കാരനായി മാറിയിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദിത്വം പറയേണ്ടത് കോൺഗ്രസ്സുകാരാണ്, അന്ന് ഭരിച്ചിരുന്ന നരസിംഹറാവു മുതൽ മൻമോഹൻസിംഗ് ഉൾപ്പെടെയുള്ളവരുടെ ഉത്തരവാദിത്വമാണ്. ഇന്ന് കടക്കെണിയിലേയ്ക്ക് ഇന്ത്യയെ കൊണ്ടു വന്നിട്ടുണ്ടെങ്കിൽ; പാവപ്പെട്ട ജനവിഭാഗങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് കോൺഗ്രസ്സുകാരാണ് ഉത്തരവാദികൾ.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. എസ്. സുപാൽ]

ഞങ്ങൾ പാവപ്പെട്ടവർക്ക് വീടുണ്ടാക്കാനും ഭക്ഷണം കൊടുക്കാനും വിദ്യാഭ്യാസം കൊടുക്കാനും ആരോഗ്യം നൽകാനുമാണ് കടക്കാരായത്. അല്ലാതെ പത്ത് ശതമാനം വരുന്ന ബൂർഷ്വാസികൾക്ക് ഇന്ത്യൻ രാജ്യത്തെ തീറെഴുതിക്കൊടുക്കാനല്ല. ആരോഗ്യമേഖലയിലും വിദ്യാഭ്യാസമേഖലയിലും കൂടുതൽ ഫണ്ട് ചെലവഴിക്കപ്പെട്ടിട്ടുണ്ട്; അത് യാഥാർത്ഥ്യമാണ്, ഞങ്ങൾ അത് നിഷേധിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നിങ്ങൾ സാമ്പത്തിക നയത്തിലൂടെ ചെയ്ത തെറ്റ് തിരുത്താൻ തയ്യാറായില്ലെങ്കിൽ പാവപ്പെട്ട ജനങ്ങളോട് മാപ്പുപറയണമെന്നാണ് ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നത്. വേട്ടനായ്ക്കളോട് ഒരു നേരത്തെ ആഹാരത്തിനുവേണ്ടി കടിപിടികൂടി റൊട്ടി മോഷ്ടിച്ചതിന് ദുർഗുണ പരിഹാര പാഠശാലയിലെത്തിച്ചിട്ടുണ്ടെങ്കിൽ അതിന് നിങ്ങളാണ് ഉത്തരവാദികൾ. പാവപ്പെട്ടവന്റെ പട്ടിണി മാറ്റാനുള്ള ഭക്ഷണമാണ് ഞങ്ങൾ കൊടുത്തത്. പൊതുവിതരണ സമ്പ്രദായത്തിലൂടെ കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്കെല്ലാം ഭക്ഷണം എത്തിച്ചുകൊടുക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. കിറ്റ് കൊടുത്തപ്പോൾ കുറ്റം പറഞ്ഞു, കിറ്റ് കൊടുത്തത് ദാരിദ്ര്യം മാറ്റാനാണ്. ലോക്ഡൗൺ കാലഘട്ടങ്ങളിൽ വീടുകളിലിരിക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഞങ്ങളുടെ ആർ.ആർ.ടി. (Rapid Response Team) മുഖാന്തരവും കിറ്റ് സപ്ലൈകോ വഴിയും മാവേലി സ്റ്റോറുകൾ വഴിയും നൽകിയിട്ടുണ്ട്. പ്രളയകാലഘട്ടങ്ങളിൽ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഭക്ഷണം കൊടുത്തപ്പോൾ അത് തിരിച്ചുകൊടുക്കണമെന്ന് പറഞ്ഞ കേന്ദ്രസർക്കാരിനെ തിരായുള്ള ബദൽ തന്നെയാണ് ഭക്ഷ്യസുരക്ഷയിലൂടെ കേരളത്തിലും നടപ്പിലാക്കാൻ ശ്രമിച്ചത്. കേന്ദ്ര സർക്കാരിനെതിരായുള്ള ബദൽ സൃഷ്ടിക്കാൻ ഇടതുപക്ഷ ബദൽ തന്നെയാണ് നടപ്പിലാക്കിയതെന്ന് നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തന്റേതെന്ന് സ്വയം വിശ്വസിക്കുകയും തന്റേതല്ലാത്ത ഭൂമിയിൽ താമസിക്കുകയും അവകാശമെല്ലാം നിഷേധിക്കപ്പെടുകയും ചെയ്ത ഒരുലക്ഷം പേർക്കാണ് കഴിഞ്ഞ സർക്കാർ പട്ടയം നൽകിയത്. എന്നാൽ ഇരുപതിനായിരം പാവപ്പെട്ടവർക്കുവേണ്ടി പട്ടയം നൽകാനാണ് സർക്കാർ തീരുമാനമെടുത്തത്. എല്ലാ വില്ലേജുകളിലും അതിന്റെ സേവനം സ്മാർട്ടാക്കാൻ സർക്കാർ ബഡ്ജറ്റിലൂടെ തീരുമാനമെടുത്തിരിക്കുകയാണ്. 54 കൊല്ലമായി തീരാത്ത റീസർവ്വേ നടപടി ഡിജിറ്റലൈസ് ചെയ്ത് പൂർത്തീകരിക്കാൻ ഫണ്ട് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാൻ ആഗ്രഹിക്കുകയാണ്.

മണ്ണെണ്ണ വെളിച്ചത്തിലേയ്ക്ക് നാം തിരിച്ചുപോകാൻ പോകുകയാണ്. ഇലക്ട്രിസിറ്റി ഭേദഗതി ബില്ലിലൂടെ വൈദ്യുതി വിതരണ മേഖല സ്വകാര്യ മുതലാളിമാർക്ക് നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണമല്ലേ ബഹുമാനപ്പെട്ട എം. എം. മണി സഖാവിലൂടെ കേരളത്തിലുണ്ടായത് എന്നകാര്യം നാം തിരിച്ചറിയണം. ഇവിടെയാണ് നിങ്ങൾ

ഇന്നലെകളിൽ പാവപ്പെട്ടവന് എന്താണ് ചെയ്തതെന്ന് തിരിച്ചറിയപ്പെടേണ്ടത്. ഈ കൊച്ചുകേരളത്തെ ലോകം മുഴുവൻ ഉറ്റുനോക്കിയില്ലേ? എവിടെയാണ് ഈ കേരളമെന്ന് കോവിഡ് കാലഘട്ടങ്ങളിൽ തിരിച്ച് അന്വേഷിച്ചവരുണ്ട്. അമേരിക്ക, ഇറ്റലി, ഫ്രാൻസ് ഉൾപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങളെല്ലാംതന്നെ തകർന്നടിഞ്ഞു വീണപ്പോൾ മരണങ്ങളുടെ എണ്ണം വർദ്ധിച്ചുവന്നപ്പോൾ, കൊച്ചു കേരളം പിടിച്ചുനിന്നു. കോവിഡിനെ പ്രതിരോധിക്കുന്ന രീതിയിലൊക്കെ എങ്ങനെയാണ് മാറ്റപ്പെട്ടതെന്ന് പാഠപുസ്തകങ്ങളിൽ പഠിക്കുന്നതുപോലെ മറ്റ് മുതലാളിത്ത രാജ്യങ്ങൾ പഠിക്കുന്ന സാഹചര്യങ്ങളിലേയ്ക്ക് കേരളത്തെ കൊണ്ടുവരാൻ നമുക്ക് സാധിച്ചു. ഈ കോവിഡ് കാലഘട്ടങ്ങളിൽ അതിന്റെ ഒന്നാം വരവിനെയും രണ്ടാം വരവിനെയും മൂന്നാം വരവിനെയും നമ്മൾ പ്രതിരോധിക്കുകതന്നെ ചെയ്യുമെന്നതിൽ യാതൊരു സംശയവും വേണ്ട. അതിന് എല്ലാവരുടെയും കൂട്ടായ്മയാണ് വേണ്ടത്. തീർച്ചയായും പ്രതിപക്ഷത്തിന്റെയും ഈ സമൂഹത്തിന്റെ ഒറ്റക്കെട്ടായ കൂട്ടായ്മയിലൂടെയും തന്നെയാണ് ഇതിനെ പ്രതിരോധിക്കാൻ സാധിച്ചിട്ടുള്ളത് എന്ന കാര്യത്തിൽ യാതൊരു സംശയവും ഞങ്ങൾക്കില്ല. കേരളത്തിന്റെ പൊതുജനാരോഗ്യം വീക്ഷിക്കുന്ന ആർക്കും ഇവിടത്തെ വൈദ്യശാസ്ത്രം തന്ന സംഭാവനകളെ തിരിച്ചറിയാൻ കഴിയും. നമ്മുടെ വിദ്യാഭ്യാസപരമായ നേട്ടങ്ങൾ അതിന്റെ പിന്നിലുണ്ട്. ആരോഗ്യമേഖലയിൽ ഇടപെട്ടതായിട്ടുള്ള നേട്ടങ്ങളുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെയും ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയന്റെയും ശക്തമായ ഇടപെടലുകളെല്ലാംതന്നെയാണ് ഈ നാട്ടിൽ മരണസംഖ്യ കുറയ്ക്കാൻ സാധിച്ചതും വാക്സിനേഷൻ കേരളത്തിൽ കൂടുതൽ നടക്കുന്നുവെന്നുള്ളതും ഈ ലോകത്ത് തിരിച്ചറിയുന്ന കാര്യങ്ങൾ തന്നെയാണ്. ഇപ്പോൾ 20000 കോടി രൂപയുടെ കോവിഡ് പാക്കേജാണ് ആരോഗ്യമേഖലയ്ക്ക് നൽകിയിട്ടുള്ളത്. ആദ്യം ആരോഗ്യം, അതുതന്നെയാണ് ഈ സർക്കാർ ഉന്നയിക്കുന്നത്. നിങ്ങൾ പറഞ്ഞു, ഫണ്ട് കൂടുതൽ ചെലവഴിക്കപ്പെട്ടുവെന്ന്, അത് ശരിയാണ്. ആരോഗ്യമേഖലയിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടങ്ങളിൽ 36944 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്. അതിന്റെ നേട്ടങ്ങളും ഈ കോവിഡ് കാലഘട്ടങ്ങളിലുണ്ട്. യു.ഡി.എഫ്-ന്റെ കാലഘട്ടങ്ങളിൽ 21000 കോടിരൂപ മാത്രമേ ആരോഗ്യ മേഖലയിൽ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ എന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങളെ ആർക്കെങ്കിലും കുറച്ചുകാണിക്കാൻ സാധിക്കുമോ? 140 മണ്ഡലങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളുകളില്ലെന്ന് നിങ്ങൾക്ക് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ആക്കിയില്ലേ? എല്ലാ ക്ലാസ് മുറികളും ഹൈടെക്കാക്കി മാറ്റുന്ന രീതിയിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിൽ ലോകത്തിന്റെ അറിവുകളെല്ലാം കൊച്ചുകുട്ടികളുടെ വിരൽത്തുമ്പിലേയ്ക്ക് കടന്നുവരുന്നതും അവരുടെ അറിവ് വർദ്ധിക്കുന്നതുമെല്ലാം നാം

ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചകളാണ്. വലിയ മാറ്റമല്ലേ വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ളത്? ലോകം മുഴുവൻ വിറങ്ങലിച്ചുനിന്നപ്പോഴും ഇന്റർനെറ്റ് സംവിധാനങ്ങളിലൂടെയും മൊബൈൽ ഫോണിലൂടെയും വിക്ടേഴ്സ് ചാനലിലൂടെയും പഠിക്കാനുള്ള അവസരങ്ങളല്ലേ വിദ്യാർത്ഥികൾക്ക് ഈ സർക്കാർ ഉണ്ടാക്കിക്കൊടുത്തത്? സാംസ്കാരികപരമായ വലിയ മാറ്റമാണത്. വിദ്യാഭ്യാസ മേഖലയിൽ ഞങ്ങൾ ബദലാണ്. വർഗ്ഗീയപരമായ പഞ്ചതന്ത്രം പഠിപ്പിക്കുന്നതിലൂടെ വരേണ്യവർഗ്ഗത്തെ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന് ബദലായിട്ടുതന്നെയാണ് ഇടതുപക്ഷം മതേതരത്വ ബദലായി വിദ്യാഭ്യാസ മേഖലയെ കാണാൻ ആഗ്രഹിക്കുന്നത്. പിന്നാക്ക വിഭാഗത്തെ പരിഗണിക്കപ്പെടുന്നുണ്ടോയെന്നാണ് സംശയിക്കുന്നത്. സ്വകാര്യമേഖലയിൽ സംവരണം വേണമെന്ന് ആഗ്രഹിക്കുമ്പോൾ, പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റഴിക്കപ്പെടുമ്പോൾ പുറന്തള്ളപ്പെടുന്ന ഒരു സമൂഹം, ഏറ്റവും പിന്നാക്കം നിൽക്കുന്ന അധഃസ്ഥിത ജനവിഭാഗങ്ങൾ നമ്മുടെ മുന്നിലുണ്ട്. അവരെ മുന്നോട്ട് കൊണ്ടുവരുന്നതിനുള്ള വലിയ പ്രവർത്തനങ്ങളാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഗവൺമെന്റും നടത്തിയത്. അടിമത്തത്തിലേയ്ക്കും ജാതീയതയിലേയ്ക്കും ഈ സമൂഹത്തെ തിരിച്ച് കൊണ്ടുവരാൻ ശ്രമിക്കുന്നവർക്കെതിരായുള്ള വലിയ പോരാട്ടത്തിലേയ്ക്കാണ് ഞങ്ങൾ പോകുന്നത്. ഡൽഹി തെരുവോരങ്ങളിലെല്ലാം സമരം ചെയ്യുന്ന പാവപ്പെട്ട കർഷകർ, പിഞ്ചുകുഞ്ഞുങ്ങളെ എടുത്തുകൊണ്ട് രക്തസാക്ഷികളാകുന്ന അമ്മമാർ, അറുന്നൂറോളം പേർ മരണത്തിലേയ്ക്കുപോയ സാഹചര്യങ്ങളുണ്ടായി. ആസിയാൻ കരാറിലൂടെ പാവപ്പെട്ട ജനവിഭാഗങ്ങളെ, കർഷകരെ ഇല്ലായ്മ ചെയ്തത് കോൺഗ്രസുകാരാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിജീവനത്തിനുവേണ്ടി പോരാടുന്ന കർഷകർക്കൊപ്പമാണ് ഇടതുപക്ഷം. കൃത്യമായി താങ്ങുവില കൊടുത്തുകൊണ്ട്, കർഷക ക്ഷേമബോർഡ് രൂപീകരിച്ചുകൊണ്ട് കർഷക സമൂഹത്തെ സംരക്ഷിക്കുന്ന, പ്രഖ്യാപിച്ചതെല്ലാം നടപ്പാക്കുന്ന ഇടതുപക്ഷം ഒരു ബദലാണ്. കേന്ദ്ര സർക്കാരിന്റെയും യു.ഡി.എഫ്.-ന്റെയും സാമ്പത്തിക നയങ്ങൾക്കുള്ള കൃത്യമായ ബദലാണ് ഈ സർക്കാരിന്റെ ഇന്നത്തെ ഈ ബഡ്ജറ്റെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്" എന്ന് നമ്മളെ പഠിപ്പിച്ച, ജാതീയതയ്ക്കെതിരായി പോരാടിയ ശ്രീനാരായണഗുരുവിന് സാംസ്കാരിക സമുച്ചയം സൃഷ്ടിച്ച സർക്കാരാണിത്. "ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്" എന്നുപറഞ്ഞ, പന്തിഭോജനം നടത്തിയ സഹോദരൻ അയ്യപ്പന് സാംസ്കാരിക സമുച്ചയം സൃഷ്ടിച്ചുകൊണ്ട്, നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി വില്ലുവണ്ടി സമരം നടത്തിയ അയ്യങ്കാളിക്ക് സ്മാരകം സൃഷ്ടിച്ചുകൊണ്ട്, ജാതീയതയിലേയ്ക്കും മനുസ്മൃതിയിലേയ്ക്കും ഈ സമൂഹത്തെ കൊണ്ടുചെന്നെത്തിക്കാൻ ശ്രമിക്കുന്നവർക്കെതിരായുള്ള അതിശക്തമായ സാംസ്കാരിക ബദലായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്, നിർത്തുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച, ആരോഗ്യത്തിനും ഭക്ഷണത്തിനും പ്രാമുഖ്യം നൽകുന്ന, ജനങ്ങൾക്ക് ആത്മവിശ്വാസവും കരുത്തും നൽകുന്ന, കോവിഡാനന്തര കാലത്തെ പ്രത്യേകതകൾക്കനുസരിച്ച് എല്ലാ മേഖലകളും സംരക്ഷിക്കാനുതകുന്ന അവസരോചിതമായ നിർദ്ദേശങ്ങളടങ്ങുന്ന ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. മഹാമാരിയിൽനിന്നും പ്രജകളെ രക്ഷിക്കുന്നതിനായി ഭഗവാൻ ശ്രീകൃഷ്ണൻ ഗോവർദ്ധനഗിരി കയ്യിലുയർത്തിയത് മഹാഭാരതകഥയിൽ ഞാൻ വായിച്ചിട്ടുണ്ട്. അതുപോലെ, കോവിഡ് മഹാമാരിക്കാലത്ത് കേരള ജനതയെ രക്ഷിക്കാൻ സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റ് ഉയർത്തിയ ഗോവർദ്ധനഗിരിയാണ് ധനകാര്യ വകുപ്പുമന്ത്രി സഖാവ് കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്, ബി.ജെ.പി. സർക്കാരുകളിൽനിന്നും തികച്ചും വ്യത്യസ്തമായി ജനങ്ങളും അവരുടെ ആരോഗ്യവുമാണ് നാടിന്റെ സമ്പത്തെന്നുകണ്ട് അതിന് പ്രഥമ പരിഗണന ബഡ്ജറ്റിലൂടെ നൽകിയിരിക്കുകയാണ്. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം പാക്കേജ് പ്രഖ്യാപിച്ചത് ഒരു ചെറിയ കാര്യമാണോയെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രതിസന്ധികാലത്ത് ഒരു പൈസപോലും നികുതി വർദ്ധിപ്പിക്കാതെ ജനങ്ങൾക്കുവേണ്ടി ഒരു ജനകീയ ബഡ്ജറ്റ് അവതരിപ്പിക്കാൻ ദീർഘവീക്ഷണമുള്ള ഈ സർക്കാരിനല്ലാതെ ആർക്ക് കഴിയും? ഇക്കാലത്ത് യു.ഡി.എഫ്. ആണ് ഭരണത്തിലുണ്ടായിരുന്നതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ഓർക്കാൻപോലും കഴിയുന്നില്ല. വാക്സിൻ എല്ലാവർക്കും സൗജന്യമായി നൽകുമെന്ന് ആദ്യം പ്രഖ്യാപിച്ചത് കേരള സർക്കാരാണ്. 18 വയസ്സുമുതൽ 45 വയസ്സുവരെയുള്ളവർക്ക് വാക്സിൻ നൽകുന്നതിനായി ഈ ബഡ്ജറ്റിൽ പതിനായിരം കോടി രൂപയാണ് നീക്കിവച്ചത്. കേരളത്തിലെ മാത്രമല്ല, ശ്രീ. നരേന്ദ്ര മോദിയുടെ ഗുജറാത്തിൽനിന്നും ശ്രീ. യോഗി ആദിത്യനാഥിന്റെ യു.പി.-യിൽനിന്നും വന്ന് ഇവിടെ ജോലി ചെയ്യുന്ന യുവാക്കൾക്കുകൂടി ഇത് പ്രയോജനപ്പെടുത്താമെന്നത് ചെറിയ കാര്യമല്ല. യു.ഡി.എഫ്.-ന്റെ നേതാക്കന്മാർക്ക് സമയം കിട്ടുമ്പോൾ മറ്റുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുകൾക്ക് കേരളത്തിന്റ മാതൃക ഒന്ന് ഉപദേശിക്കാൻ കഴിഞ്ഞാൽ അത് വളരെ നന്നായിരിക്കുമെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. പൊതുകടം ആകാശംമുട്ടെ ഉയർന്നിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം എപ്പോഴെങ്കിലും ഡൽഹിയിൽ പോകുകയാണെങ്കിൽ അദ്ദേഹത്തിന്റെകൂടി നേതാവായ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരത്തോട് ഇക്കാര്യങ്ങൾ ചർച്ച

ചെയ്യണമെന്നാണ് അദ്ദേഹത്തോട് പറയാനുള്ളത്. ഏതാനും ദിവസം മുമ്പ് ഈ വിഷയവുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞത്, ആവശ്യത്തിന് പണം കടമെടുക്കണം, അല്ലെങ്കിൽ നോട്ട് അടിച്ചിറക്കി അതുകൊണ്ട് കാര്യങ്ങൾ നടത്തണം എന്നാണ്. മറ്റൊരു കാര്യം, അതിശക്തമായി യു.ഡി.എഫ്. തിരിച്ചുവരുമെന്നാണ് അദ്ദേഹം പറയുന്നത്. ഈ രീതിയിലാണ് യു.ഡി.എഫ്. പോകുന്നതെങ്കിൽ, എന്റെ മുമ്പിലിരിക്കുന്ന ശ്രീ. എം. എം. മണിയുടെ വാക്കുകൾ കടമെടുത്താൽ "ഹോ! ഇവരൊരുപാട് തിരിച്ചുവരും" എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. സി.പി.ഐ.(എം.)-ബി.ജെ.പി. കൂട്ടുകെട്ടിന്റെ ഉല്പന്നമാണ് ഈ സർക്കാരെന്ന് പുതിയ പ്രതിപക്ഷനേതാവും പഴയ പ്രതിപക്ഷനേതാവും ഇവിടെ പറഞ്ഞിരുന്നു. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചാണ് ഇനി സൂചിപ്പിക്കാനുള്ളത്. മുൻ പ്രതിപക്ഷനേതാവ് ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആ ദയനീയാവസ്ഥയിൽ ആ മുഖത്തുനോക്കി ഇത് പറയേണ്ടിവന്നാൽ എനിക്ക് ഔചിത്യബോധത്തിന്റെ പ്രശ്നമുണ്ടാകുമായിരുന്നു. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല, മറ്റാരെങ്കിലും അദ്ദേഹത്തിന് ഇത് പറഞ്ഞുകൊടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുകയും പച്ചനുണ തട്ടിവിടുകയും ചെയ്യുകയാണോ പ്രതിപക്ഷത്തിന്റെ ധർമ്മം? ഞാൻ ഈ സഭയിൽ കന്നിക്കാരനാണ്. കുറേ ദിവസമായി ഇവിടെ നടന്ന ചർച്ചകളും അവരുടെ വാഗ്വാദങ്ങളുമൊക്കെ കേട്ടപ്പോൾ, അവർ എന്തടിസ്ഥാനത്തിലാണ് അങ്ങനെ പറയുന്നതെന്ന് എനിക്ക് ബോധ്യമാവുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രിയെക്കുറിച്ച് എന്തെല്ലാം ആക്ഷേപങ്ങളാണ് ഒരടിസ്ഥാനവുമില്ലാതെ അവർ ഇവിടെ ഉന്നയിച്ചത്; ഇപ്പോൾ കുഴൽപ്പണ പ്രശ്നത്തിൽ ഉൾപ്പെട്ട ശ്രീ. കെ. സുരേന്ദ്രൻ എന്ന ബി.ജെ.പി. നേതാവല്ലേ സത്യത്തിൽ മുൻകാലത്തെ നമ്മുടെ പ്രതിപക്ഷ നേതാവിന്റെ ഗുരു. അദ്ദേഹം വിളമ്പുന്നതൊക്കെ വാരി ഭക്ഷിക്കലായിരുന്നില്ലേ കഴിഞ്ഞ അഞ്ച് വർഷക്കാലം ഇവർ ചെയ്തത്; അങ്ങനെയുള്ളവരാണ് ഇപ്പോൾ ഇവിടെ വന്ന് ഗീർവാണ പ്രസംഗം നടത്തുന്നത്. ഈ രീതിയിലാണ് പോകുന്നതെങ്കിൽ ജനങ്ങൾ ഇവരെ എങ്ങനെ വിശ്വസിക്കും? കോൺഗ്രസിനെ ബി.ജെ.പി.-ക്ക് മൊത്തമായും ചില്ലറയായും തൂക്കിവിറ്റ ആൾക്കാരാണ്, ഔചിത്യം എന്നുപറയുന്നത് ഇവരുടെ നിഘണ്ടുവിലില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇവർ നേരെയാകില്ല. ഞാൻ ഒരു ഉദാഹരണം പറയാം, 'നീതിസാരം' എന്നുപറയുന്ന ഒരു കൊച്ചു പുസ്തകമുണ്ട്. അതിൽ ഉള്ളിയുടെ ഗുണഗണങ്ങളെ സംബന്ധിച്ച് വിവരിക്കുന്നുണ്ട്. അതെന്താണെന്ന് അറിയുമോ? 'കർപ്പൂര തടത്തിൽ ഉള്ളി നട്ട്, കസ്തൂരി വളവുമിട്ട്, ഏറിയ കാലം പനിനീർ കൊണ്ട് അഭിഷേകം ചെയ്താലും ഉള്ളിയുടെ ഗന്ധം മാറില്ല'ത്രേ. ആ ഉള്ളിയുടെ ഗുണമാണ് ഇവർക്കുള്ളത്, ഇവർ മാറില്ല. തീർച്ചയായും

ഇതേ പോക്കാണ് ഇവർ പോകുന്നതെങ്കിൽ, ഞങ്ങളുടെ നാട്ടിലൊരു ചൊല്ലുണ്ട്, 'ഉപ്പിലിട്ട കലംപോലെ' എന്ന് പറയുന്ന രീതിയിൽ ഈ പ്രതിപക്ഷം അലിഞ്ഞലിഞ്ഞ് ഇല്ലാതാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മഹാന്മാരായ നേതാക്കളായിരുന്ന സഖാവ് ഇ. കെ. നായനാരും ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. ടി. ശിവദാസ മേനോനുമൊക്കെ ജയിച്ചുവന്ന ഒരു മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ആളാണ് ഞാൻ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുൻ പ്രതിപക്ഷനേതാവ് പാലക്കാട് ഒരു പത്രസമ്മേളനത്തിൽ പങ്കെടുത്തപ്പോൾ എന്നെക്കുറിച്ച് പറഞ്ഞത്, തികച്ചും ദുർബ്ബലനും അപ്രശസ്തനുമായ ഒരു സ്ഥാനാർത്ഥിയെയാണ് മലമ്പുഴയിൽ നിർത്തിയിരിക്കുന്നത്, ഇത് ബി.ജെ.പി.-ക്ക് വോട്ട് കച്ചവടം നടത്താനാണ് എന്നാണ്. സമയക്കുറവുകൊണ്ട് അതിന്റെ ഒരു പരിണിത ഫലം മാത്രം ഞാൻ പറയാം. താങ്കളുടെ പ്രശസ്തനായ കോൺഗ്രസ്സ് സ്ഥാനാർത്ഥിയും ഞാനും തമ്മിലുള്ള വോട്ടിന്റെ വ്യത്യാസം 41000 ആണ്. എനിക്ക് അവിടെ കിട്ടിയ ഭൂരിപക്ഷം 25734 ആണ്. അത് രണ്ടാം സ്ഥാനത്ത് വന്ന ബി.ജെ.പി. സ്ഥാനാർത്ഥിയും ഞാനും തമ്മിലാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ മലമ്പുഴ മണ്ഡലത്തിൽ കോൺഗ്രസ്സിന് 51000 വോട്ട് കിട്ടിയതാണ്. ഇപ്പോഴത് 35000 ആയി ചുരുങ്ങി. അദ്ദേഹം പത്രസമ്മേളനം നടത്തുമ്പോൾ 'നിങ്ങൾ പറയുന്നത് ശരിയല്ല' എന്ന് എന്റെ ബഹുമാന്യനായ സുഹൃത്ത് ഷാഫി പറമ്പിൽ എങ്കിലും ഓർമ്മപ്പെടുത്തേണ്ടതായിരുന്നു. അവർ രണ്ടാളും ഇപ്പോഴിവിടെയില്ല, എന്നാലും പറയാതിരിക്കാൻ കഴിയാത്തതുകൊണ്ട് പറയുകയാണ്. അവിടെ രണ്ടാം സ്ഥാനത്ത് വന്നത് ബി.ജെ.പി.-യാണ്. എങ്ങനെ അവർ രണ്ടാം സ്ഥാനത്ത് വന്നു? എങ്ങനെയാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് കിട്ടിയ 51000 വോട്ട് 35000 ആയി ചുരുങ്ങിയത്? ബാക്കി 16000 വോട്ട് എവിടെപ്പോയെന്ന് കോൺഗ്രസ് പരിശോധിച്ചിട്ടുണ്ടോ; എന്താണ് ഉണ്ടായതെന്നറിയാമോ? സംസ്ഥാന തലത്തിൽ ഉണ്ടാക്കിയിട്ടുള്ള കച്ചവടത്തിന്റെ ഭാഗമായി മലമ്പുഴ മണ്ഡലം ബി.ജെ.പി.-ക്ക് ഇവർ കൊടുത്തു. ആദ്യം കോൺഗ്രസിന്റെ സ്ഥാനാർത്ഥിയെപ്പോലും പ്രഖ്യാപിച്ചിരുന്നില്ല, എൽ.ജെ.ഡി. എന്നുപറയുന്ന രാഷ്ട്രീയ പാർട്ടിക്ക് സീറ്റ് കൊടുത്തു. എൽ.ജെ.ഡി. ആ സീറ്റ് വേണ്ടെന്നുപറഞ്ഞ് ഒഴിഞ്ഞു, കാരണം മലമ്പുഴയാണല്ലോ മണ്ഡലം. അവസാനം അവിടത്തെ കോൺഗ്രസുകാർ ബഹളം വച്ച് പ്രശ്നമുണ്ടാക്കി തെരുവിലിറങ്ങി പ്രകടനം നടത്തിയപ്പോൾ ആ സീറ്റ് കോൺഗ്രസിന് കൊടുത്തു. അങ്ങനെയാണ് കോൺഗ്രസിന്റെ സ്ഥാനാർത്ഥി അവിടെ മത്സരിച്ചത്. കോൺഗ്രസ് പ്രവർത്തകർ പ്രചരണ രംഗത്തിറങ്ങുന്നില്ലെന്ന് ഞാൻ തന്നെ ആ കോൺഗ്രസ് സ്ഥാനാർത്ഥിയോട് പറഞ്ഞു. കോൺഗ്രസുകാർ ബി.ജെ.പി.-യോട് കച്ചവടം

ഉറപ്പിച്ചതിന്റെ ഭാഗമായി അവർക്ക് കുറഞ്ഞ 16000 വോട്ടിൽ കുറച്ച് വോട്ട് ബി.ജെ.പി.-ക്ക് കിട്ടി, ബാക്കി വോട്ട് പ്രതിഷേധംകൊണ്ട് എനിക്ക് അരിവാൾ ചുറ്റിക നക്ഷത്രത്തിൽ അവർ ചെയ്തു. അതാണ് ആ കണക്കുകൾ കാണിക്കുന്നത്. ഇത് മനസ്സിലാക്കാതെ 'താമരയിൽ വിരിഞ്ഞ ഗവൺമെന്റ്' എന്നുപറഞ്ഞ് ഇവിടെ ഉറഞ്ഞുതുള്ളിയിട്ട് കാര്യമില്ല. ഈ വിഷയത്തെക്കുറിച്ച് പരിശോധിക്കാൻ നിങ്ങൾ തയ്യാറാകാതിരുന്നാൽ, നിങ്ങൾ എവിടെയും എത്തില്ലെന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടായില്ലെങ്കിൽ, വലിയ കുഴപ്പമാണ് ഉണ്ടാകാൻ പോകുന്നതെന്നാണ് എനിക്ക് പറയാനുള്ളത്.

മുൻ പ്രതിപക്ഷ നേതാവിന് ഒരു നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്, അദ്ദേഹം ഇവിടെയില്ല. എന്താണ് കാര്യമെന്ന് അറിയാമോ? ഒരു സ്ഥാനാർത്ഥിക്കുമെതിരായി പറയാത്ത വാചകങ്ങളാണ് മലമ്പുഴ മണ്ഡലത്തിൽ ഞാൻ സ്ഥാനാർത്ഥിയായതിനെ സംബന്ധിച്ച് അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞത്. അതിനൊരു ഗുണമുണ്ടായി. അത് മറ്റൊന്നുമല്ല, അദ്ദേഹം ഇങ്ങനെ പറഞ്ഞപ്പോൾ ഞങ്ങളുടെ ഒരു സ്ഥാനാർത്ഥിക്കും കിട്ടാത്ത ഒരു ബഹുമതി എനിക്ക് കിട്ടി. എന്താണെന്ന് അറിയാമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിൽ അഞ്ച് മിനിറ്റ് സമയം, 'നിങ്ങൾ ഏത് നാട്ടിൽ നിന്നാണ് വരുന്നത്, ഈ പ്രഭാകരനെക്കുറിച്ച് നിങ്ങൾക്കറിയാമോ?' എന്നുപറഞ്ഞ് അദ്ദേഹം എന്നെക്കുറിച്ച് പറഞ്ഞ വാക്കുകൾ എനിക്ക് ആ മണ്ഡലത്തിൽ അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിച്ചു. അതിന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവിന് പ്രത്യേകം നന്ദി അറിയിക്കുകയാണ്. കോവിഡ് കാലത്ത് കുട്ടികൾക്ക് വീട്ടിലിരുന്ന് പഠിക്കാൻ സാഹചര്യമൊരുക്കുകയും അവർ പട്ടിണി കിടക്കാതിരിക്കാൻ ഭക്ഷ്യവസ്തുക്കൾ വീട്ടിലെത്തിക്കുകയും വയോധികർക്ക് മുടങ്ങാതെ പെൻഷൻ വീടുകളിലെത്തിക്കുകയും ചെയ്ത സർക്കാർ ഇന്ത്യയിൽ എവിടെയെങ്കിലുമുണ്ടോ? കേവലം 600 രൂപ പെൻഷനുണ്ടായിരുന്നത് പതിനെട്ട് മാസം കുടിശ്ശിക വരുത്തിയവരാണ് യു.ഡി.എഫ്.-കാർ. എന്നിട്ട് ഈ സർക്കാരിനെ കുറ്റം പറയാൻ അവർക്ക് എന്താണ് അർഹത? കാർഷിക മേഖലയും വ്യവസായമേഖലയുമടങ്ങുന്ന ഒരു പ്രദേശത്തുനിന്നും വരുന്ന ഒരാളാണ് ഞാൻ. ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന, കാർഷിക മേഖലയെ സഹകരണ മേഖലയുമായി കൈകോർത്തു പിടിപ്പിക്കാനുള്ള പദ്ധതി ഏറെ ഗുണം ചെയ്യുമെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. നമുക്കറിയാം, എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴൊക്കെ തരിശ് ഭൂമിയിൽ വിളയിറക്കും, യു.ഡി.എഫ്. വന്നാൽ തരിശ് ഭൂമിയുടെ വിസ്തൃതി കൂടും. കർഷക രക്ഷയ്ക്ക് എൽ.ഡി.എഫ്. വന്നാലേ കഴിയൂ എന്ന് പരിപൂർണ്ണമായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കർഷക കേരളം പിണറായി സർക്കാരിന്റെ രണ്ടാം വരവിനെ സഹായിച്ചു എന്നുള്ളതാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ഫലം സൂചിപ്പിക്കുന്നത്.

നെല്ലിന് താങ്ങുവില 28 രൂപയാക്കി. ഉഴവുകൂലി, ഉല്പാദന ബോണസ്, വിള ഇൻഷ്വറൻസ് അങ്ങനെ എല്ലാ സബ്സിഡികളും കൃത്യമായി വിതരണം ചെയ്ത ഒരു സർക്കാരായിരുന്നു കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. ഇന്ത്യയിലെവിടെയെങ്കിലും കൃഷി ഭൂമിക്ക് റോയൽറ്റി നൽകുന്ന സംസ്ഥാനമുണ്ടോ? സമയക്കുറവുമൂലം ഞാൻ ദീർഘിപ്പിക്കുന്നില്ല, തീർച്ചയായും സഹകരണ മേഖലയിലെ നിക്ഷേപത്തെ കാർഷിക മേഖലയിലേയ്ക്ക് ഉപയോഗപ്പെടുത്തി, അതിന്റെ നൂലാമാലകളൊക്കെ തീർത്ത് കൃഷി മെച്ചപ്പെടുത്താനുള്ള പരിപാടികൾക്ക് രൂപം കൊടുത്താൽ വലിയ ഉല്പാദന വർദ്ധനവുണ്ടാകും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ബഡ്ജറ്റ് ഒറ്റനോട്ടത്തിൽ നോക്കിയപ്പോൾ അയ്യപ്പപ്പണിക്കരുടെ ആക്ഷേപഹാസ്യ കവിതയാണ് ഓർമ്മ വന്നത്.

"തലയറുത്തു കൊടുത്തു ഞാനൊരു

തൊപ്പി വാങ്ങിച്ചു;

ചെവി ചെത്തിക്കൊടുത്തു ഞാനൊരു

റേഡിയോ വാങ്ങിച്ചു;

കണ്ണ് ചൂഴ്ന്നുകൊടുത്തു ഞാനൊരു

വിളക്ക് വാങ്ങിച്ചു;

കൈകൾ വെട്ടിക്കൊടുത്തു ഞാനൊരു

വാച്ച് വാങ്ങിച്ചു;

കാൽ മുറിച്ചുകൊടുത്തു ഞാനൊരു

ചെരിപ്പ് വാങ്ങിച്ചു;

എന്നെത്തന്നെ കൊടുത്തു ഞാനൊരു

വീട് വാങ്ങിച്ചു.

തൊപ്പിയുമിട്ട്, റേഡിയോ വച്ച്,

വിളക്ക് കൊളുത്തി, വാച്ചുംകെട്ടി,

ചെരുപ്പുമിട്ട്, ഇന്നാ വീട്ടിലിരുന്ന്

ഞാനൊരു ചെറുകഥ വായിച്ചു."

ആ ചെറുകഥയാണ് സത്യത്തിൽ ഇപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്റെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ഇവിടെ അവതരിപ്പിച്ചത്. കേരളത്തിന്റെ കടബാധ്യത അത്രമേൽ വർദ്ധിച്ചിട്ടുണ്ട്. നാല് ലക്ഷം കോടി രൂപയിലേയ്ക്ക് അത് എത്തിക്കൊണ്ടിരിക്കുകയാണ്. കിഫ്ബി വഴി വരുന്ന ബാധ്യത വേറെയുമുണ്ട്. സാമ്പത്തിക യാഥാർത്ഥ്യം ഉൾക്കൊള്ളുന്നതിൽ ഈ ബഡ്ജറ്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. വാക്സിൻ വാങ്ങാനും കിറ്റ് കൊടുക്കാനും അയിഷാതാത്താന്റെ ആടിനെത്തന്നെ വിൽക്കേണ്ടിവരുന്ന കേരളത്തിൽ, നാളെ മറ്റ് അത്യാവശ്യ ചെലവുകൾക്ക് നമ്മളെത്തന്നെ വിൽക്കേണ്ടിവരും എന്നുള്ള തരത്തിലേയ്ക്ക് കാര്യങ്ങൾ പോവുകയാണ്. 20000 കോടി രൂപയുടെ കോവിഡ് പാക്കേജ് എന്നാണ് കഴിഞ്ഞ തവണ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറഞ്ഞത്. ഇന്ന് പുതിയ ധനകാര്യ വകുപ്പുമന്ത്രിയും 20000 കോടി രൂപയുടെ കോവിഡ് പാക്കേജിനെക്കുറിച്ച് പറയുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ 20000 കോടി രൂപയിൽനിന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് നോക്കേണ്ടതുണ്ട്. കരാറുകാരുടെ കുടിശ്ശികയും ക്ഷേമപെൻഷനും കൂട്ടിക്കൊണ്ടാണ് അത് കോവിഡ് പാക്കേജായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് വളരെയധികം തമാശ നിറഞ്ഞ ഒരു പ്രഖ്യാപനമായിരുന്നു. ബഡ്ജറ്റിലെ ഏറ്റവും വലിയ പ്രഖ്യാപനമായിരുന്നു ജനങ്ങൾക്ക് നേരിട്ട് നൽകുമെന്ന് പ്രഖ്യാപിച്ച 8900 കോടി രൂപയുടെ പാക്കേജ്. Direct Benefit Transfer എന്നുപറഞ്ഞുകൊണ്ട് വലിയ രീതിയിൽ കയ്യടി നേടിയ ഒരു പ്രഖ്യാപനമായിരുന്നു അത്. ഇപ്പോൾ അത് നേരിട്ട് ജനങ്ങൾക്ക് നൽകിയിട്ടില്ല. എന്തിനാണ് ജനങ്ങളെ ഇങ്ങനെ കബളിപ്പിക്കുന്നത്? ന്യൂനപക്ഷ ക്ഷേമവകുപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റെടുത്തുവെന്ന് പറഞ്ഞപ്പോൾ അതിൽ എന്തോ അത്ഭുതം നടക്കുമെന്നാണ് ഞങ്ങളൊക്കെ പ്രതീക്ഷിച്ചത്, എന്നാൽ ഒന്നുമുണ്ടായില്ല. എന്നുമാത്രമല്ല, 2016-ൽ യു.ഡി.എഫ്. സ്ഥാനമൊഴിയുമ്പോൾ 107 കോടി രൂപയായിരുന്നു ന്യൂനപക്ഷക്ഷേമ വകുപ്പിനുവേണ്ടി നീക്കിവച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് അഞ്ച് കൊല്ലം ഭരിച്ചപ്പോൾ അത് ചുരുക്കിച്ചുരുക്കി 42 കോടി രൂപയിലേയ്ക്ക് ഒതുക്കിയിരിക്കുകയാണ്. അതുപോലെ, യശഃശരീരരായ കെ. ആർ. ഗൗരിയമ്മ, ആർ. ബാലകൃഷ്ണപിള്ള, കെ. എം. മാണി എന്നിവരുടെ പേരിലൊക്കെ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ കോടിക്കണക്കിന് രൂപ നീക്കിവച്ചിരിക്കുകയാണ്. അതോടൊപ്പം, കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥാപകനുമായിരുന്ന, ആഭ്യന്തരം, വിദ്യാഭ്യാസം തുടങ്ങി എല്ലാ വകുപ്പുകളും കൈകാര്യം ചെയ്തിട്ടുള്ള സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പേരിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലുള്ള സി. എച്ച്. ചെയറിന് ഒരു കെട്ടിടം പണിയുന്നതിനുവേണ്ടി രണ്ട് കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കരിപ്പൂർ വിമാനത്താവളം ഒരു ഓർമ്മയായി മാറുന്നതിനുമുമ്പ്, അതിനെ രക്ഷിക്കാൻവേണ്ട നടപടി ഈ സർക്കാർ ഏറ്റെടുക്കണം. കരിപ്പൂർവിമാനത്താവള വികസനം സർക്കാർ മുഖ്യ അജണ്ടയായിത്തന്നെയെടുക്കണം. ഇന്ത്യയിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ സർക്കാരിന് ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കിക്കൊടുക്കുന്ന, കേരളത്തിന്റെ പൊതുമേഖലയിലുള്ള ഏക എയർപോർട്ടാണ് കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട്. എന്നാൽ കഴിഞ്ഞ അഞ്ച് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അങ്ങോട്ട് തിരിഞ്ഞുനോക്കിയിട്ടില്ല. ഒരു റോഡ് പോലും അവിടെ നന്നാക്കിയിട്ടില്ല, അതിനുവേണ്ടി ഒരു നയാപൈസ പോലും മാറ്റിവച്ചിട്ടുമില്ല. എന്നാൽ റോഡ് നിർമ്മാണത്തിനുവേണ്ടിമാത്രം 5000 കോടി രൂപ വകയിരുത്തിയ എയർപോർട്ടുകൾവരെയുണ്ട്. പക്ഷെ കാലിക്കട്ടിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. അവിടെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റും വൈഡ് ബോഡി വിമാനങ്ങളും തിരിച്ചുകൊണ്ടുവരുന്ന കാര്യത്തിലും ഈ ഗവൺമെന്റ് ഒന്നുകൂടി ശ്രദ്ധിക്കണം. അതോടൊപ്പം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മലബാർ ലിറ്ററി സർക്യൂട്ട് ടൂറിസം പദ്ധതിയിൽ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം ഉൾപ്പെടുത്തിയതായി കാണുന്നില്ല. അപ്പുറത്ത് വൈക്കം മുഹമ്മദ് ബഷീറും ബേപ്പൂരും, ഇപ്പുറത്ത് തുഞ്ചൻ പറമ്പും തിരൂരുമൊക്കെ വരുന്നുണ്ട്. കൊണ്ടോട്ടിയെയും മോയിൻകുട്ടി വൈദ്യരെയും സർക്കാർ മറന്നുപോയോ? കാറ്റിനുപോലും ഇശലിന്റെ ഗന്ധമുള്ള മണ്ണാണ് കൊണ്ടോട്ടി. ഇശൽ പൂത്ത വഴിയിലെ താജ്മഹലാണ് മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമി എന്നുപറയുന്നത്. കൊണ്ടോട്ടി തക്കിയാവും ഖുബ്ബയും, നെടിയിരുപ്പ് സ്വരൂപവുമെല്ലാം ഇതിനോട് ചേർത്ത് പറയാൻ സാധിക്കുന്ന ഒരു പൈതൃക നഗരമാണ് കൊണ്ടോട്ടി. മലബാർ ലിറ്ററി സർക്യൂട്ട് ടൂറിസം പദ്ധതിയിൽ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോവിഡ്മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക്, അത് വിദേശത്തുവച്ച് മരിക്കുന്നവരുടേതാണെങ്കിലും നാട്ടിൽവച്ച് മരിക്കുന്നവരുടേതാണെങ്കിലും, മുഖ്യമന്ത്രിയുടെ CMDRF-ൽനിന്ന് ഒരു ലക്ഷം രൂപവീതം നഷ്ടപരിഹാരം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് ഇവിടെ വാതോരാതെ പ്രസംഗിക്കുന്നത് കേട്ടു. ഉണ്ടായിരുന്ന കൂരപൊളിച്ചിട്ട് വീടിന് അപേക്ഷ കൊടുത്തവർ ഒട്ടനവധിയുണ്ട്. തദ്ദേശ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ധൃതിപിടിച്ചുവാങ്ങിയ ആ അപേക്ഷകളെല്ലാം ഇവിടെയുണ്ട്. ഇവരുടെ പേരുകൾ ഉൾപ്പെട്ട ഒരു ലിസ്റ്റുപോലും ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിന് അടിയന്തരമായി പരിഹാരമുണ്ടാകണം. അതുപോലെ, ശ്രീചിത്ര, ആർ.സി.സി. തുടങ്ങിയ ആശുപത്രികളിൽ പതിനെട്ട്

വയസ്സുവരെയുള്ള കുട്ടികൾക്ക് ചികിത്സ സൗജന്യമായിരുന്നു. എന്നാൽ താലോലം, ആരോഗ്യ കിരണം പോലെയുള്ള പദ്ധതികളിൽ സർക്കാർ നിയന്ത്രണം കൊണ്ടുവന്നിരിക്കുകയാണ്. ഇത് അടിയന്തരമായി പുന:പരിശോധിക്കണം. നവജാതശിശുക്കളുടെ ഹൃദയസംബന്ധമായ മേജർ സർജറികൾ ഹൃദ്യം പദ്ധതിയിലുൾപ്പെടുത്തി സ്വകാര്യ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ നടത്തിയിരുന്നു. എന്നാൽ അവരുടെ ഭീമമായ കുടിശ്ശിക സർക്കാർ തിരിച്ചടയ്ക്കാത്തതുകൊണ്ട് ഈ പദ്ധതിപോലും വഴിമുട്ടി നിൽക്കുകയാണ്. പ്രവാസികൾ ഈ നാടിന്റെ സാമ്പത്തിക, സാമൂഹിക വ്യവസ്ഥയിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. കോവിഡ് കാലത്ത് ഇവരിൽ പലരും തിരിച്ചുവന്നിട്ടുണ്ട്. പ്രവാസികൾ കേരള സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ്. കൂടെയുണ്ടെന്ന് പറയുന്നവരും, 'മക്കളേ, കയറി വരൂ' എന്ന് പറഞ്ഞവരും പ്രവാസികളുടെ പ്രയാസം കാണുന്നില്ല. കോവിഡ് കാലത്ത് പതിനഞ്ച് ലക്ഷത്തോളം പ്രവാസികൾ തിരിച്ചുവന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിപോലും പറഞ്ഞിട്ടുള്ളത്. പത്ത് ലക്ഷം പേർക്ക് ജോലിപോലും നഷ്ടപ്പെട്ടു. ഇവർക്കുവേണ്ടി ഏറ്റവും നല്ല രീതിയിലുള്ള പദ്ധതിയുണ്ടാക്കണം. അവർക്ക് വായ്പയും സബ്സിഡിയും മൈക്രോ ഫിനാൻസ് പദ്ധതിയുമെല്ലാം വേണം. പ്രവാസികൾക്കുവേണ്ടി മാത്രം പതിനായിരം കോടി രൂപയുടെ പാക്കേജ് ചുവപ്പുനാടയുടെ കുരുക്കുകളില്ലാതെ കൊടുക്കാൻ കഴിയണം. ഇത് അടിയന്തരമായി പരിഗണിക്കണം. അതുപോലെ, ആരോഗ്യ രംഗത്ത് ഇൻഷ്വറൻസ് കാർഡ് പുതുക്കണം, പുതിയതായി രജിസ്റ്റർ ചെയ്യാനുള്ള അവസരവുമുണ്ടാക്കണം. കച്ചവടക്കാരും വ്യാപാരികളും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. കർഷകരടക്കമുള്ള ആളുകൾക്ക് മൊറട്ടോറിയവും സബ്സിഡിയും നൽകാൻവേണ്ട നടപടികൂടിയെടുക്കണം. ശ്രീ. കെ. ബാബു (നെന്മാറ), മുസ്ലീംലീഗ് മലപ്പുറം ജില്ലയിലേയ്ക്ക് മാത്രം ഒതുങ്ങുന്ന മലപ്പുറം പാർട്ടിയായെന്ന് പറയുകയുണ്ടായി. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ എന്ന് പറയുന്ന ഈ പാർട്ടി 1952-ൽ ഇന്ത്യയിലെ ആദ്യത്തെ പാർലമെന്റിലെ പ്രതിപക്ഷമായിരുന്നു. എന്നാൽ ഇന്ന് കേരളത്തിന് പുറത്ത് ഈ പാർട്ടി എവിടെയാണുള്ളത്? ഈ പാർട്ടിയുടെ പേര് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് കേരള എന്ന് മാറ്റേണ്ടിവരുമെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷം ഇവിടെ ചരിത്ര വിജയം നേടിയെന്ന് പറയുന്നുണ്ട്. 1960-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുമ്പോൾ സി.പി.ഐ.(എം.)-ന് 60 എം.എൽ.എ.-മാരുണ്ടായിരുന്നു. മുസ്ലീംലീഗിന് 8 എം.എൽ.എ.-മാരാണ് അന്ന് സ്വതന്ത്രരായിട്ടുണ്ടായിരുന്നത്.

ഞങ്ങൾ ഈ 8-ൽനിന്ന് ഒരിക്കലും താഴേയ്ക്ക് വന്നിട്ടില്ല. നിങ്ങൾ അതിൽനിന്ന് എത്രയോ തവണ താഴേയ്ക്ക് വന്നു. മാത്രമല്ല, 1977-ൽ 111 സീറ്റുകളുമായാണ് യു.ഡി.എഫ്. അധികാരത്തിൽ തിരിച്ചുവന്നത്, നിങ്ങളെപ്പോലെ 99 സീറ്റുകളല്ല ഉണ്ടായിരുന്നത്. അന്ന് സി.പി.ഐ.(എം.)-ന് 17 സീറ്റിൽ മാത്രം ഒതുങ്ങേണ്ടി വന്നു. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നതോടൊപ്പം, ഈ സഭയിൽ കന്നി ബഡ്ജറ്റ് അവതരിപ്പിച്ച എന്റെ പഴയകാല സുഹൃത്തുകൂടിയായ ശ്രീ. കെ. എൻ. ബാലഗോപാൽ കേരളത്തിലെ ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രിയായി മാറട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ ഒന്നാം പിണറായി സർക്കാരിന്റെ അവസാന വർഷമായ 2020 ജനുവരിയിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് പൂർണ്ണമായി ഉൾപ്പെടുത്തി, പുതിയ കാലത്തിനനുസരിച്ചുള്ള പ്രത്യേക ഇടപെടൽ കൂട്ടിച്ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ജൂൺ മാസം 4-ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന പുതുക്കാട് അസംബ്ലി നിയോജകമണ്ഡലത്തിൽ, കെ.എസ്.ആർ.ടി.സി.-യുടെ ഒരു സെൻട്രൽ ഹബ്ബ് എന്ന നിലയിൽ, അളഗപ്പനഗർ-പുതുക്കാട് സംയുക്ത ബസ് സ്റ്റേഷനുവേണ്ടി കിഫ്ബിയുമായി സഹകരിച്ച് കെ.എസ്.ആർ.ടി.സി. രൂപപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുമെന്ന് ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിലും ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിലും പരാമർശിച്ചിട്ടുണ്ട് എന്നത് അങ്ങേയറ്റം സന്തോഷകരമായ ഒരു കാര്യമാണ്. ഈ നിലയിൽ അളഗപ്പനഗർ-പുതുക്കാട് ബസ് സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സംരംഭമാക്കി മാറ്റിത്തീർക്കുന്നതിനുവേണ്ട നടപടിയുമായി മുന്നോട്ടുപോകുന്ന ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെയും ഇത് നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിനെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. പുതുക്കാട് അസംബ്ലി നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കു വേണ്ടി ഈ ഗവൺമെന്റിനെയും ശ്രീ. കെ. എൻ. ബാലഗോപാലിനെയും പ്രത്യേകമായി അഭിവാദ്യം ചെയ്യുന്നു, നന്ദി രേഖപ്പെടുത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റോജി എം. ജോൺ]

ഇവിടെ ബഡ്ജറ്റിനെ സംബന്ധിച്ച് പ്രതിപക്ഷം ചില ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് കേട്ടു. ധനകാര്യ വകുപ്പുമന്ത്രി രാഷ്ട്രീയം പറഞ്ഞുവെന്നും രാഷ്ട്രീയ കാര്യങ്ങളുൾപ്പെടുത്താൻ പാടുണ്ടോയെന്നും സംസാരിച്ചതായി കേട്ടു. ഭരണപരമായ

നടപടികൾ സ്വീകരിക്കുന്ന ഏത് കാര്യത്തിലും, കേരളത്തിലും ഇന്ത്യയിലും ഈ ലോകത്തെവിടെയും രാഷ്ട്രീയമുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഓരോ രാജ്യങ്ങളിലെയും ഭരണാധികാരികൾ നയങ്ങൾ രൂപപ്പെടുത്തുന്നതും നടപ്പിലാക്കുന്നതും അതിന്റെ ഗുണ-ദോഷങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്നതും. നമ്മുടെ രാജ്യത്ത് പുത്തൻ സാമ്പത്തിക നയങ്ങൾ കൊണ്ടുവന്നത് ആരാണ്? അതിലും രാഷ്ട്രീയമുണ്ട്, അതാണ് ചൂണ്ടിക്കാണിക്കുന്നത്. ഇന്ത്യയിലെ പുതിയ സാമ്പത്തിക നയങ്ങളുടെ ഭാഗമായുള്ള എത്രയെത്ര സംഭവങ്ങളാണ്, പ്രശ്നങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. മറ്റ് രാജ്യങ്ങളിൽനിന്നുള്ള ഏതെങ്കിലും കാർഷികോല്പന്നങ്ങൾ ഈ രാജ്യത്തിലേയ്ക്ക് കൊണ്ടുവരേണ്ടെന്ന് ഇടതുപക്ഷക്കാർ ഒരിക്കലും പറയാറില്ല. എന്നാൽ പല രാജ്യങ്ങളിലും ലിബറൽ നയങ്ങളൊക്കെയുണ്ട്. അവർ അവരുടെ രാജ്യങ്ങളിലെ കാർഷികോൽപ്പന്നങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി മറ്റുരാജ്യങ്ങളിൽ നിന്നുള്ള പല വിഭവങ്ങൾക്കും നികുതി ചുമത്തിയാണ് മുന്നോട്ടുപോകുന്നത്.

ഇവിടെ, രാജ്യത്തിന്റെ ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന സ്പെക്ട്രവും കൽക്കരി പാടങ്ങളുമൊക്കെ കോർപ്പറേറ്റുകൾ കൈവശപ്പെടുത്തുന്നു. നമ്മുടെ തടാകങ്ങളുടെ അടിയിൽ അടിഞ്ഞുകൂടിയിട്ടുള്ള ഇരുമ്പയിര്, ചുണ്ണാമ്പ് കല്ല് തുടങ്ങിയ ധാതുക്കൾ ഇവർ കൊള്ളയടിക്കുന്നു, അതിലൊരു രാഷ്ട്രീയമുണ്ട്. ഇതിന് അനുകൂലമായി നിൽക്കുന്നവർക്കും ഈ നടപടി സ്വീകരിക്കുന്ന ഭരണാധികാരികൾക്കെതിരെ മിണ്ടാതിരിക്കുന്നവർക്കും ഒരു രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയം പറഞ്ഞുമാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണാധികാരം കയ്യൊഴിഞ്ഞ് വില കൂട്ടുമ്പോഴും മരുന്നിന്റെ വില നിയന്ത്രിക്കാനുള്ള അധികാരം മരുന്ന് ഉല്പാദന കമ്പനികളെ ഏൽപ്പിക്കുമ്പോഴും അതിനെതിരെ ശബ്ദിക്കാതിരിക്കുകയും അതിന് കുടപിടിക്കുകയും ചെയ്യുന്ന പ്രതിപക്ഷത്തിന് സ്വാഭാവികമായും രാഷ്ട്രീയമുണ്ട്. അതാണ് ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ പറയുന്നത്. കൊച്ചിയിലെ BPCL പോലെയുള്ള സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. എല്ലാവർക്കും അവകാശമുള്ള സംസ്ഥാനത്തിന്റെ പൊതുസ്വത്ത് ഓരോരുത്തർ കൈവശപ്പെടുത്തുമ്പോൾ മിണ്ടാതിരിക്കുന്നുണ്ടെങ്കിൽ അതിൽ രാഷ്ട്രീയമുണ്ട്. അത് തുറന്നുപറയുകതന്നെ വേണം.

3:00 PM]

കേരളത്തിൽ ബദൽ രാഷ്ട്രീയമുണ്ട്. ഇവിടെ കാണുന്നതുപോലുള്ള നിരവധി നടപടികളുമായി ഇന്ത്യാ രാജ്യത്തെ ഭരണാധികാരികൾ മുന്നോട്ട് പോകുമ്പോൾ ബദൽ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ്

മുന്നോട്ടുപോകുകയാണ്. കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നു. ജനങ്ങൾക്ക് ഉപകാരപ്രദവും ആശ്വാസകരവുമായ പൊതുസ്വത്തുക്കളും പൊതുമേഖലാ സംരംഭങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നത്. അതാണ് ബദൽ രാഷ്ട്രീയം. ആഗോളവൽക്കരണ നവഉദാരവൽക്കരണ സാമ്പത്തിക നയങ്ങളുടെ ഭാഗമായുള്ള ദുരിതങ്ങളിൽനിന്ന് കേരളത്തിലെ ജനങ്ങളെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നാണ് നോക്കുന്നത്. കോവിഡിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് പാക്കേജ് പ്രഖ്യാപിച്ചപ്പോൾ അതിന്റെ ഗുണം ലഭിച്ചത് ഇന്ത്യയിലെ കോർപ്പറേറ്റുകൾക്കാണ്. കോവിഡ് മഹാമാരിയുടെ ഭാഗമായി പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനുവേണ്ടി വാക്സിൻ ഉല്പാദിപ്പിക്കപ്പെടുന്ന കമ്പനികൾക്ക് ലാഭമുണ്ടാക്കുന്ന നയമാണ് സെൻട്രൽ ഗവൺമെന്റ് സ്വീകരിക്കുന്നത്. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ 20000 കോടി രൂപ മാറ്റിവച്ചുകൊണ്ട് അതിന്റെ ഇരട്ടി ചെലവ് ചെയ്തു. ഈ ബഡ്ജറ്റിൽ 20000 കോടി രൂപ വീണ്ടും നീക്കിവച്ചിരിക്കുകയാണ്. അതിൽത്തന്നെ ജനങ്ങൾക്ക് നേരിട്ട് പണം ലഭിക്കുന്നതിനായി 8900 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ജനങ്ങളുടെ കയ്യിൽ പണം വേണം. ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിക്കുമ്പോഴാണ് ഉല്പന്നങ്ങൾ ചെലവഴിക്കപ്പെടുന്നത് ഉല്പന്നങ്ങൾ ചെലവഴിക്കപ്പെടുമ്പോഴാണ് കൂടുതൽ ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നത്. ഈ സാഹചര്യത്തിലാണ് കൂടുതൽ തൊഴിലവസരങ്ങളുണ്ടാകുന്നത്. അപ്പോഴാണ് കൂടുതൽ വരുമാനമുണ്ടാകുന്നത്. വരുമാനം കൂടുതലുണ്ടാകുമ്പോഴാണ് വീണ്ടും കൂടുതൽ വാങ്ങൽശേഷി വർദ്ധിക്കുന്നത്. അങ്ങനെയാണ് രാജ്യവും നാടും മുന്നോട്ടുപോകുന്നത്. അതാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന ബദൽ രാഷ്ട്രീയം. 8900 കോടി രൂപ ഇപ്പോൾ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. അതുപോലെ നികുതിരഹിതമായ ബഡ്ജറ്റാണിത്. പുനരുദ്ധാരണത്തിന്റെയും പുനരുജ്ജീവനത്തിന്റെയും ഭാഗമായി പുതിയ പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി 8200 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. സബ്സിഡിയും പലിശയും കൊടുക്കുന്നതിനായി ജനങ്ങളെ സഹായിക്കാൻ വേണ്ടിയാണിത്. ഇതാണ് ഇടതുപക്ഷ ബദൽ. ഈ ബദൽ രാഷ്ട്രീയത്തിന് കേരളം ഇന്ത്യയ്ക്ക് മാതൃകയായി മാറാൻ പോകുകയാണ്. ആരോഗ്യരംഗത്തെ അടിയന്തര സാഹചര്യത്തിന്റെ ഭാഗമായി 2800 കോടി രൂപ മാറ്റിവച്ചു. വാക്സിൻ വാങ്ങുന്നതിനായി 1000

കോടിരൂപയും മറ്റ് മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 500 കോടി രൂപയും മാറ്റിവച്ചു. പ്രത്യേക കോവിഡ് സാഹചര്യത്തിൽ ജനങ്ങളെ എങ്ങനെ സഹായിക്കാമെന്നും ഏത് മാർഗ്ഗത്തിലൂടെ അവർക്ക് ആശ്വാസം നൽകാമെന്നും കേരളത്തിലെ സമ്പദ് വ്യവസ്ഥയെ/സാമ്പത്തികാവസ്ഥയെ ചലിപ്പിച്ച് ജനങ്ങളെ മുന്നോട്ട് നയിക്കാമെന്നതുമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചിന്തിക്കുന്നതെന്ന് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയുടെ ഭാഗമായി നമുക്കെല്ലാവർക്കും ബോധ്യമായ കാര്യമാണ്. ഉത്തരേന്ത്യയിലേതു പോലെ വർഗ്ഗീയ ശക്തികൾക്ക് വർഗ്ഗീയ കലാപങ്ങളും വോട്ട് ബാങ്കുകളുമുണ്ടാക്കാൻ കേരളത്തിൽ ഒരിഞ്ച് ഭൂമി അനുവദിക്കില്ലെന്ന നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ കേരളത്തിലെ ജനങ്ങൾ നെഞ്ചിലേറ്റുകയാണ്. ഇത് സംരക്ഷിക്കപ്പെടണം. തീർച്ചയായും അതിന്റെയൊരു മാൻഡേറ്റാണ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെല്ലാം ജനങ്ങൾ കാണുകയായിരുന്നു. ഇവിടെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പോലുള്ള സംവിധാനങ്ങൾ കെ-ഫോണിനെ തകർക്കാൻ നോക്കി. കെ-ഫോൺ വരുന്നത് അംബാനിക്ക് ഇഷ്ടമുള്ള കാര്യമല്ല. കാരണം ഏറ്റവും കൂടുതൽ നെറ്റ് ഉപയോഗിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാമതാണ് കേരളം.

<u>മി. ചെയർമാൻ</u>: അങ്ങ് ദയവായി പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ അവസാനിപ്പിക്കാം. കെ-ഫോൺ പദ്ധതി നടപ്പിലായാൽ ജിയോ സിം-ന് വലിയ നഷ്ടമാണ് സംഭവിക്കുക. കേരളത്തിൽ അന്വേഷണ ഏജൻസികളുടെ നിരവധി ഇടപെടലുകളുമായി മുന്നോട്ടുപോകുമ്പോൾ അതിനെയെല്ലാം അതിജീവിച്ച് ജനങ്ങളെ അണിനിരത്തി മുന്നോട്ടുപോയ സർക്കാരിനെയും ബഡ്ജറ്റിനെയും ഞാൻ പിന്തുണയ്ക്കുകയാണെന്ന് ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റ് എന്നത് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ്. എന്നാൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് സംസ്ഥാനത്തിൽ നിലനിൽക്കുന്ന ധനസ്ഥിതിയെക്കുറിച്ച് സഭയ്ക്ക് ഒരു ചിത്രം നൽകുന്നില്ല. ഒരുപക്ഷേ സംസ്ഥാന ചരിത്രത്തിൽത്തന്നെ ഏറ്റവും മോശപ്പെട്ട ധനസ്ഥിതിയുടെ ചിത്രം മറച്ചുവയ്ക്കാനാണ് അദ്ദേഹം അതിന് മുതിരാതിരുന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം ഇത് എക്സ്റ്റെൻഷനാണെന്ന് പറഞ്ഞു. ഡോ. ടി. എം. തോമസ് ഐസക്കിന്റെ

ബഡ്ജറ്റിൽ റവന്യൂ വരവ് 128375 കോടി രൂപയും പുതിയ ബഡ്ജറ്റിൽ 130981 കോടി രൂപയുമാണ്. റവന്യൂ ചെലവ് 145286 കോടി രൂപയും ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിൽ അത് 147891 കോടി രൂപയുമാണ്. എന്നാൽ രണ്ട് ബഡ്ജറ്റിലും റവന്യൂ കമ്മി 16910.12 കോടി രൂപയാണ്. ആ സംഖ്യ ഒരുപോലെ നിലനിൽക്കുകയാണ്. റവന്യൂ കമ്മി ഒരുപോലെ നിലനിർത്താനായി വരവ് കൂട്ടിവച്ചിരിക്കുകയാണോ എന്ന സംശയം ഈ ബഡ്ജറ്റിന്റെ കണക്കുകളിലൂടെ കടന്നുപോകുമ്പോൾ സ്വാഭാവികമായും എല്ലാവർക്കും തോന്നാറുണ്ട്. 2020-21-ലെ പുതുക്കിയ എസ്റ്റിമേറ്റിലെ റവന്യൂ വരുമാനം 93115 കോടി രൂപയാണ്. ഇപ്പോൾ 130981 കോടി രൂപയെന്നാണ് പറയുന്നത്. 93115 കോടി രൂപയെന്നത് 130981 കോടി രൂപയാകണമെങ്കിൽ 38000 കോടി രൂപയുടെ അധിക വരുമാനമുണ്ടാകണം. അതായത് ഏതാണ്ട് 35 ശതമാനത്തിനുമുകളിൽ buoyancy ഉണ്ടാകണം. റവന്യൂ വരുമാനത്തിന്റെ വർദ്ധനവല്ല, നിലവിലുള്ള വരുമാനംതന്നെ കുറയുന്ന ഒരു കാലഘട്ടത്തിൽ 35 ശതമാനം buoyancy എന്നുപറയുന്നത് യാഥാർത്ഥ്യവുമായി ചേർന്നു പോകുന്നതല്ല. 93115 കോടി രൂപ 95000 കോടി രൂപയായി ഉയർന്നാൽപ്പോലും 50000 കോടി രൂപയ്ക്കടുത്ത് റവന്യൂകമ്മിയുണ്ടാകാൻ പോകുകയാണ്. 2016-ൽ ഡോ. ടി. എം. തോമസ് ഐസക് ഒരു ധവളപത്രം പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെക്കുറിച്ചുള്ള യഥാർത്ഥചിത്രം ലഭിക്കാൻ ഒരു ധവളപത്രം പുറപ്പെടുവിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2016-17 മുതൽ 2021 വരെ ഒരു ഘട്ടത്തിൽപ്പോലും നമ്മുടെ ഇക്കോണമിയെ സ്റ്റെബിലൈസ് ചെയ്യാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടില്ലെന്ന് മാത്രമല്ല റവന്യൂ റസീപ്റ്റ് ഗ്രോത്തിൽ തൊട്ടുമുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റ് വരുത്തിയ ഗ്രോത്തിന്റെയടുത്ത് ഒരുവർഷംപോലും എത്താനും സാധിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അങ്ങനെയല്ലെങ്കിൽ ധവളപത്രത്തിൽക്കൂടി അങ്ങ് അത് സംസ്ഥാനത്തോട് പറയണം. മറ്റൊന്ന്, 20000 കോടി രൂപയുടെ പാക്കേജാണ്. രാജ്യം മുഴുവൻ കയ്യടി വാങ്ങിയ ഡോ. ടി. എം. തോമസ് ഐസകിന്റെ ഒരു പാക്കേജായിരുന്നു അത്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഒരു പ്രസംഗം നടത്തി പാട്ട കൊട്ടാൻ പറഞ്ഞ ദിവസംതന്നെ ഡോ. ടി. എം. തോമസ് ഐസക് 20000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചപ്പോൾ സ്വാഭാവികമായും വലിയ അംഗീകാരം ലഭിച്ചു. എന്നാൽ ആ പാക്കേജിൽ പറഞ്ഞിരുന്നത് 12000 കോടി രൂപയ്ക്കടുത്ത് കോൺട്രാക്ടർമാർക്ക് നൽകേണ്ട കുടിശ്ശിക, കുടുംബശ്രീയുടെ 2000 കോടി രൂപയുടെ വായ്പ, 2000 കോടി രൂപയുടെ സാമൂഹ്യ പെൻഷൻ

എന്നിങ്ങനെ പോകുന്ന കണക്കുകളാണ്. ഞാൻ അത് കൃത്യമായി പരിശോധിച്ചപ്പോൾ 4000 കോടി രൂപ മാത്രമാണ് സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സ് ആയി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. 4000 കോടി രൂപയേ SDG-യിൽ വന്നിട്ടുള്ളൂ. ബാക്കി 16000 കോടി രൂപ കമ്മിറ്റഡ് എക്സ്പെൻഡീച്ചറാണ്. അത് എങ്ങനെയാണ് സ്റ്റിമുലസ് പാക്കേജാകുന്നത്? ജോലി ചെയ്താൽ കോൺട്രാക്ടർമാർക്ക് കാശ് കൊടുക്കണ്ടേ; സാമൂഹ്യ പെൻഷൻ കൊടുത്തു കൊണ്ടിരിക്കുന്നതല്ലേ? കമ്മിറ്റഡ് എക്സ്പെൻഡീച്ചറിനെ സ്റ്റിമുലസ് പാക്കേജായി ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന തട്ടിപ്പ് ഇതിൽ വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. ക്ഷമിക്കണം, അതൊരു തട്ടിപ്പായതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഈ ബഡ്ജറ്റിൽ ഒരു ട്രാൻസ്പരൻസി ഡെഫിസിറ്റ് ഉണ്ടായിരിക്കുന്നുവെന്നത് പറയാതിരിക്കാൻ നിർവ്വാഹമില്ല. 20000 കോടിരൂപ വിട്ടൊരു കളിയില്ല. വീണ്ടും 20000 കോടി രൂപയുടെ പാക്കേജാണ് അവതരിപ്പിച്ചത്. അതിൽത്തന്നെ ഹെൽത്ത് എമർജൻസിക്കായി 2800 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 1,57,20,000 രൂപയേയുള്ളൂ. ബാക്കി SDG-ൽ വരുമെന്ന് കരുതാം. ഉപജീവനം പ്രതിസന്ധി യിലായവർക്ക് 8900 കോടി രൂപ നേരിട്ട് നൽകുമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. പ്രതിപക്ഷനേതാവ് മീഡിയാ റൂമിൽവച്ച് അതിനെ സ്വാഗതം ചെയ്തു. കാരണം നയപ്രഖ്യാപന പ്രസംഗത്തിന്റെ നന്ദിപ്രമേയ പ്രസംഗത്തിൽ പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതാണിത്. DBT(Direct Benefit Transfer)-യെക്കുറിച്ച്—ശ്രീ. അമർത്യാ സെൻ, ശ്രീ. ജീൻ ഡ്രീസ് തുടങ്ങിയ സാമ്പത്തിക ശാസ്ത്രജ്ഞന്മാരെല്ലാം പറയുന്നുണ്ട്. ശ്രീ. രാഹുൽ ഗാന്ധി പ്രഖ്യാപിച്ച 'ന്യായ്' പദ്ധതിയിൽ നേരിട്ട് ആളുകൾക്ക് പൈസ കൊടുക്കണം. നിങ്ങൾ പറഞ്ഞതുപോലെ ചെയ്തിട്ടുണ്ടോയെന്ന് ചോദിച്ചാൽ, ഛത്തീസ്ഗഢിൽ 'രാജീവ് ഗാന്ധി കിസാൻ ന്യായ് യോജന'-യുടെ മൂന്നാംഘട്ടത്തിനുവേണ്ടി 1100 കോടി രൂപ മാറ്റിവച്ചു. മൂന്നുഘട്ടമായി കർഷകർക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ കൊടുത്തുകഴിഞ്ഞു. ഇത് അങ്ങനെയൊരു പദ്ധതിയാണെന്നാണ് കരുതിയത്. പക്ഷേ അദ്ദേഹം പറഞ്ഞത് എന്താണ്? സാമൂഹ്യ പെൻഷൻ പോലുള്ള കാര്യങ്ങൾ കൊടുക്കാനാണെന്നാണ്. അത് എങ്ങനെയാണ് സ്റ്റിമുലസ് ആകുന്നത്? അത് കമ്മിറ്റഡ് എക്സ്പെൻഡീച്ചറല്ലേ? തമിഴ്നാട് റേഷൻ കാർഡുടമകൾക്ക് റേഷൻ കടയിൽനിന്ന് പണം നേരിട്ട് കൊടുക്കുകയാണ്. ഓട്ടോറിക്ഷ തൊഴിലാളികൾ, ദിവസവേതന തൊഴിലാളികൾ, ടെക്സ്റ്റൈൽസിൽ ജോലി ചെയ്യുന്ന സാധാരണക്കാർ, പന്തൽ തൊഴിലാളികൾ, കാറ്ററിംഗുകാർ, ഫോട്ടോഗ്രാഫർമാർ തുടങ്ങിയവർക്ക് എന്തെങ്കിലുമൊരു സഹായം കൊടുക്കണ്ടേ? പക്ഷെ ഒന്നും കൊടുക്കുന്നില്ല. കോവിഡ് മഹാമാരിയുടെ കാലത്ത്

ഒരു ബഡ്ജറ്റ് വരുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് നമ്മുടെ ആരോഗ്യ മേഖലയുടെ ചാലകശക്തികളായ, കോവിഡ് പോരാട്ടത്തിൽ മുന്നണിപ്പോരാളികളായ നഴ്സമാർക്കുള്ള സാമ്പത്തികമായ പരിഗണനയാണ്. ഈ മഹാമാരിയുടെ കാലത്ത് ഏറ്റവും അപകടസാധ്യത നേരിടുന്ന വിഭാഗമാണവർ. ലോകത്തിന്റെ പലഭാഗങ്ങളിൽ ജോലി ചെയ്യുന്ന നഴ്സമാരിലൂടെയാണ് കേരളത്തിന്റെ കരുതലും കരുണയും കർമ്മശേഷിയും ലോകമറിഞ്ഞതെന്ന് നമുക്കറിയാം. അവരുടെ കാര്യക്ഷമത കൊണ്ടാണ് ഒരുതുള്ളി വാക്സിൻപോലും പാഴാകാതെ പോയത്. കഴിഞ്ഞ ഒന്നരവർഷമായി തുടരുന്ന അവരുടെ അത്യദ്ധ്വാനത്തെ പരിഗണിക്കാതെ ഒരു ധനകാര്യ രേഖ മുന്നോട്ടുവയ്ക്കുന്നത് സംസ്ഥാനമെന്ന നിലയിൽ നാം ചെയ്യുന്ന നീതികേടാണ്. മറ്റ് സംസ്ഥാനങ്ങൾ ചെയ്തതുപോലെ അവർക്ക് റിസ്ക് അലവൻസ് കൊടുക്കണം. മാലാഖമാരെന്ന വിളിപ്പേരല്ല, അപകടകരമായ സാഹചര്യങ്ങളിൽ രാവും പകലുമില്ലാതെ അദ്ധ്വാനിക്കുന്ന മനുഷ്യരെന്ന നിലയിൽ നമ്മുടെ ആരോഗ്യ മേഖലയെ താങ്ങിനിർത്തുന്ന അതിപ്രധാനമായ മനുഷ്യവിഭവമെന്ന നിലയിൽ അവർക്ക് അവകാശപ്പെട്ട പങ്ക് അവർക്ക് നൽകാനുള്ള മനുഷ്യത്വമാണ് നമ്മൾ കാണിക്കേണ്ടത്. മൺമറഞ്ഞുപോയവരെ സ്മാരകങ്ങൾ നിർമ്മിച്ച് ആദരിക്കുന്നത് നല്ലതാണ്. പക്ഷെ ജീവിച്ചിരിക്കുന്നവരോട്, നമ്മുടെയെല്ലാം ജീവിതം നിലനിർത്തുന്നവരോട് പുലർത്തേണ്ട ആദരവ് മുൻഗണനാക്രമത്തിൽ മാഞ്ഞു പോകാതെ നോക്കുന്നത് അതിലും പ്രധാനമാണ്. എന്റെ മണ്ഡലത്തിൽ 88 കശുവണ്ടി ഫാക്ടറികളുണ്ട്. അത് അടഞ്ഞുകിടക്കുകയാണ്. അവിടെ അഞ്ച് കശുവണ്ടി വ്യവസായികൾ ആത്മഹത്യ ചെയ്തു. കശുവണ്ടി മേഖലയിലെ തൊഴിലാളികൾ വലിയ വറുതിയിലും പട്ടിണിയിലുമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മണ്ഡലമായ കൊട്ടാരക്കരയും കൊല്ലം ജില്ലയിലെ വിവിധ മണ്ഡലങ്ങളും കശുവണ്ടിത്തൊഴിലാളികളെ ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ട് കശുവണ്ടിത്തൊഴിലാളികൾക്ക് ആശ്വാസ സഹായം നൽകണം. ഇവിടെ കാർഷിക നിയമത്തെക്കുറിച്ചുള്ള ചർച്ച വന്നപ്പോൾ പ്രധാനമന്ത്രിയുടെ പേര് പറയണമെന്ന് പറഞ്ഞെങ്കിലും പറഞ്ഞില്ല. കഴിഞ്ഞ ദിവസം വാക്സിൻ സംബന്ധിച്ച പ്രമേയം വന്നപ്പോഴും പ്രധാനമന്ത്രിയുടെ പേര് പറയണമെന്ന് പറഞ്ഞെങ്കിലും പറഞ്ഞില്ല, ലക്ഷദ്വീപ് പ്രമേയത്തിലും പറഞ്ഞില്ല. പ്രധാനമന്ത്രിയുടെ പേര് പറയുന്നതിൽ വിമുഖതയുള്ള സർക്കാരാണ് ഇതെന്ന് ഞാൻ വിചാരിച്ചു. പക്ഷെ പി. വി. നരസിംഹ റാവുവിന്റെ പേര് ഈ ബഡ്ജറ്റിലുണ്ട്. ആസിയാൻ കരാറിനെക്കുറിച്ച് പറഞ്ഞപ്പോൾ പി. വി. നരസിംഹറാവു എന്നെഴുതിയിട്ടുണ്ട്. അപ്പോൾ പ്രധാനമന്ത്രിയുടെ പേര് പറയുന്നതിലല്ല ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ പേര് പറയുന്നതിലാണ് സർക്കാരിന് പേടിയെന്നാണ് ധനകാര്യരേഖ വായിക്കുമ്പോൾ മനസ്സിലാകുന്നത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഈ സഭയിലെ എന്റെ ആദ്യത്തെ പ്രസംഗമാണിത്. നിസ്വവർഗ്ഗത്തിന്റെ ഉജ്ജ്വലമായ പോരാട്ടങ്ങളുടെ ചരിത്രമുള്ളൊരു ഭൂമിയാണ് ആലപ്പുഴ. മഹാനായിരുന്ന സഖാവ് ടി. വി. തോമസ് മുതൽ ഏറ്റവും അവസാനം എന്റെ മുൻഗാമിയായ ഡോ. ടി. എം. തോമസ് ഐസക് വരെയുള്ള എല്ലാ നേതാക്കന്മാരെയും ഞാൻ ഈ സന്ദർഭത്തിൽ നന്ദിയോടെ സ്മരിക്കുന്നു. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങളെല്ലാം നിറവേറ്റാൻ പോകുന്നതാണെന്ന് ഈ ബഡ്ജറ്റ് ഒരിക്കൽക്കൂടി തെളിയിക്കുകയാണ്. കോവിഡ് മഹാമാരി സൃഷ്ടിച്ച മഹാ പ്രതിസന്ധിക്കിടയിലും നയാപൈസയുടെ നികുതിഭാരംപോലും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാത്ത, അതേസമയം അവരുടെ കൈകളിലേയ്ക്ക് പണം എത്തിച്ചുകൊടുക്കുന്ന ഈ ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ ഞാൻ അഭിനന്ദിക്കുകയാണ്. 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് മനുഷ്യരെ ജീവിതത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തുന്നതാണെന്ന കാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്. ഇതാണ് തെരഞ്ഞെടുപ്പുകാലത്ത് എൽ.ഡി.എഫ്. പറഞ്ഞ ഉറപ്പ്. 'ആദ്യം കൊയ്യണം ആരോഗ്യം' എന്ന മുദ്രാവാക്യം നടപ്പിലാക്കുന്നതിനായി സാർവ്വത്രിക വാക്സിനേഷന് കേരളം ഈ ബഡ്ജറ്റിലൂടെ തയ്യാറെടുത്തിരിക്കുന്നു. സൗജന്യ വാക്സിനായി 1000 കോടി രൂപ അനുവദിച്ചുകൊണ്ട് കേരളം മുൻപേ പറക്കുന്ന പക്ഷിയായി മാറിക്കഴിഞ്ഞിരിക്കുന്നു. കോവിഡിനെതിരെ കേരളം നടത്തുന്ന ഈ യുദ്ധം ഭൂമിയിലെ എല്ലാ രാജ്യങ്ങൾക്കും മാതൃകയാണ്. എല്ലാ ആതുരാലയങ്ങളിലും അടിസ്ഥാന സൗകര്യത്തിന്റെ കുതിച്ചുചാട്ടത്തിനും മികച്ച ചികിത്സയ്ക്കും ഈ ബഡ്ജറ്റ് വഴികാട്ടുകയാണ്. ഞാൻ ഈ കണക്കുകളൊന്നും ആവർത്തിക്കുന്നില്ല. ആരോഗ്യ അടിയന്തരാവസ്ഥക്കാലത്ത് ചെലവ് ചുരുക്കി മാറിനിൽക്കുകയല്ല, കടമെടുത്തും തങ്ങളെ വിശ്വാസത്തിലെടുത്ത ജനങ്ങളെ സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുകയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ. മൂന്നാമതൊരു തരംഗം കോവിഡിന് ഉണ്ടാകരുതെന്നാണ് നാം ആഗ്രഹിക്കുന്നത്. ആരോഗ്യരംഗത്ത് അത്തരം ആശങ്കകൾ ഉയരുമ്പോൾ അതിനെ തടയിടാനുള്ള തന്ത്രങ്ങൾകൂടി ദീർഘവീക്ഷണത്തോടുകൂടി ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതൊരു നെക്സ്റ്റ് ജനറേഷൻ ഭരണ സമീപനമാണ്. ജനങ്ങൾ കയ്യടിച്ച് അംഗീകരിക്കുമ്പോൾ പ്രതിപക്ഷം ഇതിനെ അംഗീകരിക്കാതിരുന്നിട്ട് കാര്യമില്ല. ഈ ബഡ്ജറ്റ് മനുഷ്യനെ മുൻനിർത്തിയുള്ള ബഡ്ജറ്റാണ്. ഒരാളും അസുഖത്തിൽ ഒറ്റപ്പെട്ടുപോകാത്ത, ഒരു കുടുംബവും പട്ടിണി കിടക്കാത്ത ഒരു സാഹചര്യം ഈ കഠിനകാലത്തും എൽ.ഡി.എഫ്. കേരളത്തിൽ സൃഷ്ടിക്കുകയാണ്. മൂലധനത്തിന്റെ കേന്ദ്രീകരണത്തിലൂടെ ഒരു ചെറുന്യൂനപക്ഷം അതിസമ്പന്നനാകുന്ന മുതലാളിത്ത സമ്പദ്നയങ്ങളുടെ കാലത്താണ് കേരളം വഴിമാറി നടക്കുന്നത്. പാവപ്പെട്ടവനും

സാധാരണക്കാരനും തൊഴിൽ നഷ്ടപ്പെട്ടവനും ചെറുകിട കച്ചവടക്കാരനും വ്യാപാരിക്കുമൊക്കെ ജീവിതം തിരിച്ചുപിടിക്കാനുള്ള പ്രതീക്ഷയാണ് ഈ ബഡ്ജറ്റിലൂടെ നൽകുന്നത്. എല്ലാ മേഖലകളിലേയ്ക്കും പണത്തിന്റെ ഒഴുക്ക് ഉറപ്പാക്കുകയാണ് ഈ ബഡ്ജറ്റിലൂടെ സഖാവ് കെ. എൻ. ബാലഗോപാൽ ചെയ്തിട്ടുള്ളത്. കേരളത്തിന്റെ നട്ടെല്ലായ ടൂറിസം മേഖലയുടെ പുനരുജ്ജീവനം മുതൽ നാളത്തെ കരുത്തായ വിജ്ഞാനസമൂഹത്തിന്റെ നിർമ്മിതിയിലും തുടങ്ങി സ്വയംസംരംഭകർക്കും പുതിയ നാമ്പുകൾക്കായി വെഞ്ച്വർ കാപ്പിറ്റൽ രൂപീകരണം, സംരംഭകർക്കായി അധിക വായ്പ അങ്ങനെ എന്തെല്ലാം പ്രതീക്ഷാനിർഭരമായ പദ്ധതികളാണ് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഞാൻ തീരദേശത്തെ ഒരു സാധാരണ മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നുള്ളയാളാണ്. ഞാൻ അഭിമാനത്തോടെ പറയുന്ന കടലിന്റെ മക്കളുടെ കണ്ണീരൊപ്പുന്ന ബഡ്ജറ്റാണ് സഖാവ് പിണറായി വിജയന്റെ രണ്ടാം ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റ്. തീരദേശത്ത് മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന എന്നെപ്പോലെയുള്ളവരെ സംബന്ധിച്ചിടത്തോളം ആത്മസംതൃപ്തിയുടെ നിമിഷങ്ങളാണ്. കടലിന്റെ മക്കളെ മാറോട് ചേർത്ത് കേരളത്തിന്റെ സ്വന്തം സൈന്യമാണെന്ന് പ്രഖ്യാപിച്ച സഖാവ് പിണറായി വിജയൻ ഈ സൈന്യത്തിന്റെ കമാൻഡർ ഇൻ ചീഫാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അലറിവിളിക്കുന്ന തിരമാലകൾ തന്റെ സർവ്വസ്വവുമായ കിടപ്പാടം എടുത്തുകൊണ്ടുപോകുമ്പോൾ മാറത്തടിച്ച് നിലവിളിക്കുന്ന എന്റെ മാതാപിതാക്കളുടെ, എന്റെ സഹോദരങ്ങളുടെ, തീരദേശത്തെ ജനതയുടെ ചുടുകണ്ണീർ തീരത്ത് ഇനി ഒരിക്കലും വീഴില്ലെന്ന് ഉറപ്പുവരുത്തുന്ന പ്രഖ്യാപനങ്ങളാണ് സഖാവ് കെ. എൻ. ബാലഗോപാൽ ഈ ബഡ്ജറ്റിലൂടെ നടത്തിയിട്ടുള്ളതെന്ന് പറയാൻ എനിക്ക് ആഗ്രഹമുണ്ട്. കടലാക്രമണത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ 5300 കോടി രൂപയുടെ ബൃഹത് പദ്ധതി; കിഫ്ബിയിൽനിന്ന് 1500 കോടി രൂപ, നബാർഡിൽനിന്നും ലോകബാങ്കിൽനിന്നും ഇങ്ങനെയുള്ള തുകകൾ സംഘടിപ്പിച്ച് ജൂലൈ മാസത്തിൽത്തന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് എത്രയോ ആശ്വാസകരമാണ്. തീരദേശ വാസികളെ സംബന്ധിച്ചിടത്തോളം തീരാദുരിതം സമ്മാനിക്കുന്ന കടലാക്രമണത്തെ പ്രതിരോധിക്കുന്നതിന് എടുക്കുന്ന നടപടി എത്ര അഭിനന്ദിച്ചാലും മതിയാകില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2014-ൽ യു.ഡി.എഫ്. ഭരണകാലത്ത് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. കെ. ബാബു ഫിഷറീസ് വകുപ്പുമന്ത്രിയാണ്, അന്ന് കടലാക്രമണത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ മാത്രം 124 കുടുംബങ്ങൾക്ക് വീടും സ്ഥലവും നഷ്ടപ്പെട്ടിട്ടുണ്ട്. ആറ് വർഷക്കാലം ഗവൺമെന്റ് സ്കൂളിന്റെ തിണ്ണയിൽക്കിടന്ന ആ കുടുംബങ്ങളെയെല്ലാം പുനർഗേഹം പദ്ധതിയിലൂടെ പുനരധിവസിപ്പിച്ച ഗവൺമെന്റാണ് പിണറായി

വിജയൻ ഗവൺമെന്റ്. ഒരു മത്സ്യത്തൊഴിലാളി പ്രവർത്തകനെന്നുള്ള നിലയിൽ കടലാക്രമണ സമയത്തൊക്കെ ഞാൻ അവിടെ ചെല്ലാറുണ്ട്. എനിക്ക് അതിലേറെ സന്തോഷമുള്ളത്, ആ വീടുകളുടെ പാലുകാച്ചൽ ചടങ്ങിന് പോകാൻ അവസരം ലഭിച്ചുവെന്നുള്ളതാണ്. ഞാൻ ഓർക്കുകയാണ്, പുറക്കാട് പഞ്ചായത്തിൽ ശ്രീമതി ജലജ എന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളിയായ അമ്മയുടെ വീടിന്റെ പാലുകാച്ചൽ ചടങ്ങിന് ചെന്നപ്പോൾ അവരുടെ സന്തോഷം, ഞങ്ങളെക്കണ്ട ആ സന്ദർഭത്തിലെ അവരുടെ വികാരം. അതൊരിക്കലും മറക്കാൻ കഴിയുന്നതല്ല. പുനർഗേഹം പദ്ധതിയെ ചിലർ ആക്ഷേപിക്കുകയുണ്ടായി. കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിൽ പത്ത് ലക്ഷം രൂപയുടെ ഭവന പദ്ധതി ഏത് കാലത്ത് ഏത് ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്? അത് നടപ്പിലാക്കിയ ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റെന്ന് പറയാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്. യു.ഡി.എഫ്. വാഗ്ദാനങ്ങൾ നൽകുന്നതിന് വല്ല കുറവുമുണ്ടോ? എന്റെ മുന്നിൽ കഴിഞ്ഞ കാലഘട്ടത്തിൽ കൊടുത്ത പെൻഷൻ ഉറപ്പുകളുണ്ട്. ഞാൻ ഇവിടെ കാണിക്കുന്നത് (പേപ്പർ ഉയർത്തികാട്ടി) 2015-ൽ കേരള നിയമസഭയിൽ പെൻഷനുകളുമായി ബന്ധപ്പെട്ട കുടിശ്ശികയെ സംബന്ധിച്ചും അന്ന് വർദ്ധിപ്പിച്ച തുകകളെ സംബന്ധിച്ചുമെല്ലാം ഡോ. എം. കെ. മുനീർ നൽകിയ പകർപ്പുകളാണ്. നിങ്ങൾ അധികാരംവിട്ട് പോകുമ്പോൾ എട്ട് മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. നിങ്ങൾ കടത്തെക്കുറിച്ച് ഇവിടെ കണ്ണുനീർ ഒഴുക്കുന്നുണ്ടല്ലോ? നിങ്ങൾ പെൻഷൻ തുക വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. എത്ര വേണമെങ്കിലും പ്രഖ്യാപിക്കാം, കൊടുക്കണ്ടല്ലോ. നിങ്ങൾ 1,200 രൂപ നൽകുമെന്ന് പ്രഖ്യാപിച്ചു, എട്ട് മാസത്തെ കുടിശ്ശികയുമുണ്ടായിരുന്നു. കുടിശ്ശികത്തുക കൊടുത്തുതീർത്തുവെന്ന് മാത്രമല്ല ഇന്ന് ആ പെൻഷൻ തുക 1,600 രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ച ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. കോവിഡ്-19 ലോകത്തിലെ തൊഴിൽ കമ്പോളത്തിലുണ്ടാക്കിയ പ്രതിസന്ധിയും വെല്ലുവിളികളുമെല്ലാം നമ്മുടെ സംസ്ഥാനത്തെ അഭ്യസ്ത വിദ്യർക്കുണ്ടാക്കിയ പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം മനസ്സിലാക്കി ക്കൊണ്ടുതന്നെയാണ് ഒന്നാം പിണറായി ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റിൽ വളരെ കൃത്യമായി ചില കാര്യങ്ങൾ മുന്നോട്ട് വച്ചിട്ടുള്ളത്. അത് കേരളത്തെ സംബന്ധിച്ച് വലിയ പ്രതീക്ഷ നൽകുന്നതാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്ന ഏറ്റവും വലിയ വികസന വെല്ലുവിളിക്ക് നാം പരിഹാരം കാണുകയാണ്. ലക്ഷോപലക്ഷം വരുന്ന ചെറുപ്പക്കാരുടെ തൊഴിൽ പ്രതീക്ഷകൾ സഫലമാക്കിക്കൊണ്ടാണ് ഈ സർക്കാർ മറ്റൊരു ചരിത്രം കുറിക്കാൻ പോകുന്നത്. വെല്ലുവിളികളെ അവസരമാക്കി, സമയോചിതമായ ഇടപെടലിന് നേതൃത്വം നൽകിയ ആളാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. പ്രതിസന്ധിഘട്ടത്തിൽ എങ്ങനെ പ്രവർത്തിക്കണമെന്നതിന് ഒരു പാഠപുസ്തകമായി മാറിയിരിക്കുകയാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. ഇതാണ്

ദീർഘവീക്ഷണം, ഇതാണ് ഭാവന, ഇതാണ് ചുമതലാബോധം. ഇങ്ങനെയാണ് ഒരു സർക്കാർ ജനതയുടെ ഹൃദയമിടിപ്പിന്റെ ഭാഗമായി മാറുന്നതെന്ന് തെളിയിച്ച സർക്കാരാണ് പിണറായി വിജയൻ സർക്കാർ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കിറ്റും പെൻഷനും ലൈഫ് മിഷനും കിഫ്ബിയുമൊക്കെയാണ് നിങ്ങളെ പ്രതിപക്ഷത്തുതന്നെ നിലനിർത്തിയതെങ്കിൽ ഒരു സംശയവുംവേണ്ട അടുത്ത തെരഞ്ഞെടുപ്പിൽ അവിടെത്തന്നെ നിങ്ങളെ ഇരുത്താൻ പോകുന്നത് രണ്ടാം പിണറായി വിജയൻ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ തന്നെയായിരിക്കുമെന്ന് കാലം തെളിയിക്കും. അടുത്ത പ്രാവശ്യവും അവിടെ ഇരിക്കാം. ഒരു മാറ്റവുമില്ല, എണ്ണം കുറഞ്ഞു പോകുമെന്നുമാത്രം. പ്രതിസന്ധി കാലഘട്ടത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഈ ആരോഗ്യ ബഡ്ജറ്റിന് മുമ്പിൽ ഒരു സാമ്പത്തിക ശാസ്ത്രമുണ്ട്. എല്ലാവരേയും വാക്സിനേറ്റ് ചെയ്ത കോവിഡ് 19-നെ നിയന്ത്രണവിധേയമാക്കുന്ന ആദ്യ സംസ്ഥാനം കേരളമായാൽ സ്വാഭാവികമായും സാമ്പത്തിക പ്രവർത്തനം ഏറെ ശക്തിപ്പെടും. നമ്മുടെ സാമ്പത്തിക രംഗം ആകെ മാറും. കൂടുതൽ സംരംഭവും നിക്ഷേപങ്ങളും കേരളത്തിലേയ്ക്ക് ആകർഷിക്കപ്പെടും. അതോടൊപ്പം ഇത് ജനങ്ങളിൽ വലിയ ആത്മവിശ്വാസം സൃഷ്ടിച്ച് മുന്നോട്ടുപോകാൻ ഉപകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്, തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട് നമ്മുടെ ചെറുപ്പക്കാർക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഒട്ടനവധി തീരുമാനങ്ങളും പ്രഖ്യാപനങ്ങളും ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് എടുത്തിരുന്നു. ഇന്നൊവേഷനെ പ്രോത്സാഹിപ്പിച്ചു. സങ്കീർണ്ണവും സമയബന്ധിതവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് ലോകത്തിലെ തൊഴിൽ കമ്പോളത്തിലേയ്ക്ക് നെഞ്ച് വിരിച്ച് കടന്നുചെല്ലാൻ കേരളത്തിലെ യുവശക്തിയെ പ്രാപ്തമാക്കുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളുമാണ് ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ അവസാന ഘട്ടത്തിലെ ബഡ്ജറ്റിലൂടെ എടുത്തിട്ടുള്ളത്. അതിനായി ഒന്ന്, കേരളത്തെ ഡിജിറ്റൽ ഇക്കോണമിയായി രൂപാന്തരപ്പെടുത്തണം. രണ്ട്, ഉന്നത വിദ്യാഭ്യാസത്തെ മികവുറ്റതാക്കണം. മൂന്ന്, ഉൽപ്പാദിപ്പിക്കപ്പെടുന്ന വിജ്ഞാനം ഇന്നൊവേഷൻസായി മാറണം. നാല്, ഇന്നൊവേഷന്റെ അടിസ്ഥാനത്തിൽ സ്റ്റാർട്ടപ്പുകൾ രൂപം കൊള്ളണം. അഞ്ച്, വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തണം. ആറ്, നൂതനവിദ്യകൾ എല്ലാ ഉൽപ്പാദന ഉറകളിലും കൂടുതൽ സന്നിവേശിക്കപ്പെടണം. ചുരുക്കത്തിൽ കേരളത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റിയെടുക്കാൻ പ്രതിജ്ഞാബദ്ധതയോടെ നീങ്ങുന്ന ഒരു ഗവൺമെന്റാണ്, നാളയെക്കുറിച്ച് ഏറെ പ്രതീക്ഷ നൽകുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റെന്ന് അഭിമാനത്തോടെ പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇവിടെ കടത്തെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് എനിക്ക് ഏറ്റവും ബഹുമാനമുള്ള ഞങ്ങളുടെ നാട്ടുകാരനാണ്. സത്യത്തിൽ അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. ഇല്ലാത്തത് നന്നായി. കാരണം എനിക്ക് ആ അവസ്ഥ കാണുമ്പോൾ

സഹതാപമുണ്ടാകും. മറ്റൊന്നുംകൊണ്ടല്ല, സ്വന്തം നാട്ടുകാരനോട് ഒരു താൽപ്പര്യമുണ്ടാകുമല്ലോ. അദ്ദേഹം ഇവിടെ പ്രസംഗിച്ചപ്പോൾ എല്ലാം കൃത്യമായി പറഞ്ഞുവെന്നാണ് പറഞ്ഞത്. പക്ഷേ ഒന്ന് മാത്രം നടന്നില്ല, ജനങ്ങളെ വിശ്വസിപ്പിക്കാൻ. ഇപ്പോൾ വോട്ടിംഗ് രംഗത്ത് സി.പി.ഐ.(എം)-ന്റെ ശതമാനം കുറഞ്ഞു. കോൺഗ്രസിന്റെ ശതമാനം കൂടിയെന്നാണ് സ്ഥാപിക്കാൻ ശ്രമിച്ചത്. ഞങ്ങൾ എത്ര സീറ്റിൽ മത്സരിച്ചു? നിങ്ങൾ എത്ര സീറ്റിൽ മത്സരിച്ചു? നിങ്ങൾ ഘടകകക്ഷികൾക്ക് സീറ്റൊന്നും നൽകാതെ ഒറ്റയ്ക്ക് അധികാരത്തിൽ വരാൻ മത്സരിച്ചു. എന്നിട്ട് എന്തുപറ്റി? ഞങ്ങളെക്കാൾ കൂടുതൽ സീറ്റുകളിലാണ് നിങ്ങൾ മത്സരിച്ചത്. ഞങ്ങൾ ഇടതുപക്ഷ മുന്നണിയാണ്, ഞങ്ങൾ എല്ലാ പാർട്ടികളെയും കൂടെ നിർത്തിയാണ് മുന്നോട്ട് പോകുന്നത്. നിങ്ങളുടെ മുന്നണി യോഗം ചേർന്ന് എങ്ങനെയാണ് പിരിഞ്ഞിരിക്കുന്നത്. നിങ്ങൾ രണ്ട് കൂട്ടർ മതിയെന്നാണ്. ബാക്കിയെല്ലാവരും കലാപക്കൊടി ഉയർത്തിപ്പോയിരിക്കുകയല്ലേ? അത് നിങ്ങളുടെ ആഭ്യന്തര കാര്യം. ഞങ്ങൾ അതല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒറ്റക്കെട്ടായി മത്സരിച്ച് ജയിച്ചു. ഈ വിജയം ഞങ്ങൾ മുന്നോട്ട് കൊണ്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

മി. ചെയർമാൻ: യെസ്....പ്ലീസ് വൈന്റപ്പ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അവസാനിപ്പിക്കാം. ഇവിടെ ബി.ജെ.പി.-യുടെ വോട്ടിനെക്കുറിച്ച് പറഞ്ഞു. ശ്രീ. എ. പ്രഭാകരൻ മലമ്പുഴയുടെ അവസ്ഥയെക്കുറിച്ച് ഇവിടെ സംസാരിച്ചു. ഞങ്ങൾക്ക് ലഭിച്ച വോട്ട് ബി.ജെ.പി.-യുടേതാണെന്നാണോ സ്ഥാപിക്കാൻ ശ്രമിക്കുന്നത്? നിങ്ങൾ ബി.ജെ.പി.-യുമായി കച്ചവടമുറപ്പിച്ചപ്പോൾ നിങ്ങളോടും ലീഗിനോടും കോൺഗ്രസിനോടുമൊപ്പമുള്ള മതേതരവാദികളായ ആൾക്കാർ ഞങ്ങൾക്ക് വോട്ടുചെയ്തു. ആ വോട്ടാണ് ഞങ്ങൾക്ക് കൂടുതലായി കിട്ടിയത്. നിങ്ങളാണ് ബി.ജെ.പി.-യുമായി ധാരണയും കച്ചവടവുമുണ്ടാക്കിയത്. അതുകൊണ്ട് നിങ്ങൾക്ക് ഇടതുപക്ഷ മുന്നണിയെ ആക്ഷേപിക്കാൻ ഒരു അവകാശവുമില്ല.

മി. ചെയർമാൻ: യെസ്....പ്ലീസ് വൈന്റപ്പ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ശോഭനമായൊരു കേരളത്തെ സൃഷ്ടിക്കാൻ കേരളത്തിലെ മൂന്നേമുക്കാൽക്കോടി ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്ന ഒരു ബഡ്ജറ്റാണിത്. അതിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 9:00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.29-ന് പിരിഞ്ഞു.)

# അനുബന്ധം - I

## 2 (*2)-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടി

(ബി) കോവിഡ് വാക്സിൻ തുടക്കം മുതൽ (2021 ജനുവരി 16 മുതൽ) നൽകുന്നത് കേന്ദ്ര സർക്കാരാണ്. തുടക്കത്തിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കാണ് വാക്സിൻ നൽകിയത്. അതിനുശേഷം മുന്നണി പോരാളികൾക്ക് (പോലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ) ഫെബ്രുവരി 11 മുതലാണ് വാക്സിൻ നൽകിയത്. അടുത്ത ഘട്ടമായി മാർച്ച് 1 മുതൽ 60 വയസ്സ് കഴിഞ്ഞവർക്കും മറ്റ് അനുബന്ധരോഗങ്ങളുള്ള 45 വയസ്സിന് മുകളിലുള്ളവർക്കും നൽകിത്തുടങ്ങി. ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ള എല്ലാവർക്കും നൽകിത്തുടങ്ങി. ഇത്രയും ജനങ്ങൾക്കുള്ള വാക്സിൻ കേന്ദ്ര സർക്കാർ സൗജന്യമായി എല്ലാ സംസ്ഥാനങ്ങൾക്കും നൽകിവരുന്നു. ഓരോ age group-നും ഓരോ സംസ്ഥാനത്തിന്റെയും ടി age group-ലെ അർഹരായ ജനസംഖ്യയുടെ എണ്ണത്തിനനുസരിച്ചാണ് കേന്ദ്ര സർക്കാർ വാക്സിൻ നൽകിവരുന്നത്. ഇതുപ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യതയനുസരിച്ച് കേന്ദ്ര സർക്കാർ നൽകിവരുന്നു. ഇതുവഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യതയനുസരിച്ചും നൽകിവരുന്നു. 18-44 വയസ്സുവരെയുള്ളവർക്ക് വാക്സിൻ സൗജന്യമായി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരിൽ കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 19-5-2021-ലെ G.O.(Rt) നമ്പർ 1102/2021/H&FWD പ്രകാരം 32 വിഭാഗങ്ങളിലെ 18-44 വയസ്സിനിടയിലുള്ളവരെ മുൻനിര പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി വാക്സിനേഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ 24-05-2021-ലെ G.O.(Rt) നമ്പർ 1114/2021/H&FWD പ്രകാരം 11 വിഭാഗങ്ങളെക്കൂടി ഇത്തരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് 2-6-2021-ലെ G.O.(Rt) നമ്പർ 1179/2021/H&FWD പ്രകാരം, 13 വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുകയുണ്ടായി. ഇതോടൊപ്പം 18-44 പ്രായപരിധിയിലുള്ള അനുബന്ധ രോഗമുള്ളവർക്കും സർക്കാർ ചെലവിൽ വാക്സിൻ സൗജന്യമായി നൽകിവരുന്നു. കേരള സർക്കാരിന്റെ തീരുമാനപ്രകാരം കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി സർക്കാർ കണക്കാക്കിയിരിക്കുന്നത്. നാളിതുവരെ 56 വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ വിതരണം ചെയ്യുന്നത് ഓരോ ഏജ് ഗ്രൂപ്പിനും ഓരോ സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ചാണ്. ഇതുപ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യതയനുസരിച്ച് കേന്ദ്ര സർക്കാർ നൽകിവരുന്നു. ഇതുവഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യതയനുസരിച്ചും നൽകിവരുന്നു. ലഭ്യമായ വാക്സിനുകൾ സംസ്ഥാനത്ത് സർക്കാർ വാക്സിനേഷൻ സെന്ററുകൾവഴി ഫലപ്രദമായി നൽകിവരുന്നു. കൂടാതെ 18 മുതൽ 44 വയസ്സ് വരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കമ്പനികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ ഇതുവരെ (3-6-2021) 884290 ഡോസുകൾ ലഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| വാക്സിൻ | ഓർഡർ നൽകിയത് | ലഭിച്ച വാക്സിൻ |
|---|---|---|
| കോവിഷീൽഡ് (സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ) | 7000000 | 746710 |
| കോവാക്സിൻ (ഭാരത് ബയോടെക്) | 3000000 | 137580 |
| ആകെ | 1,00,00,000 | 8,84,290 |

കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചെങ്കിലും വളരെ വേഗംതന്നെ ഏകദേശം ആയിരത്തോളം സെഷനായി വർദ്ധിക്കുകയുണ്ടായി. 03-06-2021 വരെ കേന്ദ്രം 9529330 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10-ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ

ദിവസംവരെ 3778050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഏപ്രിൽ 12-ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ, കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## അനുബന്ധം - II

(3 (*3)-ാം നമ്പർ ചോദ്യത്തിന് നൽകിയിട്ടുള്ള വിശദാംശങ്ങൾ)

സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങളും വികസന പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഖി, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനത്തിന് ഡിജിറ്റൽ ഭൂരേഖകളുടെ പങ്ക് വളരെ വലുതാണ്. സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇതിനായി സർവ്വേ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. 87 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് സർവ്വേ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഓഖി പോലുള്ള ദുരന്തങ്ങൾ തീരദേശ മേഖലയിൽ വൻനാശം വിതച്ചിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതിയാണ് സർക്കാർ കൈക്കൊണ്ട പ്രധാനപ്പെട്ട പദ്ധതികളിലൊന്ന്. മത്സ്യബന്ധന മേഖലയുടെ സുസ്ഥിരമായ വികസനമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഓഖിയിൽ മരണപ്പെടുകയും കാണാതാവുകയും ചെയ്ത 143 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ അനുവദിച്ചു. ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം ദുരന്തത്തിൽ മരണപ്പെടുന്ന ഒരാൾക്ക് നൽകേണ്ട നഷ്ടപരിഹാര തുക 4 ലക്ഷം രൂപയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 6 ലക്ഷം, ഫിഷറീസ് വകുപ്പിൽനിന്നും 5 ലക്ഷം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 5 ലക്ഷം എന്നിവകൂടി SDRF-ന് പുറമെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഏറ്റവും ഉയർന്ന നഷ്ടപരിഹാര തുക മരണപ്പെട്ടവരുടെ ആശ്രിതർക്കും കാണാതായവരുടെ കുടുംബങ്ങൾക്കും പ്രത്യേക നടപടിക്രമങ്ങൾ അതിവേഗം പൂർത്തിയാക്കി ലഭ്യമാക്കിയത്. ഓഖി

ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തര സഹായം എത്തിക്കുന്നതിലേയ്ക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് 33.95 കോടി രൂപ അനുവദിക്കുകയും 113923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 2,000 രൂപ വീതം വിതരണം ചെയ്യുകയും ചെയ്തു. ഇതുവരെ 22.78 കോടി രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചത്. ഓഖി പുനരധിവാസ പാക്കേജ് ഫലവത്തായ രീതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൃത്യമായ മുന്നറിയിപ്പിന്റെ അഭാവം കാരണം മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയാൻ സാധിക്കാത്തത് ഓഖി ദുരന്തത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ഓഖി ദുരന്തബാധിതരുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ ഏറ്റെടുത്തു.

കോഴിക്കോട് ജില്ലയിൽ പടർന്ന അതിമാരകമായ നിപ വൈറസിനെ കേരളം നേരിട്ട രീതി അന്താരാഷ്ട്ര ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റിയിരുന്നു. ഉയർന്ന മരണനിരക്കുള്ള നിപ വൈറസ് ആദ്യഘട്ടത്തിൽത്തന്നെ കണ്ടെത്താനായതും അതിന്റെ വ്യാപനത്തെ പെട്ടെന്നുതന്നെ തടുക്കാനായതും നമ്മുടെ ആരോഗ്യ സംവിധാനങ്ങളുടെ വലിയ വിജയമായി. 18 പേർക്ക് ജീവൻ നഷ്ടമായ നിപ ദുരന്തത്തെ കൃത്യമായ കോൺടാക്ട് ട്രേസിംഗും ക്വാറന്റൈനുംവഴി അതിവേഗം പിടിച്ചുകെട്ടാനായി.

2018 ആഗസ്റ്റ് മാസത്തിൽ അപ്രതീക്ഷിതമായെത്തിയ അതിതീവ്ര മഴയിലും പ്രളയത്തിലും 10 ലക്ഷത്തിലധികം ആളുകളെ ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് മാറ്റേണ്ടതായി വന്നു. അസാമാന്യമായ ഐക്യത്തോടെയും പോരാട്ട വീര്യത്തോടെയും കേരളീയ സമൂഹമാകെ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി ഇറങ്ങി. കേന്ദ്ര രക്ഷാ സേനകൾക്കും സംസ്ഥാന സർക്കാർ സംവിധാനങ്ങൾക്കും പുറമെ മത്സ്യത്തൊഴിലാളികളും യുവാക്കളും കൈകോർത്ത് രക്ഷാപ്രവർത്തനത്തിനിറങ്ങി.

രാജ്യത്തിനുതന്നെ മാതൃകയായ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാണ് സർക്കാർ നേതൃത്വം നൽകിയത്. ലോകമാകെ പടർന്നുകിടക്കുന്ന മലയാളി സമൂഹമാകെ കേരളത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനായി കൈകോർത്തപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി പുതുചരിത്രമെഴുതി. വിവിധ പദ്ധതികളിലായി പൂർണ്ണമായി തകർന്ന പതിനയ്യായിരത്തോളം വീടുകൾ പുനർനിർമ്മിച്ചു. ഭാഗികമായി തകർന്ന രണ്ട് ലക്ഷത്തിലധികം വീടുകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്തു. അടിയന്തര സഹായമായ 10,000 രൂപ ഏഴ് ലക്ഷത്തോളം കുടുംബങ്ങൾക്കാണ് നൽകിയത്. സൗജന്യ റേഷനും, ഭക്ഷ്യധാന്യ കിറ്റും, കുടുംബശ്രീ വഴിയുള്ള പലിശ രഹിത വായ്പയും, കാർഷിക സഹായങ്ങളും

ഉജ്ജീവനി വായ്പാ പദ്ധതി തുടങ്ങി സമഗ്രമായ ദുരിതാശ്വാസ പാക്കേജായിരുന്നു കേരളത്തിൽ നടപ്പിലാക്കിയത്. ഏകദേശം 31000 കോടി രൂപയോളം നഷ്ടമുണ്ടാക്കിയ മഹാപ്രളയം കേരളത്തിന്റെ സാമ്പത്തിക ഭദ്രതയുടെ നട്ടെല്ലൊടിച്ചു. പക്ഷെ കൂടുതൽ മെച്ചപ്പെട്ട നിലയിൽ കേരളത്തെ പുനർനിർമ്മിക്കാനായി കേരള പുനർനിർമ്മാണ പദ്ധതിക്ക് (Rebuild Kerala Initiative) രൂപം നൽകി.

ചൈനയിലെ വുഹാനിൽ നിന്ന് പടർന്നുതുടങ്ങിയ കോവിഡ്-19 വൈറസിന്റെ വ്യാപനം ലോകാരോഗ്യ സംഘടന ഔദ്യോഗിക സ്ഥിരീകരണം നടത്തിയതിന്റെ അടുത്ത ദിവസം മുതൽ മുൻകരുതൽ നടപടികൾ ആരംഭിച്ച സംസ്ഥാനമാണ് കേരളം. ആരോഗ്യ വകുപ്പ് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽത്തന്നെ കോവിഡിനെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച നടപടി പിന്നീട് കേന്ദ്രസർക്കാർ തന്നെ മാതൃകയായി സ്വീകരിക്കുകയും ദേശീയ ദുരന്ത നിവാരണ നിയമത്തിന്റെ പിൻബലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് രാജ്യമാകെ നേതൃത്വം നൽകുകയും ചെയ്തു.

കോണ്ടാക്ട് ട്രേസിംഗും ക്വാറന്റൈൻ സംവിധാനവും ശരിയായ ടെസ്റ്റിംഗ് സ്ട്രാറ്റജിയും അന്താരാഷ്ട്രതലത്തിൽ പ്രകീർത്തിക്കപ്പെട്ടു. ആരോഗ്യപ്രവർത്തകരും ആരോഗ്യ വകുപ്പും പോലീസും തദ്ദേശ സ്ഥാപനങ്ങളും അഗ്നിശമന സേനയും ദുരന്ത നിവാരണ വിഭാഗങ്ങളും ഭക്ഷ്യ-പൊതുവിതരണ വകുപ്പും തുടങ്ങി ബന്ധപ്പെട്ട വകുപ്പുകളെല്ലാം ഏകോപനത്തോടെ പ്രവർത്തിച്ചുവരുന്നു. ആരും പട്ടിണി കിടക്കരുതെന്ന സർക്കാരിന്റെ ദൃഢനിശ്ചയം കമ്മ്യൂണിറ്റി കിച്ചണുകൾ എന്ന പുതിയ മാതൃക തീർത്തു. അതിഥി തൊഴിലാളികളെ കേരളം സംരക്ഷിച്ച രീതി രാജ്യത്തിന് മാതൃകയായി. ഉപജീവനത്തിലും മാനസികാരോഗ്യത്തിലും പട്ടിണിയിലാവുന്ന തെരുവ് മൃഗങ്ങളിലേയ്ക്കും സർക്കാരിന്റെ കരുതൽസ്പർശമെത്തി. 20000 കോടി രൂപയുടെ സാമ്പത്തിക ഉത്തേജന പാക്കേജ് പ്രഖ്യാപിച്ച് സാമ്പത്തിക രംഗത്ത് പുത്തനുണർവ് നൽകി. രാജ്യത്തെ കോവിഡ് വ്യാപനം അതിതീവ്രമായി തുടരുകയും ലോക്ഡൗണിൽ ഇളവുകൾ വരികയും ചെയ്ത പശ്ചാത്തലത്തിൽ കേരളത്തിലും പ്രതീക്ഷിക്കപ്പെട്ട രോഗവ്യാപനം നടന്നുകൊണ്ടിരിക്കുന്നു. മൂന്നാംഘട്ട വ്യാപനത്തെ മുന്നിൽക്കണ്ട് CFLTC-കൾ എന്ന കൃത്യമായ പദ്ധതി മുൻകൂട്ടി തയ്യാറാക്കിവച്ചിരുന്നു. വിജയകരമായി നടപ്പിലാക്കിയ ഹോം ക്വാറന്റൈനും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനും കണ്ടൈൻമെന്റ് സ്ട്രാറ്റജിയും യഥാർത്ഥ്യ ബോധത്തോടെയുള്ള ആസൂത്രണവും ജനങ്ങളുടെയാകെ സഹകരണവുംകൊണ്ട് കേരളം കോവിഡ് വ്യാപനത്തിന്റെ

ഏറ്റവും വിനാശകരമായ മൂന്നാംഘട്ടത്തെയും നേരിടാൻ സജ്ജമാണ്. സംസ്ഥാനത്ത് ഉടനീളമുള്ള ആരോഗ്യ സ്ഥാപനങ്ങൾ ജനസൗഹൃദമാക്കുന്നതിനും പൊതുജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി തുടരുന്നതാണ്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിസ്തുലമായ സേവനമാണ് കാഴ്ചവച്ചത്. ക്വാറന്റൈൻ കേന്ദ്രങ്ങൾ, CFLTC, CSLTC, DCC തുടങ്ങിയവയിലൂടെ രോഗവ്യാപനം തടയുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ, പരിചരണം, മരുന്ന്, ഭക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. വാർഡുതല കമ്മിറ്റികൾ, ദ്രുതകർമ്മ സേനകൾ, സന്നദ്ധ പ്രവർത്തകർ, യുവജന സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ച് രോഗപ്രതിരോധം സാധ്യമാക്കാനും കഴിഞ്ഞു.

കേരളത്തിൽ നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണം ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന വസ്തുത കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുവേ അംഗീകരിക്കപ്പെട്ടതാണ്. ഈ ഇടപെടലിനെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രശംസിക്കുകയും ഈ മാതൃകയിൽ മറ്റ് സംസ്ഥാനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും അഭിപ്രായപ്പെ ടുകയുണ്ടായി. ഇത് കേരളത്തിന് അഭിമാനകരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2021-22 മുതലുള്ള അഞ്ച് വർഷക്കാലയളവിൽ ഹെൽത്ത് ഗ്രാന്റായി ഇന്ത്യയൊട്ടാകെ 70051 കോടി രൂപ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷക്കാലയളവിൽ കേരളത്തിനുള്ള വിഹിതം 2968 കോടി രൂപയാണ്. അതിൽ നടപ്പ് സാമ്പത്തിക വർഷം 559 കോടി രൂപ ലഭിക്കും. ഇത് പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാകും. ഈ തുക കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനാണ് വിനിയോഗിക്കുന്നത്. ഹെൽത്ത് ഗ്രാന്റിനോടൊപ്പം സംസ്ഥാന സർക്കാർ വിഹിതവും പ്രാദേശിക സർക്കാർ വിഹിതവും സമന്വയിപ്പിച്ച് ആരോഗ്യ സ്ഥാപനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.

ബൃഹദ് പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്യാനും മേൽനോട്ടം വഹിക്കാനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയെയും അറിയിക്കുന്നതിനുമായി ആസൂത്രണ

സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി രൂപീകരിച്ചിട്ടുണ്ട്.

പദ്ധതികൾ നിരീക്ഷിക്കുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാധ്യമാക്കുന്നുണ്ട്. ഇത് കുറച്ചുകൂടി ഊർജ്ജിതമാക്കി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നു. കേന്ദ്രസർക്കാരിന്റെ e-PMG Portal വഴി പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ കേരളത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് (customize ചെയ്യുന്നത്) ഉദ്ദേശിക്കുന്നുണ്ട്.

കേന്ദ്രസർക്കാരിന്റെ e-sameeksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-sameeksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Sameeksha National Portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.